# സെൻട്രൽബോർഡ്ഓഫ് എക്സൈസ്ആൻഡ്കസ്റ്റംസ്, ന്യൂഡൽഹി

# FREQUENTLY ASKED QUESTIONS (FAQ) ON GST

# ജിഎസ്ടിയെപ്പറ്റിപതിവായി ഉയരുന്നചോദ്യങ്ങളുംഅവ യ്ക്കുള്ള ഉത്തരങ്ങളും

**2-)ം പതിപ്പ്**

# അവതാരിക

സെൻട്രൽ ബോർഡ് ഓഫ് എക്സൈസ് ആൻഡ് കസ്റ്റംസിന്റെ (CBEC) കീഴിൽ പ്രവർത്തിക്കുന്ന ഉന്നത പരിശീലന കേന്ദ്രമായ നാഷണൽ അക്കാഡമി ഓഫ് കസ്റ്റംസ്, എക്സൈസ് ആൻഡ് നാർക്കോട്ടിക് (NACEN) സമാഹരിച്ചു പ്രസിദ്ധീകരിക്കുന്ന 'GST-യെപ്പറ്റി അടിക്കടി ഉയരുന്ന ചോദ്യങ്ങളും അവയുടെ ഉത്തരങ്ങളും' (FAQ on GST) ഇതിനോടകം സ്വീകരിക്കപ്പെട്ടിട്ടുണ്ട്. ഈ GST FAQ, 2016 സെപ്തംബര് 21-)ം തീയതി ബഹുമാനപ്പെട്ട കേന്ദ്ര ധനകാര്യ മന്ത്രി പ്രകാശനം ചെയ്തിട്ടുള്ളതാണ്. ഇത് മോഡൽ GST നിയമത്തെ അടിസ്ഥാനമാക്കി ഉള്ളതായിരുന്നു. GST-യെക്കുറിച്ചുള്ള അറിവ് രാജ്യത്തിന്റെ എല്ലാ ഭാഗങ്ങളിലും എത്തിക്കുന്നതിനായി GST FAQ വളരെ അധികം ഭാഷകളിൽ മൊഴി മാറ്റവും നടത്തിയിരുന്നു.

ആദ്യ പതിപ്പ് പ്രകാശനത്തിന് ശേഷം നിയമത്തിൽ വളരെയധികം പ്രധാനപ്പെട്ട മാറ്റങ്ങൾ സംഭവിച്ചു. ഇതുവരെയും CGST, SGST, IGST, UTGST, കൂടാതെ Compensation Cesses കരട് നിയമങ്ങളും മറ്റനേകം റൂളുകളും GST കൗൺസിൽ അംഗീകരിച്ചിട്ടുണ്ട്. കേന്ദ്ര ബില്ലുകൾ പാർലമെൻറിൽ പാസാക്കിയിട്ടുണ്ട്; സംസ്ഥാനവുമായി ബന്ധപ്പെട്ട നിയമങ്ങൾ അതാതു സംസ്ഥാന നിയമസഭകൾ പാസ്സാക്കും. ആദ്യ പതിപ്പ് പുറത്തിറക്കിയപ്പോൾ സൂചിപ്പിച്ചതു പ്രകാരം, മുകളിൽ പറഞ്ഞ പാർലമെൻറിൽ അവതരിപ്പിച്ച ബില്ലുകളെ അടിസ്ഥാനമാക്കി FAQ-വിന്റെ ഒരു 2-)ം പതിപ്പ് NACEN തയാറാക്കുകയുണ്ടായി. ഞാൻ, NACEN-ന്റെ ഡയറക്ടർ ജനറലിനെയും അദ്ദേഹത്തിന്റെ ടീമിനെയും ഇതിന്റെ പുറകിലെ യത്നങ്ങൾക്കായി അഭിനന്ദിക്കുന്നു. ഈ FAQ, ടാക്സ് ഉദ്യോഗസ്ഥർ, പൊതുജനങ്ങൾ, വ്യാപാരിവ്യവസായികൾ എന്നിവർക്ക് GST-യെപ്പറ്റിയുള്ള എല്ലാ അറിവും അവബോധവും വളർത്താൻ ഉപകരിക്കും എന്ന് എനിക്ക് ഉറപ്പുണ്ട്.

നജീബ് ഷാ

ചെയർമാൻ, CBEC

തയ്യാറാക്കിയവർ:

ശ്രീ. ദീപക് മറ്റ, അസ്സിസ്റ്റന്റ് ഡയറക്ടർ, NACEN, മുംബൈ.

ശ്രീ സമീർ ബജാജ്, അഡീഷണൽ ഡയറക്ടർ, NACEN, മുംബൈയുടെ നിരീക്ഷണത്തിൽ ശ്രീ സഞ്ജീവ് നായർ, എക്സാമിനർ, CESTAT, മുംബൈ

പുനഃ പരിശോധന നടത്തിയവർ:

ശ്രീ. പി. കെ. മൊഹന്ദി, കൺസൾട്ടന്റ്, CBEC (അദ്ധ്യായം 1)

ശ്രീ.  വിശാൽ പ്രതാപ് സിംഗ്, DC (GST), GST പോളിസി വിങ്, CBEC (അദ്ധ്യായം 2)

ഡോക്റ്റർ പി ഡി വഗേല, CCT ഗുജറാത്ത് (അദ്ധ്യായം 3 & 7)

ശ്രീ ഡി.പി. നാഗേന്ദ്ര കുമാർ, പ്രിൻ. ADG DGCEI, ബാംഗ്ലൂർ (അദ്ധ്യായം 4 മുതൽ 6 വരെ)

ശ്രീ ഉപേന്ദർ ഗുപ്ത, കമ്മീഷണർ, GST, CBEC (അദ്ധ്യായം 8 മുതൽ 11 വരെ)

ശ്രീ ഋഥിക് പാണ്ഡേ, CCT, കർണ്ണാടക (അദ്ധ്യായം 12)

ശ്രീ അരുൺകുമാർ മിശ്ര, ജോയിന്റ് സെക്രട്ടറി, CTD, ബീഹാർ (അദ്ധ്യായം 13)

ശ്രീ ഖാലിദ് അൻവർ, സീനിയർ JCT, വെസ്റ്റ് ബംഗാൾ (അദ്ധ്യായം 14 & 24)

ശ്രീ അജയ് ജെയിൻ, പ്രിൻ. കമ്മീഷണർ, കസ്റ്റംസ് അഹമ്മദാബാദ് (അദ്ധ്യായം 15)

ശ്രീ ബി ബി അഗർവാൾ, പ്രിൻ. കമ്മീഷണർ, ഹൈദരാബാദ് (അദ്ധ്യായം 16)

ശ്രീ ശശാങ്ക് പ്രിയ, ADG DG (GST), CBEC, (അദ്ധ്യായം 17 മുതൽ 20 വരെ)

ശ്രീ ജി ഡി ലൊഹാനി, CCE, ഫരീദാബാദ് (അദ്ധ്യായം 21 & 22)

ശ്രീ പ്രകാശ് കുമാർ, CEO, GSTN (അദ്ധ്യായം 23)

Disclaimer

NACEN സമാഹരിച്ചു സോഴ്സ് ട്രെയിനെർസ് തെറ്റ് തിരുത്തൽ വരുത്തുകയും ചെയ്തിട്ടുള്ള ഇപ്പോൾ പ്രസിദ്ധീകരിക്കുന്ന FAQ പരിഭാഷ, CGST/SGST/UTGST/IGST നിയമങ്ങളെ ആധാരമാക്കിയിട്ടുള്ളതാണ്.

ഈ ചോദ്യങ്ങളും ഉത്തരങ്ങളും, പഠനപരിശീലന ആവശ്യങ്ങൾക്ക് മാത്രമുള്ളതാണ്.  ഇതിൽ പ്രതിപാദിച്ചിരിക്കുന്ന കാര്യങ്ങൾ, GST-യെപ്പറ്റി ഒരു പൊതുവായ അറിവ് ലഭിക്കുന്നതിലേക്കു മാത്രം ഉദ്ദേശിച്ചിട്ടുള്ളതാണ്.ഇത്, നിയമ ഉപദേശമോ അഭിപ്രായമോ ആയി കണക്കാക്കാൻ പാടുള്ളതല്ല.

കൂടുതൽ വിവരങ്ങൾക്കായി CGST/SGST/UTGST/IGST നിയമങ്ങൾ നോക്കുക.

CGST ആക്റ്റിലെയും SGST ആക്റ്റിലെയും മിക്കവാറും എല്ലാ വ്യവസ്ഥകളും ഒന്നാകയാൽ ഈ FAQ -വിൽ CGST ആക്റ്റിലെയും SGST ആക്റ്റിലെയും റെഫർ ചെയ്തിരിക്കുന്ന കാര്യങ്ങൾ CGST/SGST എന്ന് കാണിച്ചിരിക്കുന്നു.  CGST ആക്ട് പാർലമെൻറിൽ അവതരിപ്പിച്ചിട്ടുണ്ട്. SGST നിയമങ്ങൾ സംസ്ഥാന നിയമസഭകൾ പാസ്സാക്കും.  ചില വ്യവസ്ഥകൾ സംസ്ഥാനവുമായി മാത്രം ബന്ധപ്പെട്ടതും CGST ആക്ടിൽ ഇല്ലാത്തതും ആകാം.

# കൃതജ്ഞത

രാജ്യം GST നികുതി വ്യവസ്ഥ എന്ന യാഥാർത്ഥ്യത്തിലേക്ക് കാലൂന്നുമ്പോൾ, രാജ്യത്തെ എല്ലാ വിഭാഗം ജനങ്ങളും ഈ നൂതന സാമ്പത്തിക പരിഷ്കാര ത്തെപ്പറ്റി അറിവുള്ളവരാകണം എന്നും, മാറ്റത്തിന് സുസജ്ജരാകണം എന്നും ഉദ്ദേശിച്ചു ഗവണ്മെൻറ്റ് പരിശീലന പരിപാടികൾ ആവിഷ്കരിച്ചു നടപ്പിലാക്കി വരുകയും അതുമായി ബന്ധപ്പെട്ടു GST നിയമഘടനയും അതുമായി ബന്ധ പ്പെട്ട എല്ലാ കാര്യങ്ങളും, എളുപ്പത്തിൽ എല്ലാവർക്കും മനസ്സിലാക്കുവാൻ ഉതകുന്ന തരത്തിൽ ഉയരുന്ന ചോദ്യങ്ങളും അവയുടെ ഉത്തരങ്ങളും ഉൾ ക്കൊള്ളിച്ചു CBEC ഒരു 'Frequently Asked Questions on GST' (FAQ) തയ്യാറാക്കു കയുണ്ടായി.

GST നിയമങ്ങൾ പാർലമെൻറ് പാസാക്കുകയും സംസ്ഥാനങ്ങളും അത് നിയമമാക്കുവാനുള്ള ശ്രമം ആരംഭിക്കുകയും ചെയ്തിരിക്കുമ്പോൾ, മുൻപ് പ്രസിദ്ധീകരിച്ച മോഡൽ GST നിയമത്തിൽനിന്നും വന്ന കാതലായ മാറ്റങ്ങൾ എല്ലാം ഉൾക്കൊള്ളിച്ചു പാർലമെൻറ് പാസ്സാക്കിയ GST നിയമങ്ങളെ അടിസ്ഥാനമാക്കി മുൻപ് പ്രസിധീകരിച്ചിരുന്ന 'GST-യെപ്പറ്റി അടിക്കടി ഉയരുന്ന ചോദ്യങ്ങളും അവയുടെ ഉത്തരങ്ങളും' (FAQ on GST) CBEC പുനർ പ്രസിദ്ധീകരിക്കയുണ്ടായി. ഇംഗ്ലീഷിൽ തയാറാക്കി പ്രസിദ്ധപ്പെടുത്തിയ FAQ on GST 2-)o പതിപ്പ് മലയാളത്തിൽ പരിഭാഷപ്പെടുത്തി പുനർ പ്രസിദ്ധീ കരിക്കുവാൻ ഉള്ള ചുമതല കൊച്ചിൻ സോണിനെയാണ് CBEC ചുമതല പ്പെടുത്തിയത്. ഡെപ്യൂട്ടി കമ്മീഷണർ ശ്രീമതി രാജേശ്വരി ആർ. നായർ-ൻറ്റെ നേതൃത്വത്തിലുള്ള ടീം ഈ ചുമതല ഉത്തരവാദിത്വത്തോടെ ഏറ്റെടുക്കുക യും അവ ചുരുങ്ങിയ സമയത്തിനുള്ളിൽ ഭംഗിയായി പൂർത്തീകരിക്കുകയും ചെയ്തു എന്നതിൽ ചാരിതാർഥ്യം ഉണ്ട്. ഇതിനായി വിവിധ തലത്തിൽ സഹക രിച്ച എല്ലാ ഉദ്യോഗസ്ഥരെയും ഹാർദ്ദമായി അനുമോദിക്കുന്നതിനോടൊപ്പം അവരോടുള്ള നന്ദി പ്രകാശിപ്പിക്കുകയും ചെയ്യുന്നു.

മലയാളത്തിലുള്ള ഈ ചോദ്യോത്തരാവാലി GST-യെപ്പറ്റിയുള്ള ഏവരുടെയും സംശയങ്ങളും ആകാംക്ഷളും ദൂരീകരിക്കാൻ ഇടയാക്കും എന്ന് പ്രത്യാശി ക്കുന്നു. ചുരുങ്ങിയ സമയത്തിനുള്ളിൽ തയ്യാറാക്കപ്പെട്ടതിനാൽ ചില തെറ്റു കളോ, വിട്ടുപോകലുകളോ സംഭവിച്ചിരിക്കാനുള്ള സാധ്യത തള്ളിക്കളയു ന്നില്ല. ഈ പരിഭാഷയെപ്പറ്റി എന്തെങ്കിലും അഭിപ്രായങ്ങളോ നിർദ്ദേശങ്ങളോ ഉണ്ടെങ്കിൽ 'cccochin@nic.in' എന്ന ഇ-മെയിൽ അഡ്രസിൽ അറിയിക്കാവുന്ന താണ്.

ഏവർക്കും പ്രയോജനകരമായ പുതിയ GST നിയമത്തിൽ രാജ്യപുരോഗതി ക്കായി ഒത്തൊരുമയോടെ പ്രവർത്തിക്കുവാൻ നമുക്കെല്ലാവർക്കും സാധി ക്കട്ടെ എന്ന് ആശംസിക്കുന്നു.

ജയ് ഹിന്ദ്

പുല്ലേല നാഗേശ്വര റാവു
ചീഫ് കമ്മിഷണർ
കൊച്ചിൻ സോൺ

മലയാളത്തിലേക്ക്പരിഭാഷപ്പെടുത്തിയവർ:

എബ്രഹാം റെൻ, അസിസ്റ്റൻറ്റ് കമ്മിഷണർ

നിഥിൻ ലാൽ, അസിസ്റ്റൻറ്റ് കമ്മിഷണർ

പി.എ.തോമസ്, സൂപ്രണ്ട്

എം.ആർ.രാമചന്ദ്രൻ, സൂപ്രണ്ട്

ജെ.സോമശേഖരപിള്ള, സൂപ്രണ്ട്

ടോംസ് ജോൺ, സൂപ്രണ്ട്

സുനിൽദത്ത്, സൂപ്രണ്ട്

രവി വർമ്മ രാജ, സൂപ്രണ്ട്

ആർ.ഹരിദാസ്, സൂപ്രണ്ട്

ജിബോയ് തോമസ്, സൂപ്രണ്ട്

മനോജ് കുമാർ സി., സൂപ്രണ്ട്

ശ്രീകല എം. പിള്ളൈ, സൂപ്രണ്ട്

എം.പി.ഉദയകുമാർ, സൂപ്രണ്ട്

ശ്രീകുമാരൻ നായർ ആർ., സൂപ്രണ്ട്

മിനൽ ബാബു, സൂപ്രണ്ട്

ശശികുമാർ പി., സൂപ്രണ്ട്

കെ.ജി.ജയൻ, ഇൻസ്പെക്ടർ

എസ്.ആർ.വാസുദേവ്, ഇൻസ്പെക്ടർ

വിഷ്ണു എസ്.മേനോൻ, ഇൻസ്പെക്ടർ

രാജീവൻ, ഇൻസ്പെക്ടർ

ആനന്ദ് വി.കെ., ഇൻസ്പെക്ടർ

എഡിറ്റിംഗ് ചെയ്തവർ:

രാജേശ്വരി ആർ. നായർ, ഡെപ്യൂട്ടി കമ്മിഷണർ

എബ്രഹാം റെൻ, അസിസ്റ്റൻറ്റ് കമ്മിഷണർ

ഹരികൃഷ്ണൻ, അസിസ്റ്റന്റ് കമ്മിഷണർ

പി.എ.തോമസ്, സൂപ്രണ്ട്

അശോക നാരായണൻ എസ്., സൂപ്രണ്ട്

പ്രഹ്ലാദൻ ബി., സൂപ്രണ്ട്

അഭിലാഷ് കുമാർ കെ., ഇൻസ്പെക്ടർ

വി.ജയരാജ്, സൂപ്രണ്ട്

ജിബോയ് തോമസ്, സൂപ്രണ്ട്

ശ്രീകല എം. പിള്ളൈ, സൂപ്രണ്ട്

ശ്യാമപ്രസാദ് കെ.ആർ., സൂപ്രണ്ട്

പി.കെ.പ്രാൺ, സൂപ്രണ്ട്

മാത്യു ജോൺ, സൂപ്രണ്ട്

അനന്ദൻ നായർ, സുപ്രണ്ട്

എം.ബി.രമേഷ് കുമാർ, സൂപ്രണ്ട്

മേരിക്കുട്ടി ചാക്കോ, സൂപ്രണ്ട്

സുനിൽ വി.ടി., സൂപ്രണ്ട്

കെ.ജി.ജയൻ, ഇൻസ്പെക്ടർ

ശശികുമാർ ടി., ഇൻസ്പെക്ടർ

മനോജ് കുമാർ, ഇൻസ്പെക്ടർ

കെ.വി.മാധവൻകുട്ടി, ഇൻസ്പെക്ടർ

ബീന എ., ഇൻസ്പെക്ടർ

ബേസിൽ ഫിലിപ്പ്, ഇൻസ്പെക്ടർ

ജിനി റസാക്, ടാക്സ് അസിസ്റ്റൻറ്

Compilation and page setting

ബെന്നി പി. ജേക്കബ്, സൂപ്രണ്ട്

# ഉള്ളടക്കം


| | | |
|---|---|---|
| 1. | ചരക്കു സേവന നികുതിയുടെ (GST) പൊതുവായ അവലോകനം (Overview) | 10 |
| 2. | നികുതിചുമത്തലും, ഒഴിവുകളും | 23 |
| 3. | രജിസ്ട്രേഷൻ | 29 |
| 4. | സപ്ലൈ - അർത്ഥവുംവ്യാപ്തിയും | 42 |
| 5. | സപ്ലൈ-സമയം | 48 |
| 6. | ചരക്കുസേവനനികുതിയിൽ മൂല്യനിർണയം | 53 |
| 7. | നികുതിയടക്കൽ | 56 |
| 8. | ഇ-കൊമേഴ്സ് | 63 |
| 9. | ജോബ്വർക്ക് | 67 |
| 10. | ഇന്പുട്ട് ടാക്സ് ക്രെഡിറ്റ് | 71 |
| 11. | ഇൻപുട്ട് സർവ്വീസ് വിതരണക്കാരൻ എന്ന ആശയം ജി. എസ്. ടി. യിൽ | 79 |
| 12. | റിട്ടേൺ സമർപ്പണവും ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് ഒത്തുനോട്ടവും | 83 |
| 13. | നികുതി നിർണ്ണയവും കണക്ക് പരിശോധനയും (Assessment & Audit) | 91 |
| 14. | റീഫണ്ടുകൾ | 97 |
| 15. | നികുതി ആവശ്യപ്പെടലും വീണ്ടെടുക്കലും | 104 |
| 16. | ചരക്കുസേവനനികുതിനിയമത്തിലെ അപ്പീൽ, അവലോകനം (റിവ്യൂ), പുനരവലോകനം (റിവിഷൻ) മുതലായവ | 110 |
| 17. | അഡ്വാൻസ്റൂളിംഗ് | 115 |
| 18. | സെറ്റിൽമെൻറ്കമ്മീഷൻ (ഒഴിവാക്കി) | 121 |
| 19. | ഇൻസ്പെക്ഷൻ (പരിശോധന), സേർച്ച് (തിരയൽ), സീഷർ (പിടിച്ചടക്കൽ), അറസ്റ്റ് (ബന്തവസ്സിലാക്കുക) മുതലായവ | 122 |
| 20. | കുറ്റങ്ങളും പിഴകളും – പ്രോസിക്യൂഷനും ഒത്തുതീർപ്പാക്കലും | 136 |
| 21. | IGST ആക്ടിന്റെ പൊതുവായ അവലോകനം | 147 |
| 22. | ചരക്കുകളുടെയുംസേവനങ്ങളുടെയും 'സപ്ലൈലഭിച്ചസ്ഥലം' | 151 |
| 23. | GST പോർട്ടലിലെ ഫ്രണ്ടെന്റ്ബിസിനസ്പ്രോസസ്സ് | 158 |
| 24. | സ്ഥിതിമാറ്റവ്യവസ്ഥകൾ (Transitional Provisions) | 172 |

# 1. ചരക്കുസേവനനികുതിയുടെ (GST) പൊതുവായഅവലോകനം (Overview)

**ചോദ്യം 1:** എന്താണ് ഗുഡ്സ് ആൻഡ് സർവീസ് ടാക്സ് നികുതി ?

**ഉത്തരം:** ഉപഭോഗത്തെ ആസ്പദമാക്കി ഓരോ പ്രദേശത്തെ ആശ്രയിച്ചിട്ടുള്ള നികുതിയാണ് ചരക്കു സേവന നികുതി. നിർമ്മാണം മുതൽ ഉപഭോഗം വരെയുള്ള എല്ലാ ഘട്ടങ്ങളിലും ചുമത്തപ്പെടുകയും ഓരോ ഘട്ടത്തിലും അടച്ച നികുതി കുറവ് ചെയ്ത് അടക്കാവുന്ന നികുതിയാണിത്. ചുരുക്കിപ്പറഞ്ഞാൽ ഓരോ ഘട്ടത്തിലും ഉണ്ടാവുന്ന മൂല്യവർധനവിനു മാത്രമേ നികുതിയുള്ളു. നികുതിഭാരം അന്തിമ ഉപഭോക്താവിന് മാത്രമായിരിക്കും.

**ചോദ്യം 2:** ഉപഭോഗത്തിൻ മേലുള്ള പ്രദേശനിക്ഷിപ്ത നികുതിയെന്നാൽ എന്ത്?

**ഉത്തരം:** ഏതു പ്രദേശത്താണോ ചരക്കിൻറ്റേയൊ സേവനത്തിൻറ്റേയൊ ഉപഭോഗം അന്തിമമായി നടക്കുന്നത്, ആ പ്രദേശത്തെ നികുതി അധികാരികൾക്കാണ് ഈ നികുതി എത്തിച്ചേരുന്നത്.

**ചോദ്യം 3:** ഏതെല്ലാം നിലവിലുള്ള നികുതികളാണ് ചരക്കുസേവന നികുതിയിൽ ലയിപ്പിച്ചിട്ടുള്ളത്?

**ഉത്തരം**: (i) കേന്ദ്ര ഗവണ്മെന്റ് ചുമത്തുകയും, പിരിച്ചെടുക്കുകയും ചെയ്യുന്ന നികുതികളായ –

a. കേന്ദ്ര എക്സൈസ് ഡ്യൂട്ടി
b. കേന്ദ്ര എക്സൈസ് ഡ്യൂട്ടി (മെഡിസിനൽ ആൻഡ് ടോയ്‌ലെറ്റ് പ്രപറേഷൻസ്)
c. അഡീഷണൽ എക്സൈസ് ഡ്യൂട്ടി (Goods of special importance)
d. അഡീഷണൽ എക്സൈസ് ഡ്യൂട്ടി (തുണിത്തര ങ്ങൾക്ക്)
e. അഡിഷണൽ ഡ്യൂട്ടി ഓഫ് കസ്റ്റംസ് (CVD)
f. സ്പെഷ്യൽ അഡിഷണൽ ഡ്യൂട്ടി (SAD)
g. സേവനനികുതി
h. സാധനങ്ങളുടെയും സേവനങ്ങളുടെയും സപ്ലൈയു മായി ബന്ധപ്പെട്ടിട്ടുള്ള കേന്ദ്ര സർചാർജുകളും സെസ്സുകളും

(ii) സംസ്ഥാന നികുതികളായ താഴെ പറയുന്നവ ചരക്കു സേവന നികുതിയിൽ ലയിപ്പിക്കും.

a. സ്റ്റേറ്റ് വാറ്റ്
b. കേന്ദ്ര വിൽപ്പന നികുതി

c. ആഡംബര നികുതി

d. എല്ലാത്തരത്തിലുള്ള പ്രവേശന നികുതി

e. വിനോദ നികുതി (തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ചുമത്തുന്നവ ഒഴിച്ച്)

f. പരസ്യ നികുതി

g. പർച്ചേസ് നികുതി

h. ലോട്ടറി തുടങ്ങിയ ചൂതാട്ടങ്ങളുടെ മേൽ ചുമത്തുന്ന നികുതി

i. സംസ്ഥാന സർചാർജുകളും സെസ്സുകളും (സാധനങ്ങളുടെയും സേവനങ്ങളുടെയും സപ്ലൈയുമായി ബന്ധപ്പെട്ടത്)

കേന്ദ്രം, സംസ്ഥാന, തദ്ദേശസ്ഥാപനങ്ങൾ എന്നിവ ചുമത്തിയ ടാക്സുകൾ, സെസ്സുകൾ, സർചാർജുകൾ എന്നിവ GST-യിൽ ലയിപ്പിക്കാൻ GST കൗൺസിൽ കേന്ദ്ര/സംസ്ഥാന സർക്കാരുകളോട് ശുപാർശ ചെയ്യും.

**ചോദ്യം 4:** മേൽപറഞ്ഞ നികുതികൾ GST-യിൽ ലയിപ്പിക്കുന്നതു എന്ത് തത്വത്തിന്റെ അടിസ്ഥാനത്തിലാണ്?

**ഉത്തരം:** പലവിധ കേന്ദ്ര, സംസ്ഥാന, പ്രാദേശിക നികുതികൾ GST-യിൽ ലയിപ്പിക്കുവാനുള്ള സാധ്യത പരിശോധിച്ച് കണ്ടെത്തുകയുണ്ടായി. ഇവ താഴെപ്പറയുന്ന തത്വങ്ങൾ അടിസ്ഥാനമാക്കിയാണ്:

(i) ലയിപ്പിക്കുവാൻ ഉദ്ദേശിച്ചിരിക്കുന്ന നികുതികൾ ചരക്കുകളുടെയോ, അല്ലെങ്കിൽ സേവനങ്ങളുടെയോ സപ്ലൈയുമായി ബന്ധപ്പെട്ടിട്ടുള്ള പരോക്ഷനികുതികളായിരിക്കണം.

(ii) ചുമത്തുന്ന നികുതികൾ ഒരറ്റത്ത് ചരക്കുകളുടെ ഇറക്കുമതി/ ഉത്പാദനം, അല്ലെങ്കിൽ സേവനങ്ങൾ നൽകുന്നത് മുതൽ, മറ്റേ അറ്റത്തു ചരക്കുകളുടെയും സേവനങ്ങളുടെയും ഉപഭോഗം വരെയുള്ള ഇടപാടുഘട്ടത്തിലൂടെ കടന്നുപോവുന്നതായിരിക്കണം.

(iii) ലയനം, അന്തർസംസ്ഥാന, സംസ്ഥാനത്തിനുള്ളിലുള്ള തലങ്ങളിൽ സ്വതന്ത്രമായി നികുതി ക്രെഡിറ്റ് നൽകുവാൻ പ്രാപ്തമായിരിക്കണം. കൃത്യമായി ചരക്കുകളുടെയോ, സേവനങ്ങളുടെയോ സപ്ലൈയുമായി ബന്ധപ്പെടാത്ത ടാക്സുകളും, ചുമതലകളും, ഫീസുകളും GST-യിൽ ലയിപ്പിക്കേണ്ടതില്ല.

(iv) കേന്ദ്രത്തിനും സംസ്ഥാനങ്ങൾക്കും ന്യായമായ നികുതി കൃത്യമായി ലഭിക്കുന്നതായിരിക്കണം.

**ചോദ്യം 5:** ഏതെല്ലാം ഉൽപ്പന്നങ്ങളെയാണ് GST-യുടെ പരിധിയിൽ നിന്ന് മാറ്റി നിർത്തുവാൻ തീരുമാനിച്ചിട്ടുള്ളത്?

**ഉത്തരം:** 101-ആം ഭരണഘടന ഭേദഗതി നിയമം 2016 പ്രകാരം ഭേദഗതി ചെയ്യപ്പെട്ട ഭരണഘടനാ ആർട്ടിക്കിൾ 366(12A) പ്രകാരമുള്ള നിർവചന പ്രകാരം മനുഷ്യ ഉപഭോഗത്തിനുള്ള മദ്യം ഒഴികെ മറ്റെല്ലാ ചരക്കുകളു

ടെയും സേവനങ്ങളുടെയും സപ്ലൈയിൽ മേൽ ഉള്ള നികുതിയാണ് ചരക്കു സേവന നികുതി. അതായത് ഭരണഘടനയിലെ ചരക്കു സേവന നികുതി യുടെ നിർവചനത്തിന്റെ അടിസ്ഥാനത്തിൽ മനുഷ്യ ഉപഭോഗത്തിനുള്ള മദ്യത്തെ ചരക്കു സേവന നികുതിയുടെ പരിധിയിൽ നിന്നും ഒഴിവാക്കി യിരിക്കുകയാണ്. കൂടാതെ നിലവിൽ പെട്രോളിയം ഉല്പന്നങ്ങളായ ക്രൂഡ് ഓയിൽ, മോട്ടോർസ്പിരിറ്റ് (പെട്രോൾ), ഹൈ സ്പീഡ് ഡീസൽ, പ്രകൃതിവാതകം (നാച്ചുറൽ ഗ്യാസ്), വിമാന ഇന്ധനം (ഏവിയേഷൻ ടർബൈൻ ഫ്യൂൽ) എന്നീ 5 പെട്രോളിയം ഉത്പന്നങ്ങളെയും താല്കാലിക മായി ചരക്കു സേവന നികുതി പരിധിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. ഈ ഉത്പന്നങ്ങളെ എന്ന് മുതൽ ചരക്കു സേവന നികുതി പരിധിയിൽ കൊണ്ടുവരണം എന്ന് ജി എസ് ടി കൗൺസിൽ പിന്നീട് തീരുമാനിക്കുന്ന താണ്. കൂടാതെ വൈദ്യുതിയെയും ചരക്കു സേവന നികുതി പരിധിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

**ചോദ്യം 6:** GST നിലവിൽ വന്ന ശേഷം മുകളിൽ പറഞ്ഞ ഉത്പന്നങ്ങ ളുടെ നികുതി ചുമത്തൽ ഏതു പ്രകാരമായിരിക്കും?

**ഉത്തരം**: ഈ ഉൽപ്പന്നങ്ങളുടെ കാര്യത്തിന് ഇപ്പോൾ നിലവിലുള്ള നികുതി സമ്പ്രദായം (VAT & Central Excise) തുടരും.

**ചോദ്യം 7:** ജി എസ് ടി സമ്പ്രദായത്തിൽ പുകയില, പുകയില ഉത്പന്ന ങ്ങൾ എന്നിവയുടെ നില എന്താകും?

**ഉത്തരം**: പുകയില, പുകയില ഉൽപ്പന്നങ്ങൾ എന്നിവ ജി എസ് ടി-ക്കു വിധേയമാകും. കൂടാതെ, ഇവയുടെ മേൽ കേന്ദ്രഗവണ്മെന്റിനു സെൻട്രൽ എക്സൈസ് ഡ്യൂട്ടി ചുമത്താൻ അധികാരമുണ്ടാകും.

**ചോദ്യം 8:** ഏതു തരത്തിലുള്ള ജി എസ് ടി ആണ് നടപ്പിലാക്കുക?

**ഉത്തരം**: ഒരേ നികുതി അടിത്തറയിന്മേൽ, കേന്ദ്രവും സംസ്ഥാനങ്ങളും ഒരേ സമയം ചുമത്തുന്ന രണ്ടു തലത്തിലുള്ള ജി എസ് ടി ആയിരിക്കും നടപ്പിലാക്കുന്നത്. ചരക്കുകളുടെയും സേവനങ്ങളുടെയും സംസ്ഥാനത്തിനു ള്ളിൽ നടത്തുന്ന സപ്ലൈയിൽ കേന്ദ്രം ചുമത്തുന്ന നികുതിയെ കേന്ദ്ര ജി എസ് ടി (CGST) എന്നു വിളിക്കുന്നു. സംസ്ഥാനങ്ങൾ/കേന്ദ്ര ഭരണ പ്രദേശ ങ്ങൾ ചുമത്തുന്ന ജിഎസ്ടിയെ സ്റ്റേറ്റ് ജി എസ് ടി (SGST)/ യൂണിയൻ ടെറിറ്റോറി ജി എസ് ടി (UTGST) എന്നും വിളിക്കും. അതേപോലെ, ചരക്കിന്റെയോ സേവന ങ്ങളുടെയോ അന്തർ സംസ്ഥാന സപ്ലൈകളിൽ കേന്ദ്ര നിർവഹണത്തിൽ ഇന്റഗ്രേറ്റഡ് ജി എസ് ടി (IGST) ചുമത്തപ്പെടും.

**ചോദ്യം 9:** എന്തുകൊണ്ടാണ് രണ്ടു തലത്തിലുള്ള GST ആവശ്യമായത്?

**ഉത്തരം**: സംസ്ഥാനങ്ങൾക്കും കേന്ദ്രത്തിനും നിയമ നിർമ്മാണം വഴി നികുതി ചുമത്താനും ശേഖരിക്കാനും അധികാരം നൽകിയിട്ടുള്ള ഒരു ഫെഡറൽ സംവിധാനമുള്ള രാജ്യമാണ് ഇന്ത്യ. രണ്ടു തട്ടിലുള്ള ഗവെർ ന്മെന്റ്കൾക്കും, ഭരണഘടന അനുശാസിക്കുന്ന പ്രകാരമുള്ള ദൗത്യ നിർവ ഹണത്തിന് ആവശ്യമുള്ള വിഭവസമാഹരണത്തിനുള്ള പ്രത്യേകം അധികാ

രങ്ങൾ ഉണ്ട്. അതിനാൽ ഈ രണ്ടു തലത്തിലുള്ള GST, ഭരണഘടന അനുശാസിക്കുന്ന ഫിസ്കൽ ഫെഡറലിസം നിലനിർത്തുന്നതിനു വേണ്ടി യാണ്.

**ചോദ്യം 10:** ഏതു അധികാരികളാണ് GST ചുമത്തലും ഭരണവും നിർവഹിക്കുക?

**ഉത്തരം**: കേന്ദ്രഗവണ്മെന്റ് CGST-യും IGST-യും ചുമത്തുകയും നടപ്പിലാക്കുകയും ചെയ്യും. അതെപോലെ സംസ്ഥാന ഗവണ്മെന്റുകൾ/കേന്ദ്ര ഭരണ പ്രദേശങ്ങൾ SGST/UGST-യും.

**ചോദ്യം 11:** എന്തുകൊണ്ടാണ് GST-യുടെ പശ്ചാത്തലത്തിൽ ഇന്ത്യയുടെ ഭരണഘടന ഭേദഗതി ചെയ്തത്?

**ഉത്തരം:** ഇപ്പോൾ കേന്ദ്രത്തിന്റെയും സംസ്ഥാനങ്ങളുടെയും ധനകാര്യ അധികാരങ്ങൾ അന്യോന്യം കടന്നു കയറ്റങ്ങളില്ലാതെ ഭരണഘടനയിൽ കൃത്യമായി രേഖപ്പെടുത്തിയിട്ടുണ്ട്. കേന്ദ്രത്തിനു ചരക്കുകളുടെ ഉത്പാദനവുമായി ബന്ധപ്പെട്ടു (മനുഷ്യ ഉപയോഗത്തിനുള്ള മദ്യം, ഓപിയം, മയക്കുമരുന്നുകൾ മുതലായവ കൂടാതെ) നികുതി ചുമത്താൻ അധികാരമുണ്ട്. സംസ്ഥാനങ്ങൾക്ക് ചരക്കുകളുടെ വിൽപ്പനയുമായി ബന്ധപ്പെട്ട നികുതിയും ചുമത്താം. അന്തർസംസ്ഥാന വിപണനങ്ങളുടെ കാര്യത്തിൽ, നികുതി (സെൻട്രൽ സെയിൽസ് ടാക്സ്) ചുമത്താനുള്ള അധികാരം കേന്ദ്രത്തിനുണ്ടെങ്കിലും, നികുതി പിരിക്കുന്നതും ഉപയോഗിക്കുന്നതും സംസ്ഥാനങ്ങളാണ്. സേവനങ്ങളുടെ കാര്യത്തിൽ നികുതി ചുമത്താനുള്ള അധികാരം കേന്ദ്രത്തിനു മാത്രമാണ്. GST നടപ്പിലാക്കുമ്പോൾ കേന്ദ്രത്തിനും സംസ്ഥാനങ്ങൾക്കും ഒരേ സമയം നികുതി ചുമത്താനും, അത് ശേഖരിക്കാനും ഉള്ള അധികാരങ്ങൾ നൽകുവാൻ ഭരണഘടന ഭേദഗതി ചെയ്യേണ്ടതായിട്ടുണ്ട്. ഈ ആവശ്യത്തിന് ഇപ്പോൾ ഇന്ത്യൻ ഭരണഘടന, ഭരണഘടനാനിയമം (101-ആം ഭേദഗതി) പ്രകാരം ഭേദഗതി ചെയ്തിട്ടുണ്ട്. ഭരണഘടനയുടെ ആർട്ടിക്കിൾ 246A കേന്ദ്രത്തിനും സംസ്ഥാനങ്ങൾക്കും GST ചുമത്താനും അതു ശേഖരിക്കാനും അധികാരം നൽകുന്നു.

**ചോദ്യം 12:** എങ്ങനെയാണ്ചരക്കിന്റെയോ സേവനത്തിന്റെയോ ഒരു ഇടപാടിൽ കേന്ദ്ര GST (CGST)-യും സംസ്ഥാന GST (SGST)-യും ഒരേ പോലെ ചുമത്തപ്പെടുന്നത്?

**ഉത്തരം:** ഒഴിവാക്കപ്പെട്ടിട്ടുള്ള (exempted) സാധനങ്ങളും സേവനങ്ങളും, GST പരിധിയിൽ വരാത്ത സാധനങ്ങൾ, ഇളവ് പരിധിക്കു കീഴിലുള്ള ഇടപാടുകൾ എന്നിവ ഒഴിച്ചുള്ള സാധനങ്ങൾ, സേവനങ്ങൾ എന്നിവയുടെ സപ്ലൈയിൽ കേന്ദ്ര GST-യും സംസ്ഥാന GST-യും ഒരേ സമയം ചുമത്തപ്പെടും. കൂടാതെ, CENVAT ചേർത്ത് ചുമത്തപ്പെടുത്തിയിരുന്ന സംസ്ഥാന വാറ്റ് നികുതി പോലെ യല്ലാതെ, ഈ രണ്ടു നികുതികളും ഒരേ വിലയിന്മേലും മൂല്യത്തിലും ചുമത്തപ്പെടും. CGST-യുടെ കാര്യത്തിൽ സപ്ലൈയറുടെയും സ്വീകർത്താവിന്റെയും സ്ഥലങ്ങൾക്ക് പ്രസക്തിയില്ലെങ്കിലും, സപ്ലൈയറും സ്വീകർത്താവും ഒരു സംസ്ഥാനത്തിനുള്ളിലാണെങ്കിൽ മാത്രമേ SGST ചുമത്താവൂ.

വിശദീകരണം I:- ഇപ്പോൾ ഉദാഹരണത്തിന് CGST-യിലും SGST-യിലും റേറ്റ് 10% വെച്ച് ആണെന്നു കരുതുക. ഉത്തർപ്രദേശിലുള്ള ഒരു സ്റ്റീൽ മൊത്ത വിതരണ കച്ചവടക്കാരൻ അതേ സംസ്ഥാനത്തിലുള്ള ഒരു കൺസ്ട്രക്ഷൻ കമ്പനിക്ക്, ഉദാഹരണത്തിന് 100 രൂപക്ക്, സ്റ്റീൽ ബാറുകളും സ്റ്റീൽ കമ്പികളും സപ്ലൈ ചെയ്യുമ്പോൾ, വിപണനക്കാരൻ സാധനങ്ങളുടെ വില കൂടാതെ 10 രൂപാ CGST-യും 10 രൂപ SGST-യും ചാർജ് ചെയ്യും. അയാൾ ഇതിലെ CGST തുക കേന്ദ്രഗവണ്മെന്റിനും, SGST തുക സംസ്ഥാന ഗവണ്മെന്റിനും അടക്കണം. തീർച്ചയായും അയാൾ ശരിക്കും 20 രൂപ കാശ് ആയി അടക്കേണ്ടതില്ല. എന്തെന്നാൽ അയാൾക്ക് സാധനങ്ങൾ (അസംസ്കൃത പദാർത്ഥങ്ങൾ) വാങ്ങുമ്പോൾ അടച്ച CGST/SGST നികുതിയുടെ ക്രെഡിറ്റ് ഉപയോഗിച്ചു തൻ്റെ നികുതി ബാധ്യത തട്ടിക്കിഴി ക്കാൻ അവകാശമുണ്ട്. പക്ഷെ, CGST അടക്കാൻ, വാങ്ങിയപ്പോൾ ലഭിച്ച CGST ക്രെഡിറ്റ് മാത്രവും, SGST അടക്കാൻ SGST ക്രെഡിറ്റ് മാത്രവുമേ ഉപയോഗിക്കാവൂ. അതായത്, CGST ക്രെഡിറ്റ് SGST പേയ്മെൻ്റിനും SGST ക്രെഡിറ്റ് CGST പേയ്മെൻ്റിനും ഉപയോഗിക്കാൻ പാടില്ല.

വിശദീകരണം II:- ഉദാഹരണത്തിന് CGST, SGST റേറ്റുകൾ 10% ആണ് എന്ന് കരുതുക. മുംബൈയിലുള്ള ഒരു അഡ്വെർടൈസിങ് കമ്പനി, അഡ്വെർടൈസ്മെന്റ് സേവനങ്ങൾ മഹാരാഷ്ട്രയിൽ തന്നെയുള്ള ഒരു സോപ്പ് കമ്പനിക്ക് 100 രൂപയ്ക്കു നൽകുമ്പോൾ, ആ കമ്പനി 10 രൂപ CGST-യും 10 രൂപ SGST-യും സേവനത്തിന്റെ അടിസ്ഥാന മൂല്യത്തിന്മേൽ നൽകും. അയാൾ CGST നികുതി കേന്ദ്രഗവണ്മെന്റ് അക്കൗണ്ടിലും, SGST നികുതി സംസ്ഥാന ഗവണ്മെന്റ് അക്കൗണ്ടിലും നൽകണം. തീർച്ചയായും അയാൾ 20 രൂപ (Rs.10 + Rs.10) കാശ് ആയി അടക്കേണ്ടതില്ല, എന്തെന്നാൽ പർച്ചേസിൽ ലഭിച്ച CGST-യുടെയും SGST-യുടെയും ക്രെഡിറ്റുമായി (ഉദാഹരണത്തിന് സ്റ്റേഷനറി, ഓഫീസ് സാധനങ്ങൾ, ആർട്ടിസ്റ്റിന്റെ സേവനം മുതലായ ഇൻപുട്ടുകളുടെ) ക്രെഡിറ്റ് തട്ടിക്കിഴിക്കാൻ അവകാശമുണ്ട്. പക്ഷെ, CGST അടക്കാൻ, വാങ്ങിയപ്പോൾ ലഭിച്ച CGST ക്രെഡിറ്റ് മാത്രവും, SGST അടക്കാൻ SGST ക്രെഡിറ്റ് മാത്രവുമേ ഉപയോഗിക്കാവൂ. അതായത് പൊതുവായി, CGST ക്രെഡിറ്റ് SGST പേയ്മെൻ്റിനും SGST ക്രെഡിറ്റ് CGST പേയ്മെൻ്റിനും ഉപയോഗിക്കാൻ പാടില്ല.

**ചോദ്യം 13:** ചരക്കു സേവന നികുതി കൊണ്ട് രാജ്യത്തിന് എന്തൊക്കെ നേട്ടങ്ങൾ ആണ് ഉണ്ടാകുന്നത്?

**ഉത്തരം:** ചരക്കു സേവന നികുതി സമ്പ്രദായം നടപ്പിലാക്കുന്നത് ഇന്ത്യയിലെ പരോക്ഷ നികുതി പരിഷ്കാരങ്ങളിലെ വളരെ സുപ്രധാനമായ ഒരു കാൽവെയ്പ്പാണ്. കേന്ദ്ര/സംസ്ഥാന സർക്കാരുകൾ ചുമത്തിയിരുന്ന വളരെ ഏറെ നികുതികൾ ഒറ്റ നികുതിയാക്കി മാറ്റുകയും മുൻ സ്റ്റേജ് നികുതികളുടെ സെറ്റ് ഓഫ് അനുവദിക്കുകയും ചെയ്യുകവഴി നികുതിയുടെ മേൽ നികുതി എന്നതിൻ്റെ ദൂഷ്യഫലങ്ങൾ ഒഴിവാക്കുകയും രാജ്യമാകെയുള്ള ഒരു പൊതുമാർക്കറ്റിനു വഴി ഒരുങ്ങുകയും ചെയ്യും. ഉപഭോക്താവിനുണ്ടാകുന്ന ഏറ്റവും വലിയ നേട്ടം, ഇപ്പോൾ 25% മുതൽ 30% വരെയെന്നു കണക്കാക്കുന്ന മൊത്തം നികുതിഭാരം വളരെ കുറയുന്നു എന്നതാണ്. GST നടപ്പാക്കു

ന്നത് വഴി നമ്മുടെ ഉത്പന്നങ്ങൾ ഇന്ത്യൻ മാർക്കറ്റിലും അന്താരാഷ്ട്ര മാർക്കറ്റിലും കൂടുതൽ മത്സരക്ഷമമാകുകയും ചെയ്യും. ഇത് വളരെ പെട്ടെന്നുള്ള സാമ്പത്തിക വളർച്ചയുണ്ടാക്കുമെന്നാണ് പഠനങ്ങൾ സൂചിപ്പിക്കുന്നത്. നികുതിയുടെ അടിത്തറ വിപുലമാകുന്നതോടെ കേന്ദ്രത്തിൻറെയും സംസ്ഥാനങ്ങളുടെയും വരുമാനത്തിൽ വർധനയുണ്ടാകുകയും നികുതി നടപടിക്രമങ്ങൾ പാലിക്കപ്പെടുകയും കച്ചവടത്തിന്റെ വ്യാപ്തി വർധിക്കുകയും ചെയ്യും. കൂടാതെ, സുതാര്യമായ സ്വഭാവമുള്ള ഒരു നികുതി ആയതുകൊണ്ട് ഇത് നടപ്പിലാക്കാൻ കൂടുതൽ എളുപ്പമാണ്.

**ചോദ്യം 14:** IGST എന്നാൽ എന്താണ്?

**ഉത്തരം**: IGST-യിൽ അന്തർ സംസ്ഥാന ചരക്കു സേവന സപ്ലൈകൾക്കു കേന്ദ്രഗവണ്മെന്റ് ഒരു ഇൻറഗ്രേറ്റഡ് GST (IGST) ചുമത്തുകയും പിരിക്കുകയും ചെയ്യുന്നു. ഭരണഘടനയുടെ ആർട്ടിക്കിൾ 269A പ്രകാരം അന്തർ സംസ്ഥാന വ്യാപാരത്തിൻറെയോ വാണിജ്യത്തിൻറെയോ ഭാഗമായുള്ള സപ്ലൈകൾക്കു GST ചുമത്തുന്നതും പിരിക്കുന്നതും കേന്ദ്രഗവണ്മെന്റ് ആണ്. അങ്ങനെ പിരിക്കുന്ന നികുതി, GST കൗൺസിലിന്റെ ശുപാർശയിന്മേൽ, പാർലമെൻറ് ഉണ്ടാക്കുന്ന നിയമത്തിൽ പറയുന്ന രീതിയിൽ, കേന്ദ്രവും സംസ്ഥാനങ്ങളും തമ്മിൽ പങ്കുവെക്കണം.

**ചോദ്യം 15:** GST-യിലെ നികുതി നിരക്കുകൾ ആരാണ് തീരുമാനിക്കുന്നത്?

**ഉത്തരം**: CGST-യും SGST-യും ചുമത്തുന്നത് കേന്ദ്രവും സംസ്ഥാനങ്ങളും സംയുക്തമായി തീരുമാനിക്കുന്ന നിരക്കുകളിലാണ്. ജി എസ് ടി കൗൺസിലിന്റെ ശുപാർശയിൻ പ്രകാരം ഈ നിരക്കുകൾ പരസ്യപ്പെടുത്തുന്നതാണ്.

**ചോദ്യം 16:** GST കൗൺസിലിന്റെ പങ്ക് എന്താണ്?

**ഉത്തരം**: GST കൗൺസിൽ നിലവിൽ വരുന്നത് യൂണിയൻ ഫിനാൻസ് മിനിസ്റ്ററും (അദ്ദേഹം കൗൺസിലിന്റെ ചെയർമാൻ ആയിരിക്കും), റവന്യുവിൻറെ മിനിസ്റ്റർ ഓഫ് സ്റ്റേറ്റ്-ഉം, സംസ്ഥാനങ്ങളിലെ ഫിനാൻസ്/ നികുതി മന്ത്രിമാരും ചേർന്നാണ്. കൗൺസിൽ താഴെ പറയുന്ന കാര്യങ്ങളിൽ കേന്ദ്രത്തിനും സംസ്ഥാനങ്ങൾക്കും ശുപാർശകൾ നൽകുന്നു:

(i) കേന്ദ്രവും സംസ്ഥാനങ്ങളും ലോക്കൽ ബോഡികളും ചുമത്തുന്ന ഏതൊക്കെ നികുതികളും സെസ്സുകളും സർചാർജുകളുമാണ് GST-യിൽ ലയിപ്പിക്കേണ്ടത്.

(ii) ചരക്കു സേവന നികുതി ചുമത്തേണ്ടതും ഒഴിവാക്കേ ണ്ടതും ഏതൊക്കെ സാധനങ്ങൾക്കും സേവനങ്ങൾക്കുമാണ്.

(iii) പെട്രോളിയം ക്രൂഡ് ഓയിൽ, ഹൈസ്പീഡ് ഡീസൽ, മോട്ടോർ സ്പിരിറ്റ് (സാധാരണയായി പെട്രോൾ എന്നറിയ പ്പെടുന്നത്), നാച്ചുറൽ ഗ്യാസ്, ഏവിയേഷൻ ടർബൈൻ ഫ്യൂവൽ എന്നിവക്ക് ഏത് തീയതി മുതലാണ് GST ചുമത്തേണ്ടത്.

(iv) മാതൃകാ GST നിയമം, നികുതി ചുമത്തലിന്റെ തത്ത്വങ്ങൾ, IGST പങ്കുവയ്ക്കൽ, സപ്ലൈ നടന്നതായി കണക്കാക്കുന്ന സ്ഥലം തീരുമാനിക്കുന്നതിന്റെ തത്ത്വങ്ങൾ.

(v) ടേണോവറിന്റെ അടിസ്ഥാനത്തിലുള്ള നികുതി ഒഴിവിന്റെ പരിധി.

(vi) തറ (Floor Rate) നിരക്കും GST ബാൻഡുകളും ഉൾപ്പെടുന്ന നികുതി നിരക്കിൻ്റെ ഘടനയും.

(vii) പ്രകൃതി ദുരന്തങ്ങളുടെയോ ആപത്തുകളുടെയോ സമയത്ത് നിർദ്ദിഷ്ടകാലത്തേക്ക് കൂടുതൽ വിഭവസമാഹരണത്തിനായുള്ള പ്രത്യേക നികുതി നിരക്ക്.

(viii) വടക്കു കിഴക്കൻ സംസ്ഥാനങ്ങൾ, ജമ്മു & കാശ്മീർ, ഹിമാചൽ പ്രദേശ്, ഉത്തരാഖണ്ഡ് എന്നിവക്ക് വേണ്ടിയുള്ള പ്രത്യേക നിയമങ്ങൾ.

(ix) കൗൺസിൽ തീരുമാനിക്കുന്ന, GST-യുമായി ബന്ധപ്പെട്ട ഇതര വിഷയങ്ങൾ

**ചോദ്യം 17:** GST കൗൺസിലിനെ നയിക്കുന്ന തത്വങ്ങൾ ഏതൊക്കെയാണ്?

**ഉത്തരം**: സംസ്ഥാനങ്ങൾ തമ്മിൽ തമ്മിലും, കേന്ദ്രവും സംസ്ഥാനങ്ങളും തമ്മിലും, GST കാര്യങ്ങളിൽ പൊരുത്തക്കേടുകൾ ഇല്ലെന്നു GST കൗൺസിൽ ഉറപ്പുവരുത്തുന്നു. ചരക്കുകൾക്കും സേവനങ്ങൾക്കും പൊരുത്തക്കേടുകൾ ഇല്ലാത്ത ഒരു പൊതു ദേശീയ മാർക്കറ്റ് വളർത്തിയെടുക്കേണ്ടതിൻ്റെ ആവശ്യകതയായിരിക്കണം GST കൗൺസിൽ അതിൻ്റെ ചുമതലകൾ നിർവഹിക്കുമ്പോൾ പാലിക്കേണ്ട മാർഗ്ഗദർശനതത്വമെന്നു ഭരണഘടനയുടെ 2016-ലെ ഭേദഗതി നിയമം 101 അനുശാസിക്കുന്നു.

**ചോദ്യം 18:** GST കൗൺസിലിൽ എങ്ങനെയാണു തീരുമാനങ്ങൾ എടുക്കുന്നത്?

**ഉത്തരം**: GST കൗൺസിലിൽ തീരുമാനങ്ങൾ എടുക്കുന്നത് മീറ്റിങ്ങിൽ ഹാജരായി വോട്ട് ചെയ്യുന്ന അംഗങ്ങളുടെ നാലിൽ മൂന്നു വോട്ടിംഗ് ശക്തിയുടെ ഭൂരിപക്ഷത്തിൽ വേണമെന്ന് ഭരണഘടനയുടെ 2016-ലെ ഭേദഗതി നിയമം 101-ൽ വ്യവസ്ഥ ചെയ്തിരിക്കുന്നു. കേന്ദ്രഗവണ്മെന്റിൻ്റെ വോട്ടിംഗ് ശക്തി പോൾ ചെയ്ത വോട്ടിൻ്റെ മൂന്നിൽ ഒന്നും സംസ്ഥാന ഗവണ്മെന്റുകളുടെ മൊത്തം വോട്ടുകളുടെ മൂല്യം പോൾ ചെയ്ത വോട്ടിന്റെ മൂന്നിൽ രണ്ടും ആണ്. GST കൗൺസിലിൻ്റെ മീറ്റിങ്ങിനാവശ്യമായ കോറം ആകെയുള്ള അംഗങ്ങളുടെ പകുതിയാണ്.

**ചോദ്യം 19:** നിർദ്ദിഷ്ട GST-യിൽ ആർക്കാണ് നികുതി അടയ്ക്കാൻ ബാധ്യതയുള്ളത്?

**ഉത്തരം**: ചരക്കുകളും സേവനങ്ങളും സപ്ലൈ ചെയ്യുന്ന, നികുതി വിധേയവ്യക്തിക്കാണ് GST-യിൽ നികുതി അടയ്ക്കാൻ ബാധ്യതയുള്ളത്.

നികുതി അടയ്ക്കാനുള്ള ചുമതല ഉടലെടുക്കുന്നത് നികുതിവിധേയ വ്യക്തിയുടെ മൊത്തം ടേണോവറിൻ്റെ അടിസ്ഥാനത്തിലുള്ള വാർഷിക നികുതിയൊഴിവു പരിധിയായ ഇരുപതു ലക്ഷം കടക്കുമ്പോഴാണ്. (വടക്കു കിഴക്കൻ സംസ്ഥാനങ്ങളിൽ പത്തു ലക്ഷം). ചില പ്രത്യേക കാര്യങ്ങളിൽ, നികുതിയൊഴിവു പരിധി ടേണോവർ നോക്കാതെ നികുതിയടയ്ക്കാൻ ബാധ്യതയുണ്ട്. സംസ്ഥാനത്തിനുള്ളിൽ നടക്കുന്ന എല്ലാ ചരക്കു സേവന സപ്ലൈകൾക്കും CGST/SGST അടയ്ക്കേണ്ടതും അന്തർ സംസ്ഥാന സപ്ലൈകൾക്കു IGSTഅടയ്ക്കേണ്ടതും ആണ്.

**ചോദ്യം 20:** ചെറുകിട നികുതിദായകർക്ക് GST-യിൽ ഉള്ള ആനുകൂല്യങ്ങൾ എന്തൊക്കെയാണ്?

**ഉത്തരം**: ഒരു സാമ്പത്തിക വർഷത്തെ മൊത്തം ഇരുപതു ലക്ഷം വരെ ടേണോവറുള്ള നികുതിദായകർക്ക് നികുതിയൊഴിവുണ്ട്. (നികുതിയുള്ളതും ഇല്ലാത്തതുമായ എല്ലാ സപ്ലൈകളും, നികുതി ഒഴിവുള്ള സപ്ലൈകളും, ചരക്കുകളുടെയും സേവനങ്ങളുടെയും കയറ്റുമതിയും മൊത്തം ടേണോവറിൽ ഉൾപ്പെടുത്തുന്നതും GST നികുതി ടേണോവറിൻ്റെ മൊത്തം തുകയിൽ നിന്നും ഒഴിവാക്കുന്നതുമാണ്). അഖിലേന്ത്യ അടിസ്ഥാനത്തിലാണ് മൊത്തം ടേണോവർ കണക്കാക്കുന്നത്. വടക്കു കിഴക്കൻ സംസ്ഥാനങ്ങൾക്കും പ്രത്യേക പരിഗണനയുള്ള സംസ്ഥാനങ്ങൾക്കും ഈ പരിധി പത്തു ലക്ഷം രൂപയാണ്. ടേണോവറിൻ്റെ അടിസ്ഥാനത്തിൽ നികുതിയൊഴിവിന് അർഹതയുള്ളവർക്ക് ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് എടുക്കുകയും നികുതിയടയ്ക്കാൻ ഓപ്ഷൻ എടുക്കുകയും ചെയ്യാം. മൊത്തം വാർഷിക ടേണോവറിന്റെ അടിസ്ഥാനത്തിൽ നികുതി ഇളവ് എടുക്കുന്നതിനു റിവേഴ്സ് ചാർജിൽ നികുതിയടയ്ക്കുന്നവരും അന്തർ സംസ്ഥാന സപ്ലൈ നടത്തുന്നവരും അർഹരല്ല. മുൻ സാമ്പത്തിക വർഷ ത്തിൽ മൊത്തം ടേണോവർ 50 ലക്ഷത്തിൽ കുറവായ ഒരാൾക്ക് ഒരു സ്റ്റേറ്റിലെ കുറഞ്ഞ നിരക്കിൽ ടേണോവറിനുമേൽ നികുതി അടക്കാൻ സാധിക്കുന്ന സിംപ്ലിഫൈഡ് കോമ്പസിഷൻ സ്കീം തിരഞ്ഞെടുക്കാവുന്നതാണ്.

**ചോദ്യം 21:** GST-യിൽ എങ്ങനെയാണ് സാധനങ്ങളും സേവനങ്ങളും ക്ലാസ്സിഫൈചെയ്യുന്നത്?

**ഉത്തരം**: GST-യിൽ സാധനങ്ങൾ HSN (ഹാർമോണൈസ്ഡ് സിസ്റ്റം നൊമൻക്ളേച്ചർ) കോഡുപയോഗിച്ചു ക്ലാസ്സിഫൈ ചെയ്യും. ഒന്നരക്കോടിയ്ക്കു മുകളിൽ അഞ്ചു കോടിക്ക് താഴെ ടേണോവർ ഉള്ളവർ രണ്ടക്ക കോഡും, അഞ്ചു കോടിക്ക് മുകളിൽ ടേണോവർ ഉള്ള നികുതിദായകർ നാലക്ക കോഡും ഉപയോഗിക്കണം. ഒന്നര കോടിയിൽ താഴെ ടേണോവർ ഉള്ള നികുതിദായകർ HSN കോഡ് ഇൻവോയിസിൽ കാണിക്കണമെന്നില്ല. സേവനങ്ങൾ, സർവീസസ്സ് അക്കൗണ്ടിംഗ് കോഡ് പ്രകാരം (SAC) ക്ലാസ്സിഫൈ ചെയ്യണം.

**ചോദ്യം 22:** ഇറക്കുമതികൾ GST-യിൽ എങ്ങനെയാണ് നികുതി വിധേയമാക്കുന്നത്?

**ഉത്തരം**: ചരക്കുകളുടെയും സേവനങ്ങളുടെയും ഇറക്കുമതികൾ അന്തർ സംസ്ഥാന സപ്ലൈ ആയി കണക്കാക്കുകയും, രാജ്യത്തേക്കുള്ള ചരക്കുകളുടെ/സേവനങ്ങളുടെ ഇറക്കുമതിയ്ക്കു IGST ചുമത്തുകയും ചെയ്യും. ചരക്കുകളും സേവനങ്ങളും എത്തിച്ചേരുന്ന ലക്ഷ്യത്തിൽ നികുതിയെത്തുമെന്ന തത്വം പാലിക്കുകയും, ഇറക്കുമതി ചെയ്ത സാധനങ്ങളുടെയും സേവനങ്ങളുടെയും ഉപഭോഗം നടക്കുന്ന സംസ്ഥാനത്തിന് SGST നികുതി ലഭിക്കുകയും ചെയ്യുന്നു. സാധനങ്ങളും സേവനങ്ങളും ഇറക്കുമതി ചെയ്യുമ്പോൾ അടയ്ക്കുന്ന നികുതി (GST)-യ്ക്കു പൂർണ്ണമായി സെറ്റ് ഓഫ് ലഭിയ്ക്കുകയും ചെയ്യുന്നു.

**ചോദ്യം 23:** GST-യിൽ കയറ്റുമതികൾ എങ്ങനെയാണ് കണക്കാക്കുന്നത്?

**ഉത്തരം:** പൂജ്യം നികുതി നിരക്കിലുള്ള സപ്ലൈ ആയിട്ടാണ് കയറ്റുമതികളെ കണക്കാക്കുന്നത്. സാധനങ്ങളോ സേവനങ്ങളോ കയറ്റുമതി ചെയ്യുമ്പോൾ നികുതി അടയ്ക്കേണ്ടതില്ല. എങ്കിലും ഇൻപുട് ടാക്സ് ക്രെഡിറ്റ് ലഭ്യമാണ്. അത് കയറ്റുമതി ചെയ്യുന്നവർക്ക് റീഫണ്ട് ആയി നൽകുന്നതുമാണ്. കയറ്റുമതിക്കാരന് രണ്ടു രീതിയിൽ കയറ്റുമതി ചെയ്യാം; ഒന്നുകിൽ ഉൽപ്പന്നത്തിന് മേൽ നികുതി അടച്ച് കയറ്റുമതി ചെയ്തതിനു ശേഷം ഐ ജി എസ് ടിക്കു റീഫണ്ടിനു അപേക്ഷിക്കാം അല്ലെങ്കിൽ ഐ ജി എസ് ടി അടക്കാതെ ബോണ്ടിന് കീഴിൽ കയറ്റുമതി ചെയ്തതിനു ശേഷം ഐ ടി സി (ഇൻപുട് ടാക്സ് ക്രെഡിറ്റ്)നു റീഫണ്ടിനു അപേക്ഷിക്കാം.

**ചോദ്യം 24:** GST-യിൽ കോമ്പസിഷൻ സ്കീമിന്റെ സാധ്യത എന്താണ്?

**ഉത്തരം**: മൊത്തം വാർഷിക ടേണോവർ 50 ലക്ഷം രൂപവരെയുള്ള ചെറുകിട നികുതിദായകർക്ക് കോമ്പസിഷൻ രീതിയിൽ നികുതി ചുമത്തപ്പെടാനുള്ള അർഹതയുണ്ട്. ഈ സ്കീമനുസരിച്ച്, നികുതിദായകന് ഇൻപുട് ടാക്സ് ക്രെഡിറ്റിൻറെ ആനുകൂല്യം ഇല്ലാതെ, ടേണോവറിൻറെ ഒരു നിശ്ചിത ശതമാനം നികുതിയടയ്ക്കാം. CGST-യുടെയും SGST-യുടെയും തറനിരക്ക് (1% ഉല്പാദകർക്കും 0.5% മറ്റു കേസുകളിലും, കൂടാതെ പട്ടിക രണ്ടിലെ ഖണ്ഡിക 6(ബി)യിൽ പറഞ്ഞിരിക്കുന്ന പ്രത്യേക സെർവീസുകൾക്ക് അതായത് മനുഷ്യ ഉപഭോഗത്തിനായി വിളമ്പുന്ന ഭക്ഷണത്തിനോ മറ്റു വസ്തുക്കൾക്കോ 2.5% ഇൽ) കുറയാതെ ആയിരിക്കും. ജി എസ് ടി കൗൺസിലിന്റെ ശുപാർശയിൻമേൽ 50 ലക്ഷം എന്ന പരിധി ഗവണ്മെന്റ് ഒരു കോടി ആക്കി ഉയർത്തിയേക്കും. കോമ്പസിഷൻ രീതിയിലുള്ള നികുതി ചുമത്തൽ തിരഞ്ഞെടുക്കുന്ന ആൾ കസ്റ്റമറിൽ നിന്നും നികുതി പിരിക്കാൻ പാടില്ല. അന്തർ സംസ്ഥാന സപ്ലൈ നടത്തുന്നവർക്കും അല്ലെങ്കിൽ ഉൽഭവസ്ഥാനത്ത് നികുതി ശേഖരിക്കാൻ ബാധ്യതയുള്ള ഇ-കൊമേഴ്സ് ഓപ്പറേറ്റർ വഴി സപ്ലൈ നടത്തുന്നവർക്കും കോമ്പസിഷൻ സ്കീമിന് അർഹതയില്ല.

**ചോദ്യം 25:** കോമ്പസിഷൻ സ്കീം തിരഞ്ഞെടുക്കുന്നതാണോ അതോ നിർബന്ധിതമാണോ?

**ഉത്തരം**: തിരഞ്ഞെടുക്കാവുന്നതാണ്.

**ചോദ്യം 26:** GSTN എന്താണ്? GST-യിൽ അതിൻറെ പങ്കെന്താണ്?

**ഉത്തരം**: ഗുഡ്സ് ആൻഡ് സർവീസ് ടാക്സ് നെറ്റ് വർക്ക് എന്നതാണ് GSTN. ചരക്കു സേവന നികുതിയുടെ ആവശ്യത്തിലേയ്ക്കായി ഉണ്ടാക്കി യെടുത്ത ഒരു സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ആണത്. GST നടപ്പിലാക്കുന്നതിന് കേന്ദ്ര/സംസ്ഥാന ഗവണ്മെണ്ടുകൾക്കും നികുതിദായകർക്കും മറ്റു സ്റ്റേക്ക് ഹോൾഡേഴ്സിനും വിവര സാങ്കേതികവിദ്യയിലൂടെ പങ്കുവയ്ക്കാവുന്ന സംവിധാനങ്ങളും സേവനങ്ങളും GSTN നൽകുന്നു. കൂടാതെ GSTN-ൻറെ ചുമതലകളിൽ ഉൾപ്പെടുന്നവ താഴെപ്പറയുന്നു: (i) രെജിസ്ട്രേഷൻ എളുപ്പ മാക്കുന്നു; (ii) റിട്ടേണുകൾ കേന്ദ്ര/സംസ്ഥാന അധികാരികൾക്ക് അയച്ചു കൊടുക്കുന്നു; (iii) IGST-യുടെ സെറ്റിൽമെൻറ് കണക്കുകൂട്ടിയെടുക്കുന്നു; (iv) ബാങ്കിങ്ങ് നെറ്റ് വർക്കുമായി നികുതിയടവ് വിവരങ്ങൾ ഒത്തുനോക്കുന്നു; (v) ടാക്സ് പേയർ റിട്ടേണിൻറെ അടിസ്ഥാനത്തിൽ വിവിധ മാനേജ്മെൻറ് ഇൻഫർ മേഷൻ സിസ്റ്റം റിപ്പോർട്ടുകൾ കേന്ദ്ര/സംസ്ഥാന ഗവൺമെൻറുകൾക്കു നൽകുന്നു; (vi) നികുതിദായകൻറെ രൂപരേഖയുടെ വിശകലനം നടത്തുന്നു; (vii) ഇൻപുട് ടാക്സ് ക്രെഡിറ്റിൻറെ പൊരുത്തപ്പെടുത്തലിനും തിരിച്ചട യ്ക്കലിനും പുനരവകാശപ്പെടലിനുമായി മാച്ചിങ് എൻജിൻ പ്രവർത്തിപ്പി ക്കുന്നു.

രജിസ്ട്രേഷൻ, നികുതിയടയ്ക്കൽ, റിട്ടേണുകൾ, MIS റിപ്പോർട്ടുകൾ എന്നി വയ്ക്കായി പൊതുവായ ഒരു GST പോർട്ടലും ആപ്ലിക്കേഷനുകളും GSTN വികസിപ്പിച്ചെടുക്കുന്നു. നികുതിദായകർക്ക് ഇൻറർഫേസുകൾ ഉണ്ടാക്കു കയും, പൊതുവായ GST പോർട്ടൽ നിലവിലുള്ള നികുതി നടപ്പാക്കൽ സംവിധാനവുമായി വിവര സാങ്കേതികവിദ്യയുടെ സഹായത്തോടെ സം യോജിപ്പിക്കുകയും ചെയ്യുന്നു. കൂടാതെ 19 സംസ്ഥാനങ്ങൾക്കും കേന്ദ്ര ഭരണപ്രദേശത്തിനും (മോഡൽ II സംസ്ഥാനങ്ങൾ) നികുതി നിർണ്ണയം, ഓഡിറ്റ്, റീഫണ്ട്, അപ്പീൽ തുടങ്ങിയ ബായ്ക്ക് എൻഡ് മൊഡ്യൂളുകൾ GSTN വികസിപ്പിക്കുന്നു. CBEC-യും മോഡൽ I സംസ്ഥാനങ്ങളും (15 സംസ്ഥാന ങ്ങൾ) അവരുടേതായ GST ബായ്ക്ക് എൻഡ് സംവിധാനങ്ങൾ ഉണ്ടാക്കിയെടു ക്കുന്നു. GST-യിലേക്കുള്ള മാറ്റം എളുപ്പമാക്കുന്നതിന് GST ഫ്രണ്ട് എൻഡ് സിസ്റ്റങ്ങളും ബായ്ക്ക് എൻഡ് സിസ്റ്റങ്ങളും യോജിപ്പിക്കുകയും പൂർത്തിയാ ക്കുകയും പരീക്ഷിക്കുകയും വളരെ മുൻപേതന്നെ ചെയ്യേണ്ടതുണ്ട്.

**ചോദ്യം 27:** GST-യിൽ തർക്കങ്ങൾ എങ്ങനെയാണ് പരിഹരിയ്ക്കേണ്ടത്?

**ഉത്തരം**: ഭരണഘടനയുടെ 2016-ലെ ഭേദഗതി നിയമം 101 അനുസരിച്ച് GST കൗൺസിൽ തർക്ക പരിഹാരത്തിനുള്ള സംവിധാനങ്ങൾ നിലവിൽ വരു ത്തേണ്ടതാണ്. താഴെപ്പറയുന്ന തർക്കങ്ങളിൽ തീരുമാനമെടുക്കാനാണ് ഇത്:

(a) ഇന്ത്യാ ഗവണ്മെന്റും ഒന്നോ അതിലധികമോ സംസ്ഥാനങ്ങളുമായും, അല്ലെങ്കിൽ

(b) ഇന്ത്യാ ഗവണ്മെന്റും ഒന്നോ അതിലധികമോ സംസ്ഥാനങ്ങളും ഒരു വശത്തും ഒന്നോ അതിലധികമോ സംസ്ഥാനങ്ങൾ മറുവശത്തും ആയോ, അല്ലെങ്കിൽ

(c) രണ്ടോ അതിലധികമോ സംസ്ഥാനങ്ങൾ തമ്മിലും GST കൗൺസിലിൻറ്റെ ശുപാർശയിൽ നിന്നോ അതിൻറ്റെ നടപ്പാക്കലിൽ നിന്നോ ഉളവാകുന്ന തർക്കങ്ങൾ.

**ചോദ്യം 28: (**compliance rating mechanism**)** കംപ്ലൈൻസ് **റേറ്റിംഗ് മെക്കാനിസത്തിന്റെ ഉദ്ദേശം എന്താണ്**?

**ഉത്തരം:** സി ജി എസ് ടി/എസ് ജി എസ് ടി ആക്ടിലെ 149-ആം സെക്ഷൻ പ്രകാരം എല്ലാ രെജിസ്റ്ററെഡ് നികുതിദായകർക്കും ചില ഘടകങ്ങളെ അടിസ്ഥാനപ്പെടുത്തി അവരുടെ നികുതി കംപ്ലയൻസ് അതായത് നികുതി അടക്കുന്നതിൽ ഉള്ള കാര്യക്ഷമതയുടെ തോത് അനുസരിച്ചു ഒരു റേറ്റിംഗ് നൽകുന്നതാണ്. ഓരോ നികുതിദായകന്റെയും ഈ റേറ്റിംഗ് ഒരു പബ്ലിക് ഡൊമൈനിൽ പ്രദർശിപ്പിക്കുകയും ചെയ്യും. അപ്പോൾ ഒരു ഉപഭോക്താവിന് ഈ റേറ്റിംഗിന്റെ അടിസ്ഥാനത്തിൽ ഒരു പ്രത്യേകദായകനുമായി കച്ചവട ഇടപാട് നടത്തണോ വേണ്ടയോ എന്ന് തിരുമാനിക്കാവുന്നതാണ്. ഇത് നികുതിദായകർ തമ്മിൽ ആരോഗ്യപരമായ ഒരു മത്സരത്തിന് കാരണമാകും.

**ചോദ്യം 29: ആക്ഷനബിൾ** ക്ലെയിംസ് (actionable claims) **ജി സ് ടി യുടെ പരിധിയിൽ വരുമോ**?

**ഉത്തരം:** സി ജി എസ് ടി/എസ് ജി എസ് ടി ആക്ട് സെക്ഷൻ രണ്ടു പ്രകാരം ആക്ഷണബിൾ ക്ലെയിംസ് ചരക്ക് ആയി കണക്കാക്കേണ്ടത് ആണ്. സി ജി എസ് ടി/എസ് ജി എസ് ടി ആക്ട് സെക്ഷൻ ഏഴ് പട്ടിക മൂന്നിൽ ചരക്കോ സേവനമോ ആയി കരുതാൻ പറ്റാത്ത പ്രവൃത്തികളുടെയും ഇടപാടുകളുടെയും ലിസ്റ്റ് തന്നിട്ടുണ്ട്. ഈ പട്ടികപ്രകാരം ലോട്ടറി, ചൂതാട്ടം, പന്തയം മുതലായവ ഒഴികെയുള്ള ഇടപാടുകളെ ആണ് ആക്ഷണബിൾ ക്ലെയിംസ് ആയി ഇവിടെ പ്രതിപാദിച്ചിരിക്കുന്നത്. അതുകൊണ്ട് ജി എസ് ടി യുടെ പരിധിയിൽ ലോട്ടറി, ചൂതാട്ടം, പന്തയം തുടങ്ങിയവ മാത്രമേ സപ്ലൈ ആയി കണക്കാക്കിയിട്ടുള്ളു. മറ്റു ആക്ഷണബിൾ ക്ലെയിം ഒന്നും സപ്ലൈ ആയി കണക്കാക്കിയിട്ടില്ല.

**ചോദ്യം 30: സെക്യൂരിറ്റി ഇടപാടുകൾ ജി എസ് ടി യിൽ നികുതി വിധേയമാണോ** ?

**ഉത്തരം:** സെക്യൂരിറ്റിയെ ചരക്കുകളുടെയും സേവനത്തിന്റെയും നിർവചനത്തിൽനിന്ന് **പ്രത്യേകമായി** ഒഴിവാക്കിയിട്ടുണ്ട്. അതുകൊണ്ട് സെക്യൂരിറ്റി വ്യാപാരങ്ങൾ ജി എസ് ടി നികുതിക്ക് വിധേയം അല്ല.

**ചോദ്യം 31: ഇൻഫർമേഷൻ** റിട്ടേൺ **എന്നാൽ എന്താണ്** ?

**ഉത്തരം:** നികുതി ദായകനുമായി നേരിട്ട് ബന്ധം ഇല്ലാത്ത സ്വതന്ത്രരായ മൂന്നാം കക്ഷികളിൽനിന്നും കിട്ടുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ രജിസ്റ്റേർഡ് നികുതിദായകരുടെ നികുതി അടക്കുന്നതിലുള്ള കാര്യക്ഷമത നിരക്ക് കണക്കാക്കുന്നതിനെ ആണ് ഇൻഫർമേഷൻ റിട്ടേൺ എന്നത് കൊണ്ട് ഉദ്ദേശിക്കുന്നത്. സി ജി എസ് ടി/എസ് ജി എസ് ടി ആക്ട് സെക്ഷൻ 150

പ്രകാരം മറ്റു പലമേഖലയിൽ ഉള്ള അധികാരികളും നിലവിൽ ഉള്ള നിയമങ്ങൾക്ക് അനുസരിച്ചു ഒരു രെജിസ്റ്റേർഡ് നികുതിദായകന്റെ രെജിസ്ട്രേഷൻ സംബന്ധിച്ചോ ലാഭനഷ്ടകണക്കുകൾ സംബന്ധിച്ചോ, ആനുകാലിക റിപ്പോർട്ടുകൾ, നികുതി അടച്ചതിനെ സംബന്ധിക്കുന്ന രേഖകൾ, ചരക്കിന്റെയായ സേവനത്തിന്റെയോ ഇത് രണ്ടിന്റെയുമൊ ഇടപാടുകൾ സംബന്ധിക്കുന്ന രേഖകൾ, ബാങ്ക് ഇടപാടുകൾ, വൈദ്യുതി ഉപഭോഗം, ഏതെങ്കിലും ചരക്കുകളുടെയോ ആസ്തികളുടെയോ വിൽക്കൽ വാങ്ങൽ കൈമാറ്റ ഇടപാടുകൾ അല്ലെങ്കിൽ ഏതെങ്കിലും വസ്തുവിന്മേൽ ഉള്ള താല്പര്യം, അവകാശം തുങ്ങിയവ സംബന്ധിച്ച രേഖകളോ സൂക്ഷിക്കാൻ ബാധ്യതപെട്ടവർ ആയിരിക്കും. ഇവർ തങ്ങളുടെ കൈവശംഉള്ള ഇത്തരം വിവരങ്ങൾ അടങ്ങിയ നിശ്ചിത കാലത്തിനുള്ള ഇൻഫർമേഷൻ റിട്ടേണുകൾ നിശ്ചിത സമയത്തിനുള്ളിൽ നിശ്ചിത രീതിയിൽ നിശ്ചിത അധികാരികൾക്കോ ഏജൻസികൾക്കോ നിർദേശിക്കുന്ന തരത്തിൽ നൽകേണ്ടതാണ്. അല്ലാത്തപക്ഷം സെക്ഷൻ 123 പ്രകാരം പിഴ ചുമത്തപ്പെടുന്നതാണ്.

**ചോദ്യം 32: പല കമ്പനികളും പല തരത്തിൽ ഉള്ള സോഫ്റ്റ്‌വെയർ പാക്കേജുകൾ ഉപയോഗിക്കുകയും കണക്കുകൾ സൂക്ഷിക്കാൻ ഒരു നിശ്ചിതരീതി നിർദേ ശിക്കപ്പെടുകയും ചെയ്യാത്ത സാഹചര്യത്തിൽ ഡിപ്പാർട്മെന്റ് എങ്ങനെയാണു ഇത്തരം ബുദ്ധിമുട്ടേറിയ സോഫ്റ്റ് വെയർകൾ വായിച്ചു മനസിലാക്കുന്നത്**?

**ഉത്തരം:** സി ജി എസ് ടി/എസ് ജി എസ് ടി ആക്ട് സെക്ഷൻ 153 അനുസരിച്ചു ഓരോ കേസിന്റെയും സ്വഭാവവും സങ്കീർണ്ണതയും അനുസരിച്ചു ഗവണ്മെന്റ് നികുതി നഷ്ടപ്പെടാതെ ഇരിക്കാൻ നികുതി നിർണയം, പരിശോധന, അന്വേഷണം ഇങ്ങനെ ഏതു ഘട്ടത്തിൽ ആയാലും ഡിപ്പാർട്മെന്റ് വിദഗ്ദ്ധ അഭിപ്രായം തേടുന്നത് ആണ്.

**ചോദ്യം 33:** സ്വീകർത്താവ് **തിരിച്ച് അയച്ച ചരക്കിന്റെമേൽ ഉള്ള നികുതി ജി എസ് ടി യിൽ കൈകാര്യം ചെയ്യുന്നതിനു എന്തെങ്കിലും നടപടിക്രമങ്ങൾ ഉണ്ടോ?**

**ഉത്തരം:** ഉണ്ട്. സെക്ഷൻ 34 ഇത്തരം സാഹചര്യങ്ങളെക്കുറിച്ച് ആണ് പ്രതിപാദിക്കുന്നത്. ഒരു സ്വീകർത്താവ് ചരക്ക് തിരിച്ചു അയക്കുമ്പോൾ റെജിസ്റ്റേർഡ് നികുതിദായകൻ (ചരക്ക് സപ്ലൈ ചെയ്ത ആൾ) ചില പ്രത്യേക വിവരങ്ങൾ അടങ്ങിയ ഒരു ക്രെഡിറ്റ് നോട്ട് സ്വീകർത്താവിനു കൊടുക്കും. എന്നിട്ട് സപ്ലൈയർ ക്രെഡിറ്റ് നോട്ട് കൊടുത്ത ആ മാസത്തിലെ റിട്ടേണിലോ അല്ലെങ്കിൽ സപ്ലൈ നടത്തിയ വർഷം കഴിഞ്ഞു വരുന്ന സെപ്റ്റംബറിലോ അല്ലെങ്കിൽ ആനുവൽ റിട്ടേൺ ഫയൽ ചെയ്യേണ്ട തീയതി ഇതിൽ ഏതാണോ ആദ്യം വരുന്നത് ആയ റിട്ടേണിൽ ആ ക്രെഡിറ്റ് നോട്ടിന്റെ വിശദാംശങ്ങൾ സമർപ്പിക്കേണ്ടതാണ്. ഈ ക്രെഡിറ്റ് നോട്ടിന്റെ വിശദാംശങ്ങൾ സ്വീകർത്താവിന്റെ അതേ പിരിയഡിലോ അത് കഴിഞ്ഞുള്ള ടാക്സ് പിരിയഡിലോ ഉള്ള റിട്ടേണിലെ ഇൻപുട്ട് ടാക്സ് ക്രെഡിറ്റിൽ കുറവ് വരുത്തിയിരിക്കുന്നതുമായി ഒത്തുപോകുന്നുവെന്ന് ബോധ്യപ്പെടണം. അത്പോലെതന്നെ സപ്ലൈയറുടെ ഔട്ട്പുട്ട് ടാക്സ് ബാധ്യതയിൽ വരുത്തിയിരിക്കുന്ന കുറവ് സ്വീകർത്താ

വിന്റെ ഐ ടി സി യിൽ വരുത്തിയിരിക്കുന്ന കുറവും ആയി യോജിച്ചു പോവുന്നു എന്ന് രണ്ട് കക്ഷികളും സമ്മതിക്കുകയും അത് അറിയിക്കുകയും ചെയ്യേണ്ടതാണ്.

**ചോദ്യം 34: കൊള്ള ലാഭം** തടയുന്നതിന് **എന്ത് നടപടി ആണ് സ്വീകരിച്ചിരിക്കുന്നത് ?**

**ഉത്തരം:** സി ജി എസ് ടി/എസ് ജി എസ് ടി ആക്ട് സെക്ഷൻ 153 അനുസരിച്ചു ഏതെങ്കിലും ചരക്കിന്റെയൊ സേവനത്തിന്റെയോ നികുതി നിരക്കിലോ ഇൻപുട്ട് ടാക്സ് ക്രെഡിറ്റിലോ വരുന്ന കുറവിന് അനുപാതികമായി വാങ്ങുന്ന ആളിന് കൊടുക്കുന്ന വിലയിലും കുറവ് ഉണ്ടായിരി ക്കണം. ഒരു രജിസ്റ്റേർഡ് നികുതിദായകന് ലഭിക്കുന്ന ഇൻപുട്ട് ടാക്സ് ക്രെഡിറ്റിലെ കുറവോ നികുതി നിരക്കിൽ വരുന്ന കുറവോ ആനുപാതികമായി അദ്ദേഹം വിൽക്കുന്ന/സപ്ലൈ ചെയ്യുന്ന ചരക്കിന്റെയോ സേവനത്തിന്റെയോ വില യിന്മേൽ കുറച്ചിട്ടുണ്ടെന്നു പരിശോധിച്ചു ബോധ്യം വരുത്തുന്നതിനായി ഗവണ്മെന്റ് അധികാരികളെ നിയോഗിക്കുന്നതാണ്.

# 2. നികുതിചുമത്തലും, ഒഴിവുകളും

**ചോദ്യം 1: ചരക്ക് സേവന നികുതി ചുമത്താനുള്ള അധികാരം എവിടെ നിന്നാണ് ലഭിക്കുന്നത്?**

**ഉത്തരം:** ഭരണഘടനയുടെ 101–ാം ഭേദഗതി നിയമപ്രകാരം 2016ൽ ഉൾക്കൊള്ളിച്ച 246A വകുപ്പ് പാർലമെന്റിനും സംസ്ഥാന നിയമസഭകൾക്കും ചരക്ക് സേവന നികുതി സംബÔnച്ച നിയമ നിർമ്മാണത്തിനുള്ള അധികാരം നൽകുന്നു. എന്നാൽ അന്തർസംസ്ഥാന വ്യാപാരത്തിനെ സംബന്ധിക്കുന്ന നിയമ നിർമ്മാണത്തിനുള്ള അധികാരം ഭരണഘടനയുടെ വകുപ്പ് 246Aയുടെ ഉപവകുപ്പ് 2 പ്രകാരവും ഭരണഘടനയുടെ വകുപ്പ് 269F പ്രകാരവും പാർലമെന്റിൽ മാത്രം നിക്ഷിപ്തമായിരിക്കുന്നതാണ്.

**ചോദ്യം 2: ജി.എസ്.ടി.യിൽ നികുതി ബാധ്യത ആവിർഭവിക്കുന്നത് എന്തിന്റെ അടിസ്ഥാനത്തിലാണ്?**

**ഉത്തരം:** ചരക്കുകളോ സേവനങ്ങളോ അല്ലെങ്കിൽ ഇവ ര ും കൂടെയോ സേവനങ്ങളുടേയോ നൽകുമ്പോളാണ് ചരക്ക് സേവന നികുതി നിയമപ്രകാരം നികുതിബാധ്യത ആവിർഭവിക്കുന്നത്. സംസ്ഥാനത്തിനുള്ളിലെ നൽകലുകൾക്ക് (സപ്ലൈ) കേന്ദ്ര ജി.എസ്.ടി.യോടൊപ്പം സംസ്ഥാന ജി.എസ്.ടി.യോ കേന്ദ്ര ഭരണപ്രദേശ ജി.എസ്.ടിയോ ബാധകമാകും. അന്തർ സംസ്ഥാന കൊടുക്കൽ വാങ്ങലുകൾക്ക് ഇന്റർഗ്രേറ്റഡ് ജി.എസ്.ടി. ബാധകമാവും.

**ചോദ്യം 3: യാതൊരുവിധ പ്രതിഫലവും വാങ്ങാതെയുള്ള നൽകലുകൾ ജി.എസ്.ടി. യുടെ പരിധിയിൽ വരുമോ?**

**ഉത്തരം:** കേന്ദ്ര ജി.എസ്.ടി./സംസ്ഥാന ജി.എസ്.ടി. നിയമങ്ങളുടെ ഒന്നാം ഷെഡ്യൂളിൽ നിഷ്കർഷിച്ചിട്ടുള്ള പ്രവർത്തികൾ മാത്രം പ്രതിഫലം ഇല്ലെങ്കിൽ പോലും ജി.എസ്.ടി.യുടെ പരിധിയിൽ വരും. സമാനമായ വകുപ്പുകൾ ഇന്റർഗ്രേറ്റഡ് ജി.എസ്.ടി. നിയമത്തിലും കേന്ദ്രഭരണപ്രദേശ ജി.എസ്.ടി. നിയമത്തിലും ഉൾക്കൊള്ളിച്ചിട്ടു ്.

**ചോദ്യം 4: ഒരു ധർമസ്ഥാപനം അവശ്യവസ്തുക്കൾ പ്രതിഫലം വാങ്ങാതെ വിതരണം ചെയ്താൽ ജി.എസ്.ടി. പ്രകാരം നികുതി ബാധ്യത വരുമോ?**

**ഉത്തരം:** ഒരു വ്യാപാരത്തിന്റെ ഭാഗമായോ അഥവാ അതിന്റെ ഉന്നമനത്തിനായോ നടത്തപ്പെടുന്ന നൽകലുകൾ(സപ്ലൈ)ക്ക് മാത്രമെ ജി. എസ്. ടി. ബാധകമാവുകയുള്ളൂ. ധർമ്മസ്ഥാപനത്തിന്റെ സപ്ലൈ പ്രതിഫലേച്ഛ കൂടാതെയുള്ളതാകയാൽ അത് ജി.എസ്.ടി. യുടെ പരിധിയിൽ വരില്ല.

**ചോദ്യം 5: ഒരു ഇടപാട് ചരക്കിന്റെയോ സേവനത്തിന്റെയോ നൽകൽ ആയി പ്രഖ്യാപിക്കാൻ ആർക്കാണ് അധികാരമുള്ളത്?**

**ഉത്തരം:** ജി.എസ്.ടി. കൗൺസിലിന്റെ ശുപാർശ പ്രകാരം കേന്ദ്രസർക്കാരിനോ സംസ്ഥാനസർക്കാരിനോ ഒരു ഇടപാട് ചരക്കുകളുടെ സപ്ലൈ ആണെന്നും സേവനത്തിന്റെ സപ്ലൈ അല്ലെന്നും മറിച്ച് ചരക്കിന്റെ നൽകൽ അല്ലെന്നും സേവനത്തിന്റെ നൽകൽ മാത്രമാണെന്നും അല്ലെങ്കിൽ ഇവ ര ും അല്ലെന്നോ പ്രഖ്യാപിച്ചുകൊ ് വിജ്ഞാപനം ഇറക്കാം.

**ചോദ്യം 6: സംയോജിത (composite) സപ്ലൈ, സമ്മിശ്ര (mixed) -സപ്ലൈ എന്നിവ എന്താണ്? ഒന്നിൽ നിന്ന് മറ്റൊന്ന് എങ്ങിനെ വ്യത്യസ്തപ്പെട്ടിരിക്കുന്നു?**

**ഉത്തരം:** ഒരു വ്യാപാരത്തിന്റെ ഭാഗമായി സാധാരണ ഗതിയിൽ നൽകപ്പെടുന്ന ഒരു സപ്ലൈയിൽ ര ോ അതിലധികമോ, ചരക്കിന്റെയോ, സേവനത്തിന്റെയോ അഥവാ ര ിന്റെയുമോ സപ്ലൈകൾ ഉൾപ്പെടുകയും ഇങ്ങനെ ഉൾപ്പട്ടിട്ടുള്ള ഘടക സപ്ലൈകൾ പ്രകൃത്യാ പരസ്പരം ബന്ധിക്കപ്പെട്ടും പരസ്പര പൂരകങ്ങളായി ഇരിക്കുകയും ആ ഘടകങ്ങളിൽ ഏതെങ്കിലും ഒരെണ്ണം പ്രഥമസ്ഥാനം അലങ്കരിക്കുകയും ചെയ്താൽ അത്തരം സപ്ലൈയെ സംയോജിത സപ്ലൈ എന്ന് പറയാം.

ഉദാ: ഒരു ടി.വി.വാങ്ങുന്ന ഉപഭോക്താവിന് ടി.വി.യുടെ ഒപ്പം വാറന്റിയും അററകുററപ്പണിക്കുള്ള ഉടമ്പടിയും ലഭിക്കുകയാണെങ്കിൽ അത് ഒരു സംയോജിത സപ്ലൈ ആണ്. ഇതിൽ പ്രാഥമിക സപ്ലൈ ടി.വി.നൽകൽ ആണ് വാറന്റിയും അററകുററപ്പണിക്കുള്ള ഉടമ്പടിയും അനുബന്ധ സപ്ലൈകൾ ആണ്.

സമ്മിശ്ര സപ്ലൈകൾ: സാധാരണ നിലയിൽ പ്രത്യേകം പ്രത്യേകമായി നൽകാവുന്ന തരത്തിലുള്ള ചരക്കിന്റെയോ സേവനത്തിന്റെയോ അല്ലെങ്കിൽ ഇതു ര ും കൂടി ചേർന്ന രൂപത്തിലോ ഉള്ള സപ്ലൈകൾ ഒന്നിച്ച് ഒരു വിലക്ക് നൽകുന്നതിനെ സമ്മിശ്ര സപ്ലൈ എന്ന് പറയുന്നു.

ഉദാ: വെള്ളം നിറക്കാനുള്ള കുപ്പികൾ ശീതികരണിയോടൊപ്പം ഒരു കച്ചവടക്കാരൻ വിൽക്കുന്നത്. ഇവ ര ും വേറെ വേറെയായി അതാതിന്റെ വിലക്ക് വിൽക്കാവുന്ന ചരക്കുകളാണ്.

**ചോദ്യം 7: സംയോജിത സപ്ലൈയും സമ്മിശ്ര സപ്ലൈയും ജി.എസ്.ടി. യിൽ പരിഗണിക്കപ്പെടുന്നത് എങ്ങിനെ ആണ്?**

**ഉത്തരം:** സംയോജിത സപ്ലൈ പ്രഥമഗണനീയമായ ഘടക സപ്ലൈയുടെ സപ്ലൈ ആയിട്ട് പരിഗണിക്കും. സമ്മിശ്ര സപ്ലൈയെ ഘടക സപ്ലൈകളിൽ ഉയർന്ന നികുതി ബാധ്യത വരുന്ന സപ്ലൈയുടെ സപ്ലൈ ആയിട്ടും പരിഗണിക്കും.

**ചോദ്യം 8: എല്ലാ ചരക്കുകൾക്കും സേവനങ്ങൾക്കും ജി.എസ്.ടിയുടെ കീഴിൽ നികുതി ബാധ്യതയു ോ?**

**ഉത്തരം:** മനുഷ്യൻ പാനത്തിനായി ഉപയോഗിക്കുന്ന മദ്യം ഒഴിച്ചുള്ള എല്ലാ വസ്തുക്കളുടെയും സേവനങ്ങളുടേയും സപ്ലൈകൾക്ക് ജി.എസ്.ടി. നികുതി ബാധ്യതയു ്. ഭൂമിയിൽ നിന്ന് കുഴിച്ചെടുക്കുന്ന അസംസ്കൃത എണ്ണ, പ്രകൃ

തിവാതകം, വിമാനങ്ങൾക്കുള്ള ഇന്ധനം, മറ്റ് വാഹന ഇന്ധനങ്ങൾ (പെട്രോൾ, ഡീസൽ മുതലായവ) എന്നിവയെ ഭാവിയിൽ മാത്രമേ ജി.എസ്.ടി.യുടെ പരിധി യിൽ ഉൾപ്പെടുത്തുകയുള്ളൂ. എന്നുമുതൽ ഇവ ജി.എസ്.ടി യുടെ പരിധിയിൽ കൊ ുവരുമെന്നും മററുമുള്ള വിവരങ്ങൾ ജി.എസ്.ടി കൗൺസിലിന്റെ ശുപാർശകൾക്ക് വിധേയമായി സർക്കാർ പിന്നീട് പ്രഖ്യാപിക്കുന്നതാണ്.

**ചോദ്യം 9: റിവേഴ്സ് ചാർജ് എന്നാൽ എന്താണ് ?**

**ഉത്തരം:** സാധാരണഗതിയിൽ ടാക്സ് സർക്കാരിലേക്ക് അടക്കാനുള്ള ഉത്തരവാദിത്വം സപ്ലൈ നടത്തുന്ന ആൾക്കാണ്. ഇതിന് വിപരീതമായി നിഷ്കർഷിക്കപ്പെട്ട ചില ചരക്കുകളുടേയും സേവനങ്ങളുടേയും സപ്ലൈയുടെ മേലുള്ള നികുതി ബാധ്യത ഈ സപ്ലൈയുടെ സ്വീകർത്താക്കൾക്കായിരിക്കും.

**ചോദ്യം 10: റിവേർസ് ചാർജ് സേവനങ്ങൾക്കു മാത്രമേ ബാധകമാവുക യുള്ളോ?**

**ഉത്തരം:** അല്ല. GST കൗൺസിലിന്റെ ശുപാർശപ്രകാരം സർക്കാർ പ്രഖ്യാ പിക്കുന്ന എല്ലാ ചരക്കുകളുടേയും സേവനങ്ങളുടേയും സപ്ലൈയ്ക്ക് ഇത് ബാധകമാണ്.

**ചോദ്യം 11: രജിസ്ററർ ചെയ്യാത്ത വ്യക്തികളിൽ നിന്നോ സ്ഥാപനങ്ങളിൽ നിന്നോ സപ്ലൈ സ്വീകരിക്കുന്നതിന്റെ ഭവിഷത്ത് എന്താണ് ?**

**ഉത്തരം:** രജിസ്ട്രേഷനുള്ള വ്യക്തി രജിസ്ട്രേഷനില്ലാത്ത ആളിൽ നിന്നും ചരക്കോ സേവനമോ സ്വീകരിക്കുകയാണെങ്കിൽ ആ സപ്ലൈയുമായി ബന്ധപ്പെട്ട നികുതി റിവേഴ്സ് ചാർജ് തത്വപ്രകാരം സ്വീകർത്താവ് സർക്കാരിലേക്ക് നേരിട്ട് അടക്കേ താണ്.

**ചോദ്യം 12: സപ്ലൈ നൽകുന്നയാളോ സ്വീകരിക്കുന്നയാളോ അല്ലാതെ മററാർക്കെങ്കിലും ജി.എസ്.ടി അടയ്ക്കാൻ ബാധ്യതയു ോ ?**

**ഉത്തരം:** ഇലക്ട്രോണിക് കൊമേർസ് ഓപ്പറേറ്റർമാരിലൂടെ നൽകപ്പെടുന്ന സേവനങ്ങളുടെ കാര്യത്തിൽ ഏതൊക്കെ വിഭാഗത്തിൽപ്പെടുന്ന സേവനങ്ങ ളുടെ മേലുള്ള നികുതി അവർ നേരിട്ട് അടയ്ക്കണമെന്ന് കേന്ദ്ര/സംസ്ഥാന സർക്കാരുകൾക്ക് നിഷ്കർഷിക്കാവുന്നതാണ്. അങ്ങിനെ നിഷ്കർഷിക്കപ്പെടു ന്ന സേവനങ്ങളുടെ സപ്ലൈമേലുള്ള ജി.എസ്.ടി.യുമായി ബന്ധപ്പെട്ട പൂർണ്ണ ഉത്തരവാദിത്വം നികുതി അടയ്ക്കാൻ ബാധ്യസ്ഥനായ വ്യക്തി എന്ന നിലയിൽ ഇലക്ട്രോണിക് കൊമേർസ് ഓപ്പറേറ്ററിൽ നിക്ഷിപ്തമായിരിക്കും.

**ചോദ്യം 13: കോമ്പസിഷൻ പദ്ധതി തിരഞ്ഞെടുക്കാനുള്ള പരിധി എത്രയാണ് ?**

**ഉത്തരം:** മുൻ സാമ്പത്തിക വർഷത്തെ ആകെ വിററുവരവ് 50 ലക്ഷം രൂപയിൽ താഴെ ആണെങ്കിൽ ആ വ്യക്തിക്ക് തനതുവർഷം 50 ലക്ഷം വരെ കോമ്പസിഷൻ പദ്ധതി ലഭിക്കുന്നതാണ്.

**ചോദ്യം 14: കോമ്പസിഷൻ പദ്ധതിയുടെ കീഴിൽ ഏതെല്ലാം നികുതി നിരക്കുക ളാണ് ബാധകമായിട്ടുള്ളത് ?**

**ഉത്തരം:** കോമ്പസിഷൻ പദ്ധതിയിൽ വിവിധമേഖലകൾക്ക് വിവിധ നിരക്കു കളാണ് ഉള്ളത്. സാധാരണനിലയിൽ ചരക്ക് നൽകുന്ന കച്ചവടക്കാർക്ക് ബാധകമായ നിരക്ക് ഒരു സംസ്ഥാനത്തോ കേന്ദ്രഭരണ പ്രദേശത്തുനിന്നോ ഉള്ള ആകെ വിററുവരവിന്റെ 0.5% ആണ്. കോമ്പസിഷൻ തിരഞ്ഞെടുക്കുന്ന വ്യക്തി ഉൽപ്പന്ന നിർമ്മാതാവാണെങ്കിൽ നികുതി നിരക്ക് സംസ്ഥാനത്തോ/ കേന്ദ്രഭരണപ്രദേശത്തുനിന്നുമുള്ള ആകെ വിററുവരവിന്റെ ഒരു ശതമാനമാണ്. റസ്റേറാറന്റ് സേവനം നൽകുന്നവരുടെ കാര്യത്തിൽ ഇത് 2.5% ആയിരിക്കും. മേൽപറഞ്ഞ നിരക്കുകൾ ഒരു നിയമത്തിൽ പറഞ്ഞിട്ടുള്ളതാണ്. മററു നിയമ ങ്ങളിലും ഈ മേഖലകൾക്ക് ഇതേ നിരക്കുകൾ ആയിരിക്കും. അതുകൊ ് ഫലത്തിലുള്ള കോമ്പസിഷൻ നിരക്ക് (അതായത് സി.ജി.എസ്.ടി.യും എസ്.ജി. എസ്.ടി. അഥവാ യു.ററി.ജി.എസ്.ടി. യും ചേർന്ന്) സാധാരണ കച്ചവടക്കാർക്ക് 1%, ഉൽപ്പന്ന നിർമ്മാതാക്കൾക്ക് 2%, റസ്റേറാറന്റുകൾക്ക് 5% എന്നിങ്ങനെ ആയിരിക്കും.

**ചോദ്യം 15: കോമ്പോസിഷൻ പദ്ധതി തിരഞ്ഞെടുക്കുന്ന വ്യക്തി ഒരു സാമ്പത്തിക വർഷത്തിന്റെ ഇടയിൽവെച്ച് ഉദാഹരണത്തിന് ഡിസംബർ മാസത്തിൽ ആകെ വിററുവരവ് പരിധിയായ അൻപത് ലക്ഷം രൂപ കവിഞ്ഞെങ്കിൽ അയാൾ ആ സാമ്പത്തിക വർഷത്തിന്റെ ശിഷ്ട കാലാ വധിയിലും (31 മാർച്ച് വരെ) കോമ്പോസിഷൻ (പകാരമുള്ള നിരക്കിൽ നികുതി അടച്ചാൽ മതിയോ?**

**ഉത്തരം:** സാമ്പത്തികവർഷത്തിൽ എപ്പോഴാണോ ആകെ വിൽപ്പന അൻപത് ലക്ഷം രൂപ കടക്കുന്നത് ആ അവസരം മുതൽ കോമ്പസിഷൻ നിരക്കിന് ആ വ്യക്തിക്ക് അർഹതയു ായിരിക്കുകയില്ല.

**ചോദ്യം 16: ഒന്നിൽ കൂടുതൽ രജിസ്ട്രേഷനുള്ള വ്യക്തിക്ക് ഏതാനും രജിസ്ട്രേഷനുകൾക്ക് മാത്രമായി കോമ്പോസിഷൻ പദ്ധതി തിരഞ്ഞെടു ക്കാമോ?**

**ഉത്തരം:** ഒരു പാൻ നമ്പറിന് കീഴിൽ വരുന്ന എല്ലാ രജിസ്ട്രേഷനുകൾക്കും സംയുക്തമായി വേണം കോമ്പോസിഷൻ പദ്ധതി തിരഞ്ഞെടുക്കാൻ. ഒരേ പാനിന്റെ കീഴിൽ രജിസ്ട്രേഷൻ ഉള്ള ഏതെങ്കിലും ഒരു വ്യക്തി സാധാരണ നികുതി നിരക്ക് സ്വീകരിച്ചാൽ ആ നിമിഷം മുതൽ ആ പാനിന്റെ കീഴിലുള്ള മറെറല്ലാ രജിസ്ട്രേഷനുകൾക്കും കോമ്പോസിഷനുള്ള അവകാശം നഷ്ട പ്പെടും.

**ചോദ്യം 17: നിർമ്മാതാക്കൾക്കും സേവനദാതാക്കൾക്കും കോമ്പോസിഷൻ പദ്ധതി സ്വീകരിക്കാമോ?**

**ഉത്തരം:** സാധാരണഗതിയിൽ ഉല്പന്നനിർമ്മാതാക്കൾക്കെല്ലാം കോമ്പോസി ഷൻ പദ്ധതിക്ക് അർഹതയു ്. എന്നാൽ ജി.എസ്.ടി. കൗൺസിലിന്റെ ശുപാർ

ശപ്രകാരം പ്രഖ്യാപിക്കപ്പെട്ടിട്ടുള്ള ഉത്പന്നനിർമ്മാതാക്കൾക്ക് ഇത് സ്വീകരിക്കാൻ സാധിക്കില്ല. സേവനമേഖലയിൽ റസ്റേറാറന്റുകൾ ഒഴികെയുള്ള സേവനദാതാക്കൾക്ക് കോമ്പോസിഷൻ പദ്ധതി ബാധകമായിരിക്കുകയില്ല.

**ചോദ്യം 18: കോമ്പോസിഷൻ പദ്ധതി തിരഞ്ഞെടുക്കാൻ അർഹത ഇല്ലാത്തത് ആർക്കൊക്കെയാണ്?**

**ഉത്തരം:** സാമാന്യമായി പറഞ്ഞാൽ താഴെ പറയുന്ന വിഭാഗങ്ങളിൽ പെടുന്ന രജിസ്ട്രേഷനുള്ള വ്യക്തികൾക്ക് കോമ്പോസിഷൻ പദ്ധതി തിരഞ്ഞെടുക്കാൻ സാധിക്കില്ല.

(1) റസ്റേറാറന്റ് സർവ്വീസ് ഒഴികെയുള്ള സേവനങ്ങൾ നൽകുന്നവർ

(2) സി.ജി.എസ്.ടി./ എസ്.ജി.എസ്.ടി./ യു.ററി.ജി.എസ്.ടി. നിയമത്തിൽ നികുതി ബാധകമല്ലാത്ത ചരക്കുകൾ നൽകുന്നവർ

(3) അന്തർസംസ്ഥാനതലത്തിൽ ചരക്ക് നൽകുന്നവർ

(4) ഒരു ഇലക്ട്രോണിക് കൊമേർസ് ഓപ്പറേറ്റർ മുഖേന ചരക്ക് നൽകുന്നവർ

(5) ചില പ്രഖ്യാപിത ചരക്കുകളുടെ നിർമ്മാതാക്കൾ

**ചോദ്യം 19: കോമ്പസിഷൻ സ്കീമിലുള്ള ഒരാൾക്ക് ഇൻപുട്ട് ടാക്സ് ക്രെഡിററിന് അർഹതയുേ ാ ?**

**ഉത്തരം:** ഇല്ല. കോമ്പസിഷൻസ് സ്കീം പ്രകാരം നികുതിയടക്കുന്നയാൾക്ക് ഇൻപുട്ട് ടാക്സ് ക്രെഡിററിന് അർഹതയില്ല.

**ചോദ്യം 20: കോമ്പസിഷൻ സ്കീം പ്രകാരം നികുതിയടക്കുന്നയാളിൽ നിന്നും ചരക്കു വാങ്ങുന്നയാൾക്ക് കോമ്പസിഷൻ ടാക്സിന്റെ ഇൻപുട്ട് ടാക്സ് ക്രെഡിററ് അർഹതയുേ ാ ?**

**ഉത്തരം:** കോമ്പസിഷൻസ് സ്കീമിലുള്ള ഒരാൾക്ക് ടാക്സ് ഇൻവോയ്സ് കസ്ററമർക്ക് നൽകാൻ സാധ്യമല്ല. അതുകൊ ് കോമ്പസിഷൻസ് സ്കീമിലുള്ള സപ്ലയറുടെ പക്കൽനിന്നും ചരക്കു വാങ്ങുന്നയാൾക്ക് നികുതിയുടെ ക്രെഡിററ് ലഭ്യമല്ല.

**ചോദ്യം 21: കോമ്പസിഷൻസ് നികുതി കസ്ററമറുടെ പക്കൽനിന്നും പിരിച്ചെടുക്കാമോ?**

**ഉത്തരം:** ഇല്ല. കോമ്പസിഷൻ രീതിയിൽ നികുതി അടക്കുന്നയാൾക്കു നികുതി കസ്ററമറുടെ പക്കൽ നിന്നും പിരിച്ചെടുക്കാനോ നികുതി കാണിച്ചു ഇൻവോയ്സ് നൽകാനോ കഴിയില്ല.

**ചോദ്യം 22: കോമ്പസിഷന് അർഹതയുള്ള ''ആകെ (മൊത്തം) വിററുവരവ്'' എങ്ങിനെയാണ് കണക്കാക്കുന്നത്?**

**ഉത്തരം:** കോമ്പസിഷന് അർഹതയുള്ള ''മൊത്തം വിററുവരവ്'' കണക്കാക്കുന്നത് നിയമത്തിന്റെ 2(6) വകുപ്പ് പ്രകാരമാണ്. അതു പ്രകാരം മൊത്തം വിററുവരവ് എന്നത് ഒരേ പാനിന് കീഴിലുള്ള രജിസ്ട്രേഷനുകളിലൂടെ നൽകപ്പെടുന്ന സപ്ലൈകളുടെ (നികുതിബാധകമായവ + നികുതിരഹിതമായവ + കയററുമതി + അന്തർ സംസ്ഥാന നൽകൽ) വിലയുടെ ആകെ തുകയാണ്. എന്നാൽ കേന്ദ്രനികുതി (സി.ജി.എസ്.ടി), സംസ്ഥാന നികുതി (എസ്.ജി.എസ്.ടി), കേന്ദ്രഭരണപ്രദേശനികുതി (യു.ററി.ജി.എസ്.ടി.), സംയുക്തനികുതി (ഐ.ജി.എസ്.ടി.), നഷ്ടപരിഹാര സെസ്സ് എന്നിവ മൊത്തം വിററുവരവ് കണക്കാക്കുമ്പോൾ കണക്കിലെടുക്കേ തില്ല.

**ചോദ്യം 23: നിയമവിരുദ്ധമായി കോമ്പോസിഷൻ പദ്ധതി സ്വീകരിക്കുന്ന തിന്റെ ഭവിഷ്യത്തുകൾ എന്തെല്ലാം ?**

**ഉത്തരം:** കോമ്പസിഷന് അർഹതയില്ലാത്തതും സാധാരണ നിരക്കിൽ നികുതി അടക്കാൻ ബാധ്യസ്ഥനുമായ വ്യക്തി നിയമവിരുദ്ധമായി കോമ്പോസിഷൻ പദ്ധതി പ്രകാരം നികുതി അടച്ചാൽ അയാളുടെ മേൽ പിഴ ചുമത്തപ്പെടും. നിയമത്തിന്റെ 73, 74 വകുപ്പ് പ്രകാരമായിരിക്കും അങ്ങിനെയുള്ള വ്യക്തിയുടെ നികുതി ബാധ്യതയും അടക്കേ പിഴയും കണക്കാക്കുന്നത്.

**ചോദ്യം 24: ജി.എസ്.ടി. നിയമം ഏതെങ്കിലും സപ്ലൈയെ നികുതി ബാധ്യതയിൽ നിന്നും ഒഴിവാക്കാൻ സർക്കാരിന് അധികാരം നൽകുന്നുേ ാ ?**

**ഉത്തരം:** പൊതുജനതാത്പര്യാർത്ഥം ജി.എസ്.ടി. കൗൺസിലിന്റെ ശുപാർശകൾക്ക് അനുസ്യൂതമായി കേന്ദ്ര സർക്കാരിനോ, സംസ്ഥാന സർക്കാരിനോ, ചരക്കിന്റെയോ, സേവനത്തിന്റെയോ അനുസരിച്ചോ അല്ലെങ്കിൽ ര ിന്റെയുമോ സപ്ലൈയോ സോപാധികമായോ നിബന്ധനകൾ പൂർണ്ണമായോ ഭാഗികമായോ നികുതി ബാധ്യതയിൽ നിന്ന് ഒഴിവാക്കാവുന്നതാണ്.

സി.ജി.എസ്.ടി. നിയമപ്രകാരം നൽകുന്ന ഇത്തരത്തിലുള്ള ഒഴിവ് എസ്.ജി.എസ്.ടി. നിയമപ്രകാരവും/യു.ററി.ജി.എസ്.ടി. നിയമ പ്രകാരവും നൽകിയിട്ടുള്ള ഒഴിവായിട്ട് കൂടി കണക്കാക്കാൻ ഉള്ള വ്യവസ്ഥകൾ ഈ ര ു നിയമങ്ങളിലും ഉൾക്കൊള്ളിച്ചിട്ടു ്.

കൂടാതെ അസാധാരണ സ്ഥിതി വിശേഷമുള്ള സന്ദർഭങ്ങളിൽ സർക്കാരിന് പ്രത്യേക ഉത്തരവ് പ്രകാരം ചരക്കിന്റെയോ സേവനത്തിനൊ അല്ലെങ്കിൽ ര ിനുമോ കൂടിയോ ഒഴിവ് നൽകാവുന്നതാണ്.

**ചോദ്യം 25: ചരക്കുകളുടേയോ സേവനങ്ങളുടെയോ അഥവാ ര ിന്റെയുമോ നികുതി സോപാധികമായി പൂർണ്ണമായും ഒഴിവാക്കിയുട്ടുെ ങ്കിൽ ഒരു വ്യക്തിക്ക് നികുതി അടയ്ക്കാമോ?**

**ഉത്തരം:** ഇല്ല. നികുതി ഒഴിവുള്ള ഒരു സപ്ലൈ നടത്തുന്ന വ്യക്തിക്ക് ബാധകമായ നികുതി നിരക്കിലും കൂടുതൽ നികുതി പിരിക്കാനാവില്ല.

# 3. രജിസ്ട്രേഷൻ

**ചോദ്യം 1:** GST-യിൽ രജിസ്റ്റർ ചെയ്യുന്നതിൻറെ പ്രയോജനങ്ങൾ എന്തെല്ലാമാണ്?

**ഉത്തരം:** GST നിയമപ്രകാരം രജിസ്റ്റർ ചെയ്യുന്നതു കൊണ്ട് ബിസിനസിനു താഴെ പറയുന്ന പ്രയോജനങ്ങൾ ഉണ്ട്:

- ചരക്കുകളുടെയും സേവനങ്ങളുടെയും സപ്ലയർ ആയി നിയമ പ്രകാരം അംഗീകാരം ലഭിക്കുന്നു
- ബിസിനസ് ചരക്കു സേവനങ്ങൾ സപ്ലൈ ചെയ്യുമ്പോൾ അടയ്ക്കേണ്ട നികുതിക്ക് ഉപയോഗിക്കാവുന്ന രീതിയിൽ ചരക്കുകളും സേവനങ്ങളും സ്വീകരിച്ചപ്പോൾ അടച്ച നികുതിയുടെ ശരിയായ കണക്കുവയ്ക്കൽ.
- വാങ്ങുന്നവരിൽ നിന്നും നികുതി പിരിക്കാനുള്ള അധികാരവും ചരക്കുകളോ സേവനങ്ങളോ സ്വീകരിക്കുന്നവരിലേക്കു അടച്ച നികുതിയുടെ ക്രെഡിറ്റ് നൽകാനുള്ള അധികാരവും.
- GST നിയമങ്ങൾക്കു കീഴിൽ നൽകിയിട്ടുള്ള നിരവധി മറ്റ് ആനുകൂല്യങ്ങളും പ്രത്യേകാവകാശങ്ങളും പ്രയോജനപ്പെടുത്താൻ ഉള്ള യോഗ്യത ലഭിക്കുന്നു.

**ചോദ്യം 2:** GST രജിസ്ട്രേഷൻ ഇല്ലാത്ത ഒരാൾക്കു ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് അവകാശപ്പെടാനും നികുതി പിരിക്കാനും സാധ്യമാണോ?

**ഉത്തരം:** അല്ല. GST രജിസ്ട്രേഷൻ ഇല്ലാത്തയാൾക്കു കസ്റ്റമറുടെ കയ്യിൽ നിന്നും നികുതി വാങ്ങാനോ അയാളടച്ച ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് അവകാശപ്പെടാനോ കഴിയില്ല.

**ചോദ്യം 3** രജിസ്ട്രേഷൻ പ്രാബല്യത്തിൽ വരുന്ന തിയതി എന്നാണ്?

**ഉത്തരം:** രജിസ്ട്രേഷൻ എടുക്കാൻ ബാധ്യത വന്ന് മുപ്പത് ദിവസത്തിനുള്ളിൽ അപേക്ഷ നൽകുന്നയാളിന് രജിസ്ട്രേഷന് ബാധ്യത ഉണ്ടായ തിയതി മുതൽ രജിസ്ട്രേഷന് സാധുതയുണ്ട്. രജിസ്ട്രേഷന് ബാധ്യത ഉണ്ടായി മുപ്പത് ദിവസത്തിനു ശേഷം അപേക്ഷ സമർപ്പിക്കുന്ന ആളിന് രജിസ്ട്രേഷൻ നൽകുന്ന തിയതി മുതൽ രജിസ്ട്രേഷൻ സാധുതയുള്ളതായി കണക്കാക്കും.

നികുതി ഇളവ് പരിധിക്കുള്ളിൽ വിറ്റുവരവ് ഉള്ളയാൾ, സ്വന്തം ഇഷ്ടപ്രകാരം രജിസ്ട്രേഷന് അപേക്ഷിച്ചാൽ, രജിസ്ട്രേഷൻ നൽകുന്ന ഉത്തരവിൻറെ തിയതി മുതൽ രജിസ്ട്രേഷൻ സാധുവായിരിക്കും.

**ചോദ്യം 4:** മോഡൽ GST നിയമപ്രകാരം ആർക്കൊക്കെയാണ് രജിസ്ട്രേഷൻ എടുക്കാൻ ബാധ്യതയുള്ളത്?

**ഉത്തരം:** CGST/SGST **നിയമം**, 2017 22-ആം വകുപ്പ് പ്രകാരം ജി.എസ്.റ്റി. നിയമത്തിനു കീഴിലുള്ള നികുതിയിൽ ചുമത്തുന്ന (ചരക്കുകളുടെ അല്ലെങ്കിൽ സേവനങ്ങളുടെ) വിതരണം നടത്തുന്ന എല്ലാ വിതരണക്കാരും (ഏജന്റുമാർ അടക്കം) അവരുടെ ഒരു സാമ്പത്തിക വർഷത്തിലെ മൊത്തം വിറ്റുവരവ് ഇളവ് പരിധിയായ ഇരുപത് ലക്ഷം കവിയുകയാണെങ്കിൽ ആ വ്യക്തി ടാക്സബിൾ സപ്ലൈ സ്വീകരിക്കുന്ന സംസ്ഥാനം/യൂണിയൻടെറിട്ടറി (ഡൽഹി, പുതുച്ചേരി)യിൽ രജിസ്ട്രേഷൻ എടുക്കേണ്ടതാണ്.

ഇന്ത്യൻ ഭരണഘടന 279A(4)(ജി) വകുപ്പ് പ്രകാരമുള്ള 11 സ്പെഷ്യൽ കാറ്റഗറി സംസ്ഥാനങ്ങളിൽ രജിസ്ട്രേഷൻ എടുക്കാനുള്ള വിറ്റുവരവ് ഇളവ് പരിധി പത്ത് ലക്ഷം രൂപയായിരിക്കും. കൂടാതെ, മേൽപറഞ്ഞ നിയമത്തിൻറ്റെ 24-ആം വകുപ്പ് പ്രകാരം ചില പ്രത്യേക വിഭാഗങ്ങളിൽപെട്ട വിതരണക്കാർക്ക് വാർഷിക വിറ്റുവരവ് ഇരുപത് ലക്ഷത്തിൽ കുറവാണെങ്കിലും രജിസ്ട്രേഷൻ എടുക്കേണ്ടതായിട്ടുണ്ട്. മറുവശത്ത് ആക്ടിൻറ്റെ സെക്ഷൻ 23 പ്രകാരം തൻറ്റെ കാർഷിക ഉത്പന്നങ്ങൾ വിതരണം ചെയ്യുന്ന കൃഷിക്കാരനോ, നികുതി പൂർണമായും ഒഴിവാക്കപ്പെട്ട ചരക്ക്/സേവനങ്ങൾമാത്രം വിതരണം ചെയ്യുന്ന വിതരണക്കാരനോ ജി.എസ്.ടി. നിയമപ്രകാരം രജിസ്ട്രേഷൻ എടുക്കേണ്ട ആവശ്യമില്ല

**ചോദ്യം 5:** മൊത്തം വിറ്റുവരവ് എന്നാൽ എന്താണ്?

**ഉത്തരം:** CGST/SGST നിയമത്തിൻറ്റെ 2(6) പ്രകാരം മൊത്തം വിറ്റുവരവ് (അഗ്ഗ്രിഗേറ്റ്ടേണോവർ) എന്നത് താഴെ പറയുന്നവയുടെ ആകെ മൂല്യമാണ്:

(i) നികുതി ഉള്ളതായിട്ടുള്ള എല്ലാ സപ്ലൈകളും

(ii) നികുതി ഒഴിവാക്കിയിരിക്കുന്ന സപ്ലൈകൾ

(iii) എല്ലാ ചരക്കു വിമുക്തമാക്കിയിരിക്കുന്ന, സേവന കയറ്റുമതികളും

(iv) ഒരേ PAN നമ്പർ ഉള്ള ആളുടെ എല്ലാ അന്തർസംസ്ഥാന സപ്ലൈകളും

മേൽപറഞ്ഞവ, അഖിലേന്ത്യാ അടിസ്ഥാനത്തിൽ കണക്കിലെടുക്കുന്നതാണ്. CGST, SGST, UTGST, IGST നിയമങ്ങൾ പ്രകാരം അടച്ച നികുതികൾ ഇതിൽ കണക്കിലെടുക്കേണ്ടതില്ല.

നികുതി അടക്കുന്ന വ്യക്തി സ്വന്തം അക്കൗണ്ടിലോ സ്വന്തം പ്രിൻസിപ്പൽ വ്യക്തികളുടെ പേരിലോ നടത്തുന്ന എല്ലാ സപ്ലൈകളും മൊത്തം വിറ്റുവരവിൽ ഉൾപ്പെടും.

റിവേഴ്സ്ചാർജ്-ൽ നികുതി അടക്കേണ്ട സപ്ലൈയുടെ മൂല്യവും, ഇൻ വെർഡ് സപ്ലൈയുടെ മൂല്യവും മൊത്തം വിറ്റുവരവിൽ പെടുന്നില്ല

ജോബ് വർക്ക് പൂർത്തിയാക്കിയ ശേഷമുള്ള വസ്തുക്കളുടെ മൂല്യം ജോബ് വർക്കറുടെ വിറ്റുവരവിൽ ഉൾപ്പെടുത്താനാകില്ല. അത് പ്രിൻസിപ്പൽ

വ്യക്തിയുടെ സപ്ലൈ ആയി കണക്കാക്കപ്പെടും. അതുകൊണ്ട് തന്നെ അത് പ്രിൻസിപ്പൽ വ്യക്തിയുടെ വിറ്റുവരവിൽ ആണ് ഉൾപ്പെടുക.

**ചോദ്യം 6** നിർബന്ധമായും രജിസ്ട്രേഷൻ എടുക്കേണ്ടത് ആരൊക്കെ യാണ്?

**ഉത്തരം:** CGST/SGST ആക്ടിൻ്റെ സെക്ഷൻ 24 പ്രകാരം താഴെപ്പറയുന്നവർ അവരുടെ വിറ്റുവരവ് നോക്കാതെ രജിസ്ട്രേഷൻ എടുക്കേണ്ടതാണ്:

i) നികുതിവിധേയമായ സംസ്ഥാനാന്തരസപ്ലൈ ചെയ്യുന്നവർ;

ii) താല്ക്കാലികമായി നികുതി അടയ്ക്കേണ്ടവർ (Casual Taxable Persons);

iii) റിവേഴ്സ്ചാർജിൽ നികുതി അടയ്ക്കേണ്ടവർ

iv) 9-ആം വകുപ്പിന് കീഴിലുള്ള 5-ആം ഉപവകുപ്പ് പ്രകാരം നികുതി അടക്കേണ്ട ഇ-കോമേഴ്സ് ഓപ്പറേറ്റർമാർ;

v) നോൺറസിഡൻറ് ടാക്സബിൾ പേഴ്സൺസ്;

vi) 51-ആം വകുപ്പ് പ്രകാരം നികുതി പിരിച്ച് അടയ്ക്കേണ്ടവർ;

vii) കാര്യകർത്താവ് (agent) എന്ന നിലയിലോ അല്ലാതെയോ മറ്റുള്ള വർക്ക് വേണ്ടി ചരക്കുസേവന സപ്ലൈ ചെയ്യുന്നവർ;

viii) ഇൻപുട്ട് സർവീസ് വിതരണകർത്താവ് (നിയമപ്രകാരം വെവ്വേറെ രജിസ്റ്റർ ചെയ്താലും ഇല്ലെങ്കിലും);

ix) 52-ആം വകുപ്പ് പ്രകാരം നികുതി ശേഖരിക്കേണ്ട ആളുകൾ;

x) ഓരോ ഇലക്ട്രോണിക് കോമേഴ്സ് ഓപ്പറേറ്ററും;

xi) ഇന്ത്യക്കു പുറത്തുള്ള ഒരു സ്ഥലത്തു നിന്നും ഇന്ത്യയിൽ ഉള്ള റെജിസ്ട്രേഡ് അല്ലാത്ത ഒരാൾക്ക് വേണ്ടി ഓൺലൈൻ സേവന ങ്ങളും ഡാറ്റാബേസ് വീണ്ടെടുക്കൽ സേവനങ്ങളും നല്കുന്ന ആളുകൾ;

xii) കൗൺസിലിൻ്റെ ശുപാർശപ്രകാരം കേന്ദ്രഗവൺമെൻ്റോ സ്റ്റേറ്റ് ഗവൺമെൻ്റോ വിജ്ഞാപനപ്പെടുത്തുന്ന മറ്റ് ആളുകളോ വിഭാഗ ങ്ങളോ.

**ചോദ്യം 7:** ചരക്കു സേവന നികുതി നിയമപ്രകാരം രജിസ്ട്രേഷൻ എടുക്കാ നുള്ള സമയപരിധി ഏതാണ്?

**ഉത്തരം:** രജിസ്ട്രേഷനു ആവശ്യമാകുന്ന തീയതി മുതൽ മുപ്പതു ദിവസ ത്തിനകം രജിസ്ട്രേഷൻ റൂൾസിൽ പറയുന്ന നിബന്ധനകൾക്കനുസരിച്ചു ഏതൊരാളും രജിസ്ട്രേഷൻ എടുക്കണം. എന്നാൽ **കാഷ്വൽടാക്സബിൾ വ്യക്തി**കളും **നോൺറസിഡൻറ് ടാക്സബിൾ വ്യക്തി**കളും ബിസിനസ് തുടങ്ങുന്നതിനു അഞ്ച് ദിവസം മുൻപെങ്കിലും രജിസ്ട്രേഷന് അപേക്ഷിക്കേ ണ്ടതാണ്.

**ചോദ്യം 8:** ഒരേ PAN നമ്പറിൻ കീഴിൽ പല സംസ്ഥാനങ്ങളിൽ പ്രവർത്തിക്കുന്നവർക്ക് ഒരു രജിസ്ട്രേഷൻ മതിയോ?

**ഉത്തരം:** മതിയാകില്ല. രജിസ്ട്രേഷനു ബാധ്യതയുള്ള ഓരോ ആളും വകുപ്പ് 22(1) പ്രകാരം GST അടക്കേണ്ടവരും ബിസിനസ്സ് നടത്തിവരുന്ന ഓരോ സം സ്ഥാനത്തും പ്രത്യേകം പ്രത്യേകം രജിസ്ട്രേഷൻ എടുക്കണം. മേൽപറഞ്ഞ വ്യക്തി ചരക്കു സേവന നിയമത്തിലെ 22-ആം വകുപ്പിലെ 1-ആം ഉപവകുപ്പ് പ്രകാരം നികുതി അടക്കാനും ബാധ്യസ്ഥനാണ്.

**ചോദ്യം 9:** ഒരേ സംസ്ഥാനത്ത് ഒന്നിലധികം ബിസിനസ് വെർട്ടിക്കലുകൾ ഉള്ളവർക്ക് വെവ്വേറെ രജിസ്ട്രേഷൻ എടുക്കാമോ?

**ഉത്തരം:** സാധ്യമാണ്. ഒരേ സംസ്ഥാനത്ത് ഒന്നിലധികം ബിസിനസ് വെർട്ടിക്കലുകൾ ഉള്ളയാൾക്ക് നിബന്ധനകൾക്ക് വിധേയമായി ഓരോ ബിസിനസ് വെർട്ടിക്കലിനും പ്രത്യേകം പ്രത്യേകം രജിസ്ട്രേഷൻ എടുക്കാവുന്നതാണ്. (25-ആം വകുപ്പിലെ 2-ആം ഉപവകുപ്പ് പ്രകാരം).

**ചോദ്യം10:** ചരക്കു സേവന നികുതി അടയ്ക്കാൻ ബാധ്യത ഇല്ലാത്ത ഒരാൾക്ക് സ്വന്തം ഇഷ്ടപ്രകാരം രജിസ്ട്രേഷൻ എടുക്കാൻ വകുപ്പുണ്ടോ?

**ഉത്തരം:** ഉണ്ട്. 25(3)-ആം വകുപ്പ് പ്രകാരം, ഒരു വ്യക്തിക്ക് 22-ആം വകുപ്പ് പ്രകാരം രജിസ്റ്റർ ചെയ്യാൻ ബാധ്യതയില്ലെങ്കിലും സ്വന്തം ഇഷ്ടപ്രകാരം രജിസ്റ്റർ ചെയ്യാവുന്നതാണ്. അങ്ങനെ രജിസ്റ്റർ ചെയ്യുന്നയാൾക്ക് നികുതി ബാധ്യതയുള്ള രജിസ്റ്റർ ചെയ്തയാളിനുള്ളത് പോലെ ഈ നിയമത്തിൻറെ വകുപ്പുകൾ ബാധകമാണ്.

**ചോദ്യം 11:** രജിസ്ട്രേഷൻ ലഭിക്കാൻ PAN (പെർമെനൻറ് അക്കൗണ്ട്നമ്പർ) കൈവശത്തിലുണ്ടാവേണ്ടത് നിർബന്ധമാണോ?

**ഉത്തരം:** നിർബന്ധമാണ്. 1961-ലെ ആദായനികുതിനിയമപ്രകാരം ഉള്ള PAN ഉണ്ടെങ്കിൽ മാത്രമേ വകുപ്പ് 25(6) പ്രകാരമുള്ള രജിസ്ട്രേഷൻ ലഭിക്കാൻ അർഹതയുള്ളൂ.

എന്നാൽ സെക്ഷൻ 25(6)-ആം വകുപ്പിൽ പറയുന്ന 51-ആം വകുപ്പ് പ്രകാരം നികുതി കിഴിക്കേണ്ട വ്യക്തിക്ക് രജിസ്ട്രേഷൻ യോഗ്യതക്ക് വേണ്ടി പാൻ നമ്പറിന് പകരം ഇൻകംടാക്സ് ആക്ട് പ്രകാരം ഒരു ടാക്സ് ഡിഡക്ഷൻ ആൻഡ് കളക്ഷൻ അക്കൗണ്ട് നമ്പർ നൽകപ്പെടും.

25(7)-ആം വകുപ്പ് പ്രകാരം നോൺറസിഡൻറ് ആയ നികുതി ബാധ്യതയുള്ളയാളിന് PAN നിർബന്ധമില്ല. അവർക്കു നിയമത്തിൽ പറയുന്ന മറ്റു രേഖകൾ മതിയാവും.

**ചോദ്യം 12:** ഡിപ്പാർട്ട്മെൻറ്റിനു ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥൻ (proper officer) മുഖേന സ്വമേധയാ ഒരാളെ രജിസ്റ്റർ ചെയ്യാൻ നടപടിയെടുക്കാമോ?

**ഉത്തരം:** നടപടിയെടുക്കാം. GST നിയമവകുപ്പ് 25(8) പ്രകാരം ചുമതലപ്പെട്ട ഉദ്യോഗസ്ഥന് ബാധ്യതയുള്ള ഒരാൾ രജിസ്ട്രേഷൻ എടുക്കാതെയിരുന്നാൽ, അയാളെ രജിസ്റ്റർ ചെയ്യാൻ നടപടിയെടുക്കാം. GST നിയമപ്രകാരമോ നിലവി

ലുള്ള മറ്റ് ഏതെങ്കിലും നിയമപ്രകാരമോ ഉള്ള നടപടികൾക്കു പുറമെയാണി ത്.

**ചോദ്യം13:** ചുമതലയുള്ള ഉദ്യോഗസ്ഥന് രജിസ്ട്രേഷന് വേണ്ടിയുള്ള അപേക്ഷ നിരസിക്കാമോ?

**ഉത്തരം:** നിരസിക്കാം. CGST/SGST നിയമത്തിലെ 25(10)-ആം വകുപ്പ് പ്രകാരം പരിശോധനകൾക്കു ശേഷം രജിസ്ട്രേഷനുള്ള അപേക്ഷ നിരസിക്കാവുന്നതാണ്.

**ചോദ്യം 14:** ഏതെങ്കിലും ആൾക്ക് നൽകുന്ന രജിസ്ട്രേഷൻ സ്ഥിരമാണോ?

**ഉത്തരം:** അതെ. ഒരിക്കൽ നൽകുന്ന രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് പിൻവലിക്കുകയോ, റദ്ദാക്കുകയോ, സറണ്ടർ ചെയ്യുകയോ, സസ്പെൻഡ് ചെയ്യുകയോ, ചെയ്യില്ലെങ്കിൽ സ്ഥിരമാണ്.

**ചോദ്യം 15:** GST നിയമപ്രകാരം ഐക്യരാഷ്ട്രസംഘടനയുടെ ഘടകങ്ങൾ രജിസ്റ്റർ ചെയ്യണമോ?

**ഉത്തരം:** ചെയ്യണം. CGST/SGST നിയമത്തിലെ 25(9)-ആം വകുപ്പ് പ്രകാരം എല്ലാ ഐക്യരാഷ്ട്രസംഘടനാഘടകങ്ങളും, വിദേശരാജ്യങ്ങളുടെ കോൺസുലേറ്റ്, എംബസ്സികൾ എന്നിവയും, ഗവണ്മെൻറ്റ്നോട്ടിഫൈ ചെയ്തിരിക്കുന്ന വിഭാഗങ്ങളും GST പോർട്ടലിൽ നിന്നും ഒരു UIN (യൂണിക് ഐഡൻറ്റിഫിക്കേഷൻ നമ്പർ) എടുക്കേണ്ടതാണ്. മേൽപറഞ്ഞ ID എല്ലാ സ്റ്റേറ്റിലും ഒരേ ഘടനയിലുള്ളതും GSTIN ഘടനയോടു പൊരുത്തപ്പെടുന്നതുമാണ്. ഈ നമ്പർ (ID) ഇതര സംസ്ഥാനങ്ങൾക്കും കേന്ദ്രത്തിനും പൊതുവായുള്ളതാണ്. അടച്ച നികുതി റീഫണ്ട്ചോദിക്കുന്നതിനും GST നിയമത്തിൽ പറയുന്ന ഏതു ആവശ്യങ്ങൾക്കും UIN ആവശ്യമാണ്.

**ചോദ്യം16:** ഐക്യരാഷ്ട്രസംഘടനക്ക് ചരക്കുസേവനങ്ങൾ സപ്ലൈ ചെയ്യുന്നവരുടെ ഉത്തരവാദിത്തങ്ങൾ എന്തൊക്കെയാണ്?

**ഉത്തരം:** ഇത്തരം സംഘടനകൾക്ക് സപ്ലൈ ചെയ്യുന്ന നികുതി ബാധ്യതയുള്ളവർ ഇൻവോയ്സ്സുകളിൽ UIN കാണിക്കുകയും രജിസ്റ്റർ ചെയ്ത മറ്റൊരാളിനുള്ള സപ്ലൈ (B2B) ആയി കണക്കാക്കുകയും, ഇൻവോയ്സ്സുകൾ സപ്ലയർ അപ്‌ലോഡ് ചെയ്യുകയും വേണം.

**ചോദ്യം 17:** സർക്കാർ സ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്യേണ്ടതുണ്ടോ?

**ഉത്തരം:** മറ്റു സംസ്ഥാനങ്ങളിൽ സാധനങ്ങൾ വാങ്ങുന്നതും എന്നാൽ പുറത്തേക്ക് സാധനങ്ങൾ സപ്ലൈ ചെയ്യാത്തതുമായ (അതിനാൽ GST രജിസ്ട്രേഷൻ എടുക്കേണ്ടതില്ലാത്ത) ഗവണ്മെൻറ്റ് അധികാരികൾക്കും പൊതുമേഖലാസ്ഥാപനങ്ങൾക്കും ബന്ധപ്പെട്ട സംസ്ഥാനഗവണ്മെൻറ്റ്അധികാരികൾക്കും ഒരു യുണിക് ഐഡൻറ്റിഫിക്കേഷൻ നമ്പർ നൽകുന്നതാണ് (UIN).

**ചോദ്യം18:** കാഷ്വൽ ടാക്സബിൾ പേഴ്സൺ ആരാണ്?

**ഉത്തരം:** CGST/SGST **നിയമത്തിലെ** 2(20)-ആം വകുപ്പ് **പ്രകാരം**, **തനിക്ക് സ്ഥിരം ബിസിനസ്സ് സ്ഥലം ഇല്ലാത്ത ഏതെങ്കിലും സംസ്ഥാനത്തോ കേന്ദ്രഭരണ പ്രദേശത്തോ** (union territory), **പ്രിൻസിപ്പൽ വ്യക്തി എന്നനിലയിലോ ഏജൻറ് എന്ന നിലയിലോ മറ്റേതെങ്കിലും നിലയിലോ തൻറ്റെ ബിസിനസ്സിൻറ്റെ പുരോഗതിക്കു വേണ്ടി** വല്ലപ്പോഴും **ചരക്ക്/സേവനങ്ങളുടെ സപ്ലൈ ഉൾപ്പെടുന്ന ഇടപാടുകൾ നടത്തുന്ന വ്യക്തിയെയാണ് കാ**ഷ്വൽ ടാക്സബിൾ പേഴ്സൺ എന്ന് വിളിക്കുന്നത്.

**ചോദ്യം 19:** നോൺറെസിഡൻറ് ടാക്സബിൾ പേഴ്സൺ ആരാണ് ?

**ഉത്തരം:** CGST/SGST നിയമത്തിലെ 2(77)-ആം വകുപ്പ് പ്രകാരം ഇന്ത്യയ്ക്കു പുറത്തു താമസിക്കുകയും ഇടക്ക് ഇവിടെവന്ന് സ്ഥിരമായ ബിസിനസ്സ് സ്ഥലമില്ലാതെ ഇടപാടുകൾ നടത്തുകയും ചെയ്യുന്നവരാണ് നോൺറെസിഡൻറ് ടാക്സബിൾ പേഴ്സൺ.

**ചോദ്യം20:** നോൺറെസിഡൻറ്/കാഷ്വൽ ടാക്സബിൾ പെർസൺന്റ്റെ രജിസ്ട്രേഷൻ സാധുതാ കാലാവധി എത്രയാണ്?

**ഉത്തരം:** 27(1)-ആം വകുപ്പ് **പ്രകാരം** രജിസ്ട്രേഷൻ മുതൽ 90 ദിവസം വരെയോ അപേക്ഷയിൽ പറഞ്ഞിരിക്കുന്ന കാലാവധി വരെയോ (ഇതിൽ ഏതാണോ ആദ്യം) ആണ് നോൺറെസിഡൻറ്/കാഷ്വൽ ടാക്സബിൾ പേഴ്സൻറ്റെ രജിസ്ട്രേഷൻറ്റെ സാധുത. എന്നാൽ അത്തരം ആളുകളുടെ അപേക്ഷ പ്രകാരം ചുമതലയുള്ള ഉദ്യോഗസ്ഥന് കാലാവധി വീണ്ടും 90 ദിവസത്തിൽ കൂടുതലല്ലാത്ത കാലയളവിലേക്ക് നീട്ടികൊടുക്കാവുന്നതാണ്.

**ചോദ്യം 21:** പ്രത്യേക വിഭാഗമെന്ന നിലയിൽ നോൺറെസിഡൻറ് ടാക്സബിൾ പേഴ്സൺ/കാഷ്വൽ ടാക്സബിൾ പേഴ്സൺ രജിസ്ട്രേഷൻ സമയത്തു എന്തെങ്കിലും മുൻകൂർ നികുതി അടക്കേണ്ടതുണ്ടോ?

**ഉത്തരം:** ഉണ്ട്. രജിസ്ട്രേഷൻ സമയത്തു് സാധാരണയാളുകൾ നികുതി ഡെപോസിറ്റ് ചെയ്യേണ്ടതില്ലെങ്കിലും ഒരു കാഷ്വൽ ടാക്സബിൾ പേഴ്സൺ അല്ലെങ്കിൽ നോൺറെസിഡൻറ് ടാക്സബിൾ പേഴ്സൺ രജിസ്ട്രേഷന് അപേക്ഷിക്കുമ്പോൾ, രജിസ്ട്രേഷൻ ആവശ്യമുള്ള സമയത്തേക്ക്കണക്കാക്കുന്ന നികുതി മുൻകൂറായി അടയ്ക്കണം. ആദ്യത്തെ 90 ദിവസത്തിനു ശേഷം കാലാവധി നീട്ടണമെങ്കിൽ, കൂടുതലായി അങ്ങനെ സാധുത നീട്ടുന്ന കാലത്തേക്ക് പ്രതീക്ഷിക്കുന്ന നികുതിബാധ്യതയും ഡെപ്പോസിറ്റ്ചെയ്യേണ്ടതാണ്. (27(2) വകുപ്പും അതിനനുബന്ധമായ നിബന്ധനകളും പ്രകാരം).

**ചോദ്യം 22:** രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിൽ മാറ്റങ്ങൾ അനുവദനീയമാണോ?

**ഉത്തരം:** അതെ. 28-ആം വകുപ്പ് പ്രകാരം ചുമതലപ്പെട്ട ഉദ്യോഗസ്ഥന് അയാൾ കണ്ടെത്തിയതോ അപേക്ഷകൻ നല്കുന്നതോ ആയ വിവരങ്ങളുടെ അടിസ്ഥാനത്തിൽ രജിസ്ട്രേഷൻ വിവരങ്ങളിലുള്ള മാറ്റം, മാറ്റം വരുത്തുന്നതിനുള്ള അപേക്ഷ സ്വീകരിച്ചു 15 ദിവസത്തിനുള്ളിൽ നിർദേശിക്കപ്പെട്ട രീതിയിൽ അനുവദിക്കുകയോ നിരസിക്കുകയോ, ചെയ്യാവുന്നതാണ്. ചില

പ്രധാന ഫീൽഡുകളിലുള്ള മാറ്റങ്ങൾക്കു മാത്രമേ ചുമതലപ്പെട്ട ഉദ്യോഗ സ്ഥൻ്റെ അനുവാദം ആവശ്യമുള്ളു. അല്ലാത്ത ഫീൽഡുകളിൽ ജിഎസ്ടി പോർട്ടലിൽ അപേക്ഷിക്കുന്നതിനനുസരിച്ചു രജിസ്ട്രേഷൻ സർട്ടിഫിക്ക റ്റിൽ മാറ്റങ്ങൾ വരുത്താവുന്നതാണ്.

**ചോദ്യം 23:** രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് റദ്ദാക്കുന്നത് അനുവദനീയമാണോ?

**ഉത്തരം:** അതെ. CGST/SGST നിയമത്തിലെ 29-ആം വകുപ്പിൽ പറയുന്ന സാഹചര്യങ്ങളിൽ ചുമതലപ്പെട്ട ഉദ്യോഗസ്ഥന് ഏതു രജിസ്ട്രേഷനും റദ്ദാക്കാവുന്നതാണ്. ചുമതലപ്പെട്ട ഉദ്യോഗസ്ഥന് സ്വയം എടുക്കുന്ന നടപടി യിലോ, നിർദിഷ്ടരീതിയിൽ രജിസ്റ്റർ ചെയ്തയാളോ അയാളുടെ അവകാശി കളോ (അയാൾ ജീവിച്ചിരിപ്പില്ലെങ്കിൽ) നൽകുന്ന അപേക്ഷയുടെ അടിസ്ഥാ നത്തിലോ, നിശ്ചിതരീതിയിലും കാലാവധിക്കുള്ളിലും രജിസ്ട്രേഷൻ റദ്ദാ ക്കാവുന്നതാണ്.

രജിസ്ട്രേഷൻ റൂൾസ് പ്രകാരം കാരണം കാണിക്കൽ നോട്ടീസിൻ്റെ മറു പടി ലഭിച്ചു 30 ദിവസത്തിനകമോ (ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ സ്വമേധയാ ക്യാൻസൽ ചെയ്യുന്ന കേസുകളിൽ) ക്യാൻസലേഷനുള്ള അപേക്ഷ ലഭിച്ചു 30 ദിവസത്തിനകമോ (വ്യക്തിയോ വ്യക്തിയുടെ നിയമപരമായ അവകാ ശിയോ ക്യാൻസലേഷനു വേണ്ടി അപേക്ഷിക്കുന്ന കേസുകളിൽ) ക്യാൻസ ലേഷൻ ഓർഡർ നൽകേണ്ടതാണ്.

**ചോദ്യം 24:** കേന്ദ്ര ചരക്കു സേവന നികുതി (GST) നിയമപ്രകാരമുള്ള രജിസ്ട്രേഷൻ ക്യാൻസൽ ചെയ്താൽ, അത് സംസ്ഥാന ചരക്കു സേവന നികുതി (GST) നിയമപ്രകാരമുള്ള ക്യാൻസലേഷൻ ആയി കണക്കാക്കാമോ?

**ഉത്തരം:** അതെ. ഒരു നിയമപ്രകാരമുള്ള രജിസ്ട്രേഷൻ ക്യാൻസൽ ചെയ്യൽ (ഉദാ: CGST ACT), അതിൻ്റെ പരിപൂരകമായ നിയമപ്രകാരമുള്ള രജിസ്ട്രേഷനും റദ്ദാക്കും. (29(4)-ആം വകുപ്പ് പ്രകാരം).

**ചോദ്യം 25:** ചുമതലപ്പെട്ട ഉദ്യോഗസ്ഥന് സ്വമേധയാ രജിസ്ട്രേഷൻ സർട്ടിഫി ക്കറ്റ് റദ്ദാക്കാമോ?

**ഉത്തരം:** ചെയ്യാം. 29(2)-ആം വകുപ്പിൽ പറയുന്ന ചില സാഹചര്യങ്ങളിൽ ചുമതലപ്പെട്ട ഉദ്യോഗസ്ഥന് സ്വന്തമായി രജിസ്ട്രേഷൻ റദ്ദാക്കാം. ഒരു സാധാരണ നികുതി വിധേയവ്യക്തി ആറു മാസത്തേക്ക് തുടർച്ചയായി റിട്ടേൺ ഫയൽ ചെയ്യാതിരിക്കുക, കോംപൗണ്ടിങ് നികുതിദായകൻ മൂന്നു മാസത്തേക്ക് റിട്ടേൺ ഫയൽ ചെയ്യാതിരിക്കുക, രജിസ്ട്രേഷൻ കഴിഞ്ഞു ആറു മാസമായിട്ടും ബിസിനസ് തുടങ്ങാതിരിക്കുക, മുതലായ സാഹചര്യങ്ങ ളിലാണ് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ സ്വമേധയാ രജിസ്ട്രേഷൻ റദ്ദാക്കുന്നത്. ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ സ്വാഭാവികനീതിയുടെ തത്വങ്ങൾ പാലിക്കേണ്ട താണ്. [S.29(2)(e) വകുപ്പ് പ്രകാരം].

**ചോദ്യം 26:** വസ്തുതകൾ ഒളിപ്പിച്ചു വച്ചോ അസത്യപ്രസ്താവനകൾ നടത്തിയോ കൃത്രിമമായോ രജിസ്ട്രേഷൻ വാങ്ങിയാൽ എന്ത് സംഭവിക്കും?

**ഉത്തരം:** അങ്ങനെയുള്ള കേസുകളിൽ ചുമതലപ്പെട്ട ഉദ്യോഗസ്ഥന് മുൻകൂർ പ്രാബല്യത്തോടെ രജിസ്ട്രേഷൻ ക്യാൻസൽ ചെയ്യാം. [വകുപ്പ് 29(2)(e)].

**ചോദ്യം 27:** GST നിയമപ്രകാരം സേവനങ്ങൾക്ക് കേന്ദ്രികൃത രജിസ്ട്രേഷൻ എടുക്കാമോ?

**ഉത്തരം:** ഇല്ല. നികുതി അടക്കേണ്ട വ്യക്തി ടാക്സബിൾ സപ്ലൈ നടത്തുന്ന ഓരോ സംസ്ഥാനത്തിൽ നിന്നും വേറെ വേറെ രജിസ്ട്രേഷൻ എടുക്കേണ്ടതാണ്.

**ചോദ്യം 28:** ഒരു നികുതിദായകന് ഒരു സംസ്ഥാനത്തു ഒന്നിലധികം ബിസിനസ്സ് വെർട്ടിക്കലുകൾ ഉണ്ടെങ്കിൽ അയാൾ ഓരോ ബിസിനസ്സ് വെർട്ടിക്കലിനും പ്രത്യേകം പ്രത്യേകം രജിസ്ട്രേഷൻ എടുക്കേണ്ടതുണ്ടോ?

**ഉത്തരം:** വേണ്ട. എന്നാൽ നികുതിദായകന് അയാളുടെ ഇഷ്ടപ്രകാരം CGST ആക്ടിലെ 25(2) പ്രകാരം ഓരോ ബിസിനസ്സ് വെർട്ടിക്കലിനും പ്രത്യേകം രജിസ്ട്രേഷൻ എടുക്കാവുന്നതാണ്.

**ചോദ്യം 29:** ISD എന്നാൽ ആരാണ്?

**ഉത്തരം: ഇൻപുട്ട് സർവീസ് വിതരണക്കാരൻ എന്നാണ് CGST/SGST നിയമത്തിൻറെ** 2(61)-ആം വകുപ്പിൽ ISD-യെ നിർവ്വചിച്ചിരിക്കുന്നത്. ഇൻപുട്ട്സേവനങ്ങൾ സ്വീകരിക്കുന്നതിൻറെ ഇൻവോയ്സ് കൈപ്പറ്റാനും വീണ്ടും അവയുടെ ടാക്സ് ക്രെഡിറ്റ് സപ്ലയർ യൂണിറ്റുകളിലേക്ക് (ഒരേ പാൻ നമ്പർ ഉള്ള യൂണിറ്റുകൾ) ആനുപാതികമായി വിതരണം ചെയ്യാനും ഉള്ള ഓഫീസ് ആണ് ഇത്.

**ചോദ്യം 30:** നിലവിൽ നികുതിയടക്കുന്നയാളെന്ന നിലയിലുള്ള രജിസ്ട്രേഷൻ കൂടാതെ ISD-ക്ക്പ്രത്യേക രജിസ്ട്രേഷൻ ആവശ്യമുണ്ടോ?

**ഉത്തരം:** ഉണ്ട്. സാധാരണ രജിസ്ട്രേഷനിൽ നിന്നു വ്യത്യസ്ഥമായി ISD രജിസ്ട്രേഷൻ നികുതിദായകന്റെ ഒരു ഓഫീസിനു വേണ്ടിയുള്ളതാണ്.

**ചോദ്യം 31:** ഒരു നികുതിദായകന് ഒന്നിലധികം ISD-കൾ സാധ്യമാണോ?

**ഉത്തരം:** അതെ. നികുതിദായകൻറെ പല ഓഫീസുകൾക്കു വ്യത്യസ്ത രജിസ്ട്രേഷന് അപേക്ഷിക്കാം.

**ചോദ്യം 32:** ഒരു ബിസിനസ് കൈമാറ്റം ചെയ്യുമ്പോൾ രജിസ്ട്രേഷനെ സംബന്ധിച്ച എന്തെല്ലാം ബാധ്യതയാണുള്ളത്?

**ഉത്തരം:** ബിസിനസ് കൈമാറ്റം ചെയ്തു കിട്ടുന്നയാൾ, അല്ലെങ്കിൽ, പിൻഗാമിക്ക് കൈമാറ്റത്തിൻറെ അല്ലെങ്കിൽ പിന്തുടർച്ചയുടെ തീയതി മുതൽ രജിസ്റ്റർ ചെയ്തു പുതിയ രജിസ്ട്രേഷൻ എടുക്കാൻ ബാധ്യത ഉണ്ട്. (S(22)(3)).

**ചോദ്യം 33:** നിലവിലുള്ള സെൻട്രൽ എക്സൈസ്/സേവനനികുതി/വാറ്റ് നിയമപ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ളവർ GST-യിൽ പുതിയ രജിസ്ട്രേഷൻ എടുക്കണമോ?

**ഉത്തരം:** വേണ്ട. GST ശൃംഖല അങ്ങനെയുള്ള എല്ലാ നികുതിദായകരെയും പുനർവിന്യസിക്കുകയും GSTIN നമ്പറോട് കൂടിയ താത്കാലികസർട്ടിഫിക്കറ്റ് നിയമിക്കപ്പെട്ട ദിവസം തന്നെ നൽകുകയും ചെയ്യും. ആറു മാസത്തിനകം വകുപ്പ് ഉദ്യോഗസ്ഥരുടെ മതിയായ പരിശോധനക്ക്ശേഷം അന്തിമ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് ആയി മാറുകയും ചെയ്യും. താത്കാലിക രജിസ്ട്രേഷൻ അന്തിമ രജിസ്ട്രേഷൻ ആയി മാറ്റുന്നതിനായി അപേക്ഷാർത്ഥികളോട് ഒരു നിശ്ചിതസമയത്തിനുള്ളിൽ ആവശ്യമായ എല്ലാ രേഖകളും വിവരങ്ങളും സമർപ്പിക്കാൻ ആവശ്യപ്പെടും. ഇവ നിശ്ചിതസമയത്തിനുള്ളിൽ സമർപ്പിക്കാതിരുന്നാൽ അവരുടെ താത്കാലിക GSTIN നമ്പർ റദ്ദാക്കപ്പെടുകയും ചെയ്യും.

ഇപ്പോൾ കേന്ദ്രീകൃത സർവീസ്ടാക്സ് രജിസ്ട്രേഷനുള്ളവർ ബിസിനസ്സുള്ള ഓരോ സംസ്ഥാനത്തും പ്രത്യേകമായി പുതിയ രജിസ്ട്രേഷൻ അപേക്ഷകൾ സമർപ്പിക്കേണ്ടതാണ്.

**ചോദ്യം 34:** മറ്റുള്ളവർക്കു വേണ്ടി ജോബ് വർക്ക് ചെയ്യുന്നവർ നിർബന്ധമായും രജിസ്റ്റർ ചെയ്യേണ്ടതുണ്ടോ?

**ഉത്തരം: വേണ്ട. ജോബ് വർക്കർ സേവനങ്ങൾ സപ്ലൈ ചെയ്യുന്ന ആളാകയാൽ ആ വ്യക്തിയുടെ വിറ്റുവരവ് നിർദിഷ്ടപരിധിയായ** 20/10 **ലക്ഷം കവിഞ്ഞാൽ മാത്രം രജിസ്ട്രേഷൻ എടുത്താൽ മതിയാകും**.

**ചോദ്യം 35:** ചരക്കുകൾ ജോബ് വർക്കറുടെ ബിസിനസ്സ്ഥാപനത്തിൽ നിന്നും സപ്ലൈ ചെയ്യാമോ?

**ഉത്തരം:** ചെയ്യാം. പക്ഷേ **ജോബ് വർക്കർ** രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിലോ, അല്ലെങ്കിൽ ജോബ് വർക്കറുടെ ബിസിനസ് സ്ഥാപനം പ്രിൻസിപ്പലിൻ്റെ അഡിഷണൽ ബിസിനസ്സ്ഥലമായി പ്രഖ്യാപിച്ചിട്ടുണ്ടെങ്കിലോ മാത്രം.

**ചോദ്യം 36:** രജിസ്ട്രേഷൻ സമയത്തു് നികുതിദായകൻ അയാളുടെ എല്ലാ സ്ഥലങ്ങളുടെയും വിവരങ്ങൾ അറിയിക്കണമോ?

**ഉത്തരം:** വേണം. നികുതിദായകൻ രജിസ്ട്രേഷൻ അപേക്ഷയിൽ പ്രധാന ബിസിനസ്സ്ഥലവും കൂടുതലായുള്ള മറ്റു ബിസിനസ്സ്ഥലങ്ങളുടെയും വിവരങ്ങൾ അറിയിക്കേണ്ടതാണ്. CGST/SGST നിയമത്തിലെ വകുപ്പുകൾ 2(89), 2(85)-ലുമായി പ്രധാന ബിസിനസ്സ്ഥലം, അഡിഷണൽ ബിസിനസ്സ്ഥലം, എന്നിവ നിർവ്വചിച്ചിട്ടുണ്ട്.

**ചോദ്യം 37:** ചെറുകിട കച്ചവടക്കാരെയും കമ്പ്യൂട്ടർ സംവിധാനങ്ങൾ ഇല്ലാത്തവരെയും സഹായിക്കാൻ എന്തെങ്കിലും സംവിധാനമുണ്ടോ?

**ഉത്തരം:** അങ്ങനെയുള്ളവരെ സഹായിക്കാൻ താഴെപ്പറയുന്ന സജ്ജീകരണങ്ങൾ ചെയ്യുന്നതാണ്:

ടാക്സ് റിട്ടേൺ പ്രിപ്പേറർ (TRP): നികുതിവിധേയനായ ഒരു വ്യക്തിക്ക് രജിസ്ട്രേഷൻ അപേക്ഷ/റിട്ടേൺ ഇവ സ്വന്തമായി ഉണ്ടാക്കുകയോ, സഹായത്തി

നായി ഒരു T.R.P.-യെ സമീപിക്കുകയോ ചെയ്യാം. നികുതിവിധേയനായ ആൾ നൽകുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ T.R.P. രജിസ്ട്രേഷൻ രേഖകൾ/റിട്ടേൺ നിശ്ചിതഫോറത്തിൽ തയ്യാറാക്കുന്നു. T.R.P. തയ്യാറാക്കുന്ന അപേക്ഷകളിൽ പറയുന്ന വിവരങ്ങളുടെ നിയമപരമായ ഉത്തരവാദിത്തം നികുതിദായകനു തന്നെയാണ്. T.R.P. എന്തെങ്കിലും തെറ്റുകൾക്കോ, ശരിയല്ലാത്ത വിവരങ്ങൾക്കോ ഉത്തരവാദിയാകുകയില്ല.

ഫെസിലിറ്റേഷൻ സെൻറ്റർ (FC): നികുതി വിധേയനായ ആൾ/ചുമതലപ്പെട്ടയാൾ ഒപ്പിട്ടു നൽകുന്ന സമ്മറിഷീറ്റ് ഉൾപ്പെടെയുള്ള ഫോമുകളും രേഖകളും ഡിജിറ്റലൈസ് ചെയ്യുകയും അപ്‌ലോഡ് ചെയ്യുകയും ചെയ്യാൻ ഫെസിലിറ്റേഷൻ സെന്ററിന് ഉത്തരവാദിത്തമുണ്ട്. വിവരങ്ങൾ കോമൺ പോർട്ടലിൽ FC-യുടെ ID-യും പാസ്സ്‌വേർഡും ഉപയോഗിച്ച് അപ്‌ലോഡ് ചെയ്ത ശേഷം അതിൻ്റെ അക്നോളഡ്ജ്മെന്റ് FC ഒപ്പിട്ട്, പ്രിൻറ് ഔട്ട് നികുതിദായകന് രേഖയായി നൽകുന്നു. നികുതിദായകനു വേണ്ടി ഒപ്പിടാൻ അധികാരപ്പെട്ടയാൾ ഒപ്പിട്ടു നൽകുന്ന സമ്മറിഷീറ്റ് FC സ്കാൻ ചെയ്ത് അപ്‌ലോഡ് ചെയ്യുന്നു.

**ചോദ്യം 38:** GSTN രജിസ്ട്രേഷനിൽ ഡിജിറ്റൽ ഒപ്പിനുള്ള സൗകര്യം ഉണ്ടോ?

**ഉത്തരം:** നികുതിദായകർക്ക് അവർ സമർപ്പിക്കുന്ന അപേക്ഷ വേണമെങ്കിൽ സാധുതയുള്ള ഡിജിറ്റൽ ഒപ്പോടു കൂടി നൽകാം. അപേക്ഷയും മറ്റു സമർപ്പണങ്ങളും ഇലക്ട്രോണിക് ആയി ഒപ്പു വെക്കാൻ രണ്ടു വഴികൾ ഉണ്ട്. ഒന്നുകിൽ ആധാർ നമ്പർ വഴി ഇ-ഒപ്പു വെക്കാം അല്ലെങ്കിൽ ഡിജിറ്റൽ ഒപ്പു വഴി ഇ-ഒപ്പു വെക്കാം (നികുതിദായകൻ്റെ ഡിജിറ്റൽ സിഗ്നേച്ചർ സർട്ടിഫിക്കറ്റ് ജി.എസ്.ടി. പോർട്ടലിൽ രജിസ്റ്റർ ചെയ്താണ് ഡിജിറ്റൽ ഒപ്പു വെക്കുന്നത്). എന്നാൽ കമ്പനികൾക്കും ലിമിറ്റഡ് ലയബിലിറ്റി പാർട്ണർഷിപ്പുകൾക്കും ഡിജിറ്റൽ ഒപ്പു വഴി മാത്രമേ ഒപ്പിടാൻ കഴിയുകയുള്ളൂ. ഡിജിറ്റൽ ഒപ്പിടുന്നതിനു ലെവൽ 2, ലെവൽ 3 ഡി.എസ്.സി. സർട്ടിഫിക്കറ്റുകൾ മാത്രമേ സ്വീകാര്യമായിട്ടുള്ളൂ.

**ചോദ്യം 39:** ഓൺലൈൻ അപേക്ഷയിൽ തീരുമാനമെടുക്കാനുള്ള സമയ പരിധി എത്രയാണ്?

**ഉത്തരം:** അപ്‌ലോഡ് ചെയ്ത രേഖകളും വിവരങ്ങളും ക്രമപ്രകാരമാണെന്നു കണ്ടാൽ, സ്റ്റേറ്റ്, കേന്ദ്ര അധികാരികൾ മൂന്നു പൊതുവായുള്ള പ്രവൃത്തിദിനങ്ങൾക്കുള്ളിൽ അപേക്ഷയിൽ നടപടി സ്വീകരിക്കണം.

ഈ സമയത്തിനുള്ളിൽ അപേക്ഷയിൽ എന്തെങ്കിലും പൊരുത്തക്കേടോ പോരായ്മയോ ഉള്ളതായി അവർ ആശയവിനിമയം നടത്തുകയാണെങ്കിൽ അപേക്ഷകൻ ആ ആശയവിനിമയത്തിന് ശേഷം ഏഴ് ദിവസത്തിനുള്ളിൽ ആ പൊരുത്തക്കേടോ/പോരായ്മയോ തിരുത്തി നൽകേണ്ടതാണ്. ഇങ്ങനെ തിരുത്തൽ ലഭിച്ച ശേഷം കേന്ദ്ര/സംസ്ഥാന അധികാരികൾക്കു അപേക്ഷ സ്വീകരിക്കാനോ/നിരസിക്കാനോ ഏഴ് ദിവസം കൂടി സമയം ലഭിക്കുന്നതാണ്. രണ്ടു നികുതിയധികാരികളും നിർദിഷ്ടസമയത്തിനുള്ളിൽ ഒരു പ്രതികരണവും നല്കുന്നില്ലെങ്കിൽ രജിസ്ട്രേഷൻ നൽകിയതായി കണക്കാ

ക്കുകയും പോർട്ടൽ തനിയെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് പുറപ്പെടുവിക്കുകയും ചെയ്യും.

**ചോദ്യം 40:** ഓൺലൈൻ അപേക്ഷയിൽ എന്തെങ്കിലും ചോദ്യങ്ങൾ ഉണ്ടായാൽ അപേക്ഷകന് പ്രതികരിക്കാൻ എത്ര സമയമുണ്ട്?

**ഉത്തരം:** പരിശോധനയിൽ ഏതെങ്കിലും ഒരു നികുതി അധികാരി എന്തെങ്കിലും ചോദ്യം ഉന്നയിക്കുകയോ തെറ്റു കണ്ടെത്തുകയോ ചെയ്താൽ അത് മറ്റേ നികുതി അധികാരിയെയും അപേക്ഷകനെയും GST കോമൺ പോർട്ടൽ വഴി മൂന്നു പൊതുവായ പ്രവൃത്തിദിവസങ്ങൾക്കുള്ളിൽ അറിയിക്കണം. അപേക്ഷകൻ ഏഴ് ദിവസങ്ങൾക്കുള്ളിൽ തെറ്റു തിരുത്തുകയോ ചോദ്യത്തിനു മറുപടി പറയുകയോ വേണം. കൂടുതലായ രേഖകളോ വിശദീകരണങ്ങളോ ലഭിക്കുന്ന ടാക്സ് അധികാരികൾ ഏഴു പ്രവൃത്തിദിനത്തിനുള്ളിൽ മറുപടി നൽകുന്നതാണ്.

**ചോദ്യം 41:** രജിസ്ട്രേഷൻ നിരസിക്കാനുള്ള നടപടി എന്താണ്?

**ഉത്തരം:** രജിസ്ട്രേഷൻ നിരസിക്കുകയാണെങ്കിൽ അപേക്ഷകനെ ഒരു സ്പീക്കിങ് ഓർഡർ മുഖേന കാരണങ്ങൾ അറിയിക്കണം. അധികാരിയുടെ തീരുമാനത്തിനെതിരേ അപ്പീൽ നല്കാൻ അപേക്ഷകന് അവകാശമുണ്ട്. CGST വകുപ്പ് 26(2) പ്രകാരം ഏതെങ്കിലും ഒരു അധികാരി (CGST/SGST ആക്ട്പ്രകാരം) അപേക്ഷ നിരസിച്ചാൽ മറ്റേ അധികാരിയും നിരസിച്ചതായി കണക്കാക്കും. (CGST/SGST/UTGST ആക്ട്പ്രകാരം).

**ചോദ്യം 42:** അപേക്ഷയുടെ തീർപ്പിനെ സംബന്ധിച്ച് എന്തെങ്കിലും ആശയ വിനിമയം ഉണ്ടായിരിക്കുന്നതാണോ?

**ഉത്തരം:** GST കോമൺപോർട്ടലിൽ നിന്നുമുള്ള ഒരു ഇ-മെയിൽ ആയോ SMS വഴിയോ രജിസ്ട്രേഷൻ നല്കിയതായോ നിരസിച്ചതായോ സംബന്ധിച്ച് അപേക്ഷകനെ അറിയിക്കണം. അപേക്ഷകൻ ഏത് ഓഫിസിൻറ്റെ പരിധിയിൽ വരുന്നു എന്നത് ഈ ഘട്ടത്തിൽ അറിയിക്കണം.

**ചോദ്യം 43:** രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് GSTN പോർട്ടലിൽ നിന്ന് ഡൗൺലോഡ് ചെയ്യാൻ സാധിക്കുമോ?

**ഉത്തരം:** രജിസ്ട്രേഷൻ അനുവദിച്ചിട്ടുണ്ടെങ്കിൽ GSTN പോർട്ടലിൽ നിന്ന് ഡൗൺലോഡ് ചെയ്യാൻ സാധിക്കും.

**ചോദ്യം** 44: **രജിസ്ട്രേഷൻ ഓർഡറിൻറ്റെ ക്യാൻസലേഷൻ പിൻവലിക്കാൻ സാധിക്കുമോ**?

**ഉത്തരം**: **സാധിക്കും**. പക്ഷേ ചില സന്ദർഭങ്ങളിൽ മാത്രം. ആദ്യത്തെ **ക്യാൻസലേഷൻ**, റദ്ദാക്കപ്പെട്ട വ്യക്തിയുടെയോ അല്ലെങ്കിൽ നിയമപരമായ അവകാശികളുടേയോ അഭ്യർത്ഥനയില്ലാതെ, ചുമതലപ്പെടുത്തിയ ഓഫീസർ സ്വമേധയാ റദ്ദാക്കിയതാണെങ്കിൽ **ക്യാൻസലേഷൻ പിൻവലിക്കാൻ സാധിക്കുന്നതാണ്**. ഇത്തരം സന്ദർഭങ്ങളിൽ **ക്യാൻസലേഷൻ**, റദ്ദാക്കപ്പെട്ട വ്യക്തിക്ക് ക്യാൻസലേഷൻ ഓർഡർ ലഭിച്ചു മുപ്പത് ദിവസത്തിനകം

സ്വമേധയാ ചുമതലപ്പെട്ട ഉദ്യോഗസ്ഥനെ സമീപിച്ചു ക്യാൻസലേഷൻ പിൻവലിക്കാൻ അപേക്ഷിക്കാവുന്നതാണ്. ആ ഉദ്യോഗസ്ഥന് ക്യാൻസലേഷൻ പിൻവലിക്കാനുള്ള അപേക്ഷ/വിശദീകരണം ലഭിച്ചു മുപ്പത് ദിവസത്തിനുള്ളിൽ ക്യാൻസലേഷൻ പിൻവലിക്കാനോ അപേക്ഷ നിരസിക്കാനോ ഉള്ള അധികാരം ഉണ്ടായിരിക്കുന്നതാണ്.

**ചോദ്യം** 45: **രജിസ്ട്രേഷൻ റദ്ദാക്കുന്നത് ആ രജിസ്ട്രേഷൻ റദ്ദാക്കപ്പെട്ട വ്യക്തിയിൽ എന്തെങ്കിലും നികുതിബാധ്യതകൾ ഏൽപ്പിക്കുമോ**?

**ഉത്തരം**: **അതെ**, CGST/SGST **ആക്ടിലെ സെക്ഷൻ** 29(5) **പ്രകാരം രജിസ്ട്രേഷൻ റദ്ദാക്കപ്പെട്ട വ്യക്തി**, **ഇലക്ട്രോണിക് ക്യാഷ് ക്രെഡിറ്റ് ലെഡ്ജർ വഴി ഒരു തുക അടയ്ക്കണം**, ക്യാൻസലേഷന് തൊട്ടു മുൻപുള്ള ദിവസം **സ്റ്റോക്ക് ചെയ്തിരിക്കുന്ന ഇൻപുട്ടുകൾക്കു ബാധകമായ ഇൻപുട്ട് ടാക്സ് ക്രെഡിറ്റിനോ**, **അല്ലെങ്കിൽ കാപിറ്റൽ ഗുഡ്സ്**, **പ്ലാന്റ്**, **മെഷിനറി എന്നീ രൂപത്തിൽ കൈവശം വെച്ചിരിക്കുന്ന സെമി-ഫിനിഷ്ഡ് അല്ലെങ്കിൽ ഫിനിഷ്ഡ് ചരക്കുകളിൽ അടങ്ങിയിരിക്കുന്ന ഇൻപുട്ടുകൾക്കു ബാധകമായ ഇൻപുട്ട് ടാക്സ് ക്രെഡിറ്റിനോ തത്തുല്യമായ തുക**, **ഈ ചരക്കുകൾക്കു ബാധകമായ ഔട്ട്പുട്ട് ടാക്സ്**, **എന്നിവയിൽ ഏതാണോ കൂടുതൽ**, **ആ തുകയാണ് മേല്പറഞ്ഞ രീതിയിൽ അടക്കേണ്ടത്**.

**ചോദ്യം** 46: **കാഷ്വൽ ടാക്സബിൾ വ്യക്തിയും** നോൺ**റെസിഡെൻറ്റ് ടാക്സബിൾ വ്യക്തിയും തമ്മിലുള്ള വ്യത്യാസം എന്താണ്**?

**ഉത്തരം**: **കാഷ്വൽ ടാക്സബിൾ വ്യക്തികളെക്കുറിച്ചും** നോൺ**റെസിഡെൻറ്റ് ടാക്സബിൾ വ്യക്തികളെക്കുറിച്ചും** CGST/SGST **നിയമത്തിൻറെ** 2(20), 2(77) **എന്നീ വകുപ്പുകളിൽ യഥാക്രമം പ്രത്യേകം നിർവചിക്കപ്പെട്ടിട്ടുണ്ട്. ചില വ്യത്യാസങ്ങൾ താഴെ പറഞ്ഞിരിക്കുന്നവയാണ്**:

| **കാഷ്വൽ ടാക്സബിൾ വ്യക്തി** | നോൺ**റെസിഡെൻറ്റ് ടാക്സബിൾ വ്യക്തി** |
|---|---|
| **ബിസിനസിന് സ്ഥിരമായ സ്ഥലം** .ഇല്ലാത്ത **സംസ്ഥാനങ്ങളിലും യൂണിയൻ ടെറിട്ടറികളിലും ചരക്ക്/ സേവനങ്ങളുടെ സപ്ലൈയുമായി ബന്ധപ്പെട്ട ഇടപാടുകൾ വല്ലപ്പോഴും നടത്താറുണ്ട്** | **ചരക്ക്/സേവനങ്ങളുടെ സപ്ലൈയുമായി ബന്ധപ്പെട്ട ഇടപാടുകൾ വല്ലപ്പോഴും നടത്താറുണ്ട്. എന്നാൽ ബിസിനസ് റെസിഡൻറിന്റെ സ്ഥിരസ്ഥലം. ഇന്ത്യയിൽ ഇല്ല.** |
| **സ്വന്തമായി പാൻ-നമ്പർ ഉണ്ട്** | **സ്വന്തമായി പാൻ-നമ്പർ ഇല്ല. അഥവാ ഒരു** നോൺ**റെസിഡെൻറ്റ് വ്യക്തിക്ക് സ്വന്തമായി പാൻ-നമ്പർ ഉണ്ടെങ്കിൽ ഒരു കാഷ്വൽ ടാക്സബിൾ വ്യക്തിയെപ്പോലെ റെജിസ്ട്രേഷൻ എടുക്കാവുന്നതാണ്** |

| | |
|---|---|
| സാധാരണ ടാക്സബിൾ വ്യക്തികൾക്ക് ബാധകമായ അതേ റെജിസ്ട്രേഷൻ അപേക്ഷഫോം (GST REG-01) | സാധാരണ ടാക്സബിൾ വ്യക്തികൾക്ക് ബാധകമായ അപേക്ഷ ഫോമിൽ നിന്ന് വ്യത്യസ്തമായ അപേക്ഷഫോം. (GST REG-09) |
| നടത്തുന്ന ഇടപാടുകൾ ബിസിനസ് മെച്ചപ്പെടുത്തലിനു വേണ്ടിയുള്ളതായിരിക്കണം. | നിർവചനത്തിൽ ബിസിനസ് ടെസ്റ്റിനെക്കുറിച്ചു ഒന്നുംപറയുന്നില്ല |
| സാധാരണ ഫയൽ ചെയ്യുന്ന GSTR-1, GSTR-2, GSTR-3 എന്നീ റിട്ടേണുകൾ ഫയൽ ചെയ്താൽ മതി. | GSTR-5 എന്ന ഫോർമാറ്റിൽ ലളിതമായ മറ്റൊരു റിട്ടേൺ ഫയൽ ചെയ്യണം. |
| എല്ലാ ഇൻവെർഡ് സപ്ലൈകൾക്കും ഐ.ടി.സി അവകാശപ്പെടാവുന്നതാണ് | ചരക്ക്/സേവനങ്ങളുടെ ഇറക്കുമതിക്ക് മാത്രമേ ഐ.ടി.സി ലഭിക്കുകയുള്ളൂ. |

# 4. സപ്ലൈ - അർത്ഥവും വ്യാപ്തിയും

**ചോദ്യം 1:** ചരക്കു സേവന നികുതിക്കു കീഴിൽ നികുതി വിധേയ പ്രവർത്തനം എന്താണ്?

**ഉത്തരം:** ചരക്കുസേവനനികുതിക്കു കീഴിൽ ബിസിനസ്സ് അഭിവൃദ്ധിക്കു വേണ്ടി പ്രതിഫലം വാങ്ങി ചരക്കുകളുടെയോ സേവനങ്ങളുടെയോ സപ്ലൈ നടത്തുന്നതായിരിക്കും നികുതി വിധേയ പ്രവർത്തനം. നിലവിലുള്ള പരോക്ഷ നികുതി നിയമങ്ങൾക്കു കീഴിലുള്ള നിർമ്മാണം, വില്പന, സേവനങ്ങൾ എന്നിവ സപ്ലൈ എന്ന ഈ നികുതി വിധേയ പ്രവർത്തനത്തിൽ ലയിക്കപ്പെടും.

**ചോദ്യം 2:** 'സപ്ലൈ' എന്നാൽഎന്താണ് അർത്ഥമാക്കുന്നത്?

**ഉത്തരം:** 'സപ്ലൈ' എന്ന പദം വളരെ വ്യാപ്തി ഉള്ളതാണ്. എല്ലാ വിധത്തിലുമുള്ള ബിസിനസ്സ് അഭിവൃദ്ധിയ്ക്കു വേണ്ടി പ്രതിഫലം വാങ്ങി നൽകുന്ന ചരക്കുകളുടെ വില്പന കൂടാതെ/അല്ലെങ്കിൽ സേവനങ്ങളുടെ കൂടാതെ, കച്ചവടം, കൈമാറ്റങ്ങൾ, ബാർട്ടർ, ലൈസൻസ്, എക്സ്ചേഞ്ജ്, വാടക, പാട്ടം, നീക്കംചെയ്യൽ എന്നിവയൊ അല്ലെങ്കിൽ ഇവ ചെയ്യാമെന്ന് സമ്മതിക്കുകയോ ചെയ്താൽ ഇവ സപ്ലൈയിൽ ഉൾപ്പെടും. ഇതിൽ ഇറക്കുമതി ചെയ്യുന്ന സേവനങ്ങളും ഉൾപ്പെടുന്നു. ഇതുകൂടാതെ, MGL പ്രകാരം പ്രതിഫലമില്ലാതെ നൽകുന്ന ചില ഇടപാടുകളും സപ്ലൈയുടെ പരിഗണനയിൽവരും.

**ചോദ്യം 3:** നികുതി വിധേയ സപ്ലൈ എന്നാൽ എന്ത്?

**ഉത്തരം:** 'നികുതിവിധേയ സപ്ലൈ' എന്നാൽ ചരക്കുസേവനനികുതി നിയമ പ്രകാരം നികുതിചുമത്തപ്പെടേണ്ട ചരക്കുകളോ സേവനങ്ങളോ, അല്ലെങ്കിൽ ഇവ രണ്ടും, ആണ്.

**ചോദ്യം 4:** മാതൃകാ നിയമത്തിനു കീഴിൽ സപ്ലൈ ആകുവാനുള്ള അത്യാവശ്യഘടകങ്ങൾ എന്തൊക്കെയാണ്?

**ഉത്തരം:** ഒരു സപ്ലൈ ആയി കരുതുന്നതിനു താഴെപ്പറയുന്ന ഘടകങ്ങൾ ആവശ്യമാണ്, അതായത്–

(i) ചരക്ക് അല്ലെങ്കിൽ സേവനങ്ങളുടെ സപ്ലൈയോ അല്ലെങ്കിൽ ഇവ രണ്ടും കൂടെയോ ആയിരിക്കണം

(ii) മറിച്ചു നിയമത്തിൽ സ്പഷ്ടമായി പറയാത്തിടത്തോളം സപ്ലൈ പ്രതിഫലത്തിന് ആകണം

(iii) ബിസിനസ്സ് അഭിവൃദ്ധിക്കു വേണ്ടി നൽകുന്ന നൽകുന്ന സപ്ലൈ ആയിരിക്കണം

(iv) നികുതി ചുമത്താവുന്ന പ്രദേശത്ത് നൽകുന്ന സപ്ലൈ ആയിരിക്കണം

(v) സപ്ലൈ,നികുതി വിധേയമായ സപ്ലൈ ആയിരിക്കണം

(vi) നികുതിവിധേയ വ്യക്തി നൽകുന്ന സപ്ലൈ ആയിരിക്കണം

**ചോദ്യം 5:** മുകളിൽ പ്രസ്താവിച്ച ഏതെങ്കിലും ഒന്നോ അതിലധികമോ മാനദണ്ഡങ്ങൾ പാലിക്കാത്ത ഒരു ഇടപാട് ഉണ്ടെങ്കിൽ അത് ചരക്കുസേവന നിയമത്തിൻറ്റെ കീഴിൽ സപ്ലൈ ആയി കണക്കാക്കുമോ?

**ഉത്തരം:** കണക്കാക്കാം. ചില സാഹചര്യങ്ങളിൽ,അതായത് ബിസിനസ് അഭിവൃദ്ധിക്ക് വേണ്ടിയോ അല്ലാതെയോ ഒരു പ്രതിഫലം നൽകിയുള്ള സേവനങ്ങളുടെ ഇറക്കുമതി (വകുപ്പ് 7(1)(b)), അല്ലെങ്കിൽ പ്രതിഫലേച്ഛ കൂടാതെയുള്ള സപ്ലൈ (സി.ജി.എസ്.ടി./എസ്.ജി.എസ്.ടി. ആക്റ്റ്, ഷെഡ്യൂൾ-I-ൽ വിവരിച്ചിട്ടുള്ളവ) എന്നീ ചില സാഹചര്യങ്ങളിൽ, ചോദ്യം-4-ൽ വിവരിച്ചിട്ടുള്ള ഒന്നോ അതിലധികമോ ഘടകങ്ങൾ തൃപ്തിയായി പാലിച്ചിട്ടില്ലെങ്കിൽ കൂടി അവയെ ചരക്കുസേവനനിയമത്തിൻറ്റെ കീഴിൽ സപ്ലൈ ആയി തന്നെ കണക്കാക്കും

**ചോദ്യം 6:** ചരക്കിൻറ്റെ ഇറക്കുമതി സെക്ഷൻ 7-ൽ സ്പഷ്ടമായി ഒഴിവാക്കിയിരിക്കുകയാണ്. എന്തുകൊണ്ട്?

**ഉത്തരം:** എന്തുകൊണ്ടെന്നാൽ ചരക്കുകളുടെ ഇറക്കുമതി കസ്റ്റംസ്ആക്റ്റ്, 1962 പ്രകാരം പ്രത്യേകം കൈകാര്യം ചെയ്യുന്നുണ്ട്. അതിൽ ബേസിക് കസ്റ്റംസ് നികുതിക്ക് പുറമെ IGST 'അഡിഷണൽ കസ്റ്റംസ്ഡ്യൂട്ടിയായി' ചുമത്തപ്പെടും.

**ചോദ്യം 7:** സെൽഫ്-സപ്ലൈ (self supply) ചരക്കു സേവന നിയമത്തിൻറ്റെ കീഴിൽ നികുതി വിധേയമാണൊ?

**ഉത്തരം:** പ്രതിഫലം കൂടാതെയുള്ളതാണെങ്കിലും സ്റ്റോക്ക് കൈമാറ്റങ്ങളോ ബ്രാഞ്ച്കൈമാറ്റങ്ങളോ അയച്ച ചരക്കിൻറ്റെ വില്പനയോ പോലുള്ള അന്തർസംസ്ഥാന സെൽഫ്-സപ്ലൈ നികുതി വിധേയം ആയിരിക്കും. സപ്ലൈ നടത്തുന്ന എല്ലാവരും ചരക്കിൻറ്റെയോ സേവനങ്ങളുടെയോ ഇവ രണ്ടിന്റെയും കൂടിയുള്ളതോ ആയ നികുതി വിധേയ സപ്ലൈ നടത്തുന്ന സംസ്ഥാനത്തോ യൂണിയൻ ടെറിറ്റോറിയിലോ മോഡൽ ജി.എസ്.ടി. നിയമത്തിൻറ്റെ സെക്ഷൻ 22 പ്രകാരം രജിസ്റ്റർ ചെയ്യേണ്ടതായിട്ടുണ്ട്. എന്നിരുന്നാലും ഒരു ബിസിനസ് വെർട്ടിക്കലായി രജിസ്റ്റർ ചെയ്യാൻ തെരഞ്ഞെടുക്കാത്തിടത്തോളം സംസ്ഥാനത്തിനകത്തുള്ള സ്വയം സപ്ലൈ നികുതി പരിധിയിൽ വരുന്നില്ല.

**ചോദ്യം 8:** ഒരു ഇടപാട് ചരക്കുകളുടെ സപ്ലൈ ആയി കണക്കാക്കപ്പെടുവാൻ അതിൻറ്റെ ടൈറ്റിലൊ (Title) കൈവശാവകാശമൊ (Possession) അല്ലെങ്കിൽ ഇവ രണ്ടുമോ കൈമാറ്റം ചെയ്യേണ്ടതായിട്ടുണ്ടോ?

**ഉത്തരം:** ഒരു ഇടപാട് സപ്ലൈയായ് കണക്കാക്കുവാൻ അതിൻറ്റെ ടൈറ്റിലും കൈവശാവകാശവും കൈമാറ്റം ചെയ്യേണ്ടതാണ്. ടൈറ്റിൽ കൈമാറ്റം ചെയ്യപ്പെടാത്ത ഇടപാടുകൾ ഷെഡ്യൂൾ II(1)(b) പ്രകാരം ഒരു സേവന സപ്ലൈയായി കണക്കാക്കുന്നതാണ് ചില സന്ദർഭങ്ങളിൽ കൈവശാവകാശം ഉടനെ കൈമാറ്റം ചെയ്താലും ടൈറ്റിൽ ഭാവിയിൽ മാത്രം ആയിരിക്കും കൈമാറ്റം

ചെയ്യുന്നത്. ഉദാഹരണത്തിന് കരാറിൻറെ അടിസ്ഥാനത്തിൽ ഉള്ള വില്പന, അല്ലെങ്കിൽ ഹയർ പർച്ചേസ് ക്രമീകരണം. ഇത്തരം ഇടപാടുകളുംചരക്കു സപ്ലൈ ആയി കണക്കാക്കപ്പെടും.

**ചോദ്യം 9:** ബിസിനെസ്സ് ചെയ്യുമ്പോൾ അല്ലെങ്കിൽ 'ബിസിനസ്സിൻറെ അഭിവൃദ്ധിക്കുവേണ്ടി പ്രവർത്തിക്കുമ്പോൾ ഉള്ള സപ്ലൈ' എന്നതു വഴി എന്താണ് അർത്ഥമാക്കുന്നത്?

**ഉത്തരം:** ബിസിനസ്സ് എന്നത് സെക്ഷൻ 2(17)-ൽ നിർവചിച്ചിട്ടുണ്ട്. ഇതിൽ പണസംബന്ധമായ പ്രയോജനത്തിനു വേണ്ടിയോ അല്ലാതെയോ നടത്തുന്ന വ്യാപാരം, വാണിജ്യം, നിർമാണം, തൊഴിൽ മുതലായവ ഉൾപ്പെടുന്നു. മേല്പറഞ്ഞ പ്രവർത്തികളുടെ സാന്ദർഭികമായതോ അനുബന്ധമായതോ ആയ പ്രവർത്തികളും ബിസിനെസ്സിൽ ഉൾപെടും. കൂടാതെ ഒരു പൊതു അധികാര കേന്ദ്രത്തിന്റെ രൂപത്തിൽ കേന്ദ്ര ഗവണ്മെന്റോ സംസ്ഥാന ഗവണ്മെന്റോ ഒരു പ്രാദേശിക അധികാര സ്ഥാപനമോ ഏറ്റെടുക്കുന്ന പ്രവർത്തികളും ബിസിനസ്സ് ആയി പരിഗണിക്കപ്പെടും. മേൽ പറഞ്ഞതിൽ നിന്നും ശ്രദ്ധേയമായ കാര്യം എന്തെന്നാൽ ഏറ്റെടുക്കുന്ന ഏതു പ്രവർത്തിയും ബിസിനസ്സിന്റെ അഭിവൃദ്ധിക്കും പ്രോത്സാഹനത്തിനുമുള്ള പ്രവർത്തികളായി നിർവചിക്കപ്പെട്ടവയാണെങ്കിൽ അവ ജി.എസ്.ടി. നിയമപ്രകാരം സപ്ലൈ ആയി പരിഗണിക്കപ്പെടും.

**ചോദ്യം 10:** ഒരു വ്യക്തി സ്വകാര്യ ഉപയോഗത്തിനായി ഒരു കാർ വാങ്ങിയിട്ട് ഒരു വർഷത്തിനുശേഷം ആ കാർ ഒരു കാർ വ്യാപാരിക്കു വിൽക്കുന്നു. ഈ ഇടപാട് സി.ജി.എസ്.ടി/എസ്.ജി.എസ്.ടി. ആക്ട് പ്രകാരം സപ്ലൈ ആയിരിക്കുമോ? കാരണങ്ങൾ വ്യക്തമാക്കുക.

**ഉത്തരം:** അല്ല. എന്തെന്നാൽ ഈ സപ്ലൈ നടത്തിയത് ആ വ്യക്തി ബിസിനെസ്സ് ചെയ്യുമ്പോഴൊ അല്ലെങ്കിൽ ബിസിനസ്സ് അഭിവൃദ്ധിക്കു ശ്രമിക്കുമ്പോഴൊ അല്ല. കൂടാതെ, ആ കാർ വാങ്ങിയതു ബിസിനസ് ഇതര ഉപയോഗത്തിന് ആയിരുന്നതിനാൽ ആ സമയത്തു് അതിൻറെ ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് ലഭ്യമായിരുന്നില്ല.

**ചോദ്യം11:** ഒരുഎയർ-കണ്ടീഷണർ ഡീലർ തൻറെ കയ്യിലുള്ള വ്യാപാരത്തിനുള്ള സ്റ്റോക്കിൽ നിന്ന് ഒരു എയർകണ്ടിഷണർ വ്യക്തിഗത ഉപയോഗത്തിനായി തൻറെ വസതിയിലേക്കു സ്ഥിരമായി മാറ്റുന്നു. ഈ ഇടപാട് ഒരു സപ്ലൈ ആകുമോ?

**ഉത്തരം:** അതെ. ഷെഡ്യൂൾ-I(1) പ്രകാരം സ്വകാര്യ അല്ലെങ്കിൽ നോൺ-ബിസിനസ്സ് ആവശ്യങ്ങൾക്ക് ബിസിനസ്സ് ആസ്തികൾ സ്ഥിരമായി നൽകിയാൽ പ്രതിഫലമില്ലാതെയാണെങ്കിലും സപ്ലൈ ആയി തന്നെ കണക്കാക്കപ്പെടും.

**ചോദ്യം12:** ഒരു ക്ലബ് അല്ലെങ്കിൽ അസോസിയേഷൻ അതിൻറെ അംഗങ്ങൾക്ക് നൽകുന്ന സേവനം അല്ലെങ്കിൽ സാധനങ്ങൾ ഒരു സപ്ലൈ ആയി കണക്കാക്കുമോ?

**ഉത്തരം:** കണക്കാക്കും. ഒരുക്ലബ്, അസോസിയേഷൻ, സൊസൈറ്റി മുതലായവ അംഗങ്ങൾക്ക് നൽകുന്ന സൗകര്യങ്ങൾ സപ്ലൈ ആയി കണക്കാക്കപ്പെടും. ഇത് സി.ജി.എസ്.ടി./എസ്.ജി.എസ്.ടി. ആക്ടിന്റെ സെക്ഷൻ 2(17)-ൽ "ബിസിനസ്"-ന്റെ നിർവചനത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

**ചോദ്യം 13:** ജി.എസ്.ടി. നിയമപ്രകാരമുള്ള വിവിധതരം സപ്ലൈകൾ ഏതെല്ലാം?

**ഉത്തരം**:
(i) നികുതി വിധേയമായതും നികുതി ഒഴിവാക്കിയതും ആയ സപ്ലൈകൾ

(ii) സംസ്ഥാനത്തിനകത്തും അന്തർസംസ്ഥാനമായും നടത്തുന്ന സപ്ലൈകൾ

(iii) സംയുക്തവും മിശ്രിതവും ആയ സപ്ലൈകൾ

(iv) ശൂന്യ നിരക്കുള്ള സപ്ലൈകൾ.

**ചോദ്യം 14:** അന്തർ സംസ്ഥാന സപ്ലൈയും സംസ്ഥാനത്തിനകത്തെ സപ്ലൈയും എന്താണ്?

**ഉത്തരം:** ഐ.ജി.എസ്.ടി. ആക്റ്റിന്റെ സെക്ഷൻ 7(1), 7(2) ലും സെക്ഷൻ 8(1), 8(2)-ലും അന്തർ സംസ്ഥാന സപ്ലൈയും സംസ്ഥാനത്തിനകത്തെ സപ്ലൈയും പ്രത്യേകമായി നിർവചിച്ചിട്ടുണ്ട്. വ്യക്തമായി പറഞ്ഞാൽ സപ്ലൈ ചെയ്യുന്ന ആളിന്റെ സ്ഥലവും സപ്ലൈ ചെയ്യുന്ന സ്ഥലവും ഒരു സംസ്ഥാനത്തിൽ തന്നെ ആണെങ്കിൽ അത് സംസ്ഥാനത്തിനകത്തെ സപ്ലൈയും ഇവ രണ്ടും വ്യത്യസ്ത സംസ്ഥാനങ്ങളിലാണെങ്കിൽ അത് അന്തർ സംസ്ഥാന സപ്ലൈയും ആകുന്നു.

**ചോദ്യം 15:** സാധനങ്ങളുടെ ഉപയോഗാവകാശം കൈമാറ്റം ചെയ്യുന്ന സ)ധനങ്ങളുടെ സപ്ലൈയായാണോ സേവനങ്ങളുടെ സപ്ലൈയായാണോ കണക്കാക്കുക? എന്തുകൊണ്ട്?

**ഉത്തരം:** സാധനങ്ങളുടെ ഉപയോഗാവകാശം കൈമാറ്റം ചെയ്യൽ സേവനങ്ങളുടെ സപ്ലൈയായി കണക്കാക്കപ്പെടും. എന്തെന്നാൽ, ഈ സപ്ലൈയിൽ അതിന്റെ ഉടമസ്ഥാവകാശം കൈമാറ്റം ചെയ്യപ്പെടുന്നില്ല. ഇങ്ങനെയുള്ള ഇടപാടുകൾ സി.ജി.എസ്.ടി./എസ്.ജി.എസ്.ടി. ആക്ടിന്റെ ഷെഡ്യൂൾ II-ൽ പ്രത്യേകമായി സേവനങ്ങളുടെ സപ്ലൈയായി കാണിച്ചിട്ടുണ്ട്.

**ചോദ്യം 16:** വർക്സ്കോൺട്രാക്ട്, കേറ്ററിംഗ് എന്നീ സേവനങ്ങൾ ചരക്കുകളുടെ സപ്ലൈയായാണോ സേവനങ്ങളുടെ സപ്ലൈയായാണോ കണക്കാക്കുക? എന്തുകൊണ്ട്?

**ഉത്തരം:** മോഡൽ നിയമത്തിന്റെ ഷെഡ്യൂൾ II സീരിയൽ നമ്പർ 6(a)-യിലും 6(b)-യിലും പറഞ്ഞിരിക്കുന്ന പ്രകാരം, വർക്സ്കോൺട്രാക്ട്, കാറ്ററിംഗ് എന്നീ സേവനങ്ങൾ സേവനങ്ങളുടെ സപ്ലൈ ആയി കണക്കാക്കപ്പെടും.

**ചോദ്യം 17:** സോഫ്റ്റ്‌വെയർന്റെ സപ്ലൈ ചരക്കിന്റെ സപ്ലൈയായാണോ സേവനങ്ങളുടെ സപ്ലൈയായാണോ ജി.എസ്.ടി. നിയമത്തിൽ കണക്കാക്കുന്നത്?

**ഉത്തരം:** വിവര സാങ്കേതിക വിദ്യ സോഫ്റ്റ്‌വെയർന്റെ വികസിപ്പിക്കൽ, രൂപകൽപന, പ്രോഗ്രാമിങ്, കസ്റ്റമൈസേഷൻ, നവീകരണം, നിലവാരം ഉയർത്തൽ മുതലായവ ജി.എസ്.ടി. നിയമത്തിന്റെ ഷെഡ്യൂൾ II സീരിയൽ നമ്പർ 5(2)(d) പ്രകാരം സേവനങ്ങളുടെ സപ്ലൈ ആയി കണക്കാക്കും.

**ചോദ്യം 18:** ഹയർപർച്ചേസ് പ്രകാരം ചെയ്യുന്ന സപ്ലൈ, ചരക്കുകളുടെ സപ്ലൈയായാണോ സേവനങ്ങളുടെ സപ്ലൈയായാണോ കണക്കാക്കുക? എന്തുകൊണ്ട്?

**ഉത്തരം:** ഹയർപർച്ചേസ് പ്രകാരം ചെയ്യുന്ന സപ്ലൈ ചരക്കുകളുടെ സപ്ലൈയായാണ് കണക്കാക്കുക. എന്തെന്നാൽ ഒരു ഭാവി ദിവസത്തിലാണെങ്കിലും ഹയർപർച്ചേസിൽ ഉടമസ്ഥാവകാശം കൈമാറ്റം ചെയ്യപ്പെടുന്നുണ്ട്.

**ചോദ്യം 19:** സി.ജി.എസ്.ടി./എസ്.ജി.എസ്.ടി./യു.ടി.ജി.എസ്.ടി. ആക്ട് പ്രകാരം കോംപോസിറ്റ് സപ്ലൈ എന്നാൽ എന്ത്?

**ഉത്തരം:** ഒരു നികുതിദായകൻ സ്വീകർത്താവിനു കൊടുക്കുന്ന സപ്ലൈ, രണ്ടോ അതിലധികമോ ചരക്കിന്റെ സപ്ലൈകളോ സേവനങ്ങളുടെ സപ്ലൈകളോ രണ്ടിന്റെയും കൂടിയ ഏതെങ്കിലും തരത്തിലുള്ള സമ്മിശ്ര സപ്ലൈകളോ സാധാരണ ബിസിനസ്സിന്റെ ഘട്ടത്തിൽ സംയോജിപ്പിച്ചു സപ്ലൈ ചെയ്യുകയും അവയിൽ ഒന്ന് പ്രധാന സപ്ലൈയും ആണെങ്കിൽ അത് കോംപോസിറ്റ് സപ്ലൈ ആകുന്നു. ഉദാഹരണത്തിന് ചരക്ക് പാക്ക് ചെയ്ത് ഇൻഷുറൻസ്ഓടെ കടത്തുകയാണെങ്കിൽ അത് ചരക്കും പാക്കിങ് സാമഗ്രികളും ചരക്കു കടത്തലും ഇൻഷുറൻസും കൂടിയ ഒരു കോംപോസിറ്റ് സപ്ലൈയും അതിൽ ചരക്കിന്റെ സപ്ലൈ പ്രധാന സപ്ലൈയും ആകുന്നു

**ചോദ്യം 20:** ജി.എസ്.ടി. നിയമത്തിൽ കോംപോസിറ്റ് സപ്ലൈയുടെ നികുതി ബാധ്യത എങ്ങിനെ കണക്കാക്കാം?

**ഉത്തരം:** രണ്ടോ അതിലധികമോ സപ്ലൈകൾ ഉൾപ്പെട്ട ഒരു കോംപോസിറ്റ് സപ്ലൈയിൽ ഒരു പ്രധാന സപ്ലൈ ഉണ്ടായിരിക്കും. ആ പ്രധാന സപ്ലൈയെ കോംപോസിറ്റ് സപ്ലൈയുടെ സപ്ലൈ ആയി കണക്കാക്കും.

**ചോദ്യം 21**: മിക്സഡ് സപ്ലൈ എന്നാൽ എന്ത്?

**ഉത്തരം**: മിക്സഡ് സപ്ലൈ എന്നാൽ ഒരു നികുതിദായകൻ ഒറ്റ വിലയ്ക്ക് രണ്ടോ അതിലധികമോ ചരക്കുകളുടെ സപ്ലൈകളോ സേവനങ്ങളുടെ സപ്ലൈകളോ പ്രത്യേകമായോ അവയുടെ സംയുക്തമായോ തമ്മിൽ യോജിപ്പിച്ച തരത്തിൽ കോംപോസിറ്റ് സപ്ലൈ അല്ലാത്ത രീതിയിൽ നൽകുന്ന സപ്ലൈകളാണ്.

ഉദാഹരണത്തിന്, ഒരു പാക്കറ്റിൽ ടിന്നിലടച്ച ഫുഡ്-കൾ, സ്വീറ്റ്സ്, ചോക്ലേറ്റ്സ്, കേക്കുകൾ, ഡ്രൈ ഫ്രൂട്ട്, ഏറേറ്റഡ് ഡ്രിങ്ക്സ്, ഫ്രൂട്ട് ജ്യൂസ് എന്നിവ ഒരു വിലക്ക് നൽകുമ്പോൾ അത് ഒരു മിക്സഡ് സപ്ലൈ ആയി. ഇവയിലൊരോ

സാധനവും തനിയെ സപ്ലൈ ചെയ്യാനാവുന്നതും അത് മറ്റു സാധനങ്ങളുമായി ബന്ധിച്ചിട്ടില്ലാത്തതുമാണ്. ഈ സാധനങ്ങൾ തനിയെ തനിയെ അയച്ചാൽ അത് മിക്സഡ് സപ്ലൈ ആവുകയില്ല.

**ചോദ്യം 22:** ഒരു മിക്സഡ് സപ്ലൈയുടെ നികുതി ബാധ്യത ജി.എസ്.ടി. യിൽ എങ്ങിനെ കണക്കാക്കും?

**ഉത്തരം:** രണ്ടോ അതിലധികമോ സപ്ലൈകൾ ഉൾപ്പെട്ട മിക്സഡ് സപ്ലൈ യിലെ ഏറ്റവും ഉയർന്ന നികുതി നിരക്കുള്ള സപ്ലൈയെ അതിന്റെ സപ്ലൈ ആയി കണക്കാക്കും.

**ചോദ്യം 23:** ചരക്കുകളുടെ സപ്ലൈയോ സേവനങ്ങളുടെ സപ്ലൈയോ ആയി കണക്കാത്ത ഏതെങ്കിലും പ്രവർത്തികളുണ്ടോ?

**ഉത്തരം:** ഉണ്ട്. ജി.എസ്.ടി. നിയമത്തിന്റെ ഷെഡ്യൂൾ-III യിൽ പറഞ്ഞിരി ക്കുന്ന (i) ഒരു തൊഴിലാളി തൊഴിൽദാതാവിന് അവന്റെ ജോലിയുടെ ഭാഗ മായി നൽകുന്ന സേവനങ്ങൾ; (ii) ഏതെങ്കിലും നിയമം അനുസരിച്ചു സ്ഥാ പിച്ചിട്ടുള്ള കോടതിയോ ട്രിബ്യൂണലോ ചെയ്യുന്ന സേവനങ്ങൾ; (iii) പാർല മെൻറ്റ് അംഗങ്ങളും നിയമസഭാ അംഗങ്ങളും പ്രാദേശിക സഭാംഗങ്ങളും ചെയ്യുന്ന പ്രവർത്തനങ്ങൾ; (iv) ശവ സംസ്കാര ചടങ്ങുകളും മോർച്ചറിയുമായി ബന്ധപ്പെട്ട സേവനങ്ങൾ; (v) വസ്തുവില്പന; (vi) ലോട്ടറിയും, ചൂതാട്ടവും, വാതു വയ്പും ഒഴിച്ചുള്ള വ്യവഹാരപ്പെടാവുന്ന അവകാശങ്ങൾ എന്നിവ ചര ക്കിന്റെ സപ്ലൈ ആയോ സേവനങ്ങളുടെ സപ്ലൈ ആയോ കണക്കാക്കു ന്നില്ല.

**ചോദ്യം 24:** ജി.എസ്.ടി.യിൽ ശൂന്യ നിരക്കുള്ള സപ്ലൈ എന്നാൽ എന്ത്?

**ഉത്തരം:** ചരക്കിന്റെയോ സേവനങ്ങളുടയോ ഇവ രണ്ടും കൂടിയതോ ആയ കയറ്റുമതിയോ SEZ ഡെവലപ്പർക്കോ SEZ യൂണിറ്റിലേക്കോ അയക്കുന്ന ചരക്കിന്റെ സപ്ലൈയോ സേവനങ്ങളുടെ സപ്ലൈയോ ഇവ രണ്ടും കൂടിയ സപ്ലൈയോ ശൂന്യ നിരക്കുള്ള സപ്ലൈകളാണ്.

**ചോദ്യം 25:** പ്രതിഫലം ഇല്ലാത്ത സേവന ഇറക്കുമതികൾ ജി.എസ്.ടി.യിൽ നികുതി വിധേയമാണോ?

**ഉത്തരം:** സാമാന്യ തത്വം അനുസരിച്ച് പ്രതിഫലമില്ലാത്ത സേവന ഇറക്കു മതികൾ സപ്ലൈആയി ജി.എസ്.ടി. നിയമത്തിന്റെ സെക്ഷൻ 3 പ്രകാരം പരി ഗണിക്കപ്പെടില്ല. എന്നാൽ ഒരു നികുതിദായകൻ അയാളുടെ വിദേശത്തുള്ള ഒരു ബന്ധുവിൽ നിന്നോ അയാളുടെ തന്നെ മറ്റു സ്ഥാപനങ്ങളിൽ നിന്നോ ബിസിനസ്സിന്റെ ഭാഗമായോ അഭിവൃദ്ധിക്കായോ സേവനങ്ങൾ ഇറക്കുമതി ചെയ്താൽ അത് ഷെഡ്യൂൾ I-ന്റെ സീരിയൽ നമ്പർ 4 പ്രകാരം സപ്ലൈ ആയി കണക്കാക്കാം.

# 5 .സപ്ലൈ-സമയം

**ചോദ്യം 1:** എന്താണ് 'സപ്ലൈ-സമയം'**?**

**ഉത്തരം:** എപ്പോളാണ് ചരക്കുസേവന നികുതി ചുമത്താൻ ബാധ്യത വരുന്നത് എന്നത് കണക്കാക്കുന്നത് സപ്ലൈ-സമയം അനുസരിച്ചാണ്. കൂടാതെ, അത് എപ്പോളാണ് ഒരു സപ്ലൈ നടത്തിയത് എന്നും കാണിക്കുന്നു. **CGST/SGST** നിയമം ചരക്കുകൾക്കും സേവനങ്ങൾക്കും വെവ്വേറെ സപ്ലൈ-സമയം നൽകിയിരിക്കുന്നു.

**ചോദ്യം 2:** ചരക്കുകൾക്കും സേവനങ്ങൾക്കും ചരക്കുസേവന നികുതി ചുമത്താൻ ബാധ്യത ഉണ്ടാകുന്നതു എപ്പോഴാണ്?

**ഉത്തരം:** **CGST/SGST** നിയമത്തിലെ സെക്ഷൻ 12, 13 -ൽ സപ്ലൈ-സമയത്തെ പറ്റി പ്രസ്താവിക്കുന്നു. ഇനി പറയുന്നതിൽ ഏറ്റവും ആദ്യം സംഭവിക്കുന്നത് ആയിരിക്കും ചരക്കു സപ്ലൈയുടെ ചരക്കുകളുടെയും സേവനങ്ങളുടെയും കാര്യത്തിൽ സപ്ലൈ-സമയം:

(i) സപ്ലയർ ആ സപ്ലൈയുമായി ബന്ധപ്പെട്ട ഇൻവോയ്സ് പുറപ്പെടുവിച്ച ദിവസം; അല്ലെങ്കിൽ സെക്ഷൻ 31 പ്രകാരം സപ്ലൈയുമായി ബന്ധപ്പെട്ട് ഇൻവോയ്സ് ഇഷ്യൂ ചെയ്യേണ്ട അവസാന ദിവസം; അല്ലെങ്കിൽ

(ii) ഏതു ദിവസം ആണോ സപ്ലൈയുമായി ബന്ധപ്പെട്ട് സപ്ലയർക്കു പണം ലഭിച്ചത്; ആ ദിവസം

**ചോദ്യം 3:** ചരക്കുസേവനവുമായി ബന്ധപ്പെട്ട് വൗച്ചർ സപ്ലൈ ചെയ്യുമ്പോൾ എന്തായിരിക്കും സപ്ലൈസമയം?

**ഉത്തരം:** ചരക്കുസേവനവുമായി ബന്ധപ്പെട്ട് വൗച്ചർ സപ്ലൈ ചെയ്യുമ്പോൾ സപ്ലൈ സമയം താഴെപ്പറയുന്നതുപോലെ ആണ്:

a) വൗച്ചർ ഇഷ്യു ചെയ്യുന്ന തീയതി; ആ ഘട്ടത്തിൽ സപ്ലൈ നടക്കുകയാണെങ്കിൽ; അല്ലെങ്കിൽ

b) മറ്റ് എല്ലാ കേസുകളിലും വൗച്ചറിന്റെ വീണ്ടെടുക്കൽ തീയതി.

**ചോദ്യം 4: CGST/SGST** നിയമത്തിലെ സെക്ഷൻ 12, സബ്-സെക്ഷൻ 2, 3, 4 അല്ലെങ്കിൽ സെക്ഷൻ 13 പ്രകാരം സപ്ലൈ-സമയം, കണക്കാക്കാൻ സാധിക്കുന്നില്ലെങ്കിൽ പിന്നെ എങ്ങനെ കണക്കാക്കും?

**ഉത്തരം:** സെക്ഷൻ 12(5), 13(5) എന്നിവയിൽ ഒരു അവശിഷ്ട കുറിപ്പ് ചേർത്തിരിക്കുന്നു. അത് പ്രകാരം സമയാസമയം റിട്ടേണുകൾ സമർപ്പിക്കപ്പെടേണ്ടപ്പോൾ, ആ റിട്ടേൺ സമർപ്പിക്കപ്പെടേണ്ട ദിവസം ആയിരിക്കും സപ്ലൈ-സമയം. മറ്റുള്ള സന്ദർഭങ്ങളിൽ, ഏതു ദിവസമാണോ CGST/SGST/IGST അടച്ചത്, ആ ദിവസം.

**ചോദ്യം 5:** എന്താണ് 'പണം ലഭിച്ച ദിവസം' എന്നതുകൊണ്ടു അർത്ഥമാക്കുന്നത്?

**ഉത്തരം:** ഏതുദിവസമാണോ പണം നൽകിയതായി വിതരണക്കാരൻ്റെ കണക്കു പുസ്തകത്തിൽ രേഖപ്പെടുത്തിയത് അല്ലെങ്കിൽ ഏതു ദിവസമാണോ പണം വിതരണക്കാരൻ്റെ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കപ്പെട്ടത്, ഇതിൽ ആദ്യം വരുന്ന ദിവസം.

**ചോദ്യം 6:** ഭാഗികമായി പണം മുൻകൂർ ആയി നൽകുകയൊ ഇൻവോയ്സ് പുറപ്പെടുവിച്ചിരിക്കുന്നത് ഭാഗികമായി നൽകിയ പണത്തിനോ ആണെങ്കിൽ, സപ്ലൈ-സമയം മുഴുവൻ സപ്ലൈയെയും ഉൾപ്പെടുത്തി ആയിരിക്കുമോ?

**ഉത്തരം:** അല്ല. ഇങ്ങനെയുള്ളപ്പോൾ ഇൻവോയ്സിൽ കാണിച്ചിരിക്കുന്നതോ, ഭാഗീകമായി നൽകപ്പെട്ട പണത്തോടു ബന്ധപ്പെട്ടതോ ആയ സേവനത്തെ മാത്രമേ സപ്ലൈ ആയി കണക്കാക്കുകയുള്ളു.

**ചോദ്യം 7:** നികുതി റിവേഴ്സ് ചാർജിൽ അടയ്ക്കേണ്ട സാഹചര്യത്തിൽ എന്തായിരിക്കും ചരക്കു സപ്ലൈ-സമയം?

**ഉത്തരം:** സപ്ലൈ-സമയം താഴെപറയുന്നവയിൽ ഏറ്റവും ആദ്യം വരുന്ന തിയതി ആയിരിക്കും:

a) ചരക്കു ലഭിച്ച ദിവസം;

b) എന്നാണോ പണം നൽകിയത്, ആ ദിവസം;

c) സപ്ലയർ ഇൻവോയ്സ് ഇഷ്യു ചെയ്ത തീയതി മുതൽ 30 ദിവസങ്ങൾക്ക്ഉള്ളിൽ.

**ചോദ്യം 8:** നികുതി റിവേഴ്സ് ചാർജിൽ അടക്കേണ്ടപ്പോൾ എന്തായിരിക്കും സേവന സപ്ലൈ-സമയം?

**ഉത്തരം:** സേവന സപ്ലൈ-സമയം താഴെപറയുന്നവയിൽ ഏറ്റവും ആദ്യം വരുന്ന തിയതി ആയിരിക്കും:

a) എന്നാണോ പണം നൽകിയത്, ആ ദിവസം;

b) സപ്ലയർ ഇൻവോയ്സ് ഇഷ്യു ചെയ്ത തീയതി മുതൽ 60 ദിവസങ്ങൾക്ക് ഉള്ളിൽ.

**ചോദ്യം 9**: പലിശ, ലേറ്റ്ഫീസ്, പെനാൽറ്റി, വൈകിയ വേതനം എന്നിവയാൽ മൂല്യവർദ്ധനവ് ഉണ്ടായാൽ എന്തായിരിക്കും അനുവദനീയമായിട്ടുള്ള സപ്ലൈ-സമയം?

**ഉത്തരം:** പലിശ, ലേറ്റ്ഫീസ്, പെനാൽറ്റി, വൈകിയ വേതനം എന്നിവയാൽ മൂല്യവർദ്ധനവ് ഉണ്ടായാൽ ഏതു ദിവസമാണോ അവ ലഭ്യമായത് ആ ദിവസമായിരിക്കും സപ്ലൈ-സമയം.

**ചോദ്യം 10:** നികുതി നിരക്കിനു മാറ്റം വരുന്നതിനു മുൻപും അതിനുശേഷം സപ്ലൈ പൂർത്തിയാക്കിയാൽ സപ്ലൈ സമയത്തിന് എന്തെങ്കിലും മാറ്റം ഉണ്ടാകുമോ**?**

**ഉത്തരം**: അതെ. സെക്ഷൻ **14** സപ്ലൈ സമയത്തെപ്പറ്റിപ്രസ്താവിക്കുന്നു.

**ചോദ്യം11:** നികുതി നിരക്കിനു മാറ്റം വരുന്നതിനു മുൻപ് സപ്ലൈ പൂർത്തി യാക്കിയാൽ എന്തായിരിക്കും സപ്ലൈ സമയം?

**ഉത്തരം:** ഇങ്ങനെയുള്ള സന്ദർഭങ്ങളിൽ സപ്ലൈ സമയം താഴെ പറയു ന്നതു പോലെ ആയിരിക്കും:

i) ഇൻവോയ്സ് ഇഷ്യൂ ചെയ്തതും പണം സ്വീകരിച്ചതും നികുതി നിരക്കിനു മാറ്റം വന്നതിനുശേഷം ആണെങ്കിൽ സപ്ലൈ സമയം പണം സ്വീകരിച്ച ദിവസമോ അതോ ഇൻവോയ്സ് ഇഷ്യൂ ചെയ്ത ദിവസമോ ഇവയിൽ ഏതാ ണൊ ആദ്യം വരുന്നത്, അതായിരിക്കും; അല്ലെങ്കിൽ

ii) ഇൻവോയ്സ് ഇഷ്യൂ ചെയ്തത് നികുതി നിരക്കിനു മാറ്റം വന്നതിനുമുൻപും എന്നാൽ പണം സ്വീകരിച്ചതു നികുതി നിരക്കിനു മാറ്റം വന്നതിനു ശേഷവും ആണെങ്കിൽ ഇൻവോയ്സ് ഇഷ്യൂ ചെയ്ത ദിവസം ആയിരിക്കും സപ്ലൈ സമയം; അല്ലെങ്കിൽ

iii) പണം സ്വീകരിച്ചതു നികുതി നിരക്കിനു മാറ്റം വന്നതിനു മുൻപും ഇൻവോയ്സ് ഇഷ്യൂചെയ്തത് നികുതി നിരക്കിനു മാറ്റം വന്നതിനു ശേഷവും ആണെങ്കിൽ സപ്ലൈസമയം പണം സ്വീകരിച്ച ദിവസം ആയിരിക്കും

**ചോദ്യം12:** നികുതി നിരക്കിനു മാറ്റം വന്നതിനുശേഷം സപ്ലൈ പൂർത്തിയാ ക്കിയാൽ എന്തായിരിക്കും സപ്ലൈ സമയം**?**

**ഉത്തരം:** ഇങ്ങനെയുള്ള സന്ദർഭങ്ങളിൽ സപ്ലൈ സമയം താഴെ പറയു ന്നതു പോലെ ആയിരിക്കും:

i) പണം സ്വീകരിച്ചതു നികുതി നിരക്കിനു മാറ്റം വന്നതിനു ശേഷം ആണ് എന്നാൽ ഇൻവോയ്സ് ഇഷ്യൂ ചെയ്തതു നികുതി നിരക്കിനുമാറ്റം വന്നതിനു മുൻപ് ആണെങ്കിൽ സപ്ലൈ സമയം പണം സ്വീകരിച്ച ദിവസം ആയിരിക്കും; അല്ലെങ്കിൽ

ii) പണം സ്വീകരിച്ചതും ഇൻവോയ്സ് ഇഷ്യൂ ചെയ്തതും നികുതി നിരക്കിനു മാറ്റം വന്നതിനുമുൻപ് ആണെങ്കിൽ സപ്ലൈ സമയം പണം സ്വീകരിച്ച ദിവ സമോ അതോ ഇൻവോയ്സ് ഇഷ്യൂ ചെയ്ത ദിവസമോ ഇവയിൽ ഏതാണൊ ആദ്യം വരുന്നത് അതായിരിക്കും; അല്ലെങ്കിൽ

iii) ഇൻവോയ്സ് ഇഷ്യൂ ചെയ്തതു നികുതി നിരക്കിനു മാറ്റം വന്നതിനുശേഷം ആണ് എന്നാൽ പണം സ്വീകരിച്ചതു നികുതി നിരക്കിനു മാറ്റം വന്നതിനു മുൻപ് ആണെങ്കിൽ സപ്ലൈ സമയം ഇൻവോയ്സ് ഇഷ്യൂചെയ്ത ദിവസം ആയിരിക്കും.

**ചോദ്യം 13:** ഇപ്പോൾ, 1/06/2017 മുതൽ നികുതി നിരക്കിൽ 18%-ൽ നിന്ന് 20%-ലേക്ക് കൂട്ടി എന്ന് കരുതുക. അങ്ങനെയെങ്കിൽ, നിരക്ക് മാറ്റത്തിന് മുൻപ്

ഏപ്രിൽ 2017-ൽ സേവനം നൽകുകയും ഇൻവോയ്സ് പുറപ്പെടുവിക്കുകയും ചെയ്തിട്ട്, നിരക്ക് മാറ്റത്തിന് ശേഷം ജൂൺ 2017-ൽ ആണ് പണം ലഭിച്ചതെങ്കിൽ, ബാധകമാകുന്ന നികുതി നിരക്ക് എന്തായിരിക്കും?

**ഉത്തരം:** സേവനം 1/06/2017-ന് മുൻപ് നല്കിയിരിക്കുന്നതിനാൽ പഴയ നിരക്ക് ആയ 18% ആയിരിക്കും ബാധകമാകുക.

**ചോദ്യം 14:** ഇപ്പോൾ, 1/06/2017 മുതൽ നികുതി നിരക്കിൽ 18%-ൽ നിന്ന് 20%-ലേക്ക് കൂട്ടി എന്ന് കരുതുക. ഇൻവോയ്സ് പുറപ്പെടുവിക്കുകയും സേവനം നൽകുകയും ചെയ്തത് നികുതി നിരക്ക് മാറ്റത്തിന് ശേഷം ജൂൺ 2017-ൽ ആണ് .എന്നാൽ പണം മുഴുവനും മുൻകൂറായിഏപ്രിൽ 17-നു മുൻപ്സ്വീകരിച്ചാൽ ബാധകമാകുന്ന നികുതി നിരക്ക് എന്തായിരിക്കും?

**ഉത്തരം:** സേവനം 1/06/2017-ന് ശേഷം നല്കിയിരിക്കുന്നതിനാൽ പുതിയ നിരക്ക് ആയ 20% ആയിരിക്കും ബാധകമാകുക.

**ചോദ്യം15:** സാധനങ്ങൾ സപ്ലൈ ചെയ്യുന്നതിന് വേണ്ടി ഇൻവോയ്സ് ഇഷ്യൂ ചെയ്യണ്ടേ സമയപരിധിഏതാണ്?

**ഉത്തരം: CGST/SGST നിയമത്തിലെ** സെക്ഷൻ 31 പ്രകാരം ഒരു റെജിസ്റ്റെർഡ്ആയ നികുതി ദാതാവ് സാധനങ്ങളുടെ വിവരണം, അളവ്, വില, നികുതി, മറ്റു നിർദിഷ്ട വിവരങ്ങൾ ഇവ അടങ്ങിയ ഒരു ഇൻവോയ്സ് താഴെ പറയുന്ന സന്ദർഭങ്ങളിൽ ഇഷ്യൂ ചെയ്യേണ്ടതാണ്:

a) സ്വീകർത്താവിനു നൽകുന്നതിന് വേണ്ടി ചരക്കു നീക്കം ചെയ്യുന്ന സമയത്തോ,

b) മറ്റ് സന്ദർഭങ്ങളിൽ വസ്തുവകകൾ വിതരണം ചെയ്യുകയോ സ്വീകർത്താ വിന് ലഭ്യമാക്കുകയോ ചെയ്യുന്ന സമയത്തോ.

**ചോദ്യം16:** സേവനങ്ങൾ സപ്ലൈ ചെയ്യുന്നതിന് വേണ്ടി ഇൻവോയ്സ് ഇഷ്യൂ ചെയ്യണ്ടേ സമയ പരിധിഏതാണ്?

**ഉത്തരം: CGST/SGST നിയമത്തിലെ** സെക്ഷൻ 31 പ്രകാരം ഒരു റെജിസ്റ്റെർഡ്ആയ നികുതി ദാതാവ് സേവനത്തിൻറ്റെ വിവരണം, മൂല്യം, നികുതി മറ്റു നിർദിഷ്ട വിവരങ്ങൾ അടങ്ങിയ ഒരു ഇൻവോയ്സ് സ്വീകർത്താ വിനു നൽകുന്നതിന് വേണ്ടി നിയമം അനുശാസിക്കുന്നപ്രകാരം സേവനം ലഭ്യമാക്കിയതിനു മുൻപോ അതിനു ശേഷമോ നിർദിഷ്ട സമയപരിധി ക്കുള്ളിൽ ഇഷ്യൂചെയ്യേണ്ടതാണ് .

**ചോദ്യം 17:** തുടർച്ചയായുള്ള ചരക്കു സപ്ലയിൽ ഇൻവോയ്സ് ഇഷ്യൂ ചെയ്യണ്ടേ സമയ പരിധിഏതാണ്?

**ഉത്തരം:** ഘട്ടംഘട്ടമായുള്ള കണക്കു രേഖകളോ ഘട്ടംഘട്ടമായുള്ള പണം നല്കലോ തുടർച്ചയായുള്ളിടത്തു അത്തരം കണക്കു രേഖകൾ ഇഷ്യൂ ചെയ്തതിനു മുൻപോ അതിനു ശേഷമോ അല്ലെങ്കിൽ ഓരോ ഘട്ടം പണം ലഭിച്ചപ്പോഴോ ഇൻവോയ്സ് ഇഷ്യൂ ചെയ്യേണ്ടതാണ്.

**ചോദ്യം 18:** തുടർച്ചയായുള്ള സേവന സപ്ലയിൽ ഇൻവോയ്സ് ഇഷ്യൂ ചെയ്യേണ്ട സമയ പരിധി ഏതാണ്?

**ഉത്തരം:**

a) പണം നൽകേണ്ടതായ ദിവസം ഉടമ്പടി രേഖകളിൽ നിന്നും നിജപ്പെടുത്താൻ സാധിച്ചാൽ സേവനസ്വീകർത്താവ് പണം നൽകേണ്ടതായ ദിവസത്തിന് മുൻപോ അതിനുശേഷമോ ഇൻവോയ്സ് ഇഷ്യൂചെയ്യേണ്ടതാണ്. എന്നാൽ ഈ നിർദിഷ്ട പരിധിക്കുള്ളിൽ സേവനദാതാവ് എപ്പോഴെങ്കിലും പണം സ്വീകരിച്ചിട്ടുണ്ടെങ്കിലും

b) പണം നൽകേണ്ടതായ ദിവസം ഉടമ്പടി രേഖകളിൽ നിന്നും നിജപ്പെടുത്താൻ സാധിക്കുന്നില്ലെങ്കിൽ, നിർദിഷ്ട സമയ പരിധിക്കുള്ളിൽ സേവനദാതാവ് പണം സ്വീകരിക്കുന്ന ദിവസത്തിന് മുൻപോ അതിനുശേഷമോ പണം സ്വീകരിക്കുന്നതിനനുസരിച് ഇൻവോയ്സ് ഇഷ്യൂചെയ്യേണ്ടതാണ്

c) പണം നൽകുന്നത് ഒരു പ്രവർത്തി പൂർത്തിയാകുന്നതുമായി ബന്ധപ്പെട്ടാണെങ്കിൽ, ആ പ്രവർത്തി പൂർത്തീകരിക്കുന്നതനുസരിച്ചു അതിനു മുൻപോ, പിന്പോ, പക്ഷെ നിർദിഷ്ട സമയ പരിധിക്കുള്ളിൽ ഇൻവോയ്സ് ഇഷ്യൂ ചെയ്തിരിക്കണം.

**ചോദ്യം 19:** മുൻ അംഗീകാര പ്രകാരം സാധനങ്ങൾ വില്പനക്ക് അയക്കുകയോ സ്വീകരിക്കുകയോ ചെയ്താൽ ഇൻവോയ്സ് ഇഷ്യൂ ചെയ്യണ്ടേ സമയ പരിധി ഏതാണ്?

**ഉത്തരം**: മുൻ അംഗീകാര പ്രകാരം വില്പനക്ക് അയക്കുകയോ തിരിച്ചു സ്വീകരിക്കുകയോ ചെയ്യുന്ന സാധനങ്ങളുടെ ഇൻവോയ്സ്, സാധനങ്ങൾ സപ്ലൈ ചെയ്യുന്ന സമയത്തോ, അംഗീകാരം നൽകിയ ദിവസത്തിന് 6 മാസത്തിനുള്ളിലോ, ഇതിൽ ഏതാണോ ആദ്യം വരുന്നത് ആ ദിവസം ഇൻവോയ്സ് ഇഷ്യൂചെയ്യേണ്ടതാണ്.

# 6. ചരക്കുസേവനനികുതിയിൽമൂല്യനിർണയം

**ചോദ്യം 1:** നികുതിബാധക സപ്ലൈയുടെ എന്ത് മൂല്യം ആണ് ചരക്കു സേവനനികുതി ചുമത്തപ്പെടുവാൻ എടുക്കേണ്ടത്?

**ഉത്തരം:** നികുതി ബാധക ചരക്കുകളുടെയും സേവനത്തിൻ്റെയും സപ്ലൈയുടെ മൂല്യം എന്നാൽ, സാധാരണയായി ഇടപാടുകാർ ബന്ധുക്കൾ അല്ലാതിരിക്കുകയും വിലമാത്രം ആധാരമാകുകയും ചെയ്യുന്ന ഇടപാടിൽ, നൽകിയ തുക അഥവാ നൽകാനുള്ള തുക എന്ന 'ഇടപാട് മൂല്യം' (Transaction value) ആണ്. ഇടപാട് മൂല്യത്തിൻ്റെ പരിധിയിൽ നിന്നുള്ള വിവിധ ഉൾകൊള്ളലുകളും ഒഴിവാക്കലുകളും ജി.എസ്.ടി. നിയമത്തിൻ്റെ സെക്ഷൻ 15-ൽ പ്രതിപാദിച്ചിരിക്കുന്നു. ഉദാഹരണത്തിന്, തിരിച്ചുനൽകേണ്ട നിക്ഷേപം, സപ്ലൈയുടെ സമയത്തോ മുൻപോ ചില നിബന്ധനകൾക്ക് വിധേയമായി നൽകുന്ന കിഴിവുകൾ എന്നിവ ഇടപാട് മൂല്യത്തിൽ ഉൾപ്പെടുന്നില്ല.

**ചോദ്യം 2:** എന്താണ് 'ഇടപാട് മൂല്യം' (Transaction value)?

**ഉത്തരം:** സപ്ലയറും സ്വീകർത്താവും ബന്ധുക്കൾ അല്ലാതിരിക്കുകയും വില മാത്രം ഏക മാനദണ്ഡം ആകുകയും ചെയ്യുന്ന ചരക്കുകളുടെയും സേവനത്തിൻ്റെയും സപ്ലൈയിൽ യഥാർത്ഥത്തിൽ നൽകിയ പണം അഥവാ നൽകേണ്ട പണമാണ് 'ഇടപാട് മൂല്യം' (Transaction value). ഇതിൽ സപ്ലയർ വഹിക്കേണ്ട ഏതെങ്കിലും തുക സ്വീകർത്താവ് വഹിക്കുകയാണെങ്കിൽ അതും ഉൾപ്പെടും.

**ചോദ്യം 3:** സി.ജി.എസ്.ടി., എസ്.ജി.എസ്.ടി., ഐ.ജി.എസ്.ടി. എന്നിവക്കും ചരക്കുകളുടെയും സേവനങ്ങളുടെയും മൂല്യനിർണ്ണയത്തിനും വെവ്വേറെ മൂല്യ നിർണ്ണയ വ്യവസ്ഥകൾ ഉണ്ടോ?

**ഉത്തരം:** ഇല്ല. സെക്ഷൻ 15 എല്ലാ മൂന്ന് നികുതികൾക്കും പൊതുവായതാണ്. കൂടാതെ അത് ചരക്കുകളുടെയും സേവനങ്ങളുടെയും മൂല്യനിർണ്ണയത്തിനും പൊതുവായതാണ്.

**ചോദ്യം 4:** സപ്ലൈയുടെ മൂല്യം നിർണ്ണയിക്കുവാൻ ഉടമ്പടി വില മതിയായതല്ലേ?

**ഉത്തരം:** ഉടമ്പടി വില കൂടുതൽ കൃത്യമായി ട്രാൻസാക്ഷൻ വാല്യൂവായി പരാമർശിച്ചിരിക്കുന്നു. ഈ വിലയാണ് നികുതി കണക്കാക്കുന്നതിൻ്റെ അടിസ്ഥാനം. എന്നാൽ ഇടപാടുകാർ തമ്മിലുള്ള ബന്ധം പോലെയുള്ള കാര്യങ്ങൾ വിലയെ സ്വാധീനിക്കുകയോ ചില ഇടപാടുകൾ മൂല്യമില്ലെങ്കിലും ഒരു സപ്ലൈയായി കണക്കാക്കപ്പെടേണ്ടതാണെങ്കിലോ (Deemed supply ) മൂല്യനിർണ്ണയം ജി.എസ്.ടി. മൂല്യനിർണ്ണയനിയമപ്രകാരം (GST Valuation Rules) നടത്തേണ്ടതാണ്.

**ചോദ്യം 5:** എല്ലാ കേസുകളിലും മൂല്യനിർണയ നിയമം പരിഗണിക്കേണ്ടതുണ്ടോ?

**ഉത്തരം:** ഇല്ല. സെക്ഷൻ 15 സബ്-സെക്ഷൻ (1) പ്രകാരം മൂല്യം നിർണ്ണയിക്കാൻ സാധിക്കാത്ത സാഹചര്യങ്ങളിൽ മാത്രം ജി.എസ്.ടി. മൂല്യനിർണ്ണയ നിയമം പരിഗണിച്ചാൽ മതിയാവുന്നതാണ്.

**ചോദ്യം 6:** സെക്ഷൻ 15(1) പ്രകാരം പ്രഖ്യാപിക്കുന്ന ഇടപാടുമൂല്യത്തെ അംഗീകരിക്കാമോ?

**ഉത്തരം:** അംഗീകരിക്കാം. അത്തരം മൂല്യത്തിൽ സെക്ഷൻ 15(2) പ്രകാരമുള്ള ഉൾപ്പെടുത്തലുകൾ നടത്തിയിട്ടുണ്ടോ എന്ന് പരിശോധിച്ചശേഷം അത് അംഗീകരിക്കാം. കൂടാതെ സപ്ലയറും സ്വീകർത്താവും ബന്ധുക്കളാണെങ്കിലും ആ ബന്ധം വിതരണത്തിൻ്റെ വിലയെ ബാധിച്ചിട്ടില്ലെങ്കിൽ ഇടപാടു മൂല്യത്തെ അംഗീകരിക്കും.

**ചോദ്യം 7:** സപ്ലൈയുടെ ശേഷം നൽകുന്ന കിഴിവുകളോ പ്രചോദനങ്ങളോ (Incentives) ഇടപാട് മൂല്യത്തിൽ ചേർക്കേണ്ടതായിട്ടുണ്ടോ?

**ഉത്തരം:** ഉണ്ട്. സപ്ലൈയുടെ ശേഷം ഉള്ള കിഴിവുകൾ സപ്ലൈയുടെ സമയത്തൊ സപ്ലൈയുടെ മുൻപൊ അറിയാവുന്ന ഒരു കരാർപ്രകാരം സ്ഥാപിക്കപ്പെടുകയും അത്തരം ഡിസ്കൌണ്ട് ബന്ധപ്പെട്ട ഇൻവോയ്സുമായി കൃത്യമായി ബന്ധിക്കുകയും ചെയ്യിട്ടുണ്ടാവുകയും, കൂടാതെ സ്വീകർത്താവ് അത്തരം ഡിസ്കൌണ്ടിനു ചുമത്താവുന്ന ഇന്പുട്ട് ടാക്സ് ക്രെഡിറ്റ് തിരിച്ചടക്കുയും ചെയ്യിട്ടുണ്ടെങ്കിൽ , ആ ഡിസ്കൌണ്ട് മാതൃകാ ജി.എസ്.ടി. നിയമം സെക്ഷൻ 15 പ്രകാരം കിഴിവായി അനുവദനീയമാണ്.

**ചോദ്യം 8:** സപ്ലൈയുടെ മുൻപോ സപ്ലൈയുടെ സമയത്തൊ നൽകുന്ന കിഴിവുകൾ ഇടപാട് വിലയിൽ ചേർക്കേണ്ടതുണ്ടോ?

**ഉത്തരം:** കിഴിവ് അനുവദിച്ചിരിക്കുന്നത് സ്വാഭാവികമായ വില്പനരീതി പ്രകാരം ആകുകയും അത് ഇൻവോയ്സിൽ കൃത്യമായി രേഖപ്പെടുത്തിയിട്ടും ഉണ്ടെങ്കിൽ ഇടപാട് വിലയിൽ ചേർക്കേണ്ട ആവശ്യമില്ല.

**ചോദ്യം 9:** എപ്പോഴാണ് മൂല്യനിർണയനിയമത്തിലെ വ്യവസ്ഥകൾ ബാധകമാകുക?

**ഉത്തരം:** മൂല്യനിർണയനിയമത്തിലെ വ്യവസ്ഥകൾ ബാധകമാകുന്നത് സാഹചര്യങ്ങൾ ചുവടെ ചേർക്കുന്നു:

(i) പ്രതിഫലം പൂർണമായോ ഭാഗീകമായോ പണമായി മാത്രമല്ലെങ്കിൽ;

(ii) ഇടപാടുകാർ ബന്ധുക്കൾ ആകുമ്പോൾ അല്ലെങ്കിൽ, ഏതെങ്കിലും നിർദ്ദേശ്ശിക്കപ്പെടുന്ന വിഭാഗം സപ്ലയർമാർ സപ്ലൈ നടത്തുമ്പോൾ;

(iii) പ്രഖ്യാപിച്ച ഇടപാടുമൂല്യം വിശ്വസനീയമല്ല എന്ന് ബോധ്യപ്പെടുമ്പോൾ.

**ചോദ്യം 10:** സെക്ഷൻ 15(2) പ്രകാരം ഇടപാട് മൂല്യത്തിൽ കൂട്ടേണ്ടതായ തുകകൾ ഏതൊക്കെയാണ്?

**ഉത്തരം:** സെക്ഷൻ 15(2) പ്രകാരം ഇടപാട് മൂല്യത്തിൽ കൂട്ടേണ്ടതായി പ്രതിപാദിച്ചിരിക്കുന്ന തുകകൾ താഴെപ്പറയുന്നവ ആണ്:

a) എസ്.ജി.എസ്.ടി./സി.ജി.എസ്.ടി. നിയമം ഗുഡ്സ് ആൻഡ് സർവീസ് ടാക്സ് (കോമ്പൻസേഷൻ ടു ദി സ്റ്റേറ്റ്സ് ഫോർ ലോസ്സ് ഓഫ് റെവന്യൂ) ആക്ട്, 2016 എന്നിവ പ്രകാരമല്ലാതെ സപ്ലൈയർ പ്രത്യേകമായി സ്വീകർത്താവിൽ നിന്നും ഈടാക്കുന്ന മറ്റേതെങ്കിലും നിയമപ്രകാരമുള്ള നികുതി, സെസ്സ്, ഡ്യൂട്ടി, ഫീസ്, എന്നിവ.

b) ചരക്കുകളുടെയോ സേവങ്ങളുടെയോ ഒരു സപ്ലൈയിൽ നൽകിയതോ നൽകേണ്ടതോ ആയ തുകയിൽ ഉൾപ്പെടുത്താത്തതും സപ്ലയർ നൽകുവാൻ ബാധ്യസ്ഥനായിട്ടുള്ളതും എന്നാൽ സ്വീകർത്താവ് നൽകിയതുമായ തുക;

c) സപ്ലയർ സ്വീകർത്താവിൽ നിന്നും ഈടാക്കിയ കമ്മീഷൻ പാക്കിംഗ് പോലുള്ള ചിലവുകൾ. ചരക്കുകളുടെയോ സേവനങ്ങളുടെയോ സപ്ലൈയുമായി ബന്ധപ്പെട്ട് സപ്ലൈയുടെ സമയത്തോ അതിനു മുൻപോ സപ്ലയർ ചെയ്ത എന്തിനെങ്കിലും ഈടാക്കുന്ന തുകയും അതിലുൾപ്പെടും.

d) ഏതെങ്കിലും സപ്ലൈയുടെ പ്രതിഫലം നൽകാൻ താമസിച്ചതിനു ഈടാക്കുന്ന പലിശ, ലേറ്റ് ഫീ, പിഴ എന്നിവ.

e) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ നല്കുന്നതൊഴികെയുള്ള, വിലയുമായി നേരിട്ട് ബന്ധപ്പെട്ട സബ്സിഡികൾ.

# 7. നികുതിയടക്കൽ

**ചോദ്യം 1:** GST-യുടെ കാലത്ത് എന്തൊക്കെ പണമൊടുക്കലുകളാണ് ചെയ്യേണ്ടത്?

**ഉത്തരം:** സംസ്ഥാനത്തിനുള്ളിലെ ഇടപാടുകളായ ഓരോ ചരക്കു-സേവന സപ്ലൈയ്ക്കും, സെൻട്രൽ GST (കേന്ദ്ര ഗവണ്മെന്റ് അക്കൗണ്ടിൽ പോകുന്ന CGST)-യും, സ്റ്റേറ്റ് GST (ബന്ധപ്പെട്ട സംസ്ഥാന ഗവണ്മെന്റിന്റെ അക്കൗണ്ടിൽ പോകുന്ന SGST)-യും അടയ്ക്കണം. സംസ്ഥാനാന്തര ചരക്കു സേവന സപ്ളൈകൾക്കു ഓരോന്നിനും അടയ്ക്കേണ്ടത് ഇൻറഗ്രേറ്റഡ് GST (IGST) ആണ്. IGST-യ്ക്ക് CGST-യുടെയും SGST-യുടെയും ഘടകങ്ങളുണ്ട്. ഇത് കൂടാതെ ചില വിഭാഗങ്ങളിൽ പെട്ട രജിസ്റ്റർ ചെയ്ത നികുതിദായകർ സോഴ്സിൽ പിടിയ്ക്കുന്ന നികുതിയും (TDS), സോഴ്സിൽ പിരിയ്ക്കുന്ന നികുതിയും (TCS) ഗവൺമെൻറ് അക്കൗണ്ടിൽ അടയ്ക്കേണ്ടതുണ്ട്. ഇതും കൂടാതെ ബാധകമായ സന്ദർഭങ്ങളിൽ പലിശ, പിഴ, ഫീസ്, മറ്റിനങ്ങൾ എന്നിവയും അടയ്ക്കേണ്ടതാണ്.

**ചോദ്യം 2:** ചരക്കു സേവന നികുതിയടയ്ക്കാൻ ആർക്കാണ് ബാധ്യത ഉള്ളത്?

**ഉത്തരം**: ചരക്കുകളോ സേവനങ്ങളോ സപ്ലൈ ചെയ്യുന്നയാൾക്കാണ് പൊതുവെ GST അടയ്ക്കാൻ ബാധ്യതയുള്ളത്. എന്നാൽ ഇറക്കുമതി, നോട്ടിഫൈ ചെയ്യപ്പെട്ടവ എന്നിങ്ങനെ ചിലവിഭാഗങ്ങൾ റിവേഴ്സ് ചാർജ് രീതിയിൽ ചരക്ക് സേവന സ്വീകർത്താവാണ് നികുതിയടയ്ക്കേണ്ടത്. ചില സന്ദർഭങ്ങളിൽ നികുതിയടയ്ക്കാനുള്ള ബാധ്യത ഒരു മൂന്നാം കക്ഷിയിൽ നിക്ഷിപ്തമായിരിക്കും. ഇ-കോമേഴ്സ് ഓപ്പറെറ്റർ, TCS അടയ്ക്കാനും ഗവൺമെൻറ് ഡിപ്പാർട്മെൻറ് TDS അടയ്ക്കാനും ഉത്തരവാദിത്തമുള്ളവരാണ്.

ഗവണ്മെന്റ് ഡിപ്പാർട്മെന്റുകൾ അവർക്കു സേവനങ്ങളും ചരക്കുകളും സപ്ലൈ ചെയ്യുന്ന വെണ്ടേഴ്സിന് നിശ്ചിത തുകയിൽ കൂടുതൽ പേയ്മെന്റ് നടത്തുകയാണെങ്കിൽ (ഒരു കോൺട്രാക്ടറിന് 2.5 ലക്ഷത്തിന് കൂടുതൽ പേയ്മെന്റ് നടത്തുകയാണെങ്കിൽ വകുപ്പ് 51(1)(d) അനുസരിച്ച് ഗവണ്മെന്റ് ഡിപ്പാർട്മെന്റുകൾ TDS കുറയ്ക്കണം. ഇ-കോമേഴ്സ് ഓപ്പറേറ്റർസ് ടാക്സ് (TCS) കുറയ്ക്കുന്നത് നെറ്റ് വാല്യൂവിന്റെ മുകളിലാണ്. (അതായത് മൊത്തം സപ്ലൈ ചെയ്ത ടാക്സ് ബിൽ ചരക്കിന്റെയും സർവിസുകളിൽ നിന്നും ഓപ്പറേറ്റർ വകുപ്പ് 9(5) അനുസരിച്ച് GST payment ചെയ്യാൻ ബാധ്യതയുള്ള സപ്ലൈസ് കുറച്ചു കിട്ടുന്ന തുകയാണ്.

**ചോദ്യം 3:** നികുതി ബാധ്യതയുള്ളയാൾ എപ്പോഴാണ് നികുതി അടയ്ക്കേണ്ടത്?

**ഉത്തരം:** വകുപ്പ് 12-ൽ പറയുന്നപ്രകാരം ചരക്ക് സപ്ലൈ ചെയ്യുന്ന സമയത്തും, വകുപ്പ് 13 പ്രകാരം സേവനങ്ങൾ കൊടുക്കുന്ന സമയത്തുമാണ് നികുതിയടക്കേണ്ടത്. പൊതുവെ പറഞ്ഞാൽ പണം ലഭിക്കുക, ഇൻവോയ്സ് നൽകുക, സപ്ലൈ പൂർത്തിയാവുക ഇവയിൽ ഏതാണോ ആദ്യം സംഭവിക്കു

ന്നത്, അപ്പോഴാണ് നികുതിയടയ്ക്കേണ്ടത്.  വിവിധ സന്ദർഭങ്ങളും നികുതി പോയിൻറ്റുകളും മേല്പറഞ്ഞ വകുപ്പുകളിൽ പ്രതിപാദിക്കുന്നു.

**ചോദ്യം 4:** ചരക്കു സേവന നികുതി അടയ്ക്കുന്ന പ്രക്രിയയുടെ പ്രധാന സവിശേഷതകൾ എന്തൊക്കെയാണ് ?

**ഉത്തരം:** GST-യുടെ കാലത്ത് വിഭാവന ചെയ്യിരിക്കുന്ന നികുതി അടയ്ക്കൽ പ്രക്രിയയുടെ പ്രധാന സവിശേഷതകൾ താഴെ പറയുന്നവയാണ്:

GSTN കോമൺ പോർട്ടലിൽ നിന്നും പുറപ്പെടുവിക്കുന്ന ഇലക്ട്രോണിക് ചെല്ലാൻ എല്ലാത്തരം പണമടയ്ക്കലിനും ഉപയോഗിക്കുന്നു.  മാനുവൽ ആയി തയാർ ആക്കിയ ചെല്ലാൻ ഉപയോഗിക്കുന്നില്ല.  നികുതിദായകനെ സഹായിക്കാനായി, പ്രശ്നങ്ങളില്ലാത്ത, ഏതു സമയത്തും എവിടെയും എല്ലാത്തരം പണമടക്കലിനും സൗകര്യം.  ഓൺലൈൻ ആയി പണമടക്കാനുള്ള സൗകര്യം, ഇലക്ട്രോണിക് ഫോർമാറ്റിലുള്ള യുക്തിസഹമായ വിവരങ്ങൾ, ഗവൺമെൻറ് അക്കൗണ്ടിലേക്ക് പെട്ടന്നുള്ള പണമടക്കൽ, പേപ്പർ രഹിത ഇടപാടുകൾ, വേഗത്തിലുള്ള അക്കൗണ്ടിങ്ങും റിപ്പോർട്ടിങ്ങും, എല്ലാ പണം സ്വീകരിക്കലിനും ഇലക്ട്രോണിക് ആയ പൊരുത്തപ്പെടുത്തൽ, ബാങ്കുകൾക്ക് ലളിതമായ നടപടിക്രമങ്ങൾ, ഡിജിറ്റൽ ചെല്ലാനുകളുടെ സംരക്ഷിക്കലും സൂക്ഷിക്കലും.

**ചോദ്യം 5:** എങ്ങനെയാണ് പണം അടയ്ക്കുന്നത്?

**ഉത്തരം:** താഴെപ്പറയുന്ന രീതികളിൽ പണം അടയ്ക്കാം:

(i) ഇലക്ട്രോണിക് ആയി കോമൺ പോർട്ടലിലുള്ള ക്രെഡിറ്റ് ലെഡ്ജറിൽ ഡെബിറ്റ് ചെയ്ത് നികുതി അടയ്ക്കാം.  പലിശ, പിഴ, ഫീസ്, എന്നിവ ക്രെഡിറ്റ് ലെഡ്ജറിൽ ഡെബിറ്റ് ചെയ്ത് അടയ്ക്കാനാവില്ല.  ഇൻപുട്ടിൻമേൽ അടയ്ക്കുന്ന നികുതികൾക്ക് ക്രെഡിറ്റ് എടുക്കാനും (ഇൻപുട്ട് ടാക്സ് ക്രെഡിറ്റ്) അത് ഔട്ട്പുട്ട് ടാക്സ് അടയ്ക്കാൻ ഉപയോഗിക്കാനും നികുതിദായകന് അവകാശമുണ്ട്.  CGST-യുടെ ഇൻപുട്ട്ടാക്സ് ക്രെഡിറ്റ് SGST അടയ്ക്കാനോ മറിച്ചോ ഉപയോഗിക്കാൻ പാടുള്ളതല്ല.  IGST-യുടെ ക്രെഡിറ്റ് ക്രമത്തിൽ IGST, CGST, SGST എന്നിവ അടയ്ക്കാൻ ഉപയോഗിക്കാം.

(ii) കോമൺ പോർട്ടലിൽ സൂക്ഷിക്കുന്ന ക്യാഷ് ലെഡ്ജറിൽ ഡെബിറ്റ് ചെയ്ത് ക്യാഷിൽ നികുതി അടയ്ക്കാം. ഇ-പേയ്മെന്റ് (ഇന്റർനെറ്റ് ബാങ്കിങ്, ക്രെഡിറ്റ് കാർഡ്, ഡെബിറ്റ് കാർഡ്); RTGS (റിയൽ ടൈം ഗ്രോസ് സെറ്റിൽമെൻറ്/ നാഷണൽ ഇലക്ട്രോണിക് ഫണ്ട് ട്രാൻസ്ഫർ (NEFT)); GST സ്വീകരിക്കാൻ അധികാരമുള്ള ബാങ്കുകളുടെ കൗണ്ടറിൽ പണമടയ്ക്കൽ മുതലായ രീതിയിൽ ക്യാഷ് ലെഡ്ജറിൽ പണം നിക്ഷേപിക്കാവുന്നതാണ്.

**ചോദ്യം 6:** സപ്ലയർ എപ്പോഴാണ് നികുതി അടയ്ക്കേണ്ടത്?

**ഉത്തരം:** സാധാരണ നികുതിദായകൻ എല്ലാ മാസത്തെയും നികുതി അടുത്തമാസം ഇരുപതാം തിയതിയോടുകൂടി അടയ്ക്കേണ്ടതാണ്. പണ മായി അടയ്ക്കുന്നത് ആദ്യം ക്യാഷ് ലെഡ്ജറിൽ നിക്ഷേപിക്കേണ്ടതാണ്. മാസറിട്ടേണുകളിൽ ബന്ധപ്പെട്ട ഡെബിറ്റ് എൻട്രി കാണിച്ചു പണമടക്കേണ്ട താണ്. മുമ്പ് പറഞ്ഞതുപോലെ ക്രെഡിറ്റ് ലെഡ്ജറിൽ ഡെബിറ്റ് ചെയ്തും നികുതി അടയ്ക്കാം. മാർച്ച് മാസത്തിനുവേണ്ടി ഉള്ള നികുതി അടയ്ക്കൽ ഏപ്രിൽ 20-ഓട് കൂടി ചെയ്യേണ്ടതാണ്. കോമ്പോസിഷൻ രീതിയിൽ നികുതി അടയ്ക്കുന്നവർ ക്വാർട്ടർലി ആയി നികുതി അടയ്ക്കണം. 0000 Hrs മുതൽ 2000 Hrs വരെയാണ് നികുതി അടയ്ക്കാനുള്ള സമയം.

**ചോദ്യം 7:** നികുതിയടയ്ക്കാനുള്ള സമയം നീട്ടാനോ മാസതവണകൾ ആയി അടയ്ക്കാനോ സാധ്യമാണോ?

**ഉത്തരം:** ഇല്ല. സ്വയം നിർണയിക്കുന്ന നികുതി ബാധ്യതയെ സംബന്ധിച്ച് ഇത് സാധ്യമല്ല. മറ്റു കാര്യങ്ങളിൽ അധികാരപ്പെട്ട ഉദ്യോഗസ്ഥന് സമയം നീട്ടി കൊടുക്കാനും തവണകൾ ആയി അടയ്ക്കാൻ അനുവദിക്കാനും കഴിയും. (MGLS-55)

**ചോദ്യം 8:** നികുതി ബാധ്യതയുള്ള ആൾ നികുതി അടയ്ക്കാതെ റിട്ടേൺ ഫയൽ ചെയ്താൽ എന്ത് സംഭവിക്കും?

**ഉത്തരം:** അങ്ങനെയുള്ള റിട്ടേൺ സാധുതയുള്ളതായി കണക്കാക്കുക യില്ല. വകുപ്പ് 27(3) പ്രകാരം റിട്ടേൺ അനുസരിച്ചുള്ള മുഴുവൻ നികുതിയും അടയ്ക്കാതെ ഫയൽ ചെയ്യുന്ന റിട്ടേണുകൾക്കു സാധുതയില്ല. സാധുത യുള്ള റിട്ടേൺ എന്ന് പറയുന്നത് വകുപ്പ് 39(1) അനുസരിച്ച് സ്വയം നിർണ യിച്ചു നികുതി മുഴുവനായിട്ട് പേയ്മെന്റ് നടത്തിയ റിട്ടേൺ ആകുന്നു. സാധുതയുള്ള റിട്ടേൺ മാത്രമേ സപ്ലൈയുടെ സ്വീകർത്താവിനു ഇൻപുട്ട് ടാക്സിന് ഉപയോഗിക്കാൻ പാടുള്ളു. മറ്റു വാക്കുകളിൽ പറഞ്ഞാൽ സപ്ലയർ സ്വയം നിർണയിച്ച മുഴുവൻ നികുതിയും അടയ്ക്കുകയും റിട്ടേൺ ഫയൽ ചെയ്യുകയും സ്വീകർത്താവ് അയാളുടെ റിട്ടേൺ ഫയൽ ചെയ്യുകയും ചെയ്താലേ ചരക്കു സേവനങ്ങൾ സ്വീകരിക്കുന്ന ആളിന് ഇൻപുട്ട് ക്രെഡിറ്റ് ഉറപ്പാകുകയുള്ളു. വകുപ്പ് 28 പ്രകാരം നികുതിവിധേയനായ ഒരു വ്യക്തി, സാധുതയുള്ള റിട്ടേൺ ഫയൽ ചെയ്തില്ലെങ്കിൽ, ക്രെഡിറ്റ് ഉപയോഗിക്കാൻ അയാൾ സ്വയം നിർണയിച്ചനികുതി അടയ്ക്കുന്നതുവരെയും അനുവദിക്കു കയില്ല.

**ചോദ്യം 9:** ഏതു തിയതി ആണ് നികുതി ഡിപ്പോസിറ്റ് ചെയ്തതായി കണക്കാ ക്കുന്നത് - ചെക്ക് പ്രെസൻറ്ചെയ്യുന്ന തിയതിയോ അല്ലെങ്കിൽ പേയ്മെന്റി ന്റെ തിയതിയോ അല്ലെങ്കിൽ ഗവൺമെൻറ്അക്കൗണ്ടിൽ ക്രെഡിറ്റ് വരുന്ന തീയതിയോ?

**ഉത്തരം:** ഗവൺമെൻറ് അക്കൗണ്ടിൽ ക്രെഡിറ്റ് വരുന്ന തീയതി.

**ചോദ്യം 10:** ഇ-ലെഡ്ജർ എന്നാൽ എന്ത്?

**ഉത്തരം:** രജിസ്റ്റർ ചെയ്ത ഓരോ നികുതിദായകൻറ്റെയും നികുതി പണത്തിൻറ്റെയും ക്രെഡിറ്റിൻറ്റെയും സ്റ്റേയ്റ്റ്മെൻറുകളാണ് ഇലക്ട്രോണിക് ലെഡ്ജർ അല്ലെങ്കിൽ ഇ-ലെഡ്ജർ. ഇത് കൂടാതെ ഓരോ നികുതിദായകനും ഒരു ഇലക്ട്രോണിക് നികുതി ബാധ്യത ലെഡ്ജറും ഉണ്ട്. ഒരിക്കൽ ഒരു നികുതിദായകൻ കോമൺ പോർട്ടലിൽ (GSTN) രജിസ്റ്റർ ചെയ്താൽ, രണ്ടു ഇ-ലെഡ്ജറുകളും (ക്യാഷിന്റേയും ഇൻപുട്ട് ടാക്സ് ക്രെഡിറ്റിൻറ്റെയും) ഒരു ഇലക്ട്രോണിക് നികുതി ബാധ്യതലെഡ്ജറും അയാളുടെ ഡാഷ്ബോർഡിൽ ഓട്ടോമാറ്റിക് ആയി എല്ലാ സമയവും തെളിഞ്ഞ് വരും.

**ചോദ്യം 11:** നികുതി ബാധ്യത ലെഡ്ജ ർ എന്താണ്?

**ഉത്തരം:** ഒരു നികുതിദായകൻറ്റെ ഓരോ മാസത്തേയും ഉള്ള മൊത്തം നികുതി കാണിക്കുന്നത് (നെറ്റിങ്ങിനു ശേഷം) നികുതി ബാധ്യത ലെഡ്ജറിലാണ്.

**ചോദ്യം 12:** ക്യാഷ് ലെഡ്ജർ എന്താണ്?

**ഉത്തരം:** നികുതിദായകൻ ചെയ്യുന്ന പണമായുള്ള എല്ലാ ഡെപ്പോസിറ്റും സ്രോതസ്സിൽ പിടിച്ചതും പിരിച്ചതും ആയ നികുതി (TDS/TCS) പ്രതിഫലിപ്പിക്കുന്ന അക്കൗണ്ടാണ് ക്യാഷ് ലെഡ്ജർ. റിയൽ ടൈം അടിസ്ഥാനത്തിൽ വിവരങ്ങൾ ഇതിൽ ലഭ്യമാണ്. GST പ്രകാരം ഉള്ള ഏത് പണമടക്കലിനും ഇത് ഉപയോഗിക്കാം.

**ചോദ്യം 13:** ITC ലഡ്ജർ എന്നാൽ എന്താണ്?

**ഉത്തരം:** ഓരോ മാസത്തേയും റിട്ടേണിൽ സ്വയം നിർണയിച്ച ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് ITC ലഡ്ജറിൽ പ്രതിഫലിയ്ക്കുന്നു. ഈ ലഡ്ജറിലെ ക്രെഡിറ്റ് നികുതിയടയ്ക്കാൻ മാത്രമേ ഉപയോഗിക്കാവൂ. പലിശ, പിഴ, ഫീസ് എന്നിവ അടക്കാൻ ഉപയോഗിക്കാൻപാടില്ല.

**ചോദ്യം 14:** GSTN-ഉം അധികാരപ്പെടുത്തിയ ബാങ്കുകളും തമ്മിലുള്ള ബന്ധം എന്താണ്?

**ഉത്തരം:** GSTN നെറ്റ്വർക്കും ബാങ്കിൻറ്റെ കോർ ബാങ്കിങ് സൊല്യൂഷനും തമ്മിൽ അങ്ങോട്ടും ഇങ്ങോട്ടും ഉള്ള തത്സമയ ബന്ധപെടൽ ഉണ്ട്. ഒരു ഇലക്ട്രോണിക്ക് സ്ട്രിംഗ് വഴി CPIN സ്വയം ബാങ്കുമായി പണം സ്വീകരിക്കുന്നതിനും പരിശോധിക്കുന്നതിനുമായി ബന്ധപ്പെട്ടിരിക്കുന്നു. ബാങ്ക് ചെല്ലാൻ തിരിച്ചറിയൽ നമ്പർ (CIN) കോമൺ പോർട്ടലിൽ സ്വയം അയച്ച് പണമടച്ച കാര്യം ഉറപ്പാക്കുന്നു. ബാങ്ക് കാഷ്യറുടെയോ ടെല്ലറുടെയോ നികുതിദായകൻറ്റെയോ ഇടപെടൽ ഇക്കാര്യത്തിൽആവശ്യമില്ല .

**ചോദ്യം 15:** ഒരു നികുതിദായകന് പല പ്രാവശ്യമായി ചെല്ലാൻ ജനറേറ്റ് ചെയ്യാമോ?

**ഉത്തരം:** ഒരു നികുതിദായകന് ഭാഗികമായി ചെല്ലാൻ പൂരിപ്പിക്കുകയും പിന്നീട് പൂർത്തിയാക്കാനായി തൽക്കാലത്തേക്ക് സേവ് ചെയ്യുകയും ചെയ്യാം. സേവ് ചെയ്ത ചെല്ലാൻ പൂർത്തിയാക്കുന്നതിനു മുമ്പായി എഡിറ്റു ചെയ്യാവുന്നതാണ്. ചെല്ലാൻ പൂർത്തിയാക്കിയ ശേഷം ജനറേറ്റ് ചെയ്ത് നികുതിയടയ്ക്കാൻ

ഉപയോഗിക്കാം. പണമടച്ചയാളിന് അയാളുടെ രേഖയായി അച്ചടിച്ച പതിപ്പ് എടുക്കാം.

**ചോദ്യം 16:** ഓൺലൈനിൽ ജെനറേറ്റ് ചെയ്ത ചെല്ലാൻ തിരുത്താമോ ?

**ഉത്തരം:** പാടില്ല. ചെല്ലാൻ ജെനറേറ്റ് ചെയ്യുന്നതിനായി GSTN പോർട്ടലിൽ ലോഗിൻ ചെയ്ത ശേഷം, പണമടക്കലിൻറെ വിവരങ്ങൾ നികുതിദായകനോ, അധികാരപ്പെടുത്തിയ ആളോ അതിൽ ചേർക്കണം. ഇടക്കുവെച്ചു പിന്നീട് പൂർത്തീകരിക്കാനായി ചെല്ലാൻ സേവ് ചെയ്യാം. എന്നാൽ ഒരിക്കൽ പൂർത്തിയാക്കുകയും CPIN ജെനറേറ്റ് ചെയ്യുകയും ചെയ്ത ശേഷം നികുതിദായകന് വീണ്ടും മാറ്റങ്ങൾ വരുത്താൻ സാധ്യമല്ല.

**ചോദ്യം 17:** ചെല്ലാന് എന്തെങ്കിലും സാധുതാകാലം ഉണ്ടോ?

**ഉത്തരം:** ഉണ്ട്. ഒരു ചെല്ലാൻ അതു ജനറേറ്റ് ചെയ്ത് 15 ദിവസത്തേക്ക് സാധുവായിരിക്കും. അതിനുശേഷം അത് സിസ്റ്റത്തിൽ നിന്നും നീക്കം ചെയ്യും. നികുതിദായകന് വീണ്ടും അയാളുടെ സൗകര്യപ്രകാരം ചെല്ലാൻ ജനറേറ്റ് ചെയ്യാവുന്നതാണ്.

**ചോദ്യം 18:** CPIN എന്നാൽ എന്താണ്?

**ഉത്തരം:** കോമൺ പോർട്ടൽ ഐഡന്റിഫിക്കേഷൻ നമ്പർ എന്നതാണ് CPIN. ചെല്ലാൻ ജെനറേറ്റ് ചെയ്യുന്ന സമയത്ത് നൽകുന്ന നമ്പർ ആണ് അത്. ചെല്ലാൻ തിരിച്ചറിയാനായി കൊടുക്കുന്ന 14 അക്കമുള്ള ഒരു പ്രത്യേക നമ്പർ ആണത്. മുമ്പ് പറഞ്ഞതുപോലെ 15 ദിവസത്തേക്ക് അത് സാധുതയുള്ളതായി നിൽക്കുന്നു .

**ചോദ്യം 19:** CIN എന്നാൽ എന്ത്? അതിൻറെ സാംഗത്യം എന്താണ്?

**ഉത്തരം:** CIN എന്നത് ചെല്ലാൻ ഐഡന്റ്റിഫിക്കേഷൻ നമ്പർ ആണ്. 17 അക്കമുള്ളതും 14 അക്ക CPIN നമ്പറും 3 അക്കമുള്ള ബാങ്ക് കോഡും ചേരുന്നതാണ്. പണം യഥാർത്ഥത്തിൽ കിട്ടുകയും അത് ബന്ധപ്പെട്ട ഗവമെന്റ് അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യുകയും ചെയ്യുമ്പോൾ അധികാരപ്പെടുത്തിയ ബാങ്ക്/റിസേർവ് ബാങ്ക് ഓഫ് ഇന്ത്യ നൽകുന്ന നമ്പർ ആണ് ഇത്. പണം കിട്ടിയെന്നും അത് ബന്ധപ്പെട്ട ഗവമെന്റ് അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തെന്നും ഇത് സൂചിപ്പിക്കുന്നു. അധികാരപ്പെടുത്തിയ ബാങ്ക് നികുതിദായകനെയും GSTN-നെയും CIN നമ്പർ അറിയിക്കുന്നു.

**ചോദ്യം 20:** മുൻ മാസങ്ങളിലെയും ബാധ്യതയുള്ള ഒരു നികുതിദായകൻ ഏതു ക്രമത്തിലാണ് നികുതി അടക്കേണ്ടത്?

**ഉത്തരം:** 49(8) വകുപ്പ് പ്രകാരം ഓരോ റിട്ടേൺ കാലയളവിന് മുമ്പുള്ള ബാധ്യത നിലനിൽക്കുന്ന നികുതിദായകൻറെ കാര്യത്തിൽ പണം അടയ്ക്കുന്നതിന് ഒരു പ്രത്യേക ക്രമം നിഷ്കർഷിച്ചിട്ടുണ്ട്. അത്തരം സാഹ ചര്യങ്ങളിൽ പണമടയ്ക്കേണ്ടതിൻറെ ക്രമം ഇപ്രകാരം ആണ്. ആദ്യം, മുൻകാലത്തെ സ്വയം നിർണ്ണയിച്ച നികുതിയും പലിശയും; അതിനുശേഷം അപ്പോഴത്തെ റിട്ടേൺ കാലയളവിലെ സ്വയം നിർണ്ണയിച്ച നികുതിയും പലിശയും;

അതിനുശേഷം വകുപ്പ് 73, 74 പ്രകാരം ഡിമാൻഡ് ചെയ്യതും മറ്റു തുകകളും. ഈ ക്രമം നിർബന്ധമായും പാലിക്കേണ്ടതാണ്.

**ചോദ്യം 21:** മേല്പറഞ്ഞതിൽ "മറ്റു കുടിശ്ശികകൾ" എന്ന പദം കൊണ്ട് എന്താണ് അർത്ഥമാക്കുന്നത്?

**ഉത്തരം:** പലിശ, പിഴ, ഫീ ഇവയും നിയമപ്രകാരം അടയ്ക്കേണ്ട മറ്റെന്ത് തുകയും "മറ്റു കുടിശ്ശികകൾ" എന്ന പദത്തിന് കീഴിൽ വരും.

**ചോദ്യം 22:** എന്താണ് E-PFB ?

**ഉത്തരം:** E-PFB എന്നത് ഇലക്ട്രോണിക് ഫോക്കൽ പോയിൻറ് ബ്രാഞ്ചാണ്. ഈ ബ്രാഞ്ചുകൾ GST പിരിക്കാൻ അധികാരപ്പെടുത്തിയിട്ടുള്ള ബാങ്കുകളുടെ ശാഖകളാകുന്നു. ഓരോന്നും അധികാരപ്പെടുത്തിയിട്ടുള്ള ബാങ്കും അവരുടെ ഒരു ശാഖയെ മാത്രം E-PFB ശാഖയായി അഖിലേന്ത്യാതലത്തിൽ പണമിടപാടുകൾക്കു വേണ്ടി തിരഞ്ഞെടുക്കണം. E-PFB ശാഖ എല്ലാ മേജർ ഹെഡ്ഡിന്റെ പേരിൽ എല്ലാ ഗവണ്മെന്റുകൾക്കും അക്കൗണ്ടുകൾ തുറക്കണം. മൊത്തത്തിൽ 38 അക്കൗണ്ടുകൾ, അതായത് CGST, IGST കൂടാതെ SGST, State/UT ഗവണ്മെന്റ്നുവേണ്ടിയും തുറക്കണം. GST ക്ക് E-PFB വഴി കിട്ടിയ ഏതു തുകയും അത്തരം E-PFB നിലനിർത്തുന്ന ഉചിതമായ അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്യപ്പെടും. NEFT/RTGS ഇടപാടുകൾക്ക് E-PFB ആയി പ്രവർത്തിക്കുന്നത് RBI ആയിരിക്കും.

**ചോദ്യം 23:** TDS എന്നാൽ എന്താണ്?

**ഉത്തരം:** സ്രോതസ്സിൽ പിടിക്കുന്ന നികുതിയാണ് TDS. വകുപ്പ് 51 പ്രകാരം ഗവർണ്മെന്റോ, ഗവണ്മെന്റ് സ്ഥാപനങ്ങളോ വിജ്ഞാപനപ്പെടുത്തിയ മറ്റു സ്ഥാപനങ്ങളോ കരാർ പ്രകാരം സപ്ലയർക്ക് 10 ലക്ഷം രൂപയിൽ അധികം നൽകുമ്പോൾ ആണ് ഇത് ബാധകമാകുന്നത്. പണം നൽകുമ്പോൾ അത്തരം ഗവണ്മെന്റും സ്ഥാപനങ്ങളും അതിൽ നിന്നും ഒരു ശതമാനം പിടിച്ച് ബന്ധപ്പെട്ട GST അക്കൗണ്ടിലേക്കു അടയ്ക്കേണ്ടതാണ്.

**ചോദ്യം 24:** സപ്ലയർ റിട്ടേൺ ഫയൽ ചെയ്യുമ്പോൾ TDS എങ്ങനെയാണ് കണക്കിൽ പെടുത്തുന്നത്?

**ഉത്തരം:** ബന്ധപ്പെട്ട സപ്ലയറുടെ ഇലക്ട്രോണിക് ക്യാഷ് ലെഡ്ജറിൽ സ്രോതസ്സിൽ പിടിച്ച നികുതിയുടെ (TDS) പ്രതിഫലനം ഉണ്ടാകും. അയാൾക്കു ഈ തുക അയാളുടെ നികുതി ബാധ്യത, പലിശ, ഫീസ് തുടങ്ങിയവ അടയ്ക്കാൻ ഉപയോഗിക്കാം.

**ചോദ്യം 25:** സ്രോതസ്സിൽ നികുതി പിടിച്ച ആൾ അത് എങ്ങനെയാണ് കണക്കിൽ പെടുത്തുന്നത്?

**ഉത്തരം:** താഴെപ്പറയുന്ന രീതികളിൽ സ്രോതസ്സിൽ നികുതി പിടിച്ച ആൾക്ക് TDS കണക്കിൽ എടുക്കാവുന്നതാണ്:

1. വകുപ്പ് 24 പ്രകാരം, സ്രോതസ്സിൽ നികുതിപിടിക്കുന്നയാൾ നിർബന്ധമായും രജിസ്റ്റർ ചെയ്യേണ്ടതാണ്.

2. ഓരോ മാസവും സ്രോതസ്സിൽ പിടിച്ചതും GSTR-7-ൽ കാണിച്ചതുമായ നികുതി, തൊട്ടടുത്ത മാസം പത്താം തിയതിയോടുകൂടി അടയ്ക്കണം.
3. TDS ആയി ഡെപോസിറ്റ് ചെയ്ത തുക സപ്ലയറുടെ ഇലക്ട്രോണിക് ക്യാഷ് ലെഡ്ജറിൽ പ്രതിഫലിക്കും.
4. ആർക്കുവേണ്ടിയാണോ സ്രോതസ്സിൽ നികുതി പിടിച്ചത് അവർക്ക് 5 ദിവസത്തിനുള്ളിൽ TDS സർട്ടിഫിക്കറ്റ് കൊടുക്കണം. ഇതിനു വീഴ്ച വരുത്തിയാൽ ദിവസം 500 രൂപ വീതം പരാമാവധി 5000 രൂപ നികുതി പിടിച്ചയാൾ പിഴ അടയ്ക്കണം.

**ചോദ്യം 26:** സ്രോതസ്സിൽ നികുതി പിരിക്കുക (TCS) എന്നാൽ എന്താണ്?

**ഉത്തരം:** വകുപ്പ് 43C പ്രകാരം TCS ഇ-കോമേഴ്സ് ഓപ്പറേറ്റർക്കു മാത്രം ബാധക മാണ്. ഓരോ ഇ-കോമേഴ്സ് ഓപ്പറേറ്ററും സപ്ലയർക്ക് പണം നൽകുമ്പോൾ അതിൽനിന്നും പിടിച്ചു വെക്കേണ്ട ഒരു നിശ്ചിത ശതമാനം തുകയാണത്. (നിരക്ക് GST കൗൺസിൽ നോട്ടിഫൈ ചെയ്യും). അങ്ങനെ പിടിച്ചുവെക്കുന്ന തുക, ഇ-കോമേഴ്സ് ഓപ്പറേറ്റർ ബന്ധപ്പെട്ട GST അക്കൗണ്ടിലേക്ക് തൊട്ടടുത്ത മാസം പത്താം തിയതിയോടെ അടയ്ക്കണം. TCS ആയി ഡിപോസിറ്റ് ചെയ്യുന്ന തുക സപ്ലയറുടെ ക്യാഷ് ലെഡ്ജറിൽ പ്രതിഫലിക്കും.

**ചോദ്യം 27**: ടാക്സബിൾ സപ്ളൈസിന്റെ നെറ്റ് വാല്യൂ എന്നതിൻറെ അർത്ഥം എന്താണ്?

**ഉത്തരം**: ടാക്സബിൾ സപ്ളൈസിന്റെ നെറ്റ് വാല്യൂ എന്നതിൻറെ അർത്ഥം നികുതിദായകൻ സപ്ലൈ ചെയ്ത വകുപ്പ് 9(5)ൽ പറഞ്ഞിട്ടില്ലാത്ത ടാക്സബിൾ സെർവീസുകളുടെയും ചരക്കുകളുടേയും ആകെ തുകയിൽ നിന്നും ആ മാസത്തിൽ തിരിച്ചു വന്ന ടാക്സബിൾ സപ്ലൈയുടെ ആകെ തുക കുറച്ചു കിട്ടുന്ന വാല്യൂ ആണ്.

**ചോദ്യം 28:** ക്രെഡിറ്റ് കാർഡ് വഴി GST അടയ്ക്കാൻ, കാർഡ് GSTN പോർട്ട ലിൽ മുൻകൂട്ടി രജിസ്റ്റർ ചെയ്യണ്ടതുണ്ടോ?

**ഉത്തരം:** ഉണ്ട്. നികുതിദായകൻ അയാളുടെ ഏത് ക്രെഡിറ്റ് കാർഡിൽ നിന്നാണോ നികുതി അടയ്ക്കാൻ ഉദ്ദേശിക്കുന്നത് അത് (GSTN) കോമൺ പോർട്ടലിൽ മുൻകൂറായി രജിസ്റ്റർ ചെയ്യണം. ക്രെഡിറ്റ് കാർഡ് സേവന ദാതാവിൽനിന്നും ബാങ്കുകൾ അത് പരിശോധിച്ച് ഉറപ്പുവരുത്തുന്നതിനുള്ള ഒരു സംവിധാനവും ശ്രമിക്കുന്നതാണ്. ബിസിനസ് ചെയ്യുന്നത് എളുപ്പത്തിലാ ക്കാനായി ക്രെഡിറ്റ് കാർഡ് മുഖേന പരിധി ഇല്ലാതെ നികുതി അടയ്ക്കാവു ന്നതാണ്.

# 8. ഇ–കോമേഴ്സ്

**ചോദ്യം 1:** ഇ–കോമേഴ്സ് എന്താണ്?

**ഉത്തരം:** ഒരു ഇലക്ട്രോണിക് നെറ്റ് വർക്കിലൂടെ ഏതെങ്കിലും ചരക്കോ സേവനമോ അല്ലെങ്കിൽ ര  ും, ഡിജിറ്റൽ ഉൽപ്പന്നങ്ങൾ ഉൾപ്പെടെ വിതരണം ചെയ്യുന്ന രീതിയാണ് ഇ–കൊമേഴ്സ്.

**ചോദ്യം 2:** ആരാണ് ഇ–കൊമേഴ്സ് ഓപ്പറേറ്റർ?

**ഉത്തരം:** ഏതെങ്കിലും സാധനമോ സേവനമോ വിതരണം ചെയ്യാനായി ഇലക്ട്രോണിക് സൗകര്യം/പ്ലാറ്റ്ഫോം സ്വന്തമായി ഉള്ളതോ മറ്റൊരാൾ മുഖേന ഈ സൗകര്യം ലഭ്യമാക്കുകയോ ചെയ്യുന്ന ഏതൊരാളും ഇ–കൊമേഴ്സ് ഓപ്പറേറ്ററാണ്.

**ചോദ്യം 3:** ഇ–കൊമേഴ്സ് ഓപ്പറേറ്റർക്ക് രജിസ്ട്രേഷൻ എടുക്കണം എന്ന് നിർബന്ധമുേ  ാ?

**ഉത്തരം**: ഉ ്. ആരംഭത്തിലുള്ള ടേൺ ഓവർ അടിസ്ഥാനത്തിലുള്ള ഇളവ് ഇ–കൊമേഴ്സ് ഓപ്പറേറ്റർക്ക് ലഭ്യമല്ല. ഈയാൾ ഈയാളുടെ വിതരണ തുക എത്രതന്നെയായാലും ആരംഭത്തിൽ തന്നെ രജിസ്ട്രേഷൻ എടുക്കാൻ ബാദ്ധ്യസ്ഥനാണ്.

**ചോദ്യം 4**: ഇ–കൊമേഴ്സ് ഓപ്പറേറ്റർ വഴി വിതരണം ചെയ്യുന്ന ചരക്ക്/ സേവനങ്ങൾ ഒരു വിതരണക്കാരന് മൊത്തം ടേൺ ഓവർ അടിസ്ഥാനത്തിലുള്ള ഇളവ് പരിധിക്ക് അവകാശമുേ  ാ?

**ഉത്തരം:** ഇല്ല. ആരംഭത്തിലുള്ള ഇളവ് ഇത്തരം വിതരണക്കാർക്ക് ലഭ്യമല്ല. ഇവരുടെ വിതരണമൂല്യം എത്ര തന്നെയായാലും ആരംഭത്തിൽ തന്നെ രജിസ്ട്രേഷൻ എടുക്കുവാൻ ബാദ്ധ്യസ്ഥരാണ്. എന്നാൽ സ്രോതസ്സിലെ നികുതി (ടി.സി.എസ്) പിരിക്കാനോ ശേഖരിക്കാനോ ബാദ്ധ്യതയുള്ള ഇ–കൊമേഴ്സ് ഓപ്പറേറ്റർ മുഖേനയുള്ള വിതരണത്തിന് മാത്രമാണ് ആരംഭത്തിലുള്ള രജിസ്ട്രേഷൻ ആവശ്യമുള്ളു.

**ചോദ്യം 5:** ഇ–കൊമേഴ്സ് ഓപ്പറേറ്റർക്ക് ഇയാൾ മുഖേന വിതരണം ചെയ്ത സാധനങ്ങളുടേയോ സേവനങ്ങളുടേയോ നികുതി യഥാർത്ഥ വിതരണക്കാരന് പകരമായി അടയ്ക്കുവാൻ ബാദ്ധ്യത ഉേ  ാ?

**ഉത്തരം:** ഉ ്. എന്നാൽ ഈ ബാദ്ധ്യത പ്രത്യേകമായി പ്രഖ്യാപിച്ചിരിക്കുന്ന ചില സേവനങ്ങളിൽ മാത്രം. ഇത്തരം സന്ദർഭങ്ങളിൽ ഒരു ഇലക്ട്രോണിക് കൊമേഴ്സ് ഓപ്പറേറ്റർ താൻ മുഖേന വിതരണം ചെയ്യുന്ന സേവനങ്ങളുടെ നികുതി അടയ്ക്കുവാൻ ബാദ്ധ്യസ്ഥനാണ്. ഒരു യഥാർത്ഥ വിതരണക്കാരൻ എന്ന പോലെ തന്നെ ആക്ടിലെ എല്ലാ വ്യവസ്ഥകളും പാലിക്കുവാൻ ഇ കൊമേഴ്സ് ഓപ്പറേറ്ററും ബാദ്ധ്യസ്ഥനാണ്.

**ചോദ്യം 6:** പ്രത്യേകമായി പ്രഖ്യാപിച്ച സേവനങ്ങൾ വിതരണം ചെയ്യു മ്പോൾ ഒരു ഇ–കൊമേഴ്സ് ഓപ്പറേറ്റർക്ക് ആരംഭത്തിലുള്ള ഇളവിന് അർഹത ഉ ാ?

**ഉത്തരം:** ഇല്ല. ഒരു ഇ–കൊമേഴ്സ് ഓപ്പറേറ്റർ പ്രത്യേകമായി പ്രഖ്യാ പിച്ച സേവനങ്ങൾ ഇയാൾ മുഖേന വിതരണം ചെയ്യുമ്പോൾ ആരംഭത്തി ലുള്ള ഇളവിന് അർഹത ഇല്ല.

**ചോദ്യം 7:** സ്രോതസ്സിലെ (ടി.സി.എസ്) നികുതി പിരിവ് എന്താണ്?

**ഉത്തരം:** വിതരണം ചെയ്യുന്ന നികുതി അടയ്ക്കാൻ ബാദ്ധ്യത ഉള്ള സാധനങ്ങളുടേയോ സേവനങ്ങളുടേയോ മൊത്തം തുക ശേഖരിക്കാൻ ബാദ്ധ്യത ഉള്ള ഇ–കൊമേഴ്സ് ഓപ്പറേറ്റർ ഈ മൊത്തം തുകയുടെ ഒരു ശതമാനം കൂടി നികുതി ഇനത്തിൽ ശേഖരിക്കാൻ ബാദ്ധ്യസ്ഥനാണ്. ഇങ്ങനെ ശേഖരിച്ച ഈ ഒരു ശതമാനത്തിന് തുല്യമായ തുകയെ സ്രോത സ്സിലെ നികുതി എന്നറിയപ്പെടുന്നു.

**ചോദ്യം 8**: ഇ–കൊമേഴ്സ് കമ്പനികൾ വിതരണം ചെയ്ത സാധനങ്ങൾ ഉപഭോക്താക്കൾ തിരിച്ചയയ്ക്കുന്നത് സർവ്വ സാധാരണമാണ്. ഇങ്ങനെ തിരിച്ചയക്കുന്ന സാധനങ്ങൾ എങ്ങനെയാണ് കണക്കാക്കുന്നത്?

**ഉത്തരം**: ഒരു ഇ–കൊമേഴ്സ് കമ്പനിക്ക് അവർ മുഖേന വിതരണം ചെയ്ത സാധനങ്ങളുടേയോ സേവനങ്ങളുടേയോ അല്ലെങ്കിൽ ര ിന്റേ യോ യഥാർത്ഥ തുകയിന്മേൽ ആണ് നികുതി ശേഖരിക്കാൻ ബാദ്ധ്യത. മറ്റൊരർത്ഥത്തിൽ പറഞ്ഞാൽ തിരിച്ചുവരുന്ന സാധനങ്ങളുടെ മൂല്യം ആകെ വിതരണം ചെയ്ത സാധനങ്ങളുടെ തുകയിൽ നിന്നും കുറയ്ക്കാ വുന്നതാണ്.

**ചോദ്യം** 9: നികുതി വിധേയമായ വിതരണത്തിന്റെ യഥാർത്ഥ മൂല്യം (Net Value) എന്നാൽ എന്താണ്?

**ഉത്തരം:** ഏതെങ്കിലും ഒരു മാസത്തിൽ ഒരു രജിസ്ട്രേഡ് വ്യക്തി/ കമ്പനി വിതരണം ചെയ്ത നികുതി വിധേയമായ സാധനങ്ങളുടേയോ സേവനങ്ങളുടേയോ ആകെ തുകയാണ് യഥാർത്ഥ മൂല്യം എന്ന് ഉദ്ദേശി ക്കുന്നത്. ഇതിൽ ഇ–കൊമേഴ്സ് ഓപ്പറേറ്റർ വഴി വിതരണം ചെയ്തതും അതിന്മേൽ ഇ–കൊമേഴ്സ് ഓപ്പറേറ്റർ നികുതി അടയ്ക്കാൻ ബാദ്ധ്യത ഉള്ളതും ആയ സേവനത്തിന്റെ മൂല്യവും യഥാർത്ഥ വിതരണക്കാരന് തിരിച്ചു വന്ന സാധനങ്ങളുടെ മൂല്യവും മുകളിൽ പറഞ്ഞ യഥാർത്ഥ മൂല്യ ത്തിൽ ഉൾപ്പെടുന്നതല്ല.

**ചോദ്യം 10:** എല്ലാ ഇ–കൊമേഴ്സ് ഓപ്പറേറ്റർമാരും യഥാർത്ഥ വിതരണക്കാ രനു വേ ി നികുതി പിരിക്കാൻ ബാദ്ധ്യസ്ഥനാണോ?

**ഉത്തരം:** അതെ. വിതരണം ചെയ്ത സാധനങ്ങളുടേയോ സേവനങ്ങളു ടേയോ മൂല്യം ഇ–കൊമേഴ്സ് ഓപ്പറേറ്റർ ആണ് ശേഖരിക്കുന്നത് എങ്കിൽ ഈ തുകയിന്മേലുള്ള നികുതി ശേഖരിക്കാനും ഇ–കൊമേഴ്സ് ഓപ്പറേറ്റർ ബാദ്ധ്യസ്ഥനാണ്.

**ചോദ്യം 11:** എപ്പോഴാണ് ഇ–കൊമേഴ്സ് ഓപ്പറേറ്റർ ഈ നികുതി പിരിക്കേ ത്?

**ഉത്തരം:** ഏതു മാസത്തിലാണോ സാധനങ്ങളോ സേവനങ്ങളോ വിതരണം ചെയ്തത് ആ മാസത്തിൽ തന്നെ നികുതി പിരിക്കേ താകുന്നു.

**ചോദ്യം 12:** ഇ–കൊമേഴ്സ് ഓപ്പറേറ്റർ എപ്പോഴാണ് ഇയാൾ പിരിച്ചെടുത്ത് സ്രോതസ്സിലെ നികുതി (ടി.സി.എസ്) ഗവൺമെന്റ് അക്കൗ ിലേക്ക് അടയ്ക്കേ ത്?

**ഉത്തരം:** നികുതി (ടി.സി.എസ്) പിരിച്ചെടുത്ത മാസം അവസാനിച്ച് പത്ത് ദിവസത്തിനുള്ളിൽ അതാത് സർക്കാരിലേക്ക് ഈ നികുതി അടയ്ക്ക താകുന്നു.

**ചോദ്യം 13:** ഒരു യഥാർത്ഥ വിതരണക്കാരൻ എങ്ങനെയാണ് മുകളിൽ പറഞ്ഞ സ്രോയസ്സിലെ നികുതി പിരിച്ചത് ഇയാളുടെ കണക്കിൽപ്പെടുത്തേ ത്?

**ഉത്തരം:** അതാത് ഗവൺമെന്റ് അക്കൗ ിൽ ഇ–കൊമേഴ്സ് ഓപ്പറേറ്റർമാർ നിക്ഷേപിച്ച സ്രോതസ്സിലെ നികുതി രജിസ്റ്റർ ചെയ്യപ്പെട്ട യഥാർത്ഥ വിതരണക്കാരന്റെ ക്യാഷ് ലെഡ്ജറിൽ കാണാവുന്നതാണ്. ഇ–കൊമേഴ്സ് ഓപ്പറേറ്റർമാർ ഫയൽ ചെയ്യുന്ന സ്റ്റേറ്റ്മെന്റിൽ ഏതു വിതരണക്കാരനുവേ ിയാണോ നികുതി പിരിച്ചതെന്നും എത്ര തുകയാണ് പിരിച്ചതെന്നും കാണാവുന്നതാണ്. ഈ സ്റ്റേറ്റുമെന്റിനെ ആധാരമാക്കിയായിരിക്കും ഓരോ വിതരണക്കാരന്റേയും ക്യാഷ് ലെഡ്ജറിൽ പ്രത്യക്ഷമാകുന്ന നികുതി (ടി.സി.എസ്) വിവരം. ഒരു യഥാർത്ഥ വിതരണക്കാരൻ ഇയാളുടെ നികുതി ബാദ്ധ്യത തീർക്കുന്ന സമയത്ത് മുകളിൽ പറഞ്ഞ സ്രോതസ്സിലെ നികുതി കൂടി ഉപയോഗിക്കാവുന്നതാണ്.

**ചോദ്യം 14:** ഏതെങ്കിലും വിധത്തിലുള്ള സ്റ്റേറ്റ്മെന്റ് സമർപ്പിക്കാൻ ഇ–കൊമേഴ്സ് ഓപ്പറ്ററർ ബാദ്ധ്യസ്ഥനാണോ? ഏതൊക്കെ വിവരങ്ങളാണ് ഇ സ്റ്റേറ്റ്മെന്റിൽ നൽകേ ത്?

**ഉത്തരം:** ബാദ്ധ്യസ്ഥനാണ്. എല്ലാ ഇ–കൊമേഴ്സ് ഓപ്പറേറ്റർമാരും അതാതു മാസം അവസാനിച്ച് പത്തു ദിവസത്തിനുള്ളിൽ ഒരു സ്റ്റേറ്റ്മെന്റ് ഇലക്ട്രോണിക് ആയി ഫയൽ ചെയ്യേ താകുന്നു. ഈ സ്റ്റേറ്റ്മെന്റിൽ അതാതു മാസം വിതരണം ചെയ്ത സാധനങ്ങളുടേയോ സേവനങ്ങളുടേയോ വിവരങ്ങൾ നൽകേ താകുന്നു. തന്നെയുമല്ല ഏതെങ്കിലും സാധനങ്ങളോ സേവനങ്ങളോ തിരിച്ചു വന്നിട്ടു ങ്കിൽ ആ വിവരങ്ങളും ആ മാസം പിരിച്ചെടുത്ത സ്രോതസ്സിലെ എല്ലാ നികുതി തുകയും ഈ സ്റ്റേറ്റ്മെന്റിൽ കാണിക്കേ താണ്. ഏതു സാമ്പത്തിക വർഷത്തിലാണോ നികുതി പിരിച്ചത് ആ സാമ്പത്തിക വർഷം കഴിഞ്ഞു വരുന്ന ഡിസംബർ 31–നോടുകൂടി ഒരു വാർഷിക സ്റ്റേറ്റ്മെന്റു കൂടി ഫയൽ ചെയ്യേ താകുന്നു.

**ചോദ്യം 15:** ഇ–കൊമേഴ്സിലുള്ള വ്യവസ്ഥകളുമായി യോജിപ്പിക്കാനുള്ള ധാരണ എന്താണ്? എത്രത്തോളം ഇത് ഫലപ്രദമാകും?

**ഉത്തരം:** ഒരു ഇ–കൊമേഴ്സ് ഓപ്പറേറ്റർ ഫയൽ ചെയ്ത സ്റ്റേറ്റുമെന്റിൽ ആ മാസം നടത്തിയ എല്ലാ വിതരണത്തിന്റേയും വിവരങ്ങൾ കാണിക്കേ താകുന്നു. ഈ വിവരങ്ങൾ യഥാർഥ വിതരണക്കാരൻ സമർപ്പിച്ച അതേ മാസത്തിലേയോ അതിനു മുൻമാസത്തേയോ യഥാർത്ഥ റിട്ടേണിൽ കാണിച്ചിരിക്കുന്ന പുറത്തേക്ക് വിതരണം ചെയ്ത സാധനങ്ങളുടേയോ സേവനങ്ങളുടേയോ വിശദാംശങ്ങളുമായി ഒത്തു നോക്കുന്നതാണ്. ഇ–കൊമേഴ്സ് ഓപ്പറേറ്റർ ഫയൽ ചെയ്ത സ്റ്റേറ്റുമെന്റിൽ കാണിച്ചിരിക്കുന്ന വിവരങ്ങൾ യഥാർത്ഥ വിതരണക്കാരന്റെ അനുയോജ്യ റിട്ടേണിൽ കാണിച്ചിരിക്കുന്ന വിവരങ്ങളുമായി പൊരുത്തപ്പെടുന്നില്ലെങ്കിൽ ഈ വിവരം ര ു പേരേയും അറിയിക്കുന്നതാണ്.

**ചോദ്യം 16:** മുകളിൽ പറഞ്ഞ ര ു പേരുടേയും വിവരങ്ങളിൽ പോരുത്തക്കേടുെ ങ്കിൽ എന്തു ചെയ്യും?

**ഉത്തരം:** പൊരുത്തക്കേട് കെ ത്തിയതിനെ തുടർന്ന് നികുതി അടയ്ക്കാൻ ബാദ്ധ്യതയുള്ള തുകയെ സംബന്ധിച്ചുള്ള വിവരം യഥാർത്ഥ വിതരണക്കാരനെ അറിയിച്ചതിനു ശേഷവും ഈ വിതരണക്കാരൻ ആ മാസത്തെ യഥാർത്ഥ റിട്ടേണിൽ തെറ്റു തിരുത്താതിരിക്കുകയും ചെയ്താൽ തുടർന്ന് വരുന്ന മാസത്തെ നികുതി തുകയുടെ ബാദ്ധ്യതയിലേക്ക് പൊരുത്തക്കേടായി ക തുക കൂടി കൂട്ടിച്ചേർക്കുന്നതാണ്. ബന്ധപ്പെട്ട വിതരണക്കാരൻ ഇങ്ങനെ കൂട്ടിച്ചേർത്ത നികുതി തുക പലിശയടക്കം അടയ്ക്കുവാൻ ബാദ്ധ്യസ്ഥനാണ്. പൊരുത്തക്കേടായി ക തുക ഏതു ദിവസമാണോ അടയ്ക്കേ ിയിരുന്നത് ആ ദിവസം മുതൽ ഏതു ദിവസമാണോ അടച്ചു തീർക്കുന്നത് ആ ദിവസം വരെയുള്ള പലിശ ഈടാക്കുന്നതാണ്.

**ചോദ്യം 17:** ഏതെങ്കിലും പ്രത്യേക അധികാരം നികുതി ഉദ്യോഗസ്ഥർക്ക് നൽകിയിട്ടുേ ാ?

**ഉത്തരം:** ഡെപ്യൂട്ടി കമ്മീഷണർക്ക് താഴെ അല്ലാത്ത ഏതു ഉദ്യോഗസ്ഥനും ഇലക്ട്രോണിക് ഓപ്പറേറ്റർക്ക് ആവശ്യമായ വിവരങ്ങൾ സമർപ്പിക്കാൻ (നോട്ടീസ് നൽകിയ തീയതി മുതൽ 15 പ്രവർത്തിദിവസത്തിനുള്ളിൽ) നോട്ടീസ് നൽകാവുന്നതാണ്.

# 9. ജോബ് വർക്ക്

**ചോദ്യം 1**: ജോബ് വർക്ക് എന്നാൽ എന്താണ്?

**ഉത്തരം**: ഒരു വ്യക്തി, മറ്റൊരു റെജിസ്റ്റേർഡ് നികുതിദായകൻ്റെ ചരക്കുകളിൽ ഏതെങ്കിലും പ്രക്രിയയോ ട്രീറ്റ്മെൻ്റോ ഏറ്റെടുത്തു നടത്തുന്നതിനെ "ജോബ് വർക്ക്" എന്ന് പറയുന്നു. അത്തരം സാധനങ്ങളുടെ ഉടമസ്ഥനെ പ്രിൻസിപ്പൽ എന്നും അയാളുടെ സാധനങ്ങളിന്മേൽ പ്രക്രിയയോ ട്രീറ്റ്മെൻ്റോ നടത്തുന്ന ആളിനെ ജോബ് വർക്കർ എന്നും വിളിക്കുന്നു

ഈ നിർവചനം 23.03.1986-ലെ നോട്ടിഫിക്കേഷൻ നമ്പർ 214/86-CE-ൽ ഉള്ളതിനേക്കാൾ വിശാലമായ ഒന്നാണ്. മേല്പറഞ്ഞ നിർവചനം ജോബ്‌വർക്കിനെ ഉല്പാദനമായി കണക്കാക്കാവുന്ന ഒരു പ്രക്രിയ എന്ന രീതിയിലാണ് നിർവചിച്ചിരിക്കുന്നത്. അങ്ങനെ ജോബ്‌വർക്കിൻ്റെ നിർവചനം തന്നെ, നിർദിഷ്ട ചരക്കു സേവന നികുതി വ്യവസ്ഥയിൽ, ജോബ് വർക്കുമായി ബന്ധപ്പെട്ട നികുതി പിരിക്കലിൻ്റെ അടിസ്ഥാനരീതിയിൽ വന്ന മാറ്റം പ്രതിഫലിപ്പിക്കുന്നു.

**ചോദ്യം 2:** ഒരു നികുതിവിധേയ വ്യക്തി ഒരു ജോബ് വർക്കർക്ക് അയച്ച ചരക്കുകൾ സപ്ലൈ ആയി കണക്കാക്കുകയും, ചരക്കു സേവന നികുതിക്ക് വിധേയമാക്കുകയും ചെയ്യുമോ? എന്തുകൊണ്ട്?

**ഉത്തരം:** സപ്ലൈ എന്നാൽ വില്പന, കൈമാറ്റം മുതലായ എല്ലാ രീതിയിലുമുള്ള സപ്ലൈകളും ഉൾപെടുന്നതുകൊണ്ട് ജോബ് വർക്കിന് സാധനങ്ങൾ അയക്കുന്നതും സപ്ലൈ ആയി കണക്കാക്കുന്നു. എന്നിരുന്നാലും, ഡിപ്പാർട്ട്മെൻ്റിനെ അറിയിച്ചതിനു ശേഷം നിർദ്ദിഷ്ട നിബന്ധനകൾ അനുസരിച്ച് ഒരു റെജിസ്റ്റേർഡ് നികുതിദായകൻ (പ്രിൻസിപ്പൽ) നികുതിയടക്കാതെ ഇൻപുട്ട്/ക്യാപിറ്റൽ ഗുഡ്സ് എന്നിവ ജോബ് വർക്കിന് അയക്കുകയും അതിനു ശേഷം മറ്റൊരു ജോബ് വർക്കർക് അയക്കുകയോ അവിടെ നിന്ന് ഒരു വർഷം /മൂന്നു വർഷത്തിനുള്ളിൽ ജോബ് വർക്ക് പൂർത്തിയാക്കിയോ അല്ലാ തെയോ തിരികെ കൊണ്ടുവരികയോ അല്ലെങ്കിൽ ഒരു വർഷം/മൂന്നു വർഷത്തിനുള്ളിൽ ജോബ് വർക്കറുടെ പക്കൽ നിന്നും നികുതിയടച്ച് ഇന്ത്യക്കുള്ളിൽ സപ്ലൈ ചെയ്യുകയോ, നികുതിയടക്കാതെ കയറ്റുമതി ചെയ്യുകയോ ചെയ്യാവുന്നതാണ്.

**ചോദ്യം 3:** ഒരു ജോബ് വർക്കർ റജിസ്ട്രേഷൻ എടുക്കേണ്ടതുണ്ടോ?

**ഉത്തരം:** ഉണ്ട്. ജോബ് വർക് ഒരു സേവനമായതിനാൽ ഒരു ജോബ് വർക്കർ മൊത്തം ടേണോവറിൻ്റെ നിർദ്ദിഷ്ട പരിധി കവിയുമ്പോൾ റജിസ്ട്രേഷൻ എടുക്കേണ്ടത് ആവശ്യമാണ്.

**ചോദ്യം 4**: ഒരു ജോബ് വർക്കറുടെ പക്കൽ നിന്ന് നേരിട്ടു പുറത്തേക്ക് സപ്ലൈ ചെയ്ത പ്രിൻസിപ്പലിൻ്റെ ചരക്കുകൾ ജോബ് വർക്കറുടെ മൊത്തം ടേണോവറിൽ ഉൾപ്പെടുത്തുമോ?

**ഉത്തരം:** ഇല്ല. അത് ആ പ്രിൻസിപ്പലിൻറ്റെ മൊത്തം ടേണോവറിൽ ഉൾപ്പെടുത്തും. എന്നിരുന്നാലും ജോബ് വർക്കിനായി ജോബ് വർക്കർ ഉപയോഗിക്കുന്ന സാധനങ്ങളുടെയും സേവനങ്ങളുടെയും മൂല്യം ജോബ് വർക്കർ സപ്ലൈ ചെയ്യുന്ന സേവനങ്ങളുടെ മൂല്യത്തിൽ ഉൾപ്പെടുത്തും.

**ചോദ്യം 5**: ഒരു പ്രിൻസിപ്പലിന് തൻറ്റെ പക്കലേക്ക് കൊണ്ടുവരാതെ നേരിട്ട് ജോബ് വർക്കറുടെ സ്ഥാപനത്തിലേക്ക് ഇൻപുട്ട്സും ക്യാപ്പിറ്റൽ ഗുഡ്സും അയക്കുവാൻ സാധിക്കുമോ?

**ഉത്തരം:** സാധിക്കും. പ്രിൻസിപ്പലിന് അങ്ങിനെ ചെയ്യുന്നതിന് അനുവാദമുണ്ട്. അത്തരം സാഹചര്യത്തിൽ പ്രിൻസിപ്പലിന് ഇൻപുട്ട്സിൻറ്റെയും ക്യാപിറ്റൽ ഗുഡ്സിൻറ്റെയും മേലുള്ള ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് എടുക്കുവാൻ സാധിക്കും. ഇൻപുട്ട്സും ക്യാപ്പിറ്റൽ ഗുഡ്സും യഥാക്രമം ഒരു വർഷം/മൂന്നു വർഷത്തിനുള്ളിൽ തിരിച്ചു കൊണ്ടുവന്നില്ലെങ്കിൽ ആദ്യത്തെ ഇടപാട് സപ്ലൈ ആയി കണക്കാക്കി പ്രിൻസിപ്പൽ അതിനനുസരിച്ചു നികുതി അടക്കുവാൻ ബാധ്യസ്ഥനായിരിക്കുന്നതുമാണ്.

**ചോദ്യം 6:** ഒരു പ്രിൻസിപ്പലിന് തൻറ്റെ പക്കലേക്ക് തിരിച്ചു കൊണ്ടുവരാതെ ജോബ് വർക്കറുടെ സ്ഥാപനത്തിൽ നിന്ന് നേരിട്ട് ചരക്കുകൾ സപ്ലൈ ചെയ്യുവാൻ സാധിക്കുമോ?

**ഉത്തരം**: സാധിക്കും. രജിസ്റ്റേർഡ് അല്ലാത്ത ജോബ് വർക്കറുടെ സ്ഥാപനങ്ങളെ പ്രിൻസിപ്പൽ തൻറ്റെ അധിക ബിസിനസ്സ് സ്ഥലമായി പ്രഖ്യാപിച്ചിരിക്കണം. ജോബ് വർക്കർ ഒരു രജിസ്റ്റേർഡ് വ്യക്തി ആണെങ്കിൽ അവിടെ നിന്നും ചരക്കുകൾ നേരിട്ട് സപ്ലൈ ചെയ്യാവുന്നതാണ്. ജോബ് വർക്കറുടെ സ്ഥാപനത്തിൽ നിന്ന് നേരിട്ട് സപ്ലൈ ചെയ്യാവുന്ന ചരക്കുകളുടെ കാര്യത്തിൽ കമ്മീഷണർക്കു വിജ്ഞാപനം ചെയ്യാവുന്നതുമാണ്.

**ചോദ്യം 7**: ജോബ് വർക്കറുടെ സ്ഥാപനങ്ങളെ തൻറ്റെ അധിക ബിസിനസ്സ് സ്ഥലമായി പ്രഖ്യാപിക്കാതെ ഏതു സാഹചര്യത്തിലാണ് പ്രിൻസിപ്പലിന് ഒരു ജോബ് വർക്കറുടെ പക്കൽ നിന്നും നേരിട്ട് ചരക്കുകൾ സപ്ലൈ ചെയ്യുവാൻ സാധിക്കുക?

**ഉത്തരം:** ഒരു അധിക ബിസിനസ്സ് സ്ഥലമായി പ്രസ്താവിക്കാതെ രണ്ട് സാഹചര്യങ്ങളിൽ ആണ് പ്രിൻസിപ്പലിന് ഒരു ജോബ് വർക്കറുടെ ബിസിനസ് സ്ഥലത്തു നിന്നും നേരിട്ട് ചരക്കുകൾ സപ്ലൈ ചെയ്യുവാൻ സാധിക്കുക. ഒന്നുകിൽ, ആ ജോബ് വർക്കർ ഒരു രജിസ്റ്റേർഡ് നികുതിദായകൻ ആയിരിക്കണം. അല്ലെങ്കിൽ ആ പ്രിൻസിപ്പൽ, കമ്മീഷണർ വിജ്ഞാപനം ചെയ്ത ചരക്കുകൾ സപ്ലൈ നടത്തുന്നതിൽ ഏർപ്പെട്ടിരിക്കണം.

**ചോദ്യം 8:** ഒരു ജോബ് വർക്കറുടെ അടുത്തേക്ക് അയച്ച ഇൻപുട്ട്/ക്യാപിറ്റൽ ഗുഡ്സിൻറ്റെ കാര്യത്തിൽ ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് (ITC) എടുക്കുന്നതിന് ഏതൊക്കെ വ്യവസ്ഥകളാണ് ബാധകമാകുന്നത്?

**ഉത്തരം:** പ്രിൻസിപ്പലിന് തൻറ്റെ ബിസിനസ്സ് സ്ഥലത്തു കൈപ്പറ്റിയശേഷം ജോബ് വർക്കിന് അയച്ചതോ തൻറ്റെ പക്കലേക്ക് കൊണ്ടുവരാതെ നേരിട്ട്

ജോബ് വർക്കറുടെ അടുത്തേക്ക് അയച്ചതോ ആയിട്ടുള്ള ഇന്പുട്ട്സിന്റെയും ക്യാപിറ്റൽ ഗുഡ്സിൻറ്റെയും മേലുള്ള ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് (ITC) എടുക്കുവാൻ സാധിക്കും. എന്നിരുന്നാലും, ജോബ് വർക്കറുടെ അടുത്തേക്ക് അയച്ച ഇൻപുട്ട്സും ക്യാപ്പിറ്റൽ ഗുഡ്സും ജോബ് വർക് പൂർത്തിയാക്കിയ ശേഷം ജോബ് വർക്കിന് അയച്ച തീയതി മുതൽ യഥാക്രമം ഒരു വർഷം/മൂന്നു വർഷത്തിനുള്ളിൽ തിരികെ കൊണ്ടുവരികയോ അവിടെ നിന്നും നേരിട്ട് സപ്ലൈ നടത്തുകയോ ചെയ്തിരിക്കണം.

**ചോദ്യം 9:** നിർദിഷ്ട കാലാവധിക്കുള്ളിൽ ഇൻപുട്ട്സും ക്യാപ്പിറ്റൽ ഗുഡ്സും തിരികെ കൊണ്ടു വരാതിരിക്കുകയോ ജോബ് വർക്കറുടെ സ്ഥാപനത്തിൽ നിന്ന് നേരിട്ട് സപ്ലൈ നടത്താതിരിക്കുകയോ ചെയ്താൽ എന്ത് സംഭവിക്കും?

**ഉത്തരം:** നിർദിഷ്ട കാലാവധിക്കുള്ളിൽ ഇൻപുട്ട്സും ക്യാപ്പിറ്റൽ ഗുഡ്സും തിരികെ കൊണ്ടു വരാതിരിക്കുകയോ ജോബ് വർക്കറുടെ സ്ഥാപനത്തിൽ നിന്ന് നേരിട്ട് സപ്ലൈ നടത്താതിരിക്കുകയോ ചെയ്താൽ, ഇൻപുട്ട്സും ക്യാപ്പിറ്റൽ ഗുഡ്സും ജോബ് വർക്കിന് അയച്ച തീയതി (അല്ലെങ്കിൽ ഇൻപുട്ട്സും ക്യാപ്പിറ്റൽ ഗുഡ്സും നേരിട്ട് ജോബ് വർക്കറുടെ സ്ഥാപനത്തിൽ ലഭിച്ച തീയതി)യിൽ പ്രിൻസിപ്പൽ അവ ജോബ് വർക്കർക്ക് ചെയ്ത സപ്ലൈ ആയി കണക്കാക്കും. അങ്ങിനെ പ്രിൻസിപ്പൽ അതിനനുസരിച്ചു നികുതി അടക്കുവാൻ ബാധ്യസ്ഥനാകുന്നതുമാണ്.

**ചോദ്യം 10:** ജിഗ്സ്, ഫിക്സ്ച്ചേർസ് മുതലായ പുനരുപയോഗമില്ലാത്ത ക്യാപ്പിറ്റൽ ഗുഡ്സ് ഉപയോഗശേഷം സ്ക്രാപ്പ് ആയി വിൽക്കുന്നു. ജോബ് വർക് നിയമത്തിൽ ഇവ എങ്ങിനെ കണക്കാക്കുന്നു?

**ഉത്തരം:** മൂന്നു വർഷങ്ങൾക്കുള്ളിൽ ക്യാപ്പിറ്റൽ ഗുഡ്സ് തിരികെ കൊണ്ടുവരണമെന്ന വ്യവസ്ഥ ജിഗ്സ്, ഫിക്സ്ച്ചേർസ്, മൂശ, അച്ച് ഉപകരണങ്ങൾ എന്നിവയ്ക്കു ബാധകമല്ല.

**ചോദ്യം 11:** ജോബ് വർക്കിൽ നിന്നും ഉളവാകുന്ന വെയ്സ്റ്റ് സ്ക്രാപ്പ് ഇവ എങ്ങിനെ കണക്കാക്കുന്നു?

**ഉത്തരം:** ജോബ് വർക്കർ ഒരു രജിസ്റ്റേർഡ് നികുതിദായകൻ ആണെങ്കിൽ ജോബ് വർക്കിൽ നിന്നും ഉളവാകുന്ന വെയ്സ്റ്റ് സ്ക്രാപ്പ് ഇവ ജോബ് വർക്കറുടെ സ്ഥാപനത്തിൽ നിന്ന് നികുതി അടച്ചു സപ്ലൈ ചെയ്യാവുന്നതാണ്. ജോബ് വർക്കർ രജിസ്റ്റേർഡ് അല്ലെങ്കിൽ പ്രിൻസിപ്പൽ നികുതി അടച്ചു സപ്ലൈ നടത്തേണ്ടതാണ്.

**ചോദ്യം 12:** ഇൻറ്റർമീഡിയറ്റ് ഉത്പന്നങ്ങളും ജോബ് വർക്കിന് അയക്കാമോ ?

**ഉത്തരം:** അയയ്ക്കാം. ജോബ് വർക്കിന് ഇൻപുട്ട് എന്നതിൽ പ്രിൻസിപ്പൽ അഥവാ ജോബ് വർക്കർ പ്രക്രിയയോ ട്രീറ്റ്മെൻറ്റോ നടത്തുമ്പോൾ ഉണ്ടാകുന്ന ഇൻറ്റർമീഡിയറ്റ് ഉത്പന്നങ്ങളും ഉൾപ്പെടുന്നു.

**ചോദ്യം 13:** ജോബ്വർക്കിൻറ്റെ കൃത്യമായ കണക്കുകൾ സൂക്ഷിക്കാൻ ആരാണ് ഉത്തരവാദി?

**ഉത്തരം**: ജോബ്‌വർക്കിൻ്റെ ഇൻപുട്ട്സ്/ക്യാപിറ്റൽ ഗുഡ്സ് എന്നിവയുടെ കൃത്യമായ കണക്കുകൾ സൂക്ഷിക്കാനുള്ള ഉത്തരവാദിത്വം പൂർണ്ണമായും പ്രിൻസിപ്പലിനാണ്.

**ചോദ്യം 14:** ജോബ്‌വർക്കിൻ്റെ വ്യവസ്ഥകൾ എല്ലാ വിഭാഗത്തിലുള്ള ചരക്കുകൾക്കും ബാധകമാണോ?

**ഉത്തരം:** ഇല്ല. ഒരു രജിസ്റ്റേർഡ് നികുതിദായകൻ നികുതിവിധേയമായ ചരക്കുകൾ അയയ്ക്കുവാൻ ഉദ്ദേശിക്കുമ്പോൾ മാത്രമാണ് ജോബ്‌വർക്കുമായി ബന്ധപ്പെട്ട വ്യവസ്ഥകൾ ബാധകമാവുന്നത്. മറ്റു വാക്കുകളിൽ പറഞ്ഞാൽ, ഈ വ്യവസ്ഥകൾ നികുതി ഒഴിവാക്കിയതോ നികുതി ഇല്ലാത്തതോ ആയ ചരക്കുകൾക്കും അല്ലെങ്കിൽ അയക്കുന്ന വ്യക്തി, നികുതി ബാദ്ധ്യതയുള്ള രജിസ്റ്റേർഡ് വ്യക്തി അല്ലാത്ത ആളാണ് എങ്കിലും ബാധകമല്ല.

**ചോദ്യം 15:** ജോബ് വർക്കിൻ്റെ വ്യവസ്ഥകൾ പ്രിൻസിപ്പൽ നിർബന്ധമായും പാലിക്കേണ്ടതുണ്ടോ?

**ഉത്തരം**: ഇല്ല. പ്രിൻസിപ്പലിന് നികുതി അടച്ച് ഇന്പുട്ടും ക്യാപ്പിറ്റൽ ഗുഡ്സും പ്രത്യേക നടപടിക്രമം പാലിക്കാതെ അയക്കാവുന്നതാണ്. ജോബ് വാർക്കറിന് ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് (ITC) എടുക്കുകയും പ്രക്രിയ പൂർത്തിയാക്കി ജോബ് വർക്കിന് ശേഷം നികുതി അടച്ചു തിരികെ സപ്ലൈ ചെയ്യാവുന്നതുമാണ്.

**ചോദ്യം 16:** ജോബ് വർക്കറും പ്രിൻസിപ്പലും ഒരേ സംസ്ഥാനത്തോ അല്ലെങ്കിൽ ഒരേ കേന്ദ്ര ഭരണ പ്രദേശത്തോ സ്ഥിതി ചെയ്യുന്നവരാകണം എന്നുണ്ടോ?

**ഉത്തരം**: ഇല്ല. ജോബ് വർക്കിനെ സംബന്ധിക്കുന്ന നിയമങ്ങൾ IGST/UTGST നിയമങ്ങളിൽ ഒരേ പോലെയാണ്. അതുകൊണ്ടു ജോബ് വർക്കറും പ്രിൻസിപ്പലും ഒരേ സംസ്ഥാനത്തോ അല്ലെങ്കിൽ ഒരേ കേന്ദ്ര ഭരണ പ്രദേശത്തോ അല്ലെങ്കിൽ വ്യത്യസ്ത സംസ്ഥാനങ്ങളിലോ കേന്ദ്ര ഭരണ പ്രദേശത്തോ സ്ഥിതി ചെയ്യുന്നവരാകാം.

# 10. ഇൻപുട്ട് ടാക്സ് ക്രെഡിറ്റ്

**ചോദ്യം 1:** ഇൻപുട്ട് ടാക്സ് എന്താണ്?

**ഉത്തരം:** രജിസ്റ്റർ ചെയ്ത ഒരാൾക്ക് കൊടുക്കുന്ന സാധനങ്ങൾ അല്ലെങ്കിൽ സേവനങ്ങൾ അല്ലെങ്കിൽ രണ്ടും ചേർത്ത് നടത്തുന്ന സപ്ലൈയുടെ മേൽ ചുമത്തുന്ന സെൻട്രൽ ടാക്സ് (CGST), സ്റ്റേറ്റ് ടാക്സ് (SGST), ഇൻറഗ്രേറ്റഡ് ടാക്സ് (IGST), യൂണിയൻ ടെറിട്ടറി ടാക്സ് (UTGST) എന്നിവയാണ് ഇൻപുട്ട് ടാക്സ് എന്നത് കൊണ്ട് അർത്ഥമാക്കുന്നത്. റിവേഴ്സ്ചാർജ് (Reverse charge) അടിസ്ഥാനത്തിൽ അട ക്കുന്ന നികുതിയും, സാധനങ്ങൾ ഇറക്കുമതി ചെയ്യുമ്പോൾ ചുമത്തുന്ന ഇൻറഗ്രേറ്റഡ് നികുതിയും ഇതിൽ ഉൾപ്പെടുന്നു. കോമ്പസിഷൻ രീതിയിൽ അടക്കുന്ന നികുതി ഇതിൽ ഉൾപ്പെടുന്നില്ല.

**ചോദ്യം 2:** റിവേഴ്സ്ചാർജ് (Reverse charge) അടിസ്ഥാനനത്തിൽ അടക്കുന്ന ചരക്കു സേവന നികുതി ഇൻപുട്ട് ടാക്സ് ആയി കണക്കാക്കാമോ?

**ഉത്തരം**: കണക്കാക്കാം. ഇൻപുട്ട് ടാക്സിൻറെ നിർവചനത്തിൽ. റിവേഴ്സ് ചാർജ് (Reverse charge) അടിസ്ഥാനനത്തിൽ അടക്കുന്ന നികുതിയും ഉൾ പ്പെടുന്നു.

**ചോദ്യം 3:** ഇൻപുട്ട് സാധനങ്ങൾ, ഇൻപുട്ട് സേവനങ്ങൾ, ക്യാപിറ്റൽ ഗുഡ്സ് (capital goods) ഇവയുടെ മേൽ അടക്കുന്ന നികുതി (CGST, IGST, SGST) എന്നിവ ഇൻപുട്ട് ടാക്സിൽ ഉൾപ്പെടുമോ?

**ഉത്തരം:** ഉൾപ്പെടും. ഇൻപുട്ട് സാധനങ്ങൾ**,** ഇൻപുട്ട് സേവനങ്ങൾ, ക്യാപി റ്റൽഗുഡ്സ് ഇവയുടെ മേൽ അടക്കുന്ന നികുതികൾ ഇൻപുട്ട് ടാക്സിൽ ഉൾപ്പെടുന്നു**.** ക്യാപിറ്റൽഗുഡ്സിന്മേൽ അടക്കുന്ന നികുതിയുടെ ക്രെഡിറ്റ്**,** ഒറ്റത്തവണയായിഎടുക്കാൻ അനുവദിക്കുന്നതാണ്.

**ചോദ്യം 4:** ചരക്കുകളുടെയും സേവനങ്ങളുടെയും മേൽ ചുമത്തുന്ന എല്ലാ ഇൻപുട്ട് ടാക്സിനും ക്രെഡിറ്റ് അനുവദനീയമാണോ?

**ഉത്തരം**: രജിസ്റ്റർ ചെയ്ത ഒരാൾക്ക് ലഭിക്കുന്ന സാധനങ്ങളുടെയോ സേവന ങ്ങളുടെയോ രണ്ടും ചേർന്നോ ഉള്ള സപ്ലൈയുടെ മേൽ ചുമത്തുന്ന നികുതിയുടെ ക്രെഡിറ്റ്, അവ ബിസിനസ്സിനോ**,** ബിസിനസ്സിൻറെ ഉന്നമന ത്തിനോ ഉപയോഗിക്കുന്നതോ ഉപയോഗിക്കാൻ ഉദ്ദേശിക്കുന്നതോ ആണെ ങ്കിൽ, നിബന്ധനകൾക്കും നിയന്ത്രണങ്ങൾക്കും വിധേയമായി എടുക്കാവു ന്നതാണ്

**ചോദ്യം 5**: ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് (ITC) ലഭിക്കുന്നതിന് ആവശ്യമായ നിബ ന്ധനകൾ എന്തൊക്കെയാണ് **?**

**ഉത്തരം:** രജിസ്റ്റർ ചെയ്ത നികുതി വിധേയനായ ആൾക്ക് താഴെപ്പറയുന്ന നിബന്ധനകൾ അനുസരിച്ചു 'ഇൻപുട്ട് ടാക്സ് ക്രെഡിറ്റ്' എടുക്കാം :

(a) അയാളുടെ കൈവശം ടാക്സ് ഇൻവോയ്സ് അല്ലെങ്കിൽ ഡെബിറ്റ് നോട്ട് അല്ലെങ്കിൽ നികുതിയടച്ച മറ്റ് നിർദ്ദിഷ്ട രേഖകൾ ഉണ്ടായിരിക്കണം.

(b) ചരക്കുകളോ സേവനങ്ങളോ അയാൾക്കു ലഭിച്ചിട്ടുണ്ടാവണം

(c) ഗവണ്മെന്റിനുള്ള സപ്ലൈ ആണെങ്കിൽ സപ്ലൈ നടത്തിയ ആൾ നികുതി വാങ്ങിയത് അടച്ചിട്ടുണ്ടാകണം

(d) സെക്ഷൻ 39 പ്രകാരമുള്ള റിട്ടേൺ അയാൾ ഫയൽ ചെയ്തിട്ടുണ്ടാകണം .

**ചോദ്യം 6**: ഒരു ഇൻവോയ്സ് പ്രകാരമുള്ള ചരക്കുകൾ പലപ്പോഴായോ തവണകളായോ ആണ് ലഭിക്കുന്നതെങ്കിൽ രജിസ്റ്റർ ചെയ്ത ഒരാൾക്ക് ഇൻപുട്ട് ടാക്സ് ക്രെഡിറ്റിനുള്ള അവകാശം എപ്രകാരമാണ്?

**ഉത്തരം:** ഒടുവിലത്തെ തവണയുൾപ്പെടെയുള്ള ചരക്കുകൾ എല്ലാം ലഭിച്ചതിനു ശേഷം മാത്രമേ ക്രെഡിറ്റിന് അർഹതയുള്ളൂ .

**ചോദ്യം 7**: സപ്ലയർക്ക് നികുതിയുൾപ്പെടെയുള്ള പ്രതിഫലം നൽകുന്നതിന് മുമ്പായി ഒരാൾക്കു ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് എടുക്കാമോ?

**ഉത്തരം:** സപ്ലൈ സ്വീകരിച്ച ആളിന് ക്രെഡിറ്റ് എടുക്കാം. എന്നാൽ ഇൻവോയ്സ് തീയതി മുതൽ 180 ദിവസത്തിനുള്ളിൽ പ്രതിഫലവും നികുതിയും സപ്ലയർക്ക് നൽകിയിരിക്കണം. റിവേഴ്സ് ചാർജിൽ നികുതിയടക്കുന്നയാളിന് ഈ നിബന്ധന ബാധകമല്ല.

**ചോദ്യം 8:** ഇൻവോയ്സ് തീയതി മുതൽ 180 ദിവസത്തിനുള്ളിൽ നികുതിയോടു കൂടി പ്രതിഫലം നൽകാത്ത ഒരു രജിസ്റ്റർ ചെയ്തയാൾ എടുത്ത ഇൻപുട്ട് ടാക്സ് ക്രെഡിറ്റിന് എന്ത് സംഭവിക്കും?

**ഉത്തരം:** ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് അയാളുടെ ഔട്ട് പുട് നികുതി ബാധ്യതയുടെ കൂടെ കൂട്ടുന്നു. അയാൾ അതിനു പലിശയും അടക്കണം. എന്നാൽ പ്രതിഫലവും നികുതിയും സപ്ലയർക്ക് കൊടുക്കുമ്പോൾ അയാൾക്ക് വീണ്ടും ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് എടുക്കാവുന്നതാണ്.

**ചോദ്യം 9:** രജിസ്റ്റർ ചെയ്തയാളിനല്ലാതെ മറ്റൊരാൾക്കു ചരക്കുകൾ കൊടുക്കുമ്പോൾ ആർക്കാണ് ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് ലഭിക്കുന്നത്? (ബിൽ ടു ..........., ഷിപ് ടു ............. സാഹചര്യം)

**ഉത്തരം:** നികുതി വിധേയനായ വ്യക്തിയുടെ നിർദ്ദേശപ്രകാരം സാധനങ്ങൾ ഒരു മൂന്നാം കക്ഷിക്ക് നൽകിയാലും അത് രജിസ്റ്റർ ചെയ്തയാൾ സ്വീകരിച്ചതായി കണക്കാക്കും. അതുകൊണ്ട് ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് സാധനങ്ങൾ ഒരു മൂന്നാം കക്ഷിക്ക് കൊടുക്കുവാൻ നിർദ്ദേശം നൽകിയ ആളിന് ലഭിക്കും.

**ചോദ്യം 10:** ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് എടുക്കുന്നതിനുള്ള കാലാവധി എത്രയാണ്? കാരണങ്ങൾ എന്താണ്?

**ഉത്തരം:** ആ വർഷത്തെ വാർഷിക റിട്ടേൺ ഫയൽ ചെയ്യുന്നതിനുള്ള നിശ്ചിത തീയതിയോ, ഇൻവോയ്സ് അല്ലെങ്കിൽ ഡെബിറ്റ് നോട്ട് ഉൾപ്പെടുന്ന സാമ്പത്തിക വർഷത്തിന് ശേഷം വരുന്ന സെപ്റ്റംബർ മാസത്തെ സെക്ഷൻ 39 അനുസരിച്ചുള്ള റിട്ടേൺ ഫയൽ ചെയ്യുന്നതിനുള്ള നിശ്ചിത തീയതിയോ ഏതാണ് ആദ്യം വരുന്നത്: ആ തീയതിക്ക് ശേഷം രജിസ്റ്റർ ചെയ്തയാൾക്ക്, ചരക്കുകളുടെയോ സേവനങ്ങളുടെയോ സപ്ലൈക്ക് ഉള്ള ഇൻവോയ്സ് അല്ലെങ്കിൽ ഡെബിറ്റ് നോട്ടിന്മേൽ ഇൻപുട്ട് ടാക്സ് ക്രെഡിറ്റ്, എടുക്കുവാൻ കഴിയുന്നതല്ല. അതായതു ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് എടുക്കുവാനുള്ള സമയ പരിധി അടുത്ത സാമ്പത്തിക വർഷത്തിലെ ഒക്ടോബർ 20 അല്ലെങ്കിൽ വാർഷിക റിട്ടേൺ ഫയൽ ചെയ്ത തീയതി, ഇതിലേതാണോ ആദ്യം വരുന്നതു, അതാണ് .

അടുത്ത സാമ്പത്തിക വർഷത്തിലെ സെപ്റ്റംബറിന് ശേഷം റിട്ടേണുകളിൽ മാറ്റം നടത്തുവാൻ സാധിക്കുകയില്ല എന്നതാണ് ഈ നിബന്ധനയിൽ അന്തർലീനമായ കാരണം. വാർഷിക റിട്ടേൺ സെപ്റ്റംബറിനുള്ളിൽ ഫയൽ ചെയ്തിട്ടുണ്ടെങ്കിൽ അതിനുശേഷം റിട്ടേണിൽ മാറ്റങ്ങളൊന്നും വരുത്തുവാനാകില്ല .

**ചോദ്യം 11**: **1961-**ലെ ഇൻകം ടാക്സ് നിയമം അനുസരിച്ചു ക്യാപിറ്റൽ ഗുഡ്സിൻറ്റെ വിലയിൽ ഉള്ള നികുതിയുടെ ഘടകത്തതിന് മൂല്യശോഷണം **(depreciation)** അവകാശപ്പെട്ടിട്ടുള്ള ഒരു രജിസ്റ്റർ ചെയ്ത നികുതി ദായകന് ക്യാപിറ്റൽ ഗുഡ്സിൻറ്റെ ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് അനുവദനീയമാണോ**?**

**ഉത്തരം**: മൂല്യശോഷണം അവകാശപ്പെട്ടിട്ടുള്ള നികുതിയുടെ ഘടകത്തിന് ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് അനുവദനീയമല്ല .

**ചോദ്യം 12**: ചരക്കു സേവന നികുതി വിധേയമായ സാധനങ്ങളോ സേവനങ്ങളോ രണ്ടും ചേർത്തോ സപ്ലൈ ചെയ്യാൻ വേണ്ടി ഉപയോഗിക്കുന്ന എല്ലാ ഇൻപുട്ടിൻമേലും ഉള്ള നികുതിയുടെ ക്രെഡിറ്റ് ലഭ്യമാണോ**?**

**ഉത്തരം**: ലഭ്യമാണ്. നിയമത്തിൽ പരാമർശിച്ചിട്ടുള്ള ചുരുക്കം ഇനങ്ങളെ ഒഴിവാക്കി എല്ലാത്തിനും ക്രെഡിറ്റ് ലഭ്യമാണ്. പ്രധാനമായും വ്യക്തിഗത ഉപയോഗങ്ങൾക്കുള്ളതും, സ്ഥാവരവസ്തുക്കൾ നിർമ്മിക്കാൻ വേണ്ടി ഉപയോഗിക്കുന്ന ഇൻപുട്ടുകളും (പ്ലാൻറ്റും മെഷിനറിയും ഒഴികെ) ടെലികമ്യൂണിക്കേഷൻ ടവറുകൾ, വ്യവസായ സ്ഥാപനങ്ങൾക്ക് പുറത്തു സ്ഥാപിച്ചിട്ടുള്ള പൈപ്പ് ലൈൻ, മുതലായവയും നികുതി വെട്ടിപ്പ് കണ്ടുപിടിച്ചതിൻറ്റെ ഫലമായി അടച്ച നികുതിയും ആണ് ഒഴിവാക്കിയിട്ടുള്ളത്.

**ചോദ്യം 13**: ഇൻഫർമേഷൻ ടെക്നോളജി ബിസിനസ്സിൽ ഏർപ്പെട്ടിട്ടുള്ള ഒരു നികുതി വിധേയനായ വ്യക്തി അയാളുടെ എക്സിക്യൂട്ടീവ് ഡയറക്ടറുടെ ഉപയോഗത്തിനായി ഒരു മോട്ടോർ വാഹനം വാങ്ങുന്നു. ഈ വാഹനത്തിന്മേൽ അടച്ച ചരക്കു സേവന നികുതിക്ക് ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് എടുക്കാമോ**?**

**ഉത്തരം:** ഇല്ല. മോട്ടോർ വാഹനത്തിന്മേൽ ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് എടുക്കണമെങ്കിൽ നികുതി വിധേയനായ വ്യക്തി യാത്രക്കാരുടെയോ ചരക്കുകളു

ടെയോ ട്രാൻസ്പോർട്ടേഷൻ ബിസിനസ്സ് നടത്തുന്ന ആളോ മോട്ടോർ വാഹന ത്തിന്മേൽ പരിശീലനം കൊടുക്കുന്ന ആളോ ആയിരിക്കണം.

**ചോദ്യം 14**: പല കാരണങ്ങൾ കൊണ്ട് ചിലപ്പോൾ ചരക്കുകൾ നശിക്കുകയോ നഷ്ടപ്പെടുകയോ ചെയ്യാം. അത്തരം ചരക്കുകൾക്ക് ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് ലഭ്യമാണോ**?**

**ഉത്തരം:** ഇല്ല. നഷ്ടപെട്ടതോ, മോഷണം പോയതോ, നശിച്ചതോ എഴുതി ത്തള്ളിയതോ ആയ ചരക്കുകളുടെ മേൽ ഒരാൾക്ക് ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് എടുക്കുവാൻ സാധ്യമല്ല. കൂടാതെ, സമ്മാനമായോ സൗജന്യ സാമ്പിൾ ആയോ നൽകിയ ചരക്കുകളുടെ മേലും ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് അനുവദനീ യമല്ല.

**ചോദ്യം 15**: രജിസ്റ്റർ ചെയ്ത ഒരു വ്യക്തിക്ക് ബിസിനസ്സ് ഉപയോഗങ്ങൾക്കായി നിർമ്മിച്ച കെട്ടിടത്തിനുവേണ്ടിവന്ന ചരക്കുകളുടെയും സേവനങ്ങളുടെയും ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് ലഭ്യമാണോ**?**

**ഉത്തരം**: **ഇല്ല.** പ്ലാൻറ്റും മെഷിനറിയും ഒഴികെയുള്ള സ്ഥാവരവസ്തുക്കൾ നിർമ്മിക്കാൻ വേണ്ടി ഉപയോഗിക്കുന്ന ചരക്കുകളുടെയും സേവനങ്ങളു ടെയും ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് അനുവദനീയമല്ല. ഭൂമിയിൽ അടിസ്ഥാനമിട്ട് ഉറപ്പിച്ചതോ ഘടിപ്പിച്ചതോ ആയ ഉപകരണങ്ങളും മെഷീനറിയുമാണ് പ്ലാന്റും മെഷിനറിയും എന്നതിൽ ഉൾപ്പെടുന്നത്. ഭൂമി, കെട്ടിടങ്ങൾ എന്നിവ ഇതിൽ ഉൾപ്പെടുന്നില്ല.

**ചോദ്യം 16**: പുതിയതായി രജിസ്റ്റർ ചെയ്ത ഒരാളുടെ ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് അർഹത എന്തൊക്കെയാണ്**?**

**ഉത്തരം:** പുതിയതായി രജിസ്റ്റർ ചെയ്യുന്ന ഒരാളിന് രജിസ്ട്രേഷൻ നൽക പ്പെടുന്ന തീയതിക്ക് തൊട്ടുമുൻപുള്ള ദിവസം അയാളുടെ സ്റ്റോക്കിലുള്ള ഇൻപുട്ടുകളുടെയും ഭാഗികമായോ പൂർണ്ണമായോ ഉത്പാദനം പൂർത്തിയായ ചരക്കുകളിൽ ഉൾപ്പെട്ടിട്ടുള്ള ഇൻപുട്ടുകളുടെയും ക്രെഡിറ്റ് എടുക്കാവുന്ന താണ്. ഒരാൾക്ക് നികുതി ബാധ്യതയുണ്ടാവുകയും, നികുതി ബാധ്യത യുണ്ടായ തീയതിക്ക് ശേഷം **30** ദിവത്തിനുള്ളിൽ രജിസ്ട്രേഷന് അപേക്ഷി ക്കുകയും ചെയ്തിട്ടുണ്ടെങ്കിൽ അയാൾക്ക് നികുതി ബാധ്യതയുണ്ടായ തീയതി ക്ക് തൊട്ടു മുൻപുള്ള ദിവസം അയാളുടെ സ്റ്റോക്കിലുള്ള ഇൻപുട്ടുകളു ടെയും, ഭാഗികമായോ പൂർണ്ണമായോ ഉത്പാദനം പൂർത്തിയായ ചരക്കുകളിൽ ഉൾപ്പെട്ടിട്ടുള്ള ഇൻപുട്ടുകളുടെയും ക്രെഡിറ്റ് എടുക്കാവുന്നതാണ്.

**ചോദ്യം 17:** ഒരാൾക്ക് **2017** ആഗസ്റ്റ് **1-**ന് നികുതി ബാധ്യതയുണ്ടായി. **2017** ആഗസ്റ്റ് **15-**ന് രജിസ്ട്രേഷൻ കിട്ടി. അങ്ങിനെയുള്ള ആൾക്ക് ഏതു തീയതി യിൽ സ്റ്റോക്കിലുള്ള ഇൻപുട്ടുകളുടെയാണ് ക്രെഡിറ്റിന് അർഹത**?**

a. 01.08.2017

b. 31.07.2017

c. 15.08.2017

d. അയാൾക്ക് മുൻ കാലത്തെ ക്രെഡിറ്റ് ലഭിക്കില്ല

**ഉത്തരം**: 31.07.2017

**ചോദ്യം 18**: സ്വമേധയാ രജിസ്റ്റർ ചെയ്യുന്ന ആളുടെ **(voluntary registration)** സ്റ്റോക്കിലുള്ള ഇൻപുട്ടുകളുടെ ഇൻപുട്ട് ടാക്സ് ക്രെഡിറ്റിൻറെ അർഹത എങ്ങിനെയാണ് **?**

**ഉത്തരം**: സ്വമേധയാ രജിസ്റ്റർ ചെയ്യുന്ന ആൾക്ക് രജിസ്ട്രേഷൻ നൽകപ്പെടുന്ന തീയതിക്ക് തൊട്ടുമുൻപുള്ള ദിവസം സ്റ്റോക്കിലുള്ള ഇൻപുട്ടുകളുടെയും, ഭാഗികമായോ പൂർണ്ണമായോ ഉത്പാദനം പൂർത്തിയായ ചരക്കുകളിൽ ഉൾപ്പെട്ടിട്ടുള്ള ഇൻപുട്ടുകളുടെയും ക്രെഡിറ്റിന് അർഹതയുണ്ട്.

**ചോദ്യം 19**: രജിസ്റ്റർ ചെയ്ത ഒരാളുടെ ഘടനയിൽ വ്യത്യാസമുണ്ടായാൽ ഇൻപുട്ട് ടാക്സ് ടാക്സിൻറെ അർഹത എപ്രകാരമാണ്**?**

**ഉത്തരം:** ഇലക്ട്രോണിക് ക്രെഡിറ്റ് ലെഡ്ജറിൽ ഉപയോഗിക്കാതെ ബാക്കി നിൽക്കുന്ന തുക പുതിയ ആളിലേക്ക് കൈമാറ്റം ചെയ്യാൻ സാധിക്കുന്നതാണ്, ബാധ്യതകളും കൈമാറാനുള്ള പ്രത്യേക നിബന്ധന ഉണ്ടെങ്കിലേ ഇപ്രകാരം ചെയ്യാൻ കഴിയുകയുള്ളു.

**ചോദ്യം 20:** നികുതി വിധേയമായതും അല്ലാത്തതുമായ സപ്ലൈകൾക്ക് ഒരു നികുതി വിധേയ വ്യക്തി തനിക്ക് ലഭിക്കുന്ന ചരക്കുകളോ സേവനങ്ങളോ രണ്ടും ചേർന്നോ ഉപയോഗിക്കുന്നുണ്ടെങ്കിൽ, രജിസ്റ്റർ ചെയ്ത നികുതി ബാധ്യതയുള്ളയാളിന് ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് ലഭിക്കുമോ**?**

**ഉത്തരം:** നികുതി വിധേയമായ സപ്ലൈകൾക്ക് ഉപയോഗിക്കുന്ന ചരക്കുകളുടെയോ സേവനങ്ങളുടെയോ രണ്ടും ചേർന്നുള്ളതിൻറെയോ ഇൻപുട്ട് ടാക്സിന് മാത്രമേ രജിസ്റ്റർ ചെയ്തയാൾക്ക് ക്രെഡിറ്റ് എടുക്കുവാൻ സാധിക്കുകയുള്ളു. അത് കണക്ക് കൂട്ടേണ്ടത് ഏതു രീതിയിലാണെന്ന് റൂളുകളിൽ പറയുന്നതാണ്.

**ചോദ്യം 21:** നികുതി ബാധ്യതയുള്ള സപ്ലൈകൾ ചരക്കുകളുടെയോ സേവനങ്ങളുടെയോ രണ്ടും ചേർന്നുള്ളതിൻറെയോ ആയ ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് മാത്രമാണ് അനുവദിക്കുന്നതെങ്കിൽ, കയറ്റുമതി **(export)** നടത്തുമ്പോൾ നികുതി ഒഴിവുള്ള സപ്ലൈകളുടെ ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് നഷ്ടപ്പെടാൻ ഇടയാകുമോ**?**

**ഉത്തരം**: ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് അനുവദിക്കുന്ന കാര്യത്തിന് സീറോ റേറ്റഡ് സപ്ലൈകളെ നികുതി വിധേയ സപ്ലൈകളായി കണക്കാക്കുന്നതാണ്. ഇൻറഗ്രേറ്റഡ് ഗുഡ്സ് ആൻഡ് സർവീസസ് നിയമത്തിൽ സീറോ റേറ്റഡ് സപ്ലൈകളുടെ പരിധിയിൽ നികുതി ഒഴിവുള്ള ചില സപ്ലൈകളും ഉൾപ്പെടുന്നു.

**ചോദ്യം 22:** ക്രെഡിറ്റ് അനുവദിക്കുന്ന കാര്യത്തിന് നികുതി വിധേയ സപ്ലൈകൾ കണക്കാക്കുമ്പോൾ താഴെപ്പറയുന്നവയിൽ ഏതാണ് ഉൾപ്പെടുത്തുന്നത്**?**

(a) സീറോ റേറ്റഡ് സപ്ലൈകൾ

**(b)** നികുതി ഒഴിവുള്ള സപ്ലൈകൾ

**(c)** രണ്ടും

**ഉത്തരം: സീറോ റേറ്റഡ് സപ്ലൈകൾ**

**ചോദ്യം 23:** രജിസ്റ്റർ ചെയ്ത ഒരാൾ സ്വീകരിക്കുന്ന സാധനങ്ങളും സേവനങ്ങളും ഭാഗികമായി ബിസിനസ്സ് ആവശ്യങ്ങൾക്കും ഭാഗികമായി മറ്റു കാര്യങ്ങൾക്കും ഉപയോഗിച്ചാൽ ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് ലഭിക്കുമോ?

**ഉത്തരം:** രജിസ്റ്റർ ചെയ്തയാൾക്ക് അയാൾ ബിസിനസ്സ് ആവശ്യങ്ങൾക്കു ഉപയോഗിക്കുന്ന ചരക്കുകൾ/സേവനങ്ങൾ/രണ്ടും ചേർത്ത് ഉള്ളവയുടെ ക്രെഡിറ്റ് മാത്രമേ എടുക്കുവാൻ സാധിക്കുകയുള്ളു. അർഹതയുള്ള ക്രെഡിറ്റ് കണക്കാക്കുന്ന രീതി റൂളുകളിൽ പറയുന്നതാണ്.

**ചോദ്യം 24:** കോമ്പൗണ്ടിങ് രീതിയിൽ നികുതി അടച്ചുകൊണ്ടിരിക്കുന്ന ഒരാൾ കോമ്പൗണ്ടിങ്ങിനുള്ള ടേണോവർ പരിധി കവിയുകയും സാധാരണ രീതിയിൽ നികുതി സാധ്യതയുള്ള ആളാവുകയും ചെയ്യുന്നു. അയാൾക്ക് ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് എടുക്കാമോ? എങ്കിൽ, ഏതു തീയതി മുതൽ?

**ഉത്തരം:** കോമ്പസിഷൻ രീതിയിൽ നികുതി അടയ്ക്കാനുള്ള അർഹത തീരുന്ന തീയതിക്ക് തൊട്ടുമുൻപുള്ള ദിവസം അയാളുടെ കൈവശമുള്ള സ്റ്റോക്കിലുള്ള ഇൻപുട്ടുകളുടെയും, ഭാഗികമായോ പൂർണ്ണമായോ ഉത്പാദനം പൂർത്തിയായ ചരക്കുകളിൽ ഉൾപ്പെട്ടിട്ടുള്ള ഇൻപുട്ടുകളുടെയും ക്യാപിറ്റൽ സാധനങ്ങളുടെയും (നിശ്ചിത ശതമാന പോയിൻറ്റുകൾ കുറവുചെയ്ത ശേഷം) ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് എടുക്കാവുന്നതാണ്. അർഹതയുള്ള ക്രെഡിറ്റ് കണക്കാക്കുന്ന രീതി റൂളുകളിൽ പറയുന്നതാണ്.

**ചോദ്യം 25:** ബാങ്കിങ് കമ്പനികൾക്ക് എന്തെങ്കിലും പ്രത്യേകമായ നിയമമുണ്ടോ?

**ഉത്തരം:** പ്രത്യേകമായി പറഞ്ഞിരിക്കുന്ന സേവനങ്ങൾ സപ്ലൈ ചെയ്യുന്ന ബാങ്കിങ് കമ്പനി/ധനകാര്യസ്ഥാപനം/നോൺ ബാങ്കിങ് ധനകാര്യ കമ്പനികൾക്ക് ഒന്നുകിൽ ആനുപാതിക ക്രെഡിറ്റ് അല്ലെങ്കിൽ അർഹതപ്പെട്ട ഇൻപുട്ട് ടാക്സ് ക്രെഡിറ്റിൻറെ **50** ശതമാനം എടുക്കാവുന്നതാണ്.

**ചോദ്യം 26:** രജിസ്റ്റർ ചെയ്തയാളായ **Mr. A 30.07.2017** വരെ കോമ്പസിഷൻ രീതിയിൽ നികുതി അടച്ചിരുന്നു. എന്നാൽ **30.07.2017** മുതൽ സാധാരണ രീതിയിൽ നികുതിയടക്കാൻ ബാധ്യതയുണ്ടായി. അയാൾക്ക് ഇൻപുട്ട് ടാക്സ് ക്രെഡിറ്റിന് അർഹതയുണ്ടോ?

**ഉത്തരം:** 30.07.2017-ൽ കൈവശമുള്ള സ്റ്റോക്കിലുള്ള ഇൻപുട്ടുകളുടെയും, ഭാഗികമായോ പൂർണ്ണമായോ ഉത്പാദനം പൂർത്തിയായ ചരക്കുകളിൽ ഉൾപ്പെട്ടിട്ടുള്ള ഇൻപുട്ടുകളുടെയും ക്യാപിറ്റൽ സാധനങ്ങളുടെയും (നിശ്ചിത ശതമാന പോയിൻറ്റുകൾ കുറവുചെയ്ത ശേഷം) ഇൻപുട്ട് ടാക്സ് ക്രെഡിറ്റിന് അർഹതയുണ്ട്.

**ചോദ്യം 27: 05.06.2017**-ന് **Mr. B** വോളണ്ടറി രജിസ്ട്രേഷന് അപേക്ഷ നൽകുകയും **22.06 .2017**-ന് രജിസ്ട്രേഷൻ ലഭിക്കുകയും ചെയ്തു. **Mr. B** ക്ക് --------- ൽ സ്റ്റോക്കിലുള്ള ഇൻപുട്ടുകളുടെ ഇൻപുട്ട് ടാക്സ് ക്രെഡിറ്റിന് അർഹതയുണ്ട്

**ഉത്തരം: 21.06.2017**-ൽ_കൈവശമുള്ള സ്റ്റോക്കിലുള്ള ഇൻപുട്ടുകളുടെയും, ഭാഗികമായോ പൂർണ്ണമായോ ഉത്പാദനം പൂർത്തിയായ ചരക്കുകളിൽ ഉൾപ്പെട്ടിട്ടുള്ള ഇൻപുട്ടുകളുടെയും ഇൻപുട്ട് ടാക്സ് ക്രെഡിറ്റിന് **Mr. B** ക്ക് അർഹതയുണ്ട്. ക്യാപിറ്റൽ ഗുഡ്സിൻറെ ക്രെഡിറ്റിന് **Mr. B** ക്ക് അർഹതയില്ല.

**ചോദ്യം 28:** കോമ്പസിഷൻ രീതിയിൽ നികുതിയടയ്ക്കാൻ ഓപ്ഷൻ കൊടുക്കുകയോ അല്ലെങ്കിൽ സപ്ലൈ ചെയ്യുന്ന സാധനങ്ങൾ/സേവനങ്ങൾ/രണ്ടും മുഴുവനായി നികുതി ഒഴിവാക്കുകയോ ചെയ്താൽ രജിസ്റ്റർ ചെയ്ത ഒരാൾ എടുത്ത ഇൻപുട്ട് ടാക്സ് ക്രെഡിറ്റിന് എന്ത് സംഭവിക്കും?

**ഉത്തരം:** ഓപ്ഷൻ വിനിയോഗിക്കുന്ന തീയതി അല്ലെങ്കിൽ നികുതി ഒഴിവിൻറെ തീയതിക്ക് തൊട്ടുമുമ്പുള്ള ദിവസം കൈവശമുള്ള സ്റ്റോക്കിൻറെ ക്രെഡിറ്റ് രജിസ്റ്റർ ചെയ്തയാൾ അടയ്ക്കണം. ക്യാപിറ്റൽ സാധനങ്ങളെ സംബന്ധിച്ച് അടയ്ക്കേണ്ട തുക കണക്കാക്കുന്നത് ഒരു നിശ്ചിത ശതമാന പോയിൻറുകൾ കുറവ് ചെയ്താണ്. ഇലക്ട്രോണിക് ക്രെഡിറ്റ് ലഡ്ജറിൽ ആവശ്യത്തിന് ബാലൻസ് ഉണ്ടെങ്കിൽ അത് ഡെബിറ്റ് ചെയ്ത് തുക അടയ്ക്കാം. അല്ലെങ്കിൽ ഇലക്ട്രോണിക് ക്യാഷ് ലഡ്ജറിൽ ഡെബിറ്റ് ചെയ്യാം. ഇലക്ട്രോണിക് ക്രെഡിറ്റ് ലഡ്ജറിൽ അതിനുശേഷം അവശേഷിക്കുന്ന തുക, ഉണ്ടെങ്കിൽ, അത് ലാപ്സാകുന്നതാണ്.

**ചോദ്യം 29:** ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് എടുക്കുന്നതിനുള്ള സമയ പരിധിക്ക് എന്തെങ്കിലും നിയന്ത്രണമുണ്ടോ?

**ഉത്തരം:** പുതിയ രജിസ്ട്രേഷൻറെ കാര്യത്തിലും കോമ്പസിഷൻ രീതിയിൽ നിന്നും സാധാരണരീതിയിലേക്കുള്ള മാറ്റം, നികുതി ഒഴിവിൽ നിന്നും നികുതി വിധേയമായ സപ്ലൈയിലേക്കുള്ള മാറ്റം ഇവയുടെ കാര്യത്തിലും ബന്ധപ്പെട്ട ആളിന് അത്തരം സപ്ലൈയുടെ ടാക്സ് ഇൻവോയ്സ് ഇഷ്യൂ ചെയ്ത തീയതി മുതൽ ഒരു വർഷം കഴിഞ്ഞാൽ ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് എടുക്കാൻ സാധ്യമല്ല.

**ചോദ്യം 30:** ഒരാളുടെ സാധുതയുള്ള റിട്ടേണിൽ കാണിച്ചിരിക്കുന്ന ഔട്ട്വേഡ് സപ്ലൈയുടെ വിവരങ്ങൾ സപ്ലൈ സ്വീകരിച്ചയാൾ നൽകുന്ന ഇൻവെർഡ് സപ്ലൈ വിവരങ്ങളുമായി പൊരുത്തപ്പെടുന്നില്ലെങ്കിൽ എന്ത് സംഭവിക്കും?

**ഉത്തരം:** പൊരുത്തക്കേടുകൾ കണ്ടാൽ രണ്ടു പാർട്ടികളെയും വിവരം അറിയിക്കുന്നു പൊരുത്തക്കേട് പരിഹരിച്ചില്ലെങ്കിൽ ആ തുക സപ്ലൈ സ്വീകരിച്ചയാളുടെ, അറിയിപ്പ് നൽകിയ മാസത്തിൻറെ തൊട്ടടുത്ത മാസത്തെ, ഔട്ട്പുട്ട് ബാധ്യതയായി കൂട്ടുന്നതാണ്.

**ചോദ്യം 31:** ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് പൊരുത്തപ്പെടുത്തലിന് **(matching)** ശേഷം മാത്രമാണോ അനുവദിക്കുകയുള്ളു**?**

**ഉത്തരം:** അല്ല. രണ്ടു മാസത്തേക്ക് പ്രൊവിഷണൽ ആയി ക്രെഡിറ്റ് അനുവദിക്കുന്നു. സപ്ലൈയുടെ വിവരങ്ങൾ സിസ്റ്റം തന്നെ പൊരുത്തപ്പെടുത്തുകയും വ്യത്യാസങ്ങൾ ബന്ധപ്പെട്ട സപ്ലയറെയും സ്വീകർത്താവിനെയും അറിയിക്കുകയും ചെയ്യുന്നു. പൊരുത്തക്കേട് തുടരുകയാണെങ്കിൽ എടുത്ത ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് സ്വയമേവ റിവേഴ്സ് ചെയ്യപ്പെടും.

**ചോദ്യം 32:** പ്രൊവിഷണൽ ആയി അനുവദിച്ച ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് എല്ലാ ബാധ്യതകളും അടയ്ക്കാൻ ഉപയോഗിയ്ക്കാമോ**?**

**ഉത്തരം:** പ്രൊവിഷണൽ ആയി അനുവദിച്ച ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് റിട്ടേൺ പ്രകാരം സ്വയം നിർണ്ണയിച്ച നികുതിയടയ്ക്കാൻ മാത്രമേ ഉപയോഗിക്കാവൂ.

**ചോദ്യം 33:** മൂലധന സാമഗ്രികളുടെ **(capital goods)** മേൽ ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് എടുത്തതാണെങ്കിൽ അത്തരം സാധനങ്ങൾ നികുതി ബാധ്യതയുള്ളയാൾ സപ്ലൈ നടത്തിയാൽ അതിൻറെ നികുതി സംബന്ധമായ ഭവിഷ്യത്തുകൾ എന്താണ്**?**

**ഉത്തരം:** ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് എടുത്ത മൂലധന സാമഗ്രികൾ/പ്ലാന്റും മഷിനറിയും സപ്ലൈ ചെയ്താൽ രജിസ്റ്റർ ചെയ്തയാൾ അവയുടെമേൽ എടുത്ത ക്രെഡിറ്റിന് തുല്യമായ തുകയിൽനിന്നും നിശ്ചിത ശതമാന പോയിൻറുകൾ കുറവ് ചെയ്ത തുകയോ, ഇടപാടിൻറെ മൂല്യത്തിന്മേൽ അടയ്ക്കേണ്ട നികുതിയോ ഏതാണ് കൂടുതൽ ആ തുക അടയ്ക്കണം.

**ചോദ്യം 34:** മൂലധന സാമഗ്രികളുടെ മേൽ ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് എടുത്ത രജിസ്റ്റർ ചെയ്തയാൾ അത്തരം മൂലധന സാമഗ്രികൾ സപ്ലൈ ചെയ്താൽ നികുതിയെ എങ്ങിനെ ബാധിക്കുന്നു**?**

**ഉത്തരം:** സപ്ലൈ ഇടപാടിൻറെ മൂല്യത്തിന്മേൽ അടയ്ക്കേണ്ട നികുതി അല്ലെങ്കിൽ അല്ലെങ്കിൽ എടുത്ത ക്രെഡിറ്റിൽനിന്നും നിശ്ചിത ശതമാന പോയിൻറുകൾ കുറവ് ചെയ്ത തുക ഇവയിൽ ഏതാണോ കൂടുതൽ അത്രയും തുക രജിസ്റ്റർ ചെയ്തയാൾ അടയ്ക്കണം. എന്നാൽ താപപ്രതിരോധ ചുടുകട്ടകൾ **(refractory bricks)**, മൂശ, അച്ച്, ജിഗ്സ്, ഫിക്സ്ചേർസ് ഇവ സ്ക്രാപ്പ് ആയി സപ്ലൈ ചെയ്യുമ്പോൾ ഇടപാട് മൂല്യത്തിന്മേൽ നികുതിയടച്ചാൽ മതി.

# 11. ഇൻപുട്ട് സർവീസ് വിതരണക്കാരൻ എന്ന ആശയം ജി.എസ്.ടി.യിൽ

**ചോദ്യം 1:** ഇൻപുട്ട് സർവ്വീസ് വിതരണം ചെയ്യുന്നയാൾ (ISD) എന്നാൽ എന്താണ്?

**ഉത്തരം:** ഇൻപുട്ട് സർവീസ് സ്വീകരിക്കുന്നതിന്റെ ടാക്സ് ഇൻവോയ്സ് കൈപ്പറ്റുകയും തങ്ങളുടെ അതേ പാൻ നമ്പറുള്ള മറ്റ് ചരക്ക് സേവനദാതാക്കൾക്ക്, പ്രസ്തുത സേവനങ്ങളുടെ മേൽ അടച്ച സെൻട്രൽ ടാക്സ് (CGST), സ്റ്റേറ്റ് ടാക്സ് (SGST), യൂണിയൻ ടെറിട്ടറി ടാക്സ് (UTGST) അല്ലെങ്കിൽ ഇൻറഗ്രേറ്റഡ് ടാക്സ് (IGST) എന്നിവയുടെ ക്രെഡിറ്റ് വിതരണം ചെയ്യുന്നതിനായി നിശ്ചിത ഡോക്യുമെൻറ് പുറപ്പെടുവിക്കുകയും ചെയ്യുന്ന ചരക്ക്സേവനദാതാക്കളുടെ ഒരു ഓഫീസിനെയാണ് ഇൻപുട്ട് സർവീസ് വിതരണക്കാരൻ എന്നതുകൊണ്ട് അർത്ഥമാക്കുന്നത്.

**ചോദ്യം 2:** ഇൻപുട്ട് സർവ്വീസ് വിതരണക്കാരനായി രജിസ്ട്രേഷൻ എടുക്കാൻ ആവശ്യമായ കാര്യങ്ങൾ എന്തൊക്കെയാണ്?

**ഉത്തരം:** ഇൻപുട്ട് സർവീസ് വിതരണക്കാരൻ, വേറെ രജിസ്ട്രേഷൻ ഉള്ളയാൾ ആണെങ്കിലും ISD എന്ന നിലയിൽ പ്രത്യേക രജിസ്ട്രേഷൻ എടുക്കേണ്ടതാകുന്നു. രജിസ്ട്രേഷൻ ആവശ്യമാകുന്ന ടേണോവർ പരിധി ഇവർക്ക് ബാധകമല്ല. സേവന നികുതി നിയമപ്രകാരം നിലവിലുള്ള രജിസ്ട്രേഷൻ പുതിയ GST സമ്പ്രദായത്തിലേക്ക് മാറ്റപ്പെടുന്നതല്ല. നിലവിലുള്ള എല്ലാ ഇൻപുട്ട് സർവീസ് വിതരണക്കാരും, ISD എന്ന നിലയിൽ പ്രവർത്തിക്കാൻ ആഗ്രഹിക്കുന്നുവെങ്കിൽ, പുതിയ നിയമപ്രകാരമുള്ള പുതിയ രജിസ്ട്രേഷൻ എടുക്കേണ്ടതാണ്.

**ചോദ്യം 3:** ഒരു ISD ക്ക്, ക്രെഡിറ്റ് വിതരണം ചെയ്യാൻ ആവശ്യമായ രേഖകൾ എന്തൊക്കെയാണ്?

**ഉത്തരം:** ക്രെഡിറ്റ് വിതരണം ചെയ്യുന്നത് അതിനുവേണ്ടി പ്രത്യേകമായി രൂപപ്പെടുത്തിയ ഒരു രേഖവഴിയാണ് അതിൽ വിതരണം ചെയ്യപ്പെടുന്ന ഇൻപുട്ട് ടാക്സ് ക്രെഡിറ്റിൻറെ തുക കാണിച്ചിട്ടുണ്ടാകും.

**ചോദ്യം 4:** ഒരു ISD-ക്ക് എല്ലാ സപ്ലയർമാർക്കും ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് വിതരണം ചെയ്യാൻ കഴിയുമോ?

**ഉത്തരം:** ഇല്ല. ബിസിനസ്സിൻറെ ഉന്നമനത്തിനായി ഇൻപുട്ട് സേവനങ്ങൾ ഉപയോഗിച്ച, രജിസ്റ്റർ ചെയ്ത ആളുകൾക്ക് മാത്രമേ ആ സേവനങ്ങളുടെ ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് വിതരണം ചെയ്യാൻ കഴിയുകയുള്ളു.

**ചോദ്യം** 5: പലപ്പോഴും ബിസിനസ്സിൻറെ ഉന്നമനത്തിനായി സപ്ലയർ ഉപയോഗിക്കുന്ന ഇൻപുട്ട് സേവനങ്ങളുടെ അളവ്, ഒന്നിനോട് ഒന്ന് എന്ന അടിസ്ഥാനത്തിൽ കണ്ടെത്തുവാൻ സാധ്യമല്ല. അത്തരം സാഹചര്യങ്ങളിൽ എങ്ങിനെയാണ് ഒരു ISD ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് വിതരണം ചെയ്യേണ്ടത്?

**ഉത്തരം:** ഇത്തരം സാഹചര്യങ്ങളിൽ ഒരു ഫോർമുല അടിസ്ഥാനമാക്കി യാണ് വിതരണം നടത്തേണ്ടത്. ആദ്യമായി, ഇൻപുട്ട് സേവനങ്ങളുടെ ക്രെഡിറ്റിൻറെ വിതരണം, അത്തരം സേവനങ്ങൾ സ്വീകരിച്ചവർക്കായി മാത്രം നടത്തുന്നു. രണ്ടാമതായി, പ്രവർത്തനമുള്ള യൂണിറ്റുകൾക്ക് വിത രണം നടത്തുന്നു. മൂന്നാമതായി, ക്രെഡിറ്റ് വിതരണം ചെയ്യുന്നത് ഓരോ സ്റ്റേറ്റിലും അല്ലെങ്കിൽ യൂണിയൻ ടെറിട്ടറിയിലും ഉള്ള സ്വീകർത്താവിൻറെ പ്രസ്തുത കാലയളവിലെ ടേണോവർ, എല്ലാ സ്വീകർത്താക്കളുടെയും മൊത്തം ടേണോവറിൻറെ ഏതു അനുപാതത്തിലാണോ അതിൻറെ അടിസ്ഥാനത്തിലാണ്. അവസാനമായി, വിതരണം ചെയ്യുന്ന ക്രെഡിറ്റ് മൊത്തം ക്രെഡിറ്റിൽ കൂടാൻ പാടില്ല.

**ചോദ്യം** 6: I S D-യുടെ ടേണോവറിൽ, എന്തെല്ലാം ഉൾപ്പെടുന്നു?

**ഉത്തരം:** ISD-യുടെ ടേണോവറിൽ, ഭരണഘടനയുടെ ഷെഡ്യൂൾ 7, ലിസ്റ്റ് II-ൽ എൻട്രി 51, 54, ലിസ്റ്റ് I-ൽ എൻട്രി 84 ഇവ പ്രകാരം ചുമത്തുന്ന ഡ്യൂട്ടികളോ നികുതികളോ ഉൾപ്പെടുകയില്ല.

**ചോദ്യം 7:** ഇൻപുട്ട് സർവ്വീസ് വിതരണം ചെയ്യുന്ന ആൾ റിട്ടേൺ ഫയൽ ചെയ്യേണ്ടതുണ്ടോ?

**ഉത്തരം:** ചെയ്യണം. ഓരോ മാസത്തെയും റിട്ടേൺ അടുത്തമാസം 13-)ം തീയതിക്കകം ഫയൽ ചെയ്യേണ്ടതാണ്.

**ചോദ്യം 8:** ഒരേ കമ്പനിക്ക് ഒന്നിലധികം ISD രജിസ്ട്രേഷൻ എടുക്കാമോ?

**ഉത്തരം:** എടുക്കാം. മാർക്കറ്റിംഗ് വിഭാഗം, സുരക്ഷാവിഭാഗം, തുടങ്ങിയ വ്യത്യസ്ത ഡിവിഷനുകൾ ഉള്ളപ്പോൾ ഓരോന്നിനും പ്രത്യേകം ISD രജിസ്ട്രേഷൻ എടുക്കാവുന്നതാണ്.

**ചോദ്യം 9:** തെറ്റായോ അധികമായോ ISD വിതരണം ചെയ്ത ക്രെഡിറ്റ് തിരിച്ചു പിടിക്കാൻ എന്തൊക്കെയാണ് നിയമത്തിലുള്ള വകുപ്പുകൾ?

**ഉത്തരം:** തെറ്റായോ അധികമായോ വിതരണം ചെയ്ത ക്രെഡിറ്റ് വകുപ്പ് 73 അല്ലെങ്കിൽ 74 പ്രകാരം പലിശ സഹിതം ക്രെഡിറ്റ് സ്വീകരിച്ച ആളിൽ നിന്നു തിരിച്ചുപിടിക്കാവുന്നതാണ്.

**ചോദ്യം 10:** ഒരു ഇൻപുട്ട് സർവ്വീസ് വിതരണക്കാരന്, CGST, IGST ക്രെഡിറ്റുകൾ വ്യത്യസ്ത സംസ്ഥാനങ്ങളിൽ സ്ഥിതിചെയ്യുന്ന തങ്ങളുടെ യൂണിറ്റുകൾക്ക് IGST ക്രെഡിറ്റായി വിതരണം ചെയ്യാമോ?

**ഉത്തരം:** ചെയ്യാം. ഒരു ഇൻപുട്ട് സർവ്വീസ് വിതരണക്കാരന്, CGST ക്രെഡിറ്റ് IGST എന്ന നിലയിലും IGST ക്രെഡിറ്റ് CGST എന്നനിലയിലും വ്യത്യസ്ത സംസ്ഥാനങ്ങളിൽ സ്ഥിതിചെയ്യുന്ന തങ്ങളുടെ യൂണിറ്റുകൾക്ക് വിതരണം ചെയ്യാവുന്നതാണ്.

**ചോദ്യം 11:** SGST/UTGST ക്രെഡിറ്റ്, IGST ക്രെഡിറ്റായി വ്യത്യസ്ത സംസ്ഥാനങ്ങ ളിലുള്ള യൂണിറ്റുകൾക്ക് വിതരണം ചെയ്യാമോ?

**ഉത്തരം:** ചെയ്യാം. ഒരു ഇൻപുട്ട് സർവ്വീസ് വിതരണക്കാരന്, SGST/UTGST ക്രെഡിറ്റ്, IGST ക്രെഡിറ്റായി വിതരണം ചെയ്യാവുന്നതാണ്.

**ചോദ്യം 12:** ഒരു ഇൻപുട്ട് ക്രെഡിറ്റ് വിതരണക്കാരന് CGST, IGST ക്രെഡിറ്റുകൾ CGST ക്രെഡിറ്റായി വിതരണം ചെയ്യാമോ?

**ഉത്തരം:** ചെയ്യാം. ഒരു ഇൻപുട്ട് ക്രെഡിറ്റ് വിതരണക്കാരന് അതേ സംസ്ഥാനത്ത് സ്ഥിതിചെയ്യുന്ന യൂണിറ്റുകൾക്ക് CGST, IGST ക്രെഡിറ്റുകൾ CGST ക്രെഡിറ്റായി വിതരണം ചെയ്യാവുന്നതാണ്.

**ചോദ്യം 13:** SGST/UTGST, IGST ക്രെഡിറ്റുകൾ, SGST/UTGST ക്രെഡിറ്റായി വിതരണം ചെയ്യാമോ?

**ഉത്തരം:** ചെയ്യാം. ഒരു ഇൻപുട്ട് ക്രെഡിറ്റ് വിതരണക്കാരന്, അതേ സംസ്ഥാനത്ത് സ്ഥിതിചെയ്യുന്ന യൂണിറ്റുകൾക്ക് SGST, IGST ക്രെഡിറ്റുകൾ, SGST/UTGST ക്രെഡിറ്റായി വിതരണം ചെയ്യാവുന്നതാണ്.

**ചോദ്യം14:** എങ്ങിനെയാണ് പൊതുവായ ക്രെഡിറ്റുകൾ ഒരു ISD-യുടെ സ്വീകർത്താക്കൾക്ക് വിതരണം ചെയ്യുന്നത്?

**ഉത്തരം:** എല്ലാവരും ഉപയോഗിക്കുന്ന പൊതുവായ ക്രെഡിറ്റുകൾ ഒരു ISD യ്ക്ക് സ്വീകർത്താക്കൾക്ക് ആനുപാതിക അടിസ്ഥാനത്തിൽ വിതരണം ചെയ്യാവുന്നതാണ്. അതായത്, ഓരോ സ്വീകർത്താവിന്റെയും ടേണോവർ, ക്രെഡിറ്റ് വിതരണം ചെയ്ത് കിട്ടുന്ന യൂണിറ്റുകളുടെ എല്ലാം ചേർന്നുള്ള മൊത്തം ടേണോവറിന്റെ അനുപാതത്തിൽ.

**ചോദ്യം 15:** ഇൻപുട്ട് സർവ്വീസ് വിതരണക്കാരന് CGST, IGST ക്രെഡിറ്റുകൾ ----- എന്ന നിലയിൽ അന്യസംസ്ഥാനത്തേക്ക് വിതരണം ചെയ്യാവുന്നതാണ്.

(a) IGST

(b) CGST

(c) SGST

**ഉത്തരം:** (a) IGST

**ചോദ്യം 16:** ഇൻപുട്ട് സർവ്വീസ് വിതരണക്കാരന് CGST ക്രെഡിറ്റ് സംസ്ഥാനത്തിനകത്ത് --------എന്ന നിലയിൽ വിതരണം ചെയ്യാവുന്നതാണ്.

(a) IGST

(b) CGST

(c) SGST

(d) മേൽപ്പറഞ്ഞതിൽ ഏതുമാകാം.

**ഉത്തരം:** (b) CGST

**ചോദ്യം 17:** ഒന്നിലധികം സപ്ലയർമാർ ഉപയോഗിക്കുന്ന ഇൻപുട്ട് സേവനങ്ങളുടെ ടാക്സ് ക്രെഡിറ്റ് --------------

(a) അത്തരം സേവനം ഉപയോഗിച്ചിട്ടുള്ള സപ്ലയർമാരുടെ ആ സംസ്ഥാനത്തെ ടേണോവറിന്റെ അനുപാതത്തിൽ വിതരണം ചെയ്യണം.

(b) തുല്യമായി എല്ലാ സപ്ലയർമാർക്കും നൽകണം.

(c) ഒരു സപ്ലയർക്ക് മാത്രമായി നൽകണം.

(d) വിതരണം ചെയ്യാൻ പാടില്ല.

**ഉത്തരം:** (a) അത്തരം സേവനം ഉപയോഗിച്ചിട്ടുള്ള സപ്ലയർമാരുടെ ആ സംസ്ഥാനത്തെ ടേണോവറിന്റെ അനുപാതത്തിൽവിതരണം ചെയ്യണം.

**ചോദ്യം 18:**അധികമായി ക്രെഡിറ്റ് വിതരണം ചെയ്താൽ ISD-യുടെ പക്കൽ നിന്നും തിരിച്ച് പിടിക്കാൻ ഡിപ്പാർട്ട്മെൻറ്റിനു കഴിയുമോ?

**ഉത്തരം:** ഇല്ല. അധികമായി വിതരണം ചെയ്ത ക്രെഡിറ്റ് പലിശ സഹിതം വിതരണക്കാരനിൽ നിന്ന് അല്ല, സ്വീകരിച്ച ആളിൽ നിന്ന് മാത്രമേ തിരിച്ചുപിടിക്കാൻ സാധിക്കുകയുള്ളു. വകുപ്പ് 73, 74 ഇവ ഇക്കാര്യത്തിന് ബാധകമാണ്.

**ചോദ്യം 19:** നിയമത്തിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി ക്രെഡിറ്റ് വിതരണം ചെയ്താലുള്ള അനന്തരഫലങ്ങൾ എന്താണ്?

**ഉത്തരം:** നിയമത്തിനു വിരുദ്ധമായി വിതരണം ചെയ്ത ക്രെഡിറ്റ് അത് സ്വീകരിച്ച ആളിൽ നിന്ന് പലിശ സഹിതം തിരിച്ചുപിടിക്കാവുന്നതാണ്.

# 12. റിട്ടേൺ സമർപ്പണവും ഇന്പുട്ട് ടാക്സ് ക്രെഡിറ്റ് ഒത്തുനോട്ടവും

**ചോദ്യം 1:** റിട്ടേണുകളുടെ ആവശ്യം എന്താണ്?

**ഉത്തരം:** (a) നികുതി അധികാരികളിലേക്കുള്ള വിവര വിനിമയ മാര്ഗ്ഗം;

(b) നികുതി വ്യവസ്ഥ പാലിക്കുന്നുണ്ടോയെന്നു നോക്കാനുള്ള (tax compliance) പരിശോധനാ പദ്ധതി;

(c) നിശ്ചിത സമയ പരിധിക്കുള്ളിൽ നികുതിദായകൻറെ നികുതി ബാദ്ധ്യത തിട്ടപ്പെടുത്തൽ; നിർദ്ദിഷ്ട കാലയളവിലെ നികുതി ബാദ്ധ്യത പ്രസ്താവിക്കുക;

(d) നയപരമായ തീരുമാനങ്ങൾ എടുക്കുന്നതിനു വേണ്ടതായ വിവരങ്ങൾ നല്കുക;

(e) നികുതി വെട്ടിപ്പിനെതിരെയുള്ളതും (Anti-evasion) കണക്കു പരിശോധനയുമായും (Audit) ബന്ധപ്പെട്ട നികുതിവ്യവസ്ഥാ പദ്ധതികളുടെ നിർവഹണം.

**ചോദ്യം** 2: ചരക്കു സേവന നികുതി വ്യവസ്ഥയിൽ ആരൊക്കെ റിട്ടേണുകൾ സമർപ്പിക്കണം?

**ഉത്തരം**: ചരക്കു സേവന നിയമപ്രകാരം രജിസ്റ്റര് ചെയ്ത ഓരോരുത്തരും ഒരു വിധത്തിലല്ലെങ്കിൽ മറ്റൊന്നിൽ റിട്ടേൺ സമർപ്പിയ്ക്കേണ്ടതുണ്ട്. രജിസ്റ്റര് ചെയ്ത ആൾ ഒന്നുകിൽ ഓരോ മാസവും (സാധാരണ സപ്ലയർ) അല്ലെങ്കിൽ ത്രൈമാസമായോ (കോമ്പസിഷൻ സ്കീം തിരഞ്ഞെടുത്ത ആൾ) റിട്ടേൺ സമർപ്പിയ്ക്കണം. ഒരു ISD, അയാൾ വിതരണം ചെയ്ത ക്രെഡിറ്റിന്റെ വിവരങ്ങൾ അടങ്ങിയ റിട്ടേൺ ഓരോ മാസവും സമർപ്പിയ്ക്കണം. ഉറവിടത്തിൽ നികുതി (TDS) പിടിക്കാൻ ബാദ്ധ്യസ്ഥരായവരും ഉറവിടത്തിൽ നികുതി (TCS) പിരിക്കാൻ ബാദ്ധ്യസ്ഥരായവരും ഓരോ മാസവും പിടിച്ച/പിരിച്ച നികുതിയുടെ വിവരങ്ങളും നിർദ്ദേശിക്കപ്പെട്ടിട്ടുള്ള മറ്റെല്ലാ വിവരങ്ങളും കാണിക്കുന്ന റിട്ടേൺ സമർപ്പിയ്ക്കണം. നികുതി ബാധ്യതയുള്ള നോൺ റസിഡൻറ്റ് ആയ വ്യക്തിയും അയാൾ ഇടപാടിലേർപ്പെട്ട കാലത്തേക്കുള്ള റിട്ടേൺ സമർപ്പിക്കണം.

**ചോദ്യം 3:** പുറത്തേക്കുള്ള സപ്ലൈ (Outward Supply) സംബന്ധിച്ച് എന്തൊക്കെ വിവരങ്ങളാണ് റിട്ടേണിൽ സമർപ്പിക്കേണ്ടത്?

**ഉത്തരം:** രജിസ്ട്രേഷനുള്ള ഒരു സാധാരണ നികുതിദായകൻ GSTR-1-ൽ, ഒരു മാസത്തിൽ നടത്തിയ വിവധതരം സപ്ലൈകളുമായി ബന്ധപ്പെട്ട വിവരങ്ങൾ അതായത്, രജിസ്റ്റർ ചെയ്തിട്ടുള്ളവര്ക്കുള്ള സപ്ലൈ, രജിസ്റ്റർ ചെയ്യാത്തവർക്കുള്ള (consumers) സപ്ലൈ, ക്രെഡിറ്റ്/ഡെബിറ്റ് നോട്ടുകൾ, സീറോ റേറ്റഡ്, ഒഴിവാക്കപ്പെട്ടതും ചരക്കുസേവന നികുതിയില്പ്പെടാത്തതുമായ

സപ്ലൈകൾ, കയറ്റുമതി, വരുംകാല സപ്ലൈയുമായി ബന്ധപ്പെട്ടു ലഭിച്ച മുന്കൂർ തുക, തുടങ്ങിയ വിവരങ്ങൾ സമർപ്പിക്കേണ്ടതാണ്.

**ചോദ്യം 4:** GSTR-1-നൊപ്പം ഇൻവോയ്സുകളുടെ `സ്കാൻ' ചെയ്ത, പകർപ്പുകൾ അപ്ലോഡ് ചെയ്യേണ്ടതുണ്ടോ?

**ഉത്തരം:** ഇൻവോയ്സുകളുടെ സ്കാൻ ചെയ്ത, പകർപ്പുകൾ അപ്ലോഡ് ചെയ്യേണ്ടതില്ല. അവയിലുള്ള ചില നിർദ്ദിഷ്ട വിവരങ്ങളുടെ ഫീൽഡുകൾ മാത്രമേ അപ്ലോഡ് ചെയ്യേണ്ടതുള്ളൂ.

**ചോദ്യം 5:** എല്ലാ ഇൻവോയ്സുകളും അപ്ലോഡ്ചെയ്യേണ്ടതുണ്ടോ?

**ഉത്തരം:** ഇല്ല. അത് പുറത്തേക്കുള്ള സപ്ലൈ വ്യാപാരികൾ തമ്മിലുള്ളതോ (B2B), അല്ലെങ്കില് വ്യാപാരിയും ഉപഭോക്താക്കളുമായുള്ളതോ (B2C) ഒരേ സംസ്ഥാനത്തിനുള്ളിലുള്ളതോ അന്തർ സംസ്ഥാനമാണോ എന്നൊക്കെയുള്ളതിനെ ആശ്രയിച്ചിരിക്കുന്നു.

വ്യാപാരികൾ തമ്മിലുള്ള ഇടപാടുകളിൽ (B2B) എല്ലാത്തരത്തിലുള്ള ഇൻവോയ്സുകളും, സംസ്ഥാനത്തിനുള്ളിലുള്ളതോ അന്തർ സംസ്ഥാനമാണോ, സമർപ്പിക്കേണ്ടതാണ്. എന്തുകൊണ്ട്? എന്തുകൊണ്ടെന്നാല്, സ്വീകർത്താക്കൾ ഇന്പുട്ട് ടാക്സ് ക്രെഡിറ്റ് (ITC) എടുക്കുന്നതുകൊണ്ട് ഇൻവോയ്സുകൾ ഒത്തുനോക്കേണ്ടതായി വരുന്നു.

വ്യാപാരികള് ഉപഭോക്താവിനു (B2C) കൊടുക്കുന്നവയിൽ സ്വീകർത്താവ് `ക്രെഡിറ്റ്' എടുക്കാത്തതുകൊണ്ട് പൊതുവേ അത്തരം ഇൻവോയ്സുകൾ അപ്ലോഡ്ചെയ്യേണ്ടതില്ല. എങ്കിലും, ലക്ഷ്യാധിഷ്ഠിത നികുതി (Destination based tax) തത്വങ്ങള് നടപ്പിലാക്കുന്നതിനു വേണ്ടി ഇത്തരത്തിലുള്ള അന്തർ സംസ്ഥാന B2C സപ്ലൈയില് രണ്ടരലക്ഷം രൂപയിൽ കൂടുതൽ മൂല്യമുള്ള ഇൻവോയ്സുകൾ അപ്ലോഡ് ചെയ്യേണ്ടതുണ്ട്. രണ്ടരലക്ഷത്തില് താഴെ മൂല്യമുള്ള അന്തർ സംസ്ഥാന ഇൻവോയ്സുകളിലും ഒരേ സംസ്ഥാനത്തിനുള്ളിലുള്ള എല്ലാ ഇൻവോയ്സുകളിലും ഓരോ സംസ്ഥാനത്തിനും വേർതിരിച്ചുള്ള സംഗ്രഹം പര്യാപ്തമാണ്.

**ചോദ്യം 6:** ഇൻവോയ്സിലെ ഓരോ ഇനത്തിൻറെയും വിവരണം അപ്ലോഡ് ചെയ്യേണ്ടതുണ്ടോ?

**ഉത്തരം:** ഇല്ല. വിവരണം സമർപ്പിക്കേണ്ടതില്ല. ചരക്കുകളുടെ 'HSN കോഡുകളും' സേവനങ്ങളുടെ അക്കൗണ്ടിംങ് കോഡുകളും ഫീഡ് ചെയ്യണം. സമർപ്പിക്കുന്നയാൾ `അപ്ലോഡ്' ചെയ്യേണ്ട കോഡുകളുടെ ഏറ്റവും കുറഞ്ഞ അക്കങ്ങളുടെ എണ്ണം അയാളുടെ മുൻവർഷത്തെ ടേണോവറിനെ ആശ്രയിച്ചിരിക്കുന്നു.

**ചോദ്യം 7:** ഓരോ ഇടപാടിൻറെയും മൂല്യം കാണിക്കേണ്ടതുണ്ടോ? പ്രതിഫലമില്ലെങ്കിൽ എങ്ങിനെയാണ്?

**ഉത്തരം:** വേണം. മൂല്യം മാത്രമല്ല, നികുതി ബാധ്യതയുള്ള മൂല്യവും കാണിക്കേണ്ടതുണ്ട്. ചില സാഹചര്യങ്ങളിൽ രണ്ടും വ്യത്യസ്തമാകാം. പ്രതിഫലമില്ലാതെ, ഷെഡ്യൂൾ ഒന്നിൽ പറയുന്ന സപ്ലൈയാണെങ്കിലും

അതിൻറെ നികുതി ബാധ്യതയുള്ള മൂല്യം (Taxable value) നിർദ്ദിഷ്ട രീതിയിൽ കണക്കാക്കി അപ്‌ലോഡ് ചെയ്യേണ്ടതുണ്ട്.

**ചോദ്യം 8:** സപ്ലയർ വിട്ടുപോയ വിവരങ്ങൾ `സ്വീകർത്താവിന്' അയാളുടെ GSTR-2-ൽ കാണിക്കാമോ?

**ഉത്തരം:** കാണിക്കാം. സപ്ലയർ വിട്ടുപോയ വിവരങ്ങൾ സ്വീകർത്താവിന് സ്വന്തമായി ചേർക്കാം. അങ്ങനെയുള്ള ഇൻവോയ്സുകളിൽ താത്കാലികമായി ക്രെഡിറ്റും നല്കും, എന്നാൽ അത് ഒത്തുനോട്ടത്തിനു വിധേയമായിരിക്കും. ഒത്തുനോക്കുമ്പോൾ ആ ഇൻവോയ്സ് സപ്ലയർ `അപ്‌ലോഡ്' ചെയ്തിട്ടില്ലെങ്കിൽ രണ്ടുപേരേയും വിവരം അറിയിക്കും. പൊരുത്തക്കേടു പരിഹരിക്കപ്പെട്ടാല് ക്രെഡിറ്റ് സ്ഥിരപ്പെടുത്തും. എന്നാൽ അറിയിച്ചശേഷവും പൊരുത്തക്കേട് തുടര്ന്നാൽ ആ തുക സ്വീകർത്താവിൻറെ, പൊരുത്തക്കേട് അറിയിച്ചതിൻറെ തൊട്ടടുത്ത മാസത്തെ, ഔട്ട് പുട്ട് നികുതി ബാധ്യതയുടെ കൂടെ കൂട്ടുന്നതാണ്.

**ചോദ്യം 9:** നികുതിദായകൻ എന്തെങ്കിലും വിവരങ്ങൾ GSTR-2-ൽ ചേർക്കേണ്ടതുണ്ടോ? അതോ GSTR-1-ൽ നിന്നും അതിലേക്കു വിവരങ്ങൾ സിസ്റ്റം വഴി തനിയെ വന്നുകൊള്ളുമോ (auto-populate)?

**ഉത്തരം:** വലിയ ഒരു ഭാഗം വിവരങ്ങൾ GSTR-2-ൽ തനിയെ വന്നുകൊള്ളുമെങ്കിലും ഇറക്കുമതി, രജിസ്റ്റര് ചെയ്യാത്തതോ കോമ്പോസിഷൻ രീതി സ്വീകരിച്ചതോ ആയ സപ്ലയർ/സീറോ റേറ്റഡ്/ചരക്കു സേവന നികുതിയിതര/ നികുതി രഹിത സപ്ലയർ തുടങ്ങിയവരിൽ നിന്നും സ്വീകരിച്ച സപ്ലൈകൾ ഇവയുടെ വിശദാംശങ്ങൾ സ്വീകർത്താവിനേ, പൂരിപ്പിക്കാനാവൂ.

**ചോദ്യം 10:** ഇൻവോയ്സുകൾ പൊരുത്തപ്പെട്ടില്ലെങ്കിൽ ഇൻപുട്ട് ടാക്സ് `ക്രെഡിറ്റ്' കൊടുക്കുമോ അതോ നിഷേധിക്കുമോ? നിഷേധിക്കുമെങ്കിൽ സപ്ലയർക്ക് എതിരെ എന്തു നടപടിയാണ് സ്വീകരിക്കുക?

**ഉത്തരം:** GSTR-2-ലുള്ള ഇൻവോയ്സുകൾ സപ്ലൈയറുടെ GSTR-1-മായി പൊരുത്തപ്പെട്ടിട്ടില്ലെങ്കിൽ ആ വിവരം സപ്ലയറെ അറിയിക്കും. രണ്ടു കൂട്ടരേയും വിവരമറിയിച്ചിട്ടും പൊരുത്തക്കേടു പരിഹരിക്കപ്പെടാതെ തുടരുന്ന പക്ഷം, പൊരുത്തക്കേട് രണ്ടു കാരണങ്ങൾ കൊണ്ടുണ്ടാകാം. ഒന്നാമതായി സ്വീകർത്താവിൻറെ ഭാഗത്തു നിന്നുണ്ടായ തെറ്റ്. ഇതില്, കൂടുതലായി ഒരു നടപടിയും ആവശ്യമാകുന്നില്ല. രണ്ടാമതായി, ആ ഇൻവോയ്സ് സപ്ലയർ നൽകിയിരിക്കാം. പക്ഷേ, അയാള് അത് അപ്‌ലോഡു ചെയ്യുകയോ നികുതിയടക്കുകയോ ചെയ്തിരിക്കില്ല. ഇത്തരം സാഹചര്യങ്ങളില് ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് എടുത്ത തുക സ്വീകർത്താവിൻറെ ഔട്ട് പുട്ട് നികുതി ബാധ്യതയുടെ കൂടെ കൂട്ടുന്നതാണ്. ചുരുക്കത്തിൽ, എല്ലാ പൊരുത്തക്കേടുകളും, സപ്ലയർ സപ്ലൈ നടത്തിയിട്ടും നികുതി അടയ്ക്കാത്തതായി കണക്കാക്കി തുടർ നടപടികളിലേക്കു നയിക്കും.

**ചോദ്യം 11:** സപ്ലയർ പിന്നീട് തെറ്റ് തിരിച്ചറിഞ്ഞു വിവരങ്ങൾ രേഖപ്പെടുത്തിയാൽ തിരിച്ചു പിടിച്ച (Reverse ചെയ്ത) ITC-യുടെ നിയമപരമായ അവസ്ഥ എന്തായിരിക്കും?

**ഉത്തരം:** അടുത്ത സാമ്പത്തിക വർഷത്തിലെ സെപ്തംബറിനു മുമ്പായി ഏതു സമയത്തും സപ്ലയർക്ക് വിട്ടുപോയ ഇൻവോയ്സുകൾ അപ്‌ലോഡ് ചെയ്യാവുന്നതും, അവയുടെ മേലുള്ള നികുതിയും പലിശയും അയാള് ഇൻവോയ്സ് അപ്‌ലോഡ് ചെയ്യാൻ മുൻപ് വിട്ടുപോയ മാസത്തെ GSTR-3-ൽ ചേർക്കാവുന്നതും അടക്കാവുന്നതുമാണ്. സ്വീകർത്താവിന് അപ്പോൾ സപ്ലയർ പൊരുത്തക്കേട് പരിഹരിച്ച അത്രത്തോളം തുക, തൻ്റെ ഔട്ട് പുട്ട് നികുതി ബാധ്യതയിൽ നിന്നും കുറവ് ചെയ്യാവുന്നതാണ്. സ്വീകർത്താവ് റിവേഴ്സ് ചെയ്തപ്പോൾ അടച്ച പലിശ, അയാളുടെ ഇലക്ട്രോണിക് ക്യാഷ് ലഡ്ജറിൽ ബന്ധപ്പെട്ട ഹെഡ്ഡിൽ ക്രെഡിറ്റായി റീഫണ്ട് ലഭിക്കുകയും ചെയ്യും.

**ചോദ്യം 12:** GSTR-2-ൻ്റെ സവിശേഷത എന്താണ്?

**ഉത്തരം:** സ്വീകർത്താവിനു നല്കിയ ചരക്കിൻ്റെ/സേവനത്തിൻ്റെ വിശദാംശങ്ങൾ, ബന്ധപ്പെട്ട സപ്ലയർ GSTR–1-ൽ നല്കിയ വിവരങ്ങളുടെ അടിസ്ഥാനത്തിൽ സ്വീകർത്താവിന്റെ GSTR-2-വിലേക്ക് സിസ്റ്റം വഴി തനിയെ വന്നു കൊള്ളുമെന്നതാണ് അതിൻ്റെ സവിശേഷത.

**ചോദ്യം 13:** കോമ്പോസിഷൻ സ്കീമിലുള്ള നികുതിദായകരും GSTR-1-ഉം GSTR-2-ഉം സമർപ്പിക്കേണ്ടതുണ്ടോ?

**ഉത്തരം:** ഇല്ല. കോമ്പോസിഷൻ സ്കീമിലുള്ള നികുതിദായകർ കൊടുക്കുന്നതിൻ്റെയോ വാങ്ങുന്നതിൻ്റെയോ റിട്ടേണുകൾ നല്കേണ്ടതില്ല. അവര് GSTR-4-ലുള്ള ത്രൈമാസ റിട്ടേണുകൾ ഓരോ ത്രൈമാസത്തിനും ശേഷമുള്ള മാസത്തിൻ്റെ 18-)o തീയതിയ്ക്കകം സമർപ്പിക്കേണ്ടതുണ്ട്. അവർ ഇൻപുട്ട് ടാക്സ് ക്രെഡിറ്റിന് അർഹരല്ലാത്തതുകൊണ്ട് GSTR-2-നോ, കോമ്പോസിഷന് സ്കീമിൽ അടച്ച നികുതിക്ക് ക്രെഡിറ്റിന് അർഹതയില്ലാത്തതുകൊണ്ട് GSTR-1-നോ പ്രസക്തിയില്ല. അവരുടെ റിട്ടേണിൽ തങ്ങൾ പുറത്തേക്ക് സപ്ലൈ ചെയ്തതിൻ്റെ സംക്ഷിപ്തവിവരണവും നികുതിയടച്ചതിൻ്റെ വിശദാംശവും നല്കേണ്ടതുണ്ട്. അവർ വാങ്ങിയ വസ്തുക്കളുടെ വിശദാംശങ്ങളും അവരുടെ ത്രൈമാസ റിട്ടേണിൽ ഉൾപ്പെടുത്തേണ്ടതുണ്ട്. ഇവയിൽ പലതും സിസ്റ്റം വഴി തനിയെ വന്നുകൊള്ളും.

**ചോദ്യം 14:** ഇൻപുട്ട് സർവ്വീസ് വിതരണക്കാർ (ISD) തങ്ങളുടെ റിട്ടേണുകളോടൊപ്പം ഔട്ട് വേഡ്/ഇൻ വേഡ് സപ്ലൈകളുടെ വെവ്വേറെ സ്റ്റേറ്റ്മെൻ്റ് സമർപ്പിക്കേണ്ടതുണ്ടോ?

**ഉത്തരം:** ഇല്ല; അവർ സേവനദാതാക്കളിൽ നിന്നു കിട്ടിയ ക്രെഡിറ്റും തങ്ങളുടെ യൂണിറ്റുകൾക്ക് വിതരണം ചെയ്ത ക്രെഡിറ്റിൻ്റെ വിവരങ്ങളും അടങ്ങുന്ന GSTR-6 എന്ന റിട്ടേൺ മാത്രം സമർപ്പിച്ചാൽ മതിയാകും. അവരുടെ റിട്ടേണിൽ ഇത്തരം വിവരങ്ങൾ ഉള്ളതുകൊണ്ട് ഔട്ട് വേഡ്/ഇൻ വേഡ് സപ്ലൈകളുടെ വെവ്വേറെ സ്റ്റേറ്റ്മെൻ്റ് സമർപ്പിക്കേണ്ടതില്ല.

**ചോദ്യം 15:** ഒരു നികുതിദായകൻ അയാൾക്ക് വേണ്ടി ഉറവിടത്തിൽ പിടിക്കപ്പെട്ട നികുതിയുടെ ക്രെഡിറ്റ് എങ്ങിനെ ലഭിക്കും? പിടിച്ചവരിൽ നിന്നുമുള്ള സാക്ഷ്യപത്രം ഇതിലേക്കായി സമർപ്പിക്കേണ്ടതുണ്ടോ?

**ഉത്തരം:** ചരക്കു സേവനനികുതിയിൽ ഉറവിടത്തിൽ നികുതി പിരിക്കുന്നവർ ആരിൽ നിന്നൊക്കെയാണ് നികുതി പിരിച്ചതെന്നുള്ളതിൻ്റെ വ്യക്തിഗത വിവരങ്ങൾ പിരിച്ച മാസത്തിനുശേഷമുള്ള മാസം 10-)ം തീയതിക്കുമുമ്പേ GSTR-7 റിട്ടേണിൽ സമർപ്പിക്കുന്നുണ്ട്. നികുതി പിരിച്ചയാൾ ഇങ്ങനെ സമർപ്പിക്കുന്ന വിവരങ്ങൾ, ആർക്കുവേണ്ടിയാണോ പിരിച്ചത് അവരുടെ GSTR-2-ൽ സിസ്റ്റം വഴി തനിയെ വന്നുകൊള്ളും. ഉറവിടത്തിൽ പിരിച്ച നികുതിയുടെ `ക്രെഡിറ്റ്' ലഭിക്കുന്നതിന് നികുതിദായകൻ അയാളുടെ GSTR-2-ൽ ഈ വിവരങ്ങൾ സ്ഥിരീകരിക്കേണ്ടതുണ്ട്. ക്രെഡിറ്റെടുക്കുന്നതിന് അയാൾ പേപ്പർ ഫോമിലോ ഇലക്ട്രോണിക് ഫോമിലോ ഉള്ള ഒരു സാക്ഷ്യപത്രവും ഹാജരാക്കേണ്ടതില്ല. കോമൺ പോർട്ടലിൽ നിന്ന് ഡൗൺലോഡ് ചെയ്യാവുന്ന സാക്ഷ്യപത്രം നികുതിദായകന് പ്രമാണമായി സൂക്ഷിക്കുന്നതിനു വേണ്ടിയുള്ളതാണ്.

**ചോദ്യം 16:** ആരൊക്കെയാണ് വാർഷിക റിട്ടേണുകൾ സമർപ്പിക്കേണ്ടത്?

**ഉത്തരം:** താത്കാലിക/നോൺ റസിഡൻറ്റ് നികുതിദായകരും, കോമ്പോസിഷൻ സ്കീമിലുള്ള നികുതിദായകരും ഉറവിടത്തിൽ നികുതി പിരിക്കുന്നവരും പിടിക്കുന്നവരും ഇൻപുട്ട് സർവീസ് വിതരണക്കാരും (ISD) ഒഴികെയുള്ള GSTR-1 മുതൽ GSTR-3 വരെയുള്ള റിട്ടേണുകൾ സമർപ്പിക്കുന്ന നികുതിദായകരെല്ലാവരും വാർഷിക റിട്ടേണുകൾ സമർപ്പിക്കേണ്ടതുണ്ട്. താത്കാലിക/നോൺ റസിഡൻറ്റ് നികുതിദായകരും, കോമ്പോസിഷൻ സ്കീമിലുള്ള നികുതിദായകരും ഉറവിടത്തിൽ നികുതി പിരിക്കുന്നവരും പിടിക്കുന്നവരും ഇൻപുട്ട് സർവീസ് വിതരണക്കാരും (ISD) വാർഷിക റിട്ടേൺ സമർപ്പിക്കേണ്ടതില്ല.

**ചോദ്യം 17:** വാർഷിക റിട്ടേണും ഫൈനൽ റിട്ടേണും ഒന്നു തന്നെയാണോ?

**ഉത്തരം:** അല്ല, സാധാരണ നികുതിദായകരായി രജിസ്റ്റർ ചെയ്തിട്ടുള്ളവരെല്ലാം വാർഷിക റിട്ടേൺ സമർപ്പിക്കേണ്ടതുണ്ട്. രജിസ്ട്രേഷൻ റദ്ദാക്കാൻ അപേക്ഷിച്ചിട്ടുള്ള നികുതിദായകർ മാത്രമേ ഫൈനൽ റിട്ടേൺ സമർപ്പിക്കേണ്ടതുള്ളൂ. ഇത് റദ്ദാക്കുന്ന തീയതിക്കോ റദ്ദാക്കൽ ഉത്തരവിൻ്റെ തീയതിക്കോ മൂന്നുമാസത്തിനകം സമർപ്പിക്കേണ്ടതുണ്ട്.

**ചോദ്യം 18:** റിട്ടേൺ സമർപ്പിച്ച് കഴിഞ്ഞാൽ അതിലെന്തെങ്കിലും മാറ്റങ്ങൾ വരുത്തേണ്ടതുണ്ടെങ്കിൽ അതെങ്ങനെയാണ് ചെയ്യേണ്ടത്?

**ഉത്തരം:** ചരക്കുസേവന നികുതിയിൽ ഓരോ ഇടപാടിൻ്റെയും വിശദാംശങ്ങളിൽ നിന്ന് റിട്ടേൺ ഉണ്ടാക്കുന്നതുകൊണ്ട് അത് പുതുക്കേണ്ട ആവശ്യമില്ല. ഒരു കൂട്ടം ഇൻവോയ്സുകളോ, ഡെബിറ്റ്/ക്രഡിറ്റ് നോട്ടുകളോ മാറ്റേണ്ടതു കൊണ്ടാകാം ഒരു റിട്ടേൺ പുതുക്കേണ്ടതായി വരുന്നത്. സമർപ്പിച്ച് കഴിഞ്ഞ റിട്ടേൺ പുതുക്കുന്നതിനുപകരം വ്യതിയാനങ്ങൾ വരുത്തേണ്ട ഇടപാടുകളിൽ (ഇൻവോയ്സുകൾ, ക്രഡിറ്റ്/ഡെബിറ്റ് നോട്ടുകള്) മാറ്റം വരുത്താൻ സിസ്റ്റം വഴി കഴിയും. ഇത്തരം വ്യതിയാനങ്ങൾ പിന്നീടുള്ള GSTR-I അല്ലെങ്കിൽ GSTR-2-ൽ (നേരത്തെ പ്രഖ്യാപിച്ചിട്ടുള്ള വിശദാംശങ്ങളിൽ വ്യതിയാനങ്ങൾ വരുത്താനായി നല്കിയിട്ടുള്ള പട്ടികകളിൽ) വരുത്താവുന്നതാണ്.

**ചോദ്യം 19:** നികുതിദായകർക്ക് അവരുടെ റിട്ടേൺ എങ്ങനെ സമർപ്പിക്കാൻ കഴിയും?

**ഉത്തരം:** നികുതിദായകർക്ക് റിട്ടേണുകളും സ്റ്റേറ്റ്മെൻറ്കളും സമർപ്പിക്കാൻ പല മാർഗ്ഗങ്ങളുണ്ട്. ഇലക്ട്രോണിക് മാധ്യമത്തിലൂടെ (Online) റിട്ടേണും സ്റ്റേറ്റ്മെൻറ്കളും നേരിട്ട് സമർപ്പിക്കാം. പക്ഷേയിത് വളരെയേറെ ഇൻവോയിസുകളുള്ള നികുതിദായകർക്ക് ക്ലേശകരവും ഏറെ സമയമെടുക്കുന്നതുമായിരിക്കും. അങ്ങനെയുള്ള നികുതിദായകർക്ക് സിസ്റ്റം വഴി തനിയെ വന്നിട്ടുള്ള വിശദാംശങ്ങൾ സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്തശേഷം ബാക്കി വിശദാംശങ്ങൾ ഉൾപ്പെടുത്തി കോമൺ പോർട്ടലിൽ അപ്ലോഡ് ചെയ്യാവുന്ന ഓഫ്ലൈൻ യുട്ടിലിട്ടി ലഭ്യമാക്കുന്നതാണ്. പൊതു പോർട്ടലുമായി സമന്വയിക്കുന്ന GST സുവിധാ പ്രൊവൈഡേർസ് (GSP)-ന്റെ ഒരു സമൂഹം GSTN വികസിപ്പിച്ചിട്ടുണ്ട്.

**ചോദ്യം 20:** നികുതിദായകർ ചരക്കുസേവന നികുതി നിയമത്തിന് അനുസൃതമായി പ്രശ്നരഹിതമായി നടപടി ക്രമങ്ങൾ പാലിക്കാൻ എന്തെല്ലാമാണ് ഉറപ്പുവരുത്തേണ്ടത്?

**ഉത്തരം:** സപ്ലൈകളുടെ വിശദാംശങ്ങൾ GSTR-1 ഫോറത്തിൽ തൊട്ടടുത്ത മാസം പത്താം തീയതിയോടെ അപ്ലോഡ് ചെയ്യുകയെന്നുള്ളത് ചരക്ക് സേവനനികുതിയിൽ പരമപ്രാധാന്യമുള്ള സംഗതികളിൽ ഒന്നാണ്. ഇത് എത്രത്തോളം ഉറപ്പിക്കാമെന്നുള്ളത് നികുതിദാതാവ് ബിസിനസുകാർക്ക് (B2B) നൽകുന്ന ഇൻവോയ്സുകളുടെ എണ്ണത്തെ ആശ്രയിച്ചിരിക്കും. ഈ എണ്ണം കുറവാണെങ്കിൽ നികുതിദായകന് ഒറ്റയടിക്കു തന്നെ വിവരങ്ങൾ അപ്ലോഡ് ചെയ്യാൻ പറ്റും. എന്നാൽ ഇൻവോയ്സുകളുടെയെണ്ണം അധികമാണെങ്കിൽ ഇൻവോയ്സ് (അഥവാ ഡെബിറ്റ്/ക്രഡിറ്റ് നോട്ടുകള്) കൃത്യമായ ഇടവേളയിൽ അപ്ലോഡ് ചെയ്യണം. GSTN ഇൻവോയ്സുകളുടെ അതാത് സമയത്തുള്ള അപ്ലോഡിംഗ് പോലും അനുവദിക്കുന്നുണ്ട്. സ്റ്റേറ്റ്മെൻറ്കൾ സമർപ്പിക്കുന്നതുവരെ നികുതിദായകന് അപ്ലോഡ് ചെയ്ത ഇൻവോയ്സുകളിൽ വ്യതിയാനങ്ങൾ വരുത്താൻ സാധിക്കും. അതുകൊണ്ട് കൃത്യനിഷ്ഠയോടെ ഇൻവോയ്സുകൾ അപ്ലോഡ് ചെയ്യുന്നത് നികുതിദായകർക്ക് എപ്പോഴും ഗുണകരമാണ്. അവസാന നിമിഷത്തെ തിരക്ക് അപ്ലോഡിംഗ് ദുഷ്കരമാക്കുകയും ശ്രമം വിഫലമാകാനും തെറ്റുകൾ വരുവാനുള്ള സാധ്യത വർദ്ധിപ്പിക്കുകയും ചെയ്യും.

രണ്ടാമത്തെക്കാര്യം, സപ്ലയർമാർ നല്കിയ ഇൻവോയ്സുകൾ അവർ അപ്ലോഡ് ചെയ്യുന്നുവെന്നത് നികുതിദായകൻ ഉറപ്പുവരുത്തണം. ഇൻപുട്ട് ടാക്സ് ക്രെഡിറ്റ്, തടസ്സവും താമസവുമില്ലാതെ കിട്ടുമെന്നുറപ്പാക്കാൻ ഇത് സഹായിക്കും. സ്വീകർത്താക്കൾക്ക് സപ്ലയർമാരെ അവരുടെ ഇൻവോയ്സുകൾ അവസാനനിമിഷം ആവാതെ സമയാസമയം അപ്ലോഡ് ചെയ്യാൻ പ്രേരിപ്പിക്കാൻ കഴിയും. തങ്ങൾക്കുള്ള ഇൻവോയ്സുകൾ സപ്ലയർ അപ്ലോഡ് ചെയ്തിട്ടുണ്ടോ എന്ന് പരിശോധിക്കാൻ സ്വീകർത്താക്കൾക്ക് GSTN-ൽ സാധിക്കും. ഒരു നികുതിദായകൻ്റെ നികുതി വിധേയത്വം ഉൾപ്പെടെയുള്ള പ്രവർത്തന രീതികൾ പ്രത്യേകിച്ചും സമയത്തിന് സപ്ലൈ ഇൻവോയ്സ് അപ്ലോഡ്

ചെയ്യുന്നതും മുന്പ് ആ സപ്ലയറുടെ ഇൻവോയ്സിൻറെ ഓട്ടോ റിവേഴ്സൽ (auto-reversal) ഉൾപ്പെടെയുള്ള വിവരങ്ങൾ GSTN-ൽ ലഭ്യമാണ്. GST-യുടെ കോമൺ പോർട്ടലിൽ ഇന്ത്യയൊട്ടുക്കുള്ള വിവരങ്ങൾ ലഭ്യമാകുന്നത് നികുതിദായകർക്ക് വളരെ സഹായകരമാണ്. ഇൻവോയ്സുകൾ ക്രമമായി അപ്‌ലോഡ് ചെയ്യുന്നത് എത്രയും എളുപ്പമാക്കുവാനുള്ള ശ്രമങ്ങൾ നടന്നു കൊണ്ടിരിക്കുകയാണ്. അതിനു സഹായകമായ പരിസ്ഥിതി വികസിപ്പിച്ചെടുക്കുവാൻ ശ്രമിയ്ക്കുന്നുണ്ട്. നികുതിദായകർ ഈ പരിസ്ഥിതിയെ എളുപ്പമുള്ളതും സുഗമവുമായ നികുതിവിധേയത്വത്തിന് ഉപയോഗപ്പെടുത്തേണ്ടതാണ്.

**ചോദ്യം 21:** നികുതിദായകൻ സ്വന്തമായിത്തന്നെ റിട്ടേണുകൾ സമർപ്പിക്കണമെന്നത് നിർബന്ധിതമാണോ?

**ഉത്തരം:** അല്ല. കേന്ദ്ര/സംസ്ഥാന നികുതി വകുപ്പുകൾ അംഗീകരിച്ചിട്ടുള്ള ഒരു ടാക്സ് റിട്ടേൺ പ്രിപ്പയറർ (TRP) മുഖേനയും ഒരു രജിസ്റ്റേർഡ് നികുതിദായകൻ റിട്ടേണുകൾ സമർപ്പിക്കാം.

**ചോദ്യം 22:** റിട്ടേണുകൾ നിശ്ചിത ദിവസത്തിനകം സമർപ്പിച്ചില്ലെങ്കിൽ എന്തു സംഭവിക്കും?

**ഉത്തരം:** നിശ്ചിത സമയത്തിനുശേഷം റിട്ടേണുകൾ സമർപ്പിക്കുന്ന നികുതിദായകൻ ഓരോ ദിവസത്തേയും കാലതാമസത്തിന് നൂറു രൂപാ വീതം, (പരമാവധി അയ്യായിരം രൂപ) ലേറ്റ് ഫീ അടക്കേണ്ടതായി വരും.

വാർഷിക റിട്ടേൺ നിശ്ചിത തീയതിക്കുള്ളിൽ ഫയൽ ചെയ്തില്ലെങ്കിൽ വീഴ്ച തുടരുന്ന ഓരോ ദിവസത്തിനും നൂറു രൂപാ വീതം, (പരമാവധി ആ സ്റ്റേറ്റിലെ ടേണോവറിൻറെ കാൽ ശതമാനം [0.25%]) ലേറ്റ് ഫീ ചുമത്തപ്പെടും.

**ചോദ്യം 23:** ഒരു രേഖയുടെ അടിസ്ഥാനത്തിൽ ഒന്നിലധികം പ്രാവശ്യം ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് എടുത്താൽ എന്ത് സംഭവിക്കും?

**ഉത്തരം**: ഒരു രേഖയുടെ അടിസ്ഥാനത്തിൽ ഒന്നിലധികം പ്രാവശ്യം ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് എടുത്തതായി സിസ്റ്റം കണ്ടെത്തിയാൽ (ക്ലെയിമിൻറെ ഇരട്ടിപ്പ്) അത്തരം ക്രെഡിറ്റിൻറെ തുക സ്വീകർത്താവിൻറെ റിട്ടേണിൽ ഔട്ട് പുട്ട് ടാക്സ് ബാധ്യതയുടെ കൂടെ കൂട്ടുന്നതാണ് {വകുപ്പ് 42(6)}

**ചോദ്യം** 24: GSTR-1-ഉം GSTR-2 ഉം തമ്മിലുള്ള പൊരുത്തക്കേട് സിസ്റ്റം കണ്ടുപിടിച്ചതിൻറെ അടിസ്ഥാനത്തിൽ ഔട്ട് പുട്ട് ടാക്സ് ആയി പിടിച്ചെടുത്ത തുക വീണ്ടും അവകാശപ്പെടാനാകുമോ?

**ഉത്തരം**: അവകാശപ്പെടാം, തെറ്റ് കണ്ടുപിടിച്ച മാസത്തെ അല്ലെങ്കിൽ ത്രൈമാസത്തെ സാധുവായ റിട്ടേണിൽ ഇൻവോയ്സുകളുടെയോ ഡെബിറ്റ് /ക്രെഡിറ്റ് നോട്ടുകളുടേയോ ശരിയായ വിവരങ്ങൾ ചേർത്തു പൊരുത്തക്കേട് പരിഹരിച്ചിട്ടുണ്ടെങ്കിൽ. തൊട്ടടുത്ത ടാക്സ് പീരിയഡിൻറെ ഔട്ട് പുട്ട് ടാക്സ് ബാധ്യതയിൽ നിന്ന് പ്രസ്തുത തുക കുറവു ചെയ്തുകൊണ്ട് അത് അവകാശപ്പെടാം. {വകുപ്പ് 42(7)} നിയമത്തിൻറെ വകുപ്പ് 43-ൽ സപ്ലയർ നൽകുന്ന ക്രെഡിറ്റ് നോട്ടിൻറെ കാര്യത്തിലും ഇതുപോലെയുള്ള വ്യവസ്ഥയുണ്ട്.

**ചോദ്യം 25:** നിഷേധിച്ച ITC പുനഃസ്ഥാപിക്കാനാവുമോ?

**ഉത്തരം:** സപ്ലയര് Reversal-നു ശേഷം അടുത്ത സെപ്തംബറിനു മുമ്പായി ഇന്വോയ്സ് അപ്ലോഡ്ചെയ്യുകയാണെങ്കിൽ റിവേഴ്സ് ചെയ്യപ്പെട്ട ക്രെഡിറ്റ് പുനഃസ്ഥാപിക്കപ്പെടുന്നതിനൊപ്പം റിവേഴ്സ് ചെയ്തപ്പോഴടച്ച പലിശ തിരികെ നല്കുകയും ചെയ്യും.

# 13. നികുതി നിർണ്ണയവും കണക്ക് പരിശോധനയും

**ചോദ്യം 1:** ഈ നിയമപ്രകാരം നൽകേണ്ട നികുതി നിർണ്ണയം നടത്താൻ ഉത്തരവാദപ്പെട്ടവർ ആരാണ്?

**ഉത്തരം:** ഈ നിയമപ്രകാരം രജിസ്റ്റർ ചെയ്യപ്പെട്ട ഓരോ വ്യക്തിയും, ഓരോ കാലത്തേക്കും നൽകേണ്ട നികുതിയെക്കുറിച്ച് സ്വയം നിർണ്ണയം നടത്തേണ്ടതും വകുപ്പ് 39 പ്രകാരം റിട്ടേൺ സമർപ്പിക്കേണ്ടതുമാകുന്നു.

**ചോദ്യം 2:** എപ്പോഴാണ് ഒരു നികുതിവിധേയ വ്യക്തിക്ക് ഇടക്കാല (provisional) വ്യവസ്ഥയിൽ നികുതി നൽകാൻ കഴിയുന്നത്?

**ഉത്തരം:** ഓരോ നികുതിവിധേയ വ്യക്തിയും സ്വയം നിർണ്ണയം നടത്തി നികുതി അടയ്ക്കേണ്ടതിനാൽ ഇടക്കാല അടിസ്ഥാനത്തിൽ നികുതി നൽകുന്നത് സംബന്ധിച്ചുള്ള അപേക്ഷ നികുതിവിധേയ വ്യക്തി നൽകേണ്ടതും ആയതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ അനുമതി നൽകേണ്ടതുമാണ്. മറ്റൊരുതരത്തിൽ പറഞ്ഞാൽ ഒരു നികുതി ഉദ്യോഗസ്ഥനും സ്വയമേവ ഇടക്കാല അടിസ്ഥാനത്തിൽ നികുതി നൽകാൻ ഉത്തരവിടാൻ കഴിയുന്നതല്ല. ഇത് CGST/SGST നിയമത്തിൻറ്റെ സെക്ഷൻ 60 പ്രകാരമാണ്.ബന്ധപ്പെട്ട ഉദ്യോഗസ്ഥൻറ്റെ അനുമതി ഒരു ഉത്തരവിലൂടെ ലഭിച്ചശേഷം മാത്രമേ ഇത്തരത്തിൽ നികുതി അടയ്ക്കാൻ പാടുള്ളു. ഇതിലേയ്ക്കായി നികുതിവിധേയ വ്യക്തി അതിനുള്ള കാരണം കാണിച്ച് രേഖാമൂലം അപേക്ഷിക്കേണ്ടതാണ്. അത്തരത്തിലുള്ള അപേക്ഷ താഴെ പറയുന്നവ തിട്ടപ്പെടുത്താൻ സാധിക്കാത്ത സന്ദർഭങ്ങളിൽ മാത്രമാണ്:

a) അയാൾ സപ്ലൈ ചെയ്യേണ്ട ചരക്കുകളുടെയോ സേവനങ്ങളുടെയോ മൂല്യമോ, അല്ലെങ്കിൽ

b) അയാൾ സപ്ലൈ ചെയ്യേണ്ട ചരക്കുകളുടെയോ സേവനങ്ങളുടെയോ ബാധകമായ നികുതി നിരക്കോ നിർണ്ണയിക്കാൻ.

അത്തരം സന്ദർഭങ്ങളിൽ നികുതിവിധേയ വ്യക്തി, നിർദ്ദിഷ്ട ഫാറത്തിലുള്ള ബോണ്ടും ബന്ധപ്പെട്ട അധികാരിക്ക് യുക്തമെന്നു തോന്നുന്ന തുകയ്ക്കുള്ള സെക്യൂരിറ്റിയും ഷുവർട്ടിയും നല്കേണ്ടതാണ്.

**ചോദ്യം 3:** അന്തിമമായ നികുതി നിർണ്ണയം നടത്തുന്നതിനുള്ള സമയ പരിധി എന്താണ്?

**ഉത്തരം:** ഇടക്കാല (provisional) നികുതി നിർണ്ണയ ഉത്തരവ് നൽകിയ തീയതി മുതൽ ആറ് മാസത്തിനകം ബന്ധപ്പെട്ട അധികാരി അന്തിമ നികുതി നിർണ്ണയം നടത്തേണ്ടതാണ്. എന്നാൽ മതിയായ കാരണങ്ങൾ ഉള്ളപക്ഷം അവ രേഖപ്പെടുത്തി ഈ ആറ് മാസക്കാലാവധി Joint/Additional Commissioner-ക്ക് വീണ്ടും ആറ് മാസത്തിൽ കവിയാതെ ഉള്ള കാലത്തേക്കും, കമ്മീഷണർക്ക് ഉചിതമെന്ന് തോന്നുന്ന നാലുവർഷത്തിൽ കൂടാത്ത അധിക കാല

ത്തേയ്ക്കും നീട്ടി നൽകാവുന്നതാണ്. അങ്ങനെ, ഒരു ഇടക്കാല നികുതി നിർണ്ണയം പരമാവധി അഞ്ചുവർഷത്തേയ്ക്ക് മാത്രം നിലനിൽക്കുന്നതാണ്.

**ചോദ്യം 4:** ഇടക്കാല (provisional) നികുതി നിർണ്ണയത്തെക്കാൾ അന്തിമ നികുതി നിർണ്ണയത്തിൽ നികുതി ബാധ്യത കൂടുകയാണെങ്കിൽ നികുതി വിധേയ വ്യക്തി പലിശ നൽകാൻ ബാധ്യസ്ഥനാണോ?

**ഉത്തരം:** അതെ. അയാൾ നികുതി അടയ്ക്കേണ്ടിയിരുന്ന യഥാർത്ഥ ദിവസം മുതൽ നികുതി നൽകിയ ദിവസം വരെയുള്ള കാലാവധിക്കുള്ള പലിശ നൽകേണ്ടതാണ്.

**ചോദ്യം 5:** CGST നിയമത്തിൻ്റെ വകുപ്പ് 61 പ്രകാരം ഉള്ള പരിശോധന നട ത്തുമ്പോൾ, സമർപ്പിച്ചിട്ടുള്ള റിട്ടേണുകളിൽ കണ്ടെത്തിയ അപാകതകൾക്ക് ഉചിതമായ വിശദീകരണം ലഭിക്കാത്തപക്ഷം ബന്ധപ്പെട്ട അധികാരി എന്ത് നടപടിയാണ് കൈക്കൊള്ളേണ്ടത്?

**ഉത്തരം:** ബന്ധപ്പെട്ട അധികാരി ബോധ്യപ്പെടുത്തിയ അപാകതകൾ നികു തിവിധേയ വ്യക്തി 30 ദിവസത്തിനകം (അതല്ലെങ്കിൽ അനുവദിച്ചു കൊടു ത്ത കാലാവധിക്കകം) തൃപ്തികരമായ വിശദീകരണം നൽകാതിരിക്കു കയോ അപാകതയുണ്ട് എന്ന് സമ്മതിച്ച മാസത്തെ റിട്ടേണിൽ അത് പരിഹ രിക്കാതിരിക്കുകയോ ചെയ്താൽ ബന്ധപ്പെട്ട അധികാരിക്ക് താഴെപറയുന്ന വ്യവസ്ഥകൾ പ്രകാരമുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്:

(a) നിയമത്തിൻ്റെ വകുപ്പ് 65 അനുസരിച്ച് കണക്ക് പരിശോധന നടത്തുക;

(b) കമ്മീഷണർ ചുമതലപ്പെടുത്തിയ ചാർട്ടേർഡ് അക്കൗണ്ടൻറ് അഥവാ കോസ്ററ് അക്കൗണ്ടൻറ്-നെ കൊണ്ട് വകുപ്പ് 66 പ്രകാരം പ്രത്യേക കണക്ക് പരിശോധനക്ക് [special audit] നിർദ്ദേശിക്കുക; അല്ലെങ്കിൽ

(c) വകുപ്പ് 67 പ്രകാരം പരിശോധന, സെർച്ച്, പിടിച്ചെടുക്കൽ നടപടികൾ സ്വീകരിക്കുക; അല്ലെങ്കിൽ

(d) വകുപ്പ് 73, 74 പ്രകാരമുള്ള നികുതിയും മറ്റു ബാധ്യതകളും നിർണ്ണയിയ്ക്കാനുള്ള നടപടികൾ ആരംഭിക്കുക.

**ചോദ്യം 6:** വകുപ്പ് 39 (മാസ/ത്രൈമാസ) അല്ലെങ്കിൽ 45 (അന്തിമ) പ്രകാരം റിട്ടേൺ സമർപ്പിക്കേണ്ട നികുതിവിധേയ വ്യക്തി അതിന് വീഴ്ചവരുത്തി യാൽ അയാളുടെ പേരിൽ എന്ത് നടപടിയാണ് സ്വീകരിക്കാവുന്നത്?

**ഉത്തരം:** ചുമതലപ്പെട്ട അധികാരി, വീഴ്ച വരുത്തുന്ന നികുതിവിധേയ വ്യക്തിക്ക് CGST/SGST നിയമത്തിൻ്റെ വകുപ്പ് 46 നിർദ്ദേശിക്കുന്നതുപോലെ, 15 ദിവസത്തിൽ കുറയാത്ത കാലാവധി നൽകി റിട്ടേൺ സമർപ്പിക്കാൻ ആവ ശ്യപ്പെട്ട്, ആദ്യം ഒരു നോട്ടീസ് നൽകേണ്ടതാണ്. എന്നിട്ടും ആ സമയത്തി നകം റിട്ടേൺ സമർപ്പിക്കുന്നതിൽ അയാൾ പരാജയപ്പെട്ടാൽ ചുമതലപ്പെട്ട അധികാരിക്ക് ലഭ്യമായിട്ടുള്ള രേഖകളുടെയും വിവരങ്ങളുടെയും അടി സ്ഥാനത്തിൽ ബെസ്റ്റ് ജഡ്ജ്മെൻ്റ് മൂല്യനിർണ്ണയ (ഉത്തമവിശ്വാസപ്രകാര

മുള്ള) പ്രകാരം വീഴ്ചവരുത്തിയ ആളുടെ നികുതി ബാദ്ധ്യത നിർണ്ണയിക്കാവുന്നതാണ്. (CGST/SGST നിയമത്തിൻറ്റെ വകുപ്പ് 62 പ്രകാരം).

**ചോദ്യം 7:** വകുപ്പ് 62 പ്രകാരം പുറപ്പെടുവിച്ച ബെസ്റ്റ് ജഡ്ജ്മെൻറ്റ് നികുതി നിർണ്ണയ ഉത്തരവ് ഏതെല്ലാം സാഹചര്യങ്ങളിൽ പിൻവലിക്കാനാകും?

**ഉത്തരം:** വകുപ്പ് 62 പ്രകാരം ചുമതലപ്പെട്ട അധികാരി നല്കിയ ബെസ്റ്റ് ജഡ്ജ്മെൻറ്റ് നികുതി നിർണ്ണയ ഉത്തരവ് ലഭിച്ച് 30 ദിവസത്തിനകം നികുതിവിധേയ വ്യക്തി വീഴ്ച സംഭവിച്ച കാലഘട്ടത്തേക്കുള്ള സാധുതയുള്ള റിട്ടേൺ സമർപ്പിക്കുകയാണെങ്കിൽ (റിട്ടേൺ സമർപ്പിക്കുകയും സ്വയം നിർണ്ണയിച്ച നികുതി അടക്കുകയും ചെയ്യുക), ഈ ഉത്തരവ് സ്വമേധയാ പിൻവലിച്ചതായി കണക്കാക്കാം.

**ചോദ്യം 8:** വകുപ്പ് 62 ( Best Judgement) അല്ലെങ്കിൽ വകുപ്പ് 63 (റിട്ടേൺ ഫയൽ ചെയ്യാത്തവർ) അനുസരിച്ചുള്ള നികുതി നിർണ്ണയ ഉത്തരവ് പുറപ്പെടുവിയ്ക്കാനുള്ള കാലാവധി എത്രയാണ്?

**ഉത്തരം:** വാർഷിക റിട്ടേൺ സമർപ്പിക്കേണ്ട തീയതി മുതൽ 5 വർഷത്തിനകം വകുപ്പ് 62 പ്രകാരമോ 63 പ്രകാരമോ ഉള്ള നികുതി നിർണ്ണയ ഉത്തരവ് പാസ്സാക്കേണ്ടതാണ്.

**ചോദ്യം 9:** നികുതി നൽകാൻ ബാദ്ധ്യസ്ഥനായ ഒരാൾ രജിസ്ട്രേഷൻ എടുക്കുന്നതിൽ വീഴ്ച വരുത്തിയാൽ അയാൾക്കെതിരെ എന്ത് നിയമ നടപടിയാണുള്ളത്?

**ഉത്തരം:** CGST/SGST നിയമത്തിലെ വകുപ്പ് 63 പ്രകാരം, വീഴ്ചവരുത്തിയ കാലയളവിലേയ്ക്കുള്ള നികുതി ബാദ്ധ്യത, ബന്ധപ്പെട്ട അധികാരി ബെസ്റ്റ് ജഡ്ജ്മെൻറ്റ് നികുതി നിർണ്ണയ പ്രകാരം തീരുമാനിച്ച് ഉത്തരവിറക്കേണ്ടതാണ്. എന്നാൽ അത്തരം ഉത്തരവ് നികുതിയടയ്ക്കുന്നതിൽ വീഴ്ചവരുത്തിയ സാമ്പത്തിക വർഷത്തിൻറ്റെ വാർഷിക റിട്ടേൺ സമർപ്പിക്കേണ്ട തീയതി മുതൽ 5 വർഷത്തിനുള്ളിൽ പുറപ്പെടുവിക്കേണ്ടതാണ്.

**ചോദ്യം 10:** ഏതെല്ലാം സാഹചര്യങ്ങളിലാണ് നികുതി നിർണ്ണയാധികാരിക്ക് സമ്മറി അസ്സസ്സ്മെൻറ്റ് നടപടി തുടങ്ങാവുന്നത്?

**ഉത്തരം:** CGST/SGST നിയമത്തിലെ വകുപ്പ് 64 പ്രകാരം -

a) നികുതിവിധേയവ്യക്തിക്ക് നിയമപ്രകാരം നികുതി അടയ്ക്കാനുള്ള ബാദ്ധ്യതയുള്ളതായി ബന്ധപ്പെട്ട അധികാരിക്ക് തെളിവ് ലഭിക്കുകയും,

b) നികുതി നിർണ്ണയ ഉത്തരവ് പുറപ്പെടുവിയ്ക്കാൻ വൈകിയാൽ, അത് റവന്യൂ താല്പര്യം സംരക്ഷിക്കുന്നതിനെ പ്രതികൂലമായി ബാധിക്കുമെന്ന് തോന്നുകയും

ചെയ്താൽ സമ്മറി അസ്സസ്സ്മെൻറ്റ് നടപടി തുടങ്ങാവുന്നതാണ്. അത്തരത്തിലുള്ള ഉത്തരവ് പുറപ്പെടുവിക്കുന്നതിന് മുമ്പ് അഡീഷണൽ/ജോയിന്റ് കമ്മീഷണറുടെ അനുമതി തേടിയിരിക്കേണ്ടതാണ്.

**ചോദ്യം 11:** സമ്മറി അസ്സസ്സ്മെൻറ്റ് ഉത്തരവിനെതിരായി, അപ്പീൽ അല്ലാതെ മറ്റെന്തെങ്കിലും പരിഹാരമാർഗ്ഗം നികുതിദായകന് ലഭ്യമാണോ?

**ഉത്തരം:** സമ്മറി അസ്സസ്സ്മെൻറ്റ് ഉത്തരവ് ലഭിച്ച ഒരു നികുതി വിധേയനായ വ്യക്തി ആ ഉത്തരവ് കൈപ്പറ്റി 30 ദിവസത്തിനകം ബന്ധപ്പെട്ട അഡീഷണൽ/ജോയിൻറ്റ് കമ്മീഷണർക്ക് ഉത്തരവ് പിൻവലിയ്ക്കാൻ അപേക്ഷ നൽകാവുന്നതാണ്. ആ അധികാരിക്ക് പ്രസ്തുത ഉത്തരവ് തെറ്റാണെന്ന് തോന്നുന്നപക്ഷം, അത് പിൻവലിക്കാനും CGST/SGST നിയമത്തിലെ വകുപ്പ് 73 അല്ലെങ്കിൽ 74 പ്രകാരം നികുതി നിർണ്ണയിയ്ക്കാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥന് നിർദ്ദേശം നൽകാവുന്നതാണ്. കൂടാതെ ആ സമ്മറി അസ്സസ്സ്മെൻറ്റ് ഉത്തരവ് തെറ്റാണെന്ന് കാണുന്നപക്ഷം, സ്വമേധയാ ഇപ്രകാരമുള്ള നടപടികൾ സ്വീകരിയ്ക്കാനും അദ്ദേഹത്തിന് അധികാരമുണ്ട്. (CGST/SGST നിയമത്തിലെ വകുപ്പ് 64).

**ചോദ്യം 12:** സമ്മറി അസ്സസ്സ്മെൻറ്റ് ഉത്തരവ് നിർബന്ധമായും നികുതി വിധേയനായ വ്യക്തിക്കെതിരെ പുറപ്പെടുവിക്കേണ്ടതുണ്ടോ?

**ഉത്തരം:** ഇല്ല. ചില സാഹചര്യങ്ങളിൽ ഒരു സ്ഥലത്തു നിന്ന് മറ്റൊരിടത്തേക്ക് കൊണ്ടുപൊയ്ക്കൊണ്ടിരിക്കുന്നതോ വെയർ ഹൗസുകളിൽ കിടക്കുന്നതോ ആയ ചരക്കുകളുടേയോ നികുതിവിധേയനായ വ്യക്തിയെ തിരിച്ചറിയാൻ കഴിയാതെ വരുമ്പോൾ, കൈവശക്കാരനെ നികുതിവിധേയനായ വ്യക്തിയായി കണക്കാക്കി നികുതി നിർണ്ണയം നടത്തേണ്ടതാണ്. (CGST/SGST നിയമത്തിലെ വകുപ്പ് 64).

**ചോദ്യം 13:** നികുതിദായകരുടെ കണക്കുകൾ ആർക്കാണ് ഓഡിറ്റ് ചെയ്യാൻ കഴിയുന്നത്?

**ഉത്തരം:** താഴെ പറയുന്ന പ്രകാരം മൂന്നുതരത്തിലുള്ള ഓഡിറ്റുകളാണ് GST നിയമങ്ങൾ പ്രകാരം നിർദ്ദേശിക്കപ്പെട്ടിട്ടുള്ളത്:

**(a)** ചാർട്ടേർഡ് അക്കൗണ്ടൻറ്റ് അല്ലെങ്കിൽ കോസ്ററ് അക്കൗണ്ടൻറ്റ് ചെയ്യുന്ന ഓഡിറ്റ്: ടേണോവർ ഒരു നിശ്ചിതപരിധി കവിയുന്ന ഓരോ രജിസ്റ്റർ ചെയ്ത ആളും അയാളുടെ കണക്കുകൾ ഒരു ചാർട്ടേർഡ് അക്കൗണ്ടൻറ്റ് അല്ലെങ്കിൽ കോസ്ററ് അക്കൗണ്ടൻറ്റിനെ കൊണ്ട് ഓഡിറ്റ് ചെയ്യിക്കണം (CGST /SGST നിയമത്തിലെ വകുപ്പ് 35(5).

(b) ഡിപ്പാർട്മെൻറ്റ് നടത്തുന്ന ഓഡിറ്റ്: കമ്മീഷണർക്കോ, കമ്മീഷണർ പൊതുഉത്തരവ് പ്രകാരമോ, പ്രത്യേക ഉത്തരവ് പ്രകാരമോ ചുമതലപ്പെടുത്തിയ CGST-യിലെയോ SGST-യിലെയോ UTGST-യിലെയോ ഏതൊരു ഉദ്യോഗസ്ഥനും രജിസ്റ്റർ ചെയ്ത ഏതൊരാളിൻറ്റെയും കണക്കുകൾ ഓഡിറ്റ് ചെയ്യാവുന്നതാണ് ഇതു സംബന്ധമായ തവണകളും രീതികളും പിന്നാലെ നിർദ്ദേശിയ്ക്കുന്നതാണ് (CGST/SGST നിയമത്തിലെ വകുപ്പ് 65).

(c) സ്പെഷ്യൽ ഓഡിറ്റ്: സൂക്ഷ്മപരിശോധന, അന്വേഷണം, എൻക്വയറി മറ്റു നടപടികൾ ഇവയുടെ ഏതെങ്കിലും ഘട്ടത്തിൽ സപ്ലൈ മൂല്യം കൃത്യമായി കാണിച്ചിട്ടില്ലെന്നോ എടുത്ത ക്രെഡിറ്റ് സാധാരണ പരിധിയ്ക്കുള്ളിലല്ലെന്നോ തോന്നിയാൽ ഡിപ്പാർട്ട്മെൻറ്റു നിർദ്ദേശിയ്ക്കുന്ന ചാർട്ടേർഡ് അക്കൗണ്ടൻറ് അല്ലെങ്കിൽ കോസ്ററ് അക്കൗണ്ടൻറിനെ കൊണ്ട് ഓഡിറ്റ് ചെയ്യിപ്പിക്കണം എന്ന് ഉത്തരവിടാം. (CGST/SGST നിയമത്തിലെ വകുപ്പ് 66).

**ചോദ്യം 14:** ഓഡിറ്റ് നടത്തുന്നതിന് മുൻകൂർ അറിയിപ്പ് നൽകേണ്ടതുണ്ടോ?

**ഉത്തരം:** ഉണ്ട്. ഓഡിറ്റ് നടത്തുന്നതിന് 15 പ്രവർത്തി ദിവസങ്ങൾക്ക് മുമ്പെങ്കിലും മുൻകൂർ അറിയിപ്പ് നൽകേണ്ടതാണ്.

**ചോദ്യം 15:** ഓഡിറ്റ് പൂർത്തിയാക്കാനുള്ള കാലാവധി എത്ര?

**ഉത്തരം:** ഓഡിറ്റ് തുടങ്ങി 3 മാസത്തിനകമോ, അല്ലെങ്കിൽ കമ്മീഷണറുടെ അനുമതിയോടെ അധികമായി പരമാവധി 6 മാസത്തിനകമോ പൂർത്തിയാക്കേണ്ടതാണ്.

**ചോദ്യം 16:** ഓഡിറ്റ് ആരംഭിയ്ക്കുക എന്നതുകൊണ്ട് എന്താണ് അർത്ഥമാക്കുന്നത്?

**ഉത്തരം:** 'ഓഡിറ്റ് ആരംഭിയ്ക്കുക' എന്ന പദത്തിന് വലിയ പ്രാധാന്യമാണ്. എന്തെന്നാൽ ആരംഭിക്കുന്ന ദിവസം മുതൽ പ്രത്യേക സമയപരിധിയ്ക്കകം അത് പൂർത്തിയാക്കേണ്ടതാണ്. ഓഡിറ്റ് ആരംഭിയ്ക്കുക എന്ന് പറഞ്ഞാൽ തഴെപ്പറയുന്നതിൽ രണ്ടാമതായി സംഭവിയ്ക്കുന്നതേതാണോ അതായിരിക്കും:

a) ഓഡിറ്റ് അധികാരികൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ട ബന്ധപ്പെട്ട രേഖകൾ ലഭ്യമാക്കുന്ന ദിവസം, അല്ലെങ്കിൽ

b) നികുതിദാതാവിൻറ്റെ ബിസ്സിനസ്സ് സ്ഥലത്ത് പരിശോധന തുടങ്ങി വയ്ക്കുന്ന ദിവസം

**ചോദ്യം 17:** ഓഡിറ്റിനുള്ള നോട്ടീസ് ലഭിച്ചാൽ നികുതി ദാതാവിന് എന്തെല്ലാം ബാദ്ധ്യതകളാണുള്ളത്?

**ഉത്തരം:** നികുതിവിധേയ വ്യക്തി താഴെപറയുന്ന കാര്യങ്ങൾ ചെയ്യണം:

a) ലഭ്യമായതോ അധികാരികൾ ആവശ്യപ്പെട്ടതോ ആയ കണക്ക്, രേഖകൾ ഇവയുടെ പരിശോധനയ്ക്കുള്ള സൗകര്യം ചെയ്തു കൊടുക്കുക,

b) പരിശോധന നടത്തുന്നതിനുവേണ്ടി ആവശ്യപ്പെടുന്ന വിവരങ്ങൾ ലഭ്യമാക്കുക,

c) സമയത്ത് പരിശോധന പൂർത്തീകരിക്കുവാൻവേണ്ട എല്ലാ സഹായങ്ങളും നൽകുക.

**ചോദ്യം 18:** ഓഡിറ്റ് പൂർത്തിയായാൽ ചുമതലപ്പെട്ട ഓഫീസറുടെ നടപടി എന്തായിരിക്കും?

**ഉത്തരം:** ഓഡിറ്റ് പൂർത്തിയായാൽ 30 ദിവസത്തിനകം നികുതിവിധേയ വ്യക്തിയെ തൻറെ കണ്ടെത്തലുകളും അതിൻറെ കാരണങ്ങളും അതുമായി ബന്ധപ്പെട്ട് നികുതിവിധേയ വ്യക്തിക്കുള്ള അവകാശങ്ങളും ബാദ്ധ്യതകളും അറിയിക്കണം.

**ചോദ്യം 19:** സ്പെഷ്യൽ ഓഡിറ്റ് എന്ത് സാഹചര്യത്തിലാണ് നടത്തുന്നത്?

**ഉത്തരം:** സൂക്ഷ്മ പരിശോധന, അന്വേഷണം ഇവ നടത്തുന്നതിനിടയിൽ, സങ്കീർണ്ണമായ കേസുകളോ, വൻനികുതി ബാദ്ധ്യത വരുന്ന സാഹചര്യങ്ങളോ കണ്ടെത്തുകയാണെങ്കിൽ അത്തരം പരിമിത സാഹചര്യങ്ങളിൽ മാത്രമാണ് സ്പെഷ്യൽ ഓഡിറ്റ് നടത്താവുന്നത്. ഇതിനുള്ള അധികാരം നൽകുന്നത് CGST/SGST നിയമത്തിലെ വകുപ്പ് 66 ആണ്.

**ചോദ്യം 20:** സ്പെഷ്യൽ ഓഡിറ്റിനുള്ള നോട്ടീസ് നൽകുന്നതാരാണ്?

**ഉത്തരം:** കമ്മീഷണറുടെ മുൻകൂർ അംഗീകാരത്തോടെ മാത്രം, അസിസ്റ്റൻറ് കമ്മീഷണർ അഥവാ ഡെപ്യൂട്ടി കമ്മീഷണർ ആണ് ഇത്തരം നോട്ടീസ് നൽകേണ്ടത്.

**ചോദ്യം 21:** ആരാണ് സ്പെഷ്യൽ ഓഡിറ്റ് നടത്തുന്നത്?

**ഉത്തരം:** ഇതിനായി കമ്മീഷണർ നാമനിർദ്ദേശം ചെയ്യുന്ന ചാർട്ടേർഡ് അക്കൗണ്ടൻറ് അഥവാ കോസ്റ്റ് അക്കൗണ്ടൻറ് ആണ് സ്പെഷ്യൽ ഓഡിറ്റ് നടത്തുന്നത്.

**ചോദ്യം 22:** ഓഡിറ്റ് റിപ്പോർട്ട് സമർപ്പിക്കാനുള്ള സമയപരിധി എന്താണ്?

**ഉത്തരം:** 90 ദിവസത്തിനകം അല്ലെങ്കിൽ അതുകഴിഞ്ഞ് നീട്ടിക്കിട്ടാവുന്ന അടുത്ത 90 ദിവസത്തിനകം ഓഡിറ്റർ തൻറെ റിപ്പോർട്ട് സമർപ്പിക്കണം.

**ചോദ്യം 23:** സ്പെഷ്യൽ ഓഡിറ്റ് ചെലവ് ആരാണ് വഹിക്കുന്നത്?

**ഉത്തരം:** ഓഡിറ്റർക്ക് കൊടുക്കേണ്ട പ്രതിഫലം ഉൾപ്പെടെ പരിശോധനയുടെ ചെലവുകൾ കണക്കാക്കുകയും വഹിക്കുകയും ചെയ്യേണ്ടത് കമ്മീഷണറാണ്.

**ചോദ്യം 24:** സ്പെഷ്യൽ ഓഡിറ്റിനു ശേഷം നികുതി അധികാരികൾക്ക് എന്ത് നടപടിയാണെടുക്കാനാവുന്നത്?

**ഉത്തരം:** സ്പെഷ്യൽ ഓഡിറ്റിൻറെ കണ്ടെത്തലുകളും നിരീക്ഷണങ്ങളുമനുസരിച്ച് CGST/SGST നിയമത്തിലെ വകുപ്പ് 73, 74 പ്രകാരമുള്ള നടപടികൾ എടുക്കാവുന്നതാണ്.

# 14 .റീഫണ്ടുകൾ

**ചോദ്യം 1: എന്താണ് റീഫണ്ട്?**

**ഉത്തരം:** CGST/SGST നിയമത്തിലെ വകുപ്പ് 54-ൽ റീഫണ്ടിനെപ്പറ്റി പ്രതിപാദിച്ചിരിക്കുന്നു. "റീഫണ്ട്" ൽ ഉൾപ്പെടുന്നവ:

(a) ഇലക്ട്രോണിക് ക്യാഷ് ലെഡ്ജറിൽ ബാക്കിയുള്ളതും റിട്ടേണിൽ അപ്രകാരം അവകാശപ്പെട്ടിട്ടുള്ളതുമായ തുക;

(b) (i) നികുതി അടയ്ക്കാതെ ചെയ്ത സീറോ റേറ്റഡ് സപ്ലൈകളേയോ (ii) ഇൻപുട്ട് സപ്ലൈകൾക്ക് ഔട്ട് പുട്ട് സപ്ലൈകളേക്കാൾ കൂടുതൽ നികുതി അടയ്ക്കേണ്ടിവന്നതിനാൽ സമാഹരിക്കപ്പെട്ടതായ ക്രെഡിറ്റിനെയോ (സീറോ റേറ്റഡോ നികുതി ഒഴിവാക്കിയിട്ടുള്ളതോ അല്ലാത്തത് ഒഴികെയുള്ള) എന്നിവയെ സംബന്ധിക്കുന്ന ഉപയോഗിച്ചിട്ടില്ലാത്ത ഇൻപുട്ട് ടാക്സ് ക്രെഡിറ്റ്;

(c) യുണൈറ്റഡ് നേഷൻസിൻറ്റെ ഏതെങ്കിലും പ്രത്യേക ഏജൻസിയോ, യുണൈറ്റഡ് നേഷൻസ് (പ്രിവിലേജസ് & ഇമ്മ്യൂണിറ്റീസ്) നിയമം 1947 പ്രകാരം വിജ്ഞാപനം ചെയ്യപ്പെട്ടിട്ടുള്ള ഏതെങ്കിലും ബഹുരാഷ്ട്ര സാമ്പത്തിക സ്ഥാപനമോ സംഘടനയോ വിദേശ രാജ്യങ്ങളുടെ കോൺസുലേറ്റോ എംബസിയോ ചെയ്തിട്ടുള്ള ഇൻവേഡ് സപ്ലൈകളിന്മേൽ അടച്ചിട്ടുള്ള നികുതി.

**ചോദ്യം 2:** ഉപയോഗിച്ചിട്ടില്ലാത്ത ഇൻപുട്ട് ടാക്സ് ക്രെഡിറ്റ്റീഫണ്ട് ആയി അനുവദിക്കാമോ?

**ഉത്തരം:** വകുപ്പ് 54(3) പ്രകാരം താഴെ പറയുന്ന സാഹചര്യങ്ങളിൽ ഉപയോഗിച്ചിട്ടില്ലാത്ത ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് റീഫണ്ട് ആയി അനുവദിക്കാം:

(i) നികുതി അടയ്ക്കാതെ ചെയ്ത സീറോ റേറ്റഡ് സപ്ലൈകൾ;

(ii) ഇൻപുട്ട് സപ്ലൈകൾക്ക് ഔട്ട് പുട്ട് സപ്ലൈകളേക്കാൾ കൂടുതൽ നികുതി നിരക്കുള്ളതിൻറ്റെ പേരിൽ സമാഹരിയ്ക്കപ്പെട്ട ക്രെഡിറ്റ് (നികുതി ഒഴിവാക്കിയിട്ടുള്ളതോ നിൽ റേറ്റിലുള്ളതോ അല്ലാത്തത് ഒഴികെയുള്ള).

എന്നാൽ, കയറ്റുമതി തീരുവ അടച്ചു സാധനങ്ങൾ കയറ്റുമതി ചെയ്യുമ്പോളും; സാധനങ്ങൾ, സേവനങ്ങൾ അല്ലെങ്കിൽ രണ്ടും ചേർന്നവയുടെ സപ്ലയർ കേന്ദ്ര നികുതിയുടെ ഡ്രോബാക്ക് അവകാശപ്പെടുകയോ സപ്ലൈകളുടെ മേൽ അടച്ച ഇൻറ്റഗ്രേറ്റഡ് ടാക്സിൻറ്റെ റീഫണ്ട് അവകാശപ്പെടുകയോ ചെയുന്ന അവസരങ്ങളിലും ഉപയോഗിയ്ക്കാതെ ബാക്കിയുള്ള ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് റീഫണ്ട് ആയി അനുവദിക്കുന്നതല്ല.

**ചോദ്യം 3:** കയറ്റുമതി തീരുവയ്ക്കു വിധേയമായ ചരക്കു ഇന്ത്യക്കു പുറത്തേക്കു കയറ്റുമതി ചെയ്യപ്പെടുകയാണെങ്കിൽ ഉപയോഗിക്കപ്പെടാത്ത ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് റീഫണ്ട് ആയി നൽകാമോ?

**ഉത്തരം:** കയറ്റുമതി തീരുവയ്ക്കു വിധേയമായ ചരക്കു ഇന്ത്യക്കു പുറത്തേക്കു കയറ്റുമതി ചെയ്യപ്പെടുകയാണെങ്കിൽ ഉപയോഗിക്കപ്പെടാത്ത ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് റീഫണ്ട് ആയി അനുവദിക്കുന്നതല്ല. (CGST/IGST നിയമത്തിലെ വകുപ്പ് 54(3) പ്രോവിസോ 2).

**ചോദ്യം 4:** സാമ്പത്തിക വർഷാവസാനം ഉപയോഗിക്കപ്പെടാത്ത (GST നടപ്പാക്കിയതിനുശേഷം) ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് റീഫണ്ട് ചെയ്യാമോ?

**ഉത്തരം:** സാമ്പത്തിക വർഷാവസാനം ഉപയോഗിക്കപ്പെടാത്ത ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് റീഫണ്ട് ചെയ്യാനുള്ള വ്യവസ്ഥൾ ഒന്നും ചരക്ക് സേവന നികുതി നിയമത്തിലില്ല. ഇത് അടുത്ത കാലയളവിലേക്ക് എടുത്തു ഉപയോഗിക്കാവുന്നതാണ്.

**ചോദ്യം 5:** ഒരു നികുതിദായകൻ സംസ്ഥാനത്തിനുള്ളിലെയോ/അന്തർസംസ്ഥാനമായതോ ആയ സപ്ലൈ ആണെന്ന് തെറ്റിധരിച്ച IGST/CGST/SGST അടയ്ക്കുകയും പിന്നീട് അതിൻറ്റെ തരം വിശദീകരിച്ചു എന്നും കരുതുക. തെറ്റായി അടച്ച IGST, CGST-ക്കോ, SGST-ക്കോ, തിരിച്ചോ വകവെക്കാമോ?

**ഉത്തരം:** പാടില്ല. അദ്ദേഹം ബാധകമായ നികുതി അടക്കുകയും തെറ്റായി അടച്ച നികുതി റീഫണ്ട്ചോദിക്കുകയും വേണം. (CGST/IGST നിയമത്തിലെ വകുപ്പ് 77).

**ചോദ്യം 6:** എംബസ്സികളോ, ഐക്യരാഷ്ട്രസംഘടനയോ നടത്തുന്ന വാങ്ങലുകൾക്കു നികുതി ചുമത്തേണ്ടതുണ്ടോ? അല്ലെങ്കിൽ, ഒഴിവാക്കപ്പെട്ടതാണോ?

**ഉത്തരം:** എംബസ്സികൾക്കോ, ഐക്യരാഷ്ട്രസംഘടനയ്ക്കോ നടത്തുന്ന സപ്ലൈകൾക് നികുതി ചുമത്തപ്പെടുന്നതാണ്. ഇത് പിന്നീട് CGST/SGST നിയമത്തിലെ വകുപ്പ് 54(2) പ്രകാരം റീഫണ്ട് ആയി അവകാശപ്പെടാവുന്നതുമാണ്. CGST/SGST റീഫണ്ട് ചട്ടത്തിൽ പരാമർശിച്ചിട്ടുള്ള വിധത്തിൽ, സപ്ലൈ ലഭിച്ച മാസത്തിലെ അവസാന തീയതി മുതൽ ആറു മാസങ്ങൾക്കുള്ളിൽ ഇങ്ങിനെയുള്ള റീഫണ്ട് അവകാശപ്പെടേണ്ടതാണ്.

(ഐക്യരാഷ്ട്രസംഘടന, കോൺസുലേറ്റുകൾ, എംബസികൾ എന്നിവ {CGST/SGST നിയമത്തിലെ വകുപ്പ് 26(1)} ഒരു UID നമ്പർ എടുക്കേണ്ടതും അവരുടെ വാങ്ങലുകൾ സപ്ലയറുടെ പുറത്തേക്കുള്ള സപ്ലൈകളുടെ റിട്ടേണിൽ കാണുന്ന അവരുടെ ഈ നമ്പറിന് നേരെ പ്രതിഫലിക്കുന്നതുമാണ്.

**ചോദ്യം 7:** റീഫണ്ട്ചോദിക്കുന്നതിനുള്ള കാലപരിധി എന്ത്?

**ഉത്തരം:** റീഫണ്ട് അവകാശപ്പെടുന്ന വ്യക്തി, CGST/SGST നിയമത്തിലെ വകുപ്പ് 54-ൻറ്റെ വിവരണത്തിൽ പറഞ്ഞപ്രകാരം “പ്രസക്തമായതിയതി” (relevant date) മുതൽ രണ്ടു വർഷത്തിനുള്ളിൽ അപേക്ഷിക്കേണ്ടതാണ്.

**ചോദ്യം 8:** അന്യായ പോഷണ തത്വം (principle of unjust enrichment) റീഫണ്ടിനു ബാധകമാണോ?

**ഉത്തരം:** താഴെ പറയുന്നവ ഒഴികെ ഉള്ള എല്ലാ റീഫണ്ട് കേസുകളിലും അന്യായ പോഷണ തത്വം (principle of unjust enrichment) ബാധകമാണ്:

i. സാധനങ്ങളുടെയോ, സേവനങ്ങളുടെയോ രണ്ടും ചേർത്തോ ഉള്ള സീറോ റേറ്റഡ് സപ്ലൈയുടെ മേലുള്ള നികുതിയുടെ യോ അല്ലെങ്കിൽ ഇങ്ങിനെയുള്ളവയുടെ നിർമ്മാണത്തിൽ ഉപയോഗിച്ച ഇൻപുട്ടുകളുടെ മേലുള്ള നികുതിയുടെയോ റീഫണ്ട്;

ii. (i) നികുതി അടയ്ക്കാതെ ചെയ്ത സീറോ റേറ്റഡ് സപ്ലൈകളു ടെയോ (ii) ഇൻപുട്ട് സപ്ലൈകൾക് ഔട്ട് പുട്ട് സപ്ലൈകളേ ക്കാൾ കൂടുതൽ നികുതി നിരക്കുള്ളതിൻറ്റെ പേരിൽ സമാ ഹരിയ്ക്കപ്പെട്ട ഉപയോഗിച്ചിട്ടില്ലാത്ത ഇൻപുട്ട് ടാക്സ് ക്രെഡിറ്റ്;

iii. പൂർണമായോ ഭാഗികമായോ സപ്ലൈ നടത്താതെയും ഇൻ വോയ്സ് നൽകാതെയും ഉള്ള സപ്ലൈകളിൽ അടച്ച നികു തിയുടെ റീഫണ്ട്

iv. CGST/SGST നിയമത്തിലെ വകുപ്പ് 77 പ്രകാരമുള്ള റീഫണ്ട്, അ തായത് നിയമാനുസൃതമല്ലാതെ പിരിച്ചെടുക്കുകയും കേന്ദ്ര അല്ലെങ്കിൽ സംസ്ഥാന ഗവണ്മെന്റിലേയ്ക്ക് അടയ്ക്കുകയും ചെയ്ത നികുതിയുടെ റീഫണ്ട്,

v. അടച്ച നികുതിയുടെയോ പലിശയുടെയോ ബാധ്യത മറ്റൊരാ ളിലേയ്ക്ക് കൈമാറ്റം ചെയ്തിട്ടില്ലെങ്കിൽ

vi. ഗവണ്മെന്റ് വിജ്ഞ്ജാപനം ചെയ്തിട്ടുള്ള, നികുതി ഭാരം വഹി ച്ച മറ്റു വ്യക്തികൾ.

**ചോദ്യം 9:** നികുതി, ഉപഭോക്താവിലേക്കു കൈമാറ്റം ചെയ്യപ്പെടുകയാണെ ങ്കിൽ റീഫണ്ട് അനുവദിക്കാമോ?

**ഉത്തരം:** അനുവദിക്കും. എന്നാൽ അങ്ങനെയുള്ള തുക കൺസ്യൂമർ വെൽഫെയർ ഫണ്ടിലേക്ക് വകകൊള്ളിക്കുന്നതാണ്. (CGST/SGST നിയമത്തി ലെ വകുപ്പ് 57)

**ചോദ്യം 10:** റീഫണ്ട് അനുവദിക്കുന്നതിന് എന്തെങ്കിലും കാലപരിധിയു ണ്ടോ?

**ഉത്തരം:** ഉണ്ട്. എല്ലാത്തരത്തിലും പൂർണ്ണമായ റീഫണ്ട് അപേക്ഷകൾ, അപേക്ഷ കൈപ്പറ്റി 60 ദിവസത്തിനുള്ളിൽ തീർപ്പാക്കേണ്ടതാണ്. റീഫണ്ട് 60 ദിവസത്തിനുള്ളിൽ നൽകിയില്ലെങ്കിൽ CGST/SGST നിയമത്തിലെ വകുപ്പ് 56 പ്രകാരമുള്ള പലിശ കൊടുക്കേണ്ടതാണ്.

എന്നിരുന്നാലും, ചില പ്രത്യേക വിഭാഗത്തിൽ പെട്ട രജിസ്റ്റർ ചെയ്തിട്ടുള്ള വ്യക്തി, സീറോ റേറ്റഡ് സപ്ലൈകൾക്കുവേണ്ടി അപേക്ഷിയ്ക്കുന്ന റീഫണ്ട്

തുകയുടെ 90%, അനുവദിയ്ക്കാവുന്നതാണെങ്കിൽ, റീഫണ്ട് അപേക്ഷകൾ കൈപ്പറ്റിയതിന്റെ രസീത് നൽകിയ തീയതി മുതൽ 7 ദിവസത്തിനുള്ളിൽ ഇടക്കാല (provisional) റീഫണ്ട് ആയി ആ തുക നൽകേണ്ടതാണ്. [CGST/SGST നിയമത്തിലെ വകുപ്പ് 54(6)].

**ചോദ്യം 11:** ഡിപ്പാർട്മെൻറ്റിന് റീഫണ്ട്തടഞ്ഞു വെക്കാമോ?

**ഉത്തരം:** താഴെപ്പറയുന്ന സന്ദർഭങ്ങളിൽ ഡിപ്പാർട്മെൻറ്റിന് റീഫണ്ട് തടഞ്ഞു വെക്കാവുന്നതാണ്:

i. രജിസ്റ്റർചെയ്ത വ്യക്തി റിട്ടേണുകൾ സമർപ്പിച്ചിട്ടില്ലെങ്കിൽ, അവ സമർപ്പിക്കുന്നതുവരെ;

ii. രജിസ്റ്റർ ചെയ്ത നികുതി ദായകൻ എന്തെങ്കിലും നികുതിയോ, പലിശയോ അല്ലെങ്കിൽ പിഴയോ അടക്കുവാനുള്ളത് ഏതെങ്കിലും അപ്പീൽ അധികാരിയോ, ട്രിബ്യൂണലോ കോടതിയോ സ്റ്റേ ചെയ്തിട്ടില്ലെങ്കിൽ അപ്രകാരമുള്ള നികുതി, പലിശ അല്ലെങ്കിൽ പിഴ അടക്കുന്നതു വരെ;

(റീഫണ്ട്ചെയ്യാവുന്ന തുകയിൽ നിന്നും അടച്ചിട്ടില്ലാത്ത നികുതി, പലിശ, പിഴ അല്ലെങ്കിൽ ലേറ്റ് ഫീ എന്നിവ നിയോഗിക്കപ്പെട്ട ഉദ്യോഗസ്ഥന് കുറവ് ചെയ്യാവുന്നതാണ്). [CGST/SGST നിയമത്തിലെ വകുപ്പ് 54(10)(d)].

iii. റീഫണ്ട് ഉത്തരവിന്മേൽ അപ്പീൽ സമർപ്പിച്ചിരിക്കുന്ന കേസിലും റീഫണ്ട് അനുവദിക്കുന്നതുകൊണ്ടു നികുതി വരുമാനത്തെ പ്രതികൂലമായി ബാധിക്കും എന്ന് അഭിപ്രായമുണ്ടെങ്കിലും കമ്മീഷണർക്ക് റീഫണ്ട്തടഞ്ഞുവെക്കാം. [CGST/SGST നിയമത്തിലെ വകുപ്പ് 54(11)]

**ചോദ്യം 12:** മേൽപറഞ്ഞപോലെ വകുപ്പ് 54(11) പ്രകാരം തടഞ്ഞു വച്ച റീഫണ്ടിനു, നികുതി വിധേയ വ്യക്തിക്കു പലിശ നൽകേണ്ടതുണ്ടോ?

**ഉത്തരം:** ഒരു നികുതി വിധേയ വ്യക്തി അപ്പീൽവിധിയിലൂടെയോ, മറ്റു തുടർ നടപടികളിലൂടെയോ റീഫണ്ടിനു അർഹനായാൽ പലിശ ലഭിക്കുന്നതിനും അർഹതയുണ്ട്. [CGST/SGST നിയമത്തിലെവകുപ്പ് 54(12)]

**ചോദ്യം 13:** റീഫണ്ടിനു കുറഞ്ഞ പരിധി നിശ്ചയിച്ചിട്ടുണ്ടോ?

**ഉത്തരം:** ആയിരം രൂപയിൽ കുറവുള്ള തുക റീഫണ്ട് അനുവദിക്കുന്നതല്ല [CGST/SGST നിയമത്തിലെ വകുപ്പ് 54(14)].

**ചോദ്യം 14:** മുൻപ് നിലനിന്നിരുന്ന നിയമപ്രകാരം അർഹതയുള്ള റീഫണ്ട് എങ്ങനെനൽകും?

**ഉത്തരം:** മുൻപ് നിലനിന്നിരുന്ന നിയമപ്രകാരം അർഹതയുള്ള റീഫണ്ട് ആ നിയമങ്ങൾ പ്രകാരം തന്നെ CGST-യിൽ പണമായും SGST-യിൽ മുൻപ് നിലനിന്നിരുന്ന നിയമപ്രകാരവും നൽകുന്നതാണ്. എന്നാൽ ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് ആയി ലഭ്യമല്ല.

**ചോദ്യം 15:** രേഖകൾ ഹാജരാക്കുന്നതിനു മുൻപ്റീഫണ്ട്നൽകാമോ?

**ഉത്തരം:** ഒരു രജിസ്റ്റർ ചെയ്ത വ്യക്തി നടത്തുന്ന സാധനങ്ങളുടെയോ സേവനങ്ങളുടെയോ രണ്ടും ചേർന്നോ ഉള്ള സീറോ റേറ്റഡ് സപ്ലൈകൾക്കുവേണ്ടി (രജിസ്റ്റർ ചെയ്തവർ ഒഴികെയുള്ളവർക്ക് പ്രഖ്യാപിച്ചിരിക്കുന്ന പ്രകാരവും) അപേക്ഷിക്കപ്പെട്ടിട്ടുള്ള റീഫണ്ട് തുകയുടെ 90%, രേഖകൾ പരിശോധിക്കുന്നതിനു മുൻപ്, ചില നിബന്ധനകൾക്കും നിയന്ത്രണങ്ങൾക്കും വിധേയമായി നൽകാവുന്നതാണ്. [വകുപ്പ് 54(6)]

**ചോദ്യം 16:** കയറ്റുമതിക്കുള്ള റീഫണ്ട് അനുവദിക്കുന്നതിന് പണം ലഭിച്ചതായി ബാങ്ക് രേഖകൾ (ബാങ്ക് റിയലൈസേഷൻ സർട്ടിഫിക്കറ്റ്) ഹാജരാക്കേണ്ടതുണ്ടോ?

**ഉത്തരം:** കയറ്റുമതിയോട് ബന്ധപ്പെട്ട റീഫണ്ടുകൾ അനുവദിക്കുന്നതിന് ബാങ്ക് റിയലൈസേഷൻ സർട്ടിഫിക്കറ്റ് ഒരു നിർബന്ധിത രേഖയായി റീഫണ്ട് ചട്ടങ്ങളിൽ നിർദ്ദേശിച്ചിട്ടില്ല. എന്നാൽ സേവനങ്ങളുടെ കയറ്റുമതി മേലുള്ള റീഫണ്ട് അനുവദിക്കുന്നതിന് അവ ഹാജരാക്കേണ്ടതാണ്.

**ചോദ്യം 17:** കയറ്റുമതികൾക്കും പ്രത്യേക സാമ്പത്തിക മേഖലയിലേക്കുള്ള സപ്ലൈകൾക്കും 'പ്രിൻസിപ്പൾ ഓഫ് അൺജസ്റ്റ് എൻറിച്ച്മെന്റ്' ബാധകമാണോ?

**ഉത്തരം:** 'പ്രിൻസിപ്പൾ ഓഫ് അൺജസ്റ്റ് എൻറിച്ച്മെന്റ്' സീറോ റേറ്റഡ് സപ്ലൈകൾക്ക് ബാധകമല്ല. (അതായത് കയറ്റുമതികൾക്കും പ്രത്യേക സാമ്പത്തിക മേഖലയിലേക്കുള്ള സപ്ലൈകൾക്കും).

**ചോദ്യം 18:** "പ്രിൻസിപ്പൾ ഓഫ് അൺജസ്റ്റ് എൻറിച്ച്മെന്റ്" ബാധകമല്ലെന്ന് ഒരാൾക്ക് എങ്ങനെയാണ് തെളിയിക്കാൻ സാധിക്കുന്നത്?

**ഉത്തരം:** റീഫണ്ട് തുക രണ്ടു ലക്ഷം രൂപയിൽ കുറവാണെങ്കിൽ അപേക്ഷകൻ തൻറെ റീഫണ്ട് അപേക്ഷയോടൊപ്പം, അതുമായി ബന്ധപ്പെട്ടു അടച്ച നികുതി തുക മറ്റൊരാളിലേക്കും കൈമാറിയിട്ടില്ലെന്നുള്ള ഒരു സ്വയം പ്രസ്താവന (Self Declaration), അയാളുടെ കൈവശമുള്ള രേഖകളോ തെളിവുകളോ അടിസ്ഥാനമാക്കി, സമർപ്പിക്കേണ്ടതാണ്. പക്ഷെ, റീഫണ്ട് തുക രണ്ടു ലക്ഷം രൂപയിൽ കൂടുതലെങ്കിൽ, നികുതി ബാധ്യത മറ്റൊരാൾക്കും കൈമാറിയിട്ടില്ല എന്ന് ചാർട്ടേർഡ് അക്കൗണ്ടന്റ് അല്ലെങ്കിൽ കോസ്ററ് അക്കൗണ്ടന്റ് നൽകിയിട്ടുള്ള ഒരു സർട്ടിഫിക്കറ്റ് അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്.

**ചോദ്യം 19:** നിലവിൽ വാറ്റ്/സി.എസ്.റ്റി നിയമപ്രകാരം കച്ചവട കയറ്റുമതിക്കാരന് (merchant exporter) ഒരു പ്രസ്താവന നൽകിക്കൊണ്ട് നികുതി അടക്കാതെ സാധനങ്ങൾ വാങ്ങാം. ഈ സംവിധാനം GST-യിൽ ഉണ്ടാകുമോ?

**ഉത്തരം:** അങ്ങനെ ഒരു സംവിധാനം GST-നിയമത്തിൽ ഉണ്ടാവില്ല. അവർ നികുതി അടച്ചു സാധനങ്ങൾ വാങ്ങേണ്ടതും CGST/SGST നിയമത്തിലെവകുപ്പ് 54(3) പറയുന്നപ്രകാരം ആർജ്ജിച്ച (accumulated) ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് റീഫണ്ട് ആയി അവകാശപ്പെടേണ്ടതുമാണ്.

**ചോദ്യം 20:** നിലവിൽ സെൻട്രൽ എക്സൈസ് നിയമത്തിൽ കയറ്റുമതിക്കാരന് നികുതി അടച്ച് ഇൻപുട്ട് വാങ്ങുന്നതിനും, അതിന്മേൽ ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് എടുക്കുന്നതിനും, ചരക്കുകൾ ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് ഉപയോഗിച്ച് നികുതി അടച്ചു കയറ്റുമതി ചെയ്തശേഷം കയറ്റുമതി ചെയ്തവയുടെ നികുതി റീഫണ്ട് വാങ്ങുന്നതിനും സാധിക്കും. ഈ സംവിധാനം GST-യിലും തുടരുമോ?

**ഉത്തരം:** IGST നിയമത്തിൽ വകുപ്പ് 16 പ്രകാരം, ഒരു രജിസ്റ്റർ ചെയ്ത വ്യക്തിയ്ക്ക് ബോണ്ട് അല്ലെങ്കിൽ ലെറ്റർ ഓഫ് അണ്ടർടേക്കിങ്ങിന്മേൽ സാധനങ്ങൾ /സേവനങ്ങൾ നികുതി അടയ്ക്കാതെ കയറ്റുമതി ചെയ്യുകയും അതിന്മേലുള്ള സമാഹരിക്കപ്പെട്ട ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് റീഫണ്ട് വാങ്ങുന്നതിനും അല്ലെങ്കിൽ നികുതി അടച്ചു സാധനങ്ങൾ/സേവനങ്ങൾ കയറ്റുമതി ചെയ്തശേഷം അടച്ച IGST റീഫണ്ട് ആവശ്യപ്പെടുകയും ചെയ്യുന്നതിനുള്ള ഓപ്ഷൻ നിയമത്തിൽ ലഭ്യമാണ്.

**ചോദ്യം** 21: റീഫണ്ട് അപേക്ഷകൾ കൈപ്പറ്റിയതിന്റെ രസീത് നൽകുന്നതിനുള്ള കാലാവധി എന്താണു് ?

ഉത്തരം: റിട്ടേൺ മുഖേന ഇലക്ട്രോണിക് ക്യാഷ് ലഡ്ജറിൽ നിന്നുള്ള CGST/SGST നിയമത്തിലെ വകുപ്പ് 49(6) പ്രകാരമുള്ള റീഫണ്ട് അപേക്ഷകൾക്കുള്ള രസീത് പ്രസക്തമായ ടാക്സ് പീരിയഡിൻറ്റെ റിട്ടേൺ സമർപ്പിച്ചാലുടനെയും മറ്റെല്ലാ വിധത്തിലുള്ള റീഫണ്ട് അപേക്ഷകൾക്കുള്ള രസീത്, എല്ലാത്തരത്തിലും പൂർണ്ണമായ അപേക്ഷ കൈപ്പറ്റിയ തീയതി മുതൽ 15 ദിവസങ്ങൾക്കുള്ളിലും നൽകേണ്ടതാണ്

**ചോദ്യം** 22: എത്ര കാലാവധിയ്ക്കുള്ളിലാണ് ഇടക്കാല (provisional) റീഫണ്ട് നൽകേണ്ടത് ?

**ഉത്തരം**: CGST/SGST നിയമത്തിലെ വകുപ്പ് 54(6) അനുസരിച്ച് സീറോ റേറ്റഡ് സപ്ലൈകൾക്കുവേണ്ടി അപേക്ഷിക്കപ്പെട്ടിട്ടുള്ള റീഫണ്ട് തുകയുടെ 90%, പൂർണ്ണമായ അപേക്ഷ കൈപ്പറ്റിയ തിനുള്ള രസീത് നൽകിയ തീയതിമുതൽ 7 ദിവസങ്ങൾക്കുള്ളിൽ ഇടക്കാല (provisional) റീഫണ്ടായി നൽകേണ്ടതാണ്.

**ചോദ്യം** 23: റീഫണ്ട് അപേക്ഷകൾക്കായി ഏതെങ്കിലും പത്യേക മാതൃക നിഷ്കർഷിച്ചിട്ടുണ്ടോ?

**ഉത്തരം:** എല്ലാ റീഫണ്ട് അപേക്ഷകളും ഫോം GST RFD 1-ൽ ആണ് സമർപ്പിക്കേണ്ടത്. എന്നിരുന്നാലും ഇലക്ട്രോണിക് ക്യാഷ് ലെഡ്ജറിൽ ബാക്കിയായ തുകക്കുള്ള റീഫണ്ട് അപേക്ഷകൾ**,** പ്രസ്തുത കാലാവധിയിൽ സമർപ്പിക്കുന്ന റിട്ടേണുകൾക്കൊപ്പം, ഫോം GSTR-3, GSTR-4 അല്ലെങ്കിൽ GSTR-7, ഏതാണോ അനുയോജ്യമായത് അതിൽ, സമർപ്പിക്കേണ്ടതാണ്.

**ചോദ്യം 24:** റീഫണ്ട് അനുമതിക്കായി ഏതെങ്കിലും പത്യേക ഫോം നിഷ്കർഷിച്ചിട്ടുണ്ടോ?

**ഉത്തരം:** ഒരു റീഫണ്ട് അപേക്ഷ ക്രമാനുസൃതമാണെന്ന് കണ്ടെത്തിയാൽ അധികാരപ്പെട്ട ഉദ്യോഗസ്ഥൻ, ഫോം GST RFD 06 ൽ അപേക്ഷപ്രകാരമുള്ള

റീഫണ്ട് അനുവദിക്കുകയും ഫോം GST RFD 05-ൽ പേയ്മെൻറ്റ് അഡ്വൈസ് നൽകേണ്ടതുമാണ്. അപ്പോൾ അനുവദിക്കപ്പെട്ട റീഫണ്ട് തുക ഇലക്ട്രോണിക്കായി അപേക്ഷകൻ്റെ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കപ്പെടുന്നു.

**ചോദ്യം** 25: റീഫണ്ട് അപേക്ഷകളിൽ അപര്യാപ്തതകൾ കാണപ്പെട്ടാൽ എന്ത് സംഭവിക്കും**?**

**ഉത്തരം:** റീഫണ്ട് അപേക്ഷകളിൽ എന്തെങ്കിലും അപര്യാപ്തതകൾ കണ്ടാൽ 15 ദിവസങ്ങൾക്കുള്ളിൽ ചൂണ്ടി കാണിക്കണം. അധികാരപ്പെട്ട ഉദ്യോഗസ്ഥൻ, GST RFD-03 എന്ന ഫോമിൽ, എല്ലാ അപാകതകളും അപേക്ഷകനെ കോമൺ പോർട്ടൽ വഴി ഇലക്ട്രോണിക്കായി അറിയിക്കുകയും അപ്രകാരമുള്ള അപാകതകൾ പരിഹരിച്ച് റീഫണ്ട് അപേക്ഷ സമർപ്പിക്കാൻ ആവശ്യപ്പെടുകയും ചെയ്യണം.

**ചോദ്യം** 26: കാരണങ്ങൾ ഒന്നും കാണിയ്ക്കാതെ ഒരു റീഫണ്ട് അപേക്ഷ നിരസിക്കാമോ**?**

**ഉത്തരം: ഇല്ല.** ഒരു റീഫണ്ട് അപേക്ഷ അനുവദിക്കപ്പെടാവുന്നതല്ല എന്ന് കണ്ടെത്തിയാൽ, അധികാരപ്പെട്ട ഉദ്യോഗസ്ഥൻ ഫോം GST RFD-08-ൽ അപേക്ഷകന്, 15 ദിവസത്തിനുള്ളിൽ, ഫോം GST RFD-09 ലുള്ള മറുപടി ആവശ്യപ്പെട്ടുകൊണ്ട് നോട്ടീസ് നൽകേണ്ടതാണ്. അപേക്ഷകൻ്റെ മറുപടി പരിഗണിച്ചശേഷം, ഫോം GST RFD 06 ൽ പുറപ്പെടുവിക്കുന്ന ഉത്തരവ് പ്രകാരം റീഫണ്ട് അനുവദിക്കുകയോ നിരസിക്കുകയോ ചെയ്യാം.

# 15. നികുതി ആവശ്യപ്പെടലും വീണ്ടെടുക്കലും

**ചോദ്യം 1**: അടക്കാത്തതോ കുറവായി അടച്ചതോ ആയ നികുതികൾ അഥവാ തെറ്റായി തിരികെ നൽകിയ നികുതികൾ അഥവാ തെറ്റായി എടുത്തതോ ഉപയോഗിച്ചതോ ആയ ഇൻപുട് നികുതികൾ എന്നിവ തിരികെ പിടിക്കുന്നതിനുള്ള വകുപ്പ് ഏതാണ്?

**ഉത്തരം**: തട്ടിപ്പ്, മറച്ചുവെക്കൽ, തെറ്റായ വിവരം നൽകൽ എന്നിവ ഉൾപ്പെടാത്ത കേസുകളിൽ ചരക്കുസേവന നിയമത്തിലെ 73--)ം വകുപ്പിലും മേല്പറഞ്ഞവ ഉൾപ്പെട്ട കേസുകളിൽ 74 വകുപ്പ് പ്രകാരവും തിരികെ പിടിക്കാവുന്നതാണ്.

**ചോദ്യം 2**: നികുതി അടക്കാൻ ബാധ്യതപ്പെട്ട വ്യക്തിക്ക് തൻറെ നികുതി യും പലിശയും 73 വകുപ്പ് പ്രകാരമുള്ള കാരണം കാണിക്കൽ നോട്ടീസ് ലഭിക്കുന്നതിനുമുൻപ് അടക്കുവാൻ സാധിക്കുമോ?

**ഉത്തരം**: തീർച്ചയായും. അങ്ങനെയുള്ള സന്ദർഭങ്ങളിൽ ചുമതലപ്പെടു ത്തിയ ഉദ്യോഗസ്ഥന് നോട്ടീസ് നൽകുവാൻ സാധിക്കില്ല. {വകുപ്പ് 73 (6)}

**ചോദ്യം 3**: 73 വകുപ്പ് പ്രകാരമുള്ള കാരണം കാണിക്കൽ നോട്ടീസ് ലഭിച്ചതി നുശേഷം തുക അടച്ചാൽ പ്രസ്തുത നോട്ടീസിൽ വിധി പ്രസ്താവിക്കേണ്ടതു ണ്ടോ?

**ഉത്തരം**: നോട്ടീസ് ലഭിച്ച വ്യക്തി, നോട്ടീസ് പുറപ്പെടുവിച്ച് 30 ദിവസത്തി നുള്ളിൽ, നികുതി പലിശ സഹിതം അടക്കുകയാണെങ്കിൽ, യാതൊരു പിഴയും ഉണ്ടാവുന്നതല്ല. കൂടാതെ, നോട്ടീസിൽ പറഞ്ഞപ്രകാരമുള്ള നടപടി കൾ അവസാനിച്ചതായി കണക്കാക്കുകയും ചെയ്യും. {വകുപ്പ് 73(8)}.

**ചോദ്യം 4**: നോട്ടീസ് നൽകുവാനുള്ള പ്രസക്ത തിയതി എന്താണ്?

**ഉത്തരം**:

(i) 73 വകുപ്പ് പ്രകാരം (തട്ടിപ്പ്, മറച്ചുവെക്കൽ, തെറ്റായ വിവരം നൽകൽ എന്നിവ ഉൾപ്പെടാത്ത കേസുകളിൽ), ഏതു സാമ്പ ത്തിക വർഷത്തെ നികുതിയാണോ ആവശ്യപ്പെടുന്നത്, ആ സാമ്പത്തിക വർഷത്തെ വാർഷിക റിട്ടേൺ സമർപ്പിക്കേണ്ട തായ തിയതി മുതലാണ് പ്രസക്ത തിയതി കണക്കാ ക്കുന്നത്. ഇത്തരം കേസുകളിൽ പുറപ്പെടുവിക്കുന്ന കാരണം കാണി ക്കൽ നോട്ടീസുകളിൽ വാർഷിക റിട്ടേൺ സമർപ്പിക്കേണ്ട തായ തിയതിമുതൽ മൂന്നു വർഷത്തിനുള്ളിൽ വിധി പ്രസ്താ വിക്കപ്പെടേണ്ടതാണ്. വിധിപ്രസ്താവിക്കലിന് നിശ്ചയിച്ചിട്ടു ള്ള സമയപരിധിയുടെ മൂന്ന് മാസം മുൻപെങ്കിലും കാരണം കാണിക്കൽ നോട്ടീസ് പുറപ്പെടുവിച്ചിരിക്കണം. {വകുപ്പ് 73 (2 & 10)}

(ii) 74 വകുപ്പ് പ്രകാരം (തട്ടിപ്പ്, മറച്ചുവെക്കൽ, തെറ്റായ വിവരം നൽകൽ എന്നിവ ഉൾപ്പെട്ട കേസുകളിൽ), ഏതു സാമ്പത്തിക വർഷത്തെ നികുതിയാണോ ആവശ്യപ്പെടുന്നത്, ആ സാമ്പ

ത്തിക വർഷത്തെ വാർഷിക റിട്ടേൺ സമർപ്പിക്കേണ്ടതായ തിയതി മുതലാണ് പ്രസക്ത തിയതി കണക്കാക്കുന്നത്. ഇത്തരം കേസുകളിൽ പുറപ്പെടുവിക്കുന്ന കാരണം കാണിക്കൽ നോട്ടീസുകളിൽ വാർഷിക റിട്ടേൺ സമർപ്പിക്കേണ്ടതായ തിയതി മുതൽ അഞ്ച് വർഷത്തിനുള്ളിൽ വിധി പ്രസ്താവിക്കപ്പെടേണ്ടതാണ്. വിധിപ്രസ്താവിക്കലിന് നിശ്ചയിച്ചിട്ടുള്ള സമയപരിധിയുടെ ആറുമാസം മുൻപെങ്കിലും കാരണം കാണിക്കൽ നോട്ടീസ് പുറപ്പെടുവിച്ചിരിക്കണം. {വകുപ്പ് 74 (2 & 10)}.

**ചോദ്യം 5**: കേസുകളിൽ വിധി പറയുന്നതിന് സമയപരിധിയുണ്ടോ?

**ഉത്തരം**: (i) 73 വകുപ്പ് പ്രകാരം (തട്ടിപ്പ്, മറച്ചുവെക്കൽ, തെറ്റായ വിവരം നൽകൽ എന്നിവ ഉൾപ്പെടാത്ത കേസുകളിൽ), ഏതു സാമ്പത്തിക വർഷത്തെ നികുതിയാണോ ആവശ്യപ്പെടുന്നത്, ആ സാമ്പത്തിക വർഷത്തെ വാർഷിക റിട്ടേൺ സമർപ്പിക്കേണ്ടതായ തീയതി മുതൽ 3 വർഷത്തിനുള്ളിൽ പ്രസ്താവിക്കപ്പെടേണ്ടതാണ്. തെറ്റായി റീഫണ്ട് കൊടുത്ത കേസുകളിലും ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് തെറ്റായി എടുത്ത കേസുകളിലും തുക മടക്കികൊടുത്തതോ തെറ്റായി ക്രെഡിറ്റ് എടുത്തതോ ആയ തീയതി മുതൽ മൂന്നു വർഷത്തിനുള്ളിൽ വിധി പ്രസ്താവിക്കപ്പെടേണ്ടതാണ്. {വകുപ്പ് 73(10)}

(ii) 74 വകുപ്പ് പ്രകാരം (തട്ടിപ്പ്, മറച്ചുവെക്കൽ, തെറ്റായ വിവരം നൽകൽ എന്നിവ ഉൾപ്പെട്ട കേസുകളിൽ), ഏതു സാമ്പത്തിക വർഷത്തെ നികുതിയാണോ ആവശ്യപ്പെടുന്നത്, ആ സാമ്പത്തിക വർഷത്തെ വാർഷിക റിട്ടേൺ സമർപ്പിക്കേണ്ടതായ തീയതി മുതൽ 5 വർഷത്തിനുള്ളിൽ വിധി പ്രസ്താവിക്കപ്പെടേണ്ടതാണ്. തെറ്റായി റീഫണ്ട് കൊടുത്ത കേസുകളിലും ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് തെറ്റായി എടുത്ത കേസുകളിലും തുക മടക്കികൊടുത്തതോ തെറ്റായി ക്രെഡിറ്റ് എടുത്തതോ ആയ തീയതി മുതൽ 5 വർഷത്തിനുള്ളിൽ വിധി പ്രസ്താവിക്കപ്പെടേണ്ടതാണ്. {വകുപ്പ് 74(10)}

**ചോദ്യം 6**: തട്ടിപ്പ്, മറച്ചുവെക്കൽ, തെറ്റായ വിവരം നൽകൽ എന്നിവ ഉൾപ്പെട്ട കേസുകളിൽ, നികുതി അടക്കുവാൻ ബാധ്യതയുള്ള വ്യക്തിക്ക് തൻ്റെ നികുതിയും പലിശയും അടക്കമുള്ള തുക കാരണം കാണിക്കൽ നോട്ടീസ് പുറപ്പെടുവിക്കുന്നതിനു മുൻപ് അടച്ചാൽ എന്തെങ്കിലും ആനുകൂല്യം കിട്ടുമോ ?

**ഉത്തരം**: തീർച്ചയായും. മേല്പറഞ്ഞ കേസുകളിൽ നിയമപ്രകാരം നികുതി അടക്കാൻ ബാധ്യതപ്പെട്ട വ്യക്തിക്ക് സ്വയം കണക്കാക്കിയതോ അഥവാ ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥൻ കണക്കാക്കിയതോ ആയ നികുതിയും പലിശയും 15% പിഴ ഉൾപ്പെടെ അടക്കാവുന്നതാണ്. അപ്രകാരം അടക്കുന്ന പക്ഷം നികുതിക്ക് കാരണം കാണിക്കൽ നോട്ടീസ് നൽകുന്നതല്ല. {വകുപ്പ് 74 (6)}.

**ചോദ്യം 7**: കാരണം കാണിക്കൽ നോട്ടീസ് ലഭിച്ച വ്യക്തി തുക അടച്ചാൽ, പ്രസ്തുത നോട്ടീസിൽ വിധി പ്രസ്താവിക്കേണ്ട ആവശ്യം ഉണ്ടോ?

**ഉത്തരം**: വകുപ്പ് 74-ൻറെ ഉപവകുപ്പു (1) പ്രകാരം നോട്ടീസ് ലഭിച്ച വ്യക്തി, നോട്ടീസ് ലഭിച്ച് 30 ദിവസത്തിനുള്ളിൽ നികുതി പലിശയും 25% പിഴയും സഹിതം അടക്കുകയാണെങ്കിൽ, നോട്ടീസിൽ പറഞ്ഞ പ്രകാരമുള്ള എല്ലാ നടപടികളും അവസാനിച്ചതായി കണക്കാക്കും. {വകുപ്പ് 74 (8)}.

**ചോദ്യം 8**: വകുപ്പ് 74 പ്രകാരമുള്ള വിധിപ്രകാരം നികുതിയും പിഴയും അടക്കാൻ ബാധ്യതപ്പെട്ട വ്യക്തിക്ക് കുറഞ്ഞ നിരക്കുള്ള പിഴ അടക്കുവാൻ അവസരമുണ്ടോ?

**ഉത്തരം**: ഉണ്ട്. അയാൾ വിധി ലഭിച്ച തിയതി മുതൽ 30 ദിവസത്തിനുള്ളിൽ നികുതിയും പലിശയും നികുതിയുടെ 50% പിഴ സഹിതം അടച്ചാൽ, ആ നികുതിയുടെ മേലുള്ള എല്ലാ നടപടികളും അവസാനിച്ചതായി കണക്കാക്കും. {വകുപ്പ് 74 (11)}.

**ചോദ്യം 9**: കാരണം കാണിക്കൽ നോട്ടീസുകളിൽ വകുപ്പ് 73 & 74 പ്രകാരം സമയപരിധിക്കുള്ളിൽ (3/5 വർഷം) വിധി പ്രസ്താവിച്ചിട്ടില്ലെങ്കിൽ ഉള്ള തുടർ നടപടികൾ എന്താണ്?

**ഉത്തരം**: ചരക്ക് സേവന നിയമത്തിലെ വകുപ്പ് 75(10) പ്രകാരം, നിശ്ചിത വകുപ്പുകളിൽ പറഞ്ഞിരിക്കുന്ന സമയ പരിധിക്കുള്ളിൽ (3 വർഷ ത്തിനുള്ളിലും 5 വർഷത്തിനുള്ളിലും) വിധി പറയാത്ത കേസുകൾ തുടർ നടപടികൾ ഇല്ലാതെ അവസാനിച്ചതായി കണക്കാക്കപ്പെടുന്നതായിരിക്കും.

**ചോദ്യം 10**: ഒരു വ്യക്തി മറ്റൊരു വ്യക്തിയിൽ നിന്നും നികുതിയായി പിടിക്കുന്ന തുക ഗവെർമെൻറ്റിലേക്ക് അടക്കാതിരുന്നാൽ തുടർനടപടികൾ എന്താണ്?

**ഉത്തരം**: ഓരോ വ്യക്തിയും, തൻറെ സപ്ലൈ നികുതിബാധകമല്ലെങ്കിൽ പോലും, നികുതിയിനത്തിൽ ഏതെങ്കിലും തുക വേറൊരാളിൽ നിന്നും പിടിച്ചിട്ടുണ്ടെങ്കിൽ, പ്രസ്തുത തുക കേന്ദ്ര/സംസ്ഥാന ഗവെർമെൻറ്റിലേക്ക് അടയ്ക്കുവാൻ ബാധ്യസ്ഥനാണ്. അങ്ങിനെ ചെയ്യാത്ത പക്ഷം ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ ആ വ്യക്തിക്ക് പ്രസ്തുത തുകയും സമാനമായ തുക പിഴയും വസൂലാക്കുവാൻ കാരണം കാണിക്കൽ നോട്ടീസ് നൽകേണ്ടതാണ്. {വകുപ്പ് 76(1 & 2)}.

**ചോദ്യം 11**: വകുപ്പ് 76(1)-നു വിരുദ്ധമായി ഒരു വ്യക്തി നികുതിയായി പിടിച്ച തുക അടക്കാതിരുന്നാൽ തുടർനടപടികൾ എന്താണ്?

**ഉത്തരം**: നോട്ടീസ് നൽകിയതിന് ശേഷം സ്വാഭാവിക നീതി ഉറപ്പാക്കി വിധി പ്രസ്താവിക്കേണ്ടതാണ്. ഇങ്ങനെയുള്ള കേസുകളിൽ നോട്ടീസ് നൽകിയ തീയതി മുതൽ ഒരു വർഷത്തിനുള്ളിൽ വിധി പ്രസ്താവിക്കേണ്ടതാണ്. {വകുപ്പ് 76(2 to 6)}.

**ചോദ്യം 12**: നികുതി പിടിച്ചതിനു ശേഷം അടക്കാത്ത കേസുകളിൽ വകുപ്പ് 76 പ്രകാരം നോട്ടീസ് നൽകുന്നതിന് സമയപരിധി ഉണ്ടോ?

**ഉത്തരം**: ഇല്ല. ഇപ്രകാരമുള്ള കേസുകളിൽ സമയപരിധി ഇല്ലാതെ നോട്ടീസ് നൽകാവുന്നതാണ്.

**ചോദ്യം 13**: അധികാരപ്പെട്ട ഉദ്യാഗസ്ഥന് നികുതി വസൂലാക്കുന്നതിന് നിയമ പ്രകാരമുള്ള രീതികൾ ഏതൊക്കെയാണ്?

**ഉത്തരം**: നികുതി വസൂലാക്കുന്നതിനു താഴെ പറയുന്ന രീതികൾ ലഭ്യ മാണ്:

(എ) നികുതി അടക്കാൻ ബാധ്യതപ്പെട്ട ആൾക്ക് പണം കൊടുക്കുവാനുള്ള തുകയിൽ നിന്നും ഉത്തരവാദപ്പെട്ട അധികാരിക്ക് തുക തട്ടിക്കിഴിക്കാവുന്ന താണ്.

(ബി) നികുതി അടക്കാൻ ബാധ്യതപ്പെട്ട ആളിൻ്റെ ഉടമസ്ഥതയിലുള്ള ചരക്ക് പിടിച്ചെടുക്കുവാനും അവ വില്പന നടത്തി തുക വസൂലാക്കുവാനും ഉത്തര വാദപ്പെട്ട അധികാരിക്ക് അധികാരം ഉണ്ടായിരിക്കുന്നതാണ്.

(സി) നികുതി അടക്കാൻ ബാധ്യതപ്പെട്ട ആൾക്ക് ഇപ്പോൾ പണം നല്കുവാനോ ഭാവിയിൽ പണം നല്കുവാനോ ഉള്ള വ്യക്തികളിൽ നിന്നും അല്ലെങ്കിൽ നികുതി അടയ്ക്കാൻ ബാധ്യതപ്പെട്ട ആളുടെ പണം ഇപ്പോൾ കൈവശം വെച്ചിരിക്കുന്ന അല്ലെങ്കിൽ ഭാവിയിൽ കൈവശം വരാൻ സാധ്യതയുള്ള വ്യക്തികളിൽ നിന്നും ഉത്തരവാദപ്പെട്ട അധികാരി നികുതി വസൂലാക്കി കേന്ദ്ര/സംസ്ഥാന അക്കൗണ്ടുകളിൽ ചേർക്കേണ്ടതാണ്.

(ഡി) അധികാരപ്പെടുത്തിയ ഉദ്യാഗസ്ഥന്, നികുതി നല്കാൻ ബാധ്യതപ്പെട്ട ആളിൻ്റെ ഉടമസ്ഥതയിൽ അല്ലെങ്കിൽ നിയന്ത്രണത്തിൽ ഉള്ള വസ്തുവക കൾ കണ്ടുകെട്ടുന്നതിനും തടഞ്ഞു വെക്കുന്നതിനും അധികാരം ഉണ്ടായിരി ക്കുന്നതാണ്. അടക്കുവാനുള്ള തുക 30 ദിവസത്തിനുള്ളിൽ അടയ്ക്കാതിരു ന്നാൽ, പ്രസ്തുത വസ്തുവകകൾ വിൽക്കുകയും, വിറ്റുവരവ് തുകയിൽ നിന്നും, അടക്കുവാനുള്ള തുക, വില്പനയ്ക്കുള്ള ചെലവ് എന്നിവ വസൂലാക്കേണ്ടതു മാണ്.

(ഇ) ബന്ധപ്പെട്ട അധികാരി നികുതി നല്കാൻ ബാധ്യതപ്പെട്ട ആൾക്ക്, സ്വന്ത മായി ഭൂമിയുള്ളതോ, അയാൾ താമസിക്കുന്നതോ അല്ലെങ്കിൽ ബിസ്സിനസ്സ് ചെയ്യുന്നതോ ആയ പ്രദേശത്തെ ജില്ലാ കളക്ടർ മുഖാന്തരം ലാൻഡ് റവന്യൂ കുടിശ്ശിക പോലെ കണക്കാക്കി വസൂലാക്കേണ്ടതാണ്.

(എഫ്) ബന്ധപ്പെട്ട മജിസ്ട്രേട്ടിന് അപ്ലിക്കേഷൻ സമർപ്പിക്കുകയും ആ മജിസ്ട്രേറ്റ് അത് താൻ ചുമത്തിയ പിഴയായി കണക്കാക്കി റിക്കവറി നടപടി കൾ കൈക്കൊണ്ടും വസൂലാക്കേണ്ടതാണ്.

(ജി) ഈ ആക്ട് അല്ലെങ്കിൽ അതിനോടനുബന്ധിച്ചുള്ള മറ്റു നിയമങ്ങൾ പ്രകാ രം നിർവഹിച്ചിട്ടുള്ള ബോണ്ടുകളും രേഖകളും നടപ്പിലാക്കുക മുഖേന.

(എച്) സീ. ജി. എസ്. ടി. കുടിശ്ശിക എസ്. ജി. എസ്. ടി. കുടിശ്ശികയായും, തിരിച്ചും, വസൂലാക്കാവുന്നതാണ്. {വകുപ്പ് 76(1, 2, 3, 4)}.

**ചോദ്യം 14**: അടക്കുവാനുള്ള നികുതി ഗഡുക്കളായി അടക്കാൻ അനുവദിക്കാമോ?

**ഉത്തരം**: സ്വയം നിർണയിച്ച നികുതി ഒഴികെ മറ്റെല്ലാം 24 എണ്ണത്തിൽ കവിയാത്ത മാസ ഗഡുക്കളായി അടക്കുവാൻ കമ്മീഷണർ / ചീഫ് കമ്മീഷണർക്ക്, നിർദ്ദേശിക്കപ്പെട്ട വ്യവസ്ഥകൾക്കും നിയന്ത്രണങ്ങൾക്കും വിധേയമായി അനുവദിക്കാവുന്നതാണ്. ഇങ്ങനെ അടക്കുന്ന ഗഡുക്കൾക്കു വകുപ്പ് 50 ൽ പറയുന്ന പലിശ അടക്കേണ്ടതാണ്. ഏതെങ്കിലും സാഹചര്യത്തിൽ ഒരു ഗഡു അടക്കുവാൻ മുടക്കം വരുത്തിയാൽ ബാക്കി അടക്കേണ്ടതായ തുക മുഴുവനും മറ്റൊരു നോട്ടീസ് നൽകാതെ തന്നെ വസൂലാക്കാവുന്നതാണ്. {വകുപ്പ് 80}.

**ചോദ്യം 15**: അപ്പീലിലോ പുനർനിർണയത്തിലോ നികുതി ബാധ്യത ഉയർത്തപ്പെട്ടാൽ എന്ത് ചെയ്യും?

**ഉത്തരം**: നേരത്തെ നിർണയിച്ച ബാധ്യത നിലനിൽക്കുകയും പ്രസ്തുത ബാധ്യത തിരിച്ചു പിടിക്കാൻ ഉള്ള നടപടികൾ തുടരുകയും ചെയ്യും. എന്നാൽ പുനർനിർണയിച്ചപ്പോൾ ഉള്ള അധിക ബാധ്യതയ്ക്ക് ഡിമാൻഡ് നോട്ടീസ് നൽകുകയും വേണം. {വകുപ്പ് 84(എ)}.

**ചോദ്യം 16**: നികുതി അടക്കാൻ ബാധ്യതപ്പെട്ട ഒരു വ്യക്തി തൻ്റെ ബാധ്യത നിലനിൽക്കുമ്പോൾ തന്നെ തൻ്റെ ബിസിനസ്സ് മുഴുവനായോ ഭാഗികമായോ മറ്റൊരാൾക്ക് കൈമാറ്റം ചെയ്താൽ എന്ത് സംഭവിക്കും?

**ഉത്തരം**: നികുതി അടക്കാൻ ബാധ്യതപ്പെട്ട ഒരു വ്യക്തി തൻ്റെ ബാധ്യത നിലനിൽക്കുമ്പോൾ തന്നെ ബിസിനസ്സ് മറ്റൊരാൾക്ക് കൈമാറ്റം ചെയ്താൽ, ബാധ്യത കൈമാറുന്നതിന് മുമ്പുള്ളതും പക്ഷെ അടക്കാത്തതാണെങ്കിലും അല്ലെങ്കിൽ കൈമാറ്റത്തിന് ശേഷം വന്നിട്ടുള്ള ബാധ്യതയാണെങ്കിലും കൈമാറ്റം ചെയ്ത വ്യക്തിയും ലഭിച്ച വ്യക്തിയും കൈമാറ്റം ചെയ്യുന്ന തീയതിയിൽ നികുതിക്ക് പലിശയും പിഴയും സഹിതം പ്രത്യേകമായോ ഒരുമിച്ചോ ബാധ്യതപ്പെട്ടവർ ആകുന്നതാണ്. നികുതി അടക്കാൻ ബാധ്യതപ്പെട്ട വ്യക്തി ബാധ്യ ത നിലനിൽക്കുമ്പോൾ ബിസിനസ് മറ്റൊരാൾക്ക് കൈമാറ്റം ചെയ്താൽ പുതിയ ഉടമസ്ഥൻ മേല്പറഞ്ഞ നികുതിയും, പലിശയും പിഴയും അടക്കാൻ ബാധ്യസ്ഥനാവുന്നതാണ്. ഇത്തരം ബാധ്യതകൾ കൈമാറ്റത്തിന് മുൻപോ, കൈമാറ്റത്തിന് ശേഷമോ നിശ്ചയിക്കപ്പെട്ടവയാകാം.

**ചോദ്യം 17**: ഒരു കമ്പനി അടച്ചു പൂട്ടിയാൽ നിലവിലുള്ള നികുതി ബാധ്യത എന്ത് ചെയ്യും?

**ഉത്തരം**: നിയമിക്കപ്പെട്ടിട്ടുള്ള ലികിഡേറ്റർമാർ 30 ദിവസത്തിനകം തൻ്റെ നിയമനം കമ്മീഷണറെ അറിയിച്ചിരിക്കണം. അറിയിപ്പ് ലഭിച്ചു 3 മാസത്തിനകം കമ്മിഷണർ നികുതി ബാധ്യത വസൂലാക്കാനാവശ്യമായ തുക ലികിഡേറ്ററെ അറിയിച്ചിരിക്കണം.

**ചോദ്യം 18**: ഒരു കമ്പനി അടച്ചു പൂട്ടിയാൽ ഡയറക്ടർമാർക്കുള്ള ഉള്ള ബാധ്യത എങ്ങിനെയാണ്?

**ഉത്തരം:** ഒരു കമ്പനി അടച്ചുപൂട്ടിയാൽ, അങ്ങിനെ അടച്ചുപൂട്ടുന്നതിനു മുൻപോ അതിനു ശേഷമോ ഉള്ള നികുതി/മറ്റു ബാധ്യതകൾക്കു പ്രസ്തുത ബാധ്യതകൾ നിലവിലിരുന്ന കാലയളവിലെ ഡയറക്ടർമാർ ഒന്നിച്ചോ പ്രത്യേകമായോ ബാധ്യതപ്പെട്ടവർ ആകുന്നതാണ്. ഏതെങ്കിലും ഡയറക്ടർ തൻ്റെ അവഗണന കൊണ്ടോ കടമ നിർവഹിക്കാതിരിക്കൽ കൊണ്ടോ അതല്ലെങ്കിൽ കൃത്യവിലോപം കൊണ്ടോ അല്ല പ്രസ്തുത ബാധ്യത കമ്പനിക്കു വന്നതെന്ന് കമ്മീഷണർക്ക് ബോധ്യപ്പെടുംവണ്ണം തെളിയിച്ചാൽ പ്രസ്തുത ഡയറക്ടർ ബാധ്യതയിൽ നിന്നും ഒഴിവാകുന്നതാണ്. {വകുപ്പ് 88(3), 89}.

**ചോദ്യം 19**: നികുതി ബാധ്യതയിൽ പാർട്ട്ണർഷിപ്പ് (പങ്കാളിത്ത) ബിസിനസ്സിൽ ഉൾപ്പെട്ട പാർട്ട്ണർമാർക്ക് ഉള്ള ബാധ്യത എങ്ങിനെയാണ്?

**ഉത്തരം**: എല്ലാ പങ്കാളികളും ഒന്നിച്ചോ പ്രത്യേകമായോ നികുതി ബാധ്യതക്ക് പലിശയും പിഴയും ഉൾപ്പെടെ ബാധ്യതപ്പെട്ടവർ ആകുന്നതാണ്. ഏതെങ്കിലും ഒരു പാർട്ട്ണർ വിരമിക്കുകയോ വിട്ടുപോകുകയോ ചെയ്യുന്നുവെങ്കിൽ പ്രസ്തുത വിവരം പങ്കാളിയോ, സ്ഥാപനമോ കമ്മീഷണറെ അറിയിക്കേണ്ടതാണ്. അങ്ങിനെ അറിയിച്ചാൽ വിരമിക്കുന്ന തീയതി വരെയുള്ള ബാധ്യത മാത്രമേ പ്രസ്തുത പാർട്ട്ണർക്ക് ഉണ്ടായിരിക്കുകയുള്ളൂ. അങ്ങിനെ വിരമിക്കുന്ന കാര്യം ഒരു മാസത്തിനുള്ളിൽ അറിയിക്കാത്ത പക്ഷം വിരമിക്കുന്ന പാർട്ട്ണറുടെ ബാധ്യത കമ്മീഷണറെ അറിയിക്കുന്നത് വരെ തുടരുന്നതാണ്. (വകുപ്പ് 90)

**ചോദ്യം 20**: ഒരു മൈനറായ വ്യക്തിയുടെ ബിസിനസ്സ് ഒരു ഏജൻറ് അല്ലെങ്കിൽ രക്ഷാകർത്താവ് അല്ലെങ്കിൽ ട്രസ്റ്റി മുഖാന്തിരം നടത്തപ്പെടുകയാണെങ്കിൽ നികുതി ബാധ്യത എങ്ങിനെയാണ്?

**ഉത്തരം**: മൈനറായ വ്യക്തിയുടെ/കഴിവില്ലാത്ത വ്യക്തിയുടെ ബിസിനസ്സ് ഒരു ഏജൻറ് അല്ലെങ്കിൽ രക്ഷാകർത്താവ് അല്ലെങ്കിൽ ട്രസ്റ്റി മുഖാന്തിരം നടത്തപ്പെടുകയാണെങ്കിൽ നികുതി ബാധ്യത പലിശയും പിഴയും സഹിതം പ്രസ്തുത ഏജൻറ്/രക്ഷാകർത്താവ്/ട്രസ്റ്റിയുടെ കയ്യിൽ നിന്നും ഈടാക്കുന്നതാണ്. (വകുപ്പ് 91)

**ചോദ്യം 21**: ഒരു നികുതിദായകൻ്റെ എസ്റ്റേറ്റ് ഒരു കോടതി നിയോഗിച്ച ട്രസ്റ്റി /അഡ്മിനിസ്ട്രേറ്റർ/റിസീവർ ഭരണത്തിൽ ആണെങ്കിൽ നികുതി ബാധ്യത എങ്ങിനെയാണ്?

**ഉത്തരം**: ഒരു നികുതിദായകൻ്റെ എസ്റ്റേറ്റ് ഒരു കോടതി നിയോഗിച്ച ട്രസ്റ്റി /അഡ്മിനിസ്ട്രേറ്റർ/റിസീവർ ഭരണത്തിൽ ആണെങ്കിൽ നികുതി പലിശയും പിഴയും ഉൾപ്പെടെ പ്രസ്തുത അധികാരിയുടെ പക്കൽ നിന്നും ബാധ്യതപ്പെട്ട ആളെന്നു കണക്കാക്കി ഈടാക്കുന്നതാണ്. (വകുപ്പ് 92)

# 16. ചരക്കു സേവന നികുതി നിയമത്തിലെ അപ്പീൽ, അവലോകനം (റിവ്യൂ), പുനരവലോകനം (റിവിഷൻ) മുതലായവ

**ചോദ്യം 1**: തനിക്കെതിരെയുള്ള ഒരു ഉത്തരവിലോ തീരുമാനത്തിലോ പരാതിയുള്ള ഒരാൾക്ക് അതിനെതിരെ അപ്പീൽ പോകുന്നതിന് അവകാശ മുണ്ടോ?

**ഉത്തരം**: ഉണ്ട്. ജി എസ് ടി നിയമത്തിലെ 107-ആം വകുപ്പ് പ്രകാരം തനിക്കു പരാതിയുള്ള വിധിക്കോ തീർപ്പിനോ എതിരെ അപ്പീൽ പോകു ന്നതിനു ഒരാൾക്ക് അവകാശമുണ്ട്. എന്നാൽ ഇത് ഒരു വിധി നിർണയം ചെയ്യാൻ അധികാരമുള്ള ഉദ്യോഗസ്ഥൻ (adjudicating authority) ഇറക്കിയ ഉത്തര വായിരിക്കണം. എന്നാൽ 121-ആം വകുപ്പ് അനുസരിച്ചുള്ള ചില ഉത്തരവു കൾക്ക് ഇതു ബാധകമല്ല.

**ചോദ്യം 2**: അപ്പീൽ അധികാരി മുൻപാകെ അപ്പീൽ സമർപ്പിക്കുന്നതി നുള്ള കാലപരിധി എന്താണ്?

**ഉത്തരം**: പരാതിക്കു കാരണമായ ഉത്തരവ് ലഭിച്ചു മൂന്നു മാസത്തിന കത്തു പരാതിക്കാരൻ അപ്പീൽ നൽകണമെന്നു നിശ്ചയിക്കപ്പെട്ടിരിക്കുന്നു. എന്നാൽ ഡിപ്പാർട്ട്മെന്റിന് അപ്പീൽ പോകുന്നതിനു 6 മാസത്തെ കാലാവധിയുണ്ട്. അപ്പീലിന് മുൻപായി റിവ്യൂ നടപടികൾ പൂർത്തിയാകേ ണ്ടതിനാലാണിത്.

**ചോദ്യം 3**: കാലപരിധിക്കുള്ളിൽ അപ്പീൽ നൽകാൻ കഴിയാത്ത പക്ഷം ഇത്തരത്തിലുള്ള കാലതാമസം മാപ്പാക്കുന്നതിനു അപ്പീൽ അധികാരിക്ക് അധികാരമുണ്ടോ?

**ഉത്തരം**: ഉണ്ട്. 107(4) വകുപ്പ് പ്രകാരം 3/6 മാസത്തെ കാലാവധിക്കു ശേഷവും തക്കതായ കാരണം കാണിക്കുന്ന പക്ഷം മേൽപ്പറഞ്ഞ സമയ ത്തിന് ശേഷവും ഒരു മാസം കൂടെ കാലാവധി നീട്ടി നൽകാൻ അപ്പീൽ അധികാരിക്ക് അധികാരമുണ്ട്.

**ചോദ്യം 4**: അപ്പീൽ മെമ്മോയിൽ രേഖപ്പെടുത്താത്ത കാര്യങ്ങൾ പിന്നീട് അധികമായി സമർപ്പിക്കാൻ ഉള്ള അനുവാദം നൽകാൻ അപ്പീൽ അധികാ രിക്ക് അധികാരമുണ്ടോ?

**ഉത്തരം**: ആവാം. നേരത്തെ ഇത് വിട്ടു പോയത് ബോധപൂർവ്വമോ അല്ലെ ങ്കിൽ കാരണം കൂടാതെയോ അല്ലെന്നു അപ്പീൽ അധികാരിക്ക് ബോധ്യ പ്പെടുന്ന പക്ഷം ഇത് അനുവദിക്കാവുന്നതാണ്.

**ചോദ്യം 5**: അപ്പീൽ അധികാരി പുറപ്പെടുവിക്കുന്ന ഉത്തരവുകൾ ആരെ യാണ് അറിയിക്കേണ്ടത്?

**ഉത്തരം**: അപ്പീൽ അധികാരി തൻ്റെ ഉത്തരവുകൾ പരാതിക്കാരനും എതിർകക്ഷിക്കും ബന്ധപ്പെട്ട സി ജി എസ് ടി/എസ് ജി എസ് ടി/യു ജി എസ് ടി കമ്മീഷണർക്കും അയച്ചു കൊടുക്കേണ്ടതാണ്.

**ചോദ്യം 6**: അപ്പീൽ അധികാരി മുൻപാകെ അപ്പീൽ സമർപ്പിക്കുന്നതിന് കെട്ടിവെക്കേണ്ടതായ നിയമപരമായ തുക (pre deposit) എത്രയാണ്?

**ഉത്തരം**: അപേക്ഷകൻ ഏതു ഉത്തരവിനെതിരെയാണ് അപ്പീൽ സമർപ്പിക്കുന്നത്, ആ ഉത്തരവാൽ ചുമത്തപ്പെട്ട നികുതിയുടെയോ പലിശയുടെയോ പിഴയുടെയോ ഫീസിൻ്റെയോ മറ്റേതെങ്കിലും തുകയുടെയോ ബാധ്യത അപേക്ഷകൻ അംഗീകരിക്കുന്നുണ്ടെങ്കിൽ അത് മുഴുവനായും, അത് കൂടാതെ അംഗീകരിക്കാത്ത തുകയുടെ പത്തു ശതമാനവുമാണ് അപ്പീൽ പോകുന്നതിനു മുൻകൂർ കെട്ടിവെക്കേണ്ടത്.

**ചോദ്യം 7**: മുൻകൂർ കെട്ടിവെക്കേണ്ടുന്ന തുക വർധിപ്പിക്കാൻ ഡിപ്പാർട്ട്മെൻ്റിന് അപ്പീൽ അധികാരിയോട് അപേക്ഷിക്കാമോ?

**ഉത്തരം**: ഇല്ല.

**ചോദ്യം 8**: ബാക്കി വരുന്ന തുക സർക്കാരിലേക്ക് പിരിച്ചെടുക്കുന്നതിൻ്റെ നിയമവശം എന്താണ്?

**ഉത്തരം**: 107(7) വകുപ്പ് പ്രകാരം മേൽപ്പറഞ്ഞ രീതിയിൽ തുക മുൻകൂർ കെട്ടിവെക്കുന്ന പക്ഷം ബാക്കി തുകക്കുള്ള പിരിച്ചെടുക്കൽ നടപടികൾ മരവിപ്പിച്ചതായി (stay) കരുതുന്നതാണ് .

**ചോദ്യം 9**: ഒരു അപ്പീൽ ലഭിക്കുന്ന പക്ഷം അപ്പീൽ നൽകിയ അപേക്ഷകന് മേൽ ചോദ്യം ചെയ്യപ്പെട്ടിട്ടുള്ള ഉത്തരവ് പ്രകാരം ചുമത്തപ്പെ ട്ടിട്ടുള്ള നികുതി/പിഴ എന്നിവ വർദ്ധിപ്പിക്കാനോ അല്ലെങ്കിൽ തിരികെ ലഭിച്ച തുക (refund) അഥവാ ഐ ടി സി യിൽ കുറവ് വരുത്താനോ അപ്പീൽ അധികാരിക്ക് അധികാരമുണ്ടോ?

**ഉത്തരം**: അത്തരത്തിൽ അപ്പീൽ അധികാരിക്ക് തീരുമാനിക്കാം. പക്ഷെ അത്തരത്തിൽ തീരുമാനിക്കുന്നതിന് മുൻപ് അപേക്ഷകന് അധികാരി പുറപ്പെടുവിക്കാൻ ഉദ്ദേശിക്കുന്ന ഉത്തരവിനെതിരെ മതിയായ കാരണം കാണിക്കാൻ ന്യായമായ അവസരം നൽകേണ്ടതാണ്. [വകുപ്പ് 107(11)].

എന്നാൽ ഇത്തരത്തിൽ നികുതി വർധിപ്പിക്കുന്നതിനോ അഥവാ തെറ്റായ ഇൻപുട് ടാക്സ് ക്രെഡിറ്റ് പരിഗണിക്കുന്നതിനോ മുൻപായി അപ്പീൽ അധികാരി ബന്ധപ്പെട്ട കക്ഷിക്ക് കാരണം കാണിക്കൽ നോട്ടീസ് നൽകേണ്ടതാണ്. ബന്ധപ്പെട്ട അപ്പീൽ ഉത്തരവ് വകുപ്പ് 73 അഥവാ വകുപ്പ് 74 പ്രകാരമുള്ള കാലാവധിക്കുള്ളിൽ ആയിരിക്കണം. [വകുപ്പ് 107(11) രണ്ടാം നിബന്ധന].

**ചോദ്യം 10**: അപ്പീൽ അധികാരിക്ക് തൻ്റെ മുന്നിൽ വരുന്ന കേസ് പുനഃ പരിഗണിക്കുന്നതിന് വേണ്ടി നേരത്തെയുള്ള വിധി നിർണയാധികാരിക്ക് തിരിച്ചയക്കാമോ?

**ഉത്തരം**: ഇല്ല. 107(ii) വകുപ്പ് പ്രകാരം അപ്പീൽ അധികാരി, അദ്ദേഹത്തിന് ആവശ്യം എന്ന് തോന്നുന്ന അന്വേഷണങ്ങൾക്ക് ശേഷം നിയമപരവും ശരിയുമായി തോന്നുന്ന ഉത്തരവ് പുറപ്പെടുവിക്കേണ്ടതാണ്. ഈ ഉത്തരവ് ചോദ്യം ചെയ്യപ്പെട്ട ഉത്തരവ് ശരിവെച്ചുകൊണ്ടോ, ഭേദഗതി വരുത്തി ക്കൊണ്ടോ റദ്ദാക്കിക്കൊണ്ടോ ഉള്ളതാകാം. എന്നാൽ അപ്പീൽ അധികാരിക്ക് കേസ് മുൻ അധികാരിക്ക് തിരിച്ചയക്കാനുള്ള അധികാരം ഉണ്ടായിരിക്കുന്ന തല്ല.

**ചോദ്യം 11**: ഏതെങ്കിലും സി ജി എസ് ടി/എസ് ജി എസ് ടി അധികാരിക്ക് തൻ്റെ കീഴുദ്യോഗസ്ഥൻ ഈ നിയമപ്രകാരം പുറപ്പെടുവിച്ച ഉത്തരവ് പുനഃപരിശോധിക്കാമോ?

**ഉത്തരം**: വകുപ്പ് 2(99) പ്രകാരം, പുനഃപരിശോധനാ അധികാരിയെ 108-ആം വകുപ്പ് പ്രകാരമുള്ള, ഉത്തരവ് പുനഃപരിശോധിക്കുന്നതിനുള്ള അധികാരി എന്ന് വിശദീകരിച്ചിരിക്കുന്നു. 108-ആം വകുപ്പ് പ്രകാരം അത്തരത്തിലുള്ള പുനഃപരിശോധനാ അധികാരിക്ക്, തൻ്റെ കീഴ് ജീവനക്കാർ പുറപ്പെടുവി ക്കുന്ന ഉത്തരവുകൾ വിളിച്ചു വരുത്തി പരിശോധിക്കാനും, അത്തരത്തിൽ പുനഃപരിശോധിക്കപ്പെടുന്ന ഉത്തരവുകൾ സർക്കാരിന് അപകടകരമാകുന്ന തരത്തിൽ തെറ്റ് വന്നവയോ അഥവാ അത് നിയമ വിരുദ്ധമോ ഉചിതമല്ലാ ത്തതോ അല്ലെങ്കിൽ പ്രസ്തുത ഉത്തരവ് പുറപ്പെടുവിക്കുന്ന സമയത്തു ലഭ്യമാ യതോ അല്ലാത്തതോ ആയ കാര്യങ്ങൾ വേണ്ടുംവണ്ണം പരിഗണിക്കാത്തതോ അഥവാ കൺട്രോളർ ആൻഡ് ഓഡിറ്റർ ജനറൽ ചൂണ്ടിക്കാട്ടിയ ഏതെങ്കിലും കാരണം കൊണ്ടോ ആവശ്യം എന്ന് തോന്നുന്ന പക്ഷം ബന്ധപ്പെട്ട കക്ഷിക്ക് നോട്ടീസ് കൊടുത്തതിനു ശേഷം പുനഃ പരിശോധിക്കാവുന്നതാണ്.

**ചോദ്യം 12**: തൻ്റെ കീഴ്ജീവനക്കാർ പുറപ്പെടുവിച്ച ഉത്തരവ് പുനഃപരി ശോധിക്കുന്ന അധികാരിക്ക് ഇത്തരത്തിൽ പരിഗണിക്കപ്പെടുന്ന ഉത്തരവു കൾ മരവിപ്പിക്കുന്നതിനു അധികാരമുണ്ടോ?

**ഉത്തരം**: ഉണ്ട്.

**ചോദ്യം 13**: ഇത്തരത്തിലുള്ള പുനഃപരിശോധനാ അധികാരിയുടെ അധികാ രങ്ങൾക്കു ഏതെങ്കിലും തരത്തിലുള്ള തടസ്സങ്ങളുണ്ടോ?

**ഉത്തരം**: ഉണ്ട്. താഴെ പറയുന്ന തരത്തിലുള്ള ഉത്തരവുകൾ പുനഃ പരിശോധനാ അധികാരിക്ക് പുനഃപരിശോധിക്കാൻ പറ്റുന്നതല്ല:

എ) പുനഃപരിശോധിക്കാൻ ഉദ്ദേശിക്കുന്ന ഉത്തരവിനെതിരെ വകുപ്പുകൾ 107, 112, 117, 118 എന്നിവ പ്രകാരം അപ്പീൽ നിലനിൽക്കുന്നുണ്ടെങ്കിൽ; അല്ലെങ്കിൽ

ബി) വകുപ്പ് 107(2) പ്രകാരമുള്ള കാലാവധി കഴിഞ്ഞിട്ടില്ലെങ്കിലും അഥവാ പുനഃപരിശോധിക്കാൻ ഉദ്ദേശിക്കുന്ന ഉത്തരവ് പുറപ്പെടുവിച്ചു മൂന്ന് വർഷം കഴിഞ്ഞിട്ടുണ്ടെങ്കിൽ .

സി) ഈ ഉത്തരവ് നേരത്തെ പുനഃപരിശോധനയ്ക്കു വിധേയമായിട്ടുണ്ടെ ങ്കിൽ.

**ചോദ്യം 14**: അപ്പീലുകൾ നിരസിക്കുന്നതിനുള്ള അധികാരം എപ്പോഴാണ് ട്രിബൂണലിന് ഉണ്ടാവുക?

**ഉത്തരം**: ബന്ധപ്പെട്ട നികുതി തുകയോ ഇന്പുട് ടാക്സ് ക്രഡിറ്റോ ഇതിലുള്ള വത്യാസമോ ഇതിൻ പ്രകാരമുള്ള പിഴയോ ഫീസോ പെനാൽറ്റിയോ 50,000 രൂപയിൽ കുറവാണെങ്കിൽ അപേക്ഷ നിരസിക്കുന്നതിനു ട്രിബൂണലിനു അധികാരം ഉണ്ടായിരിക്കുന്നതാണ്. (വകുപ്പ് 112(2))

**ചോദ്യം 15**: ട്രിബൂണൽ മുൻപാകെ അപ്പീൽ നൽകുന്നതിനുള്ള കാലാവധി എത്രയാണ്?

**ഉത്തരം**: പരാതിക്കാരന് അപ്പീൽ നൽകുന്നതിനുള്ള കാലപരിധി, കാരണമായ ഉത്തരവ് ലഭിച്ചു മൂന്നു മാസത്തിനകത്തു വേണമെന്ന് നിശ്ചയിക്കപ്പെട്ടിരിക്കുന്നു. എന്നാൽ ഡിപ്പാർട്മെന്റിന് റിവ്യൂ നടപടികൾ പൂർത്തിയാക്കി അപ്പീൽ നൽകുന്നതിന് 6 മാസത്തെ കാലാവധിയുണ്ട്.

**ചോദ്യം 16**: കാലപരിധിക്കുള്ളിൽ അപ്പീൽ നൽകാൻ കഴിയാത്ത പക്ഷം ഇത്തരത്തിലുള്ള കാലതാമസം മാപ്പാക്കുന്നതിനു ട്രിബൂണലിനു അധികാരമുണ്ടോ?

**ഉത്തരം**: ഉണ്ട്. 3/6 മാസത്തെ കാലാവധിക്കുശേഷവും തക്കതായ കാരണം കാണിക്കുന്ന പക്ഷം മേൽപ്പറഞ്ഞ സമയത്തിന് ശേഷവും മൂന്ന് മാസം കൂടെ കാലാവധി നീട്ടി നൽകാൻ ട്രിബ്യുണലിനു അധികാരമുണ്ട്.

**ചോദ്യം 17**: ട്രിബ്യുണൽ മുൻപാകെ എതിർവാദങ്ങളുടെ നിവേദനപത്രിക (memorandum of cross objections) സമർപ്പിക്കുന്നതിനുള്ള കാലാവധി എത്ര?

**ഉത്തരം**: അപ്പീൽ ലഭിച്ചു 45 ദിവസത്തിനകം.

**ചോദ്യം 18**: മുൻകൂർ കെട്ടിവച്ച തുക തിരിച്ചു ലഭിക്കുന്ന പക്ഷം പലിശക്ക് അർഹതയുണ്ടോ?

**ഉത്തരം**: ഉണ്ട്. അപ്പീൽ അധികാരിയുടെയോ ട്രിബ്യുണലിന്റെയോ ഏതെങ്കിലും ഉത്തരവ് പ്രകാരം 107(6) വകുപ്പ് പ്രകാരമോ 112(8) പ്രകാരമോ മുൻകൂർ കെട്ടിവച്ച തുക തിരിച്ചു നൽകാൻ ഉത്തരവ് ഉണ്ടാകുന്ന പക്ഷം ഇത്തരത്തിൽ തിരിച്ചു ലഭിക്കുന്ന തുകക്ക് കെട്ടിവച്ച തിയ്യതി മുതൽ തിരിച്ചു ലഭിക്കുന്ന തിയ്യതി വരെ വകുപ്പ് 56-ൽ പറഞ്ഞത് പ്രകാരമുള്ള പലിശ ലഭിക്കാൻ അർഹതയുണ്ട്. (വകുപ്പ് 115).

**ചോദ്യം 19**: ട്രിബ്യുണലിൻറ്റെ ഉത്തരവിനെതീരെ അപ്പീൽ നൽകാനുള്ള വേദി ഏതാണ്?

**ഉത്തരം**: ട്രിബ്യുണലിൻറ്റെ ഏരിയ ബെഞ്ചോ സംസ്ഥാന ബെഞ്ചോ പുറപ്പെടുവിച്ച ഉത്തരവിനെതിരെയുള്ള അപ്പീൽ, പ്രസ്തുത അപ്പീലിൽ ഒരു പ്രധാനപ്പെട്ട നിയമവശം ഉൾക്കൊണ്ടിട്ടുണ്ടു എന്ന് ഹൈക്കോടതിക്കു തോന്നുന്ന പക്ഷം ഹൈക്കോടതിയിൽ സമർപ്പിക്കാവുന്നതാണ്. [117(1) വകുപ്പ്]. എന്നാൽ ട്രിബ്യുണലിൻറ്റെ ദേശീയ ബെഞ്ചിനോ റീജിയണൽ ബെഞ്ചിനോ എതിരെയുള്ള അപ്പീൽ സുപ്രീം കോടതിയിലാണ് സമർപ്പി

ക്കേണ്ടത്. (വകുപ്പ് 109(5) പ്രകാരം വിതരണംചെയ്യപ്പെടുന്ന സ്ഥലവുമായി ബന്ധപ്പെട്ട തർക്കം ഉൾപ്പെടുന്ന അപ്പീലുകൾ മാത്രമേ ദേശീയ ബെഞ്ചിനും റീജിയണൽ ബഞ്ചുകൾക്കും പരിഗണിക്കാൻ സാധിക്കൂ).

**ചോദ്യം 20**: ഹൈക്കോടതി മുൻപാകെ അപ്പീൽ നൽകുന്നതിനുള്ള കാലാവധി എന്ത്?

**ഉത്തരം**: ഏതു ഉത്തരവിനെതിരെയാണ് അപ്പീൽ നൽകുന്നത്, ആ ഉത്തരവ് ലഭിച്ചു 180 ദിവസത്തിനകം. എന്നാൽ മതിയായ കാരണം കാണിക്കുന്ന പക്ഷം ഹൈക്കോടതിക്കു കാലാവധി നീട്ടി നൽകാവുന്നതാണ്.

# 17. അഡ്വാൻസ് റൂളിംഗ്

**ചോദ്യം 1:** ആഡ്വാൻസ് റൂളിംഗ് എന്നാൽ എന്താണ്?

**ഉത്തരം**: സി.ജി.എസ്.ടി./എസ്.ജി.എസ്.ടി. നിയമം വകുപ്പ് 95 പ്രകാരം, കൂടാതെ യു.ടി.ജി.എസ്.ടി. നിയമം സെക്ഷൻ 12 പ്രകാരം, സെക്ഷൻ 97(2)-ലോ, സി.ജി.എസ്.ടി./എസ്.ജി.എസ്.ടി. നിയമം സെക്ഷൻ 100(1)-ലോ പറയുന്ന കാര്യങ്ങളിൽ സാധനങ്ങളുടെ, കൂടാതെ/അല്ലെങ്കിൽ, സേവനങ്ങളുടെ നട ത്തുവാൻ ഉദ്ദേശിക്കുന്ന അല്ലെങ്കിൽ നടത്തിക്കൊണ്ടിരിക്കുന്ന 'സപ്ലൈ'-യുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ അപേക്ഷകന്റെ സംശയങ്ങൾക്കും ചോദ്യങ്ങൾക്കും അധികാരികൾ അല്ലെങ്കിൽ അപ്പല്ലേറ്റ് അധികാരികൾ എഴുതികൊടുക്കുന്ന തീരുമാനങ്ങൾ ആണ് അഡ്വാൻസ് റൂളിംഗ്.

**ചോദ്യം 2**: ഏതൊക്കെ കാര്യങ്ങളിലാണ് അഡ്വാൻസ് റൂളിംഗ് ആവശ്യപ്പെ ടാവുന്നതു്?

**ഉത്തരം**: അഡ്വാൻസ് റൂളിംഗിലൂടെ താഴെ പറയുന്ന കാര്യങ്ങൾ ആവശ്യ പ്പെടാൻ പറ്റും.

(എ) ചരക്ക് സേവന നികുതി (ജി.എസ്.ടി.) ആക്റ്റ് പ്രകാരം ഉള്ള ചരക്കുകളുടെയും, സേവനങ്ങളുടെയും വർഗീകരണം. (ക്ലാസ്സിഫിക്കേഷൻ)

(ബി) ചരക്ക് സേവന നികുതി ആക്റ്റ് പ്രകാരം പുറപ്പെടുവിച്ചതും ആയ ഒരു വിജ്ഞാപനത്തിൻറ്റെ പ്രസക്തി

(സി) ചരക്കുകളുടെ അഥവാ സേവനങ്ങളുടെ, അല്ലെങ്കിൽ ര ണ്ടിൻറ്റെയും മൂല്യവും സമയവും നിർണ്ണയിക്കുന്നതിനു.

(ഡി) അടച്ചതോ, അടച്ചതായി പരിഗണിക്കുന്നതോ ആയ ഇൻപുട് ടാക്സ് ക്രെഡിറ്റിൻറ്റെ അർഹത.

(ഇ) ചരക്ക് സേവന നികുതി നിയമത്തിലെ വ്യവസ്ഥകൾ പ്രകാ രം എന്തെങ്കിലും സാധനങ്ങൾക്കോ അഥവാ സേവനങ്ങൾ ക്കോ നികുതി അടയ്ക്കാൻ ഉള്ള ബാധ്യത നിർണയിക്കൽ.

(എഫ്)ചരക്ക് സേവന നികുതി നിയമത്തിലെ വ്യവസ്ഥകൾ പ്രകാ രം അപേക്ഷകൻ രജിസ്റ്റർ ചെയ്യേണ്ടത് ആവശ്യമാണോ എന്നത്.

(ജി) ഒരു അപേക്ഷകൻ ചരക്ക് അഥവാ സേവനം സംബന്ധിച്ചു ചെയ്ത ഒരു പ്രവൃത്തി ചരക്ക്/സേവനം കൈമാറ്റം ചെയ്ത ലിൻറ്റെ പരിധിയിൽ വരുമോ എന്നത്.

**ചോദ്യം 3:** അഡ്വാൻസ് റൂളിംഗ് എന്ന സംവിധാനത്തിൻറ്റെ ഉദ്ദേശം എന്താ ണ്?

**ഉത്തരം**: ഇത്തരം ഒരു അധികാരസ്ഥാപനം ഉണ്ടാക്കുന്നതിനുള്ള വിശാല മായ ലക്ഷ്യങ്ങൾ താഴെ പറയുന്നവയാണ്:

i. ഒരു അപേക്ഷകൻ ചെയ്യാൻ ഉദ്ദേശിക്കുന്ന ഒരു പ്രവർത്തന ത്തിന്, അദ്ദേഹത്തിൻ്റെ നികുതി ബാധ്യത മുൻകൂറായി നിശ്ചയപ്പെടുത്തി കൊടുക്കൽ.

ii. നേരിട്ടുള്ള വിദേശ നിക്ഷേപം (എഫ്ഡിഐ) ആകർഷിക്കാൻ.

iiii. നിയമ വ്യവഹാരം കുറക്കൽ.

iv. സുതാര്യവും ചിലവ് കുറഞ്ഞതുമായ രീതിയിൽ വളരെ വേഗത്തിൽ കാര്യങ്ങൾക്ക് തീരുമാനം അറിയിക്കൽ.

**ചോദ്യം 4:** ചരക്കുസേവന നികുതി അഡ്വാൻസ് റൂളിംഗ് അതോറിറ്റിയുടെ (AAR under GST) ഘടന എങ്ങിനെ ആയിരിക്കും?

**ഉത്തരം**: അഡ്വാൻസ് റൂളിംഗ് അതോറിറ്റിയിൽ (AAR) ഒരു അംഗം CGST യ്ക്കും, ഒരു അംഗം SGST/UTGST-യ്ക്കും ആയിരിക്കും. അവരെ യഥാക്രമം കേന്ദ്ര സംസ്ഥാന സർക്കാരുകൾ നിയമിക്കും.

**ചോദ്യം 5**: അഡ്വാൻസ് റൂളിംഗ് ആഗ്രഹിക്കുന്ന വ്യക്തി രജിസ്ട്രേഷൻ എടു ത്തിരിക്കണമോ?

**ഉത്തരം**: വേണ്ട. GST നിയമത്തിൽ രജിസ്റ്റർ ചെയ്തിരിക്കുന്ന വ്യക്തിക്കോ, അഥവാ, രജിസ്ട്രേഷൻ എടുക്കാൻ ആഗ്രഹിക്കുന്ന വ്യക്തിക്കോ ഒരു അപേ ക്ഷകന് ആകാം. [സെക്ഷൻ 95(b)].

**ചോദ്യം 6**: അഡ്വാൻസ് റൂളിങ്ങിനുള്ള അപേക്ഷ ഏതു സമയത്താണ് നൽ കേണ്ടത്?

**ഉത്തരം**: ഒരു അപേക്ഷകന് ഒരു ഇടപാട് (ചെയ്യാൻ ഉദ്ദേശിക്കുന്ന സാധന ങ്ങളുടെയോ സേവനങ്ങളുടെയോ സപ്ലൈ) തുടങ്ങുന്നതിനു മുൻപ് അഥവാ സപ്ലൈ നടത്തിക്കൊണ്ടിരിക്കുമ്പോൾ, അഡ്വാൻസ് റൂളിങ്ങിന് അപേക്ഷി ക്കാം. ഒരു നിയന്ത്രണം ഉള്ളത് എന്തെന്നാൽ റൂളിങ്ങിന് അപേക്ഷിക്കുന്ന ചോദ്യം അപേക്ഷകനെ സംബന്ധിച്ച ഏതെങ്കിലും നടപടിക്രമങ്ങളിൽ തീരുമാനമായതോ തീരുമാനത്തിനു കാക്കുന്നതോ ആയിരിക്കരുത്.

**ചോദ്യം 7**: അഡ്വാൻസ് റൂളിംഗ് അതോറിറ്റി എത്ര സമയത്തിനുള്ളിൽ റൂളിം ഗ് നൽകണം?

**ഉത്തരം**: CGST/SGST ആക്ട് സെക്ഷൻ 98(6) പ്രകാരം അഡ്വാൻസ് റൂളിംഗ് അ തോറിറ്റി അപേക്ഷ ലഭിച്ചു തൊണ്ണൂറു ദിവസത്തിനുള്ളിൽ അതിൻ്റെ റൂളിം ഗ് എഴുതി നൽകണം.

**ചോദ്യം 8**: അപ്പലേറ്റ് അതോറിറ്റി ഫോർ അഡ്വാൻസ് റൂളിംഗ് (AAAR) എന്താ ണ്?

**ഉത്തരം**: അപ്പലേറ്റ് അതോറിറ്റി ഫോർ അഡ്വാൻസ് റൂളിംഗ് (AAAR), SGST ആക്ട് അല്ലെങ്കിൽ UTGST ആക്ട് പ്രകാരം രൂപീകരിച്ചതും ആ AAAR ബന്ധപ്പെട്ട

സംസ്ഥാനത്തിന്റെ അല്ലെങ്കിൽ കേന്ദ്ര ഭരണ പ്രദേശത്തിന്റെ CGST ആക്റ്റിൻ കീഴിൽ ഉള്ള അപ്പലേറ്റ് അതോറിറ്റി ആയി കണക്കാക്കപ്പെടുന്നതും ആയിരിക്കും. ഒരു അപേക്ഷകനോ, അല്ലെങ്കിൽ ജൂറിസ്ഡിക്ഷണൽ അധികരിക്കോ ഏതെങ്കിലും അഡ്വാൻസ് റൂളിങ്ങിൽ പരാതിയുണ്ടെങ്കിൽ അപ്പലറ്റ് അതോറിറ്റിയിൽ അപ്പീൽ നൽകാവുന്നതാണ്.

**ചോദ്യം 9**: ചരക്ക് സേവന നികുതി നിയമപ്രകാരം എത്ര അതോറിറ്റി ഫോർ അഡ്വാൻസ് റൂളിംഗ് (AAR)ഉം, അപ്പലേറ്റ് അതോറിറ്റി ഫോർ അഡ്വാൻസ് റൂളിംഗ് (AAAR)ഉം രൂപീകരിക്കാം?

**ഉത്തരം**: ഓരോ സംസ്ഥാനത്തും ഓരോ AAR-ഉം, ഓരോ AAAR-ഉം ഉണ്ടായിരിക്കും.

**ചോദ്യം 10**: അഡ്വാൻസ് റൂളിംഗ് ആർക്കൊക്കെ ബാധകമാകും ?

**ഉത്തരം**: വകുപ്പ് 103 പ്രകാരം, AAR അല്ലെങ്കിൽ AAAR പ്രഖ്യാപിക്കുന്ന അഡ്വാൻസ് റൂളിംഗ് സെക്ഷൻ 97(2)-ൽ പ്രതിപാദിച്ചിരിക്കുന്ന ഏതെങ്കിലും കാര്യത്തിനു അപേക്ഷിച്ചിരിക്കുന്ന അപേക്ഷകനും അപേക്ഷകൻറ്റെ മേൽ അധികാര പരിധിയുള്ള നികുതി അധികാരിക്കും മാത്രമാണ് ബാധകം. സംസ്ഥാനത്തെ സമാന രീതിയിൽ നികുതി ചുമത്തപ്പെടാവുന്ന വ്യക്തികൾക്ക് അഡ്വാൻസ് റൂളിംഗ് ബാധകമല്ല എന്നത് ഇവിടെ വ്യക്തമാണ്. അഡ്വാൻസ് റൂളിംങ്ങിന് അപേക്ഷ നൽകിയ വ്യക്തിക്ക് മാത്രമായി ഇത് പരിമിതപ്പെടുത്തിയിട്ടുണ്ട്.

**ചോദ്യം 11**: അഡ്വാൻസ് റൂളിങ്ങിന് ഹൈക്കോടതിയുടെയോ, സുപ്രീം കോടതിയുടെയോ വിധി ന്യായങ്ങൾക്കു ഉള്ളതുപോലെ കീഴ്‌വഴക്ക മൂല്യം ഉണ്ടോ?

**ഉത്തരം**: ഇല്ല. അഡ്വാൻസ് റൂളിംഗ് അതിൽ പ്രതിപാദിച്ചരിക്കുന്ന കാര്യത്തിന് മാത്രമായിരിക്കും ബാധകം. പക്ഷെ, അപേക്ഷകൻ അല്ലാത്ത വ്യക്തികൾക്ക് പോലും ആ റൂളിങ്ങിന് പ്രേരകമായ മൂല്യം ഉണ്ടായിരിക്കും.

**ചോദ്യം 12**: അഡ്വാൻസ് റൂളിങിൻറ്റെ സാധുത കാലാവധി എത്രയാണ്?

**ഉത്തരം**: റൂളിംഗ് ബാധകമായ് ഒരു നിശ്ചിത കാലാവധി നിയമം നിഷ്കർഷിക്കുന്നില്ല. പകരം വകുപ്പ് 103(2) പ്രകാരം, ഒറിജിനൽ അഡ്വാൻസ് റൂളിംങ്ങിനെ പിന്തുണയ്ക്കുന്ന നിയമമോ, വസ്തുതകളോ, സാഹചര്യങ്ങളോ മാറുന്നതു വരെ അഡ്വാൻസ് റൂളിംഗ് ബാധകമായിരിക്കും. അതിനാൽ, ഇടപാടുകൾ തുടരുന്ന കാലത്തോളം, പിന്തുണയ്ക്കുന്ന നിയമമോ, വസ്തുതകളോ, സാഹചര്യങ്ങളോ മാറുന്നതുവരെ അഡ്വാൻസ് റൂളിംഗ് നിലനിൽക്കും.

**ചോദ്യം 13**: അഡ്വാൻസ് റൂളിങ് എപ്പോഴെങ്കിലും അസാധുവാക്കാമോ?

**ഉത്തരം**: ഏതെങ്കിലും അപേക്ഷകൻ വ്യാജമായോ ശരിയായ വസ്തുതകൾ ഒളിപ്പിച്ചുവെച്ചോ, സത്യത്തെ തെറ്റായി അവതരിപ്പിച്ചു കൊണ്ടോ ആണ് അഡ്വാൻസ് റൂളിംഗ് വാങ്ങിച്ചത് എന്ന് AAR-നോ AAAR-നോ ബോധ്യപ്പെട്ടാൽ, സെക്ഷൻ 104(1) പ്രകാരം ആ അഡ്വാൻസ് റൂളിംഗ് തന്നെ അസാധുവാണെന്ന് പ്രഖ്യാപിക്കാം. അങ്ങിനെ അസാധുവാക്കുന്ന പക്ഷം, ചരക്ക് സേവന നികുതി നിയമങ്ങളിലെ (GST Act(s) എല്ലാ വ്യവസ്ഥകളും അഡ്വാൻസ് റൂളിംഗ് ഇല്ലാ

യിരുന്നെങ്കിൽ എങ്ങനെ അപേക്ഷകന് ബാധകമാകുമോ, അപ്രകാരം തന്നെ ആയിരിക്കും (അഡ്വാൻസ് റൂളിംഗ് അനുവദിച്ചത് മുതലുള്ള സമയം തൊട്ട് അഡ്വാൻസ് റൂളിംഗ് അസാധുവാക്കുന്ന ഓർഡർ ഇഷ്യൂ ചെയ്യുന്ന സമയം വരെയുള്ള കാലയളവ് ഒഴിവാക്കിക്കൊണ്ട്). അപേക്ഷകന് പറയുവാനുള്ളത് കേട്ടതിന് ശേഷമേ അഡ്വാൻസ് റൂളിംഗ് അസാധുവാക്കുന്ന ഓർഡർ ഇറക്കാൻ പാടുള്ളൂ.

**ചോദ്യം 14**: അഡ്വാൻസ് റൂളിംഗ് ലഭിക്കാനുള്ള നടപടി ക്രമങ്ങൾ എന്തൊക്കെയാണ്?

**ഉത്തരം**: സെക്ഷൻ 97-ലും 98-ലും അഡ്വാൻസ് റൂളിംഗ് ലഭിക്കാനുള്ള നടപടി ക്രമങ്ങൾ വിവരിച്ചിട്ടുണ്ട്. സെക്ഷൻ 97 പ്രകാരം, അഡ്വാൻസ് റൂളിംഗ് ലഭിക്കാൻ താല്പര്യമുള്ള അപേക്ഷകൻ നിർദിഷ്ട ഫോമിലും രീതിയിലും AAR-ന് അപേക്ഷ നൽകണം. അപേക്ഷിക്കാനുള്ള ഫോമിൻ്റെ മാതൃകയും വിശദമായ നടപടിക്രമങ്ങളും ചരക്ക് സേവന നികുതി നിയമത്തിൽ പ്രതിപാദിക്കും.

അഡ്വാൻസ് റൂളിങ്ങിനുള്ള അപേക്ഷകൾ എങ്ങിനെ കൈകാര്യം ചെയ്യണമെന്ന് സെക്ഷൻ 98-ൽ പ്രതിപാദിച്ചിട്ടുണ്ട്. AAR അപേക്ഷയുടെ ഒരു പകർപ്പ് അപേക്ഷകൻ്റെ മേൽ അധികാരപരിധിയുള്ള അധികാരിക്ക് അയച്ചു കൊടുത്ത് ആവശ്യമായ രേഖകൾ വിളിച്ചു വരുത്തേണ്ടതാണ്. അതിനു ശേഷം AAR അപേക്ഷയോടൊപ്പം രേഖകളും പരിശോധിച്ച് ആവശ്യമെങ്കിൽ അപേക്ഷകനെ കേൾക്കേണ്ടതാണ്. പിന്നീട് അപേക്ഷ സ്വീകരിച്ചു കൊണ്ടോ തള്ളിക്കൊണ്ടോ ഉത്തരവ് പുറപ്പെടുവിക്കേണ്ടതാണ്.

**ചോദ്യം 15**: അഡ്വാൻസ് റൂളിങ്ങിനുള്ള അപേക്ഷ നിർബന്ധമായും തള്ളേണ്ട സാഹചര്യങ്ങൾ ഏതൊക്കെയാണ്?

**ഉത്തരം**: അപേക്ഷയിൽ ഉന്നയിച്ചിരിക്കുന്ന വിഷയങ്ങൾ, അപേക്ഷകൻ്റെ കാര്യത്തിൽ, GST ആക്ടുകളുടെ വ്യവസ്ഥകളിൽ ഏതെങ്കിലും നടപടിക്രമവുമായി പരിഗണനയിലിരിക്കുന്നതും തീരുമാനമാവാത്തതുമാണെങ്കിലോ, മുൻപേതന്നെ തീർപ്പ് കല്പിച്ചതുമാണെങ്കിലോ എങ്കിൽ അനിവാര്യമായും അപേക്ഷ നിരസിക്കേണ്ടതാണ് .

അപേക്ഷ നിരസിക്കുകയാണെങ്കിൽ അത് വ്യക്തമായ കാരണങ്ങൾ കാണിച്ച ഒരു സ്പീക്കിങ് ഓർഡറോട് കൂടിയായിരിക്കണം.

**ചോദ്യം 16**: ഒരു അപേക്ഷ അഡ്മിറ്റ്ചെയ്തു കഴിഞ്ഞാൽ അഡ്വാൻസ്റൂളിംഗ് അതോറിറ്റി (AAR) എന്തൊക്കെ നടപടി ക്രമങ്ങളാണ്പാലിക്കേണ്ടത്?

**ഉത്തരം**: ഒരു അപേക്ഷസ്വീകരിച്ചാൽ, AAR 90 ദിവസത്തിനുള്ളിൽ അതിൻ്റെ തീർപ്പു പ്രസ്താവിക്കണം. തീർപ്പു പ്രസ്താവിക്കുന്നതിനു മുൻപായി, ലഭിച്ച അപേക്ഷയും, അപേക്ഷകനോ ബന്ധപ്പെട്ട ഉദ്യോഗസ്ഥനോ കൂടുതലായി സമർപ്പിച്ച രേഖകളും പരിശോധിക്കണം. തീർപ്പു പ്രസ്താവിക്കുന്നതിനു മുൻപായി, AAR അപേക്ഷകനേയോ അയാളുടെ പ്രതിനിധിയെയും കൂടാതെ, ബന്ധപ്പെട്ട CGST/SGST/UTGST ഉദ്യോഗസ്ഥനെയും കേൾക്കണം.

**ചോദ്യം 17**: AAR –ലെ അംഗങ്ങൾ തമ്മിൽ അഭിപ്രായ വ്യത്യാസം ഉണ്ടെങ്കിൽ എന്ത് സംഭവിക്കും?

**ഉത്തരം**: AAR-ലെ 2 അംഗങ്ങൾ തമ്മിൽ അഭിപ്രായ വ്യത്യാസം ഉണ്ടെങ്കിൽ, അവർക്കു വ്യത്യസ്ത അഭിപ്രായം ഉള്ള പോയിൻറുകൾ AAAR-ന് അത് കേൾക്കുന്നതിന് റെഫർ ചെയ്യണം. AAR റെഫർചെയ്തപോയിൻറുകളിൽ AAAR -നും ഒരു പൊതുവായ തീരുമാനം എടുക്കാൻ സാധിക്കുന്നില്ലെങ്കിൽ, തർക്കം തുടരുന്ന ആ പോയിൻറിന്മേൽ അഡ്വാൻസ് റൂളിംഗ് നൽകുവാൻ സാധിക്കാത്തതാണ് എന്ന്കണക്കാക്കപ്പെടും.

**ചോദ്യം 18**: AAR-ൻറെ ഉത്തരവിനെതിരായി അപ്പീൽ നൽകുവാനുള്ള വ്യവസ്ഥകൾ എന്തൊക്കെയാണ്?

**ഉത്തരം**: AAAR-ൻറെ മുൻപിൽ അപ്പീൽ നൽകുവാനുള്ള വ്യവസ്ഥകൾ CGST/SGST നിയമത്തിൻറെ 100, 101 എന്നീ സെക്ഷനുകൾ, അല്ലെങ്കിൽ UTGST ആക്റ്റിൻറെ സെക്ഷൻ 14 പ്രകാരമാണ്. അപേക്ഷകന് AAR-ൻറെ കണ്ടെത്തലുകളിൽ സംതൃപ്തനല്ലെങ്കിൽ, അയാൾക്ക് AAAR-നു മുൻപിൽ അപ്പീൽ സമർപ്പിക്കാവുന്നതാണ്. അതേപോലെ, അധികാരപരിധിയിലുള്ള CGST/SGST/ UTGST ഉദ്യോഗസ്ഥൻ AAR-ൻറെ തീരുമാനം അംഗീകരിക്കുന്നില്ല എങ്കിൽ അദ്ദേഹത്തിനും AAAR–നു മുൻപിൽ അപ്പീൽ നൽകാവുന്നതാണ്. നിർദേശിക്കപ്പെട്ട CGST/SGST ഉദ്യോഗസ്ഥൻ എന്ന് ഇവിടെ ഉപയോഗിച്ചിരിക്കുന്നത് ഒരു അഡ്വാൻസ്റൂളിംഗ് അപ്ലിക്കേഷനുമായി ബന്ധപ്പെട്ടു, CGST/SGST അഡ്മിനിസ്ട്രേഷൻ നിയോഗിച്ചിരിക്കുന്ന ഉദ്യോഗസ്ഥനെ ആണ്. സാധാരണ സാഹചര്യങ്ങളിൽ, അപേക്ഷകൻറെ മേൽ അധികാരപരിധി ഉള്ള ഉദോഗസ്ഥനായിരിക്കും ആ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ. ഇങ്ങനത്തെ കേസുകളിൽ അധികാരപരിധിയിലുള്ള CGST/SGST ഓഫീസർ ആയിരിക്കും ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ.

അഡ്വാൻസ് റൂളിംഗ് നടത്തി 30 ദിവസത്തിനുള്ളിൽ അപ്പീലുകൾ ഫയൽ ചെയ്തിരിക്കണം. അപ്പീലുകൾ നിർദ്ദേശിച്ചിരിക്കുന്ന ഫോമിലുള്ളതും അത്നിർദേശിച്ചിരിക്കുന്നതു പോലെ വെരിഫൈ ചെയ്തിരിക്കുകയും വേണം. ഇത് GST നിയമത്തിൽ നിർദേശിക്കും.

അപ്പെലറ്റ്അതോറിറ്റി, അപ്പീൽ ഫയൽ ചെയ്തു 90 ദിവസത്തിനുള്ളിൽ, പാർട്ടികളെ കേട്ടശേഷം ഉത്തരവ് പാസ്സാക്കേണ്ടതാണ. AAAR-ലെ അംഗങ്ങൾക്ക് ആപ്പീലിൽ പറഞ്ഞിരിക്കുന്ന ഏതെങ്കിലും വിഷയത്തിൽ വിരുദ്ധ അഭിപ്രായം ഉണ്ടെങ്കിൽ ആ വിഷയത്തിന്മേൽ അഡ്വാൻസ്റൂളിംഗ് നൽകുവാൻ സാധിക്കാത്തതാണ് എന്ന് കണക്കാക്കപ്പെടും.

**ചോദ്യം 19**: അഡ്വാൻസ് റൂളിംഗ് അപ്പലേറ്റ് അതോറിറ്റിയുടെ റൂളിങ്ങിന് എതിരായി ഹൈക്കോടതിയിലോ സുപ്രീം കോടതിയിലോ അപ്പീൽ ഫയൽ ചെയ്യുവാൻ സാധിക്കുമോ?

**ഉത്തരം**: CGST/SGST നിയമത്തിൽ അഡ്വാൻസ് റൂളിംഗ് അപ്പലേറ്റ് അതോറിറ്റിയുടെ റൂളിങ്ങിന് എതിരെ അപ്പീൽ വ്യവസ്ഥ ചെയ്തിട്ടില്ല. അതിനാൽ റൂളിംഗിനു പിന്നീട് അപ്പീൽ ഉണ്ടായിരിക്കുകയില്ല. കൂടാതെ, റൂളിംഗ് അപേക്ഷകനും അധികാരപരിധിയിലുള്ള ഉദ്യോഗസ്ഥനും ബാധകവും

ആയിരിക്കും. എന്നിരുന്നാലും ബഹുമാനപ്പെട്ട ഹൈക്കോടതികൾ, സുപ്രീം കോടതി എന്നിവക്ക് writ സ്വീകരിക്കാൻ അധികാരമുണ്ടായിരിക്കും.

**ചോദ്യം 15**: AAR-നോ AAAR-നോ റൂളിംഗ്-ൽ വന്ന തെറ്റുകൾ തിരുത്തുവാൻ അധികാരമുണ്ടോ?

**ഉത്തരം**: ഉണ്ട്. ആക്ടിന്റെ സെക്ഷൻ 102 പ്രകാരം AAR-നും AAAR-നും ഉത്തരവ്പുറപ്പെടുവിച്ചിട്ടു 6 മാസത്തിനുള്ളിൽ രേഖകളിൽ നിന്ന് വ്യക്തമാകുന്ന തെറ്റുകൾ പുതുക്കി ഉത്തരവ് പുറപ്പെടുവിക്കാൻ അധികാരം നൽകിയിരിക്കുന്നു. അങ്ങനെയുള്ള തെറ്റുകൾ അതോറിട്ടി തന്നെയോ അല്ലെങ്കിൽ, അപേക്ഷകനോ അല്ലെങ്കിൽ പറഞ്ഞിരിക്കുന്ന അല്ലെങ്കിൽ CGST/SGST അധികാര പരിധിയുള്ള ഉദ്യോഗസ്ഥനോ കണ്ടെത്തിയതാകാം. ഇങ്ങനെ ചെയ്യുന്ന തിരുത്തലുകൾ ടാക്സ്ബാധ്യത കൂട്ടുന്നതോ ഇന്പുട് ടാക്സ് ക്രെഡിറ്റ് കുറവ് വരുത്തുന്നതോ ആയാൽ, ഉത്തരവ് പാസ്സാക്കുന്നതിനു മുൻപ് അപേക്ഷകനെ കേൾക്കേണ്ടതാണ്.

# സെറ്റിൽമെൻറ് കമ്മീഷൻ

(ഒഴിവാക്കി)

# 19. ഇൻസ്പെക്ഷൻ (പരിശോധന), സേർച്ച് (തിരയൽ), സീഷർ (പിടിച്ചെടുക്കൽ), അറസ്റ്റ് (ബന്തവസ്സിലാക്കുക), മുതലായവ

**ചോദ്യം 1**: സേർച്ച് എന്നാലെന്താണ് അർഥം?

**ഉത്തരം:** നിയമ നിഘണ്ടുവിലും പല കോടതി വിധികളിലും പരാമർശിച്ചിരിക്കുന്നത് പ്രകാരം, ലളിതമായ ഭാഷയിൽ പറഞ്ഞാൽ, ഒരു കുറ്റകൃത്യം ചെയ്യപ്പെട്ടു എന്നതിലേക്ക് വേണ്ട തെളിവു കണ്ടെടുക്കുന്നതിനായി ഒളിച്ചു വയ്ക്കപെട്ടിട്ടുള്ള കാര്യങ്ങളോ ഒരു സ്ഥലമോ പ്രദേശമോ, വ്യക്തിയെയോ, മറ്റുവസ്തുക്കളോ, ഒരു സർക്കാർ സംവിധാനം പോയി ശ്രദ്ധാപൂർവ്വം നിരീക്ഷിച്ചു നടത്തുന്ന പരിശോധനയാണ് സേർച്ച് എന്ന പദംകൊണ്ട് അർത്ഥമാക്കുന്നത്. സാധുതയുള്ള ഒരു നിയമം നൽകുന്ന അധികാരം ഉപയോഗിച്ചു മാത്രമേ വ്യക്തികളെയും, വാഹനങ്ങളെയും, കെട്ടിടങ്ങളിലും ഇത്തരം സെർച്ചുകൾ നടത്തുവാൻ കഴിയുകയുള്ളു

**ചോദ്യം 2**: “ഇൻസ്പെക്ഷൻ" എന്നാലെന്താണ് അർത്ഥം?

**ഉത്തരം:** **CGST/ SGST** നിയമത്തിൽ കൊണ്ടുവന്നിട്ടുള്ള ഒരു പുതിയ വകുപ്പ് ആണ് "ഇൻസ്പെക്ഷൻ” എന്നത്. നികുതി വിധേയനായ ഒരാളുടെ ബിസിനസ് സ്ഥാപനത്തിലോ, ചരക്കുകൾ ട്രാൻസ്പോർട്ട് ചെയ്യുന്ന ഒരാളുടെയോ അല്ലെങ്കിൽ ഒരു ഗോഡൗണോ വെയർഹൌസോ നടത്തുകയോ ഉടമസ്ഥത വഹിക്കുകയോ ചെയ്യുന്ന ആളിൻറ്റെയോ ബിസിനസ്സ് സ്ഥലത്തു, സെർച്ച് നടത്തുന്നതിന് പകരം കൂടുതൽ മൃദുവും നിയമ വിധേയവുമായ രീതിയിൽ കടന്നു ചെന്നു പരിശോധന ("ഇൻസ്പെക്ഷൻ”) നടത്തുവാൻ ഈ പ്രൊവിഷൻ ഓഫീസർമാരെ പ്രാപ്തരാക്കുന്നു.

**ചോദ്യം 3:** ആർക്കാണ് ഇൻസ്പെക്ഷൻ നടത്തുന്നതിനുള്ള ഉത്തരവ് നല്കാൻ കഴിയുന്നത്? ഏതെല്ലാം സാഹചര്യങ്ങളിലാണ് "ഇൻസ്പെക്ഷൻ" നടത്താവുന്നത്?

**ഉത്തരം:** CGST/SGST നിയമം വകുപ്പ് 67 പ്രകാരം ജോയിൻറ്റ്കമ്മീഷ്ണർ റാങ്കിലോ അതിനുമുകളിലോ ഉള്ള ഒരു CGST/SGST ഉദ്യോഗസ്ഥൻ എഴുതി നൽകിയ അനുമതിപത്രം ഉപയോഗിച്ച് മാത്രമേ ഇൻസ്പെക്ഷൻ നടത്താൻ കഴിയുകയുള്ളൂ. ബന്ധപ്പെട്ടയാൾ, താഴെ പറയുന്ന കാര്യങ്ങൾ ചെയ്തു എന്ന് വിശ്വസിക്കാൻ കാരണമുണ്ടെങ്കിൽ മാത്രമേ ജോയിൻറ്റ്കമ്മീഷ്ണർ റാങ്കിലോ അതിനുമുകളിലോ ഉള്ള ഉദ്യോഗസ്ഥൻ ഇത്തരം അനുമതിപത്രം നൽകുവാൻ പാടുള്ളൂ.

i. സപ്ലൈ ഇടപാടുകൾ മറച്ചു വയ്ക്കുക;

ii. കൈവശം ഉള്ള ചരക്കുകൾ മറച്ചു വയ്ക്കുക

ii. അർഹതപ്പെട്ടതിൽ കൂടുതൽ ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് അവകാശപ്പെടുക;

iv. നികുതി വെട്ടിക്കുന്നതിനു വേണ്ടി CGST/SGST നിയമത്തിലെ വ്യവസ്ഥകൾ ലംഘനം ചെയ്യുക;

v. ട്രാൻസ്പോർട്ടറോ ഗോഡൌൺ ഉടമസ്ഥരോ നികുതി വെട്ടിച്ച ചരക്കുകൾ സൂക്ഷിച്ചു വയ്ക്കുക, അല്ലെങ്കിൽ നികുതി വെട്ടിപ്പ് നടത്തുവാൻ കരണമാകാവുന്ന രീതിയിൽ അയാളുടെ ചരക്കുകളോ/രേഖകളോ സൂക്ഷിയ്ക്കുക;

**ചോദ്യം 4:** ഈ വകുപ്പ് പ്രകാരം പ്രോപ്പർ ഓഫീസർക്കു ഏതൊരാളുടേയും വസ്തുവകകൾ/സ്ഥലങ്ങൾ (assets/premises) ഇൻസ്പെക്ഷൻ നടത്തുവാൻ അധികാരപ്പെടുത്തുവാൻ സാധിക്കുമോ?

**ഉത്തരം:** ഇല്ല. താഴെ പറയുന്ന ഏതെങ്കിലും സ്ഥലങ്ങൾ പരിശോധന നടപ്പിലാക്കുന്നതിനായി CGST/SGST ഉദ്യോഗസ്ഥർക്ക് അധികാരപത്രിക നൽകുവാൻ പ്രോപ്പർ ആപ്പീസർക്കു സാധിക്കുന്നതാണ്:

i. ഒരു നികുതി വിധേയവ്യക്തിയുടെ ബിസിനസ് സ്ഥലം;

ii. ചരക്കുകൾ ട്രാൻസ്പോർട് നടത്തുന്ന ബിസിനസ്സിൽ ഏർപ്പെട്ടിരിക്കുന്ന ഒരു നികുതി വിധേയ വ്യക്തിയുടെ, രജിസ്ട്രേഷനുള്ളയാൾ ആണെങ്കിലും അല്ലെങ്കിലും, ബിസിനസ് സ്ഥലം.

iii. വെയർഹൌസ്/ഗോഡൗൺ ഉടമയുടെയോ നടത്തിപ്പുകാരൻറ്റെയോ ബിസിനസ് സ്ഥലം.

**ചോദ്യം 5:** CGST/SGST നിയമത്തിലെ നിബന്ധനകൾ പ്രകാരം ആർക്കൊക്കെയാണ് സേർച്ച് (തിരയൽ), സീഷർ (പിടിച്ചെടുക്കൽ) ഇവ നടത്താൻ ഉത്തരവിടുവാനുള്ള അധികാരം ഉള്ളത്?

**ഉത്തരം:** ജോയിൻറ്കമ്മീഷ്ണർ റാങ്കിലോ അതിനുമുകളിലോ ഉള്ള CGST/SGST ഉദ്യോഗസ്ഥർക്കു മാത്രമേ സേർച്ച് (തിരയൽ) ചെയ്യുവാനും, അതിലൂടെ കണ്ടെടുക്കുന്ന ചരക്കുകൾ, പ്രമാണങ്ങൾ, ബുക്കുകൾ സാധനങ്ങൾ എന്നിവ പിടിച്ചെടുക്കുന്നതിനും (സീഷർ) രേഖാമൂലം ഒരു ഉദ്യോഗസ്ഥനെ അധികാരപ്പെടുത്തുവാൻ സാധിക്കുകയുള്ളു. കണ്ടുകെട്ടപ്പെടാൻ സാധ്യതയുള്ള ചരക്കുകളോ, നിയമ നടപടികൾക്കു ഉപയോഗിക്കാവുന്ന പ്രമാണങ്ങളോ, ബുക്കുകളോ സാധനങ്ങളോ ഏതങ്കിലും സ്ഥലത്ത് ഒളിപ്പിച്ചു വെച്ചിട്ടുണ്ട് എന്നുള്ള എന്ന് വിശ്വസിക്കാൻ കരണമുണ്ടെങ്കിൽ മാത്രമേ ജോയിൻറ്കമ്മീഷണർക്കു മേൽപറഞ്ഞ അധികാരപത്രം നൽകുവാൻ സാധിക്കുകയുള്ളു .

**ചോദ്യം 6:** "വിശ്വസിക്കാൻ കരണമുണ്ടെങ്കിൽ" (reason to believe) എന്നതു കൊണ്ട് എന്താണ് അർത്ഥമാക്കുന്നത്?

**ഉത്തരം:** വസ്തുതകളെ കുറിച്ചു നേരിട്ട് ഉള്ള അറിവില്ലെങ്കിലും അറിവിൽപ്പെട്ട കാരണങ്ങളാലും സാഹചര്യങ്ങളാലും ന്യായമായും ശരിയെന്നു വിശ്വസിക്കാൻ ഒരു വ്യക്തിക്ക് ഉത്തമവിശ്വാസമുള്ള അവസ്ഥയാണിത്. 'അങ്ങനെ

വിശ്വസിക്കുവാൻ മതിയായ കാരണങ്ങൾ ഉള്ളതിനാലും മറിച്ചു വിശ്വസിക്കുവാനുള്ള കാരണങ്ങൾ ഇല്ലാത്തതിനാലും' എന്നാണ് ഐ.പി.സി., 1860 സെക്ഷൻ 26 പ്രകാരം 'അങ്ങിനെ വിശ്വസിക്കുവാനേ കാരണങ്ങൾ കാണുന്നുള്ളൂ' എന്ന്പറയുന്നതിനെ വിവക്ഷിച്ചിരിക്കുന്നത്. വസ്തുതകളെ ശ്രദ്ധയോടെയും ബുദ്ധിപരമായും വിലയിരുത്തി വെറും വ്യക്തിപരമായ പരിഗണനകളില്ലാതെ എത്തിച്ചേരുന്ന ഒരു നിഗമനം ആണ് അത്. കാര്യാകാരണസഹിതം ചിന്തിക്കുന്ന സത്യസന്ധനായ ഒരാൾ ബന്ധപ്പെട്ട തെളിവുകളുടെയും സാഹചര്യങ്ങളുടെയും അടിസ്ഥാനത്തിൽ എടുക്കുന്ന ഒരു തീരുമാനമായിരിക്കണം അത്.

**ചോദ്യം 7**: സേർച്ച് വാറണ്ട് നല്കുന്നതിനു മുൻപ് "വിശ്വസിക്കാൻ കരണമുണ്ടെങ്കിൽ" (reason to believe) എന്തെല്ലാമാണെന്നു പ്രോപ്പർ ഓഫീസർ രേഖപ്പെടുത്തേണ്ടത് നിർബന്ധമാണോ?

**ഉത്തരം:** അങ്ങനെ വിശ്വസിക്കുവാൻ മതിയായ കാരണങ്ങൾ ഓരോ അധികാരപത്രങ്ങളും നൽകുന്നതിനു മുൻപ് രേഖപ്പെടുത്തേണ്ടതാണെങ്കിലും, എല്ലാ അവസരങ്ങളിലും ഇത് നിർബന്ധമല്ല. എന്നിരുന്നാലും സെർച്ച് വാറണ്ട് നൽകുംമുൻപ് അല്ലെങ്കിൽ സേർച്ച് നടക്കുന്നതിനു മുൻപ് അതിനു ഹേതുവായ വിശ്വനീയമായ കാര്യകാരണങ്ങൾ (ഇൻറ്റലിജൻസ്/ഇൻഫൊർമേഷൻസ്) രേഖപ്പെടുത്തുന്നത് നല്ലതായിരിക്കും.

**ചോദ്യം 8:** സേർച്ച് വാറണ്ട് എന്നാലെന്താണ്? അതിൻറെ ഉള്ളടക്കങ്ങൾ എന്തൊക്കെയാണ്?

**ഉത്തരം:** സേർച്ച് നടത്തുന്നതിനുള്ള രേഖാമൂലമായ അധികാരപത്രം ആണ് സേർച്ച് വാറണ്ട്. ജോയിൻറ്കമ്മീഷ്ണർ റാങ്കിലോ അതിനുമുകളിലോ ഉള്ള CGST/SGST ഉദ്യോഗസ്ഥർക്കു മാത്രമേ സേർച്ച് വാറണ്ട് പുറപ്പെടുവിക്കുവാനുള്ള അധികാരമുള്ളു. സേർച്ച് നടത്തണമെന്നുള്ള ഉത്തമവിശ്വാസം ഉണ്ട് എന്ന് സേർച്ച് വാറണ്ടിൽ രേഖപ്പെടുത്തിയിരിക്കണം. സേർച്ച് വാറണ്ടിൽ താഴെ പറയുന്ന വിവരങ്ങൾ ഉണ്ടായിരിക്കണം:

i. നിയമ ലംഘന വിവരങ്ങൾ
ii. സേർച്ച്ചെയ്യേണ്ടുന്ന സ്ഥല വിവരണം
iii. സേർച്ച് നടത്തുന്നതിന് വേണ്ടി അധികാരം ലഭിച്ച ഉദ്യോഗസ്ഥൻറെ പേരും ഔദ്യോഗികപദവിയും
iv. അധികാരം നൽകിയ ഉദ്യോഗസ്ഥൻറെ പേരും പൂർണ്ണ ഔദ്യോഗികപദവിയും ആപ്പീസ് മുദ്രയും
v. അധികാരം നൽകിയ സ്ഥലവും തീയതിയും
vi. വാറണ്ട് സീരിയൽ നമ്പർ
vii. വാറണ്ട് സാധുതാ കാലാവധി; അതായത് ഒരു ദിവസം/രണ്ടു ദിവസം.... എന്നിങ്ങനെ

**ചോദ്യം 9**: **CGST/SGST നിയമത്തിലെ** വ്യവസ്ഥകൾ പ്രകാരം ചരക്കുകൾ കണ്ടുകെട്ടപ്പെടാൻ സാധ്യതയുള്ളത് എപ്പോളാണ്?

**ഉത്തരം: CGST/SGST നിയമത്തിലെ** വകുപ്പ് 130 പ്രകാരം താഴെപറയുന്ന സാഹചര്യങ്ങളിൽ ചരക്കുകൾ കണ്ടുകെട്ടാൻ സാധ്യതയുമുണ്ട്:

(i) നികുതി വെട്ടിപ്പിലേക്കു നയിക്കുന്നതരത്തിൽ മുകളിൽ പറഞ്ഞിട്ടുള്ള ചട്ടത്തിനോ നിയമത്തിനോ വിരുദ്ധമായ രീതിയിൽ ചരക്കുകളുടെ സപ്ലൈ നടത്തുമ്പോൾ/സ്വീകരിക്കുമ്പോൾ

(ii) ഈ നിയമപ്രകാരം നികുതി നൽകേണ്ടുന്ന ഏതെങ്കിലും ചരക്കുകൾ കണക്കിൽപെടുത്താതെയിരുന്നാൽ

(iii) ഈ നിയമപ്രകാരം നികുതി നൽകേണ്ടുന്ന ഏതെങ്കിലും ചരക്കുകൾ രജിസ്ട്രേഷൻ എടുക്കാതെ സപ്ലൈ നടത്തിയാൽ

(iv) നികുതി വെട്ടിക്കുക എന്നഉദ്ദേശത്തോടുകൂടി CGST/SGST നിയമങ്ങളും അതിലെ ചട്ടങ്ങളും ലംഘിക്കുന്ന ഘട്ടങ്ങളിൽ.

**ചോദ്യം 10:** നിയമപ്രകാരമുള്ള സെർച്ചിനിടയിൽ ഒരു ഉദ്യോഗസ്ഥന് എന്തെല്ലാം അധികാരങ്ങൾ ആണുള്ളത്?

**ഉത്തരം:** സാധുവായ തെരച്ചിലിൻറ്റെ ഫലമായി കണ്ടെടുത്ത ചരക്കുകളും (കണ്ടുകെട്ടപ്പെടേണ്ടവയായ) ഫലസൂചകങ്ങളായതും **CGST/SGST** നിയമപ്രകാരം പ്രസക്തമായതുമായ പ്രമാണങ്ങൾ, പുസ്തകങ്ങൾ മുതലായവയും പിടിച്ചെടുക്കുവാനുള്ള അധികാരം ഉദ്യോഗസ്ഥനുണ്ട്. തിരച്ചിൽ നടത്തേണ്ടുന്ന സ്ഥലത്തേക്കുള്ള വാതിൽ തുറന്നു കൊടുക്കാത്തപക്ഷം അത്പൊളിച്ചു അകത്തു കടന്നു തിരച്ചിൽ നടത്തുവാനുള്ള അധികാരം ആപ്പീസർക്കുണ്ട്. അതുപോലെ തെളിവ്മുതലുകൾ ഒളിപ്പിച്ചു വെച്ചിട്ടുണ്ട് എന്നു തോന്നുന്ന അലമാരകളും പെട്ടികളും ആവശ്യമെന്നുകണ്ടാൽ പൊളിച്ചു തുറന്നു പരിശോധിക്കുവാനും അധികാരമുണ്ട്. പ്രവേശനം നിഷേധിക്കപ്പെടുന്ന സന്ദർഭങ്ങളിൽ പ്രസ്തുത സ്ഥാപനം മുദ്ര വച്ച് ബന്തവസ് ആക്കുന്നതിനുള്ള അധികാരവും മേൽ പറഞ്ഞ ഉദ്യോഗസ്ഥനു ഉണ്ടായിരിക്കുന്നതാണ്.

**ചോദ്യം 11:** തിരയൽ (search) നടത്തുന്നതിനുള്ള നടപടിക്രമങ്ങൾ എന്താണ്?

**ഉത്തരം: CGST/SGST നിയമത്തിലെ** വകുപ്പ് 67(10) പ്രകാരം നിയമപ്രകാരമുള്ള എല്ലാ തിരയലും 1973-ലെ ക്രിമിനൽ പ്രോസീജിയർ കോഡ്, 1973 (ക്രിമിനൽ നടപടിച്ചട്ടം, 1973) അനുസരിച്ചു വേണം നടപ്പിലാക്കുവാൻ. ക്രിമിനൽ നടപടിച്ചട്ടത്തിൻറ്റെ (സി.ആർ.പി.സി., 1973) നൂറാം വകുപ്പ് ഇതിനായുള്ള നടപടിക്രമങ്ങൾ എന്തൊക്കെയാണെന്ന് വിവരിച്ചിട്ടുണ്ട്.

**ചോദ്യം 12:** സേർച്ച്നടത്തുന്ന സമയത്തു പാലിക്കപ്പെടേണ്ട അടിസ്ഥാനതത്വങ്ങൾ എന്തൊക്കെയാണ്?

**ഉത്തരം:** സേർച്ച്നടത്തുന്ന സമയത്തു താഴെ പറയുന്ന തത്വങ്ങൾ പാലിക്കപ്പെടേണ്ടതാണ്.

1. അധികാരപ്പെട്ട ഓഫീസർ നൽകിയ സേർച്ച് വാറണ്ട് ഇല്ലാതെ സേർച്ച് നടത്തുവാൻ പാടില്ല;
2. വീടുകൾ സേർച്ച് ചെയ്യുമ്പോൾ തീർച്ചയായും ഒരു സ്ത്രീ ആപ്പീസർ എങ്കിലും സേർച്ച് ടീമിൽ ഉണ്ടായിരിക്കേണ്ടതാണ്;
3. സേർച്ച് തുടങ്ങുംമുൻപ് ആപ്പീസർമാർ തങ്ങളുടെ തിരിച്ചറിയൽ കാർഡ് അവിടെ ഉള്ള ചുമതലപ്പെട്ട വ്യക്തിയെ കാണിച്ചു ബോധ്യപ്പെടുത്തേണ്ടതാണ്;
4. തിരച്ചിൽ തുടങ്ങുംമുൻപ് സേർച്ച് വാറണ്ട് ആ സ്ഥലത്തിൻറ്റെ ചുമതലപ്പെട്ട വ്യക്തിയെ കാണിച്ചു അതു കണ്ടു ബോധ്യപ്പെട്ടതിൻറ്റെ അടയാളമായി അദ്ദേഹത്തിൻറ്റെ കൈയ്യൊപ്പ് തീയതി സഹിതം വാങ്ങിയിട്ടുവേണം വാറണ്ട് നടപ്പിലാക്കാൻ. അതുപോലെ സേർച്ച് വാറണ്ടിൽ കുറഞ്ഞപക്ഷം രണ്ടു സ്വതന്ത്രസാക്ഷികളുടെ എങ്കിലും കൈയ്യൊപ്പ് തിയതി സഹിതം വാങ്ങിയിരിക്കണം;
5. തദ്ദേശ്ശവാസികളായ രണ്ടു സ്വതന്ത്ര സാക്ഷികളുടെ എങ്കിലും സാന്നിധ്യത്തിൽ വേണം സേർച്ച്നടത്തുവാൻ. തദ്ദേശ്ശവാസികളായ സ്വതന്ത്ര സാക്ഷികളുടെ അഭാവത്തിൽ മറ്റുള്ളവരെയും ഇതിനായി വിളിക്കാവുന്നതാണ്. സേർച്ച് തുടങ്ങുംമുൻപ് കാര്യകാരണങ്ങൾ അവരെ ബോധ്യപ്പെടുത്തിയിരിക്കണം;
6. സേർച്ച് തുടങ്ങുന്നതിനു മുൻപും, സേർച്ച് അവസാനിച്ച ശേഷവും ആപ്പീസർമാരും സാക്ഷികളും അവരെ ദേഹപരിശോധന നടത്തുവാൻ ആ സ്ഥലത്തിൻറ്റെ ചുമതലപ്പെട്ട വ്യക്തിയെ അനുവദിക്കേണ്ടതാണ്;
7. സേർച്ച് നടത്തികഴിഞ്ഞാൽ അവിടെ നടന്ന സേർച്ച് സംബന്ധിയായ വിവരങ്ങൾ വ്യക്തമായി എഴുതിയ ഒരു മഹസ്സർ അഥവാ പഞ്ചനാമ അപ്പോൾ തന്നെ തയ്യാറാക്കേണ്ടതാണ്. അവിടെനിന്നും കണ്ടെടുത്തതും, പിടിച്ചെടുത്തതും, ബന്തവസ്സിലാക്കിയതും ആയ ചരക്കുകളുടെയും രേഖകളുടെയും ഒരു പട്ടിക തയ്യാറാക്കി മഹസ്സറിൻറ്റെ അനുബന്ധമായി ചേർത്തിരിക്കണം. ഈ മഹസ്സറിലും അനുബന്ധ രേഖകളിലും ആ സ്ഥലത്തിൻറ്റെ ചുമതലപ്പെട്ട വ്യക്തിയും, സാക്ഷികളും, സേർച്ച് നടത്തുവാൻ അധികാരപ്പെടുത്തിയിട്ടുള്ള ആപ്പീസറും കയ്യൊപ്പ്, തീയതി സഹിതം രേഖപ്പെടുത്തേണ്ടതാണ്;
8. സേർച്ച് നടപ്പിലാക്കി കഴിഞ്ഞാൽ അതു സംബന്ധിച്ച റിപ്പോർട്ടിനോടൊപ്പം സേർച്ച് വാറണ്ട്, അത് പുറപ്പെടുവിച്ച ഉദ്യോഗസ്ഥന് തിരികെ ഏല്പിക്കേണ്ടതും സേർച്ച് വാറണ്ടിൻറ്റെ മറുവശത്തു പങ്കെടുത്ത ആപ്പീസർമാരുടെ പേര് വിവരം രേഖപ്പെടുത്തേണ്ടതുമാണ്;

9. സേർച്ച് വാറണ്ട് സംബന്ധിച്ച ഒരു രജിസ്റ്റർ അതു പുറപ്പെടുവിച്ച ഉദ്യോഗസ്ഥൻ സൂക്ഷിക്കേണ്ടതാണ്. അതിൽ നൽകിയതും തിരികെ കിട്ടിയതുമായ സേർച്ച് വാറണ്ട് സംബന്ധിച്ച് ഏഴുതിയിരിക്കണം. തിരികെ കിട്ടിയ ഉപയോഗിച്ച സേർച്ച് വാറണ്ടുകൾ രേഖയായി സൂക്ഷിക്കേണ്ടതാണ്;

10. മഹസ്സർ അഥവാ പഞ്ചനാമയുടെയും അനുബന്ധത്തിൻറെയും ഒരു പകർപ്പ് ആ സ്ഥലത്തിൻറെ ചുമതലപ്പെട്ട വ്യക്തിക്ക് കൊടുത്തിരിക്കേണ്ടതും അത് കിട്ടി ബോധിച്ചു എന്ന് രേഖപ്പെടുത്തി വാങ്ങേണ്ടതുമാണ്.

**ചോദ്യം 13:** ഒരു CGST/SGST ഓഫീസർക്കു മറ്റേതെങ്കിലും സാഹചര്യത്തിൽ ബിസിനസ്സ് സ്ഥലങ്ങൾ സന്ദർശിക്കുവാൻ കഴിയുമോ?

**ഉത്തരം:** കഴിയും. CGST/SGST നിയമത്തിലെ വകുപ്പ് 65 പ്രകാരം ഇത് സാധ്യമാണ്. CGST/SGST ഓഡിറ്റ്പാർട്ടി, അല്ലെങ്കിൽ സി & എജി, അല്ലെങ്കിൽ CGST/SGST നിയമത്തിലെ വകുപ്പ് 65 പ്രകാരം നാമനിർദേശം ചെയ്യപ്പെട്ട ചാർട്ടേഡ് അക്കൗണ്ടൻറ്/കോസ്റ്റ് അക്കൗണ്ടൻറ് എന്നിവർക്ക് സർക്കാർ വരുമാനം സംരക്ഷിക്കുവാനായി സേർച്ച് വാറണ്ട് ഇല്ലാതെ ഓഡിറ്റ്, സൂക്ഷ്മപരിശോധന, വെരിഫിക്കേഷൻ മുതലായവ നടത്തുന്നതിനുവേണ്ടി സന്ദർശിക്കാവുന്നതാണ്. എന്നാൽ ഇതിനു കമ്മീഷണറുടെ രേഖാമൂലമുള്ള അനുവാദം ആവശ്യമാണ്. നികുതി അടക്കേണ്ട വ്യക്തിയുടെ, പ്രമാണങ്ങൾ, കമ്പ്യൂട്ടറുകൾ തുടങ്ങിയവ സൂക്ഷിച്ചിട്ടുള്ള രജിസ്റ്റർചെയ്യപ്പെടാത്ത പ്രധാന ബിസിനസ്സ് സ്ഥലങ്ങളിലും മറ്റു സ്ഥലങ്ങളിലും ഓഡിറ്റ്, വെരിഫിക്കേഷൻ മുതലായവ നടത്തുന്നതിനുവേണ്ടി ഈ അധികാരം നടപ്പിലാക്കാവുന്നതാണ്.

**ചോദ്യം 14:** 'സീഷർ' അഥവാ 'പിടിച്ചെടുക്കുക' എന്നതുകൊണ്ട് എന്താണ് ഉദ്ദേശ്ശിക്കുന്നത്?

**ഉത്തരം:** CGST/SGST നിയമത്തിൽ ഇതിനു പ്രത്യേക നിർവചനം നൽകിയിട്ടില്ല. നിയമപരമായി ആവശ്യമുള്ള ഒരു വസ്തു നിയമാനുസൃതമായ മാർഗത്തിലൂടെ ഒരു ആപ്പീസർ പിടിച്ചെടുക്കുന്ന പ്രക്രിയയാണ് 'സീഷർ' അഥവാ 'പിടിച്ചെടുക്കുക' എന്ന പദം അർഥമാക്കുന്നതെന്നു ലെക്സിക്കൻ ഡിക്ഷണറി പറയുന്നു. പൊതുവായി പറഞ്ഞാൽ നിയമത്തിൻറെ ബലം ഉപയോഗിച്ചു ഉടമയുടെ ഇഷ്ടപ്രകാരമല്ലാതെ ഒരു വസ്തു കൈവശമാക്കുന്ന പ്രവൃത്തിയെ 'സീഷർ' അഥവാ 'പിടിച്ചെടുക്കുക' എന്ന് പറയാവുന്നതാണ്.

**ചോദ്യം 15:** ചരക്കുകളും, വാഹനങ്ങളും തടങ്കലിലാക്കുവാനുള്ള (ഡീറ്റെയിൻ) അധികാരം GST നിയമത്തിലുണ്ടോ?

**ഉത്തരം:** ഉണ്ട്. CGST/SGST നിയമം വകുപ്പ് 129 പ്രകാരം, നിയമവിരുദ്ധമായി ചരക്കുകൾ, അവ കടത്തുവാൻ ഉപയോഗിച്ച ട്രക്ക്പോലെയുള്ള വാഹനങ്ങൾ അടക്കം പിടിച്ചെടുക്കുവാനുള്ള അധികാരം ഒരു ഉദ്യോഗസ്ഥനുണ്ട്. CGST/SGST നിയമ വ്യവസ്ഥകൾ പ്രകാരം കണക്കിൽപെടുത്താതെ സംഭരിച്ചു വെച്ചിരിക്കുന്ന ചരക്കുകളും ഇങ്ങനെ പിടിച്ചെടുക്കാവുന്നതും നിയമം അനുശാസിക്കുന്ന നികുതി അടയ്ക്കുന്ന പക്ഷം/നികുതിക്ക് തുല്യമായ

തുകക്കുള്ള സെക്യൂരിറ്റി നൽകുന്നപക്ഷം അവ വിട്ടു കൊടുക്കാവുന്നതു മാണ്.

**ചോദ്യം 16:** സീഷറും ഡിറ്റെൻഷനും തമ്മിലുള്ള വ്യത്യാസം എന്താണ്?

**ഉത്തരം:** നിയമാനുസൃതമായ നോട്ടീസ് നൽകി ഉടമയെയോ കൈവശാവ കാശിയെയോ അയാൾക്ക് തൻറ്റെ വസ്തുവിലോ/പ്രോപ്പർട്ടിയിലോ ഉള്ള അവ കാശം ഒരു പ്രത്യേക കാലത്തേയ്ക്ക് തടയുന്നതിനെയാണ് ഡിറ്റൻഷൻ എന്ന് പറയുന്നത്. എന്നാൽ സീഷർ എന്നാൽ ആ വസ്തുവിൻറ്റെ ശരിക്കുള്ള കൈവ ശാവകാശം ഡിപ്പാർട്ടമെൻറ്റ് ഏറ്റെടുത്തു എന്നാണ്. കണ്ടുകെട്ടേണ്ടതാണ് എന്ന് സംശയിക്കുന്ന ചരക്കുകൾ ആണ് സാധാരണയായി ഡീറ്റെയിൻ ചെയ്യാ റുള്ളത്. എന്നാൽ സീഷർ ചെയ്യുന്നത് അന്വേഷണത്തിന്ശേഷം കണ്ടുകെട്ട പ്പെടും എന്ന് ഉത്തമ വിശ്വാസമുള്ള വസ്തുക്കളാണ്.

**ചോദ്യം 17:** സെർച്/സീഷെറിന് GST നിയമങ്ങൾ നൽകിയിരിക്കുന്ന സുരക്ഷ ഉറപ്പു വരുത്തുന്ന സംവിധാനങ്ങൾ എന്തെല്ലാമാണ്?

**ഉത്തരം:** സെർച്/സീഷെറിന് CGST/SGST നിയമം വകുപ്പ് 67 പ്രകാരം ചില സുരക്ഷകൾ ഉറപ്പു വരുത്തിയിട്ടുണ്ട്. അവ ഇങ്ങനെയാണ്:

i. പിടികൂടിയ ചരക്കുകൾ അല്ലെങ്കിൽ പ്രമാണങ്ങൾ പരിശോധ ന കാലാവധി വരെ മാത്രമേ പിടിച്ചുവയ്ക്കാൻ പാടുള്ളൂ;

ii. ഉടമസ്ഥന് രേഖകളുടെ ഫോട്ടോകോപ്പി എടുക്കാവുന്നതാണ്;

iii. പിടിച്ചെടുത്ത ചരക്കുകൾക്കെതിരെ കാരണം കാണിക്കൽ നോട്ടീസ് 6 മാസത്തിനകം കൊടുത്തില്ലയെങ്കിൽ അവ തിരി കെ കൊടുക്കേണ്ടതാണ്. മതിയായ കാരണത്തോടുകൂടി ഈ കാലാവധി പരമാവധി അടുത്ത 6 മാസം വരെ നീട്ടാവുന്നതു മാണ്;

iv. പിടിച്ചെടുക്കുന്ന ചരക്കുകളുടെ ഇന വിവരപ്പട്ടിക പിടിച്ചെടു ക്കുന്ന ആപ്പീസർ ഉണ്ടാക്കേണ്ടതാണ്;

v. വേഗം നശിച്ചു പോകാവുന്നതും, അപകടസാദ്ധ്യത നിറഞ്ഞ തും ആയ വസ്തുക്കളുടെ ലിസ്റ്റ് GST നിയമത്തിൽ പറഞ്ഞിട്ടു ണ്ട്. അവ പിടിച്ചെടുത്താൽ ഉടൻ തന്നെ തീർപ്പാക്കേണ്ടതാണ്;

vi. സെർച്/സീഷെറിനെ സംബന്ധിക്കുന്ന ക്രിമിനൽ നടപടിചട്ട ങ്ങൾ, 1973 സൂക്ഷ്മമായി ഇവിടെയും ബാധകമാണ്. എന്നാൽ സെക്ഷൻ 165(5) പ്രകാരമുള്ള റിപ്പോർട്ട് അടുത്തുള്ള മജി സ്ട്രേറ്റിന് കൊടുക്കുന്നതിനു പകരം പ്രിൻസിപ്പൽ കമ്മീ ഷണർ/കമ്മീഷണർമാർ CGST/കമ്മീഷണർമാർ SGST എന്നി വർക്കാണ് നൽകേണ്ടത്/അയക്കേണ്ടത്.

**ചോദ്യം 18:** നികുതി അടക്കേണ്ടുന്ന ചരക്കുകൾ ട്രാൻസ്പോർട്ട് ചെയ്യുന്ന സമയത്ത് നിർബന്ധമായും കൊണ്ടുനടക്കേണ്ടുന്ന പ്രത്യേകമായ രേഖകൾ വല്ലതുമുണ്ടോ?

**ഉത്തരം:** CGST/SGST നിയമം വകുപ്പ് 68 പ്രകാരം, നിശ്ചിത തുകയിൽ കൂടുതൽ മൂല്യമുള്ള നികുതി അടക്കേണ്ടുന്ന ചരക്കുകൾ കൊണ്ടു പോകുന്ന വാഹനങ്ങളുടെ ചുമതലപ്പെട്ട വ്യക്തി ചരക്കുകളെകുറിച്ചുള്ള നിർദേശിക്കപ്പെട്ട രേഖകൾ കൈവശം വെച്ചിരിക്കണം.

**ചോദ്യം 19:** "അറസ്റ്റ്" എന്നതുകൊണ്ട് എന്താണ് ഉദ്ദേശ്ശിക്കുന്നത്?

**ഉത്തരം:** CGST/SGST നിയമം ഇതിനു പ്രത്യേക നിർവചനം നൽകിയിട്ടില്ല. എന്നാൽ ജുഡീഷ്യൽ പ്രഖ്യാപനങ്ങളുടെ വെളിച്ചത്തിൽ ഇതിനെ നിയമപരമായ അധികാരം ആജ്ഞ, ഉത്തരവ് മുതലായവയുടെ അടിസ്ഥാനത്തിൽ ഒരു വ്യക്തിയെ കസ്റ്റഡിയിൽ എടുക്കുന്ന പ്രവർത്തിയെ "അറസ്റ്റ്" എന്ന് പറയാവുന്നതാണ്. മറ്റു വാക്കുകളിൽ പറഞ്ഞാൽ നിയമം നൽകിയിട്ടുള്ള അധികാരം ഉപയോഗിച്ചു പുറപ്പെടുവിച്ച വാറണ്ടിലൂടെ ഒരു വ്യക്തിയുടെ സ്വാതന്ത്ര്യം തടയുന്ന പ്രവർത്തിയാണ്.

**ചോദ്യം 20:** CGST/SGST നിയമപ്രകാരം എപ്പോഴൊക്കെയാണ് ഒരാളെ അറസ്റ്റ് ചെയ്യാൻ അധികാരപ്പെടുത്താവുന്നത്?

**ഉത്തരം:** CGST/SGST നിയമം വകുപ്പ് 132(1)(a), (b), (c), (d) അല്ലെങ്കിൽ 132(2) വകുപ്പുകൾ പ്രകാരം ശിക്ഷിക്കപ്പെടാവുന്ന കുറ്റങ്ങൾ ഒരാൾ ചെയ്തു എന്ന് CGST/SGST കമ്മീഷണർക്ക് വിശ്വസിക്കാൻ കാരണങ്ങളുണ്ടെങ്കിൽ അദ്ദേഹത്തിന് അയാളെ അറസ്റ്റുചെയ്യുവാൻ ഒരു CGST/SGST ഉദ്ദ്യോഗസ്ഥനെ അധികാരപ്പെടുത്താവുന്നതാണ്. ഇതുകൊണ്ടു ഉദ്ദേശ്ശിക്കുന്നതെന്തെന്നാൽ അത്തരക്കാർ ഒന്നുകിൽ രണ്ടു കോടിയിലധികം രൂപയുടെ നികുതി വെട്ടിപ്പ് നടത്തിയ ആളോ അല്ലെങ്കിൽ ഈ വ്യക്തി ഇതിനു മുൻപ് GST നിയമം വകുപ്പ് 73 പ്രകാരം കുറ്റം ചെയ്തതായി വിധിക്കപ്പെട്ട ആളോ ആയിരിക്കണം.

**ചോദ്യം 21:** CGST/SGST നിയമം അനുസരിച്ചു അറസ്റ്റ്ചെയ്യപ്പെടുന്ന വ്യക്തിക്ക് ഉറപ്പുവരുത്തിയിരിക്കുന്ന സംരക്ഷണങ്ങൾ എന്തൊക്കെയാണ്?

**ഉത്തരം:** CGST/SGST നിയമം വകുപ്പ് 69 അനുസരിച്ചു അറസ്റ്റ് ചെയ്യപ്പെടുന്ന വ്യക്തിക്ക് താഴെ പറയുന്ന സംരക്ഷണങ്ങൾ ഉണ്ട്:

i. ഒരു കോഗ്നിസബ്ൾ കുറ്റകൃത്യത്തിനാണ് അറസ്റ്റ് ചെയ്യപ്പെടുന്നതെങ്കിൽ അറസ്റ്റിൻറ്റെ കാരണം അയാളെ എഴുതി അറിയിക്കണം; 24 മണിക്കൂറിനുള്ളിൽ ഒരു മജിസ്ട്രേറ്റിനു മുൻപാകെ അയാളെ ഹാജരാക്കിയിരിക്കണം.

ii. ജാമ്യം ലഭിക്കാവുന്നതും നോൺ കോഗ്നിസബ്ൾ ആയതുമായ കുറ്റകൃത്യത്തിനാണ് അറസ്റ്റ് ചെയ്തതെങ്കിൽ അറസ്റ്റ് ചെയ്യപ്പെട്ട വ്യക്തിയെ CGST/SGST ഡെപ്യൂട്ടി/അസിസ്റ്റൻറ്റ് കമ്മീഷണർ ജാമ്യത്തിൽ വിടണം. ഇക്കാര്യത്തിൽ ഒരു പോലീസ് സ്റ്റേഷൻ ഡ്യൂട്ടി ഓഫീസർക്ക് എന്നപോലെ, 1973-ലെ ക്രിമിനൽ നടപടി ചട്ടം 436 ബാധകമാണ്.

iii. 1973-ലെ ക്രിമിനൽ നടപടിചട്ടം പ്രകാരം മാത്രമേ ഒരാളെ അറസ്റ്റ് ചെയ്യുവാൻ പാടുള്ളൂ.

**ചോദ്യം 22:** അറസ്റ്റ് ചെയ്യുമ്പോൾ എടുക്കേണ്ട മുൻകരുതലുകൾ എന്തൊക്കെയാണ്?

**ഉത്തരം:** അറസ്റ്റിനെ സംബന്ധിച്ചും അതിൻറെ നടപടികളെപറ്റിയും 1973-ലെ ക്രിമിനൽ നടപടിചട്ടത്തിൽ പറഞ്ഞിരിക്കുന്ന എല്ലാ വ്യവസ്ഥകളും പാലിക്കണം. അതുകൊണ്ടു എല്ലാ CGST/SGST ഫീൽഡ് ആപ്പീസർമാരും ഇതേക്കുറിച്ചു ശരിക്കും അറിഞ്ഞിരിക്കണം. 1973-ലെ ക്രിമിനൽ നടപടിചട്ടം, അൻപത്തിയേഴാം വകുപ്പ് പ്രകാരം വാറണ്ടില്ലാതെ അറസ്റ്റ് ചെയ്ത ഒരു വ്യക്തിയെ കേസിൻറെ സാഹചര്യം അനുസരിച്ചു ന്യായമായും ആവശ്യമായ സമയത്തിലധികം, ഒരു കാരണവശാലും 24 മണിക്കൂറിനു മുകളിൽ, കസ്റ്റഡിയിൽ വയ്ക്കുവാൻ പാടുള്ളതല്ല. ഈ 24 മണിക്കൂർ എന്ന പരിധിയിൽ നിന്ന് പ്രതിയെ അറസ്റ്റു ചെയ്ത സ്ഥലത്തുനിന്ന് മജിസ്ട്രേറ്റിനു മുൻപാകെ കൊണ്ടുവരുന്നതിനുള്ള യാത്രാസമയം ഒഴിവാക്കിയിട്ടുണ്ട്. ഈ സമയത്തിനുള്ളിൽ അറസ്റ്റ് ചെയ്ത വ്യക്തിയെ Cr P C, 56 വകുപ്പ്പ്രകാരം കേസിൽ അധികാരമുള്ള മജിസ്ട്രേറ്റിനു മുൻപാകെയാണ് ഹാജരാക്കേണ്ടത്. അറസ്റ്റ് ചെയ്യുന്നതിനു മുമ്പ് പാലിക്കപ്പെടേണ്ട കാര്യങ്ങളെകുറിച്ച് ഡി കെ ബസു Vs പശ്ചിമബംഗാൾ എന്ന കേസിൽ ബഹുമാന്യ സുപ്രീം കോടതി പ്രത്യേക മാർഗ്ഗ നിർദേശങ്ങൾ നൽകിയിട്ടുണ്ട്. ഇത് പോലീസിനെ ഉദ്ദേശ്ശിച്ചുള്ളത് ആയിരിന്നു എങ്കിലും അത് അറസ്റ്റ് ചെയ്യുവാൻ അധികാരമുള്ള എല്ലാവർക്കും ബാധകമാണ്. അവ ഇങ്ങനെയാണ്:

i. അറസ്റ്റ് ചെയ്യുന്ന ഉദ്യോഗസ്ഥൻ തൻറെ പേരും ഉദ്യോഗപ്പേരും വ്യക്തമായി കാണത്തക്ക വിധം നെയിംടാഗോടുകൂടിയ യൂണിഫോം ധരിച്ചിരിക്കണം. ചോദ്യം ചെയ്യുന്ന എല്ലാ ഉദ്യോഗസ്ഥരും അവരുടെ പേരു വിവരങ്ങൾ ഒരു രജിസ്റ്ററിൽ രേഖപ്പെടുത്തിയിരിക്കണം.

ii. അറസ്റ്റ് ചെയ്യുന്ന ഉദ്യോഗസ്ഥൻ ആ സമയത് ഒരു മെമ്മോ എഴുതി ഉണ്ടാക്കുകയും അതിൽ ഒരു സാക്ഷിയെങ്കിലും ഒപ്പിട്ടിരിക്കുകയും വേണം. ആ സാക്ഷി ഒന്നുകിൽ പ്രതിയുടെ ബന്ധുവോ ആ സ്ഥലത്തെ ബഹുമാന്യനായ വ്യക്തിയോ ആയിരിക്കണം. അതിൽ അറസ്റ്റ് ചെയ്യപ്പെട്ട വ്യക്തി സമയവും തീയതിയും കാണിച്ചു ഒപ്പിട്ടിരിക്കണം.

iii. അറസ്റ്റ് മെമ്മോയിൽ ഒപ്പിടുന്ന വ്യക്തി അറസ്റ്റ് ചെയ്യപ്പെട്ട ആളുടെ ബന്ധുവോ സുഹൃത്തോ അല്ലായെങ്കിൽ അറസ്റ്റുമായി ബന്ധപ്പെട്ട എല്ലാ വിവരവും കഴിയുന്നത്രയും വേഗം പ്രതിയുടെ ബന്ധുവിനേയോ സുഹൃത്തിനേയോ അറിയിച്ചിരിക്കേണ്ടതാണ്. അറസ്റ്റ് ചെയ്യപ്പെട്ട സമയം, സ്ഥലം, കസ്റ്റഡിയിൽ വെച്ചിരിക്കുന്ന സ്ഥലം മുതലായവ അയാളെ അറിയുന്ന ഒരു വ്യക്തിയെയോ, അയാളുടെ അഭ്യുദയകാംക്ഷിയെയോ ബന്ധുവിനേയോ സുഹൃത്തിനെയോ അറിയിക്കാൻ അറസ്റ്റ് ചെയ്യപ്പെട്ട ആളിന് അവകാശമുണ്ട്.

iv. അറസ്റ്റ് ചെയ്യപ്പെട്ട ആളുടെ ബന്ധുക്കൾ/സുഹൃത്തുക്കൾ ജില്ലക്ക് വെളിയിൽ ആണ് ഉള്ളതെങ്കിൽ, അയാൾ അറസ്റ്റ് ചെയ്യപ്പെട്ട സമയം, സ്ഥലം, കസ്റ്റഡിയിൽ വെച്ചിരിക്കുന്ന സ്ഥലം മുതലായവ, ടെലിഗ്രാം മുഖേന, നിയമസഹായ സമിതി വഴിയും അവർ താമസിക്കുന്ന സ്ഥലത്തെ പോലീസ് സ്റ്റേഷൻവഴിയും 8 മുതൽ 12 മണിക്കൂറിനുള്ളിൽ അവരെ അറിയിച്ചിരിക്കേണ്ടതാണ്.

v. തടങ്കലിൽ വച്ചിരിക്കുന്ന സ്ഥലത്തു സൂക്ഷിച്ചിരിക്കുന്ന ഒരു ഡയറിയിൽ അറസ്റ്റുമായി ബന്ധപ്പെട്ട വിവരങ്ങൾ എഴുതി സൂക്ഷിക്കേണ്ടതും അതിൽ പ്രസ്തുത ബന്ധുവിൻറെ പേരു വിവരങ്ങൾ, അയാളെ കസ്റ്റഡിയിൽ വച്ചിരിക്കുന്ന ആപ്പീസർ മാരുടെ പേരു വിവരങ്ങൾ, എന്നിവ എഴുതിയിരിക്കണം.

vi. അറസ്റ്റിൻറെ സമയത്ത് അയാൾ ആവശ്യപ്പെടുകയാണെങ്കിൽ അയാളുടെ ദേഹ പരിശോധന നടത്തുകയും പ്രത്യേകമായി കാണപ്പെടുന്ന ചെറുതോ വലുതോ ആയ മുറിവുകൾ എന്തെങ്കിലും ശരീരത്തിൽ ഉണ്ടെങ്കിൽ അവ പരിശോധനാ മെമ്മോയിൽ കാണിക്കുകയും അതിൽ ആപ്പീസറും അറസ്റ്റു ചെയ്യപ്പെടുന്ന ആളും ഒപ്പിടേണ്ടതുമാണ്. ഒരു കോപ്പി അയാൾക്ക് കൊടുക്കുകയും വേണം.

vii. അറസ്റ്റു ചെയ്യപ്പെടുന്ന ആൾ കസ്റ്റഡിയിൽ ഉള്ള കാലത്തോളം എല്ലാ 48 മണിക്കൂറിലും ഇതിനായി സർക്കാർ നിയമിച്ചിട്ടുള്ള ഡോക്ടർ മുമ്പാകെ ഹാജരാക്കി വൈദ്യപരിശോധന നടത്തേണ്ടതാണ്. എല്ലാ താലൂക്കുകളിലും ജില്ലകളിലും ബന്ധപ്പെട്ട ഹെൽത്ത് സർവീസ് ഡയറക്ടർ ഇതിനായി ഡോക്ടർ മാരുടെ ഒരു പാനൽ ഉണ്ടാക്കേണ്ടതാണ്.

viii. അറസ്റ്റ് മെമ്മോ ഉൾപ്പെടെ മുകളിൽ പറഞ്ഞ എല്ലാ രേഖകളുടെയും ഒരുകോപ്പി അവിടുത്തെ മജിസ്ട്രേറ്റിനു അയച്ചു കൊടുക്കേണ്ടതാണ്.

ix. ചോദ്യം ചെയ്യുന്ന വേളയിൽ വക്കീലിനെ കാണുവാൻ അറസ്റ്റു ചെയ്യപ്പെടുന്ന ആളെ അനുവദിക്കേണ്ടതാണ്. ചോദ്യം ചെയ്യുന്ന എല്ലാ സമയവും ഇത് വേണമെന്നില്ല.

x. എല്ലാ ജില്ലയിലും സജ്ജമാക്കിയിട്ടുള്ള പോലീസ് കൺട്രോൾ റൂമിൽ അറസ്റ്റു ചെയ്യപ്പെട്ടിട്ടുള്ള വ്യക്തികളുടെ വിവരങ്ങൾ 12 മണിക്കൂറിനുള്ളിൽ അറിയിക്കേണ്ടതും എല്ലവർക്കും കാണാവുന്ന രീതിയിൽ ആ വിവരങ്ങൾ ഒരു നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കേണ്ടതുമാണ്.

**ചോദ്യം 23:** സെൻട്രൽ ബോർഡ് ഓഫ് എക്സൈസ് ആൻഡ് കസ്റ്റംസ് അറസ്റ്റ് ചെയ്യുമ്പോൾ പാലിക്കപ്പെടണമെന്നു പറഞ്ഞിരിക്കുന്ന മാർഗ്ഗനിർദേശങ്ങൾ എന്തൊക്കെയാണ്?

**ഉത്തരം:** ഒരാളെ അറസ്റ്റു ചെയ്യുന്നതിന് മുൻപായി ആ കേസിൽ അടങ്ങിയിട്ടുള്ള കാര്യകാരണം, നികുതി, വെട്ടിപ്പിൻറ്റെവ്യാപ്തി, നികുതിവെട്ടിപ്പിൻറ്റെമാർഗം, കാലയളവ്, തെളിവുകളുടെ ഔന്നത്യം, തെറ്റായ രീതിയിൽ എടുത്ത ക്രെഡിറ്റിൻറ്റെ വ്യാപ്തി, തെളിവ്നശിപ്പിക്കുവാനുള്ള സാധ്യതകൾ തുടങ്ങിയ വിവിധങ്ങളായ ഘടകങ്ങൾ വച്ചു കൊണ്ടുള്ള ഒരു കേസ്-ടു-കേസ് പഠനം നടത്തിയ ശേഷം മാത്രമേ ഒരാളെ അറസ്റ്റു ചെയ്യുവാൻ പാടുള്ളൂ. മാത്രവുമല്ല താഴെ പറയുന്ന കാര്യങ്ങൾകൂടി പരിഗണിക്കേണ്ടതാണ്.

i. നികുതി ശോഷണം സംബന്ധിച്ച് ശരിയായ രീതിയിൽ അന്വേഷണം നടത്തുന്നതിനു വേണ്ടിയാകണം അറസ്റ്റ്.
ii. പ്രതികൾ ഒളിവിൽ പോകാതിരിക്കുവാൻ വേണ്ടിയാവണം അറസ്റ്റ്.
iii. സാധനങ്ങൾ ഒളിപ്പിച്ചു വെച്ചുകൊണ്ടുള്ള കള്ളക്കടത്തു തടയുന്നതിനും/ കസ്റ്റംസ് തീരുവ വെട്ടിക്കുന്നതു തടയുന്നതിനും വേണ്ടിയാകണം അറസ്റ്റ്.
iv. നികുതിവെട്ടിപ്പിനു ആസൂത്രണം ചെയ്യുകയും നിർവഹിക്കുകയും ചെയ്ത ബുദ്ധികേന്ദ്രം, ബിനാമി, പ്രോക്സി, ഡമ്മി മുതലായ ശരിയായ കുറ്റവാളികളെ കണ്ടെത്തുന്നതിനുവേണ്ടി.
v. നികുതി വെട്ടിപ്പിനുള്ള ആസൂത്രണം മനപ്പൂർവം ചെയ്തതാണെന്ന് ബോധ്യം വരുന്ന ഘട്ടങ്ങളിൽ.
vi. തെളിവുകൾ നശിപ്പിക്കപ്പെടാതിരിക്കുവാൻവേണ്ടി.
vii. സാക്ഷികളെ സ്വാധീനിക്കുന്ന/അധൈര്യപ്പെടുത്തുക മുതലായവ നടക്കുന്ന സമയത്ത്.
viii. ഒരു കോടിയിലധികം രൂപയുടെ നികുതി/സർവീസ് ടാക്സ് വെട്ടിപ്പ്നടന്ന `സാഹചര്യങ്ങളിൽ.

**ചോദ്യം 24:**ഒരു കൊഗ്നിസബിൾ ഒഫൻസ്എന്നാൽ എന്താണ്?

**ഉത്തരം:** ഗുരുതരമായ കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്ന ഒരു കുറ്റവാളിയെ വാറണ്ടില്ലാതെ ഒരു പോലീസ് ഉദ്യോഗസ്ഥനു അറസ്റ്റു ചെയ്യാവുന്നതും കോടതിയുടെ ഉത്തരവോടുകൂടിയോ അല്ലാതെയോ തന്നെ അന്വേഷണം തുടങ്ങാവുന്നതുമാണ്. അത്തരം കുറ്റകൃത്യങ്ങളെ ആണ് കോഗ്നിസബിൾ ഒഫൻസ് എന്ന് സാധാരണയായി വിളിക്കുന്നത്.

**ചോദ്യം 25:** ഒരു നോൺകൊഗ്നിസബിൾ ഒഫൻസ് എന്നാൽ എന്താണ്?

**ഉത്തരം:** അത്ര ഗുരുതരമല്ലാത്ത കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്ന ഒരു കുറ്റവാളിയെ വാറണ്ടില്ലാതെ ഒരു പോലീസ് ഉദ്യോഗസ്ഥനു അറസ്റ്റു ചെയ്യാനും കോടതിയുടെ ഉത്തരവില്ലാതെ അന്വേഷണം നടത്തുവാനും സാധ്യമല്ല. അത്തരം കുറ്റകൃത്യങ്ങളെ ആണ് നോൺകോഗ്നിസബിൾ ഒഫൻസ് എന്ന് സാധാരണയായി വിളിക്കുന്നത്.

**ചോദ്യം 26: CGST/SGST** നിയമ പ്രകാരം കൊഗ്നിസബിൾ ഒഫൻസ്, നോൺ കൊഗ്നിസബിൾ ഒഫൻസ് എന്ന് പറഞ്ഞാൽ എന്താണ്?

**ഉത്തരം: CGST/SGST** നിയമം വകുപ്പ് 132 പ്രകാരം 5 കോടി രൂപക്ക് മുകളിലുള്ള ചരക്കുകളുമായോ സേവനങ്ങളുമായോ ബന്ധപ്പെട്ട നികുതിയുടെ വെട്ടിപ്പുകൾ, തെറ്റായ ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് എടുക്കൽ, തെറ്റായ റീഫണ്ട് വാങ്ങൽ തുടങ്ങിയ കുറ്റങ്ങളെയാണ് കോഗ്നിസബിൾ & നോൺ ബെയ്‌ലബിൾ (ജാമ്യംഇല്ലാത്തതു) ഒഫൻസ് എന്ന ഗണത്തിൽ പെടുത്തിയിരിക്കുന്നത്. മറ്റു നികുതി വെട്ടിപ്പുകളെല്ലാം നോൺ കൊഗ്നിസബിൾ & ബെയ്‌ലബിൾ (ജാമ്യംകിട്ടാവുന്നത്) ഒഫൻസ് എന്ന ഗണത്തിൽ പെടുത്തിയിരിക്കുന്നു.

**ചോദ്യം 27: CGST/SGST** നിയമത്തിൽ എപ്പോഴൊക്കെ ആണ് പ്രോപ്പർ ആപ്പീസർക്കു സമ്മൺസ് കൊടുക്കുവാൻ അധികാരമുള്ളത്?

**ഉത്തരം: CGST/SGST** നിയമം വകുപ്പ് 70 പ്രകാരം ഒരു CGST/SGST ആപ്പീസർക്കു തൻറെ അന്വേഷണത്തിൽ ഇരിക്കുന്ന കേസുകളിൽ ആവശ്യമായ തെളിവ് നൽകുന്നതിനും, ഡോകുമെൻറ് ഹാജരാകുന്നതിനു വേണ്ടിയും മറ്റും തൻറെ മുമ്പാകെ ഹാജരാകുന്നതിന് ഒരാൾക്ക് സമ്മൺസ് കൊടുക്കുവാൻ അധികാരം ഉണ്ട്. ചിലപ്പോൾ ഇത് ഒരു പ്രത്യേക പ്രമാണമോ മറ്റു വസ്തുക്കളോ ഹാജരാക്കണം എന്ന് ആവശ്യപ്പെട്ടാകാം, ചിലപ്പോൾ അയാളുടെ നിയന്ത്രണത്തിൽ ഇരിക്കുന്ന ഒരു പ്രത്യേക വിവരണത്തിൽപെട്ട എല്ലാ രേഖകളെയും അല്ലെങ്കിൽ വസ്തുക്കളെയും സംബന്ധിച്ചാകാം.

**ചോദ്യം 28:** സമ്മൺസ് ലഭിക്കുന്ന വ്യക്തിയുടെ ഉത്തരവാദിത്വങ്ങൾ എന്തൊക്കെയാണ്?

**ഉത്തരം:** അന്വേഷണത്തിൽ ഇരിക്കുന്ന കേസുകളിൽ ഉദ്യോഗസ്ഥൻ ആവശ്യപ്പെടുന്ന തെളിവുകളും രേഖകളും തൻറെ കൈവശമോ അധീനതയിലോ ഉള്ളതാണെങ്കിൽ അവ സ്വമേധയായോ ഒരു അംഗീകൃത പ്രതിനിധി മുഖാന്തിരമോ ഹാജരായി സത്യം ബോധിപ്പിച്ചു തെളിവ്നൽകുന്നതിനുള്ള ഉത്തരവാദിത്വം നിയമപരമായി സമ്മൺസ് ലഭിക്കുന്ന ഒരു വ്യക്തിക്കുണ്ട്.

**ചോദ്യം 29:** സമ്മൺസ് ലഭിക്കുന്ന വ്യക്തി ഹാജരായില്ലെങ്കിൽ ഉള്ള അനന്തര ഫലങ്ങൾ എന്താണ്?

**ഉത്തരം:** സമ്മൺസ് നൽകി ഒരു വ്യക്തിയോട് ഹാജരാകുവാൻ ആവശ്യപ്പെടുന്ന പ്രക്രിയയെ നിയമ പരമായി ഒരു കോടതി നടപടിയായി കണക്കാക്കപെടാം. മതിയായ കാരണങ്ങളില്ലാതെ ഒരാൾ അങ്ങിനെ ഹാജരാകാതിരുന്നാൽ അവരെ ഇന്ത്യൻ പീനൽ കോഡിലെ സെക്ഷൻ 174 പ്രകാരം ഉള്ള ശിക്ഷാ നടപടികൾക്ക് വിധേയനാക്കാവുന്നതാണ്. അയാൾ സമ്മൺസ് കൈപ്പറ്റാതെ ഒളിച്ചുനടന്നാൽ ഇന്ത്യൻ പീനൽ കോഡിലെ സെക്ഷൻ 172 പ്രകാരവും ആവശ്യപ്പെട്ട രേഖകൾ (ഇലക്ട്രോണിക്സ് ഡോക്യൂമെൻറ്സ് അടക്കമുള്ളവ) ഹാജരാക്കാതിരുന്നാൽ ഇന്ത്യൻ പീനൽകോഡിലെ സെക്ഷൻ 175 പ്രകാരവും ശിക്ഷാർഹനാണ്. തെറ്റായ വിവരങ്ങൾ നൽകിയാൽ ഇന്ത്യൻ പീനൽ കോഡിലെ സെക്ഷൻ 193 പ്രകാരം ശിക്ഷാർഹനാണ്. CGST/SGST നിയമം വകുപ്പ് 122(3)(ഡി) പ്രകാരം, സമ്മൺസ് അയച്ച CGST/SGST ഉദ്യോഗ

സ്ഥനു മുമ്പാകെ ഹാജരാകാത്ത വ്യക്തിക്ക്, മുകളിൽ പറഞ്ഞവ കൂടാതെ, 25000 രൂപ വരെ പിഴയും ചുമത്തപ്പെടാവുന്നതാണ്.

**ചോദ്യം 30:** സമ്മൺസ് പുറപ്പെടുവിക്കുവാനുള്ള മാർഗ നിർദേശങ്ങൾ എന്തൊക്കെയാണ്?

**ഉത്തരം:** സമ്മൺസ് കൊടുക്കുവാനുള്ള അധികാരം ദുരുപയോഗപ്പെടു ത്തുന്നില്ലെന്ന് ഉറപ്പാക്കാൻ സെൻട്രൽ ബോർഡ് ഓഫ് എക്സൈസ് ആൻഡ് കസ്റ്റംസ് സമയാസമയങ്ങളിൽ മാർഗനിർദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഈ മാർഗ്ഗനിർദേശങ്ങളിൽ പ്രധാനപ്പെട്ടവ താഴെ കൊടുത്തിരിക്കുന്നു:

i. നികുതിദായകർ സഹകരിക്കാത്ത സന്ദർഭങ്ങളിൽ ഒരു അവസാന ആശ്രയമെന്ന നിലയിൽ മാത്രമേ സമ്മൺസ് ഇഷ്യു ചെയ്യാവു. തലപ്പത്തിരിക്കുന്ന മുതിർന്ന മാനേജ്മെൻറ് ഉദ്യോഗസ്ഥർക്ക് സമ്മൺസ് കൊടുക്കുന്നത് ഒഴിവാക്കണം;

ii. സമ്മൺസിൽ, അത് ലഭിക്കുന്ന വ്യക്തിക്ക്, അനാവശ്യമായ മാനസിക ബുദ്ധിമുട്ടുണ്ടാക്കുന്ന കഠിനവും പരുഷവുമായ ഭാഷ പാടില്ല;

iii. അസിസ്റ്റൻറ്കമ്മീഷണർ റാങ്കിൽ താഴെയല്ലാത്ത ഒരു ഉദ്യോ ഗസ്ഥനിൽ നിന്ന്, സമ്മൺസയക്കുന്നതിനുള്ള കാരണങ്ങൾ ബോധ്യപ്പെടുത്തി, രേഖാമൂലമുള്ള മുൻകൂർ അനുമതി ലഭിച്ച ശേഷം മാത്രമേ സൂപ്രണ്ടുമാർ സമൻസ് കൊടുക്കുവാൻ പാടു ള്ളു;

iv. മുൻകൂർ അനുമതിയില്ലാതെ അങ്ങനെ ചെയ്യേണ്ടി വരുന്ന സാഹചര്യങ്ങളിൽ ടെലിഫോൺ വഴിയോ മറ്റോ വാക്കാലുള്ള അനുമതി വാങ്ങിയിരിക്കണം. ഇക്കാര്യം എത്രയും വേഗം സമൻസ് അയക്കുന്നതിനു അനുമതി നൽകിയ ഉദ്യോഗ സ്ഥനെ രേഖാമൂലം അറിയിക്കണം;

v. സമൻസ് ഇഷ്യു ചെയ്യുന്ന എല്ലാ കേസുകളിലും ഇഷ്യു ചെയ്യു ന്ന ഉദ്യോഗസ്ഥൻ അവ സംബന്ധിച്ച വിവരണം കേസ് ഫയലു കളിൽ രേഖപ്പെടുത്തുകയും, റിപ്പോർട്ട് സമൻസ് അയക്കു വാൻ അനുമതി നൽകിയ ഉദ്യോഗസ്ഥനു അയച്ചു കൊടുക്കു കയും വേണം;

vi. സിഇഒ, സിഎഫ്ഒ, വലിയകമ്പനിയുടെ അല്ലെങ്കിൽ ഒരു പൊതുമേഖലാ സ്ഥാപനത്തിൻറെ ജനറൽമാനേജർ, മുതിർന്ന മാനേജ്മെൻറ് ഉദ്യോഗസ്ഥർ മുതലായവർക്ക് അന്വേഷണ തുടക്കത്തിൽ തന്നെ സാധാരണയായി സമൻസ് കൊടുക്കു വാൻ പാടില്ല; എന്നാൽ നികുതി നഷ്ടം വരുത്തിയതിലുള്ള അവരുടെ പങ്കാളിത്തം വെളിവായിക്കഴിഞ്ഞാൽ അങ്ങനെ ചെയ്യാവുന്നതാണ്.

**ചോദ്യം 31:** സമ്മൺസ്കൊടുക്കുമ്പോൾ പാലിക്കേണ്ട മുൻകരുതലുകൾ എന്തൊക്കെയാണ്?

**ഉത്തരം:** സമ്മൺസ് കൊടുക്കുമ്പോൾ പാലിക്കേണ്ട മുൻകരുതലുകൾ എന്തൊക്കെ എന്ന് താഴെ പറയുന്നു:

(i) മതിയായ കാരണങ്ങൾ കൂടാതെ ഹാജരാകുവാൻ ഒരാൾക്കു സമ്മൺസ് അയക്കരുത്. ഒരാളുടെ സാന്നിദ്ധ്യം (പ്രെസൻസ്) അന്വേഷണത്തിൽ ഇരിക്കുന്ന കേസിൽ ആവശ്യമുള്ളപ്പോൾ മാത്രമേ അയാളെ ഇങ്ങനെ വിളിച്ചു വരുത്തുവാൻ പാടുള്ളൂ;

(ii) തുടർച്ചയായി സമൻസ് ഇഷ്യു ചെയ്യാതെ കുറ്റാരോപിതർ അല്ലെങ്കിൽ സാക്ഷികൾ ഇവരുടെ മൊഴി കഴിയുന്ന അത്ര കുറഞ്ഞ ഹാജരാകലുകളിൽ തന്നെ രേഖപ്പെടുത്തേണ്ടതാണ്;

(iii) സമ്മൺസിൽ ഹാജരാകുവാൻ പറഞ്ഞിരിക്കുന്ന സമയത്തിൽ കൃത്യത വേണം. പ്രത്യേക സാഹചര്യങ്ങളിലല്ലാതെ ഒരു വ്യക്തിയെയും മൊഴി രേഖപ്പെടുത്തുന്നതിന് വേണ്ടി മണിക്കൂറുകൾ കാത്തിരിക്കുവാൻ ഇടയാക്കരുത്.

(iv) സാധാരണ ഓഫീസ് സമയത്തു തന്നെ മൊഴി രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ കേസിൻറ്റെ വസ്തുതകൾ അനുസരിച്ചു മൊഴി രേഖപ്പെടുത്തുന്ന സമയവും സ്ഥലവും മാറ്റാവുന്നതാണ്.

**ചോദ്യം 32:** CGST/SGST ഓഫീസർമാരെ അവരുടെ ഔദ്യോഗിക ജോലിക്കിടയിൽ സഹായിക്കാൻ ബാധ്യതപ്പെട്ട മറ്റു ഉദ്യോഗസ്ഥർ ആരെങ്കിലുമുണ്ടോ?

**ഉത്തരം:** CGST/SGST നിയമം വകുപ്പ് 72 പ്രകാരം താഴെ പറയുന്ന ഉദ്യോഗസ്ഥരെ, CGST/ SGST ഓഫീസർമാരെ അവരുടെ ഔദ്യോഗിക ജോലിക്കിടയിൽ സഹായിക്കാൻ അധികാരപ്പെടുത്തിയിട്ടുണ്ട്. CGST/SGST നിയമത്തിൽ പറഞ്ഞിരിക്കുന്ന വിഭാഗങ്ങൾ താഴെ പറയുന്നവരാണ്:

i. പോലീസ്;

ii. റെയിൽവേയ്സ്

iii. കസ്റ്റംസ്;

iv. കേന്ദ്ര/കേന്ദ്രഭരണ പ്രദേശ/സംസ്ഥാന ജി.എസ്.ടി. ഉദ്യോഗസ്ഥർ;

v. കേന്ദ്ര/കേന്ദ്രഭരണ പ്രദേശത്തെ/സംസ്ഥാന ലാൻഡ്റവെന്യൂ ഉദ്യോഗസ്ഥർ;

vi. എല്ലാ വില്ലേജ് ഓഫീസർമാർ;

vii. കേന്ദ്ര/സംസ്ഥാന സർക്കാരുകൾ ഇതിനായി കാലാകാലങ്ങളിൽ നിയമിക്കുന്ന മറ്റു ഓഫീസർമാർ.

# 20. കുറ്റങ്ങളും പിഴകളും – പ്രോസിക്യൂഷനും ഒത്തുതീർപ്പാക്കലും

**ചോദ്യം 1: CGST/SGST** നിയമത്തിൻറെ കീഴിൽ അനുശാസിക്കപ്പെട്ട കുറ്റങ്ങൾ എന്തെല്ലാം?

**ഉത്തരം: CGST/SGST** നിയമത്തിൻറെ പതിനാറാം അദ്ധ്യായത്തിലാണ് കുറ്റങ്ങളെയും പിഴകളെയും പറ്റി പ്രതിപാദിക്കുന്നത്. നികുതി ബാധ്യതയുള്ള ആൾ, അനർഹമായ കോംപൗണ്ടിങ് വ്യവസ്ഥ പിൻപറ്റിയതിന് വകുപ്പ് 10-ൽ നിശ്ചയിച്ച പിഴകൾക്ക് പുറമേ, പ്രസ്തുതനിയമത്തിന്റെ വകുപ്പ് 122 പ്രകാരം 21 കുറ്റങ്ങളെപറ്റി പറഞ്ഞിരിക്കുന്നു. അവ താഴെ പറയും പ്രകാരമാണ്:

1) ഇൻവോയ്സ് ഇല്ലാതെയോ, തെറ്റായതോ ശരിയല്ലാത്തതോ ആയ ഇൻവോയ്സ് ഉപയോഗിച്ചോ സപ്ലൈയിലേർപ്പെടുക;
2) സപ്ലൈ നടത്താതെ ഇൻവോയ്സ് നൽകുക.
3) വസൂലാക്കിയ നികുതി 3 മാസം കഴിഞ്ഞിട്ടും അടയ്ക്കാതിരിക്കുക;
4) 3 മാസത്തിൽ കവിഞ്ഞ കാലയളവിൽ CGST/SGST നിയമം ലംഘിച്ചുകൊണ്ട് നികുതിഅടയ്ക്കാതിരിക്കുക;
5) ഉറവിടത്തിൽ തന്നെ നികുതി തട്ടികിഴിക്കേണ്ട വേളകളിൽ നികുതി തട്ടികിഴിക്കാതിരിക്കുകയോ അല്ലെങ്കിൽ കുറച്ച് മാത്രം തട്ടികിഴിക്കുകയോ; അല്ലെങ്കിൽ ഉറവിടത്തിൽ തട്ടികിഴിച്ച നികുതി വകുപ്പ് 51 പ്രകാരം നിക്ഷേപിക്കാതിരിക്കുകയോ ചെയ്യുക;
6) വകുപ്പ് 52C പ്രകാരം ഉറവിടത്തിൽ വസൂലാക്കേണ്ട നികുതി വസൂലാക്കാതിരിക്കുകയോ കുറച്ച് മാത്രം വസൂലാക്കുകയോ അല്ലെങ്കിൽ അടയ്ക്കാതിരിക്കുകയോ ചെയ്യുക;
7) ചരക്കുകളോ സേവനങ്ങളോ സ്വീകരിക്കാതെ ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് (Input tax credit) എടുക്കുകയോ ഉപയോഗിക്കുകയോ ചെയ്യുക;
8) തെറ്റായ നേടുന്ന നികുതി റീഫണ്ട്;
9) വകുപ്പ് 20-നെ ലംഘിച്ചുകൊണ്ട് ഇൻപുട്ട് സേവന വിതരണക്കാർ (Input service distributor) നേടുന്നതും അല്ലെങ്കിൽ വിതരണം ചെയ്യുന്നതുമായ ഇൻപുട്ട്ടാക്സ് ക്രെഡിറ്റ് (Input tax credit);
10) നികുതി വെട്ടിക്കുവാൻവേണ്ടി തെറ്റായ വിവരങ്ങൾ നല്കുക, അല്ലെങ്കിൽ സാമ്പത്തിക കണക്ക്പുസ്തകത്തിൽ തെറ്റായി

രേഖപ്പെടുത്തുക. അല്ലെങ്കിൽ തെറ്റായ കണക്കുകളോ രേഖകളോ നല്കുക;

11) നികുതി അടയ്ക്കാൻ ബാധ്യസ്ഥനായിട്ടും റജിസ്റ്റർ ചെയ്യാതിരിക്കുക;

12) രജിസ്ട്രേഷനായി അപേക്ഷിക്കുമ്പോഴോ പിന്നീടോ തെറ്റായ വിവരങ്ങൾ നല്കുക;

13) ഏതെങ്കിലും ഉദ്യോഗസ്ഥനെ ഉത്തരവാദിത്തം നിറവേറ്റുന്നതിന് വിഘ്നം വരുത്തുകയോ തടസ്സമാവുകയോ ചെയ്യുക;

14) നിശ്ചിത രേഖകളില്ലാതെ ചരക്കുകൾ കടത്തുക;

15) നികുതി ബാധ്യതയിൽ നിന്നും ഒഴിഞ്ഞു മാറാനായി മൊത്ത വിറ്റുവരവ് കുറച്ച് കാണിക്കുക;

16) കണക്കുപുസ്തകങ്ങളും രേഖകളും നിയമാനുസൃതം സൂക്ഷിക്കുന്നതിൽ പരാജയപ്പെടുകയോ, നിയമത്തിൽ പറഞ്ഞ കാലയളവിലെ കണക്കു പുസ്തകങ്ങളും രേഖകളും നിലനിർത്തുന്നതിൽ പരാജയപ്പെടുകയോ ചെയ്യുക;

17) ഒരു ഉദ്യോഗസ്ഥന് നിയമത്തിൻറെയും ചട്ടത്തിൻറെയും അടിസ്ഥാനത്തിൽ ആവശ്യമായ വിവരങ്ങളും രേഖകളും നൽകുന്നതിൽ പരാജയപ്പെടുകയോ ഏതെങ്കിലും നടപടിക്രമത്തിൻറെ ഭാഗമായി തെറ്റായ വിവരങ്ങളും രേഖകളും നല്കുക;

18) കണ്ടുകെട്ടലിന് കാരണമാകാവുന്ന തരത്തിലുള്ള ചരക്കുകൾ സംഭരിക്കുന്നതിലോ കടത്തുന്നതിലോ സപ്ലൈ ചെയ്യുന്നതിലോ ഏർപ്പെടുക;

19) മറ്റൊരാളുടെ ജി.എസ്.ടി.ഐ.എൻ. ഉപയോഗിച്ച് ഇൻവോയ്സോ അല്ലെങ്കിൽ മറ്റ് രേഖകളോ ഇറക്കുക;

20) ആവശ്യമായ തെളിവുകൾ കേടുവരുത്തുകയോ നശിപ്പിക്കുകയോ ചെയ്യുക;

21) നിയമപ്രകാരം തടഞ്ഞുവെക്കപ്പെട്ടതോ (detained), പിടിച്ചെടുത്തതോ (seized), അറ്റാച്ച്ചെയ്യപ്പെട്ടതോ ആയ ചരക്കുകൾ കേടുവരുത്തുകയോ നീക്കം ചെയ്യുകയോ ചെയ്യുക.

**ചോദ്യം 2:** പെനാൽറ്റി എന്ന പദം കൊണ്ട് എന്താണ് ഉദ്ദേശിക്കുന്നത്?

**ഉത്തരം:** പെനാൽറ്റി എന്ന പദത്തെ CGST/SGST നിയമത്തിൽ നിർവചിച്ചിട്ടില്ല. എന്നാൽ ന്യായ തീർപ്പുകളുടെയും നിയമശാസ്ത്രതത്വങ്ങളുടെയും അടിസ്ഥാനത്തിൽ പിഴയുടെ സ്വഭാവം താഴെ പറയുംവിധമാണ്:

* ഒരു കുറ്റം ചെയ്തതിനുള്ള താല്ക്കാലിക ശിക്ഷയോ, ശിക്ഷയായി നിയമപ്രകാരം അടക്കേണ്ടുന്ന തുകയോ;

* എന്തെങ്കിലും ചെയ്തതിനെ, കടമപ്രകാരം ചെയ്യേണ്ടിയിരുന്ന എന്തെങ്കിലും ചെയ്യാതിരുന്നതിനോ നിയമപ്രകാരമോ കരാർ പ്രകാരമോ ചുമത്തിയ ശിക്ഷ.

**ചോദ്യം 3:** പിഴ ചുമത്തുമ്പോൾ പാലിക്കേണ്ട പൊതുചിട്ടകൾ എന്തെല്ലാം?

**ഉത്തരം:** നിയമശാസ്ത്രത്തിൻറെയും സ്വാഭാവികനീതിയുടെയും അന്താരാഷ്ട്ര വാണിജ്യത്തെയും, സമ്മതപത്രങ്ങളെയും, നയിക്കുന്ന തത്വങ്ങളുടെയും, അടിസ്ഥാനത്തിലുള്ള ശിക്ഷണ വ്യവസ്ഥകൾക്കും വിധേയമായാണ് പിഴ ചുമത്തുന്നത്. വകുപ്പ് 126-ൽ ഉൾക്കൊള്ളുന്ന അത്തരം വ്യവസ്ഥകൾ പ്രകാരം:

* ഒരാൾക്കും, അയാൾക്കെതിരെ ഉള്ള ആരോപണങ്ങളെ ഖണ്ഡിക്കാനും പറഞ്ഞു കേൾക്കാനുമുള്ള അവസരം നൽകാതെയോ കാരണം കാണിക്കൽ നോട്ടീസ് കൊടുക്കാതെയോ, പിഴ ചുമത്താൻ പാടുള്ളതല്ല.
* പിഴ, കേസിൻറെ മുഴുവൻ വസ്തുതകളുടെയും സാഹചര്യത്തിൻറെയും അടിസ്ഥാനത്തിലായിരിക്കണം.
* നിയമത്തിൻറെയും ചട്ടത്തിൻറെയും ആരോപിക്കപ്പെട്ട ലംഘനത്തിൻറെ നിരക്കിനും തീവ്രതയ്ക്കും ആനുപാതികമായിരിക്കണം, ചുമത്തിയ പിഴ.
* പിഴ ചുമത്തിയ ഉത്തരവിൻറെ സ്വഭാവം തെളിവോടെ വ്യക്തമാക്കണം.
* നിയമത്തിൻറെ ഏത് വകുപ്പുകൾ പ്രകാരമാണ് പിഴ ചുമത്തിയതെന്ന് വ്യക്തമാക്കണം.

വകുപ്പ് 126 പ്രകാരം ഗണ്യമായ പിഴ താഴെ പറയുന്ന സാഹചര്യങ്ങളിൽ ചുമത്താൻ പാടുള്ളതല്ല:

* ലഘു നിയമലംഘനങ്ങളിൽ (5000 രൂപയിൽ താഴെ നികുതി ഉൾപ്പെട്ട ഒരു കേസിൽ വകുപ്പുകളുടെ ലംഘനമുണ്ടെങ്കിൽ അതിനെ ലഘു നിയമ ലംഘനം എന്നുപറയുന്നു); അഥവാ
* നടപടി ക്രമ (Procedural requirements)-വുമായി ബന്ധപ്പെട്ട കേസിൽ; അഥവാ
* വഞ്ചനാപരമായ ഉദ്ദേശത്തോടു കൂടിയോ പൂർണ്ണമായ നിരുത്തരവാദിത്തം മൂലമോ അല്ലാതെ വന്നുചേർന്ന, രേഖകളിൽ എളുപ്പം തിരുത്താവുന്ന തെറ്റുകളും വീഴ്ച്ചകളുമായി (രേഖകളിൽ വ്യക്തമായതെറ്റുകൾ എന്ന് നിയമത്തിൽ വിവക്ഷിക്കുന്ന) ബന്ധപ്പെട്ട കേസുകളിൽ.

കൂടാതെ, CGST/SGST നിയമപ്രകാരം എവിടെയെല്ലാം പിഴ നിശ്ചിത തുകയായോ നിശ്ചിത ശതമാനമായോ നിശ്ചയിച്ചിരിക്കുന്നുവോ അത്തരം കേസുകളിലും മേല്പറഞ്ഞത് ബാധകമാവും.

**ചോദ്യം 4:** CGST/SGST നിയമപ്രകാരം പിഴയുടെ തുക എങ്ങനെ നിജപ്പെടു ത്തിയിരിക്കുന്നു?

**ഉത്തരം:** വകുപ്പ് 122 പ്രകാരം നികുതി അടയ്ക്കാൻ ബാധ്യസ്ഥനായ ഏതൊരാളും വകുപ്പ് 122-ൽ പറഞ്ഞ കുറ്റങ്ങൾ ചെയ്തിട്ടുണ്ടെങ്കിൽ താഴെ പറയുന്നതിൽ കൂടിയ തുക പിഴയായി ചുമത്തി ശിക്ഷിക്കപ്പെടുന്നതാണ്.

* വെട്ടിപ്പ് നടത്തിയ നികുതി, തെറ്റായി നേടിയ റീഫണ്ട്/ക്രെഡിറ്റ് അഥവാ ഉറവിടത്തിൽ നികുതി തട്ടികിഴിക്കാതിരിക്കുകയോ, വസൂലാ ക്കാതിരിക്കുകയോ അല്ലെങ്കിൽ കുറച്ച് മാത്രം തട്ടികിഴിക്കുകയോ വസൂലാക്കുകയോ ചെയ്തിട്ടുണ്ടെങ്കിൽ ആ തുക;

* 10,000/- രൂപ.

കൂടാതെ വകുപ്പ് 122(2) പ്രകാരം ഏതെങ്കിലും രജിസ്റ്റർ ചെയ്ത, ആൾ ആവർ ത്തിച്ച് നികുതി അടയ്ക്കാതിരിക്കുകയോ അടയ്ക്കേണ്ടുന്ന തുകയിൽ കുറവ് വരുത്തുകയോ ആണെങ്കിൽ അയാൾ താഴെ പറയുന്നതിൽ കൂടിയ തുകയുടെ പിഴക്ക് ബാധ്യസ്ഥനായിരിക്കും.

* അടയ്ക്കാതിരുന്ന അഥവാ അടയ്ക്കുന്നതിൽ കുറവ് വരുത്തിയ നികുതിയുടെ 10%;

* 10,000/- രൂപ.

**ചോദ്യം 5:** നികുതി വിധേയ വ്യക്തി അല്ലാതെ മറ്റാർക്കെങ്കിലും പിഴ നിശ്ച യിച്ചിട്ടുണ്ടോ?

**ഉത്തരം:** ഉണ്ട്. വകുപ്പ് 122(3) പ്രകാരം 25,000/- രൂപ വരെയുള്ള പിഴ താഴെ പറയുന്ന കുറ്റങ്ങൾ ചെയ്യുന്ന ഏതൊരു വ്യക്തിക്കെതിരെയും ചുമത്താവുന്ന താണ്:

* 21 കുറ്റങ്ങളിൽ ഏതെങ്കിലും ചെയ്യാൻ പ്രേരിപ്പിക്കുകയോ സഹായിക്കു കയോ ചെയ്യുന്നവർ,

* കണ്ടുകെട്ടലിന് അധീനമായ ചരക്കുകൾ കൈകാര്യം ചെയ്യുന്നയാൾ (സ്വീകരിക്കുകയോ നൽകുകയോ സംഭരിക്കുകയോ, കടത്തുകയോ ചെയ്യുന്നത്),

* നിയമത്തിന് വിരുദ്ധമായി സേവനങ്ങൾ 'സപ്ലൈ' ചെയ്യുകയോ സ്വീക രിക്കുകയോ ചെയ്യുന്ന ആൾ,

* സമൻസ് നല്കിയ അധികാരിയുടെ മുന്നിൽ ഹാജരാകാതിരിക്കുന്ന ആൾ,

* നിയമപ്രകാരം സപ്ലൈയുമായി ബന്ധപ്പെട്ട് ഇൻവോയ്സ് ഇറക്കാതിരി ക്കുകയോ, അല്ലെങ്കിൽ ഇൻവോയ്സിൻറ്റെ വിവരങ്ങൾ കണക്കുക ളിൽ രേഖപ്പെടുത്താതിരിക്കുകയോ ചെയ്യുന്ന ആൾ.

**ചോദ്യം 6:** CGST/SGST നിയമത്തിൽ പ്രത്യേക പിഴകൾ നിശ്ചയിക്കാത്ത നിയ മലംഘനത്തിന്, എന്ത് പിഴയാണ് നിശ്ചയിച്ചിട്ടുള്ളത്?

**ഉത്തരം:** CGST/SGST നിയമത്തിൻ്റെ വകുപ്പ് 125 പ്രകാരം ഏതെങ്കിലും ആൾ നിയമത്തിലേയോ അതിനു കീഴിലുള്ള ചട്ടങ്ങളുടെയോ അല്ലങ്കിൽ വകുപ്പുകളുടെയോ ലംഘനം നടത്തിയിട്ടുണ്ടെങ്കിൽ അതിന് പ്രത്യേക പിഴ നിശ്ചയിച്ചിട്ടില്ലെങ്കിലും, 25,000/- രൂപ വരെയുള്ള പിഴ ശിക്ഷയായി നൽകാവുന്നതാണ്.

**ചോദ്യം 7:** സാധുതയുള്ള രേഖകളില്ലാതെ ചരക്കുകൾ കടത്തുകയോ അല്ലെങ്കിൽ യുക്തമായ രേഖ പുസ്തകങ്ങളിലില്ലാതെ ചരക്കുകൾ നീക്കാൻ ശ്രമിക്കുകയോ ചെയ്താൽ എന്ത് നടപടി എടുക്കാനാകും?

**ഉത്തരം:** നിയമത്തിൽ നിശ്ചയിക്കപ്പെട്ട രേഖകൾ ഇല്ലാതെ, (അതായത് ഇൻവോയ്സ്/ഡിക്ലറേഷൻ) ആരെങ്കിലും, ചരക്കുകൾ സഞ്ചാരമാർഗത്തിൽ കടത്തുകയോ സംഭരിക്കുകയോ; അല്ലെങ്കിൽ കണക്കു പുസ്തകത്തിൽ രേഖപ്പെടുത്താത്ത ചരക്കുകൾ ആരെങ്കിലും സംഭരിക്കുകയോ 'സപ്ലൈ' ചെയ്യുകയോ ചെയ്താൽ ആ ചരക്കുകൾ കടത്താൻ ഉപയോഗിച്ച വാഹനത്തോടെ തടഞ്ഞുവെക്കലിന് അധീനമാവും.

ഉടമസ്ഥൻ മുൻപോട്ടു വരുന്ന സാഹചര്യത്തിൽ: അത്തരം സാധനങ്ങൾ, ബാധകമായ നികുതിയും നികുതിയുടെ 100% പെനാൽറ്റിയും അടച്ചോ തുല്യമായ തുകയ്ക്കുള്ള ഈടിന്മേലൊ വിട്ടുകൊടുക്കാവുന്നതാണ്. നികുതി ഒഴിവുള്ള സാധനങ്ങളുടെ കാര്യത്തിൽ പെനാൽറ്റി സാധനവിലയുടെ 2% അഥവാ 25,000/- രൂപ ഇതിൽ ഏതാണോ കുറവ്, അത്;

ഉടമസ്ഥൻ മുൻപോട്ടു വരാത്ത സാഹചര്യത്തിൽ: അത്തരം സാധനങ്ങൾ, ബാധകമായ നികുതിയും നികുതിയുടെ 50% പെനാൽറ്റിയും അടച്ചോ തത്തുല്യമായ തുകയ്ക്കുള്ള ഈടിന്മേലൊ വിട്ടുകൊടുക്കാവുന്നതാണ്. നികുതി ഒഴിവുള്ള സാധനങ്ങളുടെ കാര്യത്തിൽ പെനാൽറ്റി സാധനവിലയുടെ 5% അഥവാ 25,000/- രൂപ ഇതിൽ ഏതാണോ കുറവ്, അത്.

**ചോദ്യം 8:** കോമ്പോസിഷൻ സ്കീമിന് അർഹതയില്ലാത്ത ഒരാൾ അത് ഉപയോഗപ്പെടുത്തിയാൽ എന്ത് പിഴയാണ് നിശ്ചയിച്ചിട്ടുള്ളത്?

**ഉത്തരം:** കോമ്പോസിഷൻ സ്കീം ഉപയോഗപ്പെടുത്തിയ ഒരാൾക്ക് അതിന് അർഹതയില്ലെന്ന് കണ്ടാൽ വകുപ്പ് 10(5) പ്രകാരം ശരിക്കും നികുതി അടക്കാൻബാധ്യസ്ഥനായ ഒരാൾ എത്ര നികുതി അടക്കേണമോ അതിന് തുല്യമായ പിഴഒടുക്കാൻ ബാധ്യസ്ഥനാണ്. ഈ പിഴ അയാൾ അടയ്ക്കേണ്ട നികുതിക്ക് പുറമേയാണ്.

**ചോദ്യം 9:** `കണ്ടുകെട്ടൽ' എന്നത്കൊണ്ട് എന്താണ് ഉദ്ദേശിക്കുന്നത്?

**ഉത്തരം:** കണ്ടുകെട്ടലിനെ നിയമത്തിൽ ഒരിടത്തും നിർവചിച്ചിട്ടില്ല. ഈ ആശയം ഉരുത്തിരിഞ്ഞ് വന്ന റോമൻ നിയമത്തിൽ പിടിച്ചെടുക്കുക, ചക്രവർത്തിയുടെ കൈകളിലേക്ക് എടുക്കുക, ചക്രവർത്തിയുടേതായി മാറ്റുക എന്നീ അർത്ഥങ്ങളാണ് ഉള്ളത്. അയ്യരുടെ നിയമ നിഘണ്ടു പ്രകാരം കണ്ടുകെട്ടൽ എന്ന പദത്തിന് സ്വകാര്യവസ്തുവഹകൾ രാഷ്ട്രത്തിന്പിഴയായി കൊടുത്ത് വിനിയോഗിക്കുക എന്ന അർത്ഥമാണുള്ളത്. ചുരുക്കത്തിൽ

ഇതിനർത്ഥം സാധനത്തിൻ്റെ ഉടമസ്ഥത സർക്കാരിലേയ്ക്ക് മാറ്റുക എന്ന താണ്.

**ചോദ്യം 10:** CGST/SGST നിയമപ്രകാരം ഏത് ചുറ്റുപാടിലാണ് ചരക്കുകൾ കണ്ടു കെട്ടാൻ ആവുന്നത്?

**ഉത്തരം:** CGST/SGST നിയമത്തിൻ്റെ വകുപ്പ് 70 പ്രകാരം താഴെ പറയുന്ന ഏതെങ്കിലും കാര്യങ്ങൾ ചെയ്യുമ്പോഴാണ് ചരക്കുകൾ കണ്ടുകെട്ടലിന് അധീ നമാവുന്നത്:

- നിയമത്തിലെ ഏതെങ്കിലും വകുപ്പുകൾ ലംഘിച്ച് ചരക്കുകൾ 'സപ്ലൈ' ചെയ്യുകയും അത്തരം നിയമലംഘനങ്ങൾ നികുതിയുടെ വെട്ടിപ്പിലേക്ക് (Tax evasion) നയിക്കുകയും ചെയ്യുമ്പോൾ,
- നിയമത്തിന് ആവശ്യമായ രീതിയിൽ ചരക്കുകൾ കണക്കിൽ പെടു ത്താതിരിക്കുക.
- നികുതി ബാധ്യതയുള്ള ചരക്കുകൾ രജിസ്ട്രേഷന് അപേക്ഷിക്കാതെ 'സപ്ലൈ' ചെയ്യുക,
- നികുതി വെട്ടിക്കാനായി നിയമത്തിൻ്റെയോ ചട്ടത്തിൻ്റെയോ വകു പ്പുകൾ ലംഘിക്കുക.

**ചോദ്യം 11: പ്രോപ്പർ ഓഫീസറുടെ** കണ്ടുകെട്ടലിന് ശേഷം സാധനങ്ങൾ ക്ക് എന്ത്സംഭവിക്കുന്നു?

**ഉത്തരം:** കണ്ടുകെട്ടപ്പെടുന്നതോടെ ആ സാധനങ്ങളുടെ ഉടമസ്ഥാവ കാശം സർക്കാരിൽ നിക്ഷിപ്തമാവുകയും **പ്രോപ്പർ ഓഫീസ**ർ ആവശ്യ പെടുന്ന ഏതൊരു പോലീസ് ഓഫീസറും ആ സാധനങ്ങൾ കൈവശപ്പെടു ത്തുവാൻ സഹായിക്കുകയും ചെയ്യുന്നു.

**ചോദ്യം 12:** കണ്ടുകെട്ടലിന് ശേഷം കണ്ടുകെട്ടിയ ചരക്കുകൾ വീണ്ടെടു ക്കാൻ വ്യക്തിക്ക് അവസരം നൽകേണ്ടതുണ്ടോ?

**ഉത്തരം:** ഉണ്ട്. വകുപ്പ് 130(2) പ്രകാരം കണ്ടുകെട്ടലിന് വിധേയമാകുന്ന ചരക്കുകളുടെ ഉത്തരവാദിത്തം ഉള്ള വ്യക്തിക്കോ ഉടമക്കോ കണ്ടുകെട്ടുന്ന തിന് പകരം പിഴ കൊടുക്കാനുള്ള അവസരം കൊടുക്കേണ്ടതാണ്. (ഈ പിഴകണ്ടുകെട്ടുന്ന ചരക്കുകളുടെ മാർക്കറ്റ് വിലയേക്കാൾ കൂടുതലാകരുത്). ഈപിഴ അടക്കേണ്ട നികുതിയ്ക്കും മറ്റ് ചാർജ്ജുകൾക്കുംപുറമേയാണ്.

**ചോദ്യം 13:** നിശ്ചയിക്കപ്പെട്ട രേഖകൾ ഇല്ലാതെ ചരക്കുകൾ കൊണ്ടു പോകു ന്ന വാഹനം കണ്ടുകെട്ടാമോ?

**ഉത്തരം:** അതെ; വകുപ്പ് 130 പ്രകാരം, നിയമത്തിൽ നിശ്ചയിച്ച ഡിക്ലറേഷ നോ മറ്റ് രേഖകളോ ഇല്ലാതെ ചരക്കുകൾ കൊണ്ടുപോകുന്ന ഏത്വാഹനവും കണ്ടുകെട്ടലിന് വിധേയമാണ്. എന്നാൽ വാഹനത്തിൻ്റെ ഉടമ, അയാളുടെ അറിവില്ലാതെയോ അയാൾ കൂട്ടനില്ക്കാതെയോ അയാളുടെ പ്രതിനിധി അറിയാതെയോ കൂട്ടുനില്ക്കാതെയോ ആണ് ചരക്കുകൾ ആവശ്യമായ രേഖ

കളോ ഡിക്ലറേഷനോ ഇല്ലാതെ വാഹനത്തിൽ കടത്തിയതെന്ന് തെളിയിച്ചാൽ, വാഹനം കണ്ടുകെട്ടലിന് വിധേയമാവില്ല.

**ചോദ്യം 14:** എന്താണ് പ്രോസിക്യൂഷൻ?

**ഉത്തരം:** കുറ്റം ചെയ്ത ആൾക്കെതിരെ കുറ്റം ചെയ്തു എന്ന് കാണിക്കുന്ന നിയമനടപടി ക്രമത്തിൻറെ തുടക്കവും തുടർന്നുള്ള നടപടികളുമാണ് പ്രോസിക്യൂഷൻ. ക്രിമിനൽ നടപടിക്രമത്തിൻറെ (ക്രിമിനൽ പ്രോസിഡിയർ കോഡ്) വകുപ്പ് 198 പ്രകാരം ഒരാൾക്കെതിരെയുള്ള നിയമനടപടിക്രമം തുടങ്ങുന്നതും തുടർന്നു കൊണ്ടുപോകുന്നതുമാണ് പ്രോസിക്യൂഷൻ.

**ചോദ്യം 15:** CGST/SGST നിയമപ്രകാരം പ്രോസിക്യൂഷൻ നടപടികൾ ആവശ്യമാകുന്നത് എതെല്ലാം കുറ്റങ്ങളിലാണ്?

**ഉത്തരം:** CGST/SGST നിയമത്തിൻറെ വകുപ്പ് 73-ലാണ് ക്രിമിനൽ പ്രോസിഡിങ്സും പ്രോസിക്യൂഷനും ആവശ്യമാകുന്ന ഗുരുതരകുറ്റങ്ങൾ ക്രോഡീകരിച്ചിരിക്കുന്നത്. അത്തരം 13 കുറ്റങ്ങൾ താഴെകൊടുക്കുന്നു.

a) ഇൻവോയ്സ് (Invoice) ഇല്ലാതെയോ, തെറ്റായതോ ശരിയല്ലാത്തതോ ആയ ഇൻവോയ്സ് ഉപയോഗിച്ചോ സപ്ലൈയിൽ (Supply) ഏർപ്പെടുക;

b) സപ്ലൈ നടത്താതെ ഇൻവോയ്സ് ഇറക്കുക;

c) വസൂലാക്കിയ നികുതി 3 മാസം കഴിഞ്ഞിട്ടും അടയ്ക്കാതിരിക്കുക;

d) ചരക്കുകളോ സേവനങ്ങളോ ലഭിക്കാതെ ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് (Input tax credit) എടുക്കുകയോ ഉപയോഗിക്കുകയോ ചെയ്യുക;

e) വ്യാജമായി റീഫണ്ട് നേടുക;

f) a മുതൽ e വരെ പറഞ്ഞിട്ടില്ലാത്ത ഒരു നിയമലംഘനം വഴി നികുതി വെട്ടിയ്ക്കുക, വ്യാജമായി ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് എടുക്കുക അഥവാ റീഫണ്ട് നേടുക;

g) നികുതി അടയ്ക്കുന്നതിൽ നിന്നും ഒഴിഞ്ഞുമാറാൻ വേണ്ടി തെറ്റായ വിവരങ്ങൾ നൽകുകയോ, സാമ്പത്തിക കണക്കുപുസ്തകത്തിൽ തെറ്റായി രേഖപ്പെടുത്തുകയോ അല്ലെങ്കിൽ തെറ്റായ കണക്കുകളോ രേഖകളോ നൽകുകയോ ചെയ്യുക;

h) ഏതെങ്കിലും ഉദ്യോഗസ്ഥനെ ഉത്തരവാദിത്തം നിറവേറ്റുന്നതിന് വിഘ്നം വരുത്തുകയോ തടസ്സപ്പെടുത്തുകയോ ചെയ്യുക;

i) കണ്ടുകെട്ടലിന് വിധേയമാകേണ്ട ഏതെങ്കിലും ചരക്കുകൾ സ്വീകരിക്കുന്നതിലോ, സംഭരിക്കുന്നതിലോ, കടത്തുന്നതിലോ, സപ്ലൈ ചെയ്യുന്നതിലോ ഏർപ്പെടുക;

j) നിയമത്തിന് വിരുദ്ധമായി, സേവനങ്ങൾ സപ്ലൈ ചെയ്യുക യോ സ്വീകരിക്കുകയോ, ഏർപെടുകയോ ചെയ്യുക;

k) തെളിവുകൾ നശിപ്പിക്കുകയോ അതിനായി റിക്കാർഡിൽ തിരുത്തലുകൾ വരുത്തുകയോ ചെയ്യുക

l) നിയമത്തിന്റെയും ചട്ടത്തിൻറ്റെയും അടിസ്ഥാനത്തിൽ ആവശ്യമായ വിവരങ്ങൾ നല്കാതിരിക്കുക, അല്ലെങ്കിൽ തെറ്റാ യ വിവരങ്ങൾ നല്കുക;

m) മുകളിൽ പറഞ്ഞ a മുതൽ l വരെ ഉള്ള പന്ത്രണ്ട് കുറ്റങ്ങൾ ചെയ്യുകയോ ചെയ്യുന്നതിന് സഹായം നല്കുകയോ ചെയ്യുക.

**ചോദ്യം 16:** കുറ്റംചുമത്തപ്പെട്ടാൽ എന്ത് ശിക്ഷകളാണ് CGST/SGST നിയമ ത്തിൽ നിർദ്ദേശിച്ചിരിക്കുന്നത്?

**ഉത്തരം:** വകുപ്പ് 132(1) അനുസരിച് ലഭിക്കാവുന്ന ശിക്ഷ താഴെ പറയുന്ന പ്രകാരമാണ്:

| ബന്ധപ്പെട്ട കുറ്റങ്ങൾ | ശിക്ഷ (പരമാവധി തടവിൻറ്റെ കാലാവധി) |
|---|---|
| 5 കോടി രൂപക്ക് മുകളിൽഉള്ള അല്ലെങ്കിൽ ആവർത്തിക്കപ്പെടുന്ന 250 ലക്ഷം രൂപക്ക് ഉള്ള നികുതിവെട്ടിപ്പ് | 5 വർഷം തടവും, പിഴയും |
| 5 കോടി രൂപക്കും 2 കോടി രൂപക്കും ഇടയിലുള്ള നികുതിവെട്ടിപ്പ് | 3വർഷം തടവും, പിഴയും |
| 2 കോടി രൂപക്കും 1 കോടി രൂപക്കും ഇടയിലുള്ള നികുതിവെട്ടിപ്പ് | 1വർഷം തടവും, പിഴയും |
| വ്യാജമായ രേഖകൾ,<br>ഓഫീസറെ തടസ്സപ്പെടുത്തുമ്പോൾ<br>രേഖകളിൽ കൃത്രിമം | 6 മാസം |

**ചോദ്യം 17:** CGST/SGST നിയമപ്രകാരം Cognizable, Non-Cognizable കുറ്റങ്ങൾ എന്തൊക്കെയാണ്?

**ഉത്തരം:** CGST/SGST നിയമത്തിൻറ്റെ വകുപ്പ് 132(4), 132(5) പ്രകാരം:

- വെട്ടിപ്പ് നടത്തിയ നികുതി ബാധ്യത 5 കോടി രൂപയിൽ കുറവാണെ ങ്കിൽ അത്തരം കേസുകൾ Non-Cognizable കേസുകൾ ആവുന്നു. അത്തരം കേസുകളിൽ ജാമ്യം അനുവദനീയമാണ്.
- വെട്ടിപ്പ് നടത്തിയ നികുതിബാധ്യത 5 കോടി രൂപയിൽ കൂടുതലാ യാൽ അത്തരം കേസുകൾ Non-Cognizable കേസുകളാണ്. അത്തരം കേസുകളിൽ ജാമ്യം അനുവദനീയമല്ല.

**ചോദ്യം 18:** പ്രോസിക്യൂഷൻ തുടങ്ങാൻ, നിയോഗിക്കപ്പെട്ട അധികാരിയുടെ മുൻ അനുവാദം ആവശ്യമാണോ?

**ഉത്തരം:** അതെ; ഉത്തരവാദപ്പെട്ട അധികാരിയുടെ, മുന്നനുവാദമില്ലാതെ ഒരു കുറ്റത്തിനും ആരെയും പ്രോസിക്യൂട്ട് ചെയ്യാൻ പാടില്ല.

**ചോദ്യം 19:** CGST/SGST നിയമപ്രകാരം പ്രോസിക്യൂട്ട് ചെയ്യാൻ കുറ്റം ചെയ്യാനുള്ള ഉദ്ദേശ്യം (mens-rea) കുറ്റകാരണമായ മാനസികനില (culpable mental state) എന്നീ ഘടകങ്ങൾ ആവശ്യമാണോ?

**ഉത്തരം:** കുറ്റകാരണമായ മാനസികനിലയും (culpable mental state), കുറ്റം ചെയ്യാനുള്ള ഉദ്ദേശവും (mens-rea) കുറ്റം ചെയ്യാൻ ആവശ്യമാണെന്നും അത്തരം കുറ്റങ്ങൾ അത്തരം മാനസികനില ഇല്ലാതെ ചെയ്യാൻ പറ്റില്ലെന്നും വകുപ്പ് 135-ൽ സങ്കല്പിതമാണ്.

**ചോദ്യം 20:** എന്താണ് കുറ്റകാരണമായ മാനസികനില? (Culbale mental state)

**ഉത്തരം:** ഒരു പ്രവൃത്തി ചെയ്യുമ്പോൾ കുറ്റകാരണമായ മാനസിക നിലയിലാണെന്ന് പറഞ്ഞാൽ അത്തരം മനസ്സ് പ്രകാരം

- ❖ ചെയ്യുന്ന പ്രവൃത്തി മനഃപൂർവമായിരിക്കുക;
- ❖ പ്രവൃത്തിയേയും, അതിൻറ്റെ പരിണതികളെയും പറ്റി ബോധവാനായിരിക്കുക;
- ❖ പ്രവൃത്തി ചെയ്യുന്ന ആൾ ഭീഷണിക്ക് വഴങ്ങാതെയും തടസ്സങ്ങൾ മറികടന്നും പ്രവൃത്തി ചെയ്യുക;
- ❖ പ്രവൃത്തി ചെയ്യുന്ന ആൾ ചെയ്യുന്നത് നിയമ വിധേയമല്ലെന്ന് വിശ്വസിക്കുകയോ, വിശ്വസിക്കാൻ കാരണമുണ്ടാകുകയോ ചെയ്യുക.

**ചോദ്യം 21:** CGST/SGST നിയമപ്രകാരം ഒരു കമ്പനിക്കെതിരെ പ്രോസിക്യൂഷനോ മറ്റ് നടപടികളോ നടത്താമോ?

**ഉത്തരം:** നടത്താം. CGST/SGST നിയമത്തിൻറ്റെ വകുപ്പ് 137 പ്രകാരം, ഒരു കമ്പനിയുടെ നടത്തിപ്പിൽ നിയന്ത്രണാധികാരവും ഉത്തരവാദിത്തവുമുള്ള ഏതൊരാൾക്കും എതിരെ, കമ്പനിക്കൊപ്പം, അയാളുടെ ഉത്തരവാദിത്തത്തിലുള്ള കാലഘട്ടത്തിൽ ചെയ്ത കുറ്റത്തിന്, നടപടികൾ എടുക്കുകയും ശിക്ഷിക്കുകയും ചെയ്യാവുന്നതാണ്. ഒരു കമ്പനി ചെയ്ത ഏതെങ്കിലും കുറ്റം ഏതെങ്കിലും ഉദ്യോഗസ്ഥൻറ്റെ:

- സമ്മതത്തോടെയും കൂട്ടുനിന്നതിൻറ്റെയും ഫലമായും നടന്നതാണെങ്കിൽ
- വീഴ്ച്ചകാരണം സംഭവിച്ചതാണെങ്കിൽ

ആ ഉദ്യോഗസ്ഥൻ കുറ്റം ചെയ്തതായി കണക്കാക്കി നടപടിയെടുത്ത് ശിക്ഷിക്കാവുന്നതാണ്.

**ചോദ്യം 22:** കുറ്റം ഒത്തു തീർപ്പാക്കൽ എന്നതുകൊണ്ട് ഉദ്ദേശിക്കുന്നതെന്ത്?

**ഉത്തരം:** ക്രിമിനൽ നടപടിക്രമത്തിൻറെ സെക്ഷൻ 320 പ്രകാരം പ്രോസിക്യൂട്ട് ചെയ്യുന്നത്, പരിഗണനയുടെ ബലത്തിൽ നിർത്തലാക്കുക എന്നതാണ് ഒത്തുതീർപ്പാക്കലുകൊണ്ടു ഉദ്ദേശിക്കുന്നത്.

**ചോദ്യം 23:**എല്ലാ കുറ്റങ്ങളും CGST/SGST നിയമപ്രകാരം ഒത്തുതീർപ്പാക്കാമോ?

**ഉത്തരം:** CGST/SGST നിയമത്തിൻറെ വകുപ്പ് 138 പ്രകാരം, താഴെ പറയുന്ന തൊഴികെയുള്ള ഏത് കുറ്റവും നിശ്ചയിച്ച ഒത്തുതീർപ്പ് തുക അടയ്ക്കുകയാണെങ്കിൽ അത് പരിഗണിച്ച് ഒത്തുതീർപ്പാകുന്നതാണ്. അത്തരം ഒത്തുതീർപ്പാക്കൽ പ്രോസിക്യൂഷൻ നടപടികൾ ആരംഭിക്കുന്നതിനു മുമ്പോ പിമ്പോ അനുവദനീയമാണ്.

- 15-)ം ചോദ്യത്തിൽ ക്രമപ്പെടുത്തിയ 13 ഗുരുതര കുറ്റങ്ങളിൽ 1 മുതൽ 6 വരെയുള്ളതിൽ കുറ്റം ചെയ്ത ആൾ മേൽപ്പറഞ്ഞ കുറ്റങ്ങൾക്ക് ഇതിനു മുമ്പ് ഒത്തുതീർപ്പാക്കിയിട്ടുണ്ടെങ്കിൽ;
- 13 ഗുരുതരകുറ്റങ്ങളിൽ 1 മുതൽ 7 വരെയുള്ള കുറ്റങ്ങൾ ചെയ്യാൻ സഹായിക്കുകയോ പ്രേരിപ്പിക്കുകയോ ചെയ്ത ആൾ ഇതിനുമുമ്പ് മേല്പറഞ്ഞ മറ്റേതെങ്കിലും കുറ്റം ഒത്തുതീർപ്പാക്കിയിട്ടുണ്ടെങ്കിൽ;
- മുകളിൽ പറഞ്ഞ കുറ്റങ്ങൾ ഒഴികെ SGST/CGST നിയമത്തിന് കീഴിലുള്ളതും ഒരുകോടിയിലധികം വിലയുള്ള സപ്ലൈയുമായി ബന്ധപ്പെട്ട മറ്റേത് കുറ്റവും കുറ്റം ചെയ്ത ആൾ ഇതിനു മുമ്പ് മേല്പറഞ്ഞ മറ്റേതെങ്കിലും കുറ്റം ഒത്തുതീർപ്പാക്കിയിട്ടുണ്ടെങ്കിൽ;
- SGST/CGST നിയമപ്രകാരം മാത്രമല്ലാതെ NDPSA/FEMA നിയമത്തിൻപ്രകാരം കൂടി ഉള്ള കേസുകൾ;

ഒത്തുതീർപ്പാക്കൽ അനുവദിക്കുന്നത് നികുതിയും പലിശയും പിഴയും അടച്ചതിന് ശേഷം മാത്രമാണ്. മറ്റേതെങ്കിലും നിയമത്തിന് കീഴിൽ തുടങ്ങിക്കഴിഞ്ഞ ഒരു നടപടിക്രമത്തെയും ഒത്തുതീർപ്പാക്കൽ ബാധിക്കുന്നില്ല.

**ചോദ്യം 24:** ഒത്തുതീർപ്പാക്കലിന് ധനപരമായ പരിധികളേതെങ്കിലും നിശ്ചയിച്ചിട്ടുണ്ടോ?

**ഉത്തരം:** ഒത്തുതീർപ്പാക്കലിൻറെ താഴ്ന്ന പരിധി താഴെ പറയുന്ന തുകകളിൽ ഏതാണോ വലുത് അതായിരിക്കും:

* ബന്ധപ്പെട്ട നികുതിയുടെ 50% അല്ലങ്കിൽ;
* 10,000/- രൂപ

ഒത്തു തീർപ്പാക്കലിൻറെ ഉയർന്ന പരിധി താഴെ പറയുന്ന തുകകളിൽ ഏതാണോ വലുത് അതായിരിക്കും:

* ബന്ധപ്പെട്ട നികുതിയുടെ 150% അല്ലങ്കിൽ;
* 30,000/- രൂപ.

**ചോദ്യം 25:** CGST/SGST നിയമ പ്രകാരമുള്ള കുറ്റങ്ങൾ ഒത്തുതീർപ്പാക്കിയാൽ പരിണതഫലങ്ങൾ എന്തൊക്കയാണ്?

**ഉത്തരം:** വകുപ്പ് 138 പ്രകാരം ഒത്തുതീർപ്പു തുക അടയ്ക്കുകയാണെങ്കിൽ തുടർനടപടികൾ ഈ നിയമപ്രകാരം തുടങ്ങാവുന്നതല്ല. കൂടാതെ മുമ്പേ തുടക്കം കുറിച്ച ക്രിമിനൽ നടപടികൾ അസാധുവാകുകയും ചെയ്യും.

# 21. IGST ആക്ടിന്റെ പൊതുവായ അവലോകനം

**ചോദ്യം 1:** എന്താണ് IGST?

**ഉത്തരം:** "ഇൻറഗ്രേറ്റഡ് ഗുഡ്സ് ആൻഡ് സർവീസ് ടാക്സ്" (IGST) എന്നാൽ IGST ആക്ടിന്റെ കീഴിൽ അന്തർസംസ്ഥാന വ്യാപാര വാണിജ്യങ്ങളിൽ ചരക്കുകളുടെയോ സേവനങ്ങളുടെയോ 'സപ്ലൈ'യുടെ മേൽ ചുമത്തപ്പെടുന്ന ടാക്സ് ആണ്.

**ചോദ്യം 2:** എന്താണ് അന്തർ സംസ്ഥാന സപ്ലൈകൾ?

**ഉത്തരം:** അന്തർ സംസ്ഥാന വ്യാപാര വാണിജ്യങ്ങളിൽ, ചരക്കുകളുടെയോ സേവനങ്ങളുടെയോ 'സപ്ലൈ' എന്നാൽ, സപ്ലൈ നല്കുന്നയാളിൻറെ സ്ഥലവും സപ്ലൈ ലഭിക്കുന്ന സ്ഥലവും രണ്ടു വ്യത്യസ്തസംസ്ഥാനങ്ങളിൽ ആകുമ്പോളാണ്. (IGST നിയമം വകുപ്പ്-7)

**ചോദ്യം 3:** GST-യുടെ കീഴിൽ എങ്ങനെയാണ് സാധനങ്ങളുടെയോ സേവനങ്ങളുടെയോ അന്തർസംസ്ഥാന സപ്ലൈകൾക്ക് നികുതി ചുമത്തപ്പെടുന്നത്?

**ഉത്തരം**: അന്തർസംസ്ഥാന സപ്ലൈയുടെ കാര്യത്തിൽ IGST ചുമത്തുന്നതും പിരിച്ചെടുക്കുന്നതും കേന്ദ്ര ഗവൺമെൻറ് ആണ്. IGST പൊതുവായി CGST-യും SGST-യും ചേർന്നതും നികുതി ബാധ്യതയുള്ള സാധനങ്ങളുടെയോ സേവനങ്ങളുടെയോ എല്ലാ അന്തർസംസ്ഥാന സപ്ലൈകൾക്കും ചുമത്തപ്പെടുന്നതുമാണ്. അന്തർസംസ്ഥാന സപ്ലൈയർ തൻറെ പർച്ചെസിന്മേൽ ലഭിക്കുന്ന IGST, CGST കൂടാതെ SGST ക്രെഡിറ്റുകൾ അഡ്ജസ്റ്റ്ചെയ്തഉശേഷം വർധിപ്പിച്ച മൂല്യത്തിന്മേൽ IGST അടയ്ക്കും. കയറ്റി അയക്കുന്ന സംസ്ഥാനം IGST പേയ്മെന്റിനുപയോഗിച്ച SGST ക്രെഡിറ്റ് കേന്ദ്രത്തിനു ട്രാൻസ്ഫർ ചെയ്യും. ഇറക്കുമതി ചെയ്യുന്ന ഡീലർ സംസ്ഥാനത്തു തൻറെ നികുതി പേമെന്റിനുവേണ്ടി IGST ക്രെഡിറ്റ് എടുക്കുകയും ചെയ്യും. കേന്ദ്രം ഇറക്കുമതി ചെയ്യുന്ന സംസ്ഥാനത്തിന് SGST നികുതി അടക്കാൻ ഉപയോഗിച്ച IGST ക്രെഡിറ്റ് ട്രാൻസ്ഫർ ചെയ്തു നൽകും. ബന്ധപ്പെട്ട വിവരങ്ങൾ ഒരുക്ലിയറിങ്ഹൗസ് (Clearing House) ആയി പ്രവർത്തിക്കുന്ന കേന്ദ്ര ഏജൻസിക്കു സമർപ്പിക്കുകയും അർഹതപ്പെട്ട തുക എത്രയാണെന്ന് പരിശോധിക്കുകയും തുക കൈമാറ്റം ചെയ്യാനായി അതാത് സംസ്ഥാനത്തിൻറെ ഗവൺമെൻറുകളെ അറിയിക്കുകയും ചെയ്യും.

**ചോദ്യം 4:** IGST നിയമത്തിൻറെ പ്രത്യേകതകൾ എന്തൊക്കെയാണ്?

**ഉത്തരം:** 9 അധ്യായങ്ങളിയായി 25 വകുപ്പുകളാണ് IGST നിയമത്തിലുള്ളത്. മറ്റു കാര്യങ്ങളോടൊപ്പം സപ്ലൈയുടെ സ്ഥലം ഏതെന്നു നിർണയിക്കാനുള്ള നിയമങ്ങളും ഇതിൽ ഉണ്ട്. ചരക്കുകളുടെ നീക്കം സപ്ലൈയിൽ ഉൾപെട്ടിട്ടുണ്ടെകിൽ, സ്വീകർത്താവിനു കൈമാറാനായി ചരക്കിൻറെ നീക്കം നിലക്കുന്ന സമയത്ത്, ചരക്ക്സ്ഥിതിചെയ്യുന്ന സ്ഥലമാണ് സപ്ലൈ നടന്ന സ്ഥലമായി കണക്കാക്കുന്നത്. ചരക്കുകളുടെ നീക്കം ഉൾപ്പെടാത്ത സപ്ലൈയുടെ കാര്യത്തിൽ സപ്ലൈയുടെ സ്വീകർത്താവിനു ചരക്കു കൈമാറുന്ന സ്ഥലമാണ് സപ്ലൈ നടക്കുന്ന സ്ഥലം. ഏതെങ്കിലും സ്ഥലത്തു സ്ഥാപിച്ചോ കൂട്ടി യോജി

പ്പിച്ചോ സപ്ലൈ ചെയ്യുന്ന സാധനങ്ങളെ സംബന്ധിച്ച് സ്ഥാപിക്കുന്ന അല്ലെങ്കിൽ കൂട്ടി യോജിപ്പിക്കൽ നടക്കുന്ന സ്ഥലമാണ് സപ്ലൈ നടക്കുന്ന സ്ഥലം. ചലിക്കുന്ന ഏതെങ്കിലും വാഹനത്തിൽ ഉപയോഗിക്കാൻ നൽകുന്ന സാധനങ്ങളെ സംബന്ധിച്ച്, എവിടെ വെച്ചാണോ സാധനങ്ങൾ വാഹനത്തിൽ കയറ്റിയത്, ആ സ്ഥലമാണ് സപ്ലൈ നടക്കുന്ന സ്ഥലം.

**ചോദ്യം 5:** IGST-യുടെ പ്രയോജനങ്ങൾ എന്തൊക്കെയാണ്?

**ഉത്തരം:** IGST-യുടെ പ്രധാന പ്രയോജനങ്ങൾ താഴെ പറയുന്നവയാണ്:

a. അന്തർസംസ്ഥാന ഇടപാടുകളിൽ തടസ്സംകൂടാതെയുള്ള ഇൻപുട് ടാക്സ് ക്രെഡിറ്റിൻറെ ശൃംഖല;

b. അന്തർ സംസ്ഥാന വില്പന നടത്തുന്നയാളിനും, വാങ്ങുന്നയാളിനും മുൻകൂട്ടി മൊത്തം തുക അടക്കേണ്ടാത്തതിനാൽ അവരുടെ പണം തടസ്സപ്പെടുന്നില്ല;

c. ഇൻപുട് ടാക്സ് ക്രെഡിറ്റ് അവകാശപ്പെടാം എന്നുള്ളത് കൊണ്ട് കയറ്റുമതി ചെയ്യുന്ന സംസ്ഥാനത്ത് റീഫണ്ട് ചോദിക്കേണ്ട ആവശ്യമില്ല;

d. സ്വയം പരിശോധനാ സംവിധാനമുള്ള മാതൃക;

e. നികുതി പിരിക്കൽ ലളിതമാക്കുന്നതോടൊപ്പം, ടാക്സ് ന്യൂട്രാലിറ്റിയും ഉറപ്പുവരുത്തുന്നു;

f. കൂടുതലായി ഒരു വിധ നികുതി നടപടി പാലിക്കലുകളുമില്ലാതെ ലളിതമായ കണക്കു സൂക്ഷിക്കൽ (അക്കൗണ്ടിംഗ്);

g. ബിസിനസ് ടു ബിസിനസ് ഇടപാടുകളും ബിസിനസ് ടു കസ്റ്റമർ ഇടപാടുകളും കൈകാര്യം ചെയ്യാൻ സാധിക്കുന്നു. ഉയർന്ന നിലവാരത്തിലുള്ള നികുതി നടപടി ക്രമപാലനവും കാര്യക്ഷമമായ നികുതിപിരിക്കലും എളുപ്പമാക്കുന്നു.

**ചോദ്യം 6:** കയറ്റുമതിയും ഇറക്കുമതിയും GST-യിൽ എങ്ങനെയാണു നികുതി വിധേയമാക്കുന്നത്?

**ഉത്തരം:** GST (IGST) ചുമത്തുന്ന കാര്യത്തിൽ എല്ലാ ഇറക്കുമതിയും കയറ്റുമതിയും അന്തർസംസ്ഥാന സപ്ലൈകളായിട്ടാണ് കണക്കാക്കുന്നത്. നികുതിയടവ് ലക്ഷ്യസ്ഥാന തത്വത്തിൻറെ അടിസ്ഥാനത്തിലുള്ളതും, SGST വരുമാനം ഇറക്കുമതി ചെയ്ത സാധനങ്ങളോ സേവനങ്ങളോ ഉപഭോഗം നടക്കുന്ന സംസ്ഥാനത്തിനു ലഭിക്കുകയും ചെയ്യുന്നു. ഇറക്കുമതി നടപ്പാക്കുമ്പോൾ അടയ്ക്കുന്ന IGST-ക്കു പൂർണമായി ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് ലഭിക്കുന്നു (IGST നിയമം വകുപ്പ് 5)

**ചോദ്യം 7:** IGST എങ്ങനെയാണു അടക്കേണ്ടത് ?

**ഉത്തരം:** ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് ഉപയോഗിച്ചോ അല്ലെങ്കിൽ പണമായോ IGST അടയ്ക്കാം. ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് IGST അടയ്ക്കാൻ ഉപയോഗിക്കുന്നത് താഴെ പറയുന്ന ക്രമത്തിലും മുൻഗണനയിലും വേണം:

a. ആദ്യം IGST ഇൻപുട്ട് ടാക്സ് ക്രെഡിറ്റ്, IGST അടയ്ക്കാൻ ഉപയോഗിക്കാം;

b. IGST-യുടെ ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് ഉപയോഗിച്ചു തീർന്നാൽ CGST-യുടെ ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് GST അടയ്ക്കാൻ ഉപയോഗിക്കാം;

c. IGST-യുടെയും CGST-യുടെയും ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് ഉപയോഗിച്ചു തീർന്നാൽ മാത്രമേ, SGST-യുടെ ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് IGST അടയ്ക്കാൻ ഉപയോഗിക്കാവൂ. പിന്നീട് IGST നികുതി ബാധ്യത ബാക്കി ഉണ്ടെങ്കിൽ അത് പണമായി അടയ്ക്കണം. IGST അടക്കു ന്നതിനുള്ള ഈ മുൻഗണനാക്രമം GST സിസ്റ്റം വഴി ഉറപ്പാക്കും.

**ചോദ്യം 8:** എങ്ങനെയാണു കേന്ദ്രവും, കയറ്റുമതി ചെയ്യുന്ന സംസ്ഥാനവും, ഇറക്കുമതി ചെയ്യുന്ന സംസ്ഥാനവും തമ്മിലുള്ള സെറ്റിൽമെൻറ് നടക്കുന്നത്?

**ഉത്തരം:** താഴെ പറയുന്ന രണ്ടു രീതികളിൽ കണക്കുകളുടെ സെറ്റിൽമെന്റാണ് കേന്ദ്രവും സംസ്ഥാനങ്ങളും തമ്മിൽ നടക്കുന്നതാണ്:

***കേന്ദ്രവും കയറ്റുമതിസംസ്ഥാനവും തമ്മിൽ:** കയറ്റുമതി ചെയ്യുന്ന സംസ്ഥാനം അവിടെയുള്ള സപ്ലൈയർ, SGST-യുടെ ഇൻപുട്ട് ടാക്സ് ഉപയോഗിച്ച തിനു തുല്യമായ തുക കേന്ദ്രത്തിനു കൊടുക്കണം.

***കേന്ദ്രവും ഇറക്കുമതി സംസ്ഥാനവും തമ്മിൽ:** IGST-യുടെ ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് ഉപയോഗിച്ച്, സംസ്ഥാനത്തിനുള്ളിലെ ഇടപാടുകൾക്ക് അടക്കേണ്ട SGST അടക്കാൻ ഉപയോഗിച്ചതിനു തുല്യമായ തുക കേന്ദ്രം നൽകണം.

സെറ്റിൽമെൻറ് കാലയളവിൽ എല്ലാ ഡീലർമാരും നൽകുന്ന വിവരങ്ങൾ കണക്കിലെടുത്തു മൊത്തമായിട്ടാണ് ഓരോ സംസ്ഥാനത്തിനും സെറ്റിൽ മെൻറ് നടത്തുന്നത്. CGST-യുടെയും IGST-യുടെയും സെറ്റിൽമെൻറ്റും സമാന മായ രീതിയിൽ നടത്തുന്നു.

**ചോദ്യം 9:** പ്രത്യേക സാമ്പത്തിക മേഖലയിലുള്ള യൂണിറ്റുകൾക്കും സാമ്പ ത്തിക മേഖലാ നിർമ്മാതാവിനും കൊടുക്കുന്ന സപ്ലൈകളെ എങ്ങിനെയാ ണ് പരിഗണിക്കുന്നത്?

**ഉത്തരം:** പ്രത്യേക സാമ്പത്തിക മേഖലയിലുള്ള യൂണിറ്റുകൾക്കും സാമ്പത്തിക മേഖലാ നിർമ്മാതാവിനും കൊടുക്കുന്ന സപ്ലൈകളെ കയറ്റു മതി ചെയ്യുന്ന ചരക്കുകളെപോലെ തന്നെ നികുതിരഹിതമായാണ് കണക്കാ ക്കുന്നത്. സപ്ലയർക്ക് പ്രത്യേക സാമ്പത്തിക മേഖലയിലേക്ക് നികുതി രഹിത സപ്ലൈ നടത്തുന്നതിനൊപ്പം അതിനുള്ള ഇൻപുട്ട് ടാക്സ് റീഫണ്ടിന് അവകാശ വും ഉണ്ടായിരിക്കും. (IGST നിയമം വകുപ്പ്-16)

**ചോദ്യം 10:** വ്യാപാര നടപടിക്രമങ്ങൾ പാലിയ്ക്കാനുള്ള ബാധ്യത IGST നിയമത്തിലും CGST നിയമത്തിലും ഒന്ന് തന്നെയാണോ?

**ഉത്തരം:** രജിസ്ട്രേഷൻ, റിട്ടേൺ സമർപ്പിയ്ക്കൽ, നികുതി അടയ്ക്കൽ മുതലായവയ്ക്കുള്ള നടപടിക്രമങ്ങൾ രണ്ടു നിയമത്തിലും ഒന്നുതന്നെയാണ്. IGST നിയമത്തിൽ അസ്സസ്സ്മെൻറ്റ്, ഓഡിറ്റ്, മൂല്യനിർണ്ണയം, സപ്ലൈ ചെയ്യപ്പെടുന്ന സമയം, ഇൻവോയ്സ്, കണക്കുകൾ, രേഖകൾ, അഡ്ജൂഡിക്കേഷൻ, അപ്പീൽ മുതലായവയ്ക്കുള്ള വ്യവസ്ഥകൾ CGST നിയമത്തിൽ നിന്നും കടമെടുത്തിട്ടുള്ളതാണ്. (IGST നിയമം വകുപ്പ്-20).

# 22. ചരക്കുകളുടെയും സേവനങ്ങളുടെയും 'സപ്ലൈ ലഭിച്ച സ്ഥലം' (Place of Supply of Goods and Service)

**ചോദ്യം 1:** GST-ക്കു കീഴിൽ ചരക്കുകളുടെയും സേവനങ്ങളുടേയും 'സപ്ലൈ' നടന്ന സ്ഥലത്തിൻറെ ആവശ്യം/പ്രസക്തി എന്താണ്?

**ഉത്തരം:** GST-യുടെ അടിസ്ഥാനതത്ത്വം ഇത്തരം സപ്ലൈകളുടെ ഉപഭോഗത്തെ അതിൻറെ ലക്ഷ്യസ്ഥാനത്തുവച്ചോ അല്ലെങ്കിൽ അതിൻറെ ഉപഭോഗ ഘട്ടത്തിലോ ഫലപ്രദമായി നികുതി പിരിക്കുക എന്നതാണ്. അതിനാൽ 'സപ്ലൈ നടന്ന സ്ഥലം' എന്ന വ്യവസ്ഥയാണ് നികുതി എത്തിച്ചേരേണ്ട സ്ഥലം അഥവാ നികുതിപിരിക്കപെടേണ്ട അധികാരപരിധി നിർണ്ണയിക്കുന്നത്. ഒരു ഇടപാട് അന്തർസംസ്ഥാന ഇടപാട് ആണോ അതോ സംസ്ഥാനത്തിനുള്ളിൽ ഉള്ള ഇടപാട് ആണോ എന്ന്തീരുമാനിക്കപ്പെടുന്നത് 'സപ്ലൈ നടന്ന സ്ഥലം' അടിസ്ഥാനമാക്കിയാണ്. അതായത് ഒരു സപ്ലൈ ഏതെങ്കിലും ഒരു സംസ്ഥാനത്തെ SGST-ക്കും CGST-ക്കും വിധേയമാണോ, അതോ, IGST ബാധകമാണോ എന്ന് നിർണ്ണയിക്കുന്നതിന് സപ്ലൈ നടന്ന സ്ഥലം അറിയേണ്ടത് ആവശ്യമാണ്.

**ചോദ്യം 2:** 'സപ്ലൈ നടന്ന സ്ഥലത്തെ' സംബന്ധിച്ച വ്യവസ്ഥകൾ ചരക്കുകളുടെയും സേവനങ്ങളുടെയും കാര്യത്തിൽ വ്യത്യസ്തമാകുന്നതെന്തുകൊണ്ട്?

**ഉത്തരം:** ചരക്കുകൾ പ്രത്യക്ഷമായ വസ്തുക്കൾ ആകയാൽ അവയുടെ ഉപഭോഗം നടക്കുന്നസ്ഥലം നിർണ്ണയിക്കാൻ കാര്യമായ ബുദ്ധിമുട്ടുകളൊന്നും ഉണ്ടാകാറില്ല. മിക്ക സേവനങ്ങളും പ്രത്യക്ഷമല്ലാത്തതിനാൽ അവയുടെ സപ്ലൈ നടന്ന സ്ഥലം കണ്ടുപിടിക്കാൻ പല ബുദ്ധിമുട്ടുകളും ഉണ്ടാകാറുണ്ട്. അതിനുള്ള പ്രധാന ഘടകങ്ങൾ താഴെ പറയുന്നവയാണ്:

(i) സേവനങ്ങളുടെ ഡെലിവറി നടത്തുന്ന രീതി എളുപ്പത്തിൽ മാറ്റാവുന്നതാണ്. ഉദാഹരണത്തിന് ടെലികോം സേവനം പോസ്റ്റ്-പെയ്ഡിൽ നിന്ന് പ്രീ-പെയ്ഡിലേക്കു മാറാവുന്നതാണ്; ബില്ലിംഗ്-വിലാസം മാറാവുന്നതാണ്; ബില്ലറുടെ വിലാസം മാറ്റാവുന്നതാണ്; സോഫ്റ്റ്വെയർ കേടുപാടു തീർക്കലോ അറ്റകുറ്റപ്പണിയോ സ്ഥലത്തു വന്ന് എന്നതിൽ നിന്ന് ഓൺലൈൻ ആക്കി മാറ്റാവുന്നതാണ്; ബാങ്കിങ് സേവനങ്ങൾക്കു നേരത്തെ ഉപഭോക്താവ് ബാങ്കിൽ പോകേണ്ട ആവശ്യമുണ്ടായിരുന്നു. എന്നാൽ ഇപ്പോൾ ഉപഭോക്താവിന് എവിടെനിന്നും ബാങ്കിങ്സേവനങ്ങൾ ഉപയോഗപ്പെടുത്താൻ സാധിക്കും.

(ii) സേവനദാതാവ്, സേവനസ്വീകർത്താവ്, നൽകപ്പെട്ടസേവനം എന്നിവ തിട്ടപ്പെടുത്താൻ സാധിക്കണമെന്നില്ല അല്ലെങ്കിൽ എളുപ്പത്തിൽ മൂടി വെയ്ക്കയ്ക്കപ്പെടാം. കാരണമെന്തെന്നാൽ പ്രത്യക്ഷത്തിൽ ഒന്നും നീങ്ങുന്നില്ല. മാത്രമല്ല ഒരു അടയാളവും അത് ബാക്കി വെക്കണമെന്നുമില്ല.

(iii) ഒരു സേവനം 'സപ്ലൈ' ചെയ്യുന്നതിന് സേവനദാതാവിന് ഒരു നിശ്ചിതസ്ഥാനം വേണം എന്ന് നിർബന്ധം ഇല്ല. സേവന സ്വീകർത്താവിനാകട്ടെ സേവനം യാത്രയ്ക്കിടയിൽ സ്വീകരിക്കുകയും ചെയ്യാം. ബില്ലിംഗ്സ്ഥലമാണെങ്കിൽ ഒറ്റ രാത്രി കൊണ്ട്മാറ്റാവുന്നതേയുള്ളൂതാനും.

(iv) ചിലപ്പോൾ ഒരേഘടകം തന്നെ ഒന്നിൽകൂടുതൽ സ്ഥലങ്ങളിലേക്ക് നീങ്ങാനും സാധ്യത ഉണ്ട്. ഉദാഹരണത്തിന്, ഒരു റെയിൽവേ ലൈനിൻറ്റെയോ, നാഷണൽ ഹൈവേയുടേയോ, സംസ്ഥാനങ്ങളുടെ അതിർത്തിയിൽ കൂടിയോ ഒഴുകുന്ന ഒരു നദിയ്ക്ക് കുറുകെയുള്ള പാലത്തിൻറ്റെയോ നിർമാണവും അനുബന്ധ സേവനങ്ങളും. അതുപോലെതന്നെ, ഒരു സിനിമയുടെ വിവിധ സംസ്ഥാനങ്ങളിലെ വിതരണത്തിനും എക്സിബിഷനും ഉള്ള കോപ്പിറൈറ്റ് ഒറ്റ ഇടപാടിലൂടെ നടത്താവുന്നതാണ്. അതുപോലെ ഒരു പരസ്യം അഥവാ പരിപാടി ഒരേ സമയത്തുതന്നെ രാജ്യത്തുടനീളം പ്രക്ഷേപണം ചെയ്യപ്പെടുന്നു. ഒരു എയർലൈൻ 10 ലീഫുകൾ അടങ്ങുന്ന ഒരു സീസൺ ടിക്കറ്റ് ഇറക്കുകയാണെന്നിരിക്കട്ടെ. അവ ഉപയോഗിച്ചു രാജ്യത്തു ഏതെങ്കിലും രണ്ടു സ്ഥലങ്ങൾക്കിടയിൽ യാത്രചെയ്യാവുന്നതാണ്. ഡൽഹി മെട്രോ നൽകുന്ന ഒരു കാർഡ് നോയിഡയിലോ, ഡൽഹിയിലോ, ഫരീദാബാദിലോ ഉള്ള ഒരാൾക്ക് ഉപയോഗിക്കാവുന്നതാണ്. ഡൽഹി മെട്രോയ്ക്കാകട്ടെ പണമടയ്ക്കുന്ന സമയത്തെ ഇയാളുടെ സ്ഥാനമോ യാത്രകളോ വേർതിരിച്ചറിയാൻ കഴിയുകയുമില്ല.

(v) സേവനങ്ങൾ തുടർച്ചയായി മാറിക്കൊണ്ടേയിരിക്കും, പുതിയ വെല്ലുവിളികൾ ഉയർത്തിക്കൊണ്ടേയിരിക്കും. ഉദാഹരണത്തിന് 15-20 വർഷം മുൻപ് ഡി.ടി.എച്ച്., ഓൺലൈൻ വിവരങ്ങൾ, ഓൺലൈൻ ബാങ്കിങ്, ഓൺലൈൻ ടിക്കറ്റ്ബുക്കിങ്, ഇന്റർനെറ്റ്, മൊബൈൽ ടെലികമ്യൂണിക്കേഷൻ മുതലായവയെക്കുറിച്ച് ആരും ചിന്തിച്ചുപോലും കാണില്ല.

**ചോദ്യം 3:** 'സപ്ലൈ നടന്ന സ്ഥലം' നിർണ്ണയിക്കാൻ ഉപയോഗിക്കുന്ന അനുമാനങ്ങൾ അല്ലെങ്കിൽ പ്രോക്സികൾ എന്തെല്ലാം?

**ഉത്തരം:** ഒരു സേവന ഇടപാടിൽ ഉൾപ്പെട്ട വിവിധ ഘടകങ്ങളെ 'സപ്ലൈ' നടന്ന സ്ഥലം കണ്ടുപിടിക്കാനുള്ള അനുമാനങ്ങളായി ഉപയോഗിക്കാം. മറ്റുള്ളവയെക്കാൾ കൂടുതൽ ഉചിതമായ ഫലം തരുന്ന ഒരു അനുമാനം അല്ലെങ്കിൽ പ്രോക്സി നമുക്ക് 'സപ്ലൈ ലഭിച്ച സ്ഥലം' കണ്ടുപിടിക്കുന്നതിന് ഉപയോഗിക്കാവുന്നതാണ്. ഇവയെക്കുറിച്ചാണ്താഴെ ചർച്ച ചെയ്യുന്നത്.

(1) സേവനദാതാവിൻറ്റെസ്ഥലം;

(2) സേവനസ്വീകർത്താവിൻറ്റെസ്ഥലം;

(3) ഇടപാട് നടക്കുന്ന സ്ഥലം അഥവാ പ്രവർത്തി നടക്കുന്ന സ്ഥലം;

(4) അത് ഉപഭോഗം ചെയ്യപ്പെടുന്നസ്ഥലം;

(5) യഥാർത്ഥ ആനുകൂല്യം എത്തിച്ചേരുന്ന സ്ഥലം/വ്യക്തി

**ചോദ്യം 4:** B2B (രജിസ്റ്റേഡ്-വ്യക്തികൾക്കുള്ള സപ്ലൈ), B2C (നോൺ-രജിസ്റ്റേഡ്-വ്യക്തികൾക്കുള്ള സപ്ലൈ) ഇടപാടുകളുടെ കാര്യത്തിൽ, സപ്ലൈ നടന്ന സ്ഥലത്തെ സംബന്ധിച്ചു പ്രത്യേക നിയമങ്ങൾ ഉണ്ടാകേണ്ട ആവശ്യകത എന്താണ്?

**ഉത്തരം:** B2B ഇടപാടുകളുടെ കാര്യത്തിൽ അടയ്ക്കപ്പെട്ട നികുതി, സ്വീകർത്താവ് ക്രെഡിറ്റ് ആയി എടുക്കുന്നു. അതിനാൽ ഈ ഇടപാടുകൾ വെറും പാസ്ത്രൂ ഇടപാടുകൾ ആകുന്നു. B2B സപ്ലൈയുടെ കാര്യത്തിൽ ശേഖരിക്കുന്ന GST യഥാർത്ഥത്തിൽ ഗവൺമെന്റിനു ബാധ്യതയും സ്വീകർത്താവിനു ആസ്തിയും ആയി മാറുന്നു. കാരണമെന്തെന്നാൽ സ്വീകർത്താവിനു ഇത് ഭാവി നികുതിയുടെ കാര്യത്തിൽ ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് ആയി ഉപയോഗിക്കാവുന്നതാണ്. B2B ഇടപാടുകളുടെ കാര്യത്തിൽ മിക്കപ്പോഴും സ്വീകർത്താവിൻ്റെ സ്ഥലം ആണ് പ്രധാനം. കാരണമെന്തെന്നാൽ ഭാവിയിൽ ക്രെഡിറ്റ് എടുക്കുക സ്വീകർത്താവായിരിക്കും. സാധാരണയായി സ്വീകർത്താവ് മറ്റൊരു ഉപഭോക്താവിനു വീണ്ടും സപ്ലൈചെയ്യുന്നു. ഒരു B2B ഇടപാട് B2C ഇടപാടായി മാറുമ്പോൾ മാത്രമേ സപ്ലൈയുടെ ഉപഭോഗം നടക്കുന്നുള്ളൂ. B2C ഇടപാടുകളുടെ കാര്യത്തിൽ സപ്ലൈയുടെ ഉപഭോഗം നടക്കുകയും അടയ്ക്കപ്പെട്ട നികുതി ഗവൺമെന്റിൽ എത്തിച്ചേരുകയുംചെയ്യുന്നു.

**ചോദ്യം 5:** ചരക്കുകൾ നീക്കം ചെയ്യപ്പെടുകയാണെങ്കിൽ സപ്ലൈ നടന്ന സ്ഥലം ഏതായിരിക്കും?

**ഉത്തരം:** സ്വീകർത്താവിനു സപ്ലൈക്കുവേണ്ടി ചരക്കുകളുടെനീക്കം അവസാനിക്കുന്ന സമയത്തു ചരക്കുകളുടെ സ്ഥാനം എവിടെയാണോ അവിടെയായിരിക്കും സപ്ലൈ നടന്ന സ്ഥലം. (IGST നിയമം വകുപ്പ് 10)

**ചോദ്യം 6:** ഒരു വ്യക്തി, മറ്റൊരു വ്യക്തിക്ക് മൂന്നാമതൊരു വ്യക്തിയുടെ നിർദ്ദേശ പ്രകാരം ചരക്കു സപ്ലൈ ചെയ്യുകയാണെങ്കിൽ ഏതായിരിക്കും സപ്ലൈ നടന്ന സ്ഥലം?

**ഉത്തരം:** ഇത്തരം സാഹചര്യത്തിൽ മൂന്നാമത്തെ വ്യക്തിക്ക് ചരക്കുകൾ ലഭിച്ചതായി കണക്കാക്കുന്നു. അതിനാൽ ആ വ്യക്തിയുടെ, മുഖ്യ ബിസിനസ്സ് സ്ഥലത്തെ സപ്ലൈ നടന്ന സ്ഥലം ആയി കണക്കാക്കുന്നു. (IGST നിയമം വകുപ്പ് 9).

**ചോദ്യം 7:** യാത്രചെയ്യുമ്പോൾ, അതായതു കപ്പലിലോ വിമാനത്തിലോ ട്രെയിനിലോ അല്ലെങ്കിൽ ഒരു മോട്ടോർ വാഹനത്തിലോ വച്ച് ചരക്കുകൾ/സേവനങ്ങൾ സപ്ലൈ ചെയ്യപ്പെടുകയാണെങ്കിൽ ഏതായിരിക്കും സപ്ലൈ നടന്ന സ്ഥലം?

**ഉത്തരം:** ചരക്കുകളുടെ കാര്യത്തിൽ അവ വാഹനത്തിൽ കയറ്റിയ സ്ഥലം ആയിരിക്കും സപ്ലൈ നടന്ന സ്ഥലം. (IGST നിയമം വകുപ്പ് 9). എന്നാൽ, സേവനങ്ങളുടെ കാര്യത്തിൽ ആ യാത്ര പുറപ്പെടാൻ നിശ്ചയിച്ചിരുന്ന സ്ഥലം ആയിരിക്കും സപ്ലൈ നടന്ന സ്ഥലം. (IGST നിയമം വകുപ്പ് 12, 13).

**ചോദ്യം 8:** B2B സേവനങ്ങളുടെ കാര്യത്തിൽ സപ്ലൈ നടന്ന സ്ഥലത്തെ കുറിച്ചുള്ള സ്വതവേയുള്ള അനുമാനം എന്താണ്?

**ഉത്തരം:** രജിസ്റ്റേർഡ് നികുതിദായകർ, നോൺ-രജിസ്റ്റേർഡ് നികുതിദായകർ, എന്നിവയാണ് IGST നിയമത്തിൽ ഉപയോഗിച്ചിരിക്കുന്ന പദങ്ങൾ. രജിസ്റ്റേർഡ് വ്യക്തികൾക്കുള്ള സപ്ലൈയുടെ കാര്യത്തിൽ ആ വ്യക്തിയുടെ സ്ഥലം ആണ് സപ്ലൈ നടന്ന സ്ഥലം എന്നതാണ് അനുമാനം. സ്വീകർത്താവ് രജിസ്റ്റേർഡ് ആയതിനാൽ വിലാസം ലഭ്യമായിരിക്കും. അതിനാൽ ആ സ്ഥലം തന്നെ ആയിരിക്കും സപ്ലൈ നടന്ന സ്ഥലം.

**ചോദ്യം 9:** രജിസ്റ്റർ ചെയ്യാത്ത സ്വീകർത്താക്കളുടെ കാര്യത്തിൽ സപ്ലൈ നടന്ന സ്ഥലത്തെകുറിച്ചുള്ള സ്വതവേയുള്ള അനുമാനം എന്താണ്?

**ഉത്തരം:** രജിസ്റ്റർ ചെയ്യാത്ത സ്വീകർത്താക്കളുടെ കാര്യത്തിൽ സാധാരണ ഗതിയിൽ സ്വീകർത്താവിൻ്റെ സ്ഥലം ആയിരിക്കും സപ്ലൈ നടന്ന സ്ഥലം. എന്നിരുന്നാലും പലപ്പോഴും സ്വീകർത്താവിൻ്റെ വിലാസം ലഭ്യമല്ല, അത്തരം സന്ദർഭങ്ങളിൽ സേവനങ്ങൾ സപ്ലൈ ചെയ്യുന്നവരുടെ സ്ഥലം സപ്ലൈ നടന്ന സ്ഥലം ആയി പരിഗണിക്കപ്പെടും.

**ചോദ്യം 10:** സ്ഥാവര വസ്തുക്കളുടെ കാര്യത്തിൽ വസ്തു സ്ഥിതിചെയ്യുന്ന സ്ഥലം തന്നെയാണ് സപ്ലൈ നടന്ന സ്ഥലം. ഡൽഹിയിൽ നിന്ന് മുംബൈയിയിലേക്ക് ഒന്നിലധികം സംസ്ഥാനങ്ങളിൽ കൂടി കടന്നു പോകുന്ന ഒരു റോഡ് നിർമ്മിക്കുകയാണെന്നു കരുതുക, അങ്ങനെയെങ്കിൽഏതായിരിക്കും സപ്ലൈ നടന്ന സ്ഥലം?

**ഉത്തരം:** സ്ഥാവര വസ്തുക്കൾ ഒന്നിൽ കൂടുതൽ സംസ്ഥാനങ്ങളിൽ സ്ഥിതിചെയ്യുകയാണെങ്കിൽ, ഓരോ സംസ്ഥാനത്തും അതതു കരാറുകളുടെയോ ഉടമ്പടികളുടെയോ മറ്റുന്യായമായ വ്യവസ്ഥകളുടെ അടിസ്ഥാനത്തിലോ വെവ്വേറെ ശേഖരിച്ച, അല്ലെങ്കിൽ, നിശ്ചയിച്ച സേവനങ്ങളുടെ മൂല്യത്തിൻ്റെ അനുപാതത്തിലും കരാറുകളും ഉടമ്പടികളും ഇല്ലാത്ത പക്ഷം ഇതിലേക്കായി നിർദ്ദേശിക്കപ്പെട്ടിട്ടുള്ള മറ്റുള്ളവയുടെ അടിസ്ഥാനങ്ങളിലും, അതതു സംസ്ഥാനങ്ങളിൽ സേവനങ്ങളുടെ സപ്ലൈ നടന്നതായികണക്കാക്കും. (IGST നിയമം വകുപ്പ്12(3) ലെ വിശദീകരണം നോക്കുക)

**ചോദ്യം 11:** ഐപിഎൽ ക്രിക്കറ്റ് പരമ്പരപോലെ ഒന്നിലധികം സംസ്ഥാനങ്ങളിൽ നടക്കുന്ന ഒരു പരിപാടി സംഘടിപ്പിക്കുമ്പോൾ ഏതായിരിക്കും സേവനങ്ങളുടെ സപ്ലൈ നടന്ന സ്ഥലം?

**ഉത്തരം:** ഇതുപോലുള്ള പരിപാടികളുടെ കാര്യത്തിൽ, സേവനങ്ങളുടെ സ്വീകർത്താവ് രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിൽ ആ വ്യക്തിയുടെ സ്ഥലം ആയിരിക്കും സപ്ലൈ നടന്ന സ്ഥലം. എന്നാൽ സേവനങ്ങളുടെ സ്വീകർത്താവ് രജിസ്റ്റർ ചെയ്തിട്ടില്ലെങ്കിൽ, പരിപാടി നടക്കുന്ന സ്ഥലം ആയിരിക്കും സപ്ലൈ നടന്ന സ്ഥലം ഇത്തരം പരിപാടികൾ ഒന്നിലധികം സംസ്ഥാനങ്ങളിൽ നടക്കുന്നതിനാലും ഒരു ഏകീകരിക്കപ്പെട്ട തുക ഇത്തരം സേവനങ്ങളുടെ ചാർജ് ആയതിനാലും, ഓരോ സംസ്ഥാനത്തും നൽകപ്പെടുന്ന സേവനങ്ങളുടെ മൂല്യ

ത്തിൻ്റെ അനുപാതത്തിൽ അതത് സംസ്ഥാനങ്ങളെ സപ്ലൈ നടന്ന സ്ഥലങ്ങ ളായി കണക്കാക്കുന്നു.

**ചോദ്യം 12: ട്രാൻസ്പോർട് സേവനങ്ങൾ** (കൊറിയർ) വഴി അയയ്ക്കുന്ന ചരക്കുകളുടെ കാര്യത്തിൽ ഏതായിരിക്കും സപ്ലൈ നടന്ന സ്ഥലം?

**ഉത്തരം:** ആഭ്യന്തര സപ്ലൈകളുടെ കാര്യത്തിൽ, സ്വീകർത്താവ് രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിൽ, സ്വീകർത്താവിൻ്റെ സ്ഥലം ആകും സപ്ലൈ നടന്ന സ്ഥലം. എന്നാൽ സ്വീകർത്താവ് രജിസ്റ്റർ ചെയ്യാത്തപക്ഷം, ചരക്കുകൾ എവിടെ വച്ചാണോ കയറ്റിക്കൊണ്ടു പോകാനായി കൈമാറുന്നത് ആ സ്ഥലം ആയിരിക്കും സപ്ലൈ നടന്ന സ്ഥലം. അന്താരാഷ്ട്ര സപ്ലൈകളുടെ കാര്യ ത്തിൽ കൊറിയർ സേവനങ്ങൾ ഒഴികെയുള്ള ട്രാൻസ്പോർട്ട് സേവനങ്ങൾ ക്ക്, സാധനങ്ങൾ എത്തിച്ചേരുന്ന സ്ഥലമാണ് സപ്ലൈ നടന്ന സ്ഥലം. കൊറി യർ സേവനത്തിൻ്റെ കാര്യത്തിൽ സാധനങ്ങൾ കൊറിയർ സ്ഥാപനത്തി ന് കൈമാറിയ സ്ഥലമാണ് സപ്ലൈ നടന്ന സ്ഥലം. എന്നാൽ കൊറിയർ സേവനം ഭാഗികമായി ഇന്ത്യയിലാണ് നടന്നതെങ്കിൽ പോലും സപ്ലൈ നടന്ന സ്ഥലം ഇന്ത്യയായി കണക്കാക്കാം IGST നിയമം വകുപ്പ് 13(3), 13(6) & 13(9).

**ചോദ്യം 13:** ഒരു വ്യക്തി മുംബൈയിൽ നിന്ന് ഡൽഹിയിലേക്കും അവിടെ നിന്ന് തിരിച്ചു മുംബൈയിലേക്കും യാത്ര ചെയ്യുകയാണെങ്കിൽ ഏതായിരി ക്കും സപ്ലൈ നടന്ന സ്ഥലം?

**ഉത്തരം:** ആ വ്യക്തി രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിൽ ആ വ്യക്തിയുടെ സ്ഥലം ആയിരിക്കും സപ്ലൈ നടന്ന സ്ഥലം. വ്യക്തി രജിസ്റ്റർ ചെയ്തിട്ടില്ലെങ്കിൽ, മും ബൈയിൽ നിന്ന് ഡൽഹിയിലേക്കുള്ള യാത്രയുടെ സപ്ലൈ നടന്ന സ്ഥലം മുംബൈ ആയിരിക്കും. കാരണം മുംബൈ ആണ് ആ വ്യക്തി യാത്ര തുടങ്ങി യ സ്ഥലം.

എന്നാൽ മടക്കയാത്രയുടെ കാര്യത്തിൽ, ഡൽഹി ആയിരിക്കും സപ്ലൈ നടന്ന സ്ഥലം. കാരണം മടക്കയാത്രയെ മറ്റൊരു യാത്രയായി തന്നെ കണക്കാക്കേണ്ടതാണ്. (IGST നിയമം വകുപ്പ് 12(9) വിശദീകരണം നോക്കുക).

**ചോദ്യം 14:** ഇന്ത്യയിൽ മുഴുവൻ യാത്രചെയ്യാനുള്ള ഒരുടിക്കറ്റ്/പാസ്സ് എയർ ഇന്ത്യ ഒരു വ്യക്തിക്ക് നൽകുകയാണെങ്കിൽ ഏതായിരിക്കും സപ്ലൈ നടന്ന സ്ഥലം?

**ഉത്തരം:** മുകളിലെ സാഹചര്യത്തിൽ, യാത്ര പുറപ്പെടുന്ന സ്ഥലത്തെകുറി ച്ചുള്ള വിവരം ഇൻവോയ്സ് ഉണ്ടാക്കുന്ന സമയത്തു ലഭ്യമാകില്ല. കാരണമെന്തെ ന്നാൽ യാത്രാവകാശം ഭാവി ഉപയോഗത്തിനുള്ളതാണ്. അതിനാൽ, യാത്ര പുറപ്പെടുന്നസ്ഥലം സപ്ലൈ നടന്ന സ്ഥലം ആകാൻ സാധിക്കില്ല. ഇത്തരം സന്ദർഭങ്ങളിൽ, പൊതു ചട്ടം (ഡിഫാൾട്ട് ചട്ടം) ബാധകമായിരിക്കും. (IGST നിയമം വകുപ്പ് 12(9) ഉപാധികൾ നോക്കുക).

**ചോദ്യം 15:** മൊബൈൽ ഫോൺ കണക്ഷൻ്റെ കാര്യത്തിൽ സപ്ലൈ നടന്ന സ്ഥലം ഏതായിരിക്കും? അതു വിതരണക്കമ്പനിയുടെ സ്ഥലം ആയിരിക്കു മോ?

**ഉത്തരം:** ആഭ്യന്തര സപ്ലൈകളുടെ കാര്യത്തിൽ മൊബൈൽ സേവന ങ്ങൾ സപ്ലൈ ചെയ്യുന്ന കമ്പനിയുടെ സ്ഥലം, സപ്ലൈ നടന്ന സ്ഥലം ആകാൻ സാധിക്കില്ല. കാരണമെന്തെന്നാൽ, മൊബൈൽ കമ്പനികൾ ഒന്നിലധികം സംസ്ഥാനങ്ങളിൽ ഈ സേവനങ്ങൾ നൽകുന്നു. മാത്രമല്ല മിക്ക സേവനങ്ങ ളും അന്തർസംസ്ഥാന സേവനങ്ങളും ആകുന്നു. സപ്ലൈ നടന്ന സ്ഥലവും കമ്പനിയുടെ സ്ഥലവും ഒന്നായാൽ ഉപഭോഗ തത്ത്വം തന്നെ തകർന്നു പോകും. കാരണമെന്തെന്നാൽ, റവന്യൂ മുഴുവൻ വിതരണക്കമ്പനികൾ ഉള്ള ഏതാനും സംസ്ഥാനങ്ങളിലേക്ക് പോകും.

മൊബൈൽ കണക്ഷനുള്ള സപ്ലൈ നടന്ന സ്ഥലം കണക്ഷൻ പോസ്റ്റ്=പെയ്ഡ് അല്ലെങ്കിൽ പ്രീ=പെയ്ഡ് ആണോ എന്നതിനെ ആശ്രയിച്ചിരിക്കും. പോസ്റ്റ്=പെയ്ഡ് കണക്ഷനുകളുടെ കാര്യത്തിൽ സേവനസ്വീകർത്താവിൻറ്റെ ബില്ലിംഗ് വിലാസം ആയിരിക്കും സപ്ലൈ നടന്ന സ്ഥലം. പ്രീ-പെയ്ഡ് കണക്ഷനുകളുടെ കാര്യത്തിൽ, ഇത്തരം കണക്ഷനുകളുടെ പേയ്മെൻറ്റ് ലഭിക്കുന്ന സ്ഥലം അല്ലെങ്കിൽ ഇത്തരം പ്രീ-പെയ്ഡ് വൗച്ചറുകൾ വിറ്റുപോകുന്ന സ്ഥലം ആയിരിക്കും സപ്ലൈ നടന്ന സ്ഥലം. എന്നാൽ ഇൻറ്റർനെറ്റ്/ഇ-പേയ്മെന്റ് വഴിയാണ് റീച്ചാർജ് എങ്കിൽ, സേവനസ്വീകർത്താവിൻറ്റെ രേഖ കളിലുള്ള സ്ഥലം ആയിരിക്കും സപ്ലൈ നടന്ന സ്ഥലം.

അന്താരാഷ്ട്ര സപ്ലൈകളുടെ കാര്യത്തിൽ സേവനങ്ങൾ സ്വീകരിയ്ക്കുന്ന വ്യക്തിയുടെ സ്ഥാനം ആയിരിയ്ക്കും ടെലികോം സേവനങ്ങളിൽ സപ്ലൈ നടന്ന സ്ഥലമായി കണക്കാക്കുന്നത്.

**ചോദ്യം 16:** ഗോവയിലുള്ള ഒരു വ്യക്തി ഡൽഹിയിലുള്ള ഒരു ബ്രോക്കറിൽ നിന്ന് നാഷണൽ സ്റ്റോക്ക് എക്സ്ചേഞ്ച് (മുംബൈ) വഴി ഓഹരികൾ വാങ്ങുന്നു. അങ്ങനെയെങ്കിൽ സപ്ലൈ നടന്ന സ്ഥലം ഏതായിരിക്കും?

**ഉത്തരം:** സേവന ദാതാവിൻറ്റെ രേഖകൾ പ്രകാരം സേവന സ്വീകർത്താ വിൻറ്റെ സ്ഥലം ഏതാണോ അതായിരിക്കും സപ്ലൈ നടന്ന സ്ഥലം. അതു കൊണ്ട് ഗോവ സപ്ലൈ നടന്ന സ്ഥലം ആകുന്നു.

**ചോദ്യം 17:** മുംബൈയിൽ നിന്ന് ഒരാൾ കുളു-മണാലിയിലേക് പോകുന്നു. അയാൾ മണാലിയിലെ ഐസിഐസിഐ ബാങ്കിൽ നിന്ന് ചില സേവന ങ്ങൾ എടുക്കുന്നു. അങ്ങനെയെങ്കിൽ സപ്ലൈ നടന്ന സ്ഥലം ഏതായിരിക്കും?

**ഉത്തരം:** സേവനം സ്വീകർത്താവിൻറ്റെ അക്കൗണ്ടുമായി ബന്ധപ്പെട്ടല്ലെ ങ്കിൽ സപ്ലൈ നടന്ന സ്ഥലം കുളു ആകുന്നു. (അതായതു സേവനദാതാ വിൻറ്റെ സ്ഥലം). എന്നാൽ സേവനം സ്വീകർത്താവിൻറ്റെ അക്കൗണ്ടുമായി ബന്ധപ്പെട്ട് ആണെങ്കിൽ സപ്ലൈ നടന്ന സ്ഥലം മുംബൈ ആകുന്നു. (അതാ യത് സേവനദാതാവിൻറ്റെ രേഖകൾപ്രകാരം സ്വീകർത്താവിൻറ്റെ സ്ഥലം).

**ചോദ്യം 18:** ഗുഡ്ഗാവ് സ്വദേശിയായ ഒരാൾ എയർ ഇന്ത്യ വിമാനത്തിൽ മുംബൈയിൽനിന്നും ഡൽഹിക്ക് പോകുന്നു. ഇയാൾക്കു യാത്ര ഇൻഷുറൻ സ് ലഭിക്കുന്നത് മുംബൈയിൽനിന്നാണ്. അങ്ങനെയെങ്കിൽ, സപ്ലൈ നടന്ന സ്ഥലംഏതായിരിക്കും?

**ഉത്തരം:** ഇൻഷ്വറൻസ് സേവനങ്ങൾ സപ്ലൈ ചെയ്യുന്നയാളിൻ്റെ രേഖകൾ പ്രകാരം സേവനങ്ങളുടെ സ്വീകർത്താവിൻ്റെ സ്ഥലം ഏതാണോ അതായിരിക്കും സപ്ലൈ നടന്ന സ്ഥലം. അതുകൊണ്ട് ഗുഡ്ഗാവ് സപ്ലൈ നടന്ന സ്ഥലംആകുന്നു (IGST നിയമം വകുപ്പ് 11(13) ഉപാധി നോക്കുക).

# 23. GSTN ഉം- GST പോർട്ടലിലെ ഫ്രണ്ടെന്റ് ബിസിനസ് പ്രോസസും

**ചോദ്യം 1:** ജി.എസ്.ടി.എൻ. എന്നാൽ എന്താണ്?

**ഉത്തരം:** ചരക്കു സേവന നികുതി ശൃംഖല (ജി.എസ്.ടി.എൻ.) എന്നത് ഒരു ലാഭേച്ഛയില്ലാത്ത സർക്കാർ-ഇതര കമ്പനി ആണ്. കേന്ദ്ര, സംസ്ഥാന സർക്കാരുകൾക്കും, നികുതിദാതാക്കൾക്കും, തല്പരകക്ഷികൾക്കും വിവരസാങ്കേതിക വിദ്യയുടെ അടിസ്ഥാന സൗകര്യങ്ങളും, സേവനവും നൽകുകയാണ് ഇതിൻറെ ലക്ഷ്യം. രജിസ്ട്രേഷൻ, റിട്ടേൺ, പേയ്മെൻറ് എന്നീ സേവനങ്ങൾ ജി.എസ്.ടി.എൻ. നികുതിദാതാക്കൾക്കു നൽകുന്നു. സർക്കാരും നികുതി ദാതാക്കളും തമ്മിലുള്ള സമ്പർക്കം *ജി.എസ്.ടി.എൻ. മുഖേനയായിരിക്കും.*

**ചോദ്യം 2:** *ജി.എസ്.ടി.എൻ.* സൃഷ്ടിക്കേണ്ട ആവശ്യകത എന്തായിരുന്നു?

**ഉത്തരം:** ജി.എസ്.ടി.സിസ്റ്റം പദ്ധതി നൂതനവും സങ്കീർണവുമായ ഒരു വിവര സാങ്കേതിക സംരംഭമാണ്. ആദ്യമായി, നികുതി ദാതാക്കൾക്കായി ഒരു ഏകീകൃത സമ്പർക്കമുഖവും കേന്ദ്ര, സംസ്ഥാന സർക്കാരുകൾക്ക് പൊതുവായ വിവര സാങ്കേതിക അടിസ്ഥാന സൗകര്യങ്ങളും ജി.എസ്.ടി. എൻ. നൽകുന്നു. ഇപ്പോൾ, കേന്ദ്ര, സംസ്ഥാന പരോക്ഷ നികുതി വകുപ്പുകൾ വ്യത്യസ്ത നിയമങ്ങൾ, ചിട്ടകൾ, നടപടിക്രമങ്ങൾ എന്നിവ പാലിക്കുന്നു. അതിനാൽ, വിവരസാങ്കേതിക സംവിധാനങ്ങളും വേറിട്ടു തന്നെ നിൽക്കുന്നു. ജി.എസ്.ടി. നടപ്പാക്കുന്നതിനായി അവ ഏകോപിപ്പിക്കുക എന്നത് സംങ്കീർണമായിരിക്കും. കാരണം, അതിനായി മുഴുവൻ പരോക്ഷനികുതി സംവിധാനങ്ങളെയും (കേന്ദ്ര, സംസ്ഥാന, കേന്ദ്ര-ഭരണപ്രദേശങ്ങൾ എന്നിവിടങ്ങളിലെ) ഒരേ വിവര സാങ്കേതിക നിലവാരത്തിലേക്ക് എത്തിക്കേണ്ടതുണ്ട്. മാത്രമല്ല, ജി.എസ്.ടി. ഒരു ലക്ഷ്യാധിഷ്ഠിത നികുതി ആയതിനാൽ ചരക്കുകളുടെയും സേവനങ്ങളുടെയും അന്തർ-സംസ്ഥാന വ്യാപാരത്തിന് ശക്തിമത്തായ ഒരു ഒത്തുതീർപ്പു സംവിധാനവും ആവശ്യമായിവരുന്നു. ശക്തമായ വിവര സാങ്കേതിക അടിസ്ഥാനസൗകര്യങ്ങളും സേവന സംവിധാനവും ഉണ്ടെങ്കിൽ മാത്രമേ ഇത് സാധ്യമാവുകയുള്ളൂ. വിവിധ തത്പരകക്ഷികൾ (നികുതിദാതാക്കൾ, കേന്ദ്ര, സംസ്ഥാന സർക്കാരുകൾ, ബാങ്കുകൾ, ആർ.ബി. ഐ.) തമ്മിൽ സുഗമമായ വിവര ശേഖരണം, സംസ്കരണം, കൈമാറ്റം എന്നിവ ഇത് സാധ്യമാക്കും. ഈ ലക്ഷ്യങ്ങൾ നേടിയെടുക്കാൻ ജി.എസ്.ടി.എൻ സൃഷ്ടിച്ചത്.

**ചോദ്യം 3:** ജി.എസ്.ടി.എൻ-ൻറെ ഉൽഭവം എങ്ങിനെയായിരുന്നു?

**ഉത്തരം:** വിവര സാങ്കേതിക വിദ്യയുടെ അടിസ്ഥാന സൗകര്യങ്ങളുടെ ശക്തമായ ആവശ്യകത 21/7/2010-ൽ നടന്ന സംസ്ഥാന ധനകാര്യ മന്ത്രിമാരുടെ 'എംപവർഡ് കമ്മിറ്റി' 2010-ലെ നാലാമത്തെ യോഗത്തിൽ ചർച്ച ചെയ്യുകയുണ്ടായി. പ്രസ്തുത യോഗത്തിൽ, ജി.എസ്.ടി.-ക്കായുള്ള വിവര സാങ്കേതിക അടിസ്ഥാന സൗകര്യങ്ങൾക്കായി ഒരു 'എംപവർഡ്ഗ്രൂപ്പ്' (ഇ. ജി.) സ്ഥാപി

ക്കാൻ തീരുമാനിക്കുകയുണ്ടായി. ഡോ: നന്ദൻ നിലേകാനി അധ്യക്ഷനായി, അഡിഷണൽ സെക്രട്ടറി (റവന്യൂ), മെമ്പർ (B&C), CBEC, ഡി.ജി.(സിസ്റ്റംസ്), CBEC, FA ധനകാര്യ മന്ത്രാലയം, മെമ്പർ സെക്രട്ടറി, E.C., അഞ്ചു സംസ്ഥാന ട്രേഡ് ടാക്സ് കമ്മീഷണർമാർ (മഹാരാഷ്ട്ര, അസ്സാം, കർണാടക, പശ്ചിമബംഗാൾ, ഗുജറാത്ത്) എന്നിവർ ഇതിലെ അംഗങ്ങളാണ്. ഈ ഗ്രൂപ്പിന് നൽകിയ അനുശാസനങ്ങൾ ജി.എസ്.ടി.എൻ. എന്ന് വിളിക്കപ്പെടുന്ന ഒരു പൊതു ജാലകം നടപ്പാക്കാനുള്ള (ഒരു നാഷണൽ ഇൻഫർമേഷൻ യൂട്ടിലിറ്റി (NIU/SPV) സ്ഥാപിക്കാനുള്ള) നടപടിക്രമങ്ങൾ, പ്രസ്തുത നാഷണൽ ഇൻഫർമേഷൻ യൂട്ടിലിറ്റിയുടെ ഘടന, നടപ്പാക്കാനുള്ള നടപടിക്രമങ്ങൾ, പരിശീലന സംവിധാനം എന്നിവ നിർദേശിക്കുക എന്നതായിരുന്നു.

മാർച്ച് 2010-ൽ ധനകാര്യ മന്ത്രാലയം രൂപീകരിച്ച 'ടി.എ.ജി.യു.പി.', 'നാഷണൽ ഇൻഫർമേഷൻ യൂട്ടിലിറ്റി'കൾ സ്വകാര്യ കമ്പനികളായി രൂപീകരിക്കാൻ നിർദ്ദേശിച്ചു. GST പോലുള്ള ബൃഹത്തും സങ്കീർണവുമായ സർക്കാർ വിവര സാങ്കേതിക സംരംഭങ്ങൾ നടപ്പാക്കുക എന്ന പൊതു ലക്ഷ്യമാണ് ഇവയ്ക്കുണ്ടാവുക. 'ടി.എ.ജി.യു.പി.'-ൻറെ ഉദ്ദേശം GST, TIN, NPS, തുടങ്ങിയ വിവര സാങ്കേതിക സംരംഭങ്ങളുടെ സാങ്കേതികവശങ്ങൾ പഠിക്കുക എന്നതായിരുന്നു.

2010 ആഗസ്റ്റ് 2-നും, 2011 ആഗസ്റ്റ് 8-നും ഇടയിൽ 'എംപവർഡ്ഗ്രൂപ്പ്' ഏഴ് സമ്മേളനങ്ങൾ നടത്തുകയുണ്ടായി. ചർച്ചകൾക്ക് ശേഷം, ജി.എസ്.ടി. സിസ്റ്റംസ് പദ്ധതി നടപ്പാക്കാനായി ഒരു 'സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ' രൂപീകരിക്കാൻ ഇ.ജി. നിർദേശിച്ചു. ബുദ്ധിമുട്ടേറിയ ഒരു പരിതസ്ഥിതിയിൽ ,കാര്യക്ഷമമായ രീതിയിൽ സേവനങ്ങൾ നൽകാൻ ജി.എസ്.ടി.എൻ. എസ്.പി.വി. ക്കായി ഒരു സർക്കാർ-ഇതര ഘടനയാണ് ഇ.ജി. നിർദ്ദേശിച്ചത്. സ്വതന്ത്രമായ നടത്തിപ്പ്, തന്ത്രപ്രധാനമായ സർക്കാർ നിയന്ത്രണം, വ്യവസ്ഥിതിയുടെ ഘടനാപരമായ വഴക്കം, ത്വരിതമായ തീരുമാനം എടുക്കൽ, മനുഷ്യവിഭവ നിലനിർത്തൽ എന്നിവ ലക്ഷ്യം വച്ചു 49% സർക്കാർ ഓഹരി പങ്കാളിത്തതോടു കൂടിയാണ് (കേന്ദ്രസർക്കാർ -24.5%, സംസ്ഥാനസർക്കാർ-24.5%) പ്രസ്തുത ജി.എസ്.ടി.എൻ. എസ്.പി.വി. രൂപീകരിക്കാൻ ലക്ഷ്യമിട്ടത്.

ജി.എസ്.ടി.എൻ.-ൻറ്റെ പ്രാധാന്യവും അതിൽ ലഭ്യമായ വിവരങ്ങളും പരിഗണിച്ചു. ജി.എസ്.ടി.എൻ.-ൻറ്റെ മേൽ സർക്കാരിൻറ്റെ തന്ത്രപ്രധാനമായ നിയന്ത്രണവും ഇ.ജി. പരിഗണിക്കുകയുണ്ടായി. ബോർഡിൻറ്റെ ഘടന, 'സ്പെഷ്യൽ റെസൊല്യൂഷൻ', 'ഷെയർ ഹോൾഡേഴ്സ് എഗ്രിമെൻറ്' എന്നിവയുടെ പ്രവർത്തനരീതി, സർക്കാർ ഉദ്യോഗസ്ഥരുടെ ഡെപ്യൂറ്റേഷൻ നിയമനം, ജി.എസ്.ടി.എൻ. എസ്.പി.വി.-യും സർക്കാരും തമ്മിലുള്ള കരാറുകൾ എന്നിവ മുഖാന്തിരം എസ്.പി.വി-ക്കു മേൽ സർക്കാരിൻറ്റെ നിയന്ത്രണം ഉറപ്പാക്കണം എന്ന് ഇ.ജി. നിർദ്ദേശിച്ചു. കൂടാതെ, ഓഹരി പങ്കാളിത്ത ഘടന പ്രകാരം കേന്ദ്രം തനിയെയും സംസ്ഥാനങ്ങൾ കൂട്ടായും 24.5% ഓഹരി പങ്കാളിത്തത്തോടെ ഏറ്റവും വലിയ ഓഹരിയുടമകൾ ആയിരിക്കും. മാത്രമല്ല, 49% വരുന്ന സർക്കാർ ഓഹരി പങ്കാളിത്തം മറ്റേതു സ്വകാര്യ നിക്ഷേപകരേക്കാളും കൂടുതലും ആയിരിക്കും.

100 ശതമാനം റിട്ടേൺ മാച്ചിങ് നടപ്പാക്കാൻ ആവശ്യമായ സാങ്കേതിക സംവിധാനം ഈ കമ്പനിക്ക് വേണ്ടതിൻ്റെ ആവശ്യകതയിലേക്കും ഇ.ജി. വിരൽ ചൂണ്ടുകയുണ്ടായി. പ്രവർത്തന രീതികളെക്കുറിച്ചുള്ള അറിവുകൾ കേന്ദ്രസർക്കാർ, സംസ്ഥാന സർക്കാർ ഉദ്യോഗസ്ഥരിൽ നിക്ഷിപ്തമാണ്. എന്നാൽ, കമ്പനി നടത്തിപ്പിനായി വിവര സാങ്കേതിക മേഖലയിലെ വിദഗ്ദ്ധരെ ആവശ്യമാണ്. സ്വതന്ത്രമായ നടത്തിപ്പ് ലക്ഷ്യമിട്ടാണ് ഇ.ജി. സർക്കാർ-ഇതര കമ്പനി നിർദ്ദേശിച്ചത്.

മേൽപ്പറഞ്ഞ നിർദ്ദേശങ്ങൾ, 2011 ആഗസ്റ്റ് 19-നു നടന്ന 2011-ലെ മൂന്നാമത്തെ യോഗത്തിലും, 2011 ഒക്ടോബർ 14-നു നടന്ന 2011-ലെ നാലാമതു യോഗത്തിലും, സംസ്ഥാന ധനകാര്യ മന്ത്രിമാരുടെ 'എംപവർഡ് കമ്മിറ്റി'യുടെ മുൻപാകെ സമർപ്പിക്കുകയുണ്ടായി. 14.10.11-നു നടന്ന സംസ്ഥാ നധനകാര്യ മന്ത്രിമാരുടെ 'എംപവർഡ് കമ്മിറ്റി'യുടെ സമ്മേളനത്തിൽ ജി.എസ്.ടി.എൻ-നായുള്ള വിവരസാങ്കേതിക അടിസ്ഥാന സൗകര്യങ്ങൾക്കായുള്ള നിർദ്ദേശവും സർക്കാറിൻ്റെ തന്ത്രപരമായ നിയന്ത്രണത്തിൽ ലാഭേച്ഛയില്ലാത്ത വകുപ്പ് 25 കമ്പനി തുടങ്ങാനുമുള്ള ഇ.ജി.യുടെ നിർദ്ദേശവും അംഗീകരിക്കപ്പെട്ടു.

ജി.എസ്.ടി.എൻ. എന്നു വിളിക്കപ്പെടുന്ന എസ്.പി.വി. സ്ഥാപിക്കാനുള്ള റെവന്യൂ ഡിപ്പാർട്ട്മെന്റിൻ്റെ ശുപാർശ കേന്ദ്ര ക്യാബിനറ്റ് 2012 ഏപ്രിൽ 12-നു പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു. താഴെപ്പറയുന്നവയും കേന്ദ്ര ക്യാബിനറ്റ് അംഗീകരിക്കുകയുണ്ടായി.

i. അനുയോജ്യരും തല്പരരും ആയ സർക്കാർ-ഇതര സ്ഥാപനങ്ങളെ ജി.എസ്.ടി.എൻ. എസ്.പി.വി-യിൽ നിക്ഷേപം നടത്തുന്നതിലേക്കായി സാമ്പത്തിക മന്ത്രാലയം തിരിച്ചറിയുകയും സ്ഥിരീകരിക്കുകയും ചെയ്യും.

ii. ജി.എസ്.ടി.എൻ.-ൻറെ മേൽ സർക്കാരിൻ്റെ തന്ത്ര പ്രധാനമായ നിയന്ത്രണം, ബോർഡിൻ്റെ ഘടന, 'സ്പെഷ്യൽ റെസൊല്യൂഷൻ', 'ഷെയർ ഹോൾഡേഴ്സ് എഗ്രിമെൻ്റ്' എന്നിവയുടെ ഘടനകൾ, സർക്കാർ ഉദ്യോഗസ്ഥരുടെ ഡെപ്യൂട്ടേഷൻ നിയമനം, ജി.എസ്.ടി.എൻ. എസ്.പി.വി.-യും സർക്കാരും തമ്മിലുള്ള കരാറുകൾ എന്നിവ മുഖാന്തിരം ഉറപ്പാക്കും.

iii. ജി.എസ്.ടി.എൻ. എസ്.പി.വി.-യുടെ ഡയറക്ടർ ബോർഡിൽ 14 അംഗങ്ങളുണ്ടാകും. ഇതിൽ 3 ഡയറക്ടർമാർ കേന്ദ്രത്തിൽ നിന്നും 3 ഡയറക്ടർമാർ സംസ്ഥാനങ്ങളിൽ നിന്നും, ബോർഡ് അധ്യക്ഷൻ കേന്ദ്ര-സംസ്ഥാന സംയുക്ത അംഗീകാരത്തിലൂടെയും, 3 ഡയറക്ടർമാർ സ്വകാര്യ ഓഹരി നിക്ഷേപകരിൽ നിന്നും, പ്രമുഖ വ്യക്തികളിൽ നിന്ന് തിരഞ്ഞെടുത്ത 3 സ്വതന്ത്ര ഡയറക്ടർമാരും ആണുണ്ടാവുക. ജി.എസ്.ടി.എൻ. എസ്.പി.വി-യുടെ CEO-യെ തുറന്ന തിരഞ്ഞെടുപ്പിലൂടെ നിയമിക്കുകയും ചെയ്യും.

iv. തന്ത്ര പ്രധാനമായ നിയന്ത്രണത്തിനും വൈദഗ്ധ്യം ലഭ്യമാക്കുന്നതിനുമായി ജി.എസ്.ടി.എൻ. എസ്.പി.വി.-യിൽ സർക്കാർ ഉദ്യോഗസ്ഥ

രുടെ ഡെപ്യൂട്ടേഷൻ നിയമനം സുഗമമാക്കാൻ നിർദിഷ്ട ചട്ടങ്ങൾ ഇളവ്ചെയ്യും.

v. ജി.എസ്.ടി.എൻ. എസ്.പി.വി.-യ്ക്കു സ്വയം പര്യാപ്തമായ ഒരു വരുമാന മാതൃക (റവന്യു മോഡൽ) ഉണ്ടാകും. നികുതി ദാതാക്കൾ, നികുതി വകുപ്പ് എന്നീ സേവന ഉപഭോക്താക്കളിൽ നിന്നു ഉപഭോഗ വരി ഈടാക്കുക വഴിയാണ് ഇത് സാധ്യമാക്കുക.

vi. പരോക്ഷ നികുതി സംബന്ധമായ ഏകീകൃത സേവനങ്ങൾ നൽകുന്നതിന് ചുമതലപ്പെട്ട ഏക ദേശീയ ഏജൻസി ആയിരിക്കും ജി.എസ്.ടി.എൻ. എസ്.പി.വി. സമാനമായ സേവനങ്ങൾ നൽകാൻ ഉദ്ദേശിക്കുന്ന സേവന ദാതാക്കൾ ഇതിനായി ജി.എസ്.ടി.എൻ. എസ്.പി.വി-യുമായി ഔപചാരികമായ കരാറിൽ ഏർപ്പെടേണ്ടതാണ്.

vii. എസ്.പി.വി-യുടെ സ്ഥാപനത്തിനും ആദ്യ 3 വർഷങ്ങളിലെ നടത്തിപ്പു ചിലവിനുമായി കേന്ദ്ര സർക്കാർ 315 കോടി രൂപയുടെ ഒറ്റത്തവണ 'നോൺ-റെക്കറിംഗ്-ഗ്രാൻറ്-ഇൻ- എയിഡ്' നൽകുന്നതാണ്.

**ചോദ്യം 4:** ജി.എസ്.ടി.എന്നിന്റെ ഇക്വിറ്റി ഘടനയും വരുമാന മാതൃകയും എന്താണ്?

**ഉത്തരം:** **(a)** ഇക്വിറ്റി ഘടന: ക്യാബിനറ്റ് തീരുമാനത്തിൻറെ അടിസ്ഥാനത്തിൽ ജി.എസ്.ടി.എൻ. കമ്പനി നിയമം വകുപ്പ് 25 അനുസരിച്ച് ലാഭേച്ഛയില്ലാത്ത സ്വകാര്യ കമ്പനിയായി രജിസ്റ്റർ ചെയ്യുകയുണ്ടായി. അതിലെ ഓഹരി പങ്കാളിത്തം താഴെ കൊടുത്തിട്ടുള്ള പ്രകാരമാണ്:

| | |
|---|---|
| കേന്ദ്ര സർക്കാർ | 24.5% |
| സംസ്ഥാന സർക്കാർ | 24.5% |
| എച്.ഡി.എഫ്.സി. | 10% |
| എച്.ഡി.എഫ്.സി. ബാങ്ക് | 10% |
| ഐ.സി.ഐ.സി.ഐ. ബാങ്ക് | 10% |
| എൻ.എസ്.ഇ.സ്ട്രാറ്റജിക് ഇൻവെസ്റ്റ്മെന്റ് കമ്പനി | 10% |
| എൽ.ഐ.സി. ഹൗസിങ് ഫിനാൻസ് | 11% |

നീണ്ട കാലയളവിലെ ചർച്ചകൾക്കു ശേഷം സംസ്ഥാന ധനകാര്യ മന്ത്രിമാരുടെ 'എംപവർഡ് കമ്മിറ്റി'യുടെയും കേന്ദ്ര സർക്കാരിൻറെയും അംഗീകാരത്തോടെയാണ് ജി.എസ്.ടി.എൻ. അതിൻറെ ഇപ്പോഴത്തെ രൂപത്തിൽ സ്ഥാപിക്കപ്പെട്ടത്.

**(b)** വരുമാന മാതൃക: ജി എസ് ടി എൻ-എസ് പി വി യുടെ പ്രാരംഭ ക്രമീകരണത്തിനു വേണ്ടി 2013-ൽ ഭാരത സർക്കാർ 315 കോടി രൂപ സഹായം അനുവദിച്ചിരുന്നു. 31.03.2013 മുതൽ 31.03.2016 വരെയുള്ള കാലയളവിൽ ഭാരത സർക്കാർ അനുവദിച്ച 315-ൽ നിന്നും 143.96 കോടി ജി എസ് ടി എന്നിന്

സഹായമായി റിലീസ് ചെയ്തു. ഇക്കാലയളവിൽ കിട്ടിയ സഹായത്തിൽ നിന്നും 62.11 കോടി മാത്രം കമ്പനി തയ്യാറാക്കാനും പ്രവർത്തന യോഗ്യമാക്കാനും ചിലവഴിച്ചു. ബാക്കി സഹായം ഭാരത സർക്കാരിന് തിരിച്ചേൽപ്പിച്ചു. 27 സംസ്ഥാനങ്ങൾക്കും യൂണിയൻ ടെറിറ്ററികൾക്കും ബാക്ക് എൻഡ് വികസിപ്പിച്ചെടുക്കാനും കേന്ദ്രത്തിനും സംസ്ഥാനങ്ങൾക്കും ജി എസ് ടി പോർട്ടൽ വഴി സേവനങ്ങൾ ലഭ്യമാക്കാനും വേണ്ടി ഐ ടി പ്ലാറ്റ്ഫോം തയ്യാറാക്കാൻ 2016-17 സാമ്പത്തിക വർഷത്തിൽ വാണിജ്യ ബാങ്കിൽ നിന്നും ജി എസ് ടി എൻ വായ്പ തരപ്പെടുത്തി. സംസ്ഥാന ധനമന്ത്രിമാരുടെ എംപവേർഡ് കമ്മിറ്റി അംഗീകരിച്ച ജി എസ് ടി എന്നിന്റെ വരുമാന മാതൃകയിൻ കീഴിൽ, ജി.എസ്.ടി പോർട്ടലിൽ നിന്നും സേവനങ്ങൾ ലഭ്യമാക്കുന്ന നികുതിദായകർക്കും മറ്റു പങ്കാളികൾക്കും വേണ്ടി കേന്ദ്രവും സംസ്ഥാനങ്ങളും/യൂണിയൻ ടെറിറ്ററികളും തുല്യമായി ഉപയോക്തൃ നിരക്കുകൾ നൽകുന്നു. ഉപയോക്തൃനിരക്കുകൾ കേന്ദ്രവും സംസ്ഥാനങ്ങളും തുല്യമായി പങ്കിടും. സംസ്ഥാനങ്ങൾക്കുള്ള ഉപയോക്തൃ നിരക്കുകൾ രജിസ്റ്റർ ചെയ്ത നികുതിദായകരുടെ എണ്ണം അടിസ്ഥാനപ്പെടുത്തി അവർക്കിടയിൽ തന്നെ വിതരണം ചെയ്യപ്പെടും.

**ചോദ്യം 5:** എന്താണ് GSTN നിർവഹിക്കുന്ന സേവനങ്ങൾ?

**ഉത്തരം:** GST-യുടെ പൊതു പോർട്ടലിലൂടെ താഴെപറയുന്ന സേവനങ്ങൾ ആണ് നിർവഹിക്കുന്നത്:

(a) രജിസ്ട്രേഷൻ (നികുതിദായകരുടെ മൈഗ്രേഷൻ, നവമ്പർ 8, 2016-ന് തുടങ്ങിയ ആ പ്രക്രിയ ഉൾപ്പെടെ);

(b) പേയ്മെന്റ് ഗേറ്റ്‌വേ, ബാങ്കിങ് സംവിധാനത്തിലേക്കുള്ള സംയോജനം അടക്കമുള്ള പണമടവ് ക്രമീകരണം;

(c) റിട്ടേൺ സമർപ്പണവും വിലയിരുത്തലും;

(d) നികുതിദായകരെ പ്രാപ്തരാക്കൽ, അക്കൗണ്ട് മാനേജ്മെൻറ്, അറിയിപ്പുകളും വിവരങ്ങളും തല്സ്ഥിതി അറിയലും;

(e) നികുതി അക്കൗണ്ടും ലെഡ്ജറും കൈകാര്യം ചെയ്യൽ;

(f) കേന്ദ്രവും സംസ്ഥാനവും തമ്മിലുള്ള നികുതി വിഹിതം കണക്കാക്കുക (IGST വിഹിതം തീർപ്പാക്കുന്നതടക്കം) IGST-യുടെ ക്ലീയറിങ് ഹൗസ്;

(g) ഇറക്കുമതിയിലുള്ള GST കണക്കാക്കി തിട്ടപ്പെടുത്തുകയും കസ്റ്റംസ് EDI-സിസ്റ്റവുമായി സംയോജിപ്പിക്കുകയും ചെയ്യുക;

(h) മാനേജ്മെൻറ് ഇൻഫർമേഷൻ സിസ്റ്റംസ്-ആവശ്യങ്ങൾ അടിസ്ഥാനമാക്കിയുള്ള വിവരങ്ങൾ ബിസിനസ്സ് ഇന്റലിജൻസ് അടക്കമുള്ളവ;

(i) സാധാരണ GST പോർട്ടലും നികുതി ഭരണ വ്യവസ്ഥയുമായുള്ള സമ്പർക്ക മുഖം;

(j) ബന്ധപ്പെട്ടവർക്ക് പരിശീലനം നല്കുക;

(k) നികുതി അധികാരികൾക്ക് വിശകലനവും ബിസിനസ്സ് ഇന്റലിജൻസ് വിവരങ്ങളും നല്കുക;

(l) ഗവേഷണങ്ങൾ നടത്തുകയും, മികച്ച പ്രവർത്തന രീതികളെകുറിച്ച് പഠനം നടത്തുകയും ചെയ്യുക.

**ചോദ്യം 6:** GSTN-ഉം സംസ്ഥാനങ്ങളും/CBEC-ഉം തമ്മിലുള്ള സമ്പർക്ക ഘടന എപ്രകാരമാണ്?

**ഉത്തരം:** നികുതി ദായകർ രജിസ്ട്രേഷൻ അപേക്ഷ, ഇൻവോയ്സ് അപ് ലോഡ്ചെയ്യുക, റിട്ടേൺ സമർപ്പിക്കുക ഇവ ചെയ്യുമ്പോൾ GST സിസ്റ്റം ആണ് അവ സ്വീകരിക്കുന്നത്. മറ്റു നിയമ പ്രകാരമുള്ള പ്രവർത്തനങ്ങൾ (രജിസ്ട്രേഷൻ അംഗീകരിക്കൽ, റിട്ടേൺ പരിശോധന, അന്വേഷണം നടത്തുക, കണക്കു പരിശോധന (ഓഡിറ്റിംഗ്) ഇവ കേന്ദ്ര/സംസ്ഥാന നികുതി അധികാരികളാണ് ചെയ്യുന്നത്.

അതായത് ഫ്രണ്ടെന്റ് ജോലികൾ (ജി.എസ്.ടി പോർട്ടൽ സേവനങ്ങൾ) GSTN-ഉം, മറ്റു ബാക് എൻഡ് ജോലികൾ സംസ്ഥാന/കേന്ദ്രസർക്കാരുകൾ നേരിട്ടുമാണ് ചെയ്യുക. എന്നാൽ 24 സംസ്ഥാനങ്ങൾ (മോഡൽ 2 സംസ്ഥാനങ്ങൾ) GSTN തന്നെ തങ്ങൾക്ക് വേണ്ടി ബാക് എൻഡ് മൊഡ്യൂളുകൾ വികസിപ്പിച്ചെടുക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്. CBEC-യും ബാക്കി 9 സംസ്ഥാനങ്ങളും സ്വന്തമായി ത്തന്നെ ബാക് എൻഡ് മൊഡ്യൂളുകൾ വികസിപ്പിച്ചെടുക്കാൻ തീരുമാനിച്ചിട്ടുണ്ട്. നികുതിദായകർ സമർപ്പിച്ച മുഴുവൻ ഡാറ്റയും (രജിസ്ട്രേഷൻ, റിട്ടേൺ, പേയ്മെൻറ് മുതലായവ) മോഡൽ 1 സംസ്ഥാനങ്ങൾക്ക്/CBEC-ക്ക് അറിയാൻ വേണ്ടിയും അനുയോജ്യമായ വിശകലനത്തിനും പങ്കിടുന്നതാണ്.

**ചോദ്യം 7:** രജിസ്ട്രേഷനിൽ GSTN-ൻറെ പങ്ക് എന്താണ്?

**ഉത്തരം:** രജിസ്ട്രേഷൻ ഓൺലൈനായി GSTN പോർട്ടലിൽ ആണ് ചെയ്യേണ്ടത്. ചില പ്രധാന വിവരങ്ങൾ ആയ PAN, ബിസിനസ്സ്ഘടന, ആധാർ, CIN/DIN തുടങ്ങിയവ (ബാധകമായവ) CBDT, UID, MCA തുടങ്ങിയ അതാതു ഏജൻസികളുമായി ഓൺലൈൻ വഴി ഒത്തു നോക്കുന്നതു മൂലം ഏറ്റവും കുറവ് ഡോക്യൂമെന്റേഷൻ ഉറപ്പ് വരുത്തുന്നുണ്ട്. അപേക്ഷകളും സ്കാൻ ചെയ്ത അനുബന്ധ പ്രമാണങ്ങളും GSTN അതാത് കേന്ദ്ര/സംസ്ഥാനത്തിനു അയക്കുന്നതും അവർ അതിനു ആവശ്യമെങ്കിൽ വിശദീകരണം തേടിയശേഷം തിരസ്കരിക്കുകയോ അംഗീകരിക്കുകയോ ചെയ്യുകയും അതിനുശേഷം ഡിജിറ്റൽ ഒപ്പുവച്ച രജിസ്ട്രേഷൻ GSTN-ൽ നിന്ന് നികുതിദായകന് ഡൌൺ ലോഡ് ചെയ്യാവുന്നതുമാണ്.

**ചോദ്യം 8:** GSTN-ൽ ഇൻഫോസിസിൻറെ പങ്ക് എന്താണ്?

**ഉത്തരം:** ഇൻഫോസിസിനെ GSTN, അവരുടെ എല്ലാ ആപ്ളിക്കേഷൻ സോഫ്റ്റ്വെയറും ടൂൾസും അടിസ്ഥാനസൗകര്യങ്ങളുമടങ്ങിയ GST സിസ്റ്റത്തിൻറെ ആവിഷ്കാരം, വികസനം വിന്യാസം, എന്നിവ നടത്താനായി ചുമതലപ്പെടുത്തിയിരിക്കുന്നു. ഇവ പ്രവർത്തനക്ഷമമാകുന്ന ദിവസം മുതൽ 5 വർഷത്തേക്ക് പ്രവർത്തിപ്പിക്കാനും പരിപാലിക്കാനും ഉള്ള ഒരു നിയന്ത്രിത

ഏജൻസിയായും ഇൻഫോസിസിനെ തന്നെ ചുമതലപ്പെടുത്തിയിരിക്കുകയാണ്.

**ചോദ്യം 9:** GST പൊതു പോർട്ടലിൻ്റെ സവിശേഷതകൾഎന്തൊക്കെയാണ്?

**ഉത്തരം:** GST പോർട്ടൽ (www.gst.gov.in) ഇന്റർനെറ്റ് വഴി എല്ലാവർക്കും (അതായതു നികുതിദായകർ, അവരുടെ ചാർട്ടേർഡ് അക്കൗണ്ടന്റ്മാർ, നികുതി അഭിഭാഷകർ എന്നിവർ) ഇൻട്രാനെറ്റ് വഴി നികുതി ഉദ്യോഗസ്ഥർക്കും ലഭ്യമാണ്. ഈ പോർട്ടൽ GST സംബദ്ധമായ എല്ലാ സേവനങ്ങൾക്കും ഉള്ള പൊതു പോർട്ടൽ ആയിരിക്കും.

ഉദാ:

i) നികുതിദായകൻ്റെ രജിസ്ട്രേഷൻ (പുതിയവ, തിരികെ നൽകുക, റദ്ദാക്കുക, ഭേദഗതി),

ii) ഇൻവോയ്സ് അപ്‌ലോഡ്ചെയ്യൽ, വാങ്ങുന്ന ആളുടെ വാങ്ങൽ രജിസ്റ്റർ തന്നത്താൻ തയ്യാറാക്കൽ, ഓരോ റിട്ടേൺ-ണും (GSTR [1, 2, 3, 5, 9 മുതലായവ]) കാലാവധിയനുസരിച്ചുള്ള റിട്ടേൺ സമർപ്പിക്കൽ,

iii) ഏജൻസി ബാങ്കുമായി സംയോജിച്ചുള്ള നികുതി അടക്കൽ,

iv) ഐ ടി സി, ക്യാഷ് ലെഡ്ജറും ലയബിലിറ്റി ലെഡ്ജറും,

v) നികുതി ദായകർക്കും നികുതി ഉദ്യോഗസ്ഥർക്കും മറ്റു പങ്കാളികൾക്കും വേണ്ടിയുള്ള MIS റിപ്പോർട്ടിങ്,

vi) നികുതി ഉദ്യോഗസ്ഥർക്കുള്ള BI/വിശകലനങ്ങൾ മുതലായവ)

**ചോദ്യം 10:** ചരക്ക് സേവന നികുതിയുടെ ആവാസ വ്യവസ്ഥ എന്താണ്?

**ഉത്തരം:** പൊതുവായ ഒരു ചരക്ക് സേവന നികുതി വ്യവസ്ഥ ഇതിൻ്റെ ഭാഗഭാക്കുകളായ സംസ്ഥാന/കേന്ദ്രഭരണ പ്രദേശ വാണിജ്യ നികുതി വകുപ്പുകൾ, കേന്ദ്ര നികുതി അധികാരികൾ, നികുതി ദായകർ, ബാങ്കുകൾ മറ്റുഭാഗഭാക്കുകൾ എന്നിവരെ തമ്മിൽ ബന്ധിപ്പിക്കുന്നു. ഇത്തരത്തിലുള്ള ഒരു വ്യവസ്ഥ നികുതിദാതാവ് തുടങ്ങി നികുതി ഉപദേശകർ, നികുതി അധികാരികൾ, GST പോർട്ടൽ, ബാങ്ക് എന്നിവരെയെല്ലാം ഭാഗഭാക്കായിട്ടുള്ളതാണ്. താഴെ കൊടുത്തിട്ടുള്ള രേഖചിത്രം GST വ്യവസ്ഥയെ പൂർണ്ണമായും ചിത്രീകരിച്ചിട്ടുള്ളതാണ്.




**ചോദ്യം 11:** ആരാണ് GSP (GST സുവിധാദാതാവ്)?

**ഉത്തരം:** നികുതിദായകർക്ക് GST സിസ്റ്റം ലഭ്യമാകാനും GST നടപടി ക്രമങ്ങൾ എല്ലാം പാലിക്കാനും GST സിസ്റ്റം ഒരു GST പോർട്ടൽ നൽകും. എന്നാൽ തങ്ങളുടെ പർച്ചെയ്സ്/സെയിൽസ് രജിസ്റ്ററിലെ ഡാറ്റ GSTക്ക് അനുയോജ്യമായ ഫോർമാറ്റിലോട്ട് പരിവർത്തനം ചെയ്യൽ, തങ്ങളുടെ അക്കൗണ്ടിങ് പാക്കേജുകൾ/ERP GST സിസ്റ്റവുമായി സംയോജനം ചെയ്യൽ മുതലായവ, ചേർച്ചയുള്ള /പൊരുത്തക്കേടുള്ള ITC ക്ലെയിമുകൾ കാണുവാൻ വേണ്ട വിവിധതരം ഡാഷ് ബോർഡുകൾ, നികുതി ബാധ്യത, ഫയൽ ചെയ്തതിൻറെ സ്റ്റാറ്റസ് മുതലായ പല തരത്തിലുള്ള സൗകര്യങ്ങൾ ആവശ്യമായ വൈവിധ്യമുള്ള നികുതിദായകർ (SME, വലിയ സംരംഭങ്ങൾ, മൈക്രോ സംരംഭങ്ങൾ മുതലായവ) ഉണ്ടാകാം. ഇൻവോയ്സ് വെച്ചുള്ള ഫയലിംഗ് വേണ്ടതിനാലും, വൻ സ്ഥാപനങ്ങൾക്ക് വലിയ സംഖ്യകളിൽ ഇൻവോയ്സുകൾ ഒരു വെബ് പോർട്ടൽ വഴി അപ് ലോഡ് ചെയ്യുന്നത് പ്രായോഗികമായി അസാധ്യമായതിനാലും അവർക്ക് GST സിസ്റ്റവുമായി സംവദിക്കാൻ ഒരു ഓട്ടോമേറ്റഡ് സംവിധാനം ആവശ്യമായി വരാം. അതിനാൽ, ഇതുപോലുള്ള നികുതിദായകരെ GST പാലിക്കുന്നതിന് സഹായിക്കാൻ ഒരു പരിസ്ഥിതി വ്യവസ്ഥ ആവശ്യമാണ്.

നികുതിദായകരുടെ സൗകര്യമായിരിക്കും GST ഭരണത്തിൻറെ വിജയം എന്നതിനാൽ, നികുതിദായകൻ GST യ്ക്ക് അനുസൃതമായി ഡെസ്ക്ടോപ്പിലും /മൊബൈൽ-ലും വിവിധതരം ഇന്ററർഫേസുകൾ നൽകുന്ന മൂന്നാം കക്ഷികളുടെ ആപ്ലിക്കേഷനുകൾ ഉപയോഗിക്കാനുള്ള ഓപ്ഷനും ഈ പരിസ്ഥിതി വ്യവസ്ഥ നൽകും.

മേൽപ്പറഞ്ഞ എല്ലാ കാരണങ്ങളാൽ GST സിസ്റ്റത്തിലോട്ടു പ്രവേശിക്കാൻ കഴിയുന്നവരും ഇത്തരം ആപ്ലിക്കേഷനുകൾ വികസിപ്പിക്കാൻ കഴിവുള്ളവരുമായ മൂന്നാംകക്ഷി സേവനദാതാക്കളുടെ ഒരു പരിസ്ഥിതി വ്യവസ്ഥ ആവശ്യമാണ്. ഇത്തരം സേവനദാതാക്കൾക്ക് നൽകിയ പൊതുവായ പേരാണ് GST സുവിധാ ദാതാവ് (GSP).

**ചോദ്യം 12:** എന്തായിരിക്കും GST സുവിധാദാതാവിൻറ്റെ (GSP) പങ്ക്?

**ഉത്തരം:** റിട്ടേൺ ഫയലിംഗ്, സ്വീകാര്യതക്കോ/തിരസ്കരണത്തിനോ/മാറ്റത്തിനോ വേണ്ടി പർച്ചെയ്സ് രജിസ്റ്ററിൽ ഉള്ള ഡാറ്റയും യാന്ത്രികമായി എടുത്തു കാട്ടപ്പെടുന്ന ഡാറ്റയും തമ്മിലുള്ള ഒത്തുചേരൽ, GST അനുബന്ധ പ്രവർത്തനങ്ങൾ പാലിക്കാൻ നികുതിദായകർക്ക് പെട്ടെന്നുള്ള നിരീക്ഷണത്തിന് ഡാഷ്ബോർഡ് എന്നിങ്ങനെ സവിശേഷതകൾ ഉള്ള അപ്ലിക്കേഷനുകൾ GSP വികസിപ്പിക്കുന്നുണ്ട്. ഒരേ കമ്പനിയിൽ (ഇടത്തരം അഥവാ വലിയ കമ്പനികൾക്ക് അത് ആവശ്യമാകും) ഉള്ള വിവിധതരം ഉപയോക്താക്കൾക്കിടയിൽ ഇൻവോയ്സ് അപ്ലോഡ് ചെയ്യൽ, റിട്ടേൺ ഫയലിംഗ് എന്നിങ്ങനെയുള്ള പല GST അനുബന്ധ പ്രവർത്തനങ്ങൾ വീതിക്കാൻ റോൾ അടിസ്ഥാനത്തിലുള്ള ആക്സസ്, ടാക്സ് പ്രൊഫെഷനലിനു തൻറ്റെ കക്ഷിയുടെ GST അനുബന്ധ പ്രവർത്തനങ്ങൾ മാനേജ് ചെയ്യാനുള്ള അപ്ലിക്കേഷനുകൾ, GST സിസ്റ്റവുമായി ഇപ്പോഴുള്ള അക്കൗണ്ടിംഗ് പാക്കേജിൻറെ/ERP-യുടെ സംയോജനം മുതലായവയും അവർ നൽകാം.

**ചോദ്യം 13:** GSP ഉപയോഗിക്കുന്നതുകൊണ്ട് നികുതിദായകന് കിട്ടുന്ന ഗുണങ്ങൾ എന്തെല്ലാമാണ്?

**ഉത്തരം:** ആദ്യമായി വ്യക്തമായി മനസ്സിലാക്കേണ്ടതെന്തെന്നാൽ GST സംബന്ധമായി ചെയ്യേണ്ട എല്ലാ കാര്യങ്ങളും ഒരു നികുതിദായകന് GST പോർട്ടലിൽ ചെയ്യാവുന്നതാണ്. അവയിൽ ചില കാര്യങ്ങൾ ചെയ്യുവാൻ മൂന്നാം കക്ഷി സേവനദാതാക്കൾ സഹായകമാവുന്നതിനാണ് GSP പോലുള്ള അധിക സംവിധാനം ഏർപ്പെടുത്തിയിരിക്കുന്നത്. GSP സംവിധാനം ഉപയോഗിക്കണമോ വേണ്ടയോ എന്നുള്ളത് അവരവരുടെ ഇഷ്ടാനുസരണമാണ്. GST നടപടിക്രമങ്ങൾ പാലിക്കാനായി GSP വഴി ലഭിക്കാവുന്ന ചില പ്രത്യേക പരിഹാരങ്ങൾ താഴെപ്പറയുന്നവയാണ്

1. നിലവിലുള്ള അക്കൗണ്ടിംഗ് സോഫ്റ്റ്‌വെയർ ഉപയോഗിച്ച് ഇറക്കുന്ന csv, pdf, excel, word എന്നീ രൂപത്തിലുള്ള ഇൻവോയ്സുകൾ GST നിർദ്ദേശങ്ങൾക്ക് അനുസൃതമായ രീതിയിലേക്ക് മാറ്റുക
2. പർച്ചെയ്സ് രജിസ്റ്ററിലെ ഡാറ്റ excel, csv-യിലോ അല്ലെങ്കിൽ മറ്റേതെങ്കിലും രൂപത്തിലും GST ഫോർമാറ്റിൽ നിന്നും അപ്ലോഡ് ചെയ്യപ്പെടുന്ന ഡാറ്റ json/csv രൂപത്തിലും ആകുന്ന സന്ദർഭങ്ങളിൽ GST പോർട്ടലിൽ സ്വയമേവ തെളിഞ്ഞു വരുന്ന വിവരങ്ങളും കണക്കുകളും നികുതിദായകർക്ക് അവരുടെ പർച്ചെയ്സ് രജിസ്റ്ററിലുള്ള വിവരങ്ങളുമായി ഒത്തുനോക്കി തിട്ടപ്പെടുത്തൽ.

3. ഒന്നിൽ കൂടുതൽ ശാഖകളുള്ള സ്ഥാപനങ്ങൾക്ക്, GST സംവിധാനം ഒരൊറ്റ തിരിച്ചറിയൽ നമ്പറും പാസ്സ്‌വേർഡും മാത്രമേ നല്കൂ എന്നിരിക്കെ, വിവിധ ശാഖകൾക്ക് അവരവരുടെ ഇൻവോയ്സുകൾ അപ്‌ലോഡ് ചെയ്യേണ്ടിവരുമ്പോൾ, ശാഖ തിരിച്ചു ഇൻവോയ്സുകൾ അപ്‌ലോഡ് ചെയ്യാൻ ഒരു സംവിധാനത്തിൻറെ ആവശ്യകത ഉണ്ടാകും.

4. ഒന്നിൽ കൂടുതൽ സംസ്ഥാനങ്ങളിൽ രജിസ്ട്രേഷൻ എടുത്തിട്ടുള്ള ഒരു കമ്പനിക്ക് ഒരേ സ്ക്രീനിൽ എല്ലാ ശാഖകളുടേയും വിവരങ്ങൾ ഏകീകരിച്ചു കാണേണ്ടി വരുമ്പോൾ

5. GST പ്രൊഫെഷണലുകൾക്ക് ഒരു ഡാഷ്ബോർഡിൽ നിന്ന് തങ്ങളുടെ കക്ഷികളായ നികുതിദായകർക്ക് GST നിർദ്ദേശങ്ങൾ പാലിയ്ക്കാനാവശ്യമായ പ്രവർത്തനങ്ങൾ നടത്താനും കൈകാര്യം ചെയ്യാനുമുള്ള അപ്ലിക്കേഷൻസ് ആവശ്യമായി വരുമ്പോൾ.

മേൽപ്പറഞ്ഞവയെല്ലാം ചില ഉദാഹരണങ്ങൾ മാത്രമാണ്. വിവിധ വിഭാഗങ്ങളിൽ പെട്ട നികുതിദായകരുടെ ആവശ്യങ്ങൾ നിരവധിയാകാം. നികുതിദായകരുടെ ഇത്തരം ആവശ്യങ്ങൾ ആണ് GSP യിലൂടെ സാധ്യമാകുന്നത്.

**ചോദ്യം 14:** GSTN **നികുതി ദായകർക്കായി രൂപപ്പെടുത്തിയിരിക്കുന്ന** GST **പോർട്ടൽ വഴി ഒരു നികുതിദായകൻ ചെയ്യേണ്ടുന്ന കാര്യങ്ങൾ എന്തെല്ലാമാണ്** ?

**ഉത്തരം:** നികുതിദായകർക്ക് GST സംബന്ധിച്ചു ചെയ്യേണ്ട കാര്യങ്ങൾ എല്ലാം ഒരേ സ്ഥലത്തു നിന്ന് ചെയ്യുവാൻ ഉള്ള സൗകര്യം ഒരുക്കുന്ന രീതിയിൽ ആണ് GST പൊതു പോർട്ടൽ വിഭാവന ചെയ്തിരിക്കുന്നത്. GSTN മാനേജ് ചെയ്യുന്ന GST പോർട്ടൽ വഴി നികുതി ദായകർക്ക് നിർവഹിക്കാൻ കഴിയുന്ന പ്രവർത്തനങ്ങളുടെ ചില ദൃഷ്ടാന്തങ്ങൾ:

- രജിസ്ട്രേഷൻ വേണ്ടി അപേക്ഷിക്കൽ, റെജിസ്ട്രേഷനിലെ തിരുത്തൽ, രജിസ്ട്രേഷൻ റദ്ദാക്കൽ എന്നിവയും പ്രൊഫൈൽ കൈകാര്യം ചെയ്യലും;
- ഫൈൻ, പെനാൽറ്റി, പലിശ മുതലായവ ഉൾപ്പെടെയുള്ള നികുതി അടക്കുവാൻ (ചലാൻ സൃഷ്ടിക്കലാണ് ഇവിടെ ഉദ്ദേശിക്കുന്നത്. യഥാർത്ഥത്തിൽ പണമിടപാട് ബാങ്കിൻറെ പോർട്ടൽ വഴി അഥവാ ബാങ്കിൻറെ പരിധിയിലാണ് നടക്കുന്നത്.)
- ഒരു സാധാരണ നികുതിദായകനെ കോംപൗണ്ടിങ് പദ്ധതിയിലേയ്ക്കോ തിരിച്ചോ മാറ്റുന്നതിന്
- ഇൻവോയ്സുകൾ അപ്‌ലോഡ് ചെയ്യുന്നതിനും നിയമപരമായ പല റിട്ടേണുകൾ/വാർഷിക കണക്കുകൾ സമർപ്പിക്കുന്നതിനും
- GST പോർട്ടൽ വഴി ലഭിക്കുന്ന തനതായ അപ്ലിക്കേഷൻ റഫറൻസ് നമ്പർ (ARN) ഉപയോഗിച്ച് റിട്ടേണുകൾ/ടാക്സ് ലെഡ്ജർ/ക്യാഷ് ലെഡ്ജർ എന്നിവയുടെ സ്ഥിതി പരിശോധിക്കുന്നതിന്

- നികുതി റീഫണ്ടിനുള്ള അപേക്ഷ സമർപ്പിക്കാൻ
- റിട്ടേൺ/ടാക്സ് ലെഡ്ജർ/ക്യാഷ് ലെഡ്ജർ എന്നിവയുടെ അവസ്ഥ പുനഃപ രിശോധിക്കുന്നതിന്

**ചോദ്യം 15:** GSTN വികസിപ്പിച്ചെടുക്കുന്ന GST വ്യവസ്ഥയിൽ കേന്ദ്ര സംസ്ഥാന നികുതി ഉദ്യോഗസ്ഥരുടെ പങ്ക് എന്തായിരിക്കും ?

**ഉത്തരം: നികുതിദായകൻ GST പോർട്ടലിൽ സമർപ്പിച്ച അപ്ലിക്കേഷൻ/വിവരങ്ങൾ ഈ ഉദ്യോഗസ്ഥർ താഴെ പറയുന്ന നിയമപരമായ പ്രവർത്തനങ്ങൾക്കായി ഉപയോഗപ്പെടുത്തും**.

- നികുതിദായകരുടെ അംഗത്വം/രജിസ്ട്രേഷൻ ഇവയുടെ അംഗീകാരം /തിരസ്കരണം;
- നികുതി ഭരണ നിർവഹണം (നികുതി നിർണയം/ഓഡിറ്റ്/റീഫണ്ട്/ അപ്പീൽ/അന്വേഷണം മുതലായവ)
- ബിസിനസ് അനലറ്റിക്സ്, MIS, മറ്റു നിയമപരമായ പ്രവർത്തനങ്ങൾ.

**ചോദ്യം 16:** GSTN പ്രസ്തുത സിസ്റ്റത്തിൽ ഉള്ള ഓരോ ഇൻവോയ്സുകൾക്കും തനതായ തിരിച്ചറിയൽ സംവിധാനം നൽകുമോ?

**ഉത്തരം: ഇല്ല. പുതിയ ഒരു തിരിച്ചറിയൽ സംവിധാനം GSTN നൽകുന്നില്ല. വിതരണക്കാരൻറെ GSTIN, ഇൻവോയ്സ് നമ്പർ, സാമ്പത്തിക വർഷം എന്നിവ ചേർത്ത് ഓരോ ഇൻവോയ്സുകൾക്കും തനതായ ഒരു തിരിച്ചറിയൽ നൽകും**.

**ചോദ്യം 17:** ദൈനംദിനമായി ഇൻവോയ്സ് വിവരങ്ങൾ അപ്‌ലോഡ് ചെയ്യാൻ കഴിയുമോ?

**ഉത്തരം: ഉവ്വ്. നികുതി ദായകർക്കുവേണ്ടി ഏതു സമയത്തും ഇൻവോയ്സ് അപ്‌ലോഡ് ചെയ്യാനുള്ള സൗകര്യം GST പോർട്ടലിൽ ഉണ്ടാകും. വിതരണക്കാരായ നികുതിദായകൻ നേരത്തേ ഇൻവോയ്സുകൾ അപ്‌ലോഡ് ചെയ്യുന്നത് വഴി വാങ്ങുന്ന നികുതിദായകന് തങ്ങൾക്കു ലഭിച്ച ഇൻവോയ്സിലെ വിവരങ്ങൾ ഒത്തു നോക്കുന്നതിനും വിതരണക്കാർക്ക് തങ്ങളുടെ റിട്ടേണുകൾ അവസാനനിമിഷ തിരക്കൊഴിവാക്കി അപ്‌ലോഡ് ചെയ്യുന്നതിനും സഹായകരമാകും**.

**ചോദ്യം 18:** GST പോർട്ടലിൽ ഇൻവോയ്സ് ഡാറ്റ അപ്‌ലോഡ് ചെയ്യുന്നതിന് ഉപയുക്തമായ ടൂളുകൾ GSTN ഒരുക്കിയിട്ടുണ്ടോ?

**ഉത്തരം:** ഉണ്ട്. നികുതിദായകർക്ക് GSTN മൈക്രോസോഫ്റ്റ് എക്സൽ പോലുള്ള സ്പ്രെഡ്ഷീറ്റ് ടൂളുകൾ സൗജന്യമായി നൽകുക വഴി ഇൻവോയ്സ് വിവരങ്ങൾ അതിൽ സമാഹരിക്കാനും ഫയലുകൾ സൃഷ്ടിക്കാനും പിന്നെ GST പോർട്ടലിലേക്ക് അപ്‌ലോഡ് ചെയ്യാനും അവരെ പ്രാപ്തരാക്കുന്നു. ഓൺ ലൈൻ ആകേണ്ട ആവശ്യമില്ലാതെ ഇത്തരം ഓഫ്‌ലൈൻ ടൂൾ ഉപയോഗിച്ച്

ഇൻവോയ്സ് വിവരങ്ങൾ നൽകാനും GST പോർട്ടലിൽ അപ്‌ലോഡ് ചെയ്യാൻ അനുയോജ്യമായ ഫോർമാറ്റിൽ ഫയലുകളാക്കാനും സാധിക്കുന്നു.

**ചോദ്യം 19: ലെഡ്ജറുകളും** മറ്റു അക്കൗണ്ടുകളും കാണുന്നതിനായി GSTN മൊബൈൽ ആപ്ലികേഷനുകൾ ലഭ്യമാക്കുന്നുണ്ടോ?

**ഉത്തരം:** ഏതു സ്മാർട്ട്ഫോണിലും കാണാവുന്ന രീതിയിലാണ് GSTN രൂപ കല്പന ചെയ്തിട്ടുള്ളത്. അതിനാൽ ക്യാഷ് ലെഡ്ജർ, ബാധ്യത ലെഡ്ജർ, ITC ലെഡ്ജർ തുടങ്ങിയ ലെഡ്ജറുകൾ മൊബൈൽ ഫോണിൽ കാണാവുന്നതാണ്.

**ചോദ്യം 20:** GSTN-ൽ GST പ്രാക്റ്റീഷണറിനു ഇപ്പോൾ ചെയ്യുന്നതുപോലെ നികുതിദായകൻറ്റെ ID-യും പാസ്സ്‌വേർഡും ഉപയോഗിക്കാതെ അവരുടെ കക്ഷികൾക്ക് വേണ്ടി പ്രവർത്തിക്കാൻ പ്രത്യേക പാസ്സ്‌വേർഡും ID-യും കൊടുക്കുമോ?

**ഉത്തരം:** GST പ്രാക്റ്റീഷണറിനു കക്ഷികൾക്ക് വേണ്ടി എല്ലാവിധ പ്രവർ ത്തികളും ചെയ്യുന്നതിനായി പ്രത്യേക യുസർ നെയിമും പാസ്സ്‌വേർഡും GSTN നൽകുന്നതാണ്. GST നിയമം അനുവദിക്കുന്ന എല്ലാ ജോലിയും നികുതി ദായകർക്കു വേണ്ടി ചെയ്യാൻ അവർക്കു സാധിക്കും.

**ചോദ്യം 21:** നികുതിദായകർക്കു താൻ ഒരിക്കൽ തിരഞ്ഞെടുത്ത GST പ്രാക്റ്റീഷണറിനെ മാറ്റാൻ ഈ സംവിധാനത്തിൽവ്യവസ്ഥയുണ്ടോ?

**ഉത്തരം:** ഉണ്ട്. നികുതി ദായകന് മറ്റൊരു GST പ്രാക്റ്റീഷണറെ തിരഞ്ഞെ ടുക്കാനായി ജി.എസ്.ടി.എൻ. പോർട്ടലിൽ നിലവിലുള്ള പ്രാക്റ്റീഷണറെ അൺ സെലെക്ട്ചെയ്ത ശേഷം ഒരു പുതിയ GST പ്രാക്റ്റീഷണറെ ചുമതലപ്പെ ടുത്തിയാൽ മതി.

**ചോദ്യം 22:** ഇപ്പോൾ സെൻട്രൽ എക്സൈസ്, സർവീസ് ടാക്സ്, സംസ്ഥാന വാറ്റ്നികുതി ദായകർക്കു ജി.എസ്.ടി.-യിൽ പുതിയതായി രജിസ്ട്രേഷൻ ചെയ്യേണ്ടതുണ്ടോ?

**ഉത്തരം:** വേണ്ട. ജി.എസ്.ടി. യുടെ കീഴിലാകുന്ന നികുതികളുടെ ഇപ്പോ ഴുള്ള നികുതിദായകരുടെ PAN CBDT പരിശോധിച്ചു ശരിവെച്ച് കഴിഞ്ഞാൽ പുതിയതായി അപേക്ഷിക്കേണ്ടതില്ല. അവർക്കു ജി.എസ്.ടി. പോർട്ടൽ താത്കാലിക GSTIN നൽകുന്നതാണ്. അതിനു 6 മാസത്തെ സാധുത ഉണ്ട്. അത്തരം നികുതി ദായകർ ഓൺലൈനായി GST പോർട്ടലിൽ GST എൻറോൾ മെൻറ് ഫോം പ്രകാരം പ്രസക്തമായ ഡാറ്റ നൽകേണ്ടത് ആവശ്യമാണ്. ഡാറ്റ സമർപ്പണം പൂർണ്ണമാകുന്നതോടെ നികുതിദായകൻറെ പദവി മൈഗ്രേറ്റഡ് എന്ന് ആയി മാറുന്നതാണ്. നിശ്ചിത ദിവസം നികുതിദായകൻറെ പദവി ആക്റ്റീവ് എന്നായി മാറും. തുടർന്ന് GST ഭരണകൂടത്തിൻറെ ആവശ്യകതക ളുമായി അനുസരിച്ചു GST പോർട്ടലിൽ നികുതി അടയ്ക്കാനും റിട്ടേൺ ഫയൽ ചെയ്യാനും പ്രാപ്തനാകും.

ഇത്തരം താത്കാലിക ID-കളും അതിൻറ്റെ പാസ്‌വേർഡും GSTN നികുതി ദായകർക്ക് നൽകുകയും അവ നികുതിദായകരുടെ കൈവശം എത്തിക്കാ നായി നികുതി പാലകരെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. നവംബർ

08, 2016 മുതൽ GST യിലേക്കുള്ള അംഗത്വം ആരംഭിച്ചിരുന്നു. മിക്ക നികുതി ദായകരും തങ്ങളുടെ താല്ക്കാലിക ID പ്രവർത്തനക്ഷമമാക്കുകയും ഇതിൽ ഏറിയ പങ്കും മൈഗ്രേഷൻ പൂർത്തിയാക്കുകയും ചെയ്തു. വിശദ വിവരങ്ങൾക്ക് https://www.gst.gov.in/help സന്ദർശിക്കുക.

**ചോദ്യം 23:** നികുതി ദായകരുടെ പ്രയോജനാർത്ഥം ജി.എസ്.ടി. പോർട്ടലിൻറ്റെ വിവിധ വശങ്ങളുടെ പ്രവർത്തനങ്ങളെപ്പറ്റി ജി.എസ്.ടി.എൻ. എന്തൊക്കെ പഠനോപാധികൾ നൽകും?

**ഉത്തരം:** ജി.എസ്.ടി. പോർട്ടലിൽ ചെയ്യേണ്ട പ്രവൃത്തികൾ ഓരോ ഘട്ടത്തെപ്പറ്റിയുമുള്ള വീഡിയോകൾ കമ്പ്യൂട്ടർ അധിഷ്ഠിത പരിശീലന സാമഗ്രികളുടെ (CBT) ഒപ്പം തന്നെ ജി.എസ്.ടി.എൻ. തയ്യാറാക്കി വരുന്നുണ്ട്. GST പോർട്ടലിലും ടാക്സ് അധികാരികളുടെ വെബ്സൈറ്റിലും അവ ലഭ്യമായിരിക്കും. CBT യെ കൂടാതെ പല യൂസർ മാനുവലുകൾ, FAQ മുതലായവയും നികുതിദായകരുടെ അവബോധത്തിനായി GST പോർട്ടലിൽ കാണും. അത് കൂടാതെ നികുതി ദായകർക്ക് വേണ്ടി അവരുടെ ടിക്കറ്റുകൾ മെയിൽ വഴി ലോഗ് ചെയ്യാൻ ഹെൽപ്പ് ഡെസ്ക് (helpdesk@gst.gov.in)/ഫോൺ (0124-4688999) എന്നിവ സജ്ജമാണ്. CBT, FAQ, എൻറോൾമെൻറ് പ്രക്രിയക്കുള്ള യൂസർ മാനുവൽ ഇവയും https://www.gst.gov.in/help ൽ ലഭ്യമാണ്.

**ചോദ്യം 24:** ജി.എസ്.ടി. പൊതുപോർട്ടലിൽ നികുതിദായകർ സമർപ്പിക്കുന്ന റിട്ടേൺ, രജിസ്ട്രേഷൻ വിവരങ്ങൾ എന്നിവ സ്വകാര്യവും സുരക്ഷിതവുമായിരിക്കുമോ?

**ഉത്തരം:** അതെ. നികുതിദായകർ പൊതു ജി.എസ്.ടി. പോർട്ടലിൽ സമർപ്പിക്കുന്ന വ്യക്തിഗത ബിസിനസ് സംബന്ധ വിവരങ്ങളുടെ രഹസ്യസ്വഭാവം സൂക്ഷിക്കുന്നതിനുവേണ്ടിയുള്ള എല്ലാ നടപടികളും ജി.എസ്.ടി.എൻ-ൽ ചെയ്തു വരുന്നുണ്ട്. റോൾബേസ്ഡ് ആക്സസ് കൺട്രോൾ (RBAC) നിയന്ത്രണവും നികുതിദായകൻറ്റെ പ്രധാന വിവരങ്ങളുടെ രഹസ്യഭാഷയിൽ ഉള്ള സൂക്ഷിപ്പും പ്രസരണവും ഉറപ്പുവരുത്തുക വഴിയാണ് ഇവ ചെയ്യുന്നത്. അധികാരപ്പെടുത്തിയിട്ടുള്ള നികുതി ഉദ്യോഗസ്ഥർക്ക് മാത്രമേ വിവരങ്ങൾ കാണാനും വായിക്കാനും കഴിയുകയുള്ളു.

**ചോദ്യം 25:** ജി.എസ്.ടി. സിസ്റ്റത്തിൻറ്റെ സുരക്ഷ ഉറപ്പു വരുത്തുന്നതിനായി ജി.എസ്.ടി.എൻ. എന്തൊക്കെ സുരക്ഷാ ക്രമീകരണങ്ങളാണ് ചെയ്തിട്ടുള്ളത്?

**ഉത്തരം:** വിവര, സേവന സുരക്ഷിതത്വത്തിനു വേണ്ടി ജി.എസ്.ടി. വ്യവസ്ഥ പദ്ധതിയിൽ അത്യാധുനിക സുരക്ഷാ ചട്ടക്കൂടുകളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. മികച്ച ഫയർവാൾ, കടന്നു കയറ്റം കണ്ടെത്തൽ, സ്ഥിതിയിലും ചലനാവസ്ഥയിലും ഉള്ള വിവരങ്ങളുടെ രഹസ്യ ഭാഷാ ശേഖരണം, സമ്പൂർണമായ ഓഡിറ്റ് പിൻതുടരൽ, സുസ്ഥിരമായ ഫിഷിങ് അൽഗോരിതം ഉപയോഗിച്ചുള്ള കടന്നുകയറ്റം തടയൽ, OS, ഹോസ്റ്റ് ഇവ കഠിനമാക്കുന്ന രീതി കൂടാതെ, ജി.എസ്.ടി.എൻ. പ്രാഥമിക ഘട്ടത്തിലും ദ്വിതീയ ഘട്ടത്തിലും സുരക്ഷിത പ്രവർത്തന നിർദേശങ്ങൾ, നിയന്ത്രണ കേന്ദ്രം സ്ഥാപിക്കുക എന്നിവ അതാതു സമയത്തു തന്നെ ക്ഷുദ്ര ആക്രമങ്ങളെ സജീവമായി

നിരീക്ഷിക്കുകയും, സംരക്ഷണം ഉറപ്പു വരുത്തുകയും ചെയ്യുന്നു. സാധാരണ അറിയുന്നതും അറിയപ്പെടാത്തതും ആയ ഭീഷണികളിൽ നിന്നുള്ള സംരക്ഷണത്തിനായി തുടർച്ചയായി സോഴ്സ്കോഡ് നിരീക്ഷിക്കുക വഴി ജി.എസ്.ടി.എൻ. സുരക്ഷിത കോഡിംഗ് രീതികൾ ഉറപ്പു വരുത്തുന്നു.

# 24. സ്ഥിതിമാറ്റവ്യവസ്ഥകൾ

**ചോദ്യം 1**: മുൻനിയമത്തിന്കീഴിലെ അവസാന റിട്ടേണിൽ ബാക്കിയുള്ള സെൻവാറ്റ് (അല്ലെങ്കിൽ വാറ്റ് ക്രെഡിറ്റ്) ഐടിസി ചരക്കു സേവന നിയമത്തിൻ കീഴിൽ ഐടിസി ആയി ലഭ്യമാകുമോ?

**ഉത്തരം**: കോമ്പോസിഷൻ സ്കീമിൽ നികുതി അടക്കുവാൻ തീരുമാനിച്ചിട്ടുള്ള വ്യക്തികൾ ഒഴികെയുള്ള, രജിസ്ട്രേഷനുള്ള നികുതി വിധേയ വ്യക്തികൾക്ക്, സെക്ഷനിൽ പറഞ്ഞിരിക്കുന്ന വ്യവസ്ഥകൾക്ക് വിധേയമായി, പറഞ്ഞിരിക്കുന്ന ദിവസത്തിന് മുൻപുള്ള അവസാന റിട്ടേണിൽ ബാക്കിയുള്ള സെൻവാറ്റ് (അല്ലെങ്കിൽ വാറ്റ് ക്രെഡിറ്റ്) തന്റെ ഇലക്ട്രോണിക്ക് ക്രെഡിറ്റ് ലഡ്ജറിൽ വരവുവയ്ക്കപ്പെടുവാൻ അർഹതയുണ്ട്. - CGST/SGST ആക്ട് സെക്ഷൻ 140 (1).

**ചോദ്യം 2**: എന്തൊക്കെയാണ് ആ വ്യവസ്ഥകൾ?

**ഉത്തരം**: വ്യവസ്ഥകൾ താഴെ പറയുന്നവ ആണ്:

(i) ക്രെഡിറ്റ് ഈ ആക്ടിൽ ഇന്പുട് ടാക്സ് ക്രെഡിറ്റ് ആയി ലഭ്യമായതായിരിക്കണം

(ii) നിശ്ചയിച്ചിരിക്കുന്ന ദിവസത്തിന് മുൻപുള്ള ആറ് മാസത്തെ, ഇപ്പോളത്തെ നിയമം അനുസരിച്ചിട്ടുള്ള (അതായത് സെൻട്രൽ എക്സൈസും, വാറ്റും) റിട്ടേണുകൾ റജിസ്ട്രേഷനുള്ള വ്യക്തി ഫയൽ ചെയ്തിട്ടുണ്ടാകണം.

(iii) ആപറഞ്ഞ ക്രെഡിറ്റ് എമൗണ്ട് നോട്ടിഫിക്കേഷൻ പ്രകാരം വിറ്റതോ, വാറ്റ് അടച്ചത് റീഫണ്ട് ചോദിക്കാത്തതോ ആയിരിക്കണം.

GST നിയമത്തിനു കീഴിൽ താഴെപ്പറയുന്ന ഒരു നിബന്ധന കൂടി ഉണ്ട്.

സെൻട്രൽ സെയിൽസ് ടാക്സ് ആക്ട്, 1956 സെക്ഷൻ 3, സെക്ഷൻ 5-ന്റെ സബ് സെക്ഷൻ (3), സെക്ഷൻ 6, സെക്ഷൻ 6A അല്ലെങ്കിൽ സെക്ഷൻ 8-ന്റെ സബ് സെക്ഷൻ (8) എന്നിവയുമായി ബന്ധപ്പെട്ടിട്ടുള്ള ഏതെങ്കിലും ക്ലെയിമുകളിൽ ഉൾപ്പെട്ടിട്ടുള്ള, സെൻട്രൽ സെയിൽസ് ടാക്സ് (രെജിസ്ട്രേഷൻ ആൻഡ് ടേണോവർ) റൂൾ, 1957 റൂൾ 12-ൽ പറഞ്ഞിരിക്കുന്ന പ്രകാരമുള്ളതും, കാലാവധിക്ക് ഉള്ളിലുള്ളതും ആയി കാണിക്കുവാൻ സാധിക്കാത്ത അത്രയും ക്രെഡിറ്റിനു ഇലക്ട്രോണിക്ക് ലഡ്ജറിൽ വരവുവയ്ക്കപ്പെടുവാൻ അര്ഹതയുണ്ടായിരിക്കയില്ല.

അങ്ങനെയെങ്കിലും, സെൻട്രൽ സെയിൽസ് ടാക്സ് (രെജിസ്ട്രേഷൻ ആൻഡ് ടേണോവർ) റൂൾ, 1957 റൂൾ 12-ൽ പറഞ്ഞിരിക്കുന്ന പ്രകാരമുള്ളതും, കാലാവധിക്ക് ഉള്ളിലുള്ളതും ആയി കാണിക്കുവാൻ സാധിക്കുന്ന അത്രയും ക്രെഡിറ്റ് നിലവിലെ നിയമപ്രകാരം റീഫണ്ട് ചെയ്യപ്പെടുന്നതാണ്.

**ചോദ്യം 3:** ഒരു റജിസ്ട്രേഷനുള്ള നികുതിവിധേയ വ്യക്തി 2017-18-ൻറെ ജൂൺ പാദത്തിൽ ഇപ്പോളുള്ള നിയമപ്രകാരം (ഉദാ: സെൻട്രൽ എക്സൈസ്) ക്യാപിറ്റൽ ഗുഡ്സ് വാങ്ങുന്നു എന്ന് കരുതുക. 2017 മാർച്ച് 30-നു മുൻപ് ഇൻവോയ്സ് ലഭിച്ചെങ്കിലും ക്യാപിറ്റൽ ഗുഡ്സ് ലഭിക്കുന്നത് 2017 ജൂലൈ 5-ന് (അതായത് ലഭിക്കുമ്പോൾ ചരക്കു സേവന നികുതി ഭരണത്തിൽ) ആണെങ്കിൽ അത്തരം വ്യക്തിക്ക് GST നിയമത്തിൻ കീഴിൽ സെൻവാറ്റ് ക്രെഡിറ്റ് പൂർണ്ണമായി ലഭ്യമാകുമോ?

**ഉത്തരം**: ലഭിക്കും. അത്തരം വ്യക്തിക്ക് 2017-18-ൽ സെൻവാറ്റ് ക്രെഡിറ്റിന് അർഹതയുണ്ട്. എന്നാൽ ആ ക്രെഡിറ്റ് ഇപ്പോളുള്ള നിയമത്തിൽ സെൻവാറ്റ് ക്രെഡിറ്റ് ആയി ലഭ്യമായതും, CGST ആക്ട് CGST-സെക്ഷൻ 140 (2) പ്രകാരം അനുവദിക്കപ്പെട്ടിട്ടുള്ള ക്രെഡിറ്റും ആയിരിക്കണം.

**ചോദ്യം 4:** X, Y എന്നിവക്ക് മുൻനിയമത്തിൻ കീഴിൽ (സെൻട്രൽ എക്സൈസ്) ക്യാപിറ്റൽഗുഡ്സ് ഇനത്തിൽ വാറ്റ് ക്രെഡിറ്റ് ലഭ്യമായിരുന്നില്ല. എന്നാൽ അവ ചരക്കു സേവന നിയമത്തിൻ കീഴിൽ ഉൾപെടുന്നതിനാൽ, റജിസ്ട്രേഷനുള്ള നികുതി വിധേയ വ്യക്തിക്ക് അവയുടെ ക്രെഡിറ്റ് ഇപ്പോൾ അവകാശപ്പെടാൻ സാധിക്കുമോ?

**ഉത്തരം**: അത്തരം ഇൻപുട് ടാക്സ് ക്രെഡിറ്റ് മുൻ നിയമത്തിലും ചരക്കു സേവന നിയമത്തിലും ഒരുപോലെ ലഭ്യമാണെങ്കിൽ മാത്രമേ അദ്ദേഹത്തിന് അവകാശപ്പെടാൻ സാധിക്കൂ. ഈ രണ്ടിനത്തിനും മുൻ നിയമത്തിൽ ക്രെഡിറ്റ് ലഭ്യമല്ലാതിരുന്നതിനാൽ ആ വ്യക്തിക്ക് അവ ചരക്കു സേവന നിയമത്തിൽ അവകാശപ്പെടാനാവില്ല - SGST ആക്ട് സെക്ഷൻ 140(2)-ന്റെ പ്രൊവിസൊ പ്രകാരം.

**ചോദ്യം 5**: രജിസ്റ്റേർഡ് വ്യക്തി അത്തരം ക്രെഡിറ്റ് തെറ്റായി എടുത്താൽ (ചോ. 4 പരിശോധിക്കുക) അവയുടെ റിക്കവറി മുൻ നിയമത്തിലാണോ GST നിയമത്തിലാണോ നടപ്പിലാക്കുക?

**ഉത്തരം**: തെറ്റായി എടുത്ത ഇന്പുട് ടാക്സ് ക്രെഡിറ്റിന്റെ റിക്കവറി, നിലവിലെ നിയമത്തിൽ റിക്കവറി ചെയ്യിട്ടില്ലെങ്കിൽ, GST നിയമത്തിൻ കീഴിലുള്ള ടാക്സ് അരിയേഴ്സായി റിക്കവറി ചെയ്യും .

**ചോദ്യം 6**: മുൻ നിയമത്തിൽ (സെൻട്രൽ എക്സൈസ്/വാറ്റ്) രജിസ്ട്രേഷൻ ആവശ്യമില്ലാതിരുന്നതും എന്നാൽ ചരക്കു സേവന നിയമത്തിൽ രജിസ്ട്രേഷൻ ആവശ്യമുള്ളതുമായ രണ്ടു നികുതി വിധേയരുടെ ഉദാഹരണങ്ങൾ പറയുക?

**ഉത്തരം**: 1) മുൻ നിയമത്തിൽ 60 ലക്ഷം വിറ്റു വരവ് ഉള്ള ഒരു ഉല്പാദകന് SSI ഒഴിവ് ലഭ്യമായിരുന്നു. എന്നാൽ ചരക്കു സേവന നിയമത്തിലെ മൊത്തം വിറ്റുവരവിന്റെ ഇളവ് പരിധി ആയ 20 ലക്ഷത്തിലും കൂടുതൽ വിറ്റുവരവ് (turnover) ഉള്ളതിനാൽ ഈ ഉത്പാദകന് രജിസ്ട്രേഷൻ ആവശ്യമാണ് - സെക്ഷൻ 22.

2) ഇ-കൊമേഴ്സ് ഓപ്പറേറ്റർ വഴി വിൽപ്പന നടത്തുന്ന വ്യാപാരിക്ക്, വിറ്റുവരവ് VAT അടിസ്ഥാനഒഴിവിന് താഴെയാണെങ്കിലും ചരക്കുസേവന നികുതി പ്രകാരമുള്ള രജിസ്ട്രേഷൻ ആവശ്യമാണ്. ഇപ്രകാരമുള്ള വ്യക്തിക്ക് അടിസ്ഥാന ഒഴിവ് ലഭ്യമല്ല - സെക്ഷൻ 24.

**ചോദ്യം 7:** നിയുക്ത ദിവസം ഒരു സേവന ദാതാവിൻറെ കൈവശം സ്റ്റോക്കിലുള്ള VAT അടച്ച ചരക്കിൻറെ ഇൻപുട് ടാക്സ് ക്രെഡിറ്റ്ലഭ്യമാണോ?

**ഉത്തരം:** അതെ. സെക്ഷൻ 140 (3)-ന്റെ പ്രൊവിഷൻസ് പ്രകാരം ഒരു സേവന ദാതാവിന് കൈവശം സ്റ്റോക്കിലുള്ള VAT അടച്ച ചരക്കിൻറെ ഇൻപുട് ടാക്സ് ക്രെഡിറ്റ് അവകാശമുണ്ടായിരിക്കും .

**ചോദ്യം 8:** ഒരു റജിസ്ട്രേഷനുള്ള വ്യക്തിക്ക്, നിശ്ചയിച്ചിരിക്കുന്ന ദിവസത്തിന് തൊട്ടു മുൻപുള്ള പീരിഡിൽ ഉള്ള വാറ്റ് റിട്ടേണിൽ 10,000/- രൂപ അധിക ഇന്പുട് ടാക്സ് ക്രെഡിറ്റ് ഉണ്ട്. ആ വ്യക്തി ചരക്കുസേവന നിയമത്തിൽ കോംപോസിഷൻ പദ്ധതിയിലേക്ക് മാറുകയാണെങ്കിൽ മേൽ പ്രസ്താവിച്ച അധിക ക്രെഡിറ്റ് GST-യിൽ ഇൻപുട് ടാക്സ് ക്രെഡിറ്റായി എടുക്കാമോ?

**ഉത്തരം**: ഒരു റജിസ്ട്രേഷനുള്ള വ്യക്തി കോംപോസിഷൻ പദ്ധതിയിലേക്ക് മാറിയാൽ മേൽ, വാറ്റ്-ലെ അധിക ഇൻപുട് ടാക്സ് ക്രെഡിറ്റ് GST-യിൽ ക്രെഡിറ്റായി എടുക്കുവാൻ പറ്റുന്നതല്ല. - സെക്ഷൻ 140(1).

**ചോദ്യം 9:** സെൻട്രൽ വാണിജ്യനികുതിയിൽ (CST) 6 മാസത്തിനകമുള്ള സെയിൽസ് റിട്ടേണ് വിറ്റു വരവിൽ (turnover) നിന്നും കിഴിവ് അനുവദനീയമാണ്. ചരക്കു സേവന നികുതി നിയമത്തിൻറെ കീഴിൽസാധനം വാങ്ങിയ ആൾ ചരക്കു വില്പനക്ക് 6 മാസത്തിനു ശേഷം മടക്കി നൽകിയാൽ അത് GST യിൽ നികുതി വിധേയമാകുമോ?

**ഉത്തരം:** നിലവിലെ നിയമത്തിന് കീഴിൽ (ഇവിടെ CST), നിശ്ചയിച്ചിരിക്കുന്ന ദിവസത്തിന് ആറു മാസത്തിന് മുമ്പല്ലാതെ, വിൽപ്പന നടന്ന സമയത്ത് ടാക്സ് അടച്ചിരിക്കുകയും കൂടാതെ വാങ്ങിയ ആൾ ആ ചരക്കു നിശ്ചിത ദിവസം കഴിഞ്ഞു തിരിച്ചയക്കുകയും ചെയ്തിട്ടുണ്ടെങ്കിൽ,

(i) ചരക്ക് GST നിയമത്തിൽ നികുതി വിധേയവും, കൂടാതെ

(ii) വാങ്ങിയ ആൾ GST നിയമത്തിൽ രജിസ്റ്റർ ചെയ്തിട്ടും ഉണ്ടെങ്കിൽ

തിരിച്ചയച്ച സാധനങ്ങൾ മേൽപ്പറഞ്ഞ വാങ്ങിയ ആളുടെ GST-യിലുള്ള സപ്ലൈ ആയി കണക്കാക്കുകയും ടാക്സ് അടക്കേണ്ടതുമാണ്.

എന്നാൽ, ചരക്കു വാങ്ങിയ ആൾ GST-യിൽ രജിസ്റ്റർ ചെയ്യാത്ത ആളാണെങ്കിൽ, ചരക്ക് തിരിച്ചയച്ചത് നിയുക്ത ദിവസത്തിൽ നിന്ന് 6 മാസത്തിനുള്ളിലാകുകയും (അല്ലെങ്കിൽ നീട്ടി നൽകിയ 2 മാസസമയത്തിനുള്ളിൽ), ചരക്ക് തിരിച്ചറിയാൻ സാധിക്കുകയും ചെയ്തിട്ടുണ്ടെങ്കിൽ വില്പന നടത്തിയ ആൾ ആ അടച്ച ടാക്സിനു (ഇവിടെ CST) റീഫണ്ട്-നു അർഹതപ്പെട്ടിരിക്കുന്നു. - സെക്ഷൻ 142(1).

**ചോദ്യം 10**: മുൻ നിയമപ്രകാരം പുറംകരാർ ജോലിക്കയച്ച ഇൻപുട്ട് അഥവാ ഭാഗികമായി പൂർത്തിയായ ചരക്കുകൾ പുറം കരാർ ജോലി പൂർത്തീകരിച്ച് നിയുക്ത ദിവസത്തിന്ശേഷം തിരിച്ചയക്കുകയാണെങ്കിൽ ഉല്പാദകനോ പുറം കരാർ ജോലിക്കാരനോ നികുതി നൽകേണ്ടതുണ്ടോ?

**ഉത്തരം**: ഇനിപ്പറയുന്ന സാഹചര്യങ്ങളിൽ ഉല്പാദകനോ പുറംകരാർ ജോലിക്കാരനോ യാതൊരു നികുതിയും അടയ്ക്കേണ്ടതില്ല:

(i) ഇൻപുട്ട് അഥവാ ഭാഗികമായി പൂർത്തിയായ ചരക്കുകൾ നിയുക്ത ദിവസത്തിനു മുൻപ് മുൻ-നിയമപ്രകാരമുള്ള വ്യവസ്ഥകൾ അനുസരിച്ച് പുറം കരാർ ജോലിക്കായി അയച്ചിട്ടുണ്ടെങ്കിൽ

(ii) പുറം കരാർ ജോലിക്കാരൻ നിയുക്ത ദിവസത്തിന്ശേഷം ആറു മാസത്തിനകം അവ തിരിച്ചയക്കുകയാണെങ്കിൽ (അല്ലെങ്കിൽ നീട്ടിക്കിട്ടിയ 2 മാസകാലയളവിനുള്ളിൽ)

(iii) ഉല്പാദകനും പുറം കരാർ ജോലിക്കാരനും നിയുക്ത ദിവസം പുറം കരാർ ജോലിക്കാരൻ്റെ കൈവശമുള്ള ഇന്പുട്ടിന്റെ വിശദാംശങ്ങൾ നിർദിഷ്ടഫോമിൽ പ്രസ്താവിക്കുകയാണെങ്കിൽ.

- സെക്ഷൻസ് 141(1), 141 (2) & 141 (4)

പക്ഷെ, മേല്പറഞ്ഞ ഇൻപുട്ട് അഥവാ ഭാഗികമായി പൂർത്തിയായ ചരക്കുകൾ ആറു മാസത്തിനകം അവ തിരിച്ചയച്ചില്ലെങ്കിൽ (അല്ലെങ്കിൽ നീട്ടിക്കിട്ടിയ 2 മാസകാലയളവിനുള്ളിൽ), ഇന്പുട് ടാക്സ് ക്രെഡിറ്റ് എടുത്തത് റിക്കവറി ചെയ്യപ്പെടുന്നതാണ്.

**ചോദ്യം 11:** പുറം കരാർ ജോലിക്കാരൻ നിശ്ചിത സമയ പരിധിക്കുള്ളിൽ ചരക്ക് തിരിച്ചയക്കുന്നില്ലെങ്കിൽ എന്തു സംഭവിക്കും?

**ഉത്തരം**: ചരക്കു ആറു മാസത്തിനകം (അല്ലെങ്കിൽ നീട്ടിക്കിട്ടിയ 2 മാസകാലയളവിനുള്ളിൽ) ഉത്പാദകൻറെ സ്ഥലത്തേക്ക് തിരിച്ചയച്ചില്ലെങ്കിൽ പുറംകരാർ ജോലിക്കാരൻ ആ ചരക്കിനു നികുതി അടക്കേണ്ടതാണ്. സെക്ഷൻസ് - 141(1), 141 (2).

**ചോദ്യം 12**: നിർമ്മാണംപൂർത്തിയാക്കി പരീക്ഷണാവശ്യങ്ങൾക്കായി അയച്ച ചരക്ക്, ഉല്പാദകനു മറ്റൊരു നികുതി വിധേയ വ്യക്തിയുടെ പരിസരത്തേക്ക് അയക്കുവാൻ സാധിക്കുമോ?

**ഉത്തരം**: സാധിക്കും. ഒരു ഉല്പാദകന് നിർമ്മാണം പൂർത്തിയാക്കി പരീക്ഷണാവശ്യങ്ങൾക്കായി അയച്ച ചരക്ക് നിയുക്ത ദിവസത്തിന്ശേഷം ആറു മാസത്തിനുള്ളിലോ (നീട്ടിക്കിട്ടിയ 2 മാസസമയ പരിധിക്കുള്ളിലോ) റജിസ്ട്രേഷനുള്ള മറ്റൊരു നികുതി വിധേയ വ്യക്തിക്ക് ഇന്ത്യയിൽ നികുതിയടച്ചും എക്സ്പോർട്ടിനാണെങ്കിൽ നികുതിയില്ലാതെയും അയക്കാവുന്നതാണ് - സെക്ഷൻ 141(3)

**ചോദ്യം 13:** നിർമ്മാണം പൂർത്തിയാക്കി ചില പ്രക്രിയകൾക്കായി ഫാക്ടറിയിൽ നിന്നും മുൻ നിയമ പ്രകാരം അയച്ച ചരക്ക് നിയുക്ത ദിവസമോ

അതിനു ശേഷമോ തിരിച്ചയക്കുകയാണെങ്കിൽ ചരക്കുസേവനനികുതി അട ക്കേണ്ടതുണ്ടോ?

**ഉത്തരം**: നിയുക്ത ദിവസത്തിന് മുൻപ് ഉല്പാദനമല്ലാത്ത പ്രക്രിയകൾ ക്കായി അയച്ച ചരക്കുകൾ ടെസ്റ്റിംഗോ മറ്റേതെങ്കിലും പ്രോസസ്സുകളോ കഴി ഞ്ഞു നിയുക്ത ദിവസത്തിന് ആറു മാസത്തിനകം തിരിച്ചയക്കുകയാണെ ങ്കിൽ (അല്ലെങ്കിൽ നീട്ടിക്കിട്ടിയ 2 മാസകാലയളവിനുള്ളിൽ) ഉല്പാദകനോ പുറം കരാർ ജോലിക്കാരനോ യാതൊരു നികുതിയും അടയ്ക്കേണ്ടതില്ല. - സെക്ഷൻ 141(3).

**ചോദ്യം 14**: മുൻ നിയമ പ്രകാരം ടെസ്റ്റിംഗ് നടത്തുന്നതിനോ വേറെ ഉല്പാദന പ്രക്രിയ അല്ലാത്ത എന്തെങ്കിലും പ്രോസസ്സിനോ പുറം കരാർ ജോലിക്കയച്ച ഉല്പാദിപ്പിച്ച ചരക്കുകൾ, ചരക്കു സേവനനികുതി പ്രകാരം നികുതി അടക്ക പ്പെടേണ്ടതെപ്പോൾ?

**ഉത്തരം**: നിയുക്ത ദിവസത്തിന് മുൻപ് ടെസ്റ്റിംഗ് നടത്തുന്നതിനോ വേറെ ഉല്പാദനപ്രക്രിയ അല്ലാത്ത എന്തെങ്കിലും പ്രോസസ്സിനോ മുൻ നിയമ പ്രകാരം പുറം കരാർ ജോലിക്കയച്ച ഉല്പാദിപ്പിച്ച ചരക്കുകൾ നിയുക്ത ദിവസത്തിന് ആറ് മാസത്തിനുള്ളിൽ (അല്ലെങ്കിൽ നീട്ടിക്കിട്ടിയ 2 മാസ സമയ പരിധി ക്കുള്ളിലോ) ഉത്പാദകനു തിരിച്ചു നൽകിയില്ലെങ്കിൽ അത്തരം ചരക്കുകൾ ചരക്കു സേവന നിയമത്തിൽ നികുതി വിധേയമായിരിക്കും. കൂടാതെ, നിയുക്ത ദിവസത്തിന് ആറ് മാസത്തിനുള്ളിൽ ചരക്കുകൾ തിരിച്ചു വന്നില്ലെങ്കിൽ ഉത്പാദകന്റെ പക്കൽ നിന്നും ഇന്പുട് ടാക്സ് ക്രെഡിറ്റ് റിക്കവറി ചെയ്യപ്പെടുന്നതുമാണ്. - സെക്ഷൻ 141(3).

**ചോദ്യം 15**: സെക്ഷൻ 141-ൽ പ്രതിപാദിക്കുന്ന 2 മാസത്തെ നീട്ടിനൽകൽ (എക്സ്റ്റൻഷൻ) സ്വയമേയുള്ളതാണോ?

**ഉത്തരം**: അല്ല. അത് സ്വയമേയുള്ളതല്ല. മതിയായ കാരണം കാണിച്ചാൽ ബന്ധപ്പെട്ട കമ്മിഷണർ അത് നീട്ടി നൽകും.

**ചോദ്യം 16**: വില പുതുക്കുന്നതിനായി ഡെബിറ്റ്/ക്രെഡിറ്റ് നോട്ട് നൽകുവാനു ള്ള സമയ പരിധി എത്രയാണ്?

**ഉത്തരം**: നികുതി വിധേയ വ്യക്തിക്ക് വില പുതുക്കി 30 ദിവസത്തിനു ള്ളിൽ ഡെബിറ്റ്/ക്രെഡിറ്റ് നോട്ട്സ് അഥവാ സപ്ലിമെന്ററി ഇൻവോയ്സ് നൽകു വാൻ സാധിക്കും.

വില കുറക്കുകയാണ് ചെയ്യുന്നതെങ്കിൽ ഇൻവോയ്സ് അഥവാ ക്രെഡിറ്റ് നോട്ട് ലഭിക്കുന്ന വ്യക്തി തൻറെ ഇൻപുട് ടാക്സ് ക്രെഡിറ്റ് (ITC) അങ്ങനെ കുറഞ്ഞ നികുതി ബാധ്യതക്കനുസരിച്ച് കുറച്ചെങ്കിൽ മാത്രമേ നികുതി വിധേയ വ്യക്തിക്ക് തൻറ്റെ നികുതി ബാധ്യത കുറക്കുവാൻ സാധിക്കൂ. - സെക്ഷൻ 142(3)

**ചോദ്യം 17**: മുൻ നിയമ പ്രകാരം തീർപ്പാക്കാതെ നില നിൽക്കുന്ന നികുതി /പലിശ റീഫണ്ടുകൾക്ക് എന്ത് സംഭവിക്കും?

**ഉത്തരം**: തീർപ്പാക്കാത്ത റീഫണ്ട്ക്ലെയിമുകൾ മുൻനിയമത്തിലെ വകുപ്പുകൾക്ക് അനുസൃതമായി തീർപ്പാക്കും - സെക്ഷൻ 142(3).

**ചോദ്യം 18**: മുൻ നിയമ പ്രകാരം തീർപ്പാക്കാതെ നില നിൽക്കുന്ന സെൻവാറ്റ് /ഐ ടി സി ക്ലെയിമുമായി ബന്ധപ്പെട്ട ഏതെങ്കിലും അപ്പീൽ അഥവാ പുനരവലോകന അപേക്ഷക്ക് എന്ത്സംഭവിക്കും? അത് ഔട്ട്പുട്ട് ബാധ്യതയുമായി ബന്ധപ്പെട്ടിരിക്കുന്നുവെങ്കിൽ എന്ത് സംഭവിക്കും?

**ഉത്തരം**: സെൻവാറ്റ്/ഇന്പുട് ടാക്സ് ക്രെഡിറ്റ് അല്ലെങ്കിൽ ഔട്ട്പുട്ട് ടാക്സ് ബാധ്യതയുമായി ബന്ധപ്പെട്ടിരിക്കുന്ന എല്ലാ അപ്പീൽ, റിവിഷൻ, റിവ്യൂ അല്ലെങ്കിൽ റഫറൻസുകളും അത് നിയുക്തദിവസത്തിന് മുൻപോ, നിയുക്ത ദിവസത്തിലോ, അതിനു പിൻപോ ആയാലും അത് മുൻ നിയമത്തിലെ വകുപ്പുകൾക്ക് അനുസൃതമായി തീർപ്പാക്കുകയും റീഫണ്ടിനു അർഹമായ ഏതെങ്കിലും സെൻവാറ്റ്/ഇന്പുട് ടാക്സ് ക്രെഡിറ്റ് അല്ലെങ്കിൽ ഔട്ട്പുട്ട് ടാക്സ് ക്രെഡിറ്റ് കണ്ടെത്തിയാൽ അത് മുൻ നിയമപ്രകാരം റീഫണ്ട് ചെയ്യപ്പെടുന്നതുമാണ്. എന്നാൽ, ഏതെങ്കിലും തുക റിക്കവറി ചെയേണ്ടതായിട്ടുണ്ടെങ്കിൽ അത് GST നിയമപ്രകാരമുള്ള കുടിശ്ശിക ആയി റിക്കവറി ചെയ്യപ്പെടുന്നതുമാണ് - സെക്ഷൻ 142(6)/142(7).

**ചോദ്യം 19**: ഒരു അപ്പീൽ അഥവാ പുനരവലോകന അപേക്ഷ നികുതിദായകന് അനുകൂലമായാൽ, റീഫണ്ട് ചരക്കു സേവന നികുതിയിൽ നൽകുമോ? തീരുമാനം നികുതിദായകന് പ്രതികൂലമായാൽ എന്ത് സംഭവിക്കും?

**ഉത്തരം**: റീഫണ്ട് മുൻ നിയമത്തിലെ വകുപ്പുകൾക്ക് അനുസൃതമായി തീർപ്പാക്കും. ഏതെങ്കിലും റിക്കവറി നടത്തേണ്ടതായിട്ടുണ്ടെങ്കിൽ, അത് നിലവിലെ നിയമ പ്രകാരം റിക്കവറി നടത്തിയിട്ടില്ലെങ്കിൽ, അത് ചരക്കു സേവനനികുതിക്കു കീഴിലെ കുടിശ്ശിക ആയി കണക്കാക്കും. - സെക്ഷൻ 142(6) & 142(7).

**ചോദ്യം 20**: മുൻ നിയമ പ്രകാരം സമർപ്പിച്ച റിട്ടേണുകൾ പുതുക്കിയത് മൂലമുണ്ടാകുന്ന റീഫണ്ട് ചരക്കുസേവനനികുതിയിൽ എപ്രകാരം കൈകാര്യം ചെയ്യും?

**ഉത്തരം:** മുൻ നിയമപ്രകാരം സമർപ്പിച്ച റിട്ടേണുകൾ നിയുക്ത ദിവസത്തിന് ശേഷം പുതുക്കിയത് മൂലമുണ്ടാകുന്ന റീഫണ്ട് ചെയ്യപ്പെടേണ്ട തുകകൾ മുൻനിയമത്തിലെ വകുപ്പുകൾക്ക് അനുസൃതമായി പണമായി നൽകും - സെക്ഷൻ 142(9)(b).

**ചോദ്യം 21:** മുൻ നിയമാനുസരണമുള്ള കരാർ പ്രകാരം സാധനങ്ങൾ അഥവാ സേവനങ്ങൾ ചരക്കുസേവനനികുതിയിൽ സപ്ലൈ നടത്തുകയാണെങ്കിൽ ഏത് നികുതിയാണ് നൽകേണ്ടത് ?

**ഉത്തരം**: അത്തരം വിതരണത്തിന് ചരക്കു സേവന നികുതി ബാധകം - സെക്ഷൻ 142(10).

**ചോദ്യം 22**: ഒരുപ്രത്യേക സേവനത്തിനുള്ള പ്രതിഫലം മുൻ നിയമപ്രകാരം ലഭിക്കുകയും നികുതി അടക്കുകയും ചെയ്തിട്ടുണ്ടെങ്കിലും അത്തരം സേവന

ത്തിൻറ്റെ 'സപ്ലൈ' ചരക്കു സേവന നികുതി ഭരണ ക്രമത്തിൽ നടത്തുകയാണെങ്കിൽ ചരക്കു സേവന നികുതിയും നൽകേണ്ടതുണ്ടോ?

**ഉത്തരം**: മുൻ നിയമപ്രകാരം നികുതി അടക്കുകയും ചെയ്തിട്ടുണ്ടെങ്കിൽ GST-യിലുള്ള അത്തരം സേവനത്തിൻറ്റെ/ചരക്കിൻറ്റെ 'സപ്ലൈ'-യിൻമേൽ യാതൊരു നികുതിയും അടക്കേണ്ടതില്ല. - സെക്ഷൻ 142(11).

**ചോദ്യം 23**: നിയുക്ത ദിവസം കഴിഞ്ഞുള്ള, മുൻ നിയമപ്രകാരം ഉള്ള ഒരു അസ്സെസ്സ്മെൻറിൻറെയോ, അഡ്ജൂഡിക്കേഷൻ നടപടിയുടെയോ ഭാഗമായി ടാക്സ്, പലിശ, ഫയിൻ അല്ലെങ്കിൽ പെനാൽറ്റി തുക റീഫണ്ട് നല്കപ്പെടേണ്ടതായി വരുകയാണെങ്കിൽ ആ തുക GST നിയമത്തിൽ റീഫണ്ട് ചെയ്യുമോ?

**ഉത്തരം**: അങ്ങനെ ഉള്ള തുകകൾ മുൻ നിയമത്തിൽ പണമായി റീഫണ്ട് ചെയ്യപ്പെടില്ല - CGST ആക്ട് - സെക്ഷൻ 142(8)(b).

**ചോദ്യം 24**: ഒരു ഇൻപുട് സർവീസ് ഡിസ്ട്രിബ്യൂട്ടർ (ISD)-ക്ക് മുൻ നിയമത്തിൻ കീഴിൽ സേവനം ലഭിച്ചിട്ടുണ്ടെങ്കിൽ അതിന്മേലുള്ള ഇൻപുട് ടാക്സ് ക്രെഡിറ്റ് (ITC) ചരക്കു സേവന നികുതി ഭരണക്രമത്തിൽ വിതരണം ചെയ്യുവാൻ സാധിക്കുമോ?

**ഉത്തരം**: സാധിക്കും. അത്തരം സേവനങ്ങളുടെ ഇൻവോയ്സ് നിയുക്ത ദിവസമോ അതിനു ശേഷമോ ആണോ ലഭിച്ചത് എന്ന് പരിഗണിക്കാതെ തന്നെ ലഭിക്കും - സെക്ഷൻ 140(7) ഓഫ് ദി CGST ആക്ട്.

**ചോദ്യം 25:** നിയുക്തദിവസത്തിനു മുൻപ് ഇൻവോയ്സ് പുറപ്പെടുവിക്കുകയും സ്റ്റേറ്റ് വാറ്റ് നിയമപ്രകാരം ഉത്ഭവസ്ഥാനത്തു നികുതി പിടിക്കപ്പെടുകയും ചെയ്ത് എന്തെങ്കിലും ചരക്കുകൾ വിറ്റിട്ടുണ്ടെങ്കിൽ, പണം നൽകിയത് നിയുക്ത ദിവസത്തിന് ശേഷമാണെങ്കിൽ ഉത്ഭവസ്ഥാനത്തു നികുതി പിടിക്കുന്നത് GST നിയമത്തിലാക്കാമോ?

**ഉത്തരം**: ഇല്ല. ഇത്തരം കേസുകളിൽ, ഉത്ഭവസ്ഥാനത്തു നികുതി പിടിക്കാൻ GST നിയമത്തിന്റെ കീഴിൽ പറ്റില്ല.

**ചോദ്യം 26:** നിയുക്തദിവസത്തിനു മുൻപ് 6 മാസത്തിനുള്ളിൽ അംഗീകാരത്തോടെ അയച്ച ചരക്കുകൾ നിയുക്ത ദിവസത്തിന് 6 മാസത്തിനുശേഷം വില്പനക്കാരൻ തിരിച്ചയക്കുകയാണെങ്കിൽ ചരക്കു സേവന നികുതി അടക്കേണ്ടതുണ്ടോ?

**ഉത്തരം**: ഉണ്ട്. ഇത്തരം ചരക്കിന് ചരക്കു സേവന നികുതി ബാധ്യതയുണ്ടാകുകയും ചരക്ക് നിരസിക്കുന്ന അഥവാ അംഗീകരിക്കാത്ത വ്യക്തി അത് നിയുക്ത ദിവസത്തിന് 6 മാസത്തിനു ശേഷം (2 മാസം നീട്ടിക്കൊടുക്കാവുന്നത്) തിരിച്ചയക്കുകയും ചെയ്താൽ ആ ചരക്കിന് ചരക്കു സേവന നികുതി ബാധ്യതയുണ്ടാകും.

ഇങ്ങനെയുള്ള കേസുകളിൽ അംഗീകാരപ്രകാരം ചരക്കുകൾ അയച്ചു കൊടുത്ത വ്യക്തിയും ടാക്സ് അടക്കാൻ ബാധ്യസ്ഥനായിരിക്കും - സെക്ഷൻ 142(12).